# കുഞ്ഞാടിന്റെ കല്യാണ സദ്യ

Voice of Gospel Ministry

Mission Quarters,
Thrissur, Kerala 680 001
www.voiceofgospelministry.org
Email:vogindia@gmail.com
Phone:+91 487 2441579

Kunjadinte Kalyana Sadhya
(Malayalam)

Susan Davis

Translated by
Shylan D.Kannampuzha

First Edition
April 2018

copyrights © Reserved

All Rights Reserved. No part of this publication may be reproduced, stored in a retrival system, or transmitted, in any form, or by any means, electronic, mechanical, photo copying, recording or otherwise, without the prior permission of the publisher.

# അവതാരിക

കർത്താവിൽ പ്രിയ സഹോദരി സൂസൻ ഡേവിസിനാൽ രചിക്കപ്പെട്ട അനേകഗ്രന്ഥങ്ങളിൽ ഒന്നിന്റെ പരിഭാഷയാണ് ഈ ഗ്രന്ഥം. താനും ദൈവവുമായുള്ള ബന്ധത്തിൽ നിന്നും തനിക്കു ലഭിച്ച ദൈവീക വെളിപാടുകളാണ് ഇതിലെ ഇതിവൃത്തം. കഴിയുന്നതും വളരെ ലളിതമായ ഭാഷയിൽ ഇത് അവതരിപ്പിക്കുവാൻ പ്രിയപ്പെട്ട സൂസൻ വളരെ ശ്രദ്ധിച്ചിട്ടുണ്ട്. എങ്കിലും; ഭാഷയുടെ സ്വാഭാവിക പരിമിതി പലപ്പോഴും ഗ്രന്ഥകാരിയെ ബുദ്ധിമുട്ടിക്കുന്നത് കാണാം.

കർത്താവിന്റെ മണവാട്ടിയായ സഭ കർത്താവിനോടൊത്തുള്ള നിത്യതക്കുവേണ്ടി ഒരുങ്ങി ജീവിക്കേണ്ടതിന്റെ ആവശ്യകതയത്രേ ഗ്രന്ഥത്തിന്റെ ഉള്ളടക്കം.

ഇതിലെ എല്ലാ ആശയങ്ങളോടും, അഭിപ്രായങ്ങളോടും വായനക്കാർ യോജിച്ചു പോകണമെന്ന് പ്രസാദകരായ ഞങ്ങൾ നിർബന്ധം പിടിക്കുന്നില്ല. എന്നാൽ ഇത് ജീവിതത്തിൽ എവിടെയെങ്കിലും നിങ്ങളെ കർത്താവിന്റെ വരവിനായി ഒരുങ്ങുവാനും, ഒരുക്കുവാനും സഹായിച്ചെങ്കിൽ ഞങ്ങൾ കൃതാർത്ഥരായി.

ഈ പുസ്തകത്തിന്റെ വിവർത്തനത്തിൽ സഹായിച്ച സഹോദരൻ ഷൈലൻ കണ്ണമ്പുഴയോടും, കൃത്യസമയത്ത് മുദ്രണം നടത്തി തന്ന ഷാരോൺ പ്രിന്റേഴ്സിനോടും, വിവർത്തനത്തിന് അനുവാദം തന്ന ഗ്രന്ഥകാരിയോടും നന്ദിയർപ്പിച്ചുകൊണ്ട് തിരുനാമമഹത്വത്തിനുവേണ്ടി ക്രൈസ്തവ കൈരളിക്ക് ഈ പുസ്തകം സവിനയം സമർപ്പിക്കുന്നു.

എന്ന്

കർത്തൃശുശ്രൂഷയിൽ
പാസ്റ്റർ ദാനിയേൽ ഐരൂർ
ഫുൾ ഗോസ്പൽ ചർച്ച്,
വർഷിപ്പ് സെന്റർ,
മിഷൻക്വാർട്ടേഴ്സ്,
തൃശൂർ-680 001

01.04.2018
തൃശൂർ.

പുസ്തകത്തിനായി ബന്ധപ്പെടേണ്ട വിലാസം :

**വോയ്സ് ഓഫ് ഗോസ്പൽ മിനിസ്ട്രി**
**മിഷൻ ക്വാർട്ടേഴ്സ്**
**തൃശൂർ, കേരള 680 001**
**ഫോൺ : +91 487 2441579**

# രചയിതാവിന്റെ കുറിപ്പ്

ലാഭം കൊതിച്ചു കൊണ്ടല്ല ഈ പുസ്തകം എഴുതിയിരിക്കുന്നത്; പിന്നെയോ ഈ പ്രത്യേക മാധ്യമത്തിലൂടെ കഴിയാവുന്നിടത്തോളം വ്യക്തികളിലേക്ക് ഈ സന്ദേശം എത്തിക്കുക എന്ന ഒരൊറ്റ ഉദ്ദേശ്യമേ ഇതിന്റെ പുറകിലുള്ളു. കർത്താവിന്റെ ഈ പ്രവചന സൂക്തങ്ങളെ ഒരിക്കലും വാണിഭ ചരക്കാക്കി ധനം സമ്പാദിക്കുക എന്ന ഒരു ചെറിയ താല്പര്യം പോലും ഈ ഉദ്യമത്തിന്റെ പുറകിലില്ല എന്ന് ഞാൻ ഉറപ്പു തരുന്നു. ഈ ഗ്രന്ഥത്തിലെ പ്രമേയം ആനുകാലീക പ്രസക്തവും, മറ്റെന്തിനേക്കാളും, മറ്റെന്നത്തേക്കാളും അടിയന്തിര പ്രാധാന്യമുള്ള ഒരു വിഷയമായി തീർന്നതുകൊണ്ട് ഈ പുസ്തകത്തിന്റെ വില ആർക്കും ഒരു തടസ്സമായി തീരരുതെന്ന് എനിക്ക് നിർബന്ധമുണ്ട്.

# പ്രവചനങ്ങളെകുറിച്ച്

**1 കൊരി.14:1ൽ പറയുന്നതു പോലെ "സ്നേഹം ആചരിക്കുവാൻ ഉത്സാഹിക്കുവിൻ. ആത്മീയ വരങ്ങളും വിശേഷാൽ പ്രവചന വരവും വാഞ്ഛരിപ്പിൻ".** പ്രിയ സൂസൻ, തനിക്ക് ദൈവം നൽകിയ പ്രവചന വരത്തെ കാര്യക്ഷമമായി വ്യാപാരം ചെയ്തു. പുതിയ നിയമപ്രകാരമുള്ള ദൈവീകപ്രമാണങ്ങളേയും, ചട്ടങ്ങളേയും, അനുസരിക്കുകയും, അപ്രകാരം ജീവിക്കുകയും ചെയ്യുന്നവരാണല്ലോ നമ്മൾ. പ്രവചനവരം പോലുള്ള ആത്മീയകൃപാദാനങ്ങൾ നിന്നുപോയെന്നും, അവയുടെ പ്രസക്തി അവസാനിച്ചുവെന്നും വിശ്വസിക്കുകയും, അത് പ്രചരിപ്പിക്കുകയും ചെയ്യുന്ന ഒരുകൂട്ടരുണ്ട്. അത് മനുഷ്യരുടെ ചിന്തയാണ്; ദൈവത്തിന്റെയല്ല എന്ന് മാത്രം ഈ വാദത്തോടുള്ള ബന്ധത്തിൽ പറഞ്ഞുകൊള്ളട്ടെ. ദൈവം ഒരിക്കലും തന്റെ ഉടമ്പടിക്ക് മാറ്റം വരുത്തിയിട്ടില്ല. ഇന്നും നാം ജീവിക്കുന്നത് പുതിയ ഉടമ്പടിയുടെ കാലഘട്ടത്തിലാണ്; അഥവാ പുതിയനിയമത്തിൻ കീഴിലാണ്. കർത്താവായ യേശുക്രിസ്തുവിനോടും, വിശുദ്ധ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന അവിടത്തെ വചനങ്ങളോടുമായിരിക്കണം ദയവ് ചെയ്ത് നിങ്ങളുടെ അടുപ്പവും, ആഭിമുഖ്യവും. ഇത് നിങ്ങൾ ഗ്രഹിക്കണമെന്ന് വിശേഷാൽ ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുന്നു.

എല്ലായ്പ്പോഴുമെന്നപോലെ തന്നെ വേദപുസ്തകവുമായി ഒത്തു നോക്കി പരിശോധിച്ചറിയേണ്ടതാണ് പ്രവചനങ്ങളും. പ്രവചനങ്ങൾ വേദപുസ്തകത്തിന്റെ സത്യത്തോടും, ദർശനങ്ങളോടും ഇണങ്ങി ചേരുന്നതാണെങ്കിൽ അത്തരം പ്രവചനങ്ങളെ നാം അനുസരിക്കാൻ കടപ്പെട്ടവരാണ്. പുതിയ ഒരു ഉപദേശത്തേയൊ, തത്വത്തെയോ സ്ഥാപിക്കുവാനോ പരിചയപ്പെടുത്തുവാനോ അല്ല ദൈവം പ്രവചനങ്ങളെ ഉപയോഗിക്കുന്നത്. മറിച്ച് വേദപുസ്തകത്തിന്റെ താളുകളിലൂടെ തന്റെ സഭക്ക് നൽകിയ പ്രമാണങ്ങളേയും, ചട്ടങ്ങളേയും, ഉപദേശങ്ങളേയും ഉറപ്പിക്കേണ്ടതിനു വേണ്ടിയിട്ടത്രേ. അത് മാത്രമല്ല, ഭാവിയിൽ നമ്മെ കൂടി ബാധിക്കുന്ന

ഭാവികാല സംഭവങ്ങളിലൂടെ നമുക്ക് ഓരോരുത്തർക്കും വ്യക്തി പരമായ മുന്നറിയിപ്പും, അപായസൂചനകളും നൽകുവാനും പ്രവചനങ്ങളെ ദൈവം ഉപയോഗിച്ചു വരുന്നു.

പഴയനിയമ കാലഘട്ടത്തിലെ പോലെ തന്നെ; നമ്മൾ അധിവ സിക്കുന്ന ഈ പുതിയ നിയമ കാലഘട്ടത്തിലും ദൈവം പ്രവാചക ന്മാരെ ഉപയോഗിക്കുന്നു. പുതിയ നിയമത്തിലെ പുസ്തകങ്ങളിലൊ ന്നായ "അപ്പസ്തോലന്മാരുടെ പ്രവൃത്തികൾ" എന്ന ഗ്രന്ഥത്തിൽ യൂദാസ്, ശീലാസ് (പ്രവൃ.15:32) അഗബോസ് (പ്രവൃ.21:10) എന്നീ പ്രവാചകന്മാരെ അവരുടെ പേരെടുത്ത് പറഞ്ഞ് ഉദ്ധരിക്കുന്നുണ്ട്. മറ്റുപല പ്രവാചകന്മാരെകുറിച്ചും നാം അവിടെ വായിക്കുന്നുണ്ട്. പുതിയ നിയമ ഉപദേശങ്ങളിൽ പ്രവാചകശുശ്രൂഷയെകുറിച്ച് പ്രതിപാദിക്കുന്ന നിരവധി വേദഭാഗങ്ങളുണ്ട്. വിശേഷിച്ചും 1 കൊരി.12:28, 14:1,29,32,37, എഫേസ്യർ 2:20, 3:5, 4:11 എന്നീ വാക്യ ങ്ങളുടെ പശ്ചാത്തലത്തിൽ.

ഭൂമിയിൽ താൻ തുടങ്ങി വെച്ച വേലയെ പൂർത്തിപഥത്തിൽ എത്തിക്കേണ്ടതിനുവേണ്ടിയിട്ടാണ് യേശു പ്രവാചകന്മാരെ തിര ഞ്ഞെടുത്തിരിക്കുന്നത്. മറ്റുള്ളതിൽ നിന്ന് വ്യത്യസ്തമായി തന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളേയും, താൽപ്പര്യങ്ങളേയും തന്റെ മക്കളോട് അറിയേക്കണ്ടതിനുവേണ്ടിയിട്ടാണ് പ്രത്യേകിച്ച് പ്രവച നങ്ങളേയും, പ്രവാചകന്മാരേയും യേശു ഉപയോഗിച്ചത്. പ്രവചന പരമായി ദൈവത്തിന്റെ പരിശുദ്ധാത്മനിയോഗത്താൽ എഴുതപ്പെട്ട താണ് വിശുദ്ധബൈബിളിന്റെ ആദിയോടന്തം.

കൂട്ടിചേർക്കലിന്റേയും, എടുത്തു മാറ്റപ്പെടലിന്റേയും അനന്തര ഫലമായി പ്രവചന ശുശ്രൂഷ അത്യന്തം ശോചനീയവും, അപകട കരവുമായി തീർന്നെന്നാണ് ചിലരുടെ അഭിപ്രായം. ഒരർത്ഥത്തിൽ അത് ശരി തന്നെയാണ്. കാരണം പ്രവചനങ്ങളെല്ലാം ദൈവത്തിന്റെ ആത്മാവിന്റെ ദാനങ്ങളാണ്. മനുഷ്യന്റെ ഇച്ഛയാലോ, ആഗ്രഹത്താ ലോ, വരുന്ന ഒന്നല്ല ദൈവീകപ്രവചനങ്ങൾ. ദൈവത്തിന്റെ ആത്മാവ് പറയുന്നു എന്ന് അവകാശപ്പെട്ടുകൊണ്ട് ചിലർ നടത്തി വരുന്ന വേദപുസ്തക കൂട്ടലുകളും, വേദപുസ്തകത്തിൽ നിന്നുള്ള കുറയ്ക്കലുകളും ദൈവീകപ്രമാണങ്ങൾക്ക് നിരക്കുന്നതല്ല. മറിച്ച്

ദൈവീക ഉപദേശങ്ങളെ കീഴ്മേൽ മറിച്ച്; വേദപുസ്തകത്തിന്റെ ആത്മാവിനോടും, അന്തർധാരയോടും ഒട്ടും ഒത്തുപോകാത്ത; വേദപുസ്തകവിരുദ്ധമായ ജാതീയ-പ്രാകൃത ആശയങ്ങളേയും, ഉപദേശങ്ങളേയും തിരുകി കയറ്റാനുള്ള പാഴ്വേലയാണ് ഇക്കൂട്ടർ ചെയ്യുന്നത്. കാരണം വേദപുസ്തകം പരിചയപ്പെടുത്തുന്ന പ്രവാചകന്റെ ആദ്യത്തേയും, അവസാനത്തേയും ധർമ്മം എന്നു പറയുന്നത് ദൈവീകപദ്ധതിയിൽ നിന്നും, ലക്ഷ്യങ്ങളിൽ നിന്നും അന്യപ്പെട്ട് അകലം വിട്ട് നടക്കുന്ന ജനത്തെ ദൈവത്തിങ്കലേക്കും, ദൈവീകവചനത്തിലേക്കും മടക്കി നടത്തുകയെന്നുള്ളതാണ്.

തെസ്സലോനിക്യ സഭയ്ക്കെഴുതിയ ഒന്നാംലേഖനത്തിന്റെ 5-ാം അദ്ധ്യായത്തിലെ 19 മുതൽ 21 വരെയുള്ള വാക്യങ്ങളിൽ പ്രബോധിപ്പിക്കുന്നതുപോലെ "ആത്മാവിന്റെ തീ കെടുത്തി കളയരുത്. പ്രവചനം തുച്ഛീകരിക്കരുത്. സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ. സകലവിധ ദോഷവും വിട്ടകലുവിൻ". ഒരുവൻ പറയുന്ന ദൂത് ദൈവത്തിൽ നിന്നാണോ, അല്ലയോ എന്നറിയേണ്ടതിന് പ്രസ്താവിക്കപ്പെട്ട ദൂത് ദൈവവചനത്തിന്റെ സത്തയോട് ഒത്തുപോകുന്നതാണോ; അല്ലയോ എന്ന് ചേർത്ത് വച്ച് പരിശോദിച്ചാൽ മാത്രം മതി. അതിനുശേഷമേ തള്ളുകയോ, കൊള്ളുകയോ ചെയ്യാവൂ.

തുടർന്ന് വരുന്ന താളുകളിൽ പ്രതിപാദിക്കുന്ന പ്രവചനങ്ങളെല്ലാം വ്യക്തിപരമായി ഞാൻ പരിശോദിക്കുകയും, ബൈബിളിനോട് ചേർന്ന് നിൽക്കുന്നതാണെന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുള്ളതാണ്. എങ്കിലും ഈ പ്രവചനങ്ങൾ വായിക്കുന്ന നിങ്ങളോരോരുത്തരും അത് അങ്ങനെ തന്നെയാണോയെന്ന് ബൈബിളുമായി ഒത്തുനോക്കി തീർച്ച വരുത്തണം. നിങ്ങളുടെ വേദപുസ്തക പരിശോദനയിൽ ഈ പ്രവചനങ്ങളെല്ലാം ദൈവവചനപ്രകാരം സത്യവും, സാംഗത്യവുമുള്ളതാണെന്ന് താങ്കൾക്ക് ബോധ്യപ്പെടുന്ന പക്ഷം; ഈ പ്രവചനങ്ങളെ ചങ്കോട് ചേർത്തുപിടിക്കുകയും, പിടിച്ചതിനോട് അനുസരണം കൊണ്ട് ആമേൻ പറയുകയും ചെയ്യുക.

**മൈക്ക് പെരാൾട്ട**

# വിഷയ വിവര പട്ടിക

## കർത്താവിന്റെ പരിചയപ്പെടുത്തൽ സാക്ഷ്യങ്ങൾ


| | | |
|---|---|---|
| 1. | വിനയം | 13 |
| 2. | സ്വയത്തിലും, മറ്റുള്ളവരിലും ആശ്രയിക്കരുത് | 29 |
| 3. | വിനയത്തിനുള്ള പരിശീലനം | 41 |
| 4. | ദൈവത്തിലുള്ള സമ്പൂർണ്ണആശ്രയം | 45 |
| 5. | ക്ഷമിക്കുക | 49 |
| 6. | ലോകത്തിലാണെങ്കിലും, ലോകക്കാരാകാതിരിക്കുക | 55 |
| 7. | ഉൾപ്രാപണവും, കുഞ്ഞാടിന്റെ കല്യാണസദ്യയും | 58 |
| 8. | എടുത്തുകൊള്ളപെടേണ്ടതിനായുള്ള ഒരുക്കം | 67 |
| 9. | നഷ്ടപ്പെട്ട സഭയെകുറിച്ച് | 81 |
| 10. | ലോകത്തോടുള്ള ആസക്തി | 87 |
| 11. | ലോകം പ്രശ്നത്തിലേക്ക് | 93 |
| 12. | ആസന്നമായ "എന്റെ വരവ്" | 97 |
| 13. | "എന്റെ" മക്കളെ കർമനിരതരാക്കുന്ന നാഴിക | 103 |
| 14. | ലോകം "എനിക്കെതിരെ" തിരിഞ്ഞിരിക്കുന്നു | 109 |
| 15. | "എന്നെ" പിന്തുടരാത്ത നേതാക്കന്മാർ | 113 |
| 16. | "എന്റെ" മടങ്ങി വരവിന്റെ നാളും, നാഴികയും അടുത്തിരിക്കുന്നു | 117 |
| 17. | എതിർ ക്രിസ്തുവിനെ സംബന്ധിച്ച് | 121 |
| 18. | എന്റെ അവരോഹണത്തിന്റെ സമയം സമാഗതമായിരിക്കുന്നു | 129 |
| 19. | തുടങ്ങുന്ന ഒരുക്കങ്ങൾ | 133 |
| 20. | നിങ്ങളുടെ സമയം ഏതാണ്ട് അവസാനിച്ചിരിക്കുന്നു | 138 |

21. എന്റെ ഹിതം കൂടാതെ; നിങ്ങൾ എനിക്കെതിരെ ഓടുന്നു 144
22. ലോകത്തെ നശിപ്പിക്കുവാൻ അധർമ്മം കടന്നു വരുന്നു 151
23. ഘടികാരം ഏതാണ്ട് അർദ്ധരാത്രിയോട് അടുക്കുന്നു 156
24. തമ്മിൽ തമ്മിലുള്ള പോരടി നിർത്തൂ 163
25. പശ്ചാത്തപിക്കാത്ത പാപമുണ്ടെങ്കിൽ; ഞാൻ നിന്നെ എടുക്കയില്ല 169
26. "എന്നിൽ" മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുക 173
27. എന്നോട് കൂടെ പുറത്തുവരണമെങ്കിൽ നീ നിന്നെ തന്നെ ഒരുക്കണം 179
28. നിന്റെ നിത്യത തുലാസിൽ 182
29. താങ്കൾ എന്നോടുകൂടെ ഓടുകയാണ് വേണ്ടത്; നടക്കുകയല്ല 187
30. എന്റെ മണവാട്ടി എല്ലാനിലക്കും സൗന്ദര്യവതിയാണ് 194
31. എന്നെ ആരാധിക്കുന്നവരും, എന്നിലേക്ക് മനം തിരിയുന്നവരും വളരെ കുറവ് 200
32. എന്റെ കാന്തയെ ഉറപ്പുള്ളിടത്തേക്ക് ഞാൻ മാറ്റുന്നു. 205
33. എനിക്ക് വേണ്ടത് ഒന്നാംസ്ഥാനമാണ്; അതില്ലെങ്കിൽ ഒന്നും വേണ്ട 210
34. ഇതാ ഉപദ്രവം വരുന്നു....മഹോപദ്രവം 214
35. മരിച്ചുകൊണ്ടിരിക്കുന്ന ലോകത്തെ പിൻപറ്റുന്നത് ഒരു നഷ്ട കച്ചവടമാണ്. 218
36. തങ്ങൾ ഒരുങ്ങിയവരാണെന്ന് ചിന്തിക്കുന്ന അനേകർ തങ്ങളെതന്നെ വിഡ്ഢികളാക്കുന്നു 222
37. അവശേഷിച്ചിരിക്കുന്നത് അസുലഭമായ അല്പനിമിഷം 226
38. എന്റെ യഥാർത്ഥ അനുയായികൾ ജാഗരൂകരായിരിക്കുന്നു. അവർ തീർത്തും ഒരുങ്ങിയവരാണ് 230
39. എന്റെ സാക്ഷ്യം; ഈ രചനയെകുറിച്ചും, എന്റെ ഉപവാസത്തെ കുറിച്ചും 235

# കർത്താവിന്റെ പരിചയപ്പെടുത്തൽ

എന്റെ കുഞ്ഞുങ്ങളെ; നിങ്ങളോട് നിങ്ങളുടെ കർത്താവാണ് സംസാരിക്കുന്നത്. എന്റെ വരവ് വളരെ പെട്ടെന്നായിരിക്കും. എന്റെ വരവ് കൈയെത്തും ദൂരത്താണ്; എന്തിനധികം വാതിൽക്കൽ എത്തിയിരിക്കുന്നു. ഞാൻ ഇതാ വരുന്നു. നിങ്ങൾ ഒരുങ്ങിയിരിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

എന്റെ മകൾ സൂസൻ എന്റെ സന്നിധിയിൽ ഉപവാസത്തോടെയിരുന്ന 40 ദിവസങ്ങളിലാണ് ഈ പ്രവചനപത്രിക എഴുതി പൂർത്തീകരിച്ചത്. എന്റെ നിർദ്ദേശപ്രകാരമായിരുന്നു എന്റെ മകൾ ഉപവസിച്ചത്. അവൾ അവളുടെ സ്വയത്തിന് മരിക്കേണ്ടതിന് വേണ്ടി ഞാൻ അവളെ ഒരു നിർജ്ജനപ്രദേശത്തേക്ക് കൂട്ടികൊണ്ടു പോയി. ആ ദിനരാത്രങ്ങളിൽ എന്റെ മക്കളിലേക്ക് എത്തിചേരേണ്ട അനേക വചനങ്ങളെ ഞാൻ അവളിലേക്ക് പകർന്നുകൊടുത്തു. ഞാൻ നയിച്ചതുപോലെ ഒന്നും വിട്ടുകളയാതെ അവളെല്ലാം പകർത്തി എഴുതി. എന്റെ വരവ് ആസന്നമാണെന്ന് വിശ്വസിക്കേണ്ടതിനും, ധ്യാന നിരതമായി ചിന്തിക്കേണ്ടതിനും സഹായകരമായ ഒരുപടി പ്രധാനപ്പെട്ട അറിവുകൾ ഈ ഗ്രന്ഥത്തിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്.

ഇത് നിങ്ങളുടെ കർത്താവും, രക്ഷകനുമായ യേശുക്രിസ്തുവാണ്.

2012 ജനുവരി 27 മുതൽ മാർച്ച് 6 വരെയുള്ള 40 ദിവസ ഉപവാസത്തിൽ പിതാവ്–പുത്ര–പരിശുദ്ധാത്മാവ് ത്രിയേക ദൈവം പ്രിയ സൂസനോട് പറഞ്ഞു കൊടുത്തതെല്ലാം അവൾ കേട്ടെഴുതിയാണ് ഈ പുസ്തകം.

# പാഠം 1
# വിനയം

താഴ്ത്തി സമർപ്പിക്കുന്നതിനെയാണ് വിനയം എന്ന് പറയുന്നത്. ഒരു പരിഭവവും കൂടാതെ മറ്റുള്ളവരെ സേവിക്കുകയും അപരനിൽ നിന്ന് ഉണ്ടാകുന്ന ദോഷങ്ങളെ അല്പം പോലും കണക്കിടാതെ പുഞ്ചിരിക്കുന്ന മുഖത്തോടെ സാഹചര്യത്തെ സമീപിക്കുകയും ചെയ്യുന്ന ഉദാത്തമായ ഒരു മാനസീകാവസ്ഥയാണിത്. ദൈവത്തെ പ്രസാദിപ്പിക്കേണ്ടതിനുവേണ്ടി മറ്റുള്ളവരെ ശുശ്രൂഷിക്കുവാനുള്ള ഒരു തരം അടങ്ങാത്ത വാഞ്ഛയാണത്. ജീവിതത്തിന്റെ ഏത് അവ സ്ഥാന്തരങ്ങളിലും തികഞ്ഞ പ്രത്യാശയോടുകൂടെ ദൈവത്തെ സേവിക്കുവാനുള്ള അടക്കാനാവാത്ത അഭിനിവേശമാണിത്. ദൈവ ത്തിന് എളുപ്പം വഴങ്ങികൊടുക്കുന്ന; ഏത് വിധേനയെങ്കിലും ദൈവ ത്തേയും, മറ്റുള്ളവരേയും ശുശ്രൂഷിക്കുവാനുള്ള മനസ്സൊരുക്കമുള്ള ആത്മാവിനെയാണ് വിനയം എന്ന് പേരിട്ട് വിളിക്കുന്നത്. വിനയം ഏറ്റവും ഒടുക്കത്തെ ഇരിപ്പിടത്തെ സ്വീകരിക്കുവാൻ നമ്മെ പ്രാപ്ത രാക്കും. അവസാനത്തെ കസേര നമ്മുടേതാണെന്ന് പറഞ്ഞ് ഏറ്റെ ടുക്കുവാൻ അല്പം പോലും അപകർഷതാബോധം ഉണ്ടാവുകയില്ല. സ്ഥാനശ്രേണിയിൽ ഏറ്റവും താഴെയുള്ളത് തിരഞ്ഞെടുക്കുവാൻ, തിരശ്ശീലക്ക് പുറകിലേക്ക് സ്വയം ഉൾവലിയുവാൻ, ആരാലും ശ്രദ്ധി ക്കപ്പെടാതെ മറഞ്ഞിരിക്കുന്നതിൽ സന്തോഷം കണ്ടെത്തുവാൻ നമ്മെ സഹായിക്കുന്നത് വിനയമാണ്.

ലൂക്കോസ് എഴുതിയ സുവിശേഷം 14-ാം അദ്ധ്യായം 7 മുതൽ 12 വരെയുള്ള വാക്യങ്ങളെ നോക്കിയാട്ടെ.

**ക്ഷണിക്കപ്പെട്ടവർ മുഖ്യാസനങ്ങളെ തിരഞ്ഞെടുക്കുന്നത് കണ്ടിട്ട് യേശു അവരോട് ഒരു ഉപമ പറഞ്ഞു. "ഒരുത്തൻ നിങ്ങളെ കല്യാണത്തിന് വിളിച്ചാൽ മുഖ്യാസനത്തിൽ ഇരിക്കരുത്. ഒരു**

**പക്ഷേ നിന്നിലും മാനമേറിയവനെ അവൻ വിളിച്ചിരിക്കാം. പിന്നെ നിങ്ങൾ രണ്ട് പേരെയും ക്ഷണിച്ചവൻ വന്ന് നിന്നോട് "ഈ മനുഷ്യന് ഇടം കൊടുക്കുക" എന്ന് നിന്നോട് പറയുമ്പോൾ നീ നാണത്തോടെ ഒടുക്കത്തെ സ്ഥലത്ത് ഇരിക്കേണ്ടതായി വരും. മറിച്ച് നീ ക്ഷണിക്കപ്പെടുമ്പോൾ തന്നെ ഏറ്റവും ഒടുവിലത്തെ സ്ഥലത്ത് പോയി ഇരിക്കുക. അപ്പോൾ നിന്നെ ക്ഷണിച്ചവൻ വന്ന് നിന്നോട് പറയും സ്നേഹിതാ, മുമ്പോട്ട് വന്ന് ഇരിക്കുക എന്ന് പറയുവാൻ ഇടവരട്ടെ. അപ്പോൾ നിന്നോട് കൂടെ പന്തിയിൽ ഇരിക്കുന്നവരുടെ മുമ്പാകെ നീ ബഹുമാനിക്കപ്പെടും. സ്വയം ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും. സ്വയം താഴ്ത്തുന്നവനോ ഉയർത്തപ്പെടും".**

മത്തായി 19:30 **"എങ്കിലും പല മുമ്പന്മാരും പിമ്പന്മാരാകും; പിമ്പന്മാരോ മുമ്പന്മാരുമാകും".**

തങ്ങളുടെ വ്യക്തി പ്രഭാവം മുഴച്ചു നിൽക്കണമെന്ന് ഒട്ടും ആഗ്രഹമില്ലാത്ത; കാഴ്ചകളിൽ അലിഞ്ഞില്ലാതാകുവാൻ ആഗ്രഹിക്കുന്നവർ വിസ്മരിക്കപ്പെട്ടു പോകുവാൻ സാധ്യതയേറെയാണ്. അവർ ഒരിക്കലും സമൂഹത്തിലെയോ, ജീവിതത്തിലെയോ മുഖ്യാസനങ്ങൾ കാംക്ഷിക്കാത്തവരാണ്. ദൈവസന്നിധിയിൽ സർവ്വതും സമർപ്പിച്ചുകൊണ്ട്, മറ്റുള്ളവരുടെ ദൃഷ്ടിപഥത്തിൽ അകപ്പെടാതെ തങ്ങളെ തന്നെ മറച്ചുവെക്കുന്നവർ; അങ്ങേയറ്റം ശാന്തതയുള്ളവരും തലക്കനത്തിന്റെ തന്മാത്ര പോലും ജീവിതത്തിൽ ഇല്ലാത്തവരും ആയിരിക്കും. **എന്റെ** മകളേ, **എന്റെ** കാന്തയേ ഇതാണ് യഥാർത്ഥ വിനയം. ഇതായിരിക്കണം വിനയം.

അവൾ ഈ ഗുണങ്ങളുടെയെല്ലാം പരമകാഷ്ഠയായിരിക്കും. **എന്റെ** കുഞ്ഞേ നിനക്ക് നിന്റെ കുറവുകളെ കാണാൻ കഴിയുന്നുണ്ടോ? നമുക്ക് വർത്തമാനം തുടരാം. വിനയമുള്ള വ്യക്തിയായിരിക്കുക എന്ന്പറഞ്ഞാൽ എന്താണ് അത്കൊണ്ട് അർത്ഥമാക്കുന്നത്? അരങ്ങിന്റെ വെള്ളിവെളിച്ചത്തിൽ പ്രത്യക്ഷപ്പെടുകയില്ലെന്ന് മാത്രമല്ല; ആരാലും ശ്രദ്ധിക്കപ്പെടാതെ അണിയറയിൽ

പരാതികളോ, പരിഭവങ്ങളോ, പരിദേവനങ്ങളോ ഇല്ലാതെ വേല ചെയ്യുന്ന ഒരു മാനസീകഅവസ്ഥയാണത്. സമ്പൂർണ്ണമായും **തമ്പുരാന്** തീറെഴുതി ഉടമസ്ഥാവകാശം കൈമാറിയ അവസ്ഥ. സകലത്തിലും **ദൈവത്തെ** അനുസരിക്കാനുള്ള അവസരത്തിനു വേണ്ടി ആർത്തിയോടെ അന്വേഷിക്കുന്ന അവസ്ഥ.

മറ്റുള്ളവർ നിങ്ങളെകുറിച്ച് എന്ത് ചിന്തിക്കും എന്ന് ആകുല പ്പെട്ട് അതിൽ നിന്ന് പുറത്തു വരുന്ന ഒന്നല്ല വിനയം. പിന്നെയോ ഒന്നും തന്നെ തിരിച്ച് പ്രതീക്ഷിക്കാതെ അപരന് വേണ്ടി അങ്ങേ യറ്റം അദ്ധ്വാനിക്കുന്നതാണ്. മനുഷ്യരിൽ നിന്ന് പൂച്ചെണ്ട് പ്രതീ ക്ഷിക്കുന്നതല്ല വിനയം; മറിച്ച് ദൈവത്തിന്റെ പ്രസാദത്തെ കാംക്ഷി ക്കുന്നതാണ്. ദൈവത്തിന്റെ പ്രസാദവലയത്തിനകത്ത് അനുനിമിഷം വളർന്നുകൊണ്ടിരിക്കുകയും, ദൈവത്തിന് മഹത്വം കരേറ്റുകയും ചെയ്തുകൊണ്ടിരിക്കുന്നതാണ് വിനയം.

അത് തീർത്തും കുലീനമാണ്. അല്പം പോലും കാലുഷ്യമില്ലാ ത്തതാണ്.

അത് **ദൈവത്തിൽ** വളർന്നുകൊണ്ടേയിരിക്കുന്നതാണ്.

അത് **ക്രിസ്തുവിനെ** പോലെയായി തീരുന്നതാണ്. വിനയമാണ് **ദൈവത്തിന്റെ** ഏറ്റവും വലിയ മനോഹാരിത. **ദൈവ**ഭയമുള്ള, വിനയാന്വിതനായ വ്യക്തിയാണ് ദൈവീക ദൃഷ്ടിയിൽ വെട്ടി തിളങ്ങുന്നത്.

ദൈവത്തെ പ്രസാദിപ്പിക്കാനുള്ള അടങ്ങാത്ത ആഗ്രഹവും, ദൈവത്തിന്റെ കാൽചുവടുകളിൽ നടക്കാനുള്ള എന്തെന്നില്ലാത്ത ആവേശവുമാണ് വിനയം. താൻ ഏതുമില്ല, ഒന്നുമില്ല എന്നുള്ള ഒരു തിരിച്ചറിവും, മറ്റുള്ളവരെക്കാൾ താൻ അല്പം പോലും കേമ നല്ലെന്നും, തന്നേക്കാൾ ശ്രേഷ്ഠരാണ് മറ്റുള്ളവരെന്നും ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന ഭാവമാണ് വിനയം. മറ്റുള്ളവരെ വിധിക്കുവാൻ നമ്മെ അനുവദിക്കാത്തതാണ് വിനയം. വിധികർത്താവ് **ഞാനൊ രാൾ** മാത്രമാണ്. ഈ പറഞ്ഞതിന്റെയൊക്കെ അർത്ഥം നീ അങ്ങേ യറ്റം തരംതാഴ്ന്ന വ്യക്തിയായി തീരണമെന്നല്ല. മറിച്ച് മറ്റുള്ളവ

രുടെ ഹൃദയവികാരങ്ങളേയും, താൽപ്പര്യങ്ങളേയും നീ മുഖവില ക്കെടുന്ന വ്യക്തിയായിരിക്കണം. അത് ഒരുവേള നിനക്ക് ഉൾകൊ ള്ളുവാനോ അംഗീകരിക്കുവാനോ പ്രയാസമുള്ളതാണെങ്കിലും ആ വ്യക്തിയുടെ വ്യക്തിത്വത്തെ ഉള്ളിൽ താറടിച്ച് കാണാതിരിക്കുക. കാരണം പരിശുദ്ധനായ **ദൈവത്തിന്റെ** ദൃഷ്ടിയിൽ നിനക്കും കൊട്ടി ഘോഷിക്കാവുന്ന പവിത്രതയൊന്നുമില്ലായെന്ന് നീ മറന്ന് പോകരുത്.

ഒരു വ്യക്തി വിനയമുള്ളതായി തീരുമ്പോൾ യഥാർത്ഥത്തിൽ സംഭവിക്കുന്നത് ഇതാണ്. അവർ വിസ്മയാവഹമായ ഒരു സാക്ഷ്യം തങ്ങളുടെ ജീവിതത്തെകുറിച്ച് ചമയ്ക്കും. **എന്റെ** രാജ്യത്തിലും, **എന്റെ** കണ്ണിൻമുമ്പിലും അവർ തിളങ്ങി ശോഭിക്കും. അവർക്ക് **ദൈവത്തിന്റെ** കാതുകൾ ഉണ്ടായിരിക്കും. **എന്റെ** ഈ എളിയ ഭൃത്യൻ ഭൂമിയിലിരുന്നു കൊണ്ട് **എങ്കലേക്ക്** നോക്കി ഹൃദയനുറുക്കത്തോടെ നിലവിളിച്ചാൽ ഞാൻ അവന്റെ നിലവിളിക്ക് ചെവി ചായിക്കും. **എന്റെ** ഈ എളിയ ദാസരെ ഉദ്ധരിക്കേണ്ടതിന് വേണ്ടി ഏതറ്റം വരെയും **ഞാൻ** പോകും. **എന്റെ** ദാസന്മാർക്കുവേണ്ടി ആകാശത്തേയും, ഭൂമിയേയും ഞാൻ ഇളക്കും. **എന്റെ** മകളേ ഈ സത്യം നീ ഗ്രഹിക്കുന്നുണ്ടോ? ഈ എളിയദാസരെല്ലാം തങ്ങളുടെ ജീവിതം എനിക്കായി ഉഴിഞ്ഞുവെച്ച വരാണ്. **എന്നെ** കൂടാതെ തങ്ങൾക്ക് ഒന്നും ചെയ്യുവാൻ സാധിക്കുക യില്ലെന്ന് ഏറ്റുപറഞ്ഞുകൊണ്ട് അത്രത്തോളം **എന്നിൽ** ആശ്രയിക്കു ന്നവരാണവർ. ഒരു കുഞ്ഞ് തന്റെ ആവശ്യങ്ങൾ നിവർത്തിച്ചെടുക്കേ ണ്ടതിനുവേണ്ടി തന്റെ മാതാപിതാക്കളിലേക്ക് ചായുന്നതുപോലെ; ജീവി തത്തിന്റെ സമസ്ത ആവശ്യങ്ങളുടെ മുഖത്തും മറ്റൊരിടത്തേക്കും നോക്കാതെ **എന്നിൽ** മാത്രം ആശ്രയിച്ച് ആശ്വാസം കണ്ടെത്തുന്ന വരാണവർ. ഇങ്ങനെയുള്ളവരെയാണ് **എന്റെ** ദാസന്മാർ എന്ന് ഞാൻ വിളിക്കുന്നത്. സ്വന്തം ആഗ്രഹം എന്ന ഒന്ന് അവർക്കില്ല. ദൈനംദിന ജീവിതത്തിന്റെ ഏത് അവസ്ഥാന്തരങ്ങളിലും അവരുടെ ആശ്രയം **എന്നിൽ** മാത്രമായിരിക്കും. ജീവിതം വച്ച് വിളമ്പുന്ന കടങ്കഥകളുടെ ഉത്തരത്തിനുവേണ്ടി അവർ നോക്കുന്നത് **എന്റെ** മുഖത്തേക്ക് മാത്രമായിരിക്കും. പരിപൂർണ്ണഹൃദയത്തോടെ എന്നെ കയറിപിടിക്കുന്ന **എന്റെ** ദാസരെ ഞാൻ കൈവിടുകയില്ല. ജീവിത

ത്തിന്റെ കൊടിയ വൈഷമ്യങ്ങളുടെ മുഖത്തും നീക്കുപോക്കിനു വേണ്ടി അവർ തിരിഞ്ഞത് **എങ്കലേക്ക്** ആയതുകൊണ്ട് ഞാൻ അവർക്ക് കൊടുക്കുന്നത് ഏറ്റവും മേത്തരമായതായിരിക്കും. അവർ **എന്റെ** ദൃഷ്ടിയിൽ മാന്യരും, ശോഭാപരിപൂർണ്ണരും, വിനയാന്വിതരുമായിരിക്കും. ശാലീനവും, കുലീനവുമായ സൗന്ദര്യം അവർക്കുണ്ടായിരിക്കും. അവരുടെ ചുറ്റിലുമുള്ള ലോകത്തിനുള്ള വച്ചുകെട്ടലുകളും, ഏച്ചുകെട്ടലുകളും അവർക്കുണ്ടായിരിക്കുകയില്ല.

അവർ ആൾക്കൂട്ടത്തിൽ നിന്ന് അകലം വിട്ട് നടക്കുന്നവരായിരിക്കും. അവരുടെ സൗന്ദര്യം സ്വർഗ്ഗീയവും, **ദൈവീകവു**മായതായിരിക്കും. അങ്ങനെയുള്ളവരുടെ സകല ആവശ്യങ്ങളോടും ഞാൻ കൂട്ടായ്മ പുലർത്തിയതു കാരണം **ദൈവത്തിൽ** ഉറപ്പും, തീർപ്പും കണ്ടെത്തിയ ഒരു വലിയ പുരുഷാരം അടങ്ങുന്നതാണ് സ്വർഗ്ഗം.

അവരുടെ ആവശ്യങ്ങളൊന്നും ധാർഷ്ട്യമോ, ധിക്കാരമോ കലർന്നതല്ല. താൻ പോരിമയുള്ളതോ, പരുക്കനോ അല്ല. അവരുടെ സകല ആവശ്യങ്ങളേയും **എന്നിലൂ**ടെ നിവർത്തിക്കപ്പെടും. അവർ തൃപ്തരായിരിക്കും. ഞാൻ അവരുടെ ആവശ്യങ്ങളെ എല്ലായ്പ്പോഴും ഏറ്റെടുത്തതുകൊണ്ട് അവർ സേവന സന്നദ്ധരും, സേവന തൽപ്പരരുമായിരിക്കും. **എന്റെ** തട്ടകത്തിൽ പരിചരണം ലഭിക്കേണ്ടതിനുവേണ്ടി ആരും പോരടിക്കേണ്ടതില്ല.

എല്ലാവരും തൃപ്തരായിരിക്കും. പവിത്രതയും, സമാധാനവും, ശാന്തതയും, സ്നേഹവും, സന്തോഷവും, ആനന്ദവും കളിയാടുന്ന ഇടമാണത്.

ഒരു ശിശുവിന് ഉള്ളതുപോലെയുള്ള വിശ്വാസം വളരെ പ്രധാനപ്പെട്ട ഒന്നാണ്. കാരണം ആ ശിശു ഒരിക്കലും അതിന്റെ പ്രാപ്തിക്കപ്പുറം എത്തിനോക്കുകയില്ല. തന്റെ മാതാപിതാക്കളെ അമിതമായി ആ പൈതൽ വിശ്വസിക്കുന്നതുകൊണ്ട് ഒരു നിഴലെന്നവണ്ണം മാതാപിതാക്കൾക്ക് പിറകെ ആ പൈതൽ ചുവട് വെക്കും. തന്റെ മാതാപിതാക്കളിൽ നിന്ന് വരുന്ന നിർദ്ദേശങ്ങൾ, ആജ്ഞകൾ, വഴികാട്ടലുകൾ, നയിക്കലുകൾ എന്നിവയിലെല്ലാം പ്രതീക്ഷാനിർഭരം അവൻ

കയറിപിടിക്കും. മാതാപിതാക്കൾക്ക് ഒന്നും അറിയില്ലെന്നും, നേർവഴി കാണിക്കുവാൻ അവർ അപ്രാപ്തരാണെന്നും ആ കുഞ്ഞ് ഒരിക്കലും മനസ്സിൽ ചിന്തിക്കുകയില്ലെന്ന് മാത്രമല്ല; തന്റെ ആവശ്യങ്ങൾക്ക് വേണ്ടി മാതാപിതാക്കളിൽ മാത്രമേ ആ പൈതൽ ആശ്രയിക്കുകയുള്ളു. പക്ഷേ മാതാപിതാക്കളുടെ ദൃഷ്ടിപഥത്തിൽ നിന്ന് കുട്ടി മാറി മറിയുമ്പോൾ അവന്റെയകത്ത് പരിഭ്രാന്തി ജനിക്കുവാൻ തുടങ്ങും. കാരണം ഇതുവരേയും അവന്റെ ആവശ്യങ്ങളെയെല്ലാം പോറ്റിപുലർത്തികൊണ്ടിരുന്നത് അവന്റെ മാതാപിതാക്കളായിരുന്നു. ഈ കരുതൽ പടിപടിയായി അത് സ്നേഹത്തിലേക്കും, തുടർന്ന് ആശ്രയത്വത്തിലേക്കും വളർന്ന് കഴിഞ്ഞിരുന്നു. യഥാർത്ഥത്തിൽ എളിമത്വമുള്ള ഒരു വ്യക്തിയും, **ദൈവവും** തമ്മിലുള്ള ബന്ധം ഇവ്വണ്ണമാണ്. ഇങ്ങനെ എളിമയുള്ള ഒരു വ്യക്തി **ദൈവത്തിൻ** മേലുള്ള സമ്പൂർണ്ണാശ്രയത്വം കൊണ്ട് കണ്ണുമടച്ച് അനുസരണത്തോടെ ദൈവത്തിന്റെ പുറകെ യാത്ര ചെയ്യും. **ദൈവം** അവരെ സകല കഷ്ടങ്ങളിൽ നിന്നും വിടുവിക്കും.

അവിടെ എവിടെയും ഉത്തരങ്ങളുടെ ബാഹുല്യം ഉണ്ടായിരിക്കുകയില്ല. ദൈവമാകുന്നു സർവ്വവും. ദൈവമാകുന്നു സത്യപ്രത്യാശ. ദൈവമാകുന്നു വിശ്വസനീയ പ്രത്യാശ.

കുഞ്ഞുങ്ങൾ അവരുടെ എല്ലാ ആവശ്യത്തിനും ആശ്രയിക്കുന്നത് തങ്ങളുടെ മാതാപിതാക്കളെയാണ്. മാതാപിതാക്കൾ തങ്ങളുടെ ആവശ്യങ്ങൾ സാധിപ്പിച്ചു തരുവോളം മക്കൾ നിർത്താത്ത കരച്ചിലുമായി അവരെ വിടാതെ പിന്തുടരുന്നതുപോലെ എളിമയുള്ളതും, ശുദ്ധവുമായ ഹൃദയത്തോടുകൂടെ **ദൈവത്തെ** ചേർത്ത് പിടിച്ച് പിൻതുടരുന്നവനെ **ദൈവം** വിടുവിക്കും.

ഞാൻ ഈ പറയുന്നതിൽ എന്തെങ്കിലും കാര്യമുണ്ടെന്ന് നിനക്ക് തോന്നുന്നുണ്ടോ മകളേ? അഹങ്കാരത്തിന്റെ ആൾരൂപമായിരിക്കുന്ന ഒരു വ്യക്തിക്ക് അത് വിട്ടൊഴിഞ്ഞ് വിനയാന്വിതനായി തീരുവാൻ സാധിക്കുമോ? ഉവ്വ് മകളേ. നിശ്ചയമായും കഴിയും.

**എന്നിൽ** നിന്ന് കേട്ട് **എന്നോട്** വിധേയത്വം പുലർത്തുന്ന ആർക്കും ഇങ്ങനെയാകുവാൻ സാധിക്കും.

സദൃശ്യവാക്യങ്ങൾ 15:33. **"യഹോവ ഭക്തി ജ്ഞാനത്തിനായുള്ള ഉപദേശമാകുന്നു. വിനയം മാനത്തിന് മുന്നോടി ആകുന്നു."**

**നമുക്ക്** തുടരാം. വിനയത്തിന് പറയാനുള്ളത് സ്നേഹത്തെകുറിച്ച് ആകുന്നു. വിനയമുള്ള ഒരു ഹൃദയത്തിനകത്തുനിന്നാണ് സ്നേഹം ഉയിർകൊള്ളുന്നത്. ഒരിക്കലും അഹന്ത നിറഞ്ഞ ഹൃദയത്തിനകത്ത് സ്നേഹത്തിന് കുരുക്കുവാൻ കഴിയില്ല. അഹന്ത സ്നേഹത്തെ നശിപ്പിച്ചു കളയും. അഹന്തക്ക് പറയാനുള്ളത് ഇതാണ്. "ഞാനാണ് നിന്നേക്കാൾ കേമൻ". "നിന്നേക്കാൾ കൂടുതൽ എനിക്കറിയാം". "ഞാനുമായി തട്ടിച്ചു നോക്കുമ്പോൾ നീ ഒന്നിനും കൊള്ളാത്തവനാണ്". "എന്റെ മുമ്പിൽ നിനക്ക് ഒരു വിലയുമില്ല." "എനിക്ക് ഒന്നിനും കുറവില്ല". "എനിക്ക് നിന്റെ ആവശ്യമില്ല". അഹന്തക്ക് പറയാനുള്ളത് ഇത് മാത്രമാണ്. നീ അത് ഗ്രഹിക്കണം **എന്റെ** മകളേ.

അഹന്ത അതിന്റെ രൂപഭാവാദികളിലെല്ലാം അങ്ങേയറ്റം വൃത്തിഹീനമാണ്. അത് പൂർണ്ണമായും സ്വയത്തെ മാത്രം തിരക്കി പോകുന്നതാണ്. അത് എല്ലായ്പ്പോഴും തന്നിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതായിരിക്കും. അത് എപ്പോഴും ആസ്വദിക്കുന്നത് സ്വാർത്ഥതയുടെ ചഷകത്തെ ആയിരിക്കും. അതിന്റെ വേരുകൾ വളരുവാനാവശ്യമായ വെള്ളവും, വളവും വലിച്ചെടുക്കുന്നത് ദുഷ്ടതയിൽ നിന്നായിരിക്കും. വ്യർത്ഥമായ മഹത്വം **ദൈവത്തിനെതിരായി** പതഞ്ഞുയർന്നുയർന്ന് ഒടുവിൽ അത് ഇങ്ങനെ ആത്മഗതം ചെയ്യും. "എനിക്ക് ദൈവത്തേയും ആവശ്യമില്ല". "ഞാനാണ് എന്റെ ദൈവം". "എനിക്ക് ബോധിച്ചപോലെ ഞാൻ വാഴും". ഇത് തീർത്തും മ്ലേച്ഛമാണെന്നു മാത്രമല്ല; മനം പിരട്ടൽ ഉളവാക്കുന്നതും കൂടെയാണ്. സൗന്ദര്യത്തിന്റെ ഒരു കണം പോലും ഇതിനകത്തില്ല. ഇതിൽ നിന്ന് പുറത്തേക്കെടുക്കുവാൻ നല്ലതായി ഒന്നും തന്നെയില്ല. മേന്മയായതൊന്നും ഇത് പുറപ്പെടുവിക്കുന്നില്ല. കൊടിയ അപകർഷ

താബോധം, കടുത്ത നൈരാശ്യം, ഒറ്റപ്പെടൽ, സ്നേഹശൂന്യത, അക്രമവാസന, മുറിവേൽപ്പിക്കൽ തുടങ്ങിയ സകല ദുർഗുണങ്ങളുടേയും മൂലകാരണം അഹന്തയാണ്. **അഹന്ത** ദൈവത്തിൽ പേർ പറക പോലും ചെയ്യാത്ത ഒന്നാണ്. **ക്രിസ്തുവിന്റെ** ഭാവത്തിന്റെ നേരെ എതിർവശമാണ് അഹന്ത. ക്രിസ്തീയതയിൽ അഹന്തക്ക് എള്ളോളം സ്ഥാനമില്ല. നന്മയായതിനൊന്നും അഹന്ത ജന്മ കൊടുക്കുന്നില്ല. സകല തിന്മകളുടേയും മാതാവാണത്. **എന്റേ** കുഞ്ഞേ നീ ഇത് മനസ്സിലാക്കുന്നുണ്ടോ? അഹന്തയുടെ ആകർഷണവലയത്തിൽ നിന്ന് എങ്ങനെയാണ് ഞങ്ങൾക്ക് പറന്നുയരുവാൻ കഴിയുന്നത് **കർത്താവേ?** മകളേ അഹങ്കാരത്തെ കുടഞ്ഞ് കളഞ്ഞ് ആഞ്ഞുപിടിച്ച് അതിൽ നിന്ന് ഓടണം. ആവുന്നിടത്തോളം അകലത്തേക്ക് ഓടി മറയണം. എല്ലാ കാലത്തും താഴ്മ ധരിക്കണം. വിനയത്തിൽ വേരൂന്നി വളരണം.

മകളേ **എന്റെ** സ്നേഹവും, **എന്റെ** കരുതലും നിന്റെ ജീവിതത്തിലുണ്ടെങ്കിൽ മറ്റുള്ളവരുടെ ശ്രദ്ധ നിന്നിലേക്ക് ആകർഷിക്കേണ്ടതിനുവേണ്ടി നീ പണിപ്പെട്ട് ഒന്നും തന്നെ ചെയ്യേണ്ട ആവശ്യമില്ല.

**എന്റെ** സ്നേഹത്തിനായും, **എന്റെ** കരുതലിനായും കാംക്ഷിക്കുക. അതിൽ തൃപ്തിയടയുക. മറ്റുള്ളവരുടെ സ്നേഹസമ്പാദനത്തിനുവേണ്ടി നീ പെടാപ്പാട് പെടുമ്പോൾ ഒരു കാര്യം നീ ഓർക്കുക. തിളങ്ങുന്ന **എന്റെ** സ്നേഹത്തിനുമേൽ നീ ഇരുട്ട് വാരിയിടുകയാണ്. നിന്റെ ആഴമേറിയ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുവാൻ നിന്നോട് പറ്റിയിരിക്കുന്നവർക്ക് സാധ്യമല്ല. അത് **എന്നെ** കൊണ്ടേ കഴിയുകയുള്ളു. **എനിക്ക്** മാത്രമേ അത്രയും ആഴത്തിലുള്ള ആവശ്യങ്ങളെ പരിഹരിക്കുവാൻ സാധിക്കുകയുള്ളു. ശൂന്യമായ ഹൃദയത്തെ നിറയ്ക്കുവാൻ **എന്നെ** കൊണ്ടേ കഴിയുകയുള്ളു. നിന്റെ സ്നേഹ ദൗർലഭ്യത്തിന് സമൃദ്ധി വരുത്തുവാൻ ഏകപോംവഴി **ഞാൻ** മാത്രമാണ്. നിന്റെ വിശപ്പിന് തൃപ്തി വരുത്തുവാനുള്ള കഴിവ് **എന്റെ** പക്കലേയുള്ളു.

എല്ലാ തീവ്രമായ അഭിലാഷങ്ങൾക്കും, ഒഴിഞ്ഞ ഹൃദയങ്ങൾക്കുമുള്ള സർവ്വ ഉത്തരവും **എന്റെ** പക്കലുണ്ട്. എല്ലാ തീവ്രാഭിലാഷങ്ങ

ളേയും ശമിപ്പിക്കുവാനുള്ള ഒറ്റമൂലി **എന്റെ** പക്കലേയുള്ളു. അക്കാര്യത്തിൽ മനുഷ്യൻ അമ്പേ പരാജയപ്പെട്ടവനാണ്. അവരെ കൊണ്ട് ഇതെല്ലാം കഴിയുമെന്ന ഒരു പ്രതീതി ജനിപ്പിക്കുവാൻ സാധിക്കുമെങ്കിലും, കാര്യത്തോടടുക്കുമ്പോൾ അവർ നിസ്സഹായരാണ്. മറ്റുള്ളവരിൽ നിന്ന് ലഭിക്കുന്ന അനുമോദനങ്ങൾക്കും, അഭിനന്ദനങ്ങൾക്കും അല്പായുസ്സേ ഉള്ളു. ഞാൻ; ഞാൻ മാത്രമാണ് പൂർണ്ണതയുടെ ഉറവ. മനുഷ്യഹൃദയങ്ങളിലെ എല്ലാ തീവ്രമായ ആശകൾക്കും, അഭിനിവേശങ്ങൾക്കും പൂർണ്ണത കൈവരുത്തുവാൻ എനിക്കേ സാധിക്കുകയുള്ളു. കരുതലിനുവേണ്ടിയും, സ്നേഹത്തിനുവേണ്ടിയും വാഞ്ചിക്കുന്ന നിങ്ങളുടെ ഉള്ളത്തിന്റെ ആഗ്രഹങ്ങളെ തൃപ്തിപ്പെടുത്തേണ്ടതിന് **എന്റെ** പക്കൽ കടന്നു വരൂ. നിഗളഭാവത്തെ നിലത്ത് എറിഞ്ഞ് കളയൂ. അത് നിങ്ങളെ മുച്ചൂടും നശിപ്പിക്കുന്നതാണ്. അതിനകത്ത് സ്നേഹത്തിന്റെ കണികപോലുമില്ല. അത് സ്നേഹത്തിന്റെ കാന്തീക വലയത്തിനപ്പുറത്ത് പ്രവർത്തിക്കുവാൻ ഇഷ്ടപ്പെടുന്നതും ജനത്തെ സംഹാരനാശത്തിലേക്ക് വഴി നടത്തുന്നവയുമാണ്. ആദ്യത്തെ ദോഷം അഹന്തയാണ്. ആ ദോഷം ഇന്നും അനേകരുടെ ഹൃദയങ്ങളിൽ വസിക്കുകയും വാഴുകയും ചെയ്യുന്നുണ്ട്. ദൈവീക അന്വേഷണത്തിന് കടകവിരുദ്ധമായ എല്ലാവഴികളിലൂടേയും മനുഷ്യനെ നടത്തുന്നത് അവനിൽ കുടികൊള്ളുന്ന അഹന്തയാണ്.

തന്റെ തൊഴിൽ നൈപുണ്യം, കഴിവുകൾ, ധനം, വസ്തുവകകൾ സമൂഹത്തിലെ ഉന്നതരുമായുള്ള സമ്പർക്കം എന്നിവയിലൂടെ മനുഷ്യൻ തന്നെ തന്നെ കെട്ടിപൊക്കുകയാണ് ചെയ്യുന്നത്. ഇതെല്ലാം പിന്നീട് വിഗ്രഹങ്ങളായി പരിണമിച്ച് ജീവിതത്തിന്റെ സമസ്യകളെ പൂരിപ്പിക്കേണ്ടതിന് സഹായം ലഭിക്കേണ്ടതിനായി **ദൈവ**മുഖം അന്വേഷിക്കുന്നതിൽ നിന്ന് അവരെ തടയുന്ന കെണികളായി തീരുന്നു. തങ്ങളുടെ ചുറ്റുപാടുമുള്ളവരുടെ ദൃഷ്ടിയിൽ തങ്ങൾ വലിയ വിജയങ്ങൾ കൈപ്പിടിയിലൊതുക്കിയവരാണെന്നുള്ള പ്രതീതി ജനിപ്പിക്കേണ്ടിനുവേണ്ടി **എന്റെ** മുഖം അന്വേഷിക്കുകയില്ലെന്ന് മാത്രമല്ല; ഞാൻ കല്പിക്കാത്ത മാർഗ്ഗത്തിലൂടെ സഞ്ചരിച്ച് തങ്ങളുടെ സാമ്രാജ്യങ്ങൾ പടുത്തുയർത്തും. എളിമയും,

വിനയവും ഉള്ള ഒരു വ്യക്തിക്ക് മാത്രമേ തന്റെ ജീവിതത്തിന്റെ ചോദ്യാവലിക്ക് ഉത്തരം കണ്ടെത്തുവാനായി **ദൈവത്തിങ്കലേക്ക്** തിരിയുവാൻ കഴിയുകയുള്ളു. തങ്ങളുടെ ആവശ്യങ്ങളുടെ പൂരണത്തിന് വേണ്ടി അത്തരക്കാർ മാത്രമേ **ദൈവമുഖം** അന്വേഷിക്കുകയുള്ളു. ചുറ്റുപാടുമുള്ള സമൂഹത്തിനു മുമ്പിൽ മേനി നടിക്കാനുള്ള ചില കാര്യങ്ങൾ നേടാനുള്ള ആഗ്രഹത്തിന്റെ കടയ്ക്കൽ കത്തി വയ്ക്കാൻ ഇങ്ങനെയുള്ള വിനയമുള്ളവർക്കേ കഴിയുകയുള്ളു.

നിങ്ങൾ സമ്പത്ത് കുന്നുകൂട്ടുവാൻ പെടാപ്പാട്പെടുന്ന വ്യക്തിയാണോ; അല്ലെങ്കിൽ ഈ ലോകത്തിൽ നിങ്ങൾക്ക് ഒരു പേര് സമ്പാദിക്കാൻ വേണ്ടി അരയും, തലയും മുറുക്കുന്ന വ്യക്തിയാണോ; അത് ഒരുവേള ദൈവീകശുശ്രൂഷയുടെ കാര്യത്തിലാണെങ്കിൽ പോലും അത്യന്തികമായി നിങ്ങൾ ലോകത്തിന്റെ കയ്യടി നേടാൻ പരിശ്രമിക്കുന്ന വ്യക്തിയാണെന്ന കാര്യത്തിൽ തർക്കമില്ല. നിങ്ങളുടെ ചുറ്റുപാടുമുള്ളവരുടെയിടയിൽ നിങ്ങൾ നല്ലപിള്ള ചമയുന്ന വ്യക്തിയാണ്. ഇത് **എന്റെ** ഹിതമല്ല. **എന്റെ** ഹിതത്തിന് അങ്ങനെ ആയി തീരുവാൻ കഴിയില്ല. എളിയവരായ **എന്റെ** മക്കൾ തങ്ങളുടെ ദൈനംദിന ആവശ്യങ്ങൾക്ക് വേണ്ടി **എങ്കലേക്ക്** തിരിയും, ഞാൻ അവരെ വിടുവിക്കും. **ദൈവത്തിൽ** ആശ്രയിച്ചു ജീവിക്കണമെന്നത് എങ്ങനെയെന്ന് ഞാൻ അവരെ അഭ്യസിപ്പിക്കും.

**എന്റെ** മക്കൾ തങ്ങളുടെ സ്വന്തശക്തിയിൽ ആശ്രയിച്ച് അദ്ധ്വാനിക്കുകയും, അതിൽ വിജയം കണ്ടെത്തുകയും ചെയ്താലും ആത്യന്തീകമായി അവർ പരാജയപ്പെടുകയാണ് ചെയ്യുന്നത്. എന്തുകൊണ്ടെന്നാൽ **എന്റെ** ഹിതത്തിന് വിരോധവും, വിരുദ്ധവുമായി പ്രവർത്തിക്കുന്ന ഏവനും **എന്നിൽ** നിന്ന് പ്രതിഫലം പ്രാപിക്കുകയില്ല. ഒരുപക്ഷേ അത് നല്ലതെന്നും, ശുഭകരമെന്നും തോന്നിയാൽ പോലും മറന്നു കളയരുത് അത് കേവലം ബാഹ്യമായ കൃത്രിമസുരക്ഷിതത്വം മാത്രമാണ്.

മാത്രമല്ല തങ്ങളുടെ സ്വന്തബലത്തിൽ ആശ്രയിച്ച് വിജയങ്ങളെ കൊയ്ത് കൂട്ടാനുള്ള **എന്റെ** മക്കളുടെ നിതാന്തപരിശ്രമത്തിൽ ഞാൻ അവരോട് കൂടെയിരിക്കുകയില്ലെന്ന് മാത്രമല്ല, പരാജയത്തിന്റെ പടുകുഴിയിൽ നിപതിക്കുവാൻ **ഞാൻ** അവരെ അനുവദിക്കും. മറ്റൊന്നിനും വേണ്ടിയല്ല. **എന്നെ** ആവശ്യമുണ്ടെന്ന് അവർക്ക് ബോധ്യ

പ്പെടേണ്ടതിന്..... അവരുടെ ഹൃദയത്തിന്റെ ആഗ്രഹവും, സകലത്തിന്റേയും ഉത്തരമായി ഞാൻ മാറേണ്ടതിന്. ഇതിനപ്പുറത്തുള്ള സകലതും വ്യാജപ്രത്യാശയാണ്. അത് **എന്റെ** കുഞ്ഞുങ്ങളെ **എന്റെ** ഹിതത്തിനപ്പുറത്തേക്ക് നടത്തും.

**എന്നിൽ** ആശ്രയിക്കാതെയും, **എന്നെ** അറിയിക്കാതെയും, **എന്നോട്** ആലോചന ചോദിക്കാതെയും സ്വന്തം താല്പര്യപ്രകാരം ജീവിതത്തെ മുമ്പോട്ട് കൊണ്ടുപോകുന്നവരാണ് അഹന്ത നിറഞ്ഞ മക്കൾ. ഈ ജീവിതശൈലി അത്തരക്കാരെ അധമമായ ഒരു തൃപ്തിയിലേക്ക് നയിക്കും. അദ്ധ്വാനത്തിന്മേൽ അദ്ധ്വാനവുമായി എന്റെ മക്കൾ മല്ലടിച്ച് മല്ലടിച്ച് ഒടുവിൽ ഹൃദയാഭിലാഷങ്ങൾക്ക് അല്പം പോലും ശമനം ലഭിക്കാതെ; ഒന്നിലും തൃപ്തിവരാതെ; പിന്നെയും എത്തിപിടിക്കാനുള്ള ആർത്തിയോടെ അവർ അലഞ്ഞ് തിരിയുകയാണ്. **അവരുടെ** ഹൃദയങ്ങളെ സന്തോഷിപ്പിക്കുന്നതും, അഭിലാഷങ്ങൾക്ക് തൃപ്തി പകരുന്നതും എന്താണെന്ന് അവർ അറിയുന്നില്ല. ഇതിനെല്ലാം പൂർത്തി വരുത്തുവാൻ കഴിയുന്നതും **എനിക്കാണെന്ന്** അവർ തിരിച്ചറിയുന്നില്ല. മുഴുഹൃദയത്തിന്റേയും, മുഴുപ്രാണന്റേയും, മുഴുദേഹിയുടേയും യഥാർത്ഥ സംതൃപ്തിയിലേക്കുള്ള ഏകവഴി ഞാൻ മാത്രമാകുന്നു.

ഇനിയും പൂർത്തീകരിക്കപ്പെടാതെ കിടക്കുന്ന മനുഷ്യഹൃദയങ്ങളുടെ ആഗ്രഹങ്ങൾക്ക് ഞാൻ പൂർണ്ണതയുടെ ചാരുത വരുത്തുന്നു. തൃപ്തിയുടെ മേലാട ഉടുപ്പിക്കും. നിറവിന്റെ പൂർണ്ണത കൈവരുത്തും. എല്ലാ അർത്ഥത്തിലും തികവുള്ളതാക്കും. എന്നെ കൊണ്ട്; എന്നെ കൊണ്ട് മാത്രം കഴിയുന്ന ഒന്നാണ്. തന്നെ കൂടാതെ ആർക്കും ഇത് സാധ്യമല്ല. ഇതാണ് അഹന്തയുടെ അടിസ്ഥാനം. പാപം മുളക്കുന്നത് ഇവിടെ നിന്നാണ്. തൃപ്തിക്കും, സ്വീകാര്യതക്കും വേണ്ടി **ദൈവത്തെ** ഒഴികെ ബാക്കി എന്തിനേയും പരീക്ഷിക്കുവാൻ ഏതറ്റം വരെയും പോകുന്ന ഹൃദയം. ശൂന്യതയും, ഏകാന്തതയും, അസംതൃപ്തിയും ആയിരിക്കും ഇതിന്റെയെല്ലാം ആത്യന്തികഫലം. ദുഃഖത്തിൽ എരിഞ്ഞടങ്ങേണ്ട അസ്തിത്വം.

**എന്റെ** സൃഷ്ടിയിൽ ഒരിക്കലും ഉണ്ടാകരുതെയെന്ന് ഞാൻ ആഗ്രഹിക്കുന്ന കാര്യവും ഇതുതന്നെയാണ്.

അഹന്ത മ്ലേച്ഛമായ ഒരു പാപമാണ്. അത് സ്നേഹത്തിന്റെ എല്ലാ ഭാവങ്ങളുടേയും ഇതൾ തല്ലികൊഴിക്കുന്നു. ആരോടും യാതൊരു മമതയോ, വാത്സല്യമോ ഇല്ലാത്ത ഭിഭത്സമായ; മരുസമാനമായ മാന സീക നിലവാരത്തെ അടിത്തറകെട്ടി പണിതുയർത്തുന്നു. പക്ഷേ ഇതിൽ നിന്ന് വ്യത്യസ്തമായി വിനയം സ്നേഹിക്കുന്നു. വിനയം സ്വയത്തെ പോഷിപ്പിക്കുന്നില്ല. വിനയം മറ്റുള്ളവരുടെമേൽ ആധി പത്യമുറപ്പിച്ച് അധിനിവേശം നടത്തുന്നില്ല. ആദ്യമായി മറ്റുള്ളവർ ശുശ്രൂഷിക്കപ്പെടേണ്ടതിനുവേണ്ടി വിനയം സ്വയം പിൻവലിഞ്ഞ് കാത്തുനിൽക്കുന്നു. വിനയം അപരനെ തന്നേക്കാൾ അന്തസ്സുള്ള വനായി കണക്കാക്കുന്നു. വിനയം നേട്ടമുണ്ടാക്കുന്നില്ല. വിനയം ഒരിക്കലും പരുഷമാകുന്നില്ല; ധിക്കാരത്തിന്റെ ലാഞ്ചന പോലും പ്രകടമാക്കുന്നില്ല. വിനയത്തിന് ഗർവ്വമില്ല. വിനയം ഒന്നിനേയും കൊട്ടിഘോഷിക്കുകയില്ല. വിനയത്തിന് ആഡംബരഭ്രമമില്ല, വിനയം മനോഹരമാണ്. മൃദുഭാഷിയാണ്. മധുരപ്രകൃതമാണ്. സ്നേഹമ യിയാണ്. കരുതലിന്റെ കരുത്തുണ്ടതിന്. **ദൈവത്തെ** പോലെയാ ണത്. **ക്രിസ്തു** തുല്യമാണത്. **ദൈവത്തെ** അന്വേഷിക്കുന്നതാണത്.

ഇത് മറ്റുള്ളവരുടെമേൽ അധികാരമുറപ്പിക്കുകയില്ല. തന്റെ സ്ഥാനമാനങ്ങളെ മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കുകയില്ല. അത് എല്ലാ യ്പ്പോഴും ചിന്താകുലപ്പെടുന്നത് മറ്റുള്ളവരുടെ അവസ്ഥയെകുറി ച്ചാണ്. ആദ്യസ്ഥാനത്തിന് വേണ്ടി കിടമത്സരത്തിൽ ഏർപ്പെടാതെ; എല്ലായ്പ്പോഴും അരങ്ങിന് പുറകിലേക്ക് സ്വയം ഉൾവലിയുന്നതാണ് വിനയം. ഇതാകുന്നു എന്റെ വഴി-സഹിഷ്ണുതയും, പിൻവലിയലും.

സ്നേഹത്തിന്റെ മറുരൂപമാണ് വിനയം. തങ്ങളെ തന്നെ മറ്റു ള്ളവരിൽ അടിച്ചേൽപ്പിക്കുന്നില്ല. തങ്ങളുടെ ഊഴം വരെ അത് സഹി ഷ്ണുതയോടെ കാത്തിരിക്കുന്നു. എല്ലാറ്റിനേക്കാളുമുപരിയായി അത് സ്നേഹിക്കുന്നു. സ്വയം പുകഴ്ച പ്രാപിക്കേണ്ടതിന് മറ്റുള്ള വരെ ഒരുനാളും ഇകഴ്ത്തുകയില്ല. ചുറ്റുപാടുമുള്ളവരുടെ നന്മ മാത്രമേ ഇത് അന്വേഷിക്കുന്നുള്ളു.

എന്തുകൊണ്ടാണ് ദൈവമായ എന്റെ കണ്ണിൻമുമ്പിൽ വിനയത്തിന് ഇത്രക്കും അഴക് വരാൻ കാരണം? എന്റെ മുമ്പാകെ എന്റെ കുട്ടികൾ തങ്ങളെ തന്നെ വിനയപ്പെടുത്തി വിധേയപ്പെടുത്തുമ്പോൾ അത് എനിക്ക് സന്തോഷം പകരുന്ന അനുഭവമാണ്. അവരുടെ **ദൈവമായ എന്നോടുള്ള** അവരുടെ ബഹുമാനത്തിന്റേയും, ആദരവിന്റേയും, **എന്നിലുള്ള** ആശ്രയത്വത്തിന്റേയും നേർകാഴ്ചയാണത്. അവരുടെ ആവശ്യങ്ങളെ സാധിപ്പിക്കേണ്ടതിന് വേണ്ടി അവരുടെ സകല പ്രത്യാശയും, പ്രതീക്ഷകളും **എന്റെ** മേലാണ് അവർ ഇടുന്നത്. തങ്ങളുടെ ജീവിതത്തിൽ അവശ്യം വേണ്ടുന്ന ഉത്തരങ്ങൾക്ക് വേണ്ടി തങ്ങളുടെ സ്വന്തം നേട്ടങ്ങൾ, സ്വന്തം കഴിവുകൾ, സ്വാശ്രയ ബോധം എന്നിവയെ അവലംബിക്കുന്ന പ്രവണതകളെ ഹൃദയത്തിൽ മുളയ്ക്കാൻ അനുവദിക്കാതെ അവർ അതിനെ വേരോടെ പിഴുതു കളയും. അവരുടെ **ദൈവമായ എന്നെ** ഉപേക്ഷിക്കുക എന്ന അവരുടെ ഹൃദയമന്ത്രണങ്ങളിലേക്ക് ഒരു കാലത്തും അവർ ചായുകയില്ല. അവരുടെ **ദൈവമായ** ഞാൻ ഞാൻ മാത്രമാണ് ഏകസത്യവഴിയെന്നും, മാർഗ്ഗമെന്നും, പാതയെന്നുമുള്ള ആത്യന്തീകസത്യത്തിൽ നിന്ന് തങ്ങളെ അടർത്തി മാറ്റുവാൻ സാധ്യതയുള്ള തങ്ങളുടെ സ്വാർത്ഥ ചിന്തകൾക്ക് പിന്നിൽ ഒരു കാലത്തും അവർ അണിനിരക്കുകയില്ല.

**എന്നോട്** പറ്റിയിരിക്കാതെ, **എന്റെ** ഹിതം അന്വേഷിക്കാതെ, **എന്റെ** സത്യത്തോട് ചേർന്നിരിക്കാതെ, ജീവിത ലക്ഷ്യങ്ങളോടുള്ള **എന്റെ** നിർദ്ദേശങ്ങളെ അവഗണിച്ചുകൊണ്ട് സ്വന്തവഴികളിൽ ജീവിതത്തെ പിന്തുടർന്ന് അവസാനം ഒരു മടങ്ങി വരവിന് പോലും സമയം ശേഷിക്കാതെ കബളിപ്പിക്കപ്പെട്ടവർ നിരവധിയാണ്.

**ദൈവമായ എന്നെ** കൂടാതെ ലോകം ശരിയെന്ന് സാക്ഷ്യപ്പെടുത്തുന്ന അസംഖ്യം വഴികളിലൂടെ ധനം, പ്രശസ്തി, സ്ഥാനമാനങ്ങൾ എന്നിവയെ അനുഗമിക്കുന്നവരുടെ ശ്രേണിയിൽ അനേകരുണ്ട്. വഞ്ചനയുടെ അങ്ങേ തലയാണത്.

നിങ്ങൾ അശ്രാന്ത പരിശ്രമം നടത്തേണ്ടെന്നോ, മാന്യമായി ജീവിക്കേണ്ടെന്നോ അല്ല ഞാൻ പറഞ്ഞു വരുന്നത്. മറിച്ച് **എനിക്ക്**

നിങ്ങളോട് പറയാനുള്ളത് നിങ്ങൾ മുമ്പേ എന്റെ ഹിതം ആരായുന്നു വെങ്കിൽ; വഴുവഴുപ്പുള്ള ഈ ലോകത്തിൽ വീഴാതവണ്ണം നിങ്ങളെ നില നിർത്തുമെന്ന് മാത്രമല്ല; ജയകരമായ് ജീവിക്കാൻ ആവശ്യമായ വഴികളി ലൂടെ ഞാൻ നിങ്ങളെ നയിക്കുകയും ചെയ്യും. എന്നാൽ **എന്റെ** ശാസന കളെയോ, ഇടപെടലുകളെയോ, മുഖവിലക്കെടുക്കാതെ നിങ്ങളുടെ സ്വന്തം പദ്ധതികളുടേയും, സ്വപ്നങ്ങളുടേയും പിൻബലത്തിലാണ് നിങ്ങൾ ജീവിതം കെട്ടിപ്പൊക്കുവാൻ ആരംഭിക്കുന്നതെങ്കിൽ നിങ്ങളുടെ ഓട്ടവും, അദ്ധ്വാനവും **എന്റെ** ഹിതത്തിന്റെ പരിധിക്കുമപ്പുറത്താണ്. നിങ്ങൾ പാപത്തിന്റെ കരാളഹസ്തത്തിൽ നിപതിക്കത്തക്കവണ്ണം നിങ്ങളുടെ ജീവിത വാതായനങ്ങളെ **എന്റെ** ശത്രുവിന്റെ താൽപ്പ ര്യങ്ങൾക്കും, ഇച്ഛകൾക്കും മുമ്പിൽ മലർക്കെ തുറന്നിടുകയായി രിക്കും ഫലം. കാരണം നിങ്ങൾ **എന്റെ** ഹിതത്തിൽ നിന്ന് അകലം വിട്ട് നടക്കാൻ ആഗ്രഹിച്ചു. മത്സരവും, മറുതലിപ്പും എന്ന്പറയു ന്നത് ഇതാണ്. അനേകരുടെ ജീവിതസഞ്ചാരവീഥിയും ഇതുതന്നെ.

സദൃശ്യവാക്യങ്ങൾ 18:12 **"നാശത്തിന് മുമ്പേ മനുഷ്യന്റെ ഹൃദയം നിഗളിക്കുന്നു. മാനത്തിന് മുമ്പേ താഴ്മയുണ്ടാകുന്നു".**

സദൃശ്യവാക്യങ്ങൾ 23:12 **"മനുഷ്യന്റെ ഗർവ്വം അവനെ താഴ്ത്തി കളയും; ഹൃദയത്തിൽ വിനയമുള്ളവനോ ബഹുമാനം പ്രാപിക്കും".**

മത്തായി 23:12 **"തന്നത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടുകയും ചെയ്യും".**

യാക്കോബ് 4:6 **"എന്നാൽ അവിടന്ന് അധികം കൃപ നൽകു ന്നു. അതുകൊണ്ട് "ദൈവം നിഗളിക്കുന്നവരെ എതിർക്കുകയും, താഴ്മയുള്ളവർക്ക് കൃപ നൽകുകയും ചെയ്യുന്നു".**

സദൃശ്യവാക്യങ്ങൾ 8:13 **"യഹോവ ഭക്തി തിന്മയെ വെറു ക്കുന്നതാകുന്നു. ഡംഭം, അഹങ്കാരം, ദുർമാർഗ്ഗം, വക്രതയുള്ള വായ് എന്നിവയെ ഞാൻ പകയ്ക്കുന്നു".**

കർത്താവേ; എങ്ങനെ ഒരാൾക്ക് തിരുഹിതപ്രകാരം ജീവിക്കു വാൻ കഴിയും? കുഞ്ഞേ സമ്പൂർണ്ണമായ് **എന്റെ** ഇഷ്ടങ്ങൾക്ക് ഏൽപ്പിച്ചു തരുക. മറുത്തൊന്നും ചോദിക്കാതെയുള്ള ആഴമേറിയ

വിധേയത്വം. അപ്പോൾ ഞാൻ നിങ്ങളുടെ ചുവടുകളെ നിയന്ത്രിക്കും. ഇത് നിത്യേന ചെയ്യേണ്ട ഒന്നാകുന്നു. ഒരു ശിശുവിനെപ്പോലെ എന്റെ ചാരത്ത് വന്ന് ദിശാബോധം കൈവരിക്കുക. നിർദ്ദേശങ്ങൾ ഏറ്റെടുക്കുക. ഇതാണ് ശിശുസഹജമായ വിശ്വാസം. ലോകത്തിന്റെ ഭാഷയിൽ ജീവിതവിജയത്തിന്റെ ഉത്തുംഗശൃംഗങ്ങളിലേക്കുള്ള വഴി സ്വയം പര്യാപ്തതയാണ്. ഈ മധുര മനോജ്ഞ സങ്കല്പത്തെ മോടിപിടിപ്പിക്കേണ്ടതിന് ലോകം തന്റെ മഷിക്കൂട്ടിൽ ഇന്ന് ഏറിയ ചായങ്ങൾ ചാലിച്ചുകൊണ്ടേയിരിക്കുന്നു. ഇത് **എന്റെ** ശത്രു ആസൂത്രണം ചെയ്ത പദ്ധതിയാണ്. ഈ നുണപ്രചരണം കൊണ്ട് അവൻ വശീകരിച്ചത് അനേകരെയാണ്. **എന്റെ** മക്കൾ അവരെ ഉരുവാക്കിയ **എന്നെ** പാടെ അവഗണിച്ചുകൊണ്ട് അവരുടെ സ്വന്തം വിചാര വികാരങ്ങൾക്കനുസരിച്ച് പദ്ധതികൾ വിഭാവനം ചെയ്യുകയും, അതിനു പുറകെ പ്രയാണം ചെയ്യുകയും ചെയ്യുന്നു. ഈ ചെയ്യുന്നതെല്ലാം തീർത്തും ശരിയാണെന്നാണ് അവരുടെ ചിന്ത. നേരുള്ളതാണെന്ന് തോന്നുന്നുവെങ്കിൽ; അത് നേരുള്ളതായിരിക്കണം. പക്ഷേ യാഥാർത്ഥ്യം അതല്ല. ഇടുങ്ങിയ ജീവിതപന്ഥാവിലേക്ക് ഈ തിന്മ **എന്റെ** മക്കളെ വലിച്ചെറിയുകയാണ്. കുറവ് തീർന്ന സഞ്ചാരപഥം **എന്റെ** പക്കലേയുള്ളു. എന്റെ മക്കൾക്ക് തല നിവർത്തിപിടിച്ച് ജീവകാലം മുഴുവനും നടക്കുവാൻ പറ്റിയ മാർഗ്ഗം. ആ വഴികൾ ഒന്നൊന്നായി **എന്റെ** മക്കൾക്ക് മുമ്പാകെ ഞാൻ നിത്യേന നിരത്തിവയ്ക്കും.

**യോഹന്നാൻ 5:30** “എനിക്ക് സ്വയമായി ഒന്നും ചെയ്യുവാൻ കഴിയുന്നതല്ല; ഞാൻ കേൾക്കുന്നതു പോലെ ന്യായം വിധിക്കുന്നു. ഞാൻ എന്റെ ഇഷ്ടം അല്ല. എന്നെ അയച്ച പിതാവിന്റെ ഇഷ്ടം ചെയ്യുവാൻ ആഗ്രഹിക്കുന്നതുകൊണ്ട് എന്റെ വിധി നീതിയുള്ളതാകുന്നു”.

മനുഷ്യർക്ക് ഈ ഭൂമിയിൽ ജീവിക്കണമെങ്കിൽ; തങ്ങളുടെ ഭാവിയെ സംബന്ധിക്കുന്ന ചില കാര്യങ്ങൾ ആസൂത്രണം ചെയ്യേണ്ടതായിട്ടുണ്ട്. എന്നാൽ യഥാർത്ഥത്തിൽ എന്താണത്? **എന്റെ** കുഞ്ഞേ; **എന്റെ** മക്കൾ ഈ ലോകത്തിൽ ജീവിക്കുന്നുവെന്നുള്ളത്

ശരി തന്നെ. അപ്പോൾ തന്നെ തങ്ങളുടെ ഭാവിയെ സുന്ദര-സുരഭി ലമാക്കേണ്ടതിനുവേണ്ടിയുള്ള അവരുടെ തിരഞ്ഞെടുപ്പുകളിലും കൃത്യമായി മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാൻ എനിക്ക് കഴിയും. പക്ഷേ അത്തരമൊരു ആഗ്രഹത്തോടുകൂടെ എന്നെ അന്വേഷിക്കു ന്നവരോടുള്ള എന്റെ മറുപടി ചിലപ്പോഴൊക്കെ ഇതായിരിക്കും. "മിണ്ടാതിരുന്ന് കാത്തിരിക്കുക". എന്നോട് അത്രത്തോളം ഇഴയടു പ്പമുള്ള ബന്ധം കാത്തുസൂക്ഷിക്കുന്നവരോട് മാത്രമെ ഞാനിങ്ങനെ പറയുകയുള്ളു. നിത്യേന എന്നോട് ചേർന്ന് നടക്കുന്നവരോട് മാത്രം. അവർക്ക് മാത്രമേ ആഴത്തിലുള്ള ഈ അകകാഴ്ച ഞാൻ പകർന്നു കൊടുക്കുകയുള്ളു. **എന്നിൽ** നിന്ന് അകലം വിട്ടു നട ക്കുകയും, വല്ലപ്പോഴുമൊരിക്കൽ മാത്രം **എന്റെ** അരികത്തേക്ക് വരി കയും ചെയ്യുന്നവരോട് ഞാൻ ഇപ്രകാരം ഇടപെടുകയില്ല. വല്ല പ്പോഴുമൊക്കെ നിങ്ങൾക്ക് വന്ന് ഉണ്ടെന്ന് ഉറപ്പു വരുത്തുവാൻ പറ്റിയ ഒരു ദൈവമല്ല ഞാൻ. അനേകർ വിശ്വസിച്ചിരിക്കുന്നത് ഇവ്വ ണ്ണമാണ്. ജീവിതത്തിലെ പരീക്ഷണ കാലഘട്ടത്തിൽ അനേകർ എങ്കലേക്ക് വരും. പക്ഷേ മടക്കയാത്രയിൽ അവർ എന്നെ വിസ്മ രിക്കും. ഈ മക്കൾക്ക് യഥാർത്ഥത്തിൽ എന്നെകുറിച്ച് അറിയില്ല.

**എന്റെ** മക്കളോടൊത്തുള്ള സ്നേഹസഖിത്യത്തിൽ, അവരോട് പറ്റിയിരിക്കുന്നതിൽ അങ്ങേയറ്റം ആനന്ദിക്കുന്ന **ദൈവമാണ് ഞാൻ.** എന്റെ വായിൽ നിന്ന് തുപ്പികളയുന്ന ശീതോഷ്ണവാന്മാർ; അവരെ ഞാൻ പകയ്ക്കുന്നു.

ലൂക്കോസ് 7:22-23 **"കർത്താവേ, കർത്താവേ അവിടത്തെ നാമ ത്തിൽ ഞങ്ങൾ പ്രവചിക്കുകയും, അവിടത്തെ നാമത്തിൽ ഭൂത ങ്ങളെ പുറത്താക്കുകയും, അവിടത്തെ നാമത്തിൽ വളരെ വീര്യ പ്രവർത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ? എന്നിങ്ങനെ പലരും അന്നാളിൽ എന്നോടുപറയും. അന്ന് ഞാൻ അവരോട് തീർത്തുപറയും. ഞാൻ നിങ്ങളെ ഒരിക്കലും അറിഞ്ഞീട്ടില്ല. അധർമ്മം പ്രവർത്തിക്കുന്നവരേ നിങ്ങൾ എന്നിൽ നിന്ന് അകന്നു പോകുവിൻ".**

# പാഠം 2
# നിങ്ങളിലും മറ്റുള്ളവരിലും ആശ്രയിക്കരുത്

എന്റെ മകളേ **നമുക്ക്** തുടങ്ങാം. സ്വയത്തിൽ ആശ്രയിക്കുന്നതിന്റെ പ്രശ്നങ്ങളെകുറിച്ച് നമുക്ക് സംസാരിക്കാം. സ്വയം പര്യാപ്തത കൈവരിക്കുക; സ്വയത്തിൽ മാത്രം ആശ്രയിക്കുക; സ്വയം കേന്ദ്രീകരിക്കുക മുതലായ ആശയങ്ങളെല്ലാം അത്ര കണ്ട് കൊള്ളാവുന്നവയല്ല. ഈ വക ആശയങ്ങൾക്ക് ഊടും, പാവും നെയ്യുന്നത് ലോകത്തിന്റെ വ്യവസ്ഥയാണ്. ഇതിന് വേരൂന്നി വളരുവാൻ ആവശ്യമായ വെള്ളവും, വളവും കൊടുക്കുന്നത് **എന്റെ** ശത്രുവാണ്.

സ്വയത്തിൽ ആശ്രയിക്കുക എന്നതിന്റെ ഏറ്റവും ലളിതമായ അർത്ഥം **ദൈവത്തിനും** മുമ്പിലായി സ്വയത്തെ പ്രതിഷ്ഠിക്കുക എന്നതാണ് **എന്റെ ഹിതം**. കൂടാതെ നിങ്ങളുടെ ഇഷ്ടപ്രകാരം നടക്കുന്ന ഒരു അനുഭവമാണത്. ഈ 40 ദിവസത്തെ ഉപവാസം എന്റെ ഹിതപ്രകാരമുള്ള ഒന്നായത് പോലെ; **എന്നെ** അന്വേഷിക്കാതെ; **എന്റെ** ഹിതം ആരായാതെ; എന്നെവിട്ട് പല കാര്യങ്ങളും ചെയ്യുവാനായി ഓടുമ്പോൾ അതിന്റെ പരിണതഫലം അവർ പാപത്തിൽ ചെന്ന് പതിക്കുകയാണ് ചെയ്യുന്നത്. ഇത് **എന്നോടുള്ള** ഒരു തരം മറുതലിപ്പാണ്. എന്റെ ആഗ്രഹം എന്റെ മക്കൾ എന്റെ ഹിതത്തിനകത്ത് സഞ്ചരിക്കണമെന്നതാണ്. ചിലപ്പോഴൊക്കെ ലോകത്തിന്റെ അളവുകോലുകൊണ്ട് **എന്റെ ഹിതത്തെ** അളക്കുമ്പോൾ ശരിയെന്ന് തോന്നുകയില്ല. ധനം സമ്പാദിക്കുക, പണത്തെ വെട്ടിപിടിക്കുക, സ്ഥാനമാനങ്ങൾ കൈക്കലാക്കുക, സുരക്ഷിതത്വം ആർജിക്കുക, മനുഷ്യപ്രീതിക്ക് പാത്രീഭൂതരാവുക ഇതൊക്കെയാണ് ലോകം കാലങ്ങളായി ഉരുവിട്ടുകൊണ്ടിരിക്കുന്നത്.

ലോകം സ്വഭാവികം എന്നുപറഞ്ഞ് തരം തിരിച്ചതിനോട് **എന്റെ ഹിതം** ഒത്തുപോവുകയില്ല. അത് എല്ലായ്പ്പോഴും വിരുദ്ധ ധ്രുവ

ങ്ങളിലായിരിക്കും. എങ്കിലും **എന്റെ ഹിതത്തിന്** തന്നെയാണ് പൂർണ്ണതയുള്ളത്.

മാനവകുലത്തെ സൃഷ്ടിച്ചത് ഞാനാണ്. നിങ്ങളുടെ ആശ്രയം **ഞാനായിരിക്കേണ്ടതിന്** വേണ്ടി; **എന്നോടൊത്ത്** നിങ്ങൾ നടക്കേണ്ടതിന് വേണ്ടി; **എന്റെ ഹിതത്തെ** അറിയേണ്ടതിനുവേണ്ടി; അറിഞ്ഞതിന്റെ വെളിച്ചത്തിൽ നിങ്ങളുടെ ക്ഷണികമായ ഈ ജീവിതത്തെ വിനയത്തോടും, വിധേയത്വത്തോടും, സമ്പൂർണ്ണ സമർപ്പണത്തോടും കൂടെ **എന്റെ** കരത്തിൽ തരേണ്ടതിനു വേണ്ടി, നിത്യേന ഞാനുമായുള്ള സ്നേഹസമ്പർക്കം തുടരേണ്ടതിനു വേണ്ടി; ഇതിനൊക്കെ വേണ്ടിയാണ് **ഞാൻ** നിങ്ങളെ മെനഞ്ഞത്. **എന്നെ** പരമാർത്ഥഹൃദയത്തോടെ പിൻപറ്റുവാൻ തീരുമാനിച്ചവരെല്ലാം തങ്ങളുടെ സമയം **എനിക്കുവേണ്ടി** നീക്കിവെച്ചവരാണ്. മറവിടങ്ങളിൽ ഇരുന്ന് **ഞാനുമായി** മധുരസമ്പർക്കത്തിൽ ഏർപ്പെടുന്നവരാണ്. **എന്റെ വചനങ്ങൾ** ധ്യാനിക്കുന്നതിലൂടെ **എന്റെ ഹിതം** ഇന്നതെന്ന് അറിയുന്നവരാണ്. ഈ ഒരു അനുഭവം ജീവിതത്തിൽ കൈവരിക്കേണ്ടതിന് ബോധപൂർവ്വമായ ഒരു തിരഞ്ഞെടുപ്പ് അനിവാര്യമാണ്. മനഃപൂർവ്വമായി ഇങ്ങനെയൊരു തിരഞ്ഞെടുപ്പ് നിങ്ങൾ നടത്തിയില്ലെങ്കിൽ ലോകഭ്രമങ്ങളിൽപ്പെട്ട് നിങ്ങളുടെ പ്രതിഷ്ഠയും, സമർപ്പണവും തകിടം മറിഞ്ഞ് ആത്യന്തികമായി നേരുള്ളതും; എന്നാൽ ഇടുങ്ങിയതുമായ **എന്റെ** മാർഗ്ഗത്തിൽ നിന്ന് നിങ്ങൾ പിഴുതെറിയപ്പെടും. മുമ്പോട്ട് പോകാൻ ഒരുപാട് വഴികളുണ്ട്. എല്ലാം ചെന്ന് അവസാനിക്കുന്നത് നാശത്തിന്റെ അഗാധഗർത്തത്തിലാണ്. വിശാലമായ ആ വഴിയിലൂടെ യാത്ര ചെയ്ത് തല കുത്തി വീണവർ നിരവധിയാണ്. **എന്നിലേക്ക്** നടന്നടുക്കുവാൻ സഹായിക്കുന്ന ഇടുങ്ങിയ വഴി ജീവിതയാത്രയിൽ കണ്ടെത്തുന്നവർ തുലോം വിരളമാണ്. നിത്യജീവന് അത്തരക്കാർ അംശികളായി തീരും. അനേകർ ചിന്തിച്ചുവശായിരിക്കുന്നത് തങ്ങൾ യാത്ര ചെയ്യുന്നത് ഇടുങ്ങിയ പാതയിലാണെന്നാണ്. പക്ഷേ യഥാർത്ഥത്തിൽ അവർ വഞ്ചിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ് എന്നതാണ് യാഥാർത്ഥ്യം. തങ്ങളെ പോലെ

തന്നെ ജീവിതയാത്രയിൽ വഞ്ചിക്കപ്പെട്ടുകൊണ്ടിരിക്കുന്നവരുടെ വാക്കുകളാണ് ഇത്തരക്കാർക്ക് ആപ്ത വാക്യം.

എന്റെ അനേകം ശുശ്രൂഷകന്മാർ നിരന്തരമായി വഞ്ചിച്ചും, വഞ്ചിക്കപ്പെട്ടും കൊണ്ടിരിക്കുകയാണ്. അനേക കാര്യങ്ങൾ ഏറ്റെടുത്ത് നടത്തുകയും, സഭയ്ക്കകത്ത് എപ്പോഴും തിരക്കുള്ള ഒരു വ്യക്തിത്വമായി സ്വയം മാറുകയും ചെയ്യുക എന്നതാണ് നിത്യത ഉറപ്പാക്കാനുള്ള മാർഗ്ഗമെന്നാണ് ഇക്കൂട്ടർ ധരിച്ചുവച്ചിരിക്കുന്നത്. ഇത് ശുദ്ധഅബദ്ധമാണ്. മറിച്ച് പിരിക്കാനാകാത്ത ഒരു സുദൃഢബന്ധം **എന്നിൽ** കെട്ടിപടുക്കുക. യഥാർത്ഥത്തിൽ **എന്നെ** രുചിച്ചറിയുക. **എന്റെ** സന്നിധിയിൽ സമയം ചിലവഴിക്കുക. എന്നെ അനുഭവിച്ചതിനേക്കാൾ കൂടുതലായി അടുത്തറിയേണ്ടതിന് വേണ്ടി സമയം വേർതിരിക്കുക. ഇതൊക്കെയാണ് എന്നോടൊത്തുള്ള നിത്യത ഉറപ്പിക്കുവാനും, ഉറപ്പാക്കുവാനുമുള്ള മുഖ്യമാർഗ്ഗം.

91-ാം സങ്കീർത്തനത്തിന്റെ ആദ്യവാക്യത്തിൽ ഒരു വ്യക്തിയെ പരിചയപ്പെടുത്തുന്നുണ്ട്. അത്യുന്നതന്റെ മറവിൽ വസിക്കുകയും, സർവ്വശക്തന്റെ നിഴലിൻ കീഴിൽ പാർപ്പിടം കണ്ടെത്തുകയും ചെയ്ത മനുഷ്യൻ. ആലയത്തിനകത്തെ നന്മകളെ കൊണ്ട് പോഷിപ്പിക്കപ്പെടുന്ന വ്യക്തിയാണെങ്കിലും, മറവിടങ്ങളിൽ വച്ച് **എന്നിൽ** നിന്ന് പോഷിപ്പിക്കപ്പെടുന്നില്ലായെങ്കിൽ നേരോടെ, നിർമ്മലതയോടെ പ്രവർത്തിക്കുവാൻ അത്തരക്കാർക്ക് കഴിയില്ല. ഉപരിതല സ്പർശിയായ കേവലം ചില്ലറ അറിവുകളിൽ നിന്ന് ഉപരിയായി ആഴത്തിൽ എന്നെ അടുത്തറിയുന്നവർക്ക് മാത്രമേ വിളിയാലുള്ള ആശ തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ കഴിയുകയുള്ളു. അവിടെയാണ് ആ വ്യക്തി കുറവ് തീർന്ന് പണിയപ്പെടുന്നത്. അവിടെയാണ് ഞാൻ **എന്റെ ഹിതം** വെളിപ്പെടുത്തുന്നത്. അവിടെയാണ് **എന്റെ** ആടുകളെ മുച്ചൂടും നശിപ്പിച്ചു കളയുന്ന ശത്രുവിന്റെ ഒളിയമ്പുകളിൽ നിന്ന് രക്ഷപ്പെടുവാൻ ആവശ്യമായ തികവുള്ള വചനത്തെ **എന്റെ** അജഗണത്തിന് ഞാൻ കൈമാറുന്നത്. തങ്ങളുടെ ജീവിതത്തെ അപ്പാടെ സംഹരിക്കുവാൻ പ്രഹരശേഷിയുള്ള വാരികുഴികളേയും, കടുത്ത പരിശോദനകളേയും തലയെടുപ്പോടെ നേരിടുവാൻ

നിങ്ങളെ പ്രാപ്തരാക്കുന്നത് എന്നോടൊത്തുള്ള നിങ്ങളുടെ പിരിയാബന്ധമാണ്. അത് പകർന്നു തരുന്ന നവോന്മേഷമാണ്. വഴുവഴുപ്പും, വഴിപിഴച്ചതുമായ ഈ ലോകത്തിൽ പ്രശ്നങ്ങളെ നീ ഒറ്റക്ക് നേരിടാൻ ഒരുമ്പെട്ടാൽ വീഴ്ചയായിരിക്കും ആത്യന്തി കഫലം. കാരണം **എന്നെ** കൂടാതെ കാര്യങ്ങളെ കൈകാര്യം ചെയ്യു വാൻ നിനക്ക് അറിയില്ല. സകലത്തിനും സമാപ്തി വരുത്തുന്ന പരമമായ വിധികർത്താവ് **ഞാനാണ്.**

ഞാൻ കാര്യം തീർക്കുന്ന നാളിൽ നിനക്ക് എങ്ങനെയാണ് എന്നെ അഭിമുഖീകരിക്കുവാൻ കഴിയുന്നത്? ആയുസ്സിലൊരിക്കലും എന്റെ അരികത്തേക്ക് വരാത്ത നിനക്ക്; എന്റെ ആഗ്രഹങ്ങളെ കുറിച്ച് ശരിയായ അവബോധമില്ലാത്ത നിനക്ക്; നിന്നെ കുറിച്ചുള്ള എന്റെ ആഗ്രഹങ്ങളെ കുറിച്ച് ശരിയായ ഗ്രാഹ്യം ഇല്ലാത്ത നിനക്ക്; കണക്ക് തീർക്കുന്ന നാളിൽ എങ്ങനെ പിടിച്ചു നിൽക്കുവാൻ കഴിയും. ഞാനുമായി ഒരു കാലത്തും സഖിത്വത്തിൽ ഏർപ്പെടാത്ത നീ അന്നാളിൽ എന്റെ മുമ്പിൽ വരുമ്പോൾ ഒഴിഞ്ഞ കൈകളോടെ അമ്പൊഴിഞ്ഞ ആവനാഴിയുമായി ഒരു അരിഷ്ടനെ പോലെയായി രിക്കും. അതിന്റെ കാരണം എന്താണെന്നറിയാമോ? ജീവകാലത്തൊ ക്കെയും നീ ആശ്രയിച്ചത് നിന്റെ വിശ്വാസങ്ങളേയും, നിന്റെ ബോധ്യ ങ്ങളേയും, നിന്റെ വിവേകത്തേയും, നിന്റെ ആഗ്രഹങ്ങളേയുമായി രുന്നു. ലക്ഷ്യസ്ഥാനത്ത് എത്തുന്നതിനുമുമ്പേ നീ വീഴും. നിനക്ക് ഉന്നംതെറ്റും.

റോമർ 14:12 **"ആകയാൽ നമ്മിൽ ഓരോരുത്തരും ദൈവ ത്തോട് കണക്ക് ബോധിപ്പിക്കേണ്ടി വരും".**

ഒരു കാരണവശാലം കബളിപ്പിക്കപ്പെടരുത്. ശുശ്രൂഷകന്മാർ എന്ന് പേർ പറയപ്പെട്ട അനേകർ എന്നോടൊപ്പം സമയം ചിലവഴി ക്കുന്നില്ല. ഒരിക്കലും എന്റെ ഹിത പ്രകാരമല്ല അവർ കാര്യങ്ങളെ ക്രമീകരിക്കുന്നത്. കുരുടൻ കുരുടനെ നയിക്കുന്നതു പോലെ നാശ ത്തിന്റെ പടുകുഴിയിലേക്ക് അവർ അനേകരെ നയിച്ചുകൊണ്ടിരി ക്കുന്നു. തങ്ങൾ എങ്ങനെ അബദ്ധ ജഡിലമായ മാർഗ്ഗത്തിലേക്ക് നയിക്കപ്പെട്ടു എന്നോർത്ത് അനേകർ ആശ്ചര്യം കൂറും. അങ്ങനെ

ഒരു ദയനീയ സ്ഥിതിയിൽ അക്കൂട്ടർ അകപ്പെടാൻ കാരണം അവർ ആശ്രയിച്ചത് മുഴുവൻ **എന്നിൽ** ആശ്രയം വെക്കാത്തവരെയായിരുന്നു. മാത്രമല്ല അവർ തങ്ങളെ തന്നെ വഞ്ചിക്കുന്നവരാണ്.

ലോകത്തിന്റെ ദൃഷ്ടിയിൽ ശരിയെന്ന് തോന്നുന്നതിനെ നിനക്ക് വിശ്വസിക്കാൻ കഴിയില്ല. നീ നിന്നെ തന്നെ **എന്റെ** മുമ്പാകെ സമർപ്പിക്കണം.

നിനക്കുള്ള സകലത്തേയും പൂർണ്ണഹൃദയത്തോടെ **എന്റെ** മുമ്പാകെ സമർപ്പിക്കണം. അതാണ് **എനിക്ക്** ആവശ്യം.

**എന്റെ** വചനം ഈ സത്യത്തെ പ്രസ്താവിക്കുന്നുണ്ട്. വചനം കൃത്യമായി വായിക്കുകയും, അതിൽ നീ നിന്നെതന്നെ കാണുകയും ചെയ്യുക. **എന്റെ** ജനത്തെ നയിക്കാൻ നിയോഗിക്കപ്പെട്ടവരിൽ അനേകർ ലോകക്കാരെ പോലെയാണ്. ലോകത്തിന്റെ വഴികളോട് ഇഴുകി ചേർന്നവരാണ്. ലോകവുമായി ചങ്ങാത്തത്തിൽ ആകേണ്ടതിനു വേണ്ടി അവർക്ക് ബോധിച്ചതുപോലെ **എന്റെ** വചനത്തെ അവർ കോട്ടികളയും. ലോകം **എന്നോട്** ശത്രുത്വത്തിലാണ്. **എന്റെ** വചനം വായിക്കുക. ഈ സത്യം മറഞ്ഞിരിക്കുന്നില്ല. ഈ ലോകത്തേയും, എന്നേയും ഒരേ അളവിൽ സ്നേഹിക്കാൻ നിനക്ക് കഴിയില്ല. ഇക്കാര്യത്തെ കുറിച്ച് ഞാൻ വ്യക്തമാക്കിയിട്ടുള്ളതാണ്. നീ ലോകത്തിലാണ് ജീവിക്കുന്നത് എന്നത് സത്യം തന്നെ. എന്നാൽ നീ ലോകത്തിലായിരിക്കുമ്പോഴും പിൻപറ്റേണ്ടത് എന്നേയും, നടക്കേണ്ടത് എന്റെ വഴികളിലും ആയിരിക്കണം.

യാക്കോബ് 4:4 **"വ്യഭിചാരികളും, വ്യഭിചാരിണികളും ആയുള്ളോരെ, ലോകസ്നേഹം ദൈവത്തോട് ശത്രുത്വം ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനൊക്കെയും ദൈവത്തിന്റെ ശത്രുവായി തീരുന്നു".**

**എന്നോടുള്ള** സഖിത്വം അന്വേഷിക്കാനുള്ള നിങ്ങളുടെ അഭിനിവേശത്തിന് ഇടർച്ചയുണ്ടാക്കുന്ന അനേകം വൈതരണികൾ ജീവിതത്തിന്റെ ഓരോ വളവിലും ഉണ്ടായിരിക്കും. ലോകത്തിന്റെ

ഇടർച്ചകളേക്കാളുപരിയായി **എന്നോടൊത്ത്** സമയം ചിലവഴിക്കാനുള്ള അടങ്ങാത്ത ഒരു ആഗ്രഹം നിനക്കുണ്ടായിരിക്കണം. നിന്നെ സൃഷ്ടിച്ച; ആകാശത്തേയും, നക്ഷത്രമണ്ഡലത്തേയും വിരിച്ച, നിന്റെ മുഴുജീവിതത്തിനും ഊടും, പാവും നെയ്ത **സൃഷ്ടാവി**നോടുള്ള ബന്ധത്തിന് പകരമായി ആ ശൂന്യതയെ നികത്തുവാനായി ഈ ലോകത്തിന്റെ വസ്തുവഹകളെ പകരം വയ്ക്കുകയാണെങ്കിൽ ഏറ്റവും അധമമായതിനെയായിരിക്കും നീ പിൻപറ്റുന്നത്. നിന്റെ യാത്ര ഒഴിഞ്ഞ യാത്രയായിരിക്കും.

എബ്രായർ 10:38-39. **"എന്നാൽ എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും. പിന്മാറുന്നുവെങ്കിൽ എന്റെ ഉള്ളത്തിന് അവനിൽ പ്രസാദമില്ല. നാമോ, നാശത്തിലേക്ക് പിന്മാറുന്നവരുടെ കൂട്ടത്തിലല്ല, വിശ്വസിച്ച് ജീവരക്ഷ പ്രാപിക്കുന്നവരുടെ കൂട്ടത്തിലുള്ളവരത്രേ".**

ലോകം വച്ചു നീട്ടുന്ന നിസ്സാരമായ ഇക്കിളിപ്പെടുത്തുന്ന പുളകങ്ങൾക്ക് വേണ്ടി **നിന്റെ സൃഷ്ടിതാവും, നിന്നെ പരിപാലി**ക്കുന്നവനുമായ **എന്നോടൊ**ത്തുള്ള ശോഭയേറുന്ന നിത്യതയുടെ തീരത്തേക്കുള്ള യാത്രയെ നീ വച്ചു മാററുത്. ഈ ലോകത്തിന്റെ പിറകെ നീ പായുമ്പോൾ നീ ചെന്നെത്തുന്നത് പൂർണ്ണത എത്താത്ത സംതൃപ്തിയിലേക്കും തദ്വാര മരണത്തിലേക്കുമാണ്. നിന്റെ ഭാഗധേയത്തെ തീർച്ചപ്പെടുത്തിയത് നീയാണ്. നിന്റെ സ്വന്തം വഴികളെ കുറവ് തീർത്ത് വെട്ടാമെന്ന് നീ വിശ്വസിച്ചു. നിന്റെ തീരുമാനങ്ങൾക്ക് ഞാൻ ആമേൻ പറയുമെന്ന് നീ വിശ്വസിച്ചു. എന്നോട് പറ്റിയിരിക്കുന്ന അടുപ്പത്തിന്റെ ഊഷ്മളതയിലേക്ക് നീ ഇതുവരെയും വന്നെത്തിയിട്ടില്ല. ആ ഒരു അനുഭവത്തിലേക്ക് നീ എത്തപ്പെട്ടിരുന്നുവെങ്കിൽ; നീ ഗ്രഹിച്ചത് ഇങ്ങനെയാകുമായിരുന്നില്ല. ലോകത്തിന്റെ വഴികൾ നിന്നെ മോഹിപ്പിച്ച് വഞ്ചിച്ചു. കൗശലക്കാരനായ **എന്റെ** ശത്രുവും ആ കർമ്മത്തിന് കുട പിടിച്ചു. എന്നെ കൂടാതെ നീ നിനക്കുവേണ്ടി സ്വരുകൂട്ടിയതെല്ലാം ഏറ്റവും മേത്തരമേറിയതാണെന്ന് അവൻ നിന്നെ കൊണ്ട് വിശ്വസിപ്പിച്ചു. ആ വഞ്ചനക്ക് കൂട്ടു നിൽക്കുവാൻ എന്നെ കൊണ്ടാവില്ല. അപ്പോൾ

**എന്റെ** മക്കൾ പോലും മൂക്കത്ത് വിരൽ വെച്ച് ചോദിക്കുന്ന ഒന്നുണ്ട്. എന്തുകൊണ്ടാണ് തങ്ങൾ കഷ്ടതയിൽ നിന്ന് കഷ്ടതയിലേക്ക് പലായനം ചെയ്യുന്നത്. എന്നോടൊത്തുള്ള നിങ്ങളുടെ ഇഴയടുപ്പ മുള്ള ബന്ധത്തെ വിട്ടോടുമ്പോൾ നിങ്ങൾക്ക് എല്ലാം ശുഭമായും, സുഖമായും പര്യവസാനിക്കുമെന്നുള്ള മിഥ്യാധാരണ നിങ്ങളി ലേക്ക് കടത്തിവിടുന്നതാണ് ശത്രുവിന്റെ ഏറ്റവും നികൃഷ്ടമായ വഞ്ചന. ഏറ്റവും വലിയ കൊടുംചതി ഇതാണ്. എല്ലാം നന്നായെന്ന് നിങ്ങൾക്ക് ഒരു വേള തോന്നിയേക്കാം. എന്നാൽ ഞാനുമായി നിങ്ങൾ മുഖാമുഖം വരുമ്പോൾ എനിക്ക് നിങ്ങളെകുറിച്ച് പറയാ നുള്ളത് ഇതായിരിക്കും. അധർമം പ്രവൃത്തിക്കുന്നവരെ എന്നെ വിട്ടുപോകുവിൻ. ഞാൻ നിങ്ങളെ ഒരുനാളും അറിഞ്ഞീട്ടില്ല.

മത്തായി 7:21,22 **"എന്നോട് കർത്താവേ, കർത്താവേ എന്നുപ റയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്. കർത്താവേ, കർത്താവേ നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും, നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും, നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവൃത്തിക്കുയും ചെയ്തില്ലയോ എന്ന് പലരും ആ നാളിൽ എന്നോട് പറയും. അന്ന് ഞാൻ അവരോട്; ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞീട്ടില്ല. അധർമം പ്രവൃത്തി ക്കുന്നവരെ എന്നെ വിട്ടുപോകുവിൻ എന്ന് തീർത്തുപറയും."**

അതെ ഇത് ഞാൻ തിരുവായ്മൊഴിഞ്ഞ **എന്റെ** വചനങ്ങൾ തന്നെയാണ്. എന്നോട് ആലോചന ചോദിക്കാതെ സ്വന്തം വഴിക ളിൽ അഭിരമിച്ച് എന്നെ വിട്ടുനടക്കേണ്ടതിനല്ല ഞാൻ നിന്നെ സൃഷ്ടിച്ചത്. കാര്യം ശരിയാണ്, തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം ഉള്ളതുകൊണ്ടാണ് നീ ഇക്കാര്യങ്ങൾ ചെയ്യുന്നത്. പക്ഷേ നീ ഈ ചെയ്യുന്നതൊന്നും എന്റെ ഹിതപ്രകാരമല്ലെന്ന് മാത്രമല്ല; എന്നോട് നീ പാപം ചെയ്യുകയാണ്.

ഞാൻ എന്റെ മക്കൾക്ക് തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. ഇതുപയോഗിച്ച് അവർക്ക് **എന്നെ** കണ്ടെത്താകുന്ന കാലത്ത് അന്വേഷിക്കാം. ജീവകാലം മുഴുവൻ എന്റെ മാർഗ്ഗനിർദ്ദേശങ്ങൾ

ഹൃദയത്തോട് ചേർത്ത് കെട്ടികൊണ്ട് ഓടി തീർക്കാം. അല്ലായെങ്കിൽ എന്നെ കൂടാതെ അവർക്ക് ഈ ഓട്ടം ഓടി തീർക്കാം. **എന്റെ** മക്കൾ **എന്നിൽ** നിന്ന് ഓടി മറയുമ്പോൾ, **എന്റെ** ഹിതത്തിന് വെളിയിൽ സന്തോഷം കണ്ടെത്തുമ്പോൾ സ്വന്തം വിവേകത്തിൽ ഊന്നുമ്പോൾ; അവർ **എന്റെ** രാജ്യത്തിന്റെ കെട്ടുപണികൾക്കെതിരായി പദ്ധതികൾ ആസൂത്രണം ചെയ്യുകയാണ്. ഇത് തിന്മയല്ലാതെ മറ്റെന്താണ്. അവർക്ക് അറിയില്ലെങ്കിലും; അവർ തന്നെയാണ് അവരുടെ തകർച്ചക്ക് വഴി മരുന്നിടുന്നത്. **എന്റെ** സമ്പൂർണ്ണഹിതത്തിനു പുറത്ത് കാര്യങ്ങൾ ചെയ്തെടുക്കാമെന്ന് തങ്ങളുടെ കുമിഞ്ഞു കൂടിയ സ്വാർത്ഥതയിൽ നിന്നു കൊണ്ട് അവർ വിശ്വസിച്ചു.

അക്കൂട്ടർ തങ്ങൾക്കു തന്നേയും, മറ്റുള്ളവർക്കും വിനാശം വിതയ്ക്കുന്നവരാണ്. ശത്രുവിന്റെ കെണികൾക്കും, വ്യാമോഹത്തിനും മുമ്പിൽ തങ്ങളെ തന്നെ ഇക്കൂട്ടർ തുറന്ന് വെക്കുകയാണ്. **എന്റെ** മക്കളേ കൗശലക്കാരനും, വക്രബുദ്ധിക്കാരനുമായ **എന്റെ** ശത്രുവിനോട് എതിരു നിൽക്കുവാൻ നിങ്ങൾക്ക് ത്രാണിയില്ല. നിങ്ങൾ കുശാഗ്രബുദ്ധിയുള്ളവരാണെന്ന് ഒരു കാരണവശാലും ചിന്തിക്കരുത്. **എന്നെ** കൂടാതെയുള്ള നിങ്ങൾ ഒരു വലിയ വട്ടപൂജ്യമാണ്.

എന്തുകൊണ്ടാണ് ശിശുസഹജമായ വിശ്വാസമുള്ളവർക്ക് മാത്രമേ **എന്റെ** രാജ്യം അവകാശമാക്കുവാൻ കഴിയുകയുള്ളു എന്ന് പറയുന്നത്? കാരണം വളരെ ലളിതമാണ്. തങ്ങളുടെ ജീവിതത്തിന്റെ ഓരോ ഗതിവിഗതികളിലും **എന്റെ** ആവശ്യത്തിന്റെ പ്രാധാന്യം ഈ കുട്ടികൾ തിരിച്ചറിഞ്ഞ് അംഗീകരിക്കുന്നു. ഒരു കുഞ്ഞ് തന്റെ ജീവിതത്തിലെ ഓരോ നിമിഷത്തിന്റെ ആവശ്യത്തിനും തന്റെ മാതാപിതാക്കളെ ആശ്രയിക്കുന്നതുപോലെ തങ്ങളുടെ മാതാപിതാക്കളുടെ കരവലയത്തിനകത്തല്ലെങ്കിൽ തങ്ങൾ സുരക്ഷിതരല്ല എന്ന് കൊച്ച് കുട്ടികൾ തിരിച്ചറിയുന്നതു പോലെ; **എന്നെ** കൂടാതെയുള്ള ഓരോ നിമിഷവും തങ്ങൾ ജീവിതത്തിന്റെ അപകടമേഖലയിലാണെന്ന് **എന്റെ** മക്കൾ തിരിച്ചറിയും. **എന്റെ** ഓരോ വചനത്തിലും അവർ ആശ്രയിക്കും. അതുകൊണ്ടാണ് **എന്റെ** വചനത്തിൽ സമയം ചിലവഴിക്കണമെന്ന് സ്നേഹബുദ്ധ്യ ഞാൻ

അവരെ ഉപദേശിക്കുന്നത്. അവിടെയാണ് അവരുടെ ജീവിത നൗക ആടിയുലയാതിരിക്കേണ്ടതിന് ആവശ്യമായ അറിവുകൾ ഞാൻ പകർന്നു കൊടുക്കുന്നത്. ഈ ആയുഷ്കാലത്ത് നേരോടെ ഈ ജീവിതം ജീവിച്ചു തീർക്കേണ്ടതിനാവശ്യമായ എല്ലാ ഉത്തരങ്ങളും **എന്റെ** പുസ്തകത്തിലുണ്ട്. മാനവകുലത്തിന് യാത്ര സഹായിയായിട്ടാണ് ഞാൻ പുസ്തകം നൽകിയിരിക്കുന്നത്.

**എന്റെ ആത്മാവാണ്** പുസ്തകതാളുകൾക്കിടയിലുള്ള സത്യത്തെ വെളിച്ചത്തിലേക്ക് കൊണ്ടുവരുന്നത്. സമ്പൂർണ്ണസമർപ്പണത്തിലൂടെയും, മുഴു അളവിൽ **എന്റെ ആത്മാവിനെ** പാനം ചെയ്യുന്നതിലൂടെയും മാത്രമേ നിനക്ക് **എന്റെ** വചനത്തെ വിവേചിച്ച് ഗ്രഹിക്കുവാൻ ആവശ്യമായ പ്രകാശനം ലഭിക്കുകയുള്ളു. അത് മനുഷ്യന്റെ പഠിപ്പിക്കലുകളല്ല; മറിച്ച് നിന്റെ ഹൃദയത്തിൽ വേരൂന്നത്തക്കവണ്ണം **എന്റെ ആത്മാവത്രേ** അത് ചെയ്യുന്നത്. എന്റെ പുസ്തകത്തിലൂടെയുള്ള നിത്യജീവനാൽ നിറഞ്ഞ ഒരു ജീവിതത്തിന് നിനക്ക് ഉടമയായിതീരണമെങ്കിൽ, **എന്റെ ആത്മാവിനാൽ** മാത്രമേ, അതു സാധിക്കുകയുള്ളു.

മത്തായി 18:4 **"ആകയാൽ ഈ ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവനാകുന്നു".**

1 കൊരി.2:11-14 **"മനുഷ്യനിലുള്ളത് അവനിലെ മനുഷ്യാത്മാവല്ലാതെ മനുഷ്യരിൽ ആർ അറിയും? അവ്വണ്ണം തന്നെ ദൈവത്തിലുള്ളതു ദൈവാത്മാവല്ലാതെ ആരും ഗ്രഹിച്ചീട്ടില്ല. നാമോ ലോകത്തിന്റെ ആത്മാവിനെ അല്ല; ദൈവം നമുക്ക് നൽകിയത് അറിയുവാനായി ദൈവാത്മാവിനെ അത്രേ പ്രാപിച്ചിരിക്കുന്നത്. അത് ഞങ്ങൾ മാനുഷജ്ഞാനം ഉപദേശിക്കുന്ന വചനങ്ങളാൽ അല്ല; ആത്മാവ് ഉപദേശിക്കുന്ന വചനങ്ങളാൽ തന്നെ പ്രസ്താവിച്ചുകൊണ്ട് ആത്മീകന്മാർക്ക് ആത്മീയമായത് തെളിയിക്കുന്നു. എന്നാൽ പ്രാകൃത മനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈകൊള്ളുന്നില്ല; അത് അവന് ഭോഷത്തം ആകുന്നു".**

ഈ ലോകം ചതികളുടെ വാരികുഴികൾ നിറഞ്ഞതാണ്. എന്റെ ശത്രു വാതോരാതെ പറഞ്ഞു കൊണ്ടിരിക്കുന്ന തിന്മയായ

കളവുകളിൽ വിശ്വസിച്ച് ഒരു കാരണവശാലും കബളിപ്പിക്കപ്പെടരുത്. ഈ ലോകത്തിലെ ക്ഷണികമായ സാധന-സേവനങ്ങളിൽ അകമഴിഞ്ഞ് ആശ്രയിച്ചു പോകത്തക്കവണ്ണം, ദിവസേനയെന്നോണം കാതുകളിൽ എത്തുന്ന **എന്റെ** ശത്രുവിന്റെ സന്ദേശങ്ങൾക്ക് നിന്നെ മറിച്ചു കളയുവാനും, വിശ്വസിപ്പിക്കുവാനും ശക്തിയുള്ളതാണ്. നിനക്ക് ജീവനെ തന്ന **എന്നെ**യൊഴികെ മറ്റെന്തിലും ആശ്രയിക്കുവാൻ നിനക്ക് യാതൊരു പ്രയാസവും ഇല്ല. നിന്റെ ആശ്രയവും, ആലംബവും പണം, വിദ്യാഭ്യാസം, ലോകസുരക്ഷ. പ്രകാരമുള്ള ഭരണകൂടത്തിന്റെ കാവൽ മുതലായ വ്യാജമാർഗ്ഗങ്ങളിൽ ആയി പോകുന്നു. വഞ്ചനയുടെ ഏറ്റവും ഉയർന്നതലമാണിത്. ഈ ലോകാശ്രയം **എന്റെ** മക്കളെ **എന്നിൽ** നിന്ന് അടർത്തി മാറ്റുന്നു. **എന്നിൽ** ആശ്രയിക്കുന്ന കാര്യത്തിൽ **എന്റെ** മക്കൾക്ക് ഒരു നനഞ്ഞ പ്രകൃതമാണ്.

ജീവിതത്തിന്റെ സമസ്ത ആവശ്യങ്ങളുടേയും പൂരണത്തിനു വേണ്ടി അവർ അല്പമായി **എന്നിലേക്ക്** തിരിയുന്നു. അടുപ്പം എന്നത് കൊണ്ട് അർത്ഥമാക്കുന്നത് ഇതല്ല.

അതെ നിനക്ക് അടുപ്പവും, അഭിനിവേശവുമുള്ളത് ലോകത്തോടും, നിന്റെ ആഗ്രഹങ്ങളോടുമാണ്. ഒരിക്കലും **എന്നോടൊത്തുള്ള** സഖിത്വത്തിലായിരുന്നില്ല. സകലത്തേയും പുറകിൽ എറിഞ്ഞുകളഞ്ഞതിനുശേഷം നിനക്കുള്ള സർവ്വത്തേയും **എന്റെ** മുമ്പാകെ അടിയറവച്ചേ മതിയാകൂ. ലോകം വച്ചു നീട്ടുന്ന സുരക്ഷിതത്വത്തെ ഒരു വശത്തേക്ക് വകഞ്ഞു മാറ്റിയശേഷം ഞാനുമായി ആഴമായൊരു അടുപ്പം നീ അന്വേഷിക്കുന്നുവെങ്കിൽ മാത്രമേ നിനക്ക് **എന്നെ** യഥാർത്ഥമായി അറിയുവാൻ കഴിയുകയുള്ളു. അത് ചെയ്യാത്തിടത്തോളംകാലം **എന്നെ** അറിയുക എന്നതും, അനുഭവിക്കുക എന്നതും ഒരു വിദൂരസ്വപ്നം മാത്രമായി അവശേഷിക്കും. ഇതിൽ കുറയാത്ത ഏതൊരു നീക്കവും നിന്നെ ശീതോഷ്ണവാനാക്കി തീർക്കും. അവിടെയുമില്ല ഇവിടെയുമില്ല എന്ന തരത്തിലുള്ള വഴുവഴുപ്പുള്ള ഒരു ബന്ധത്തെ ഞാൻ ഒരിക്കലും ഇഷ്ടപ്പെടുന്നില്ല. **എന്നെ** മുഖാമുഖമായി കാണുന്ന നാളിൽ അനേകർ അത്ഭുതപര

വശരായി തീരും. ജീവിതത്തിന്റെ ഏറിയപങ്കും ലോകത്തോട് ചേർന്ന് ആടിതിമിർക്കുകയും, അല്പമായ സമയം മാത്രം ഞാനുമായി സമയം ചിലവിട്ടതുമാണ് എന്റെ രാജ്യത്തിൽ നിന്ന് പുറന്തള്ളപ്പെടുവാനുള്ള കാരണമെന്ന് അന്നാളിൽ അവർ കണ്ടെത്തും. അനേകർ അമ്പരക്കുവാൻ പോകുകയാണ്.

വെളിപ്പാട് 3:16. **"ഇങ്ങനെ ശീതവാനുമല്ല ഉഷ്ണവാനുമല്ല. ശീതോഷ്ണവാനാകയാൽ നിന്നെ എന്റെ വായിൽ നിന്ന് തുപ്പികളയും".**

ഞാൻ എന്താണ് **എന്റെ** കുഞ്ഞുങ്ങളിൽ നിന്ന് ആഗ്രഹിക്കുകയും, പ്രതീക്ഷിക്കുകയും ചെയ്യുന്നത്? അവരുടെ ജീവിതമാണ് ഞാൻ ആശിക്കുന്നത്. സമ്പൂർണ്ണമായ സമർപ്പണവും, വിധേയത്വവുമാണ് ഞാൻ ആഗ്രഹിക്കുന്നത്. ജീവിതത്തിന്റെ ഒരു കോണിൽ **ഞാനും,** മറുകോണിൽ ലോകവുമായുള്ള ആടികുഴച്ചിലുണ്ടല്ലോ അതിനെ ദോഷമെന്നല്ലാതെ മറ്റെന്ത് വിളിക്കാൻ. **എന്റെ** വചനം വായിക്കൂ. അനേകർ ഇന്ന് **എന്റെ** വചനം വായിച്ച് തങ്ങൾക്കിഷ്ടപ്പെട്ട ചില ഭാഗങ്ങൾ അടർത്തിയെടുത്ത് അതുപയോഗിച്ച് ലോകവുമായുള്ള തങ്ങളുടെ കൂടി കുഴച്ചിലിനെ ന്യായീകരിക്കുകയാണ്. അതുവഴി തങ്ങളിൽ തന്നെ അവർ ആശ്വാസം കണ്ടെത്തുകയാണ്. ഇപ്പോഴും ഇത്തരക്കാർ വിശ്വസിക്കുന്നത് ജീവിതം അവസാനിക്കുമ്പോൾ **എന്റെ രാജ്യത്തിൽ** അവർക്ക് പ്രവേശിക്കാൻ കഴിയുമെന്നാണ്. തങ്ങളേയും, തങ്ങൾക്കുള്ളതിനേയും ത്യാഗനിർഭരമായ യാഗമായി അർപ്പിക്കുന്നവരെ മാത്രമേ ഞാൻ കൈകൊള്ളുകയുള്ളു എന്ന് അവർ കണ്ടെത്തുമ്പോൾ അവരുടെ ഞെട്ടൽ എത്ര വലിയതായിരിക്കും. പണത്തിനും, പ്രതാപത്തിനും, പ്രശസ്തിക്കും, സ്ഥാനമാനങ്ങൾക്കും പുറകെയുള്ള അവരുടെ വിറളിപിടിച്ച ഓട്ടം വ്യർത്ഥമായി തീരുകയും; അതുവഴി അവർ **എന്റെ രാജ്യത്തിന്** കൊള്ളാത്തവരായി തീരുകയും ചെയ്യും. അങ്ങനെയുള്ളവരുടെ സ്വന്തഇഷ്ടങ്ങളും, ഭാവിയെകുറിച്ച് അവർ കെട്ടിപൊക്കുന്ന പദ്ധതികളും ആത്യന്തികമായി അവരെ കൊണ്ടുചെന്നെത്തിക്കുന്നത് **എന്റെ ഹിതത്തിന്** പുറത്തേക്കാണ്. ഞാൻ അവർക്ക് വേണ്ടി സൃഷ്ടിച്ച

അവരുടെ ജീവിതത്തിന്റെ, എന്റെ സത്യമായ പദ്ധതികളൊന്നും തന്നെ കൂടാതെയുള്ള ഒരു വല്ലാത്ത ജീവിതസാഹചര്യത്തിലേ ക്കാണ് അവർ ആനയിക്കപ്പെടുന്നത്. ഞാൻ അവർക്ക് ദാനമായി കൊടുത്തതും, പോഷിപ്പിക്കുന്നതുമായ ജീവിതത്തിന്റെ പുറം പറമ്പിലേക്കാണ് അവർ നടന്നടുക്കുന്നത്.

ഞാൻ അനുവദിച്ചിട്ടല്ലാതെ ഒരൊറ്റ മനുഷ്യജീവിയും ജീവിക്കു കയോ, ശ്വസിക്കുകയോ ചെയ്യുന്നില്ല. അതുകൊണ്ടാണ് **എന്റെ ഹിതം** കൂടാതെ തങ്ങളുടെ സ്വാർത്ഥപ്രേരിതമായ പദ്ധതികൾക്കും, ജീവിത ലക്ഷ്യങ്ങളെകുറിച്ചും **എന്റെ മക്കൾക്ക്** യാതൊരു ഉറപ്പും, പ്രത്യാശ യുമില്ലാത്തത്. ഏതു സമയത്തും, ഏതൊരുവന്റേയും ജീവനെ തിരികെ യെടുക്കുവാൻ **എനിക്ക്** നിഷ്പ്രയാസം സാധിക്കും. എന്റെ തീരു മാനങ്ങളെ ലംഘിച്ചുകൊണ്ട് തങ്ങളുടെ ജീവിതം നീട്ടി കൊണ്ടു പോകുവാൻ ആരെ കൊണ്ടും കഴിയില്ല. ഞാൻ കൊടുക്കുന്നു, ഞാൻ എടുക്കുന്നു. **എനിക്ക്** ഇഷ്ടമുള്ളത് പോലെ ഞാൻ ചെയ്യുന്നു. അതുകൊണ്ടാണ് **എന്റെ** ഹിതം കൂടാതെ അവരുടെ ജീവിതം കെട്ടിപൊക്കുന്നതും, ഭാവി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ശുദ്ധഅബദ്ധമായി പരിണമിക്കുന്നത്. ഇത് അഹങ്കാരത്തിന്റേയും, ഭോഷത്വത്തിന്റേയും അത്യുച്ചകോടിയാണ്. ഇതിൽപ്പരം ദോഷം വേറെയില്ല. എല്ലാം സ്വഭാവീകമാണെന്നും, നേരുള്ളതാണെന്നുമുള്ള തോന്നലുണ്ടാക്കി **എന്റെ** ആടുകളെ ജീവന്റെ മാർഗ്ഗത്തിൽ നിന്ന് തിരിച്ചുവിട്ട് നാശത്തിന്റെ വഴിയിലേക്ക് ആകർഷിക്കുകയുമാണ് **എന്റെ** ശത്രുവിന്റെ എക്കാലത്തേയുമുള്ള തന്ത്രം. അനേകരെ ഈ കുതന്ത്രത്തിലൂടെ അവൻ വഞ്ചിച്ചു കൊണ്ടിരിക്കുകയാണ്.

ഇയ്യോബ് 12:10 **"സകല ജീവജന്തുക്കളുടേയും പ്രാണനും, സകല മനുഷ്യവർഗ്ഗത്തിന്റേയും ശ്വാസവും തൃക്കൈയിൽ ഇരിക്കുന്നു".**

സങ്കീ.104:29 **"തിരുമുഖത്തെ മറയ്ക്കുമ്പോൾ അവ ഭ്രമിച്ചു പോകുന്നു. അങ്ങ് അവയുടെ ശ്വാസം എടുക്കുമ്പോൾ അവ ചത്ത് പൊടിയിലേക്ക് തിരികെ ചേരുന്നു".**

# പാഠം 3
# വിനയത്തിനുള്ള പരിശീലനം

മകളേ ഞാൻ നിന്നോട് ചില കാര്യങ്ങളിൽ പറയുവാൻ ആഗ്രഹിക്കുന്നു. ഞാൻ സംസാരിക്കുമ്പോൾ കാത് കൂർപ്പിച്ചിരിക്കുക. ചില പുതിയ അറിവുകൾ നിന്നിലേക്ക് പകരുവാൻ താൽപര്യപ്പെടുന്നു. വിനയാന്വിതനായി തീരുന്ന വഴികളേകുറിച്ച് ഞാൻ സംസാരിക്കുവാൻ ആഗ്രഹിക്കുന്നു.

ഇതാകുന്നു വിനയത്തിന്റെ വഴി. ശാന്തമായ, ഇടർച്ചകളില്ലാത്ത ഹൃദയമുള്ളവരാണ് **എന്റെ** ദൃഷ്ടിയിൽ വിനയമുള്ളവർ. അവർ തീർത്തും ശാന്തമായിട്ടാണ് ജീവിതം നടന്നു തീർക്കുന്നത്. സ്ഥാനങ്ങളോ, പദവികളോ അവരെ തെല്ലും ആകർഷിക്കുകയില്ല. ജീവിതത്തിന്റെ സമസ്ത വഴികളിലും അവർ തിരയുന്നത് **എന്നെ**യാണ്. അവർ എക്കാലത്തും തിരക്കുന്നത് എന്നേയാണ്. ഒരു കേന്ദ്രബിന്ദുവായി തീരാൻ അവർ ആഗ്രഹിക്കുന്നില്ല. സ്വയമേവ പരിഗണിക്കപ്പെടാനോ, അംഗീകരിക്കപ്പെടണമെന്നോ അവർ ആഗ്രഹിക്കുന്നില്ല.

അവരുടെ ഏക ആഗ്രഹമെന്ന് പറയുന്നത് അവരുടെ **ദൈവമായ** പറയുന്നത് **എന്റെ** കരുതൽ അനുഭവിക്കുകയും, **എന്റെ** സ്നേഹം ആവോളം നുകരുകയും ചെയ്യുക എന്നുള്ളതാണ്. അവർ **എന്നിൽ** ആശ്രയിക്കുന്നു. **ഞാൻ** അവർക്കായ് കരുതുന്നു. അവരുടെ പ്രതീക്ഷകളൊന്നും ഞാൻ അസ്ഥാനത്താക്കുകയില്ല. അവരുടെ ആവശ്യങ്ങളിൽ ഞാൻ കൂട്ടായ്മപുലർത്തും. ജീവിക്കുവാനാവശ്യമായ ഭൗതീകവും, ആത്മീയവുമായ സകലതും ഞാൻ അവർക്ക് കൊടുക്കും. ഞാൻ അവരുടെ പാറയാകുന്നു.

ഞാൻ എല്ലാ കാലത്തും **എന്റെ** വിനയാന്വിതരായ ദാസന്മാരോട് വിശ്വസ്തനായിരിക്കും. സകല കൊടുങ്കാറ്റിലും ഞാൻ

അവർക്ക് സമാധാനവും സ്വസ്ഥതയും കല്പിക്കും. ഞാൻ എല്ലായ്പ്പോഴും അവരുടെ വശത്തായിരിക്കും, അവരിലായിരിക്കും. അവരെ ശുശ്രൂഷിക്കുക എന്നത് എന്റെ ആനന്ദമായിരിക്കും. എന്റെ എളിയദാസന്മാരെ ഞാൻ വളരെ പ്രിയപ്പെടുന്നു. അവർ **എനിക്ക്** സൗരഭ്യവാസനയാണ്. ഞാൻ അവരെ സ്നേഹിക്കുകയും, അവർ **എന്നെ** ഇഷ്ടപ്പെടുകയും ചെയ്യുന്നു. ഞങ്ങളെ തമ്മിൽ വേർപിരിക്കുവാൻ സാധ്യമല്ല. ഞാൻ ആകുന്നു അവരുടെ **പ്രാണവായു.** അവർ നക്ഷത്രങ്ങളേ പോലെ ശോഭിക്കുന്നു. അവർ ഒരിക്കലും ലോകത്തിന്റെ മാർഗ്ഗങ്ങളെ അവലംബിക്കുകയില്ല. എല്ലായ്പ്പോഴും ഞാൻ അവരെ തൃപ്തരാക്കി നിലനിർത്തും. ലോകം അവരുടെ മേൽ പിടിമുറുക്കുകയില്ല. സംതൃപ്തിയോടെയായിരിക്കേണ്ടതിന് വേണ്ടി അവർ എങ്കലേക്ക് നോക്കുകയും, അവർക്ക് വേണ്ടുന്നതെല്ലാം ഞാൻ അവർക്ക് കൊടുക്കുകയും ചെയ്യും.

അവർ ഒരുനാളും നിരാശപ്പെടുകയില്ല. ഈ വഴിയിലൂടെ നടക്കുന്നവർ വളരെ ചുരുക്കമാണ്. വളരെ കുറച്ചു പേർക്കേ ഈ മാർഗ്ഗം കണ്ടെത്താനും കഴിയുകയുള്ളു. പക്ഷേ കണ്ടെത്തുന്നവർ കണ്ടെത്തുന്നത് നിലനിൽക്കുന്ന **എന്റെ** രാജ്യമാണ്.

1 പത്രോസ് 5:6. **"അവിടന്ന് തക്കസമയത്ത് നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈ കീഴെ താണിരിപ്പിൻ".**

**എന്റെ** താഴ്മയുള്ള ദാസന്മാർ എല്ലായ്പ്പോഴും **എന്റെ** ശബ്ദം ശ്രദ്ധിക്കുന്നു. ഞാൻ അവരോട് നീങ്ങാൻ പറയുമ്പോൾ അവർ നീങ്ങുന്നു. അവരുടെ ശുശ്രൂഷ എനിക്കാവശ്യമായി വരുമ്പോൾ സന്തുഷ്ടഹൃദയത്തോടെ അവരത് ചെയ്യുന്നു. **എന്റെ** രാജ്യത്തിൽ അദ്ധ്വാനിക്കുന്നതിൽ അവർ ആനന്ദിക്കുന്നു. അവരുടെ രാജാവിനെ സേവിക്കുന്നതിൽ അവർ സന്തോഷിക്കുന്നവരാണ്. സന്തോഷവും, സമാധാനവും ഞാൻ അവർക്ക് കൊടുക്കും.

**എന്റെ** സ്നേഹം അവരുടെ ജീവിതത്തിന്മേൽ കവിഞ്ഞൊഴുകും. അവർക്ക് യാതൊന്നിനും മുട്ടുണ്ടാകുകയില്ല.

താഴ്മയുള്ള വ്യക്തിയായിരിക്കേണ്ടതിന്; നിങ്ങൾ ഒരിക്കലും

പ്രഥമസ്ഥാനം പ്രതീക്ഷിക്കുകയില്ല. ഒടുക്കത്തെ സ്ഥാനത്തേക്ക് മാത്രമേ നിങ്ങളെ യോഗ്യരായി നിങ്ങൾ എണ്ണുകയുള്ളു.

ഒന്നാമത്തേതിനേക്കാളുപരിയായി, ഒടുക്കത്തേതായിരിക്കേണ്ട തിന് ജ്ഞാനം ആവശ്യമാണ്. മണ്ടന്മാരാണ് ആദ്യസ്ഥാനം അന്വേഷിക്കുന്നത്. എളിമയുള്ള **എന്റെ** ദാസന്മാർ ബുദ്ധിയുള്ളവരാണ്. അവരുടെ **ദൈവമായ എന്നെ** സന്തോഷിപ്പിക്കുന്നത് എന്താണെന്ന് അവർക്ക് നന്നായി അറിയാം. **എന്റെ** മക്കൾ വിനയമുള്ളവരാണ്. ലോകത്തിന്റെ ദൃഷ്ടിയിൽപെടാതെ മറഞ്ഞിരിക്കുന്നവരും, ലോകം ശ്രദ്ധിക്കുകയോ, കാണുകയോ ചെയ്യാത്തവരായിരിക്കും.

ഈ ലോകവുമായി അവർക്ക് ഒരു തരത്തിലുമുള്ള വ്യവഹാര വുമില്ല. എന്നാൽ **എന്റെ** രാജ്യത്തിൽ അവർ വാഴുന്നവരും, അധികാരികളുമായിരിക്കും. **എന്റെ** സ്വർഗ്ഗീയരാജ്യത്തിൽ അവർ ഉന്നതന്മാരായിരിക്കും. എളിമയുള്ളവരായ **എന്റെ** ദാസന്മാരെ ഞാൻ ആദരിക്കും. അവർ **എന്നോടുകൂടെ** സ്വർഗ്ഗീയ സിംഹാസനങ്ങളിൽ ഇരിക്കുകയും, **എന്റെ** സാന്നിദ്ധ്യം അവർ ആസ്വദിക്കുകയും ചെയ്യും. ഈ ലോകം വച്ച് നീട്ടുന്ന അവസാനസ്ഥാനത്തിൽ തൃപ്തി പ്പെടുന്ന താഴ്മയുള്ള **എന്റെ** ദാസന്മാർ **എന്റെ** രാജ്യത്തിൽ സ്ഥാന മാനങ്ങൾ അലങ്കരിക്കും. ഭൂമിയിലെ തങ്ങളുടെ ജീവിതത്തെ അവർ താഴ്ത്തി സമർപ്പിച്ചതു മുഖാന്തരം അവർ ഉന്നതരായിതീരും. ഇക്കൂട്ടർ എനിക്ക് **സന്തോഷം** പ്രദാനം ചെയ്യുന്നവരാണ്. ഞാൻ അവർക്ക് സമാധാനം, നിത്യസമാധാനം കൊടുക്കും.

മർക്കോസ് 10:31 **"എങ്കിലും മുമ്പന്മാർ പലരും പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരും ആകും".**

ഞാൻ താഴ്മയുള്ളവരോട് കൂടെ നടക്കുകയും, **എന്നെതന്നെ** അവർക്ക് വെളിപ്പെടുത്തുകയും ചെയ്യും. അവരുടെ ത്യാഗത്തിനുള്ള എന്റെ സമ്മാനമാണത്. അവരുടെ സ്നേഹത്തിന് എന്ത് മധുര വാസനയാണ്. ഞാൻ അവരെ ആദരിക്കും.

വിനയമാണ് **ദൈവ**രാജ്യത്തിന്റെ മാർഗ്ഗം. **എന്റെ** രാജ്യത്തിലെ സകലരും വിനയം കൊണ്ട് നിറയപ്പെട്ടിരിക്കും. അഹങ്കാരം കണി

കാണുകപോലും ഇല്ല. അഹന്തക്ക് **എന്റെ** രാജ്യത്തിൽ അല്പം പോലും സ്ഥാനമില്ല. **ദൈവമായ** എന്നോടുള്ള ശാന്തമായ സമർപ്പണത്തിനു മാത്രമേ **എന്റെ** രാജ്യത്തിൽ നിലനിൽപ്പുള്ളു. എല്ലാവരും പൂർണ്ണതൃപ്തരായി സ്നേഹവും, സൗന്ദര്യവും വഴിഞ്ഞൊഴുകുന്ന തീർത്തും കുലീനമായ എളിമ കളിയാടുന്ന ഇടമാണ് **എന്റെ** രാജ്യം. അസംതൃപ്തിയുള്ള ഒരാൾ പോലും സ്വർഗ്ഗത്തിലുണ്ടായിരിക്കില്ല. പ്രത്യാശയും, സമാധാനസമൃദ്ധിയും ഉള്ള സ്ഥലം. സ്നേഹത്തിന്റെ കവിഞ്ഞൊഴുക്കുള്ള ദേശം.

1 യോഹ.2:16 **"ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളത് എല്ലാം പിതാവിൽ നിന്നല്ല, ലോകത്തിൽ നിന്നത്രേ ആകുന്നു".**

ഒരു വോയ്സ് ഓഫ് ഗോസ്പൽ പ്രസിദ്ധീകരണം.

# പാഠം 4

# ദൈവത്തിലുള്ള സമ്പൂർണ്ണ ആശ്രയം

മകളേ; നമുക്ക് ആരംഭിക്കാം (7 ഫെബ്രു.2012). നമ്മളിന്ന് പുതിയൊരു തലത്തിലേക്കാണ് നീങ്ങുന്നത്. **ദൈവത്തിൽ** ആശ്രയിക്കേണ്ടതിനെ കുറിച്ചാണ് ഞാനിനി സംസാരിക്കുവാൻ ആഗ്രഹിക്കുന്നത്. **എന്റെ** മക്കൾ എന്നിൽ ആശ്രയിക്കുന്നില്ല. അവർ ആശ്രയിക്കുന്നു എന്ന് പറയുന്നുവെങ്കിലും, അവരുടെ ഹൃദയം എന്നിൽ നിന്ന് എത്രയോ അകലെയാണ്. അവരുടെ ആശ്രയം അവരിൽ തന്നെയാണ്. തിന്മയെന്നല്ലാതെ ഇതിനെ എന്ത് വിളിക്കാൻ.

അവർ ലോകത്തിലും, ലോകത്തിലുള്ളതിലും ആശ്രയിക്കുന്നു. അവർ **എന്നിൽ** ആശ്രയം കണ്ടെത്താത്തതുകൊണ്ട് അവരുടെ ചുവടുകൾ **എന്റെ** വഴിയിലല്ല, അവർ എന്നിൽ ആശ്രയിച്ചിരുന്നുവെങ്കിൽ **എന്റെ വഴികളിൽ** അവർ നടക്കുമായിരുന്നു. **എന്റെ ഹിതത്തിൻ** പ്രകാരം അവർ നടക്കുമായിരുന്നു. **എന്റെ സമ്പൂർണ്ണവഴികളിൽ** അവർ പ്രമോദം കണ്ടെത്തുമായിരുന്നു.

അവർ മുമ്പോട്ട് പോകേണ്ടതിന് വേണ്ടി മറ്റു മാർഗ്ഗങ്ങളെ ആരായുന്നവരാണ്. അവർ സഞ്ചരിക്കുന്നത് മറ്റ് വഴികളിലൂടെയാണ്. ലോകത്തിന്റെ പണം, പ്രശസ്തി, സ്ഥാനമാനങ്ങൾ, സുരക്ഷ, പ്രണയം, വിനോദം എന്നിവയിലൂടെയാണ് തങ്ങളുടെ ജീവിതത്തിന് ഇക്കൂട്ടർ ഉത്തരം കണ്ടെത്തുന്നത്. അവരുടെ ദൈവമായ **എന്നെയൊഴികെ** എല്ലാത്തിനേയും അവർ ആശ്രയിക്കുന്നു. അവർ **എന്നിൽ** ആശ്രയിക്കുന്നു എന്ന് പറഞ്ഞുകൊണ്ട് വലിയ കള്ളത്തരത്തിലാണ് അവർ ജീവിക്കുന്നത്. പക്ഷേ മറുപടിക്ക് വേണ്ടി അവർ മുട്ടുന്നത് ലോകത്തിന്റെ വാതിലാണ്. അടി തൊട്ട് മുടി വരെ മൊത്തം കള്ളമാണ്. **ദൈവത്തിലാണ്** ഞങ്ങളുടെ ആശ്രയമെന്ന് രായ്ക്ക് രാമാനം വിളിച്ചുപറയുമെങ്കിലും ഒരിക്കൽ പോലും സമ്പൂർണ്ണമായി **എന്റെ** മുമ്പാകെ ജീവിതം സമർപ്പിക്കുവാൻ ഇക്കൂട്ടർ തയ്യാറല്ല. മാത്രമല്ല, ജീവിതത്തിന്റെ ചോദ്യങ്ങൾക്ക് ഉത്തരം

തേടി കൊണ്ട് തുടർന്നും അവർ ചായുന്നത് ലോകത്തിന്റെ ചുമലിലോട്ടാണ്. അവർ വ്യാജത്തിൽ ജീവിതം തള്ളി നീക്കുന്നു; അതേ സമയം അതവർക്ക് കാണാനും കഴിയുന്നില്ല.

അതെ ഞാൻ **എന്റെ** മക്കളെ അഭിവൃദ്ധികൊണ്ട് അനുഗ്രഹിക്കും. ഞാൻ നീതിമാന്മാരുടെയും, ദുഷ്ടന്മാരുടെയും മേൽ മഴയും, വെയിലും ചൊരിയുന്നവനാണ്. എന്നാൽ **എന്നിൽ** ആശ്രയിക്കുന്നു എന്ന് പറയുകയും, ലോകത്തോട് അവിഹിതബന്ധം പുലർത്തി കൊണ്ട് തുടർജീവിതം നയിക്കുകയും ചെയ്യുവാൻ ഒരു കാരണവശാലും എന്റെ മക്കൾക്ക് കഴിയില്ല. ഇത് അങ്ങേയറ്റം വെറുപ്പുളവാക്കുന്നതാണ്. **ഞാൻ** ആഗ്രഹിക്കുന്നത് **എന്റെ** കുഞ്ഞുങ്ങൾ തങ്ങളുടെ മുഴുജീവിതവും പൂർണ്ണമായി എന്റെ മുമ്പാകെ സമർപ്പിച്ചു കൊണ്ട് തങ്ങളുടെ ഭാവി ജീവിതത്തെ സംബന്ധിച്ചുള്ള സകല പദ്ധതികളും **എന്റെ** സമ്പൂർണ്ണഹിതത്തിന് വിട്ടു തന്നു കൊണ്ട് **എന്റെ** മുഖത്തേക്ക് മാത്രം നോക്കി ജീവിക്കുന്ന ഒരു ജീവിതശൈലിയാണ് **എന്റെ** കുഞ്ഞുങ്ങളിൽ നിന്ന് **ഞാൻ** പ്രതീക്ഷിക്കുന്നത്. **എന്റെ** ഹിതത്തിന്റെ നാല് ചുവരുകൾക്കുള്ളിലാണ് അവർ ജീവിക്കുന്നതെങ്കിൽ നാളെയെ കുറിച്ച് അവർക്ക് ലവലേശം ആധിയോ, ആശങ്കയോ, ആകുലതയോ ഉണ്ടാവുകയില്ല. കേവലം ഒരു കുരുകിലിനുവേണ്ടി പോലും **ഞാൻ** കരുതുന്നില്ലയോ? എങ്കിൽ തങ്ങളുടെ മുഴുജീവിതവും മറുത്തൊന്നും പറയാതെ പൂർണ്ണമായി **എന്റെ** കരങ്ങളിൽ തന്ന് ആത്മാർത്ഥമായി എന്നിൽ ആശ്രയിക്കുന്ന **എന്റെ** മക്കൾക്കുവേണ്ടി ഞാൻ എത്രയധികം കരുതും?

മത്തായി.5:44-45 **"ഞാനോ നിങ്ങളോടു പറയുന്നത്. നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ. നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ. നിങ്ങളെ വെറുക്കുന്നവർക്ക് നന്മ ചെയ്യുവിൻ. നിങ്ങളോട് കുടിപ്പക വച്ചു പുലർത്തുന്നവർക്കും, നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടിയും പ്രാർത്ഥിപ്പിൻ. സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന് പുത്രന്മാരായി തീരേണ്ടതിന് തന്നെ. അവിടന്ന് തന്റെ സൂര്യനെ ദുഷ്ടന്മാരുടെ മേലും, നീതികെട്ടവരുടെമേലും ഉദിപ്പിക്കുകയും, നീതിമാന്മാരുടെ മേലും, നീതികെട്ടവരുടെമേലും മഴ പെയ്യിക്കുകയും ചെയ്യുന്നുവല്ലോ".**

സങ്കീർത്തനം 4:5. **"നീതിയാഗങ്ങളെ അർപ്പിക്കുവിൻ. യഹോ വയിൽ ആശ്രയം വെക്കുവിൻ".**

**ആശ്രയിക്കാൻ കൊള്ളാകുന്ന** ദൈവം ഞാനാകുന്നു. ആശ്ര യിക്കുവാൻ **ഞാനല്ലാതെ** മറ്റൊരു പാറയുമില്ല. ബാക്കിയെല്ലാം മുങ്ങി താഴുന്ന മണൽകൂമ്പാരമാകുന്നു.

ഞാൻ യുഗങ്ങളുടെ ദൈവമാകുന്നു. അൽഫയും, ഒമേഗയും, ആദ്യനും, അന്ത്യനും **ഞാനാകുന്നു. എന്നിൽ** ആശ്രയിക്കാം. സ്വന്തം പദ്ധതികളിൽ ആശ്രയിച്ചുകൊണ്ട് എന്തിനാണ് സമയം പാഴാക്കുന്നത്? എന്തിനാണ് വ്യസനം കൂട്ടുന്നത്? അടുത്ത നിമിഷത്തിൽ എന്ത് സംഭവിക്കുമെന്ന കാര്യത്തിൽ ആർക്കും ഒരു കൃത്യതയില്ല. ഒരു നിമിഷം കൊണ്ട് നിങ്ങൾ കെട്ടി പൊക്കിയ സകലതും ചീട്ടുകൊട്ടാരം പോലെ തകർന്നു വീഴും. നിങ്ങളെ രക്ഷിക്കുന്നതാണ് അതെന്ന വ്യാജേന വിശ്വസനീയമാണെന്ന വ്യാജ്യേന എന്തിനാണ് നിങ്ങൾ അതിനെ തന്നെ മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നത്? സുരക്ഷിതത്വം പ്രതീക്ഷിച്ചുകൊണ്ടുള്ള കേവലം ഒരു വിഗ്രഹാരാധനയാണിത്.

മത്തായി. 7:26. **"എന്റെ ഈ വചനങ്ങളെ കേട്ട് ചെയ്യാത്തവനൊ ക്കെയും മണലിൻമേൽ വീട് പണിത മനുഷ്യനോട് തുല്യനാകുന്നു".**

തികവില്ലാത്ത നിങ്ങളുടെ പദ്ധതികളിൽ ആശ്രയിക്കുന്നത് അവ സാനിപ്പിക്കു. നിങ്ങളുടെ മുഴുവൻ ജീവിതവും പൂർണ്ണമായി വിധേ യപ്പെടുത്തി **എനിക്ക്** തരുവിൻ. നിന്റെ ഭാവിയെ കുറിച്ച് അറിയാ വുന്നത് **എനിക്ക്** മാത്രമാണ്. നാളെ നീ എന്ത് ചെയ്യുമെന്നും, എന്തായി തീരുമെന്നും അറിയാവുന്നത് ഞാൻ മാത്രമാണ്.

**എന്റെ** ഹിതത്തിനു പുറത്ത് നീ കെട്ടിപൊക്കുന്ന നിന്റെ സകല സ്വപ്നങ്ങളും, പ്രതീക്ഷകളും ആത്യന്തീകമായി നിന്നെ നാശത്തി ലേക്ക് നയിക്കും. എന്നാൽ **എന്റെ** ഹിതത്തിനകത്ത് നട്ടു നനയ്ക്ക പ്പെട്ടവർ തീർത്തും സുരക്ഷിതരായിരിക്കും. മറ്റുള്ളവരെല്ലാം **എന്റെ** ഹിതം കൂടാതെ തങ്ങളുടെ സ്വന്തം മറുതലിപ്പോടെ നടക്കുകയും, ജീവിതത്തിൽ സുരക്ഷിതത്വമോ, സൂക്ഷിപ്പോ ലഭിക്കാത്തവരായി രിക്കും. **എന്റെ കുഞ്ഞുങ്ങളെ** ഇത് വളരെ ഗൗരവാവഹമാണ്.

ഉണർന്നെഴുന്നേറ്റ് മത്സരത്തിന്റേയും, മറുതലിപ്പിന്റേയും മാർഗ്ഗങ്ങളെയെല്ലാം വിട്ട്; **എന്നിൽ** നിങ്ങളുടെ ദൈവത്തിൽ പൂർണ്ണമായി ആശ്രയിപ്പിൻ.

ഇടുങ്ങിയ വഴിയിലേക്കുള്ള മാർഗ്ഗമറിയാവുന്നത് **എനിക്ക്** മാത്രമാണ്. **എന്നെ** കൂടാതെ ഈ വഴി കണ്ടുപിടിക്കാമെന്ന് നിങ്ങൾ ഒരിക്കലും തെറ്റിദ്ധരിക്കരുത്. അത് പരമവങ്കത്തമാണ്. ചുരുക്കം ആളുകൾക്കേ ഈ വഴി കണ്ടെത്തുവാൻ കഴിയുകയുള്ളൂ. കാരണം ചുരുക്കം ആളുകളേ തങ്ങളുടെ വഴിവിട്ട് തിരിഞ്ഞ് **എന്നിൽ** ആശ്രയിക്കുന്നുള്ളൂ. ഭൂരിഭാഗവും ചിന്തിക്കുന്നത് തങ്ങളുടെ മാർഗ്ഗമാണ് ഏറ്റവും നല്ലത് എന്നാണ്. എന്തുകൊണ്ടെന്നാൽ ചുറ്റുപാടുമുള്ളവരിൽ ഏറിയപങ്കും ആളുകൾ പിൻതുടരുന്നതും, അവലംബിക്കുന്നതും ഈ വഴിയാണ്. എന്നാൽ നാശത്തിലേക്കുള്ള മാർഗ്ഗം വീതിയേറിയതും, വിശാലവുമാണ്. നിങ്ങളെ എതിർദിശയിലേക്ക് തെറ്റായി നയിച്ചുകൊണ്ടി രിക്കുന്ന അനേകരിലാണ് നിങ്ങൾ ആശ്രയിക്കുന്നത് നിങ്ങൾക്കിത് കാണാൻ കഴിയുന്നില്ലേ? **എന്റെ** മക്കളെ നിങ്ങൾ ഇതിനെകുറിച്ച് എന്താണ് ധരിച്ചു വച്ചിരിക്കുന്നത്?

മത്തായി 7:13-14. **"ഇടുക്കു വാതിലൂടെ അകത്തു കടപ്പിൻ. നാശത്തിലേക്ക് പോകുന്ന വാതിൽ വീതിയുള്ളതും, വഴി വിശാലവും അതിൽ കൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവനിലേക്ക് പോകുന്ന വാതിൽ ഇടുക്കവും, വഴി ഞെരുക്കവുമുള്ളത്. അത് കണ്ടെത്തുന്നവർ ചുരുക്കമത്രേ."**

അതുകൊണ്ട് **എന്നിൽ** ആശ്രയിക്കുക. ഞാൻ ആശ്രയിക്കുവാൻ യോഗ്യനാണ്. **എന്റെ വചനം** ഒരുനാളും പരാജയപ്പെടുകയില്ല. എന്റെ പുസ്തകം ധ്യാനിച്ച് വായിക്കുക. വിടുവിക്കപ്പെടണമെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചവരൊക്കെ വിടുവിക്കപ്പെട്ടിട്ടുണ്ട്. എളിമയോടും, നുറുക്കത്തോടും കൂടെ എന്റെ മുമ്പാകെ സമർപ്പിക്കപ്പെട്ട സകലരേയും നിരസിക്കാതെ കൈക്കൊള്ളുകയും, വിടുവിക്കുകയും ചെയ്യുന്ന **ദൈവമാണ് ഞാൻ**. അതുകൊണ്ട് **എങ്കലേക്ക്** വന്ന് വിടുതൽ നീ ഏറ്റെടുക്കുക. നിങ്ങളുടെ **ദൈവത്തിൽ** ആശ്രയിക്കുവാൻ അഭ്യസിക്കുക.

# പാഠം 5
# ക്ഷമിക്കുക

നമുക്ക് വീണ്ടും ആരംഭിക്കാം (ഫെബ്രു.7, 2012). ഇനി ഞാൻ സംസാരിക്കാൻ ആഗ്രഹിക്കുന്നത് ക്ഷമിക്കുന്നതിനെ കുറിച്ചാണ്. മകളെ ഞാനിനി നിങ്ങളോട് പറയാൻ താൽപ്പര്യപ്പെടുന്നത് ഈ വിധത്തിലുള്ള ഒരു ക്ഷമാപണ രീതിയെകുറിച്ചാണ്. **എന്റെ** മക്കൾ പരസ്പരം പൊറുക്കാതെയും, മറക്കാതെയും ഉള്ളിൽ ദുഃഖവും, വിദ്വേഷവും പേറികൊണ്ട് ജീവിക്കുന്നവരാണ്. ക്ഷമിക്കാത്തവരോട് ക്ഷമിക്കുവാൻ **എനിക്കും** കഴിയില്ല. നിങ്ങളുടെ ചുറ്റുപാടുമുള്ളവരോട് നിങ്ങൾക്ക് ക്ഷമിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ എങ്ങനെയാണ് നിങ്ങളോട് **എനിക്ക്** ക്ഷമിക്കുവാൻ കഴിയുക? ഇതിനെ കുറിച്ച് **എന്റെ** വചനം ഒന്നും പറയുന്നില്ലേ? ക്ഷമിക്കുക എന്നത് ശുദ്ധ സ്നേഹമാണ്. ക്ഷമിക്കുവാൻ പറ്റാത്ത മനസ്സ് സകല പാപങ്ങളുടേയും ഇരിപ്പിടമാണ്. കയ്പ്, പ്രതികാരം, തെറ്റായ വിലയിരുത്തൽ, അങ്ങനെ അങ്ങനെ ഒരുപാട് തെറ്റായ പ്രവണതകളുടെ വിളനിലമാണത്. നിന്റെ ശത്രുവിന് കാലൂന്നുവാനും നിന്നിലേക്ക് കടന്നു വന്ന് നിന്നെ നശിപ്പിക്കുവാനുള്ള ഉറച്ച പ്രതലത്തെയാണ് നീ പണിതുണ്ടാക്കുന്നത്. ഈയൊരവസ്ഥ നിങ്ങളുടെ **ദൈവമായ** ഞാനുമായുള്ള അടുപ്പത്തിൽ നിന്നും, സ്നേഹസഖിത്വത്തിൽ നിന്നും നിങ്ങളെ പറിച്ചു മാറ്റും. **എന്റെ** ആത്മാവിനെ പ്രാപിക്കുന്നതിൽ നിന്ന് നിങ്ങളെ അകറ്റി നിർത്തും. ഇത് അങ്ങേയറ്റം ഗുരുതരമായ അവസ്ഥയാണ്.

മത്തായി 6:14-15 **"നിങ്ങൾ മനുഷ്യരോട് അവരുടെ തെറ്റുകൾ ക്ഷമിച്ചാൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കും. നിങ്ങൾ മനുഷ്യരോട് അവരുടെ അതിക്രമങ്ങൾ ക്ഷമിക്കാതിരുന്നാലോ നിങ്ങളുടെ പിതാവ് നിങ്ങളുടെ തെറ്റുകളും ക്ഷമിക്കുകയില്ല".**

ക്ഷമിച്ചു കൊടുക്കാത്ത ഒരു വ്യക്തിയാണ് നീയെങ്കിൽ താമസം വിനാ ഞാൻ മടങ്ങി വരുമ്പോൾ നിനക്ക് ഒരുങ്ങാൻ കഴിയുകയില്ല. എടുക്കപ്പെടുന്നതിൽ നിന്ന് നിന്നെ അത് പുറകോട്ട് വലിക്കും. ഫലം **നമ്മൾ** തമ്മിലുള്ള എന്നന്നേക്കുള്ള വേർപിരിയലായിരിക്കും. പകയും, വൈരാഗ്യവുമുള്ള ഈ ജീവിതശൈലി ഉരിഞ്ഞ് പുറകിൽ കളയുക. പരസ്പരം ക്ഷമിക്കുക. തമ്മിൽ തമ്മിലുള്ള വിദ്വേഷത്തെ വിട്ടുകളയുക. മറ്റുള്ളവരോട് ദ്വേഷ്യം വച്ചു പുലർത്തുന്നതുകൊണ്ട് നിനക്ക് എന്ത് നേട്ടമാണുള്ളത്? നീ ദ്വേഷ്യം വച്ചു പുലർത്തുന്ന വ്യക്തിയേക്കാൾ; ഇക്കാര്യത്തിൽ നീയാണ് കൂടുതൽ കഷ്ടപ്പെടുന്നത്. നിനക്കിത് കാണാൻ കഴിയുന്നില്ലേ? നിന്റെ നിത്യരക്ഷക്ക് യോഗ്യമായതാണോ മറ്റുള്ളവരോട് നീ വച്ചു പുലർത്തുന്ന ഈ കുടിപ്പക?

മർക്കോസ് 11:25 **"നിങ്ങൾ പ്രാർത്ഥിക്കുവാൻ നിൽക്കുമ്പോൾ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളുടെ അതിക്രമങ്ങളും ക്ഷമിക്കേണ്ടതിന് നിങ്ങൾക്ക് ആരോടെങ്കിലും വല്ലതും ഉണ്ടെങ്കിൽ അവനോട് ക്ഷമിക്കുവിൻ".**

നീ നിന്റെ ഹൃദയത്തെ പരിശോദിച്ചുകൊണ്ട് നിന്നോട് തന്നെ നീ ഈ ചോദ്യം ചോദിക്കണം. നിന്റെ പ്രാണന്റെ നിത്യരക്ഷ നഷ്ടമാകുന്നതാണോ, അതോ നിസ്സാരമായ ഒരു കൊച്ചുവഴക്കാണോ... ഏതാണ് നിനക്ക് വിലയേറിയത്? ക്ഷമിച്ചുകൊണ്ട്; ജീവിതത്തെ മൂടി നിൽക്കുന്ന കാർമേഘത്തെ വകഞ്ഞു മാറ്റികൊണ്ട് മുമ്പോട്ട് നടക്കൂ. ഒരുവേള മറ്റേ വ്യക്തി നിന്നോട് ക്ഷമിക്കുവാൻ തയ്യാറായില്ലെങ്കിലും, അവർക്ക് വേണ്ടി പ്രാർത്ഥിക്കുക. അതേ നിന്റെ ശത്രുവിനുവേണ്ടി പ്രാർത്ഥിക്കുക. ശുദ്ധഹൃദയത്തോടുകൂടി അവർക്ക് വേണ്ടി പ്രാർത്ഥിക്കുക. നിങ്ങൾക്ക് ദോഷം ചെയ്തവരെ ആശ്ലേഷിക്കത്തക്കവണ്ണം ഞാൻ നിങ്ങളുടെ ഹൃദയത്തെ സ്നേഹമസൃണമാക്കും. മാംസളമായ ഒരു ഹൃദയം ഞാൻ നിങ്ങൾക്ക് തരും.

**എന്റെ വഴികളിൽ** നടക്കാത്ത, **എന്റെ ആത്മാവില്ലാത്ത** ആളുകൾ അതുള്ളവരെപ്പോലെ നിന്നോട് ഇപെടുമെന്ന് നിനക്ക് എങ്ങനെ

പ്രതീക്ഷിക്കാൻ സാധിക്കും? **എന്നെ** നേരാംവണ്ണം അറിയാത്തവരോട് നീ സഹിഷ്ണുതയും, ദയയും, ദീർഘക്ഷമയും കാണിക്കണം. **എന്നെ** അറിയാത്തവർക്ക്, വാസ്തവമായും **എന്നെ** അറിയാത്തവർക്ക് അങ്ങനെ പെരുമാറുക എന്നുള്ളത് തീർത്തും അസാദ്ധ്യമായ ഒരു കാര്യമാണ്. നിനക്ക് ഇത് കാണാൻ കഴിയുന്നില്ലേ? **എന്നെ** വിട്ട് നടക്കുന്നവരിൽ നിന്ന് ഒരിക്കലും നിനക്ക് ഇത് പ്രതീക്ഷിക്കുവാൻ കഴിയുകയില്ല.

മത്തായി 5:44-45. **"ഞാനോ നിങ്ങളോട് പറയുന്നു. നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ. നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ. നിങ്ങളെ ഉപദ്രവിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കുവിൻ. നിങ്ങൾ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന് പുത്രന്മാരായി തീരേണ്ടതിന് തന്നെ. അവിടന്ന് ദുഷ്ടന്മാരുടെമേലും, നല്ലവരുടെ മേലും തന്റെ സൂര്യനെ ഉദിപ്പിക്കുകയും, നീതിമാന്മാരുടെമേലും, നീതികെട്ടവരുടെമേലും മഴ പെയ്യിക്കുകയും ചെയ്യുന്നുവല്ലോ".**

ദൈവത്തെ കൂടാതെ ഇതെല്ലാം നടക്കുമെന്നാണ് ലോകം ധരിച്ചു വച്ചിരിക്കുന്നത്. ലോകം അതിനെതന്നെ വിഡ്ഢി വേഷം കെട്ടിക്കുകയാണ്. എല്ലാറ്റിനേയും ചേർത്തു പിടിക്കുവാൻ **എന്നെ** കൊണ്ടു മാത്രമേ കഴിയുകയുള്ളു. മനുഷ്യർക്ക് ജീവിക്കുവാനാവശ്യമായ യഥാർത്ഥവഴി പ്രദാനം ചെയ്യുവാൻ **എന്നെ** കൊണ്ട് മാത്രമേ സാധിക്കുകയുള്ളൂ. ഈ ലോകം **എന്നെ** അകറ്റി നിർത്തുന്നു. ദോഷകരമായ വഞ്ചനയിലും, തെറ്റായ ദിശയിലും ജീവിതം നയിക്കുന്നു. ഇതെല്ലാം മുഴുത്ത ദുഷ്ടതയായി പരിണമിക്കുന്നു.

സത്യത്തിന്റെ കണിക പോലും എങ്ങും കാണാനില്ല. ഒത്തുതീർപ്പും വഞ്ചനയും മാത്രമേയുള്ളു. **എന്റെ** സമ്പൂർണ്ണ വഴികളെ അവഗണിച്ചുകൊണ്ട് മാനവരാശി വഞ്ചനയിലും, മൂല്യച്യുതിയിലും അഭിരമിച്ചുകൊണ്ടിരിക്കയാണ്. ഒന്നിനേയും, ആരേയും വിശ്വസിക്കുവാൻ കഴിയാത്ത ദുരവസ്ഥ.

**എന്റെ** സമ്പൂർണ്ണഹിതപ്രകാരം ഭൂമിയിൽ ജീവിക്കുന്ന, **എന്റെ** നിർമ്മലമണവാട്ടി മാത്രമേ നേരിന്റെ വഴിയിൽ നടക്കുന്നുള്ളു. **എന്റെ**

കാന്ത മാത്രമേ സ്ഥിരതയോടും, സത്യസന്ധതയോടും കൂടെ ജീവിക്കുന്നുള്ളു. ബാക്കിയെല്ലാവരും വിശ്വസിക്കുവാൻ കൊള്ളാത്ത ദുഷ്ടതയുടെ വഴികളിലാണ് നടക്കുന്നത്. അവരുടെ എല്ലാ വഴികളിലും അവർ അസ്ഥിരന്മാരാണ്.

അധികം താമസിയാതെ മണവാട്ടി ഇവിടെ നിന്ന് മാറ്റപ്പെടും. അതോടുകൂടെ വെളിച്ചം നഷ്ടപ്പെട്ട ലോകം ഇരുട്ടിലേക്ക് കൂപ്പു കുത്തും. അന്ധകാരം അവരെ മൂടി കളയും. ആ നാളുകൾ അതി വിദൂരമല്ല.

ക്ഷമിക്കുക. **എന്നിലേക്ക്** തിരിച്ചു നടക്കുവാനുള്ളതിന്റെ താക്കോലാണത്. മുഖപക്ഷം കൂടാതെ എല്ലാവരോടും ക്ഷമിക്കുക. നിങ്ങളുടെ പ്രാണൻ കൈവിടപ്പെട്ടു പോകത്തക്കതും, യാതൊരു തരത്തിലും ക്ഷമിക്കുവാൻ പറ്റാത്തതുമായ ഒന്നും തന്നെ ഉണ്ടായി രിക്കരുത്.

ലൂക്കോസ് 6:37 **"വിധിക്കരുത്. എന്നാൽ നിങ്ങളും വിധിക്ക പ്പെടുകയില്ല. നിന്ദിക്കരുത് എന്നാൽ നിങ്ങളും നിന്ദിക്കപ്പെടുക യില്ല. ക്ഷമിക്കുവിൻ എന്നാൽ നിങ്ങളോടും ക്ഷമിക്കപ്പെടും".**

മകളേ നിന്റെ **കർത്താവിന്** പറയുവാനുള്ളത് ഇതാണ്. **നമുക്ക്** തുടരാം. മറ്റുള്ളവരോട് ഇടപഴകി ജീവിക്കുവാനുള്ള നിർദ്ദേശങ്ങൾ **ഞാനിനി** നിനക്ക് പകർന്നുതരാം.

തമ്മിൽ തമ്മിൽ കടുത്ത അവജ്ഞയുള്ള അനേകരുണ്ട്. നാമ മാത്രമായ സഹിഷ്ണുത, അല്പമായ ബഹുമാനം. ഇതൊക്കെ യാണ് ഇതിന്റെ മൂലകാരണങ്ങൾ. ഇതെല്ലാം കൊണ്ടു ചെന്നെത്തി ക്കുന്നത് ഭിന്നതയിലേക്കാണ്. താമസംവിനാ അത് തൃപ്തിയില്ലാ യ്മയിലേക്കും, മുറിവേൽപ്പിക്കുന്നതിലേക്കും കാര്യങ്ങളെ എത്തിക്കും. **എന്റെ** മക്കൾ സ്വാർത്ഥരാകുന്നു. എല്ലാറ്റിലും അവർക്ക് ഒന്നാമ തെത്തണം. മറ്റുള്ളവരുടെ ആവശ്യങ്ങളിൽ എല്ലാവരും അതീവ തീക്ഷ്ണതയുള്ളവരാണെങ്കിലും; അവരെ കരുതുന്ന കാര്യത്തിൽ അവർ അമ്പേ പരാജയപ്പെടുന്നു. ഇത് പരസ്പരമുള്ള വാഗ്വാദങ്ങ ളിലേക്കും, കടിച്ചു കീറുന്ന കോപത്തിലേക്കും ഇവരെ നയിക്കുന്നു.

മക്കളേ; ഇക്കാര്യത്തിൽ **ഞാൻ** തീർത്തും ദുഃഖിതനാണ്. എന്നാൽ ഓരോരുത്തരും സ്വയത്തിൽ കേന്ദ്രീകരിക്കുന്നതാണ് ഈ പ്രശ്നങ്ങൾ മുളപൊട്ടുന്നതിന്റെ കാതലായ കാരണം. എളിമയില്ലാത്തതുകൊണ്ടാണ് ഇത്തരം പ്രശ്നങ്ങൾ തല പൊക്കുന്നത്.

സദൃശ്യവാക്യങ്ങൾ 15:33. **"യഹോവഭക്തി ജ്ഞാനത്തിനായുള്ള ഉപദേശമാകുന്നു. വിനയം മാനത്തിന് മുന്നോടിയാകുന്നു".**

താഴ്മയുള്ള ഒരു ഹൃദയമുണ്ടെങ്കിൽ മാത്രമേ മറ്റുള്ളവരുടെ മദ്ധ്യേ സമാധാനത്തോടെയും, സഹവർത്തിത്വത്തോടെയും ജീവിക്കുവാൻ സാധിക്കുകയുള്ളു.

നിന്റെ ആഗ്രഹങ്ങളെ അടിയറ വെക്കുക. നിന്റെ ചുറ്റുപാടുമുള്ളവർക്ക് നീ കൊടുക്കുന്ന വ്യക്തിയായി തീരുക. അതാണ് നിന്നെ തൃപ്തയാക്കി നിർത്തുന്നത്.

നിന്റെ ചുറ്റുപാടുമുള്ളവരിൽ നിന്ന് വിഭിന്നമായി പുറകിലെ ഇരിപ്പിടം തിരഞ്ഞെടുക്കുവാൻ നീ മനസ്സ് വയ്ക്കുന്നതിലൂടെയാണ് നിനക്ക് ഈയൊരവസ്ഥയിൽ എത്തി ചേരുവാൻ കഴിയുന്നത്. ഇതാകുന്നു വിനയത്തിന്റെ വീഥി. ഇത് പുറപ്പെടുവിക്കുന്ന ഫലങ്ങളാണ് സമാധാനം, സംതൃപ്തി, സന്തോഷകരമായ സാഹചര്യങ്ങൾ മുതലായവ.

ചുരുക്കം ചിലരേ ഇങ്ങനെ ജീവിക്കുന്നുള്ളു. വിരലിലെണ്ണാവുന്നവർ മാത്രമേ ഇത് കണ്ടെത്തുന്നുള്ളു. പക്ഷേ ഇതാണ് ശാന്തിയുടെ മാർഗ്ഗം. ഇതാണ് **എന്റെ** മാർഗ്ഗം.

**എന്റെ** മക്കൾ സമാധാനത്തിലും, സംതൃപ്തിയിലും ജീവിക്കേണ്ടതിനും വേണ്ടിയിട്ടാണ് ഞാനീ ചട്ടങ്ങളെ അവർക്ക് കൊടുക്കുന്നത്. എന്നീട്ടും അവർ തിരഞ്ഞെടുക്കുന്നത് അവരുടെ സ്വന്തം വഴികളാണ്. അതിന്റെ ഫലമോ ആത്യന്തികമായി കലഹവും, അസംതൃപ്തിയും.

സഞ്ചരിക്കാൻ പറ്റുന്നതിൽ വച്ച് ഏറ്റവും നല്ല വഴി **എന്റെ** വഴിയാണെന്ന് അവർ എന്നാണ് മനസ്സിലാക്കുക? ഞാൻ സകലതും

അറിയുന്നു. **എന്റെ** മക്കൾക്ക് ശുഭകരമായി ജീവിക്കേണ്ടതിന് ആവശ്യമായത് എന്തെന്ന് **ഞാനറിയുന്നു.** സംതൃപ്തിയുടേയും, സമാധാനത്തിന്റേയും കൂടാരങ്ങളിലേക്ക് **എന്റെ** മക്കളെ നയിക്കേണ്ടതിന് അത്യന്താപേക്ഷിതമായ ചടങ്ങളേയും, പ്രമാണങ്ങളേയും ഞാൻ കൊടുക്കുന്നു. തീർച്ചയായിട്ടും സ്വന്തവഴികളേയും, ഇച്ഛകളേയും വിട്ട് **എന്റെ** ചട്ടങ്ങളേ അവർ പിൻപറ്റേണ്ടതായിട്ടുണ്ട്.

സങ്കീർത്തനം 34:14. **"ദോഷം വിട്ടകന്ന് ഗുണം ചെയ്യുക. സമാധാനം അന്വേഷിച്ച് പിന്തുടരുക".**

സ്വാർത്ഥപരമായ തിരഞ്ഞെടുപ്പുകൾ നയിക്കുന്നത് സമാധാനമില്ലാത്ത ഭവനങ്ങളിലേക്കാണ്. നിന്റെ വീടിനെ ഭരിക്കുന്നത് **ഞാനായിരിക്കട്ടെ**. നിന്റെ ഹൃദയത്തെ ഭരിക്കുന്നത് **ഞാനായിരിക്കട്ടെ. എന്റെ** മാർഗ്ഗം ശാന്തമാണ്. സമാധാനമുള്ളതാണ്. സ്നേഹം കളിയാടുന്നതാണ്. നിന്റെ ഭവനത്തെ **എന്റെ** മക്കൾക്ക് വേണ്ടി ഞാൻ ഉദ്ദേശിക്കുന്ന സന്തോഷ ഭവനത്തിന്റെ അത്യുദാത്തമായ നിലവാരത്തിലേക്ക് ഞാൻ ഉയർത്തും. പൂർണ്ണമനസ്സോടെ നിന്റെ ഹൃദയത്തെ നീ **എന്റെ** മുമ്പാകെ സമർപ്പിക്കുന്നുവെങ്കിൽ നിന്റെ ജീവിതത്തിലേക്ക് ഞാൻ സ്വസ്ഥതയെ മാരി പോലെ ചൊരിയും.

നിന്റെ ഗൃഹമൊക്കെയും തീർത്തും ശാന്തമായ മനസ്ഥൈര്യവും, സ്നേഹവും, ശാന്തമായ ജീവിതസാഹചര്യങ്ങളും പുറപ്പെടുവിക്കും. പരിഭവങ്ങൾ അല്പം പോലുമില്ലാത്ത പരമസംതൃപ്തി, വിനയം, മറ്റുള്ളവർക്ക് വേണ്ടി കരുതുന്നതിലൂടെ ലഭിക്കുന്ന മനഃശാന്തി ഇതെല്ലാം നിന്റെ ജീവിതത്തിന്റെ നിത്യഅനുഭവങ്ങൾ ആയിരിക്കും. നിന്റെ കുടുംബത്തെ ഭരിക്കുവാൻ **എന്നെ** അനുവദിക്കുക. അങ്ങനെയെങ്കിൽ സന്തോഷവും, പരമാനന്ദവും കുടികൊള്ളുന്ന ഒരു ഭവനമാക്കി ഞാനതിനെ പണിതെടുക്കും.

സങ്കീർത്തനം 37:11. **"എന്നാൽ സൗമ്യതയുള്ളവർ ഭൂമിയെ കൈവശമാക്കും. സമാധാന സമൃദ്ധിയിൽ അവർ ആനന്ദിക്കും".**

# പാഠം 6
# ലോകത്തിലാണെങ്കിലും, ലോകക്കാരാകാതിരിക്കുക

**നമുക്ക്** ആരംഭിക്കാം. ഈ ലോകത്തിൽ എങ്ങനെ ജീവിക്കണമെന്നുള്ളതിനെകുറിച്ച് സംസാരിക്കുവാൻ ഞാൻ താൽപര്യപ്പെടുന്നു. **എന്റെ** മക്കൾ ജീവിക്കുന്നത് ഈ ലോകത്തിലാണ്, എന്നാൽ "ലോകക്കാരാകേണ്ട" ആവശ്യമില്ല. ഈ ലോകം **എന്നോട്** ശത്രുത്വത്തിലാണ്. കുമിഞ്ഞു കൂടികൊണ്ടിരിക്കുന്ന ലോകത്തിന്റെ നെറികേടുകളെ ഞാൻ അങ്ങേയറ്റം വെറുക്കുന്നു.

കുഞ്ഞുങ്ങളെ നിങ്ങൾക്ക് ഈ ലോകത്തിന്റേതായ ഒന്നും തന്നെ പങ്കുപറ്റാതെ ഈ ലോകത്തിൽ മാന്യമായി ജീവിക്കുവാൻ കഴിയും. ലോകം നിങ്ങളെ വശീകരിച്ച് വഴി നടത്തുന്നത് നിത്യനാശത്തിലേക്കും, തീരാത്ത മനോവ്യഥയിലേക്കുമായിരിക്കും.

യാക്കോബ് 4:4 "**വ്യഭിചാരികളും, വ്യഭിചാരിണികളുമായുള്ളോരെ ലോകസ്നേഹം ദൈവത്തോട് ശത്രുത്വം ആകുന്നു എന്ന് നിങ്ങൾഅറിയുന്നില്ലയോ? ആകയാൽ ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായി തീരുന്നു.**"

നിങ്ങൾക്ക് ജീവിതത്തിൽ പൂർണ്ണതയും സമാധാനവും, സ്വസ്ഥതയും പ്രാപിക്കുവാനുള്ള ഏക സ്രോതസ്സ് ഞാൻ മാത്രമാണ്. വഴിയറിയേണ്ടതിന് ഒരു നാളും ലോകത്തിലേക്ക് തിരിയരുത്. നിങ്ങൾ തെറ്റായവഴിയിലൂടെ മാത്രമേ നയിക്കപ്പെടുകയുള്ളു. വഴി മുട്ടുമ്പോൾ നീ **എന്നിലേക്ക്** തിരിയണം. ഏറ്റവും നിർണ്ണായകമായ ഈ സമയത്ത് നീ **എന്നെ** ചേർത്ത് പിടിക്കണം. നിനക്കുവേണ്ട സകല ഉത്തരവും **എന്റെ** പക്കലുണ്ട്.

നിന്റെ ദുഃഖങ്ങൾക്കും, വ്യസനത്തിനും ഒരു അവസാനം വരുത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. പക്ഷേ നീ മുഴുവനായും നിന്റെ ജീവിതത്തെ **എന്നിലോട്ട്** തിരിക്കണം. എങ്കിൽ മാത്രമേ

**എനിക്ക്** നിനക്ക് വേണ്ടി കരുതുവാനും; നിന്നെ വിടുവിക്കാനും കഴിയുകയുള്ളു.

നിനക്ക് ഈ ലോകം വച്ച് നീട്ടുന്ന ഇമ്പങ്ങളിലും, പ്രലോഭന ങ്ങളിലും ഇടറാതെ സുരക്ഷിതമായി ജീവിക്കാൻ കഴിയും. പക്ഷേ നിന്റെ ജീവിതയാത്രയിൽ നിന്റെ വശത്ത് ഞാനുണ്ടായിരിക്കണം. നിന്നെ **എന്നിൽ** നിന്നും പറിച്ചുമാറ്റാനും, നിന്റെ ജീവിതലക്ഷ്യ ങ്ങളിൽ നിന്ന് നിന്നെ വ്യതിചലിപ്പിക്കാനും പോന്ന ലോകം വച്ച് നീട്ടുന്ന എണ്ണമില്ലാത്ത ഇടർച്ചകളിലൊന്നും നീ തട്ടി വീഴാതെ നിന്നെ സുരക്ഷിതമായി നടത്തുവാൻ **എനിക്ക്** കഴിയും.

നീ **എന്നിൽ** മാത്രം നോക്കി ജീവിക്കുക. നിന്റെ **രക്ഷകനായ എന്നിൽ** മാത്രം നിന്റെ ദൃഷ്ടി പതിപ്പിക്കുക, നിന്റെ ജീവിതഭദ്രത യിലേക്കുള്ള വാതിൽ **ഞാനാണ്**. മറ്റെല്ലാവാതിലുകളും നിന്നെ നിത്യശൂന്യതയിലേക്ക് നടത്തും. ഒരിക്കലും വഞ്ചിക്കപ്പെടരുത്. നിന്റെ ദൃഷ്ടികൾ **എന്നിൽ** നിന്ന് എടുക്കരുത്. ഈ ലോകത്തിൽ മറ്റാർക്കും തരാൻ സാധിക്കാത്ത പ്രത്യാശ തരുവാൻ **എനിക്ക്** കഴിയും.

ഓ ഇത് പ്രതീക്ഷ നൽകുന്ന ഒന്നാണ്. എന്നാൽ ഇതിനെ കേവലം സാധാരണമെന്ന് കരുതുന്നത് തീർത്തും വഞ്ചനാപരമാണ്.

സങ്കീർത്തനം 25:15 **“എന്റെ കണ്ണ് എപ്പോഴും യഹോവയിങ്ക ലേക്കാകുന്നു. അവിടന്ന് എന്റെ കാലുകളെ വലയിൽ നിന്ന് വിടുവിക്കും”.**

ഇത് അന്ത്യനാഴികയാകുന്നു. ലോകം അതിന്റെ അന്ത്യത്തിൽ എത്തിനിൽക്കുന്നു. കാണുമ്പോൾ ലോകം പ്രശ്നങ്ങളൊന്നുമി ല്ലാതെ തീർത്തും സാധാരണഗതിയിലാണെന്ന് തോന്നിയേക്കാം. എന്നാൽ കാണുന്നത് പോലെയല്ല കാര്യങ്ങൾ. അത് നാശത്തിലേക്ക് ചരട് പൊട്ടിച്ച് ഓടുകയാണ്.

താമസംവിനാ അനേകർ ഇത് കണ്ടെത്തും, പക്ഷേ അപ്പോ ഴേക്കും സമയം വൈകിയിരിക്കും. നിന്റെ കണ്ണുകൾ തുറന്നു പിടി ക്കുക. ലോകം വാഗ്ദത്തം ചെയ്യുന്നത് വ്യാജപ്രത്യാശയാണ്.

നിന്നെ നയിക്കുന്നത് **ഞാനായിരിക്കട്ടെ**. നിന്റെ ജീവിതം **എന്റെ** മുമ്പിൽ താഴ്ത്തി സമർപ്പിക്കുക. **എന്റെ** പരിശുദ്ധാത്മാവിനാൽ ഞാൻ നിന്റെ കണ്ണുകളെ തുറക്കാം. അപ്പോൾ നീ പുതുക്കം പ്രാപിച്ച് കാര്യങ്ങളുടെ നിജസ്ഥിതി എന്തെന്ന് കാണുകയും, സത്യം ബോദ്ധ്യപ്പെടുകയും ചെയ്യും. നിന്നെ കബളിപ്പിച്ചുകൊണ്ടിരിക്കുന്ന ലോകത്തിന്റെ വഴികളിൽ നിന്ന് വിട്ടുതിരിയേണ്ടതിന് നിന്റെ കണ്ണുകളെ തുറക്കാൻ കഴിയുന്നത് **എന്റെ പരിശുദ്ധാത്മാവിന്** മാത്രമാണ്. ഈ അനുഗ്രഹിക്കപ്പെട്ട രൂപാന്തരം സംഭവിക്കേണ്ടതിന് നിന്റെ ആത്മീയനേത്രങ്ങളിൽ എഴുതേണ്ട ലേപനം തരുവാൻ ഞാൻ ഒരുക്കമാണ്. പക്ഷേ നീ **എന്നോട്** അതിന് വേണ്ടി യാചിക്കണം.

നിന്റെ ജീവിതം, ഹൃദയം, പ്രാണൻ, ആത്മാവ് ഇവയെല്ലാം **എന്റെ** മുമ്പാകെ അടിയറവ് വെക്കുക. അപ്പോൾ ഈ ലോകത്തിലൂടെ ജീവിതത്തിന്റെ ചുക്കാൻ പിടിക്കുവാൻ ആവശ്യമായ തെളിഞ്ഞ കാഴ്ചശക്തി ഞാൻ നിനക്ക് തരും.

വെളിപ്പാട് 3:18 **"നീ സമ്പന്നൻ ആകേണ്ടതിന് തീയിൽ ഊതി കഴിച്ച പൊന്നും, നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതവണ്ണം ധരിക്കേണ്ടതിന് വെള്ളയുടുപ്പും, നിനക്ക് കാഴ്ച ലഭിക്കേണ്ടതിന് കണ്ണിൽ എഴുതുവാൻ ലേപവും, എന്നോട് വിലക്ക് വാങ്ങുവാൻ ഞാൻ നിന്നോട് ബുദ്ധി പറയുന്നു".**

ഒരു വോയ്സ് ഓഫ് ഗോസ്പൽ പ്രസിദ്ധീകരണം.

# പാഠം 7
# ഉൾപ്രാപണവും, കുഞ്ഞാടിന്റെ കല്യാണസദ്യയും

**നമുക്ക്** തുടരാം. ഏറ്റെടുക്കുവാൻ മനസ്സൊരുക്കമുള്ളവർക്കു വേണ്ടിയാണ് ഞാനിത് പറയുന്നത്. വരാൻ പോകുന്ന ഉൾപ്രാപണത്തെ കുറിച്ചാണ് **ഞാൻ** സംസാരിക്കാൻ താല്പര്യപ്പെടുന്നത്. **എന്റെ** മണവാട്ടിയായ സഭയെ ഭൂമിയിൽ നിന്ന് എടുത്തുകൊള്ളുന്നതിനെകുറിച്ചാണ് **എനിക്ക്** പറയാനുള്ളത്.

ആ നിമിഷം ഇതാ ആഗതമായികൊണ്ടിരിക്കുന്നു. അനേകം മക്കൾ ഇനിയും ഒരുങ്ങിയിട്ടില്ല. അവർ **എന്നോട്** പോരടിച്ചുകൊണ്ട് ലോകത്തോട് ചേർന്ന് നിൽക്കുകയാണ്. ലോകത്തിന്റെ വഴികളിൽ നടക്കുവാനാണ് അവർക്ക് ഇഷ്ടം. ഞാൻ അവർക്ക് കൊടുത്ത മുന്നറിയിപ്പുകളൊന്നും മുഖവിലക്കെടുക്കാതെ അവർ അങ്ങോട്ടും ഇങ്ങോട്ടും പരക്കം പായുകയാണ്. അധികം താമസിയാതെ ഞാൻ കൊടുത്ത മുന്നറിയിപ്പുകളെല്ലാം അങ്ങനെ തന്നെ സംഭവിക്കും. ഞാൻ വരും. **എന്റെ** കാന്തയെ ചേർക്കും. പിന്നീട് **എന്റെ** മണവാട്ടി ചിത്രത്തിൽ ഉണ്ടായിരിക്കില്ല.

അവളുടെ അസ്തിത്വം ലോകത്തിന് അജ്ഞാതമാണ്. അവൾ മറഞ്ഞിരിക്കുകയാണ്. അവളുടെ ഏകാന്തതയിൽ ഞാൻ അവളെ ഭദ്രമായി സൂക്ഷിക്കും. **എന്റെ** വെളിച്ചം അവളിലൂടെ ലോകത്തിലേക്ക് പ്രസരിക്കും; ഭൂമിയിൽ അവശേഷിക്കുന്ന വെളിച്ചത്തിന്റെ അവസാനത്തെ നുറുങ്ങുവെട്ടം. സമയം വളരെ ചുരുങ്ങിയിരിക്കുന്നു. അവശേഷിക്കുന്ന ഈ വെളിച്ചവും അപ്രത്യക്ഷമാകും. ഭൂമിയിലെ ഏകാധിപത്യത്തിൽ നിന്ന് രക്ഷപ്പെട്ട് എന്നാൽ അയക്കപ്പെട്ടവർ തങ്ങളുടെ സ്വർഗ്ഗീയഭവനത്തിലേക്ക് ചേക്കേറും.

ദാനിയേൽ 12:4 **"നീയോ ദാനിയേലേ അന്ത്യകാലം വരെ ഈ വചനങ്ങളെ അടച്ച് പുസ്തകത്തിന് മുദ്രയിടുക. പലരും അതിനെ പരിശോദിക്കുകയും ജ്ഞാനം വർദ്ധിക്കുകയും ചെയ്യും".**

ഒരുങ്ങിയിരിക്കുന്ന എന്റെ മക്കളുടെ എടുത്തുകൊള്ളപ്പെടൽ ഭൂമിയിൽ സംഭവിക്കാൻ പോകുന്നതിൽ വച്ച് ഏറ്റവും വലിയ സംഭവമായിരിക്കും. മാനവ ചരിത്രത്തിൽ അതിനോട് കിടപിടിക്കുന്ന മറ്റൊരു സംഭവവും നാളിതുവരെ ഉണ്ടായിട്ടില്ല. അതിനോട് തുല്യമായത് അതിന് മുൻപോ, പിൻപോ ഉണ്ടായിട്ടില്ല; ഉണ്ടാവുകയുമില്ല. എക്കാലത്തേയും വലിയ "പുറപ്പാടായിരിക്കുമത്".

ഞൊടിനേരം കൊണ്ട് **എന്റെ** മക്കൾ രൂപാന്തരപ്പെട്ട് പുതിയ തേജസ്സേറിയ ശരീരം പ്രാപിക്കും. പ്രാപിക്കുന്ന ഈ ശരീരങ്ങൾ ആയാസരഹിതവും, സദാകാലത്തേക്കുമുള്ളതായിരിക്കും. **എനിക്കു** ള്ളതു പോലെ മഹത്വമേറിയ ശരീരത്തിന്റെ മാതൃക അവർക്കും ലഭിക്കും. അനേകരിൽ വച്ച് **ആദ്യഫലം** ഞാനാകുന്നു. ഈ മക്കൾ അവർ അവരുടെ ആയുസ്സിൽ ഒരിക്കലും അനുഭവിച്ചീട്ടില്ലാത്ത മഹത്വമേറിയതും, ശാശ്വതവുമായ ഒരു ജീവിതം അനുഭവിക്കും.

1 കൊരി.15:51-54 **"ഞാൻ ഒരു മർമ്മം നിങ്ങളോട് പറയാം. നാം എല്ലാവരും നിദ്ര കൊള്ളുകയില്ല. എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്ന് കണ്ണിമയ്ക്കുന്നതിനിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും. മരിച്ചവർ അക്ഷയരായി ഉയിർക്കുകയും, നാം രൂപാന്തരപ്പെടുകയും ചെയ്യും. ഈ ദ്രവത്വമുള്ളത് അദ്രവത്വത്തേയും ഈ മർത്യമായത് അമർത്യത്വത്തേയും ധരിക്കേണം. ഈ ദ്രവത്വമുള്ളത് അദ്രവത്വത്തേയും, ഈ മർത്യമായത് അമർത്യത്വത്തേയും ധരിക്കുമ്പോൾ "മരണം നീങ്ങി ജയം വന്നിരിക്കുന്നു" എന്ന് എഴുതിയ വചനം നിവൃത്തിയാകും".**

ഉൾപ്രാപണം പ്രാപിച്ച **എന്റെ** മക്കളെ കാത്തിരിക്കുന്നത് അതിശയകരമായ അനേകം കാര്യങ്ങളാണ്.

അല്പമായൊന്ന് **ഞാൻ** നിനക്ക് കാണിച്ചുതരാം. **എന്റെ** മക്കൾ വരുമ്പോൾ അവരെ വന്ദനം ചെയ്യുന്നത് അതിനോടകം നിത്യതയിലെത്തി ചേർന്ന അവരുടെ പ്രിയപ്പെട്ടവരായിരിക്കും. ഞാനത് നോക്കി കൊണ്ടിരിക്കും. മഹാസന്തോഷത്തിന്റെ നിമിഷങ്ങളായിരിക്കുമത്. അവരെ വിട്ടുപിരിഞ്ഞ് നിത്യതക്ക് അവകാശികളായ

പ്രിയപ്പെട്ടവരോടൊത്തുള്ള കൂടിചേരൽ എത്ര ആനന്ദദായകമായിരിക്കും. അതിനുശേഷം **എന്റെ** മക്കളെ കുഞ്ഞാടിന്റെ കല്യാണസദ്യയിലേക്ക് ആനയിച്ചിരുത്തും. ആ കല്യാണസദ്യക്ക് ഞാൻ മേൽനോട്ടം വഹിക്കും.

വെളിപ്പാട് 19:9 **"പിന്നെ അവിടന്ന് എന്നോട് കുഞ്ഞാടിന്റെ കല്യാണസദ്യക്ക് ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ എന്ന് എഴുതുക എന്ന് പറഞ്ഞു. ഇത് ദൈവത്തിന്റെ സത്യവചനം എന്നും എന്നോട് പറഞ്ഞു".**

ആവശ്യവസ്തുക്കൾ ധാരാളമായി ഒരുക്കികൊണ്ടുള്ള വിഭവ സമൃദ്ധമായ മേശയാണ് അവിടെയുള്ളത്. ഈ മഹാസദ്യയുടെ വിശദാംശങ്ങൾ വിസ്മയാവഹമാണ്. സ്വർണ്ണലിപികളിൽ ആലേഖനം ചെയ്യപ്പെട്ട തങ്ങളുടെ പേരുകൾ കൊത്തിയെഴുതിയ മുൻപന്തിയിലെ ഇരിപ്പിടങ്ങളിൽ അവരെ ഇരുത്തും. രത്നഖചിതമായ സ്വർണ്ണപാത്രങ്ങളാൽ സമൃദ്ധമായിരിക്കും ഓരോ മേശയും. ശുദ്ധപട്ടുതുണിയിൽ സ്വർണ്ണനൂലുകളെ കൊണ്ട് നെയ്ത തുണിയാണ് മേശവിരിയായി ഉപയോഗിക്കുന്നത്.

വിളുമ്പുകളിലൂടെ വെളിച്ചം പ്രകാശിച്ചുകൊണ്ടിരിക്കും. സ്വർണ്ണത്തിൽ തീർത്ത പാത്രങ്ങളുടെ പിടി മുത്തുകളാൽ അലംകൃതമാണ്.

ഓരോരുത്തർക്കുമുള്ള ഇരിപ്പിട ക്രമീകരണങ്ങൾ അവരവരുടെ സമ്മാനത്തെയും, സ്ഥാനത്തേയും വിളിച്ചോതുന്നതായിരുന്നു. ആ സമ്മാനത്തിന് അടിസ്ഥാനം അവർക്ക് **ഞാനുമായുള്ള** വിലയേറിയ ബന്ധത്തെ അടിസ്ഥാനപ്പെടുത്തിയായിരിക്കും. ആ സമ്മാനങ്ങളോരോന്നും ഒന്നിനൊന്ന് വ്യത്യസ്തമായിരിക്കും. നീണ്ടതും, സുദൃഢവുമായ **ഞങ്ങളുടെ** ബന്ധത്തിനനുസൃതമായി ഓരോ മക്കൾക്കും ലഭിക്കുന്ന ഉപഹാരങ്ങൾക്ക് വ്യത്യസ്ത അർത്ഥതലങ്ങളുണ്ടായിരിക്കും. **എന്റെ** കല്യാണസദ്യയിൽ ഇത്തരത്തിലുള്ള അത്ഭുതാവഹമായ അനവധി കാര്യങ്ങളുണ്ടായിരിക്കും.

മത്തായി. 22:2 **"സ്വർഗ്ഗരാജ്യം തന്റെ പുത്രന് വേണ്ടി കല്യാണസദ്യ കഴിച്ച ഒരു രാജാവിനോട് സദൃശം".**

എന്റെ ഓരോ മക്കളേയും ശുശ്രൂഷിക്കേണ്ടതിന് ഓരോ ദൂതന്മാരുണ്ടായിരിക്കും. ഭക്ഷണമെല്ലാം ഒരുക്കുന്നത് സ്വർഗ്ഗീയ പാചകശാലയിലായിരിക്കും. അനുചിതമായതൊന്നും അവിടെയുണ്ടായിരിക്കുകയില്ല. എല്ലാ ഭക്ഷ്യവിഭവങ്ങളും സ്വർഗ്ഗീയ അനുപാതത്തിലായിരിക്കും ഉണ്ടാക്കിയിരിക്കുന്നത്. ഭൂമിയിലെ ഭക്ഷ്യവിഭവങ്ങളെല്ലാം ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ കണ്ടീട്ടുള്ളതും, അനുഭവിച്ചീട്ടുള്ളതും, അറിഞ്ഞീട്ടുള്ളതും ആയിരിക്കും. എന്നാൽ സ്വർഗ്ഗീയ വിഭവങ്ങൾ മുമ്പൊരിക്കലും കണ്ടീട്ടില്ലാത്തതായിരിക്കും. അലംകൃതമായ ഭക്ഷ്യമേശകളുടെ സൗന്ദര്യം വർണ്ണനാതീതമായിരിക്കും.

**എന്റെ** മേശ വെളിച്ചം കൊണ്ട് മൂടിയിരിക്കും. മെഴുകുതിരിയുടെ വെട്ടം മേശക്കരുകിൽ ഉണ്ടായിരിക്കും. മനോഹരമായ വിളക്കുകളുടെ ഒളിമങ്ങാത്ത ശോഭയാൽ പ്രഭാപൂരിതമായിരിക്കും അവിടം. **എന്റെ** മക്കൾ വെളിച്ചത്തിന്റെ വസ്ത്രം ധരിക്കും. ഒരു നിഴലും അവശേഷിക്കാതവണ്ണം അവർ വെളിച്ചത്തിൽ ഊളിയിട്ട് ഒഴുകികൊണ്ടിരിക്കും.

യാക്കോബ് 1:17 **"എല്ലാ നല്ല ദാനങ്ങളും, തികഞ്ഞ വരങ്ങളൊക്കെയും ഉയരത്തിൽ നിന്ന്, വെളിച്ചങ്ങളുടെ പിതാവിൽ നിന്ന് തന്നെ ഇറങ്ങി വരുന്നു. അവിടത്തേക്ക് മാറ്റമോ, മാറ്റത്തിന്റെ നിഴലോ ഇല്ല".**

ഭക്ഷണ-പാനീയങ്ങൾ ഉയർത്തികൊണ്ടുള്ള പരസ്പരം ആശംസകൾ ചൊരിയുന്ന ഇടത്തേക്ക് **ഞാൻ എന്റെ** മണവാട്ടിയെ നടത്തും. ഏറ്റവും അഴകുള്ള **എന്റെ** കാന്തയെ കുറിച്ച് എല്ലാവരുടേയും മുമ്പാകെ ഞാൻ പ്രകീർത്തിച്ച് പാടും. സന്തോഷം കളിയാടുന്ന നൃത്തങ്ങളേയും, സംഗീതത്തേയും കൊണ്ട് ചുറ്റുപാടും മുഖരിതമായിരിക്കും.

**എന്റെ** കാന്തയുടെ കാഴ്ചവട്ടത്തെ ഞാൻ അത്യുജ്ജ്വലമാക്കുമ്പോൾ **എന്റെ** പൂർണ്ണ മഹത്വത്തിൽ അവൾ എന്നെ ദർശിക്കും. **എന്റെ** സൗന്ദര്യം അതിലൂടെ വെട്ടിതിളങ്ങും. **എന്റെ** സ്നേഹം പുറത്തേക്കൊഴുകും. അവിടെയുള്ള എല്ലാവരുടേയും ശ്രദ്ധയെ അത് കീഴടക്കും. ഈ മഹത്തായ സന്തോഷസന്ദർഭത്തിന് സാക്ഷ്യം വഹിക്കുന്ന നൃത്ത-സംഗീതങ്ങളിലേക്ക് **എന്റെ പിതാവ്** ദൃഷ്ടി പായിക്കും.

ഞാൻ **എന്റെ** കാന്തയോടൊത്ത് നൃത്തം ചെയ്യുകയും, അങ്ങനെ **ഞങ്ങൾ** ഒന്നെന്ന പോലെ ആയിതീരുകയും ചെയ്യും. **എന്റെ** മക്കൾ നൃത്തചുവടുകളാൽ അതിനെ ഉല്ലാസഭരിതമാക്കുകയും ചെയ്യും. എല്ലാ ഹൃദയങ്ങളും സന്തോഷത്തിൽ ആറാടും. ഒരാളും ദുഃഖിതരാവുകയില്ല. മഹത്വത്തിന്റേയും, സ്നേഹത്തിന്റേയും ഏറ്റവും ഉദാത്തമായ നിമിഷങ്ങളായിരിക്കുമത്.

അന്തരീക്ഷം വെള്ളരിപ്രാവുകളെകൊണ്ട് നിറയും. മനോഹരമായ രീതിയിൽ പറക്കുകയും, എന്റെ മണവാട്ടിക്കുവേണ്ട സന്ദേശം ഉരുവിടുകയും ചെയ്യും. അവൾ അങ്ങേയറ്റം ഭക്ത്യാദരവോടെയുള്ള അവസ്ഥയിലായിരിക്കും.

ഒരു മോതിരത്തോടു കൂടെ ഞാൻ **എന്റെ** പ്രതിശ്രുധവധുവിനെ സദസ്സിന് പരിചയപ്പെടുത്തും. ആ മോതിരത്തിന്മേൽ **ഞങ്ങളുടെ** പേര് എഴുതപ്പെട്ടിരിക്കും.

എല്ലാ നിറത്തിലുള്ള പുഷ്പങ്ങളെ കൊണ്ട് എല്ലായിടവും നിറയപ്പെടും; പുതിയ വർണ്ണങ്ങളും, പഴയവർണ്ണങ്ങളും അതിലുണ്ടായിരിക്കും. മനോഹരമായ സൗരഭ്യവാസനയിൽ അന്തരീക്ഷം മുഖരിതമായിരിക്കും. **എന്റെ** മക്കൾ വർണ്ണനാതീതമായ ആ ഹർഷോന്മാദത്തിൽ അന്തിച്ചിരിക്കും.

ലൂക്കോസ് 15:22 **"എന്നാൽ അപ്പൻ തന്റെ ദാസൻമാരോട് പറഞ്ഞു. വേഗം മേൽത്തരമായ അങ്കികൊണ്ടു വന്ന് ഇവനെ ധരിപ്പിക്കുവിൻ. ഇവന്റെ കൈയിൽ മോതിരവും, കാലിൽ ചെരുപ്പും ഇടുവിക്കുവിൻ.**

എന്റെ ദൂതന്മാർ അന്തരീക്ഷത്തെ പാട്ടുകൊണ്ടും, നൃത്തം കൊണ്ടും, സംഗീതം കൊണ്ടും നിറക്കും. സ്വർഗ്ഗീയ വാദ്യോപകരണങ്ങൾ മനോഹരമായ സംഗീതം മീട്ടും. നക്ഷത്രങ്ങൾ കുഞ്ഞാടിനേയും, തന്റെ കാന്തയേയും ആർപ്പോടെ ഘോഷിക്കും".

ഇയ്യോബ് 38:6-7 **"പ്രഭാത നക്ഷത്രങ്ങൾ ഒന്നിച്ചു ഘോഷിച്ചുല്ലസിക്കുകയും, ദൈവപുത്രന്മാരെല്ലാം സന്തോഷിച്ചാർക്കുകയും ചെയ്തപ്പോൾ, അതിന്റെ അടിസ്ഥാനം ഏതിന്മേൽ ഉറപ്പിച്ചു. അതിന്റെ മൂലകല്ലിട്ടവൻ ആരാകുന്നു".**

കുഞ്ഞാടിന്റെ മഹാ കല്യാണസദ്യക്ക് എല്ലാ സ്വർഗ്ഗീയ സൈന്യങ്ങളും ഒന്നിച്ചു കൂടുകയും, സ്തുതിച്ച് ആർപ്പിടുകയും ചെയ്യും.

എല്ലാവരും രാജാവിനും, **അവന്റെ** കാന്തക്കും, സ്തുതിഘോഷങ്ങൾ മുഴക്കും. കാന്ത തന്നെത്താൻ ഒരുങ്ങിയിരിക്കും. സന്തോഷം തുടങ്ങട്ടെ.

വെളിപ്പാട് 9:7 **"നാം സന്തോഷിച്ച് ഉല്ലസിച്ച് അവിടത്തേക്ക് മഹത്വം കൊടുക്കുക. കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ. അവിടത്തെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു."**

ലോകത്തിന്റെ പാപത്തെ ചുമന്നൊഴിച്ച കുഞ്ഞാട് തന്റെ പ്രിയരുമായി വിശുദ്ധ വിവാഹത്തിലൂടെ ഒന്നിക്കുന്നു. **അവിടത്തെ** നാമം മഹത്തരമായത്. സകല സ്വർല്ലോകരുടെ ഇടയിലും വെച്ച് അവിടത്തെ നാമം ഉച്ചൈസ്ഥരം ഉദ്ഘോഷിക്കപ്പെടുന്നു. **അവൻ** തന്റെ പ്രിയയുമായി വിവാഹസമ്മതത്തിൽ ഏർപ്പെട്ടിരിക്കുന്നു. **അവൻ** അവളുടെ മനസ്സ് കവർന്നിരിക്കുന്നു.

യോഹന്നാൻ 1:29 **"പിറ്റേദിവസം യേശു തന്റെ അടുക്കലേക്ക് വരുന്നത് കണ്ടപ്പോൾ അവൻ പറഞ്ഞു. ഇതാ ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്".**

**എന്റെ** കുഞ്ഞുങ്ങൾ അവരവരുടെ വാസസ്ഥലങ്ങൾ കാണും. ഓ മകളേ അതിന്റെ അഴകും, പ്രതാപവും ഒന്നുവേറെ തന്നെയാണ്.

ഞാൻ സ്നേഹിക്കുന്ന **എന്റെ** മണവാട്ടിക്കുവേണ്ടി ഞാൻ കരുതി വച്ചത് കണ്ണ് കണ്ടിട്ടില്ല; ചെവി കേട്ടിട്ടില്ല.

1 കൊരിന്ത്യർ 2:9 **"ദൈവം അവിടത്തെ സ്നേഹിക്കുന്നവർക്കായി ഒരുക്കിയിട്ടുള്ളവ കണ്ണു കണ്ടിട്ടില്ല; ചെവി കേട്ടിട്ടില്ല. ഒരു മനുഷ്യന്റേയും ഹൃദയത്തിൽ തോന്നിയിട്ടുമില്ല എന്ന് എഴുതപ്പെട്ടിരിക്കുന്നത് പോലെ തന്നെ".**

മകളേ ലോകത്തിന് ചാർത്തി കൊടുക്കുവാൻ കഴിയുന്ന എന്തിനേക്കാളും പതിന്മടങ്ങ് സൗന്ദര്യവും, സന്തോഷവുമുള്ളതാണ് ഈ വാസസ്ഥലങ്ങൾ. **എന്റെ** മണവാട്ടിക്കുവേണ്ടി ഞാൻ ഒരുക്കിവച്ചിരിക്കുന്നതിനോട് തുലനം ചെയ്യുവാൻ, അതിന്റെ മാഹാത്മ്യത്തോട് അടുത്ത് നിൽക്കുവാൻ പറ്റുന്ന ഒന്നും തന്നെ ഈ ഭൂമിയിലില്ല. ഓരോ മക്കളുടേയും താല്പര്യത്തിനും, അഭിരുചിക്കും ഇണങ്ങിയ മട്ടിലാണ് ഓരോ മാളികയും രൂപകല്പന ചെയ്തീട്ടുള്ളത്. ഒരു പോലെയിരിക്കുന്ന രണ്ട് മാളികൾ അവിടെയുണ്ടായിരിക്കുകയില്ല. ഓരോന്നും തന്നിൽ തന്നെ വ്യത്യസ്തവും, മറ്റുള്ളതിൽ നിന്ന് വിഭിന്നവും ആയിരിക്കും.

യോഹന്നാൻ 14:2-3 **"എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്. ഇല്ലായിരുന്നുവെങ്കിൽ ഞാൻ നിങ്ങളോട് പറയുമായിരുന്നു ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ ഞാൻ ആയിരിക്കുന്നേടത്ത് നിങ്ങളും ആയിരിക്കേണ്ടതിന് ഞാൻ വീണ്ടും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർക്കും".**

തങ്ങൾക്കായി ഒരുക്കിയിരിക്കുന്ന വാസസ്ഥലങ്ങൾ കാണുമ്പോൾ എന്റെ മക്കൾ അന്ധാളിച്ചു പോകും. ഓരോ വാസസ്ഥലത്തിന്റേയും ഉടമസ്ഥർക്ക് ആനന്ദം പകരുന്ന തരത്തിലായിരിക്കും അതിന്റെ വിശദാംശങ്ങൾ. അതിന്റെ രൂപകല്പന അവരുടെ ഹൃദയത്തെ വശീകരിക്കുന്നതായിരിക്കും. ഈ അത്യസാധാരണമായ ഭവനത്തിന്റെ അലങ്കാരചാരുതയെ വർണ്ണിക്കുവാനോ, അതിനോട് ചേർത്ത് പറയുവാനോ തക്കതായ യാതൊന്നും തന്നെ ഭൂമിയിലില്ല.

അതിന്റെ ഉള്ളറകളിലെല്ലാം അത്ഭുതം ഒളിപ്പിച്ചു വച്ചിരിക്കുകയാണ്. ഈ വാസസ്ഥലങ്ങളെല്ലാം ചൈതന്യദായകവും, ജീവസ്സുറ്റതുമാണ്. **എന്റെ** മക്കൾ അത്ഭുതനിവാസങ്ങൾ ആസ്വദിക്കേണ്ടതിനും അനുഭവിക്കേണ്ടതിനുമായി അവരെ ആനയിച്ച് കൊണ്ടുപോകും.

**ഞങ്ങൾ** ഈ അവിസ്മരണീയ പ്രവൃത്തികളിൽ ഇഴുകിചേരും. **ഞങ്ങൾ** എല്ലാം പൊട്ടിച്ചിരിക്കുകയും, അങ്ങേയറ്റം അതിന്റെ അറ്റത്തോളം ഇറങ്ങി ചെല്ലുകയും ചെയ്യും. ആ ആവേശത്തിന് അവസാനമുണ്ടായിരിക്കുകയില്ല. അവിടെ ഉദ്യാനങ്ങൾ ഉണ്ടായിരിക്കുകയും, ആദിയോടന്തം സന്തോഷം പരിലസിക്കുകയും ചെയ്യും.

അന്തരീക്ഷം സംഗീതസാന്ദ്രവും, സുഗന്ധപൂരിതവുമായിരിക്കും. ഓരോ ഭവനവും, സ്നേഹം കൊണ്ടും, ഉല്ലാസഘോഷം കൊണ്ടും നിറഞ്ഞിരിക്കും. ഏകാന്തതയെന്നത് സ്വർഗ്ഗത്തിന് തീർത്തും അപരിചിതമായ അവസ്ഥയാണ്. **എന്റെ** മക്കളോടൊത്ത് ഉല്ലസിക്കാനും അവരോടുത്തുള്ള കൂട്ടായ്മ സുന്ദരസുരഭിലമാക്കാനും **ഞാൻ** അവരെ വിട്ടുപിരിയാതെ അവരോടൊപ്പമായിരിക്കും.

സങ്കീർത്തനം 36:8 **"അങ്ങയുടെ ആലയത്തിലെ പുഷ്ടി അവർ അനുഭവിച്ച് തൃപ്തി പ്രാപിക്കുന്നു. അങ്ങയുടെ ആനന്ദ നദി അങ്ങ് അവരെ കുടിപ്പിക്കുന്നു".**

അവരുടെ ഓരോ ചലനവും **എന്റെ** സ്നേഹത്താൽ ചുറ്റപ്പെട്ടിരിക്കും. ഉല്ലാസവും, സ്നേഹവും, സന്തോഷവുമാണ് നിത്യതയിലെ പ്രതിഫലങ്ങൾ. വാക്കുകളെ കൊണ്ട് വിവരിക്കുവാൻ പറ്റാത്ത സന്തോഷത്തിന്റെ പരിപൂർണ്ണതയും, അവസാനിക്കാത്ത പരമാനന്ദവുമായിരിക്കും നിത്യഭവനത്തിലെ ജീവിതാന്തരീക്ഷം.

ഇപ്പറഞ്ഞതെല്ലാം വരാൻ പോകുന്നതിന്റെ കേവലം ചില രുചിക്കൂട്ടുകൾ മാത്രമാണ്. **എന്റെ** മക്കളെ കാത്തിരിക്കുന്ന അനിർവ്വചനീയമായ ആനന്ദലബ്ദിയെകുറിച്ചുള്ള ചെറിയൊരു ധാരണപോലും **എന്റെ** മക്കൾക്കില്ല. ഭൂമിയിൽ നിലനിൽക്കുന്ന, ലഭ്യമായ

എല്ലാ ചായകൂട്ടുകളും ഉപയോഗിച്ച് വരച്ചാൽ പോലും **എന്റെ** മക്കളെ കാത്തിരിക്കുന്ന നിത്യതയുടെ നിത്യമനോഹാരിതമായ ചിത്രം വരക്കുവാൻ സാധ്യമല്ല. ഓരോരുത്തരും വ്യക്തിപരമായി അതിന് സാക്ഷ്യം വഹിക്കുമ്പോൾ മാത്രമേ ആ സുന്ദരദേശത്തിന്റെ യഥാർത്ഥ വിവരണം ലഭ്യമാവുകയുള്ളു.

അതുകൊണ്ട് **എന്റെ മക്കളെ** നിലനിൽക്കുന്ന രാജ്യത്തിലെ ഭവനത്തിന് ഓഹരിക്കാരായി; സ്വർഗ്ഗീയസന്തോഷത്തിന് അംശികളായി തീരുക. വിശേഷിച്ച് **എന്റെ** മണവാട്ടിക്കായി വിരിച്ചൊരുക്കിയ ആ സ്നേഹകരുതലിലേക്ക് നിങ്ങൾ കടന്നു വരിക.

സങ്കീർത്തനം 16:11 **"ജീവന്റെ വഴി അങ്ങ് എനിക്ക് കാണിച്ചു തരും. തിരുസന്നിധിയിൽ സന്തോഷപരിപൂർണ്ണതയും, അങ്ങയുടെ വലത്തുഭാഗത്ത് എന്നും പ്രമോദങ്ങളും ഉണ്ട്".**

ഒരു വോയ്സ് ഓഫ് ഗോസ്പൽ പ്രസിദ്ധീകരണം.

# പാഠം 8
# എടുത്തുകൊള്ളപ്പെടേണ്ടതിനായുള്ള ഒരുക്കം

നമുക്കാരംഭിക്കാം. എന്റെ മകളേ എടുത്തുകൊള്ളപ്പെടേണ്ടതിനുമുമ്പായി ഒരുപാട് ഒരുക്കം ആവശ്യമായിട്ടുണ്ട്. എന്നെ കൂടുതലായി അടുത്തറിയേണ്ടതിന് വേണ്ടി ജീവിതത്തിന്റെ ഏറ്റവും പ്രസന്നമായ സമയത്ത്, ലോകത്തിന്റെ ആരാവാരങ്ങളില്ലാത്ത തീർത്തും സ്വകാര്യമായ ഇടങ്ങളിൽ ഞാനുമായി എന്റെ മക്കൾ സ്നേഹ കൂട്ടായ്മ ആചരിക്കണം. അവരുടെ അകമഴിഞ്ഞ ശ്രദ്ധയും, അളവറ്റ ചങ്ങാത്തവും ഞാൻ ആഗ്രഹിക്കുന്നുണ്ട്. ഈ ലോകത്തിന്റെ സകല കെട്ടുപാടുകളിൽ നിന്ന് സ്വതന്ത്രമായ സമ്പൂർണ്ണവും, പരിപൂർണ്ണ വിധേയത്വവുമുള്ള അവരുടെ ഹൃദയങ്ങളെയാണ് എനിക്ക് ആവശ്യം.

സങ്കീർത്തനം 91:1 **"അത്യുന്നതന്റെ മറവിൽ വസിക്കുകയും, സർവ്വശക്തന്റെ നിഴലിൽ കീഴിൽ പാർക്കുകയും ചെയ്യുന്നവൻ".**

**എന്റെ** മക്കൾ ലോകത്തോട് ഇഴുകി ചേർന്നിരിക്കുകയാണ്. അവർക്ക് ആവശ്യമായതെല്ലാം ഈ ലോകത്തിന്റെ കൈപിടിയിലുണ്ടെന്നാണ് അവർ ധരിച്ചുവച്ചിരിക്കുന്നത്. ഈ ലോകം ശൂന്യവും, തണുത്ത് ഖനീഭവിച്ച ഹൃദയവുമുള്ളതാണ്. ഓരോരുത്തനും താന്താന്റെ കാര്യം മാത്രം നോക്കുന്ന സ്വാർത്ഥമതികളും, അടുത്തവന്റെ ആവശ്യങ്ങൾക്ക് നേരെ യാതൊരു കരുണയുമില്ലാതെ കണ്ണടക്കുന്നവരുമാണ്. നായയെ തിന്നുന്ന നായ്ക്കളെ കൊണ്ട് നിറഞ്ഞിരിക്കുന്നതാണ് ലോകം. സ്വന്തം സ്വാർത്ഥ താൽപര്യങ്ങളുടെ നിവർത്തിക്കുവേണ്ടി മറ്റുള്ളവരിൽ നിന്ന് എന്തെങ്കിലും ലഭിക്കുമോ എന്ന ദുരാർത്തിയോടെ ഒരുവന്റെ പുറകെ മറ്റൊരുവൻ പായുന്ന ഓട്ടക്കളമാണ് ഈ ലോകം. ആശിക്കാൻ വകയില്ലാത്തതും, സങ്കടങ്ങൾ കൊടികുത്തിവാഴുന്നതുമാണ് ലോകം. കാര്യങ്ങൾ ഇങ്ങനെ ആണെന്നിരിക്കേ; **എന്റെ** മക്കൾ ഇപ്പോഴും തങ്ങളുടെ ഭാവികാല

ആവശ്യങ്ങൾക്ക് വേണ്ടി മുറുകെ ചേർത്ത് പിടിക്കുന്നത് ലോകത്തേയാണ്. നഷ്ടവഴികളെ പ്രോത്സാഹിപ്പിക്കുന്ന വക്താക്കളുടെ മാന്ത്രീകവിദ്യയിൽ **എന്റെ** മക്കൾ വശീകരിക്കപ്പെട്ടു.

ഈ ശുദ്ധവിവരക്കേടിൽ നിന്ന് **എന്റെ** മക്കൾ തിരിഞ്ഞ് ജീവനുള്ള, അവരെ സൃഷ്ടിച്ച, ഈ ജീവിതത്തിലേയും, അതിനുശേഷവുമുള്ള സകല കാര്യങ്ങൾക്കും കൃത്യവും, വ്യക്തവുമായ ഉത്തരമുള്ള അവരുടെ **ദൈവത്തിങ്കലേക്ക്** മടങ്ങി വരേണ്ടിയിരിക്കുന്നു.

എല്ലാ മനുഷ്യരുടേയും, ശ്വാസമുള്ള സകല ജീവികളുടേയും **മഹാ ദൈവം** ഞാനാകുന്നു. നിത്യജീവന്റെ താക്കോൽ **എന്റെ** പക്കലുണ്ട്. **എന്റെ** ഭൂമിയിലേക്കുള്ള മഹത്തായ മടങ്ങിവരവിനു മുമ്പായി, **എന്റെ** കാന്തയെ ചേർക്കുന്നതിന് മുമ്പായി, ഈ ഭൂമിയെ അതിന്റെ അകൃത്യങ്ങൾക്ക് തക്കവിധം ന്യായം വിധിക്കുന്നതിന് മുമ്പായി നിന്നെയും, നിനക്കുള്ള സകലത്തേയും **എന്റെ** മുമ്പാകെ അടിയറവെക്കുക.

ഇയ്യോബ് 12:10 **"സകല ജീവജന്തുക്കളുടേയും പ്രാണനും, സകല മനുഷ്യവർഗ്ഗത്തിന്റേയും ശ്വാസവും ദൈവത്തിന്റെ കൈയിൽ ഇരിക്കുന്നു"**.

ഇതാണ് ഏറെ കുറെ സംഭവിക്കുവാൻ പോകുന്നത്. **എന്റെ** മണവാട്ടിയിൽ നിന്നും, ഞാൻ രക്ഷിച്ചെടുത്ത മക്കളിൽ നിന്നും സമ്പൂർണ്ണവിധേയത്വം വളരെ ആവശ്യമാണ്. ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയുമില്ല. പൂർണ്ണമായി അടിയറവെച്ചെങ്കിൽ മാത്രമേ നിങ്ങളുടെ ആത്മാവിനോട് ശുശ്രൂഷിക്കുവാൻ **എന്റെ** ആത്മാവിനെ അനുവദിക്കുകയുള്ളു. നിങ്ങളുടെ ആത്മാവ് പുതുക്കം പ്രാപിക്കേണ്ടതിനും, നിങ്ങളെ വീണ്ടെടുത്ത **എന്റെ** രക്തത്താൽ നിങ്ങളുടെ ഹൃദയത്തെ ശുദ്ധീകരിക്കേണ്ടതിനും പൂർണ്ണമായ കീഴടങ്ങൽ അനിവാര്യമാണ്. **എന്റെ** വചനത്താലുള്ള പ്രകാശനം ലഭിക്കേണ്ടതിനും ഇത് അത്യാവശ്യമാണ്. നിങ്ങളുടെ പ്രാണനെ വിടുവിക്കേണ്ടതിനും, കറ, കളങ്കം, വാട്ടം, ചുളുക്കം എന്നിവയൊന്നും ഏശാതെ ശുഭ്രയും, ശുഭ്രവുമായി നിങ്ങൾ നിലനിൽക്കേണ്ടതിനും, ഉൾപ്രാപണത്തിന്

നിങ്ങൾ തീർത്തും യോഗ്യരാണെന്ന് ഉറപ്പിക്കേണ്ടതിനും ഇത് അത്യാവശ്യമാണ്. ഞാനീപറയുന്ന കാര്യത്തിൽ നിനക്ക് എന്തെങ്കിലും സന്ദേഹമുണ്ടെങ്കിൽ **എന്റെ** വചനം വായിച്ചു നോക്കുക.

എഫേസ്യർ 5:25-27 **"ഭർത്താക്കന്മാരെ, ക്രിസ്തുവും സഭയെ സ്നേഹിച്ചതു പോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ. അവിടന്ന് അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി ശുദ്ധീകരിക്കേണ്ടതിനും, കറ, ചുളുക്കം, മുതലായത് ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും, നിഷ്കളങ്കയുമായി തനിക്ക് തന്നെ തേജസ്സോടെ മുൻനിറുത്തേണ്ടതിനും".**

പരിശുദ്ധാത്മ നിറവിനു വേണ്ടി പ്രാർത്ഥിക്കുവിൻ. നിങ്ങളുടെ ജീവിതത്തെ യാഗമായി സമർപ്പിക്കുവിൻ. പാപത്തെ കുറിച്ച് പശ്ചാത്തപിക്കുവിൻ. **എന്റെ** മുമ്പാകെ, നിങ്ങളുടെ ആകായ്മയേയും, അവിശ്വസ്തതകളേയും ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് അനുതാപാർദ്രമായ ഹൃദയത്തോടെ ഉപവാസമിരിപ്പിൻ. ഞാൻ നിങ്ങളുടെ പരിശുദ്ധനായ **ദൈവമാകുന്നു**. ഞാൻ നിങ്ങളെ കുറവ് തീർത്ത് പണിതെടുക്കും. ശാശ്വത സത്യമായ **എന്റെ** വഴിയിലേക്കും, **എന്റെ** ഹിതത്തിലേക്കും ഞാൻ നിങ്ങളെ കൈപിടിച്ച് നടത്തും.

നിങ്ങളുടെ ഹിതം നിശ്ചയമായും നിങ്ങളെ നിത്യനാശത്തിലേക്ക് നടത്തും. **എന്റെ** വചനം വിളിച്ചുപറയുന്നതു പോലെ അത് വീതിയും, വിശാലവുമായ വീഥിയാണ്. അതുകൊണ്ട് **എന്റെ ഹിതത്തിലേക്ക്** തിരിഞ്ഞുവരുവിൻ. അത് ഇടുങ്ങിയവഴിയാണ്. സുരക്ഷിതമായ പാതമാണ്. ഞാൻ നിങ്ങളെ അതിലൂടെ നടത്തും.

മത്തായി 7:13-14 **"ഇടുക്കുവാതിലൂടെ" അകത്തു കടപ്പിൻ, നാശത്തിലേക്ക് പോകുന്ന വാതിൽ വീതിയുള്ളതും, വഴി വിശാലവും, അതിൽ കൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവനിലേക്ക് പോകുന്ന വാതിൽ ഇടുക്കവും, വഴി ഞെരുക്കവുമുള്ളത് അത് കണ്ടെത്തുന്നവർ ചുരുക്കമത്രേ".**

**എന്റെ വചനം** വെളിച്ചത്തിന്റെ മാർഗ്ഗത്തിലേക്ക് നിന്നെ നയിക്കും. മറ്റെല്ലാമാർഗ്ഗങ്ങളും ആത്യന്തികമായ മഹാനാശത്തിലേക്കാണ്

നിങ്ങളെ കൊണ്ടു ചെന്നെത്തിക്കുന്നത്. **എന്റെ വെളിച്ചത്തിലേക്കും, എന്റെ ഹിതത്തിലേക്കും** വന്നാട്ടെ. നിന്റെ കൊച്ചുജീവിതം **എനിക്ക്** തന്നാട്ടെ. ഞാൻ നിന്റെ പൂർവ്വ പാപങ്ങളെ മോചിപ്പിച്ച്, നിന്റെ പാപത്തിന്റെ കൊടിയ അടിമത്വത്തിൽ നിന്ന് നിന്നെ വിടുവിച്ച് സന്തോഷകരമായ സ്വാതന്ത്ര്യത്തിലേക്ക് നടന്നടുക്കുവാനുള്ള ജീവന്റെ വഴി ഞാൻ നിനക്ക് കാണിച്ചു തരുന്നതായിരിക്കും.

സങ്കീർത്തനം 119:105 **"അങ്ങയുടെ വചനം എന്റെ കാലിന് വെളിച്ചവും, എന്റെ പാതക്ക് പ്രകാശവുമാകുന്നു".**

നിന്നെ കെട്ടിപൂട്ടിയിരിക്കുന്ന പാപത്തിന്റെ ബന്ധനം അതെന്ത് തന്നെയാണെങ്കിലും കാര്യമാക്കേണ്ട. അതിൽ നിന്ന് നിന്നെ ഉദ്ധരിച്ചെടുക്കുവാൻ **എനിക്ക്** കഴിയും. പക്ഷേ ആദ്യം നീ കീഴടങ്ങണം, നീ അനുതപിക്കണം, നീ പശ്ചാത്താപവിവശനാകണം. നീ പാപിയാണെന്ന് ഏറ്റുപറഞ്ഞ് അംഗീകരിച്ച് അതിന്റെ പിടിയിൽ നിന്ന് രക്ഷപ്പെടണമെന്നുള്ള ആത്മാർത്ഥമായ ഹൃദയാഭിലാഷത്തിൽ നിന്ന് ജന്മമെടുക്കുന്ന നിർമ്മലമായ മാനസാന്തരം നിന്നിൽ നിന്ന് ഉണ്ടാകണം. നിന്നെ കെട്ടി വരിഞ്ഞ് മുറുക്കിയിരിക്കുന്ന പാപത്തിന്റെ കെട്ടുകളെ അഴിച്ച് നിന്നെ സ്വതന്ത്രനാക്കുന്നതിൽ ഞാൻ അങ്ങേയറ്റം ആനന്ദിക്കുന്നവനാണ്. നിന്നെ പാപത്തിന്റെ കാൽതുറുങ്കിൽ അടച്ചിരിക്കുന്നതെന്താണെങ്കിലും **എനിക്കത്** വിഷയമേയല്ല. ഞാൻ നിന്നെ വിടുവിച്ച് പുറത്തു കൊണ്ടു വരും.

അസാദ്ധ്യമായി **എനിക്ക്** ഒന്നും തന്നെയില്ല. ഒന്നും തന്നെ ബദ്ധന്മാരെ സ്വതന്ത്രരാക്കേണ്ടതിനു വേണ്ടിയാണ് ഞാൻ വന്നതു തന്നെ. നിനക്കും അത് പ്രാപിക്കാം. പക്ഷേ ചോദിക്കണം.

ലൂക്കോസ് 1:37 **"ദൈവത്തിന് ഒരു കാര്യവും അസാദ്ധ്യമല്ലല്ലോ".**

ഈ ഭാരത്തിൽ നിന്ന് നിന്നെ **ഞാനൊന്ന്** മുക്തനാക്കി കൊള്ളട്ടെ. നിന്റെ സങ്കടങ്ങളും, ആകുലതകളും **ഞാനൊന്ന്** എടുത്ത് മാറ്റികൊള്ളട്ടെ. നിന്റെ പ്രയാസങ്ങളെ ചുമന്നൊഴിച്ചു കൊണ്ട് നിന്റെ പ്രാണനെ **ഞാനൊന്ന്** തണുപ്പിച്ചുകൊള്ളട്ടെ. **എന്റെ** മഹത്തായ വരവിനുവേണ്ടി **ഞാനൊന്ന്** നിന്നെ ഒരുക്കികൊള്ളട്ടെ.

ഇതെല്ലാം ചെയ്യുന്നതിന് മുമ്പായി ഒരു കാര്യം നിന്റെ ഭാഗത്തു നിന്നുണ്ടാകണം. അത് മറ്റൊന്നുമല്ല; പരിപൂർണ്ണമായ അടിയറവ്. **എന്റെ** മുഖപ്രകാശത്തിൽ നീ നീതിമാനായി വിളങ്ങേണ്ടതിന് സകല ബുദ്ധിയേയും കവിയുന്ന ദിവ്യസമാധാനത്താൽ ഞാൻ നിന്നെ നിറക്കും. **എന്നോടും പിതാവിനോടും, പരിശുദ്ധാത്മാവിനോടും** കൂടെ നിർമ്മലനായി നീ നിൽക്കത്തക്ക നിലവാരത്തിന്റെ ഔന്നത്യത്തിലേക്ക് ഞാൻ നിന്നെ ആക്കിതീർക്കും.

ഫിലിപ്പിയർ 4:7 **"എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളേയും, നിനവുകളെയും കാക്കും".**

ഈ സ്നേഹം വാങ്ങാനോ, വിൽക്കാനോ കഴിയുന്നതല്ല. ഇത് തീർത്തും സൗജന്യമാണ്. എടുക്കുന്നവർക്ക് ഇത് സൗജന്യമാണ്. യാചിക്കുന്നവർക്ക് ഇത് സൗജന്യമാണ്. **എന്റെ** മടങ്ങി വരവിന്റെ സമയവും, നാഴികയും ഇങ്ങെത്തിയിരിക്കുന്നു എന്നുള്ളതിനാൽ; സമയം വളരെ ചുരുക്കമായതിനാൽ കാര്യങ്ങളെല്ലാം തിടുക്കത്തോടെ, ബദ്ധപ്പെടുത്തി ക്രമീകരിക്കുക. അല്പം പോലും താമസിക്കരുത്. **എന്റെ** രക്തത്താലുള്ള കഴുകൽ പ്രാപിച്ചുകൊണ്ടുള്ള ഒരുക്കത്തിന്റെ സമയം ഇതാ ഇപ്പോഴാകുന്നു.

1 യോഹന്നാൻ 1:7 **"അവിടന്ന് വെളിച്ചത്തിൽ ഇരിക്കുന്നത് പോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്ക് തമ്മിൽ തമ്മിൽ കൂട്ടായ്മയുണ്ട്. അവിടത്തെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു".**

മകളേ നമുക്ക് തുടങ്ങാം. ഇന്ന് ഞാൻ സംസാരിക്കുവാൻ ആഗ്രഹിക്കുന്നത് ആ സമയത്തിനുശേഷം അവശേഷിക്കുന്നവരുടെ അവസ്ഥയെകുറിച്ചാണ്.

ഉൾപ്രാപണത്തിന് ശേഷമുള്ള ലോകം മുമ്പത്തേ പോലെയായിരിക്കുകയില്ല. ലോകത്തിലെല്ലായിടത്തും വൻതോതിലുള്ള മഹാ പരിവർത്തനങ്ങൾ സംഭവിക്കും. ലോകത്തിന്റെ മുഖഛായ തന്നെ മാറി പോകും. ഉഗ്രഭയം നാടിനെ നടുക്കികളയും. നനഞ്ഞപടക്കം

പോലെയിരുന്ന **എന്റെ** കുഞ്ഞുങ്ങൾക്ക് കാര്യങ്ങളുടെ ഗുരുതരാവസ്ഥ പിടികിട്ടും. എന്താണ് സംഭവിക്കുന്നതെന്നത് അവർ വ്യക്തമായി ഗ്രഹിക്കും; തൽഫലമായി മഹാഭയം അവരുടെ ഹൃദയങ്ങളെ അടക്കി ഭരിക്കും.

ലോകത്തിന്റെ പ്രവർത്തനം സാധാരണഗതിയിലായിരിക്കുകയില്ല. എന്തിനധികം; ഭൂപ്രകൃതിക്കും സാരമായ മാറ്റം സംഭവിക്കും.

കലാപങ്ങളും, കൊള്ളയും, കൊള്ളിവയ്പുംമൂലം എല്ലായിടവും കലുഷിതമാവും. സ്വയം പ്രതിരോധിക്കാൻ കഴിയാത്തവണ്ണം നിരാശ്രയരായ ജനകൂട്ടത്തെ പോലെ ജനങ്ങൾ ചിതറും. ചുറ്റുപാടുമുള്ള ജനങ്ങൾ പതിയിരുന്ന് ഇരയെ റാഞ്ചിയെടുക്കുന്നവരെപ്പോലെയും, കരുണയില്ലാതെ കവർന്നെടുക്കുന്ന കശ്മലന്മാരെയുംപ്പോലെ ആയിതീരും.

ജനത്തെ രക്ഷിച്ചെടുക്കുവാൻ ആരും ഇല്ലാത്തവണ്ണം സാമൂഹീകാന്തരീക്ഷം അങ്ങേയറ്റം കുഴഞ്ഞുമറിയും.

ഭൂമിയിൽ സംഭവിക്കുന്ന ശീഘ്രനാശം മുഖാന്തരമായി അനേകർക്ക് ജീവൻ വെടിയേണ്ടതായി വരും. ലോകത്തിന്റെ സകല സ്ഥലങ്ങളും മുമ്പുണ്ടായിരുന്നപ്പോലെ തന്നെ തുടർന്നും നിലനിൽക്കാതിരിക്കത്തക്കവണ്ണം ഞൊടിനേരം കൊണ്ട് അനേകം കൂട്ടക്കുരുതികൾ സംഭവിക്കും.

1 തെസ്സലോനിക്യർ 5:3 **"അവർ സമാധാനമെന്നും, നിർഭയമെന്നും പറയുമ്പോൾ ഗർഭിണിക്ക് പ്രസവവേദന വരുംപോലെ അവർക്ക് പെട്ടെന്ന് നാശം വന്ന് ഭവിക്കും. അവർക്ക് തെറ്റിയൊഴിയാവതുമല്ല".**

ആശങ്ക ഭൂഗോളത്തിന്റെ എല്ലാ മുക്കിലും, മൂലയിലും മുളപൊട്ടും. ആശ്വാസത്തിനുവേണ്ടി ഒരിടവും കാണുകയില്ല. പേരിനു പോലും ഭക്ഷ്യസാധനങ്ങൾ ഉണ്ടാവുകയില്ല. എവിടെ തിരിഞ്ഞാലും നിരാശ മാത്രം തളംകെട്ടി കിടക്കും.

എതിർക്രിസ്തു ലോകത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുന്ന കാലയളവോളം ഈ ദുരന്തപൂർണ്ണമായ സാഹചര്യം തുടർന്നുകൊണ്ടിരിക്കും.

ആദ്യഘട്ടത്തിൽ അക്രമാസക്തരായ ജനങ്ങൾക്ക് ഒരാശ്വാസം എന്ന് തോന്നത്തക്കവണ്ണം കാര്യങ്ങൾ സാധാരണനിലയിലേക്ക് തിരിഞ്ഞു എന്നുള്ള പ്രതീതി ഉളവാക്കുമെങ്കിലും; ആത്യന്തീകമായി അനേകരെ മരണത്തിലേക്ക് ആനയിക്കും. എതിർക്രിസ്തുവിന്റെ ഭരണവ്യവസ്ഥയെ അംഗീകരിക്കാൻ വിസമ്മതിക്കുന്നവരെ കഠിന പീഠനത്തിനും, ഉപദ്രവത്തിനും, ദണ്ഡനത്തിനും ഏൽപ്പിച്ചു കൊടുക്കും.

അവന്റെ വ്യവസ്ഥയുടെ ഭാഗമായി തീരാൻ വിസമ്മതിക്കുന്ന വർക്ക് ഒട്ടും ശുഭകരമല്ലാത്ത അവസ്ഥയെ നേരിടേണ്ടതായി വരും. തീർത്തും ദാക്ഷിണ്യമില്ലാതെ ക്രൂരമായിട്ടായിരിക്കും അവൻ ഇടപെടുന്നത്. ദുഷ്ടതയുടെ മൂർത്തീ മത് ഭാവമാണവൻ. മുഴുലോക ത്തേയും തന്റെ ക്രൂരമായ ഏകാധിപത്യത്തിൻ കീഴിലേക്ക് അവൻ കൊണ്ടുവരും. ഭൂമിയിലെ എല്ലാപ്രദേശങ്ങളും അവന്റെ നിയന്ത്ര ണത്തിന് വഴങ്ങി കൊടുക്കും. ഉൾപ്രാപണത്തിൽ എടുക്കപ്പെടാ ത്തവർ ഒരിറ്റ് ആശ്വാസത്തിന് വേണ്ടി നിരാശാഭരിതരായി കൂടികുഴഞ്ഞ ഈ അന്തരീക്ഷത്തിൽ അലഞ്ഞു നടക്കും.

മാനവരാശിയുടെ ചരിത്രത്തിലെ ഏറ്റവും ഇരുണ്ടദിനങ്ങളായി രിക്കുമത്. ഒരാശ്വാസത്തിന് വേണ്ടി അനേകർ തങ്ങളെതന്നെ കൊല്ലും. ആ മാർഗ്ഗം **എന്റെ** പരിഹാരത്തിന്റെ മാർഗ്ഗമല്ല. അതു കൊണ്ട് അത്തരത്തിലൊരാളായി ഒരിക്കലും തീരരുത്.

തന്റെ നിയന്ത്രണത്തിന്റെ ഭാഗമായി മൃഗത്തിന്റെ മുദ്ര സക ലരും ഏൽക്കണമെന്ന് എതിർക്രിസ്തു വളരെ ദൃഢമായി കല്പിക്കും. മുദ്രയേൽക്കാതിരിക്കുന്നവരെല്ലാം ഒട്ടൊഴിയാതെ കൊല്ലപ്പെടും. ഇതിൽ നിന്ന് ആർക്കും തന്നെ ഒഴിവുകഴിവുണ്ടായിരിക്കുകയില്ല.

വെളിപ്പാട് 13:16-17 **"അത് ചെറിയവരും, വലിയവരും, സമ്പന്ന ന്മാരും, ദരിദ്രന്മാരും, സ്വതന്ത്രന്മാരും, ദാസന്മാരുമായ എല്ലാവർക്കും വലംകൈമേലോ, നെറ്റിയിലോ മുദ്ര കിട്ടുമാറും മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ, വിൽക്കുകയോ ചെയ്‌വാൻ വഹിയാതെയും ആക്കുന്നു".**

വെളിപ്പാട് 14:11 **“അവരുടെ ദണ്ഡനത്തിന്റെ പുക എന്നെന്നേക്കും പൊങ്ങും. മൃഗത്തേയും, അതിന്റെ പ്രതിമയേയും നമസ്ക്കരിക്കുന്നവർക്കും, അതിന്റെ പേരിന്റെ മുദ്ര ഏൽക്കുന്ന ഏവനും രാവും, പകലും ഒരുസ്വസ്ഥതയും ഉണ്ടാവുകയില്ല”.**

**എന്റെ** രാജ്യത്തിൽ കടക്കേണ്ടതിന് കൊടുക്കേണ്ട വില എത്ര വലിയതാണെന്ന് അന്നാളിൽ **എന്റെ** ശീതോഷ്ണവാന്മാരായ ഭക്തന്മാർ മനസ്സിലാക്കും. അതുകൊണ്ട് എതിർക്രിസ്തുവിന് വഴങ്ങികൊടുക്കാതെ; അനേകർ തങ്ങളുടെ വിശ്വാസം ഹേതുമായി മരണം വരിക്കും. ഇങ്ങനെ മരിക്കുന്നവരുടെ എണ്ണം എണ്ണമറ്റതായിരിക്കും.

എത്ര പേർ മരിച്ചുവീണു എന്നതൊന്നും എതിർക്രിസ്തുവിന് വിഷയമല്ല. അധികാരത്തിനും, ആധിപത്യത്തിനും വേണ്ടി അമിതാസക്തി അവന്റെ ഹൃദയത്തെ ഭരിക്കും. ജീവൻ വെടിഞ്ഞ അനേകരെ കുറിച്ച് അവന് യാതൊരുവിധ ചിന്താകുലവും ഉണ്ടായിരിക്കില്ല. **എന്റെ** നാമത്തിൽ പ്രവചിക്കുന്നവർക്ക് ഇരുണ്ട ദിവസങ്ങളായിരിക്കുമത്. അനേകർക്ക് മരണവാറന്റ് സമ്മാനിക്കുന്ന ഒന്നായിരിക്കും **എന്റെ** പേര്. എതിർക്രിസ്തുവിന്റെ ഭരണവ്യവസ്ഥയോട് മത്സരിക്കുന്ന വിമതശബ്ദത്തിന്റെ പ്രതിനിധിയായിരിക്കും **എന്റെ** പേര്. **എന്നേയും, എന്റെ മാർഗ്ഗത്തേയും** ഭൂമുഖത്തുനിന്ന് നിർമാർജ്ജനം ചെയ്യുക എന്നതാണ് അവരുടെ ആഗ്രഹം.

മക്കളേ വരാൻ പോകുന്ന ഇരുണ്ട നാളുകളുടെ ഭീകരത എത്ര ഭയങ്കരമാണെന്നറിയാമോ. ഇരുണ്ട നാളുകൾ കഴിഞ്ഞ കാലങ്ങളിൽ ഭൂമിയിൽ ഉണ്ടായിരുന്നു; എന്നാൽ വരുവാനിരിക്കുന്ന ദിവസങ്ങളിലെ അന്ധകാരത്തോളം വരില്ല അതൊന്നും. ഗർഭിണികൾക്കും, മുലയൂട്ടുന്നവർക്കും സന്തോഷം പ്രദാനം ചെയ്യുന്ന സ്ഥലങ്ങളല്ല ഇതൊന്നും. കൂരിരുട്ട് എവിടേയും ആധിപത്യമുറപ്പിക്കും. മന്ദോഷ്ണഗതിയിലുള്ള **എന്റെ** സഭ അഭിമുഖീകരിക്കുവാൻ പോകുന്ന ദുര്യോഗമാണിത്.

ശീതോഷ്ണാവസ്ഥയിലുള്ള സകല സഭകളും വലിയ അളവിൽ **എങ്കലേക്ക്** തിരിയും. മുമ്പൊരിക്കലുമില്ലാത്തവിധം ജനം

**എന്നെ** അന്വേഷിക്കും. ഞാൻ അവിടെ ഉണ്ടായിരിക്കും എന്നുള്ളത് സത്യം തന്നെയാണെങ്കിലും, അവർ കഠിന ശോദനയിലൂടെ കടന്നു പോകേണ്ടതായി വരും. കുടുംബബന്ധങ്ങൾ ശിഥിലീകരിക്കപ്പെടും. ദുഃഖം അവരെ വിടാതെ പിന്തുടരും. ഇതെല്ലാം വന്നുഭവിച്ചതിന്റെ ഏക കാരണം **എന്റെ** മക്കൾ അവരുടെ ഹൃദയം കഠിനമാക്കുകയും, പലപ്പോഴായി ഞാൻ കൊടുത്ത മുന്നറിയിപ്പുകളെ തീർത്തും തള്ളികളഞ്ഞു കൊണ്ട് അങ്ങേയറ്റം ദുഃശ്ശാഠ്യം കാണിച്ചതുകൊണ്ടും മാത്രമാണ്. സ്നേഹാതിരേകത്താൽ അവൾ **എന്നെ** അടുത്തറിയാൻ ശ്രമിച്ചിരുന്നുവെങ്കിൽ, ഉറച്ച നിലവിളിയോടും, തകർന്ന ഹൃദയത്തോടും, തികഞ്ഞ അനുതാപത്തോടും കൂടെ അവർ മാനസാന്തരപ്പെട്ടിരുന്നുവെങ്കിൽ, **എന്റെ** മക്കൾ **എന്നിലേക്ക്** വന്നിരുന്നുവെങ്കിൽ ഇതെല്ലാം ഒഴിവാക്കാൻ കഴിയുമായിരുന്നു. ഒട്ടും താമസിക്കാതെ വിരിച്ചു പിടിച്ച്; അവർക്കായി കാത്തിരിക്കുന്ന കരവലയത്തിനകത്തേക്ക് ഓടിയടുക്കുക. **എന്റെ** മടങ്ങി വരവിന്റെ നാളും, നാഴികയും സംബന്ധിച്ചുള്ള യാഥാർത്ഥ്യങ്ങളെ ഞാൻ അവർക്ക് കാണിച്ചു കൊടുക്കുകയും, എന്റെ മണവാട്ടി എങ്ങനെ തന്നെത്താൻ ഒരുക്കി കാത്തിരിക്കണമെന്ന് ഞാൻ അവരെ അറിയിക്കുകയും ചെയ്യും.

മക്കളേ ഇനിയും സമയം പാഴാക്കാതെ ഓടിവരിക; ഈ കെടുതികളിൽ നിന്നെല്ലാം നിങ്ങളെ രക്ഷിക്കേണ്ടതിനായി ഞാനിതാ കാത്തുനിൽക്കുന്നു. ഞാൻ **മഹാവിമോചകൻ** ആകുന്നുവെന്ന് നിങ്ങൾ അറിയാതിരിക്കരുത്. നിങ്ങളെ രക്ഷിക്കുക എന്നുള്ളതാണ് എന്റെ വാഞ്ച. ആരും കൈവിടപ്പെട്ടുപോകരുത്. **എന്റെ** മുമ്പാകെ മുഴു ജീവിതം സമർപ്പിച്ചവർക്കെല്ലാം വാസസ്ഥലങ്ങൾ ഞാനൊരുക്കിയിട്ടുണ്ട്. നിങ്ങളുടെ ആളത്വത്തിന്റേയും, വ്യക്തിത്വത്തിന്റേയും സമ്പൂർണ്ണസമർപ്പണവും, പാപങ്ങളിൽ നിന്നുള്ള തിരിഞ്ഞു നടത്തവുമാണ് എനിക്ക് ആവശ്യമായിട്ടുള്ളത്. ഇതല്ലാതെ രക്ഷ പ്രാപിക്കുവാൻ മറ്റ് മാർഗ്ഗങ്ങളുണ്ട് എന്ന വ്യാജ്യേന നിങ്ങൾ കബളിപ്പിക്കപ്പെടരുത്. ആസന്നമായ അന്ത്യനാഴികയിൽ നിന്ന് **ഞാൻ** നിങ്ങൾക്ക് ആശ്വാസവും, സാന്ത്വനവും പകർന്നു തരും. **നമുക്ക്** ഒരുമിച്ച് തുടങ്ങാം. **എന്റെ** കുഞ്ഞുങ്ങൾ ധരിച്ചുവച്ചിരിക്കുന്നത്

തങ്ങളുടെ മുമ്പിൽ ഇനിയും അനേക സംവത്സരങ്ങൾ അവശേഷിക്കുന്നുവെന്നാണ്. വക്രതയും, വഴിപിഴച്ചതുമായ ഈ ദുഷ്ടതലമുറയെ കൊണ്ട് ഞാൻ മടുത്തുവെന്ന യാഥാർത്ഥ്യം **എന്റെ** മക്കൾ തിരിച്ചറിയാതെ പോകുന്നു.

ലോകത്തിന്റെ കണ്ണഞ്ചിപ്പിക്കുന്ന ആകർഷണ വലയത്തിന്റെ പ്രഭാവത്താൽ **എന്റെ** മക്കൾ പിടിക്കപ്പെട്ടിരിക്കുകയാണ്. എന്തിനധികം അവരുടെ കൂടിവരവുകൾ പോലും **എന്റെ** പുസ്തകത്തിൽ നിന്നും, **എന്റെ** സത്യത്തിൽ നിന്നും, **എന്റെ** വചനത്തിൽ ബഹുകാതം ഓടിയകന്നിരിക്കുന്നു.

**എന്റെ** ആട്ടിൻകൂട്ടത്തെ നയിക്കുന്നവർ ലോകപരമായ കാര്യവ്യവഹാരങ്ങളിൽ മുഴുകുകയും, **എന്റെ** വേല എന്ന പേരിൽ കാട്ടികൂട്ടുന്നതെല്ലാം അവരെ സന്തോഷിപ്പിക്കേണ്ടതിനുവേണ്ടിയിട്ടുള്ള കാര്യാദികൾ മാത്രമാണ്. **എന്നോടുള്ള** നിഷ്കളങ്കമായ സ്നേഹം അവർക്കില്ല. ശുദ്ധസ്നേഹത്തെ പിന്തുടരുവാൻ അവർ അല്പം പോലും മനസ്സ് വെക്കുന്നില്ല. അവർ പിന്തുടരുന്നത് മുഴുവൻ സമ്പത്ത്, പ്രശസ്തി, ചുറ്റുപാടുകളിൽ നിന്നുള്ള പൊതുജന സമ്മിതി മുതലായ കാര്യങ്ങളെയാണ്. മാത്രമല്ല ഇത്തരം കാര്യങ്ങളാൽ **ഞാൻ** അവരെ അനുഗ്രഹിക്കും എന്നുമാണ് അവർ വിശ്വസിക്കുന്നത്.

തങ്ങളുടെ കൂട്ടായ്മയിൽ വിജയങ്ങൾ കൊയ്തെടുത്ത അനേകരിൽ **ഞാൻ** പ്രസാദിച്ചിരിക്കുന്നുവെന്നാണ് അവരുടെ വിശ്വാസം. **എന്റെ** ഇടയന്മാർ തങ്ങളുടെ ആടുകളെ **എന്റെ** രാജ്യവും, നീതിയും മറ്റെന്തിനേക്കാളും ഉപരിയായി അന്വേഷിക്കുവാൻ പഠിപ്പിക്കുമ്പോൾ മാത്രമാണ് **ഞാനവരിൽ** പ്രസാദിക്കുന്നത്. എന്നോട് കൂടെ തികഞ്ഞ സ്നേഹത്തിൽ നടക്കുവാൻ അവരെ പരിശീലിപ്പിക്കുമ്പോഴാണ് **ഞാനവരിൽ** പ്രസാദിക്കുന്നത്. വളരെ ചുരുക്കം പേരെ ഇങ്ങനെ പഠിപ്പിക്കുന്നുള്ളു. കാരണം ഇത്തരമൊരു അദ്ധ്യാപനം കർണ്ണരസപ്രധാനമല്ല എന്നുള്ളത്കൊണ്ട് അനേകരെ തങ്ങളുടെ സഭാ ഹാളിനകത്തേക്ക് ആകർഷിക്കുവാൻ കഴിയുകയില്ല. അതുകൊണ്ട് അനേകരും ഇത്തരമൊരു ഉപദേശത്തിന് മുതിരുന്നില്ല. അനേകരും

പറഞ്ഞുവെക്കുന്നത് ജീവിതത്തെ സന്തോഷപൂരിതമാക്കുന്നത് സമ്പത്തും, സമ്പത്തിന്മേൽ സമ്പത്തുമാണെന്നാണ്. എന്നാൽ **എന്റെ രാജ്യം** എന്നുപറയുന്നത് ഈ ജീവിതത്തിലെ സാമ്പത്തീക പ്രൗഢിയല്ല.

ലൂക്കോസ് 16:13 **"രണ്ട് യജമാനന്മാരെ സേവിക്കുവാൻ ഒരു ഭൃത്യനും കഴിയുകയില്ല. ഒന്നുകിൽ അവൻ ഒരുവനെ പകച്ച് മറ്റവനെ സ്നേഹിക്കും; അല്ലെങ്കിൽ ഒരുവനോട് പറ്റിചേർന്ന് മറ്റവനെ നിന്ദിക്കും. നിങ്ങൾക്ക് ദൈവത്തേയും, സമ്പത്തിനേയും ഒരുമിച്ച് സേവിക്കുവാൻ കഴിയുകയില്ല."**

**എന്റെ** ജനത്തെ നയിക്കുന്നവർ എന്നിൽ നിന്ന് ഒരുപാട് അകലെയാണ്. എന്തുകൊണ്ടാണത്? അനേകരെ പ്രീണിപ്പിക്കുവാൻ അവർ പാടുപെടുമ്പോൾ; പിന്നെ എപ്പോഴാണ് **എന്നെ** അന്വേഷിക്കുവാൻ അവർക്ക് സമയം. അവരുടെ നിലനിൽപ്പിന്റെ അടിസ്ഥാനകാരണം പോലും **ഞാനാണ്**. വെയിലും, മഴയും പ്രദാനം ചെയ്യുന്നത് ഞാനാണ്.

ഇത് കൂരിരുട്ടിന്റെ നാളുകളാണ്; ഓരോ ദിവസവും കഴിയുന്തോറും ഇരുട്ടിന്റെ തീവ്രത കൂടിവരികയാണ്. എന്നാൽ **എന്റെ** ജനത്തെ നയിക്കുന്നവർ **എന്റെ** ജനത്തിൽ നിന്ന് ഈ യാഥാർത്ഥ്യത്തെ മറച്ചു പിടിക്കുകയാണ്. ഈ വേദനാജനകമായ സത്യത്തെ മൂടിവച്ചു കൊണ്ട് സന്തോഷവും, ആനന്ദവും പ്രദാനം ചെയ്യുന്ന വാക്കുകളെ ജനത്തിന് വിളമ്പികൊടുക്കുകയാണ്. **എന്റെ** ആട്ടിൻകൂട്ടമോ അവർ വഞ്ചിക്കപ്പെട്ടുകൊണ്ടിരിക്കുകയും, തന്നെത്താൻ ഒരുക്കുവാൻ കഴിയാതെ അധമസ്ഥിതിയിൽ ആയിതീരുകയും ചെയ്യുന്നു. എല്ലാം ശുഭമായും, സുഖമായും ഇരിക്കുന്നു എന്ന മൗഢ്യധാരണയിൽ മുമ്പോട്ട് നീങ്ങികൊണ്ടിരിക്കുകയാണ്.

എന്ത് മുന്നറിയിപ്പിന്റെ വചനങ്ങളെ കൊണ്ടാണ് അവർക്ക് ഉണർവ്വ് വരുത്തുന്നത്? **എന്റെ** പുസ്തകത്തിലെ സത്യങ്ങളെ വിശ്വസിക്കേണ്ടതിന് എന്താണ് അവർ കേൾക്കേണ്ടത്? എന്നാൽ കേൾക്കേണ്ടത് ആരും കേൾക്കുന്നില്ല. വിശ്വസിക്കേണ്ടത് ആരും വിശ്വസിക്കുന്നില്ല.

മുന്നറിയിപ്പുകളെ മുഖവിലക്കെടുക്കേണ്ടതിന് എന്താണ് സഭ കളോട് പറയേണ്ടത്. ലോകത്തിന്റെ വസ്തുവഹകളോടുള്ള അമിതഭ്രമമെന്ന ഒഴിയാബാധ വിട്ടകന്ന് ഒരുങ്ങേണ്ടതിനും, തന്നെ തന്നെ കാത്തുസൂക്ഷിക്കേണ്ടതിനേയും കുറിച്ചല്ലാതെ ഇനി യെന്താണ് സഭകളോട് പറയേണ്ടത്.

ഹോശേയ 4:6 **"പരിജ്ഞാനമില്ലാത്തതിനാൽ എന്റെ ജനം നശിച്ചു പോകുന്നു. നീ പരിജ്ഞാനം ത്യജിക്കുന്നതുകൊണ്ട് എനിക്ക് പുരോഹിതനായി ഇരിക്കാതിരിക്കത്തക്കവണ്ണം ഞാൻ നിന്നേയും ത്യജിക്കും, നീ നിന്റെ ദൈവത്തിന്റെ ന്യായപ്രമാണം മറന്നു കളഞ്ഞതുകൊണ്ട് ഞാൻ നിന്റെ മക്കളേയും മറക്കും."**

അവർ ദുർബലചിത്തരും, അബദ്ധത്തിലേക്ക് നയിക്കപ്പെടുകയും ചെയ്യുന്നു. സമയം കൈപിടിയിൽ നിന്ന് ഊർന്ന് പൊയ്കൊണ്ടിരി ക്കുന്നു. എല്ലാം ശരിയാണെന്ന മട്ടിൽ സഭ തന്റെ അരിഷ്ടാവസ്ഥയെ തിരിച്ചറിയാതെ സ്വയം തൃപ്തിയടയുന്ന അവസ്ഥയിൽ തുടർന്നു കൊണ്ടിരിക്കുന്നു. ഉദാസീന അവസ്ഥയിലായിരിക്കുന്ന സഭ എങ്ങനെയൊക്കെയാണ് കബളിക്കപ്പെടുന്നത്. **എന്നേയും, ഞാൻ** പ്രതിനിധാനം ചെയ്യുന്ന സകലത്തേയും ഒട്ടും ഉത്സാഹമില്ലാതെ യാണ് അവർ അനുഗമിക്കുന്നത്. യഥാർത്ഥത്തിൽ ഇഴയടുപ്പമുള്ള സ്നേഹമസൃണമായ ഊഷ്മബന്ധത്തിന്റെ അകമ്പടിയോടു കൂടിയാണ് അവർ എന്നെ പിന്തുടരുന്നതെങ്കിൽ **ഞാൻ** കൊടുക്കുന്ന അപായ സൂചനകളൊന്നും അവർക്കൊരു ആശ്ചര്യവിഷയമായി അനുഭവപ്പെടുകയില്ലെന്ന് മാത്രമല്ല; പൂർണ്ണഹൃദയത്തോടെ അവർ അതിനെ ഗൗനിക്കുമായിരുന്നു.

ഇത് സഭയുടെ ഏറ്റവും ഭീകരമായ അന്ധകാര കാലഘട്ടമാണ്. ശ്രദ്ധയോടെ മുന്നറിയിപ്പുകളെ കേട്ട് മുഖവിലക്കെടുക്കുന്നവർ തുലോം വിരളമാണ്. **എന്റെ** ചട്ടങ്ങളിലും, പ്രമാണങ്ങളിലും, വഴി കളിലും നടക്കുന്നവർ വിരലിലെണ്ണാവുന്നവർ മാത്രം. മനഃപൂർവ്വം മറുതലിക്കുന്നവരോടും, മാനസാന്തരപ്പെടുവാൻ ബോധപൂർവ്വം വിമുഖത പ്രകടിപ്പിക്കുന്നവരോടും **ഞാനിനി എന്റെ** കൃപ ദീർഘമാക്കുകയില്ല. **എന്റെ** പരിശുദ്ധാത്മാവിനെ തണുപ്പിക്കുവാനും,

തപിപ്പിക്കുവാനും നിന്നെ കൊണ്ടു കഴിയും. **എന്റെ** സഭയെ നീ എന്താണ് ഇപ്പോൾ ചെയ്യുന്നത്?

എഫേസ്യർ 4:30 **"ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്. അതിനാലല്ലോ വീണ്ടെടുപ്പ് നാളിലേക്കായി നിങ്ങളെ മുദ്രയിട്ടിരിക്കുന്നത്."**

നിങ്ങളുടെ താല്പര്യങ്ങളോട് ഒരുനിലക്കും ഒത്തു പോകാൻ **എനിക്ക്** കഴിയാത്തത്കൊണ്ട് **എന്റെ ആത്മാവിനെ** നിങ്ങളുടെ അംബരചുംബികളായ മനോഹര കെട്ടിടങ്ങളിൽ നിന്ന് നിങ്ങൾ പുറത്താക്കുന്നു. **ഞാനും എന്റെ ആത്മാവും** ഒന്നു തന്നെ.

നിങ്ങളുടെ മധ്യത്തിലൂടെ ഉലാവുന്ന **എന്റെ** ആത്മാവിനെ അലക്ഷ്യമായി കണക്കാക്കുകയും, അലസമായി ശുശ്രൂഷിക്കുകയും ചെയ്യുകയാണെങ്കിൽ; എങ്കിൽ പിന്നെ **എന്നെ** ആരാധിക്കുന്ന നീ ആരാണ്? ഒന്നു ചോദിച്ചോട്ടെ **എന്നെ** ആരാധിക്കാൻ നീ ആരാ? നീ നടത്തുന്നത് വിഗ്രഹാരാധനയാണ്.

പ്രവൃത്തികൾ 7:51 **"ശാഠ്യക്കാരും, ഹൃദയത്തിനും, ചെവിക്കും പരിച്ഛേദന ഇല്ലാത്തവരുമായുള്ളോരെ, നിങ്ങളുടെ പിതാക്കന്മാരെപ്പോലെ തന്നെ നിങ്ങളും എല്ലായ്പ്പോഴും പരിശുദ്ധാത്മാവിനോട് മറുത്തു നിൽക്കുന്നു."**

നിങ്ങളുടെ മനസ്സിനിണങ്ങിയ ഒരു ദൈവത്തെ നിങ്ങൾ മെനഞ്ഞുണ്ടാക്കി. നിങ്ങളുടെ ജഡികാഭിലാഷങ്ങളോടും, ലോകമോഹങ്ങളോടും തീർത്തും അനുഭാവം പുലർത്തുന്ന ഒരു ദൈവത്തെ നിങ്ങളുണ്ടാക്കി. പക്ഷേ അതൊരിക്കലും **ജീവനുള്ള സത്യദൈവമല്ല**. എല്ലാഅർത്ഥത്തിലും ഒരു വിഗ്രഹമാണത്. കഴിഞ്ഞ നാളുകളിൽ സ്വർണ്ണബിംബത്തെ ആരാധിച്ചവർ അങ്ങേയറ്റം നികൃഷ്ടരും, നിന്ദ്യരുമാണെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്. എന്നാൽ ഓർത്തു കൊള്ളുക. അവരേക്കാൾ നിങ്ങളും ഒട്ടും വ്യത്യസ്തരല്ല. ഗർവ്വം കളഞ്ഞ് പൂർണ്ണമായും മാനസാന്തരപ്പെട്ട് സഭകൾ **എങ്കലേക്ക്** തിരിഞ്ഞുവന്നാൽ നിങ്ങളുടെ ആത്മാക്കളെ ഞാൻ ശുദ്ധീകരിക്കും. നിങ്ങൾ എന്നെവിട്ട് പോയതും, സമ്പത്തിനുപുറകേ വിറളി പിടിച്ച്

പാഞ്ഞതുമെല്ലാം ഞാൻ പൊറുക്കും. **എന്റെ** ആശ നിങ്ങൾ എന്നോട് കൂടെയായിരിക്കണമെന്നാണ്. ഞാൻ നിങ്ങളെ ഒന്ന് പുതുക്കിക്കോട്ടെ. നിങ്ങളിലേക്ക് സമാധാനം പകർന്നോട്ടെ. നിങ്ങളുടെ **ദൈവത്തോടുകൂ**ടെയായിരിക്കേണ്ടതിന് നിങ്ങളെ യോഗ്യരാക്കിക്കോട്ടെ.

മർക്കോസ് 8:36 **"ഒരു മനുഷ്യൻ സർവ്വലോകവും നേടുകയും തന്റെ ജീവനെ കളയുകയും ചെയ്താൽ അവന് എന്ത് പ്രയോജനം".**

തിരുവെഴുത്ത് പറയുന്നതുപോലെതന്നെ; നിങ്ങൾ **എന്നിൽ** നിന്നും, **എന്റെ** വഴികളിൽ നിന്നും എത്രയോ അകലെയാണ്. അങ്ങനെയുള്ളതിനെ ഞാൻ അനുഗ്രഹിക്കില്ല. പാഴായ് പോയി കൊണ്ടിരിക്കുന്ന സഭയേ; ദയവ് ചെയ്ത് **എങ്കലേക്ക്** തിരിയുവാൻ അമാന്തിക്കരുത്. ഞാൻ അല്പം കൂടെ കാത്തിരിക്കുകയാണ്. സമയം വൈകിപ്പിക്കുവാൻ മനസ്സുവെക്കരുത്. ജാഗ്രതയോടുകൂടെയിരുന്ന് ഈ മുന്നറിയിപ്പുകളെ ഗൗരവമായിട്ടെടുക്കുക. അനേകജീവിതങ്ങൾ അസന്നിദ്ഗ്ദാവസ്ഥയിലാണ്.

2 തിമോത്തി 4:34 **"അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറ് സ്വന്തമോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും, സത്യത്തിന് ചെവി കൊടുക്കാതെ കെട്ടുകഥ കേൾക്കുവാൻ തിരിയുന്ന കാലം വരും".**

ഒരു വോയ്സ് ഓഫ് ഗോസ്പൽ പ്രസിദ്ധീകരണം.

# പാഠം 9
# നഷ്ടപ്പെട്ട സഭയെ കുറിച്ച്

നമുക്ക് തുടങ്ങാം. ഇനി ഞാൻ പറയാൻ പോകുന്നത് തങ്ങൾ സുരക്ഷിതരാണെന്ന് വിശ്വസിക്കുകയും, എന്നാൽ യഥാർത്ഥത്തിൽ **എന്നിൽ** നിന്ന് ഒരുപാട് ദൂരം അകലെയായിരിക്കുകയും ചെയ്യുന്ന നഷ്ടപ്പെട്ട സഭയെ കുറിച്ചാണ്. ഞാനിപ്പോൾ അഭിസംബോധന ചെയ്ത് സംസാരിക്കുന്നത് നിന്നോടാണ്. **എന്നേയും** ഞാൻ പ്രതി നിധാനം ചെയ്യുന്ന കാര്യങ്ങളേയും സംബന്ധിച്ച പൂർണ്ണസത്യങ്ങൾ പകർന്നുകൊടുക്കുന്നുവെന്ന് വിശ്വസിക്കുന്ന സഭകളിലാണ് അനേ കർ ഇന്ന് ആയിരിക്കുന്നത്. പക്ഷേ സത്യത്തിൽ ലോകമെമ്പാടു മുള്ള ഭൂരിഭാഗം സഭകളിലും ഇന്ന് പ്രസംഗിക്കുകയും, പഠിപ്പിക്കു കയും ചെയ്യുന്നത് വെള്ളം ചേർത്ത പതിപ്പുകളാണ്. അർദ്ധസത്യ ങ്ങളാണ് സഭകൾ ആളുകൾക്ക് കൊടുക്കുന്നത്. കാരണം പൂർണ്ണ സത്യങ്ങൾ സഹിഷ്ണുതയോടെ ഉൾകൊള്ളുവാനും, ഏറ്റെടുക്കു വാനും ജനത്തിന് കഴിയുകയില്ല എന്നത് തന്നെ.

**എന്റെ** പൂർണ്ണ സുവിശേഷം അറിയുവാൻ അവർക്ക് അശേഷം താല്പര്യമില്ല. കർണ്ണാനന്ദകരമായ കാര്യങ്ങൾ കേൾക്കുവാനാണ് ഇക്കൂട്ടർക്ക് താല്പര്യം. ലോകത്തിന്റെ താല്പര്യങ്ങളോട് അനുരൂ പപ്പെടുവാനും, ലോകപരമായി ജീവിച്ചു തീർക്കാനുമാണ് ഇക്കൂ ട്ടർ ആഗ്രഹിക്കുന്നത്.

**എന്റെ** മടങ്ങി വരവിന്റെ സമയം ആസന്നമായിരിക്കുന്നു. പാതി ഹൃദയമുള്ള, ശീതോഷ്ണവാന്മാരായിരിക്കുന്ന വിശ്വാസികളെ **എനിക്ക്** എടുക്കുവാൻ കഴിയില്ല. അവർ കൈവിടപ്പെട്ടു പോകും. അവരുടെ പാതിവിശ്വാസം ഹേതുവായി അവർക്ക് വന്ന് ഭവി ക്കുവാൻ പോകുന്ന കാര്യങ്ങളുടെ ഭവിഷ്യത്ത് അപ്പോൾ അവർ മനസ്സിലാക്കും.

വെളിപ്പാട് 3:15-16 **"ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു; നീ ഉഷ്ണവാനുമല്ല, ശീതവാനുമല്ല. ശീതവാനോ, ഉഷ്ണവാനോ ആയിരുന്നു എങ്കിൽ കൊള്ളായിരുന്നു. ഇങ്ങനെ ശീതവാനുമല്ല, ഉഷ്ണവാനുമല്ല. ശീതോഷ്ണവാനാകയാൽ നിന്നെ എന്റെ വായിൽ നിന്നു ഉമിണ്ണുകളയും".**

**എന്റെ** മക്കളേ, തന്നെത്താൻ ശുദ്ധയും, നിഷ്കളങ്കയുമായി നിങ്ങളെ തന്നെ നിറുത്തേണ്ടതിനുവേണ്ടി നിങ്ങൾക്ക് നിങ്ങളുടെ സഭാനേതാക്കന്മാരെ വിശ്വസിച്ച് ആശ്രയിക്കുവാൻ കഴിയുകയില്ല. സകല സത്യത്തിലും നിങ്ങൾ ആയിരിക്കേണ്ടതിന് വേണ്ടി നിങ്ങൾ **എന്നെ** അന്വേഷിക്കണം. **എന്റെ** തിരുവെഴുത്തുകൾ നിങ്ങൾ വായിക്കണം. പൂർണ്ണഹൃദയത്തോടെ എനിക്കുമുമ്പാകെ സമർപ്പിക്കണം. പശ്ചാത്താപവിവശമായ, താഴ്ന്ന ഹൃദയത്തിൽ നിന്നും ഹൃദയനുറുക്കത്തോടെ യാചിക്കണം; **എന്റെ ആത്മാവിനാൽ** നിറയ്ക്കണമേയെന്ന്. ഇതിൽ കുറഞ്ഞ മറ്റൊരു വഴിയുമില്ല. സമ്പൂർണ്ണ സമർപ്പണമാണ് ഞാൻ ഇച്ഛിക്കുന്നത്. നിങ്ങളുടെ ഹ്രസ്വവും, ക്ഷണികവുമായ ഈ കൊച്ചുജീവിതത്തെ സമ്പൂർണ്ണവും, സാർത്ഥകവും, സമൃദ്ധവുമായ മറ്റൊരു ജീവിതവുമായി ഞാൻ വെച്ച് മാറും. നിങ്ങളുടെ കണ്ണുകൾ സത്യത്തിലേക്ക്; **എന്റെ** സത്യത്തിലേക്ക് തുറക്കപ്പെടും. അങ്ങനെ അത്ഭുതാവഹമായ കാഴ്ചശക്തി പ്രാപിച്ചു കഴിയുമ്പോൾ നിങ്ങൾ മനസ്സിലാക്കും **എന്റെ** രാജ്യത്തിലേക്കുള്ള പ്രവേശനത്തിന് ഞാൻ എന്തൊക്കെയാണ് ആവശ്യപ്പെടുന്നതെന്ന്.

**എന്റെ** അനുയായിയായിരിക്കുക എന്നതിന്റെ അർത്ഥവ്യാപ്തി യഥാർത്ഥത്തിൽ ഗ്രഹിക്കുവാൻ കഴിയാതവണ്ണം **എന്റെ** സഭയുടെ കാഴ്ചശക്തി മങ്ങി പോയിരിക്കുന്നു. **എന്റെ** വഴികളേയും, ചട്ടങ്ങളേയും അവർ പിന്തുടരുന്നില്ല. അവർക്കിഷ്ടപ്പെട്ടത് ചെയ്ത് രസിക്കുവാനുള്ള സൂചി പഴുതുകളെയാണ് അവർ നോക്കുന്നത്. അത്തരം സൂചി പഴുതുകളിലൂടെ ഇറ്റിറ്റുവീഴുന്ന ചില നൈമിഷീക സുഖവലയത്തിനകത്ത് അവർ "സുഖമായും, ശുഭമായും" ഇരിക്കുന്നു

വെന്ന് അവർ തെറ്റിദ്ധരിക്കുന്നു. ഈയൊരു പ്രവണത നാളുക ളായി തുടർന്നുവന്നുകൊണ്ടിരിക്കുന്നു. ഇപ്പോൾ അത് ഏറ്റവും അക്രമാസക്തമായ അവസ്ഥയിലേക്ക് ആരോഹണം ചെയ്തിരി ക്കുന്നു. പൂർണ്ണസത്യത്തിന് വേണ്ടി നിലകൊള്ളുന്നവർ വളരെ ശുഷ്ക്കമാണ്. **എന്റെ വചനം** യഥാർത്ഥത്തിൽ എന്ത്പറയുന്നു വെന്ന് അറിയുവാൻ ആഗ്രഹിക്കുന്നവരുടെ എണ്ണം അംഗുലി പരിമിതമാണ്. അനേകർക്കും ആവശ്യമായിരിക്കുന്നത് അവരെ സന്തോഷിപ്പിക്കുന്ന കൊച്ച് കൊച്ച് നുറുങ്ങുകഥകളാണ്. അത് കേൾക്കാനായി അവർ ആർത്തിയോടെ കടന്നുവരികയും, കേട്ട് കോൾമയിർകൊണ്ട് പോവുകയും ചെയ്യുന്നു. എന്നാൽ ഒരിക്കൽ പോലും **ഞാൻ** ആരാകുന്നുവെന്നും, **എന്നെ** കുറിച്ച് അറിയു വാനും, അവർ അല്പം പോലും ആഗ്രഹിക്കുന്നില്ലായെന്നതാണ് ഏറ്റവും ദുരന്തപൂർണ്ണമായ യാഥാർത്ഥ്യം.

അവർ ചിന്തിക്കുന്നത് അവർക്ക് **എന്നെ** അറിയാമെന്നാണ്, എന്നാൽ **എന്റെ** ഭൂരിഭാഗം അനുയായികൾക്കും സത്യത്തിൽ ഞാനാരാണെന്ന് അറിയില്ല എന്നതാണ് വസ്തുത.

**ഞാനുമായി** കേവലം ഉപരിതല സ്പർശിയായ ബന്ധം മാത്രമേ ഒട്ടുമിക്ക ആളുകൾക്കുമുള്ളു. **എന്നെ** അവരുടെ ജീവിതത്തിന്റെ **ദൈവമാക്കുക** എന്നതിന്റെ അർത്ഥമെന്താണെന്ന് പോലും അനേ കർക്ക് അറിയില്ല. അവരുടെ ജീവിതത്തിന്റെ വെറും കൂട്ടിരിപ്പുകാ രൻമാത്രമാണ് ഞാൻ. ഒരിക്കലും അവരുടെ ജീവിതത്തിന്റെ അവി ഭാജ്യഭാഗമായി **എന്നെ** തീർക്കുവാൻ അവർക്ക് ആഗ്രഹമില്ല. ഞാനു മായി ഇഴയടുപ്പമുള്ള ഒരു ബന്ധം നെയ്തെടുക്കുവാൻ അവർ ഒരി ക്കലും ആഗ്രഹിക്കുന്നില്ലായെന്നതാണ് പച്ചയായ സത്യം.

മത്തായി 7:21-23 **"എന്നോട് കർത്താവേ, കർത്താവേ എന്ന് പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്. കർത്താവേ, കർത്താവേ, അങ്ങയുടെ നാമത്തിൽ ഞങ്ങൾ പ്രവചി ക്കുകയും അങ്ങയുടെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും,**

**അങ്ങയുടെ നാമത്തിൽ വളരെ വീര്യപ്രവർത്തികൾ പ്രവൃത്തിക്കുകയും ചെയ്തില്ലയോ എന്ന് പലരും ആ നാളിൽ എന്നോട് പറയും. അന്ന് ഞാൻ അവരോട്; ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞീട്ടില്ല. അധർമ്മം പ്രവർത്തിക്കുന്നവരെ എന്നെ വിട്ട് പോകുവിൻ എന്ന് തീർത്തുപറയും".**

ഈ ജീവിതയാത്ര മുഴുവൻ **എന്നോടൊത്ത്** നടക്കാനായി ഞാൻ ഉരുവാക്കിയവർ, ഞാനുമായി വേർപിരിയാബന്ധം സ്ഥാപിക്കേണ്ടവർ, അതിൽ നിന്ന് വ്യതിചലിച്ച് അബദ്ധസഞ്ചാരം നടത്തുന്നത് കാണുമ്പോൾ അത് **എന്നെ** ഒരുപാട് നൊമ്പരപ്പെടുത്തുന്നു. എന്നാൽ അവരുടെ സൃഷ്ടാവായ ഏങ്കലേക്ക് വരികയും, എന്നെ അറിയുവാൻ ശ്രമിക്കുകയും ചെയ്യേണ്ടതിനുപകരം ലോകം അവരെ ഒരുപാട് ഹഠാദാകർഷിക്കുകയും, ലോകത്തിന്റെ അധമമാർഗ്ഗങ്ങളിൽ അവർ അഭിരമിക്കുകയും ചെയ്യുന്നു.

സൃഷ്ടിയുമായി രഹസ്യബാന്ധവത്തിൽ ഏർപ്പെട്ടുകൊണ്ട്; അവർ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന സകല സംവിധാനങ്ങളേയും **ചമച്ച**, അവരെ സൃഷ്ടിച്ച **സൃഷ്ടിതാവിനെ** നിഷ്കരുണം തള്ളികളയുകയെന്നത് എത്രയോ ഖേദകരമാണ്. എത്രത്തോളം വലിയ സങ്കടമാണത്. എന്റെ കുഞ്ഞുങ്ങളെ ഞാൻ ഇച്ഛിക്കുന്നത് വിശുദ്ധിയും, പരസ്പരമുള്ള വിശ്വസ്തതയുമാണെന്ന് കാണുവാൻ നിങ്ങൾക്ക് കഴിയുന്നില്ല.

മക്കളേ; നിങ്ങളുടെ **ആദ്യചിന്തയായി, ആദ്യസ്നേഹമായി, സകലത്തിലും ആദ്യനായി** ഞാൻ നിലകൊള്ളണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഇതിനുവേണ്ടിയാണ് ഞാൻ നിങ്ങളെ സൃഷ്ടിച്ചത്. യുഗായുഗങ്ങൾ നിത്യതയിൽ എന്നോടൊത്ത് കൂട്ടായ്മ പുലർത്തേണ്ടതിനുവേണ്ടി ഈ ജീവിതയാത്രയിൽ ഇപ്പോൾ എന്നോടൊത്ത് ചുവടുവയ്ക്കുവാൻ നിങ്ങൾ അഭിലഷിക്കുന്നില്ലെങ്കിൽ; പിന്നെ എങ്ങനെയാണ് നിത്യത മുഴുവൻ **നമ്മൾ** ഒരുമിച്ച് കഴിയുന്നത്? ഞാനുമായിട്ടാണോ, അതോ എന്റെ ശത്രുവായ ദുഷ്ടപിശാചുമായിട്ടാണോ നിങ്ങൾ നിത്യത കഴിച്ചുകൂട്ടുവാൻ പദ്ധതിയിടുന്നത്? ഈ വലിയ ചോദ്യങ്ങൾക്ക് നിങ്ങൾ തന്നെ ഉത്തരം കണ്ടെത്തിയേ മതിയാകൂ.

മനുഷ്യന് അളന്ന് തിട്ടപ്പെടുത്തുവാൻ കഴിയുന്നതിനേക്കാളും എത്രയോ ആഴമേറിയതാണ് **എന്റെ** സ്നേഹം. പാപത്തിന്റെ താൽക്കാലിക ഭോഗത്തിനുവേണ്ടി നിങ്ങൾ നിങ്ങളെതന്നെ സ്വയം ഒരു വിൽപ്പനചരക്കാക്കരുത്. **എന്നെ** കവിഞ്ഞൊരു സ്നേഹ ത്തേയും ഈ ഉലകത്തിൽ നിങ്ങൾക്ക് അനുഭവിക്കുവാൻ സാധ്യമല്ല.

മക്കളേ, നിങ്ങളുടെ ഹൃദയത്തേയും, മനസ്സിനേയും ഒന്നു പരി ശോദിക്കു. എവിടെയാണ് **എന്റെ** സ്ഥാനം? നിങ്ങളുടെ ജീവിത ത്തിന്റെ ഏതുകോണിലാണ് **എന്നെ** പ്രതിഷ്ഠിച്ചിട്ടുള്ളത്? **ഞാൻ** പുറത്തു നിൽക്കുന്ന ഒരു കാഴ്ചക്കാരനാണോ; അതോ **നമ്മൾ** തമ്മിൽ അത്രത്തോളം ഊഷ്മളമായ ഒരു ബന്ധമുണ്ടോ? നിങ്ങ ളുടെ ജീവിതത്തിന്റെ കാമ്പും, കാതലും **ഞാനാണോ?** നിന്റെ ജീവിത സാഹചര്യങ്ങളിൽ ഞാൻ എവിടെയായിരിക്കുവാനാണ് നീ ആഗ്രഹിക്കുന്നത്? നീ നിന്നോട് തന്നെ ചോദിക്കണം.

ഞാൻ നിനക്കായി കാത്തിരിക്കുന്നു. നിന്റെ **ദൈവമായി,** നിന്റെ **സൃഷ്ടാവായി** ഒരു സമ്പൂർണ്ണബന്ധത്തിന്റെ ചൂടും, ചൂരും നിനക്കു തരേണ്ടതിനായി എന്റെ കൈകൾ മലർക്കേ തുറന്നിട്ടിരിക്കുകയാണ്.

നിർണ്ണായകമായ തീരുമാനങ്ങൾ എടുക്കേണ്ട സമയം ആസ ന്നമായിരിക്കുന്നു. **എന്റെ** മണവാട്ടിയുടെ കൂട്ടത്തിൽ ഒരാളാകാൻ നിനക്ക് താൽപ്പര്യമുണ്ടോ? എന്റെ കാന്ത **എനിക്ക്** സകലത്തിനും സർവ്വസ്വവുമാണ്. അവൾ ഇമവെട്ടാതെ നോക്കിയിരിക്കുന്നത് **എന്നെയാണ്.** അവൾ ആർത്തിയോടെ കാത്തിരിക്കുന്നത് **എന്നെ യാണ്**. ഞാൻ അവളെ സംബന്ധിച്ചിടത്തോളം കേവലം മിന്നിമറ യുന്ന ആഡംബരഭ്രമമല്ല. അവൾക്ക് ആവശ്യം വരുമ്പോൾ മാത്രം വിളിക്കുന്ന ഒരാളോ, ചില കാര്യസാദ്ധ്യങ്ങൾ ബന്ധപ്പെടുന്ന ഒരാ ളല്ല അവളെ സംബന്ധിച്ചിടത്തോളം ഞാൻ. ഞാനും, അവളും അടർത്തിമാറ്റാൻ വയ്യാത്ത കഴിയാത്തവണ്ണം അത്രത്തോളം ഒന്നാണ്. ഞാൻ ചലിക്കുമ്പോൾ അവളും നീങ്ങുന്നു. ഞങ്ങൾ ഒന്നായിരിക്ക ത്തക്കവണ്ണം അത്രമേൽ ഞങ്ങൾ കൂടി കലർന്നിരിക്കുന്നു. എന്റെ കാന്ത എന്റെ ഹിതത്തിനകത്താണ്. അവളുടെ സഞ്ചാരപഥം

ഇടുങ്ങിയ പാതയാണ്. ഞങ്ങളുടെ കർമ-ചിന്താ മണ്ഡലങ്ങൾക്ക് അണുവിട വിശ്വാസമില്ല.

അതുകൊണ്ട് **എന്റെ** മക്കളേ തിരഞ്ഞെടുപ്പിന്റെ സാധ്യത ഞാൻ നിങ്ങളുടെ മുമ്പിൽ വയ്ക്കുന്നു. നിങ്ങൾ എന്നെ തിരഞ്ഞെടുത്ത് കൈകൊള്ളണമെന്നാണ് എന്റെ താല്പര്യമെങ്കിലും, നിങ്ങൾക്ക് യുക്തമെന്ന് തോന്നുന്നത് ഏറ്റെടുക്കാനുള്ള സ്വാതന്ത്രം ഇച്ഛാശക്തി നിങ്ങൾക്കുണ്ട്. ഏതൊരു ദേശത്തിനുവേണ്ടിയാണോ നിങ്ങളെ സൃഷ്ടിച്ചത് ആ ഉദ്ധേശ്യത്തിന്റെ പൂർത്തീകരണത്തിലേക്കും, സമ്പൂർണ്ണമായ ബന്ധത്തിലേക്കും നിങ്ങൾ കടന്നുവരണമെന്ന് സ്നേഹത്തോടെ ആഹ്വാനം ചെയ്യുന്നു. തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം നിങ്ങൾക്കാണ്. തിരഞ്ഞെടുപ്പ് നടത്താനായി ഒരുപാട് നാളുകൾ നീട്ടിവെക്കരുത്. ഈ ഒരു ആനുകൂല്യം എല്ലാകാലവും ഉണ്ടായിരിക്കുമെന്ന് തെറ്റിദ്ധരിക്കരുത്.

ഒരു വോയ്സ് ഓഫ് ഗോസ്പൽ പ്രസിദ്ധീകരണം.

# പാഠം 10
# ലോകത്തോടുള്ള ആസക്തി

ശരി മകളേ; നമുക്ക് തുടങ്ങാം. പ്രിയ സൂസൻ ഇന്നെനിക്ക് നിന്നോട് പങ്കുവെക്കാനുള്ളത് ഇതാണ്. മനുഷ്യഹൃദയങ്ങളിൽ പാപം നുരഞ്ഞുപൊന്തുകയാണ്. അത് മറ്റൊന്നും തന്നെയല്ല; ലോക ത്തോടുള്ള ആസക്തിയാണ്. ലോകത്തിന്റെ സർവ്വ വഴികളും പാപ നിബിഡമാണ്. ദുഷ്ടമനുഷ്യർ ദുഷ്പ്രവൃത്തികൾക്ക് പ്രചോദന മാകുന്നു. ലോകം കാര്യങ്ങളെല്ലാം നിർവ്വഹിക്കുന്നത് **ദൈവത്തെ** കൂടാതെയാണ്.

ലോകം **എന്റെ** ഹിതത്തിനകത്തല്ലാത്തതുകൊണ്ട് അതിന്റെ പ്രവൃത്തികൾ നാമെടുക്കുന്നതും **എന്റെ** ഹിതത്തിൽ നിന്നല്ല. **എന്നെ** അറിയുമെന്ന് പലപ്പോഴും ലോകം വാചാലമാവുമെങ്കിലും, യഥാർത്ഥത്തിൽ **എന്നിൽ** നിന്നും, **എന്റെ** സ്ഥായിയായ സത്യ ത്തിൽ നിന്നും ലോകം എത്രയോ അകലെയാണ്. ലോകത്തെ സൃഷ്ടിച്ച **സൃഷ്ടാവിനോട്** ആലോചന ചോദിക്കാതെ; സ്വന്തം ഇച്ഛകളും, ആഗ്രഹങ്ങളും ചൂണ്ടികാണിക്കുന്ന ദിശയിൽ മുഴുബ ലത്തോടെ ലോകം ഓടികൊണ്ടിരിക്കുന്നു. ദോഷമല്ലാതെ മറ്റെന്താ ണിത്.

**എന്റെ** ഹിതത്തിന് പുറത്ത് ഓടുക എന്നത് തന്നെ മഹാപരാ ധമാണ്. ദോഷത്തിന്റെ കണികപോലുമില്ലാത്ത ഏകവഴി **എന്റെ** വഴിയാണ്. നിങ്ങൾ ഇതു കാണുന്നില്ലേ കുഞ്ഞുങ്ങളേ? **ഞാൻ** ആരാണെന്നും, ഞാൻ നിലകൊള്ളുന്നത് എന്തിനൊക്കെ വേണ്ടി യാണെന്നും ഇതിനോടകം തന്നെ ലോകം ഗ്രഹിച്ചുവെച്ചിരിക്കുന്ന ബോധ്യങ്ങളിൽ നിന്ന് കൊണ്ട് എങ്ങനെയാണ് ലോകത്തിന് ദൈവ ത്തിന്റെ ദിശയിലൂടെ സഞ്ചരിക്കുവാൻ കഴിയുന്നത്?

ഞാൻ നിലകൊള്ളുന്നത് വിശുദ്ധി, ഹൃദയപരമാർത്ഥത,

ക്രമസമാധാനം, സത്യം, ധാർമീകത എന്നീ ഗുണങ്ങൾക്കുവേണ്ടിയാണ്. ലോകം **എന്റെ** എല്ലാവഴികളേയും ഖണ്ഡിക്കുകയാണെന്ന് മാത്രമല്ല; എന്തിനധികം **എന്റെ** സത്യഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്ന സത്യത്തിന്റേയും, നിത്യവഴിയുടേയും സമീപത്തു പോലും എത്തിനോക്കുവാൻ ലോകം മനസ്സു വയ്ക്കുന്നില്ല.

ലോകം **എന്നേയും, എന്റെ വഴികളേയും, എന്നെ** പിന്തുടരുന്നവരേയും തരം കിട്ടുമ്പോഴൊക്കെയും അപകീർത്തിപ്പെടുത്തുന്നു. **എന്റെ** മാർഗ്ഗം ബഹുമാനിക്കപ്പെടുകയോ, ആദരിക്കപ്പെടുകയോ ചെയ്യുന്നില്ല. അങ്ങനെയായിരുന്നുവെങ്കിൽ ഈ ലോകം കഷ്ടത, ക്ലേശം, രോഗം, ദുഃഖം എന്നിവയുടെ കരാളഹസ്തത്തിൽപ്പെട്ട് ഞെരുങ്ങുകയില്ലായിരുന്നു. **എന്റെ** മാർഗ്ഗം അനുഗ്രഹത്തിന്റെ മാർഗ്ഗമാണ്. ലോകത്തിന്റെ വഴി ശാപവും, ശാപത്തിൻമേൽ ശാപവുമാണ്.

**എന്നോടും, എന്റെ** വചനത്തോടും ചേർന്നു നടക്കുന്നവർക്ക് മാത്രമേ; അവരുടെ ജീവിതത്തിന്റെ അതിദയനീയമായ അവസ്ഥയിലും **എന്നിൽ** നിന്ന് സമാധാനവും, സ്വസ്ഥതയും ഏറ്റെടുക്കുവാൻ കഴിയുകയുള്ളു. അൽപ്പം പോലും ചൂളി പോകാതെ എന്നെ അനുഗമിക്കുന്നതാരോ അവരാണ് **എന്റെ** മണവാട്ടി. **അവൾ** എന്നെ ആഴത്തിൽ അറിയുന്നു. അവൾ **എന്നെ** അതിരുകളില്ലാതെ സ്നേഹിക്കുന്നു. ജീവിതത്തിന്റെ ഏത് അവസ്ഥാന്തരങ്ങളിലും അവൾ **എന്നിൽ** നിന്ന് അന്യപ്പെടുന്നില്ല.

അവൾക്കറിയാം ഞാനാണ് അവളുടെ ജീവിതത്തിന്റെ ആധാരമെന്ന്; അവളുടെ ശക്തിയുടെ ഉറവിടമെന്ന്, അവളുടെ സ്നേഹത്തിന്റെ ഉപനിധിയെന്ന്, കരുത്തിന്റെ കാതലെന്ന്.

വേറെയെവിടെ നിന്നാണ് ഇത്തരമൊരു ആശ്വാസം അവൾക്ക് ലഭിക്കുന്നത്? മറ്റുള്ള സ്നേഹിതരേക്കാൾ എത്രയോ മൂല്യവത്താണ് **എന്നോട്** ചേർന്നു നിൽക്കുന്നതെന്ന് അവൾക്ക് വ്യക്തമായിട്ടറിയാം. അവൾ **എന്നെ** പരിശോധിച്ചതാണ്, അവൾ എന്നെ സസൂക്ഷ്മം നിരീക്ഷിച്ചതാണ്. അവളോടുള്ള വിശ്വസ്തതയെ അവൾ രുചിച്ച

റിഞ്ഞതാണ്. **ഞാന**വളുടെ സകലത്തിനും, സർവ്വവുമാണ്. ആർക്കും തന്നെ **എന്നേക്കാൾ** ആകർഷണീയമായി മറ്റൊന്നിനെ അവളുടെ കണ്ണുകൾക്ക് മുമ്പിൽ പ്രതിഷ്ഠിക്കുവാൻ സാധ്യമല്ല.

ലോകത്തിന് **എന്റെ** സ്നേഹത്തെകുറിച്ച് അറിയില്ല. അതിന്റെ പവിത്രതയും, പരിശുദ്ധിയും, കുലീനതയും അവർക്ക് അന്യമാണ്. അവർ സംതൃപ്തി കണ്ടെത്തുന്നത് ഏറ്റവും അധമമായ ജഡിക സന്തോഷങ്ങളിലാണ്. ഈ ലോകത്തേയും, അതിന്റെ വഴികളേയും പിൻപറ്റുകയും, സകല പ്രതിസന്ധികളുടേയും ഒറ്റമൂലി ലോകമാണെന്ന് ധരിച്ചു വച്ചിരിക്കുന്നവരുടെ അരിഷ്ടത എത്ര ശോചനീയമാണ്.

താമസംവിനാ **എന്റെ** മണവാട്ടിയെ അപഭ്രംശം സംഭവിച്ച ലോകത്തിന്റെ മധ്യത്തിൽ നിന്ന് **ഞാൻ** എടുത്തുകൊള്ളുന്നതോടെ ഈ ലോകത്തിൽ അവശേഷിക്കുന്ന വെളിച്ചത്തിന്റെ അവസാന രശ്മിയും അപ്രത്യക്ഷമാകും. ഒരിക്കൽ അവൾ ചിത്രത്തിന് പുറത്തു കടന്നാൽ; പിന്നെ ഈ ലോകം മ്ലേച്ഛതയുടെ മേച്ചിൽ പുറവും, ഇരുട്ടിന്റെ ഈറ്റില്ലവുമായി തീരും. പിന്നെ സത്യത്തേയും, സൗന്ദര്യത്തേയും പ്രതിബിംബിക്കുന്ന യാതൊരു നുറുങ്ങുവെട്ടവും ഭൂമിയിൽ അവശേഷിക്കുകയില്ല. പിന്നെയോ വൈരൂപ്യങ്ങളുടെ വൈവിധ്യങ്ങളും, കേട്ടാൽ അറയ്ക്കുന്ന ദുഷ്ടതയും ലോകത്തിൽ അരങ്ങ് വാഴും.

ഇതാണ് സംഭവിക്കുവാൻ പോകുന്നത്.

2 തെസ്സലോനിക്യർ 2:3-4 **“ആരും ഏതുവിധേനയും നിങ്ങളെ ചതിക്കരുത്. ആദ്യമേ വിശ്വാസത്യാഗം സംഭവിക്കുകയും, നാശയോഗ്യനും, അധർമ്മമൂർത്തിയുമായവൻ വെളിപ്പെടുകയും വേണം. അവൻ ദൈവാലയത്തിൽ ഇരുന്നുകൊണ്ട് ദൈവം എന്ന് നടിച്ച് ദൈവം എന്നോ പൂജാവിഷയം എന്നോ പേരുള്ള സകലത്തിലും മീതെ തന്നെത്താൻ ഉയർത്തുന്ന എതിരാളി അത്രേ”.**

2 തെസ്സലോനിക്യർ 2:6-7 **“അവൻ സമയത്തിനുമുമ്പേ**

**വെളിപ്പെടാതിരിക്കേണ്ടതിന് ഇപ്പോൾ തടുക്കുന്നത് എന്ത് എന്ന് നിങ്ങൾ അറിയുന്നു. അധർമത്തിന്റെ മർമം ഇപ്പഴേ വ്യാപരിക്കുന്നുണ്ട്. ഇതുവരെ തടുക്കുന്നവൻ വഴിയിൽ നിന്ന് നീങ്ങിപ്പോക മാത്രം വേണം".**

**എന്റെ** നിയമങ്ങളും, ചട്ടങ്ങളും കൂടാതെയുള്ള ജീവിക്കാൻ പരിശ്രമിക്കുന്ന ഈ ലോകം ചുക്കാനില്ലാത്ത കപ്പലിനു തുല്യമാണ്. ഇത് നാശയോഗ്യവും, ചത്തുകൊണ്ടിരിക്കുന്നതും, മുങ്ങികൊണ്ടിരിക്കുന്നതുമായ ഒരു കപ്പലാണ്.

മക്കളേ, മുമ്പൊരിക്കലും കേട്ടു കേൾവി പോലുമില്ലാത്ത ഭയാനകമായ നാശവും, മരണവും അധികം താമസിയാതെ നിങ്ങൾ കാണും. കാരണം ഈ ലോകം അതിനെ സൃഷ്ടിച്ച് പരിപാലിക്കുന്ന ദൈവത്തിൽ നിന്ന് പുറം തിരിഞ്ഞ് നടക്കുവാൻ വ്യഗ്രത കാണിക്കുന്നു. ഒരിക്കലും കബളിപ്പിക്കപ്പെടരുത്.

**എന്റെ** സത്യത്തെ അനുസരിക്കാതെയും, **എന്റെ** വഴികളെ പിന്തുടരാതെയും ഈ ലോകത്തിന് ഇനി നിലനിൽപ്പില്ല. ഇത് മുങ്ങികൊണ്ടിരിക്കുന്ന കപ്പലാണ്. ഈ മുങ്ങുന്ന കപ്പലിൽ നിന്ന് പുറത്തു കടക്കേണ്ടിയിരിക്കുന്നു. **എന്റെ** വിശ്വസ്തന്മാരെ ഞാൻ വിളിച്ചു വേർതിരിക്കുമ്പോൾ ആ ഗണത്തിൽ പോരുവാൻ നീ വരുന്നുണ്ടോ? നീ **എന്റെ** പുറകേ വരുന്നുണ്ടോ അതോ നിനക്കുവേണ്ടുന്ന സകല ഉത്തരങ്ങളും തന്ന് നിന്റെ വ്യാജപ്രത്യാശയെ വളർത്തുന്ന ലോകത്തോട് ചേർന്ന് നിന്ന് കൈവിടപ്പെട്ടു പോകാനാണോ നീ മുതിരുന്നത്? ഒരു കുഴപ്പവുമില്ല; എല്ലാം ശരിയാംവണ്ണമാണ് എന്ന് ഗീർവാണം മുഴക്കുന്ന ആട്ടിൻ തോലണിഞ്ഞ ചെന്നായ്ക്കളുടെ സാരോപദേശങ്ങളാണോ നീ ഇപ്പോഴും ശ്രദ്ധിക്കുന്നത്? ഈ ചെന്നായ്ക്കൾക്ക് യഥാർത്ഥത്തിൽ **എന്നെ** അറിയില്ല. ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ ത്യജിക്കുന്ന കശ്മലൻമാരണവർ. ലോകവുമായി നീ അത്രത്തോളം കൂടി കുഴഞ്ഞു ചേർന്നതുകൊണ്ട് തുടർന്നും തെറ്റായി നയിക്കപ്പെടാനും, നിന്റെ ആത്മീയ ദൃഷ്ടി അന്ധമായി തീരാനും ആരംഭിക്കും.

2 തിമോത്തി 3:5 **"ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തി യുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരായിരിക്കും. അങ്ങനെയുള്ളവരെ വിട്ടൊഴിയുക".**

കടന്ന് വന്ന് **ദൈവവുമായി** ചങ്ങാത്തത്തിലേർപ്പെട്ട് ആ വലിയ മഹത്തായ സത്യത്തെ ആരാഞ്ഞറിഞ്ഞ് ആസ്വദിക്കൂ. ആ അന്വേ ഷണത്തിന്റെ അനന്തരഫലമെന്ന് പറയുന്നത് അതിമഹത്തായ സമാധാനമാണ്. അത്യസാധാരണമായ സ്നേഹത്തിന്റെ കവി ഞ്ഞൊഴുക്കാണ്. മക്കളെ **എന്നെ** അനുഗമിക്കൂ. **എന്നെ** കുറിച്ച് അറിയാൻ ശ്രമിക്കൂ. പിന്തുടരുവാൻ **എന്നേക്കാൾ** യോഗ്യനില്ല. അറിയാൻ ശ്രമിക്കുന്നുവെങ്കിൽ **എന്നെ** അറിയാൻ ശ്രമിക്കൂ. ആർക്കെങ്കിലും വേണ്ടി സമയം മാറ്റിവെക്കുന്നെങ്കിൽ അത് **എനിക്ക്** വേണ്ടിയായിരിക്കട്ടെ. നിന്നെ ജീവിതത്തിന്റെ അസ്തിത്വത്തിലേക്ക് ആനയിച്ച് കൊണ്ട് വന്നത് **ഞാനാണ്. എന്നോടൊത്ത്** നിത്യത പങ്കിടുവാൻ നിനക്ക് ആഗ്രഹമില്ലേ? ഇതിന് സമാന്തരമായ മറ്റൊരു മാർഗ്ഗമുണ്ട്. ആ മാർഗ്ഗമെന്ന് പറയുന്നത് **എന്നിൽ നിന്ന്** പുറപ്പെട്ടു വരുന്ന ഭൂമിയിലെ സകലനന്മകളേയും നഷ്ടപ്പെടുത്തുന്ന മാർഗ്ഗ മാണത്. അതെ ഒട്ടും സമയം വേണ്ട എല്ലാ നല്ല ദാനങ്ങളും **എങ്കൽ** നിന്നാണ് വരുന്നത്. സകല നന്മകളുടേയും ഉറവിടം **ഞാനാണ്. എന്നെ** കൂടാതെ ഭൂമിയിലെ യാതൊരു നന്മയും നിനക്ക് അനുഭവി ക്കുവാനോ, ആസ്വദിക്കുവാനോ സാധ്യമല്ല. **എന്നെ** കൂടാതെ ഒരു നന്മയും നിനക്ക് ലഭ്യമാവുകയില്ല. **ദൈവത്തിന്റെ** ഹൃദയത്തിൽ നിന്നാണ് എല്ലാ നന്മയുടെ ഉറവയും അങ്കുരിക്കുന്നത്. നീ എപ്പോ ഴെങ്കിലും അത് അനുഭവിച്ചിട്ടുണ്ടോ?

അതുകൊണ്ട് ഈ ചിന്തക്ക് അളവിൽ കവിഞ്ഞ ഗൗരവവും, പ്രാധാന്യവും കൊടുക്കുക. നിന്റെ നിത്യത എവിടെ ചിലവഴിക്കണം?. **ദൈവത്തോടു**കൂടെയോ, ദൈവമില്ലാതെയോ. നീയാണ് ഇക്കാര്യ ത്തിൽ ചിന്തിച്ച് തീരുമാനമെടുക്കേണ്ടത്. ഞാൻ എന്റെ കാന്തയെ ചേർക്കുവാൻ വരുമ്പോൾ അക്കൂട്ടത്തിൽ നീയും ഉണ്ടായിരിക്കുമോ? ഇത് നിന്റെ മാത്രം തിരഞ്ഞെടുപ്പിന്റെ വിഷയമാണ്. പക്ഷേ ആ

തീരുമാനത്തിന്റെ പുറകിൽ വലിയ വില കൊടുക്കേണ്ടി വരും. ലോകത്തിന്റെ വഴി **എന്റെ** വഴിയല്ലാത്തതുകൊണ്ട് ലോകത്തിന് പുറകെ പരക്കം പായുന്ന നിന്റെ സ്വഭാവവും, ലോകകാര്യങ്ങളോടുള്ള അമിതാനുരാഗവും നീ ബോധപൂർവ്വം വിലക്കിയേ ഒക്കൂ. നീ തീരുമാനിച്ച് ഉറപ്പാക്കേണ്ട വഴിയെകുറിച്ച് ഞാൻ നിന്നെ അറിയിക്കാം. വളരെ കുറച്ച് ആളുകളെ **എന്റെ** വഴി തിരഞ്ഞെടുക്കുന്നുള്ളു. വളരെ കുറച്ച്.

1 യോഹന്നാൻ 2:15. **"ലോകത്തേയും ലോകത്തിലുള്ളതിനേയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല".**

ഒരു വോയ്സ് ഓഫ് ഗോസ്പൽ പ്രസിദ്ധീകരണം.

# പാഠം 11
# ലോകം പ്രശ്നത്തിലേക്ക്

**നമുക്ക്** തുടങ്ങാം **എന്റെ** മകളേ. ഇനി അടുത്ത് സംഭവിക്കുവാൻ പോകുന്ന കാര്യങ്ങളെ കുറിച്ചാണ് **ഞാൻ** സംസാരിക്കുവാൻ ആഗ്രഹിക്കുന്നത്.

ലോകം പ്രശ്നത്തിലേക്ക് കൂപ്പുകുത്തികൊണ്ടിരിക്കുകയാണ്. ആഗോളവ്യാപകമായി പ്രശ്നങ്ങളുടെ കാർമേഘം ദ്രുതഗതിയിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

ഒട്ടും താമസിയാതെ, വളരെ പെട്ടെന്ന് ഈ ലോകം നശിക്കും. മണവാട്ടി ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെട്ടു കഴിഞ്ഞാൽ പിന്നെയെല്ലാം വളരെ പെട്ടെന്ന് സംഭവിക്കും.

പ്രത്യാശയുടേയും, തിരിച്ചു വരവിന്റേയും ഒരു ലഘുസൂചന പോലും അവശേഷിക്കാതവണ്ണം ഈ ലോകം അത്രമേൽ അന്ധകാര നിബിഡമായിതീരും. കുഞ്ഞുങ്ങളെ; വളരെ പെട്ടെന്ന് അവ്വണ്ണം സംഭവിക്കും. ഈ യാഥാർത്ഥ്യം അരങ്ങേറേണ്ടതിനുവേണ്ട അണിയറ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. **ഞാനൊരിക്കലും,** സംഭവിക്കാൻ പോകുന്ന സത്യത്തെ അതിശയോക്തിപരമായി പരത്തി പറയുന്നവനല്ല. **എന്റെ** അരുളപ്പാടുകൾ വിശ്വാസയോഗ്യമാണ്. ഈ മാറ്റത്തിന്റെ നാഴിക അതിശീഘ്രം ആഗതമായികൊണ്ടിരിക്കുകയാണ്. ആ പ്രക്രിയക്ക് തുടക്കമിട്ട് കഴിഞ്ഞു; ഇനി അതിന് തടയിടുവാൻ സാധ്യമല്ല.

ലോകം അതിന്റെ ദുഷ്ടതയുടെ പാരമ്യത്തിൽ എത്തിയിരിക്കുന്നു. ഒരു വ്യക്തിക്കോ, ഭരണകൂടത്തിനോ, അധികാരത്തിനോ ഈ ദുഷ്പ്രവണതക്ക് അറുതി വരുത്തുവാൻ സാധ്യമല്ല. അന്ത്യനാളുകളുടേയും, വെളിപ്പാടുകളുടേയും ചുരുളുകൾ ഒന്നൊന്നായി അഴിഞ്ഞുകൊണ്ടിരിക്കുകയാണ്. **എന്റെ മകന്റെ** മടങ്ങിവരവിന്റെ നാളും,

നാഴികയും മുമ്പത്തേതിനേക്കാൾ ഇങ്ങടുത്തെത്തിയിരിക്കുന്നു. കള്ളൻ രാത്രിയിൽ പതുങ്ങി വരുമ്പോൾ സംഭവിക്കുന്നതെന്താണെന്ന് അന്നാളിൽ ലോകം വ്യക്തമായി അറിയും. ഈ സംഭവത്തിനെ ഒരു കാരണവശാലും നിർത്തിവെക്കുവാൻ കഴിയുകയില്ല. ഇത് മുൻകൂട്ടി പറയപ്പെട്ടതാണ്. അത് ചരിത്രത്തിൽ സംഭവിക്കുവാനുള്ള സമയം സമാഗതമായിരിക്കുന്നു. **എന്റെ** എല്ലാ വചനത്തേയും പോലെ തന്നെ ഇതിനും വള്ളിക്കോ, പുള്ളിക്കോ മാറ്റം വരികയില്ല.

1 തെസ്സലോനിക്യർ 5:2 **"കള്ളൻ രാത്രിയിൽ വരുംപോലെ കർത്താവിന്റെ നാൾ വരുന്നു എന്ന് നിങ്ങൾ തന്നെ നന്നായി അറിയുന്നുവല്ലോ".**

മക്കളേ നിങ്ങൾ നന്നായി ഒരുങ്ങേണ്ടിയിരിക്കുന്നു. യാത്രക്ക് നിങ്ങൾ അയോഗ്യരല്ലെന്ന് നിങ്ങൾ നിങ്ങളെതന്നെ ഉറപ്പാക്കുക. **എന്റെ** വരവിന് വേണ്ടി ഏറിയ പ്രാഗൽഭ്യത്തോടെ ഒരുങ്ങി കാത്തിരിക്കുക. **എന്റെ മകന്റെ** വരവ് വാതിൽക്കലായിരിക്കുന്നു. **അവന്റെ** പ്രിയ കാന്തയെ ചേർക്കേണ്ടതിനുവേണ്ടി ദൂതസൈന്യവുമായി ആകാശ മദ്ധ്യേ **അവൻ** വരുന്നു. ആ സമയം ഇതാ ഇങ്ങടുത്തെത്തിയിരിക്കുന്നു.

**എന്റെ** വിശ്വസ്തരെ ഉണർന്നെഴുന്നേൽക്കൂ. ചരിത്രത്തിന്റെ ഇതുവരെയുള്ള നാളുകളിൽ സംഭവിച്ചതിൽ വച്ചേറ്റവും മഹത്തായ അനുഭവത്തിന് പങ്കാളികളായി മാറേണ്ടതിന് വട്ടം കൂടുക. **മണവാളൻ** തന്റെ മണവാട്ടിക്ക് വേണ്ടി പ്രത്യേക്ഷപ്പെടുന്ന ചരിത്ര മുഹൂർത്തത്തിന് സാക്ഷ്യം വഹിക്കാൻ തയ്യാറെടുക്കുക. വരിക. കുഞ്ഞാടിന്റെ രക്തത്താൽ യോഗ്യരായി തീരുക. **അവന്റെ** രക്തത്തിൽ നിങ്ങളെ തന്നെ പൊതിയുക. ആ രക്തം ഇപ്പോഴും ലഭ്യമാണ്. ആ മഹാസ്നേഹത്തിനു മുമ്പിൽ മറുത്തൊന്നും പറയാതെ സ്രാഷ്ടാംഗം സമർപ്പിക്കുക. നിങ്ങളുടെ ജീവിതം **അവനിൽ** ആരംഭിച്ച്, **അവനിൽ** തുടർന്ന്, **അവനിൽ** അവസാനിക്കട്ടെ. ജീവിതത്തിന്റെ ആദിയും, അന്ത്യവും **അവനായിരിക്കട്ടെ. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് ഞങ്ങൾ** മൂന്നല്ല ഒന്നാണ്. ത്രിയേകമാണ്.

കുഞ്ഞുങ്ങളെ ശത്രു അവന്റെ പദ്ധതികൾ പാകപ്പെടുത്തികൊണ്ടിരിക്കുകയാണ്. മാനവരാശിക്കെതിരായ കടുത്ത ആക്രമണത്തിന് അവൻ കോപ്പുകൂട്ടികൊണ്ടിരിക്കുകയാണ്. എല്ലാ മാനവികതയും, നാഗരീകതയും സമ്പൂർണ്ണമായ നാശത്തിന്റെ വക്കിലാണ്. നിങ്ങൾ ഇക്കാര്യങ്ങളെ കുറിച്ചൊന്നും അറിവില്ലാത്തവരായി കുടുങ്ങി പോകരുത്. പക്ഷേ ഈ വലിയ കോളിളക്കങ്ങൾ സംഭവിച്ചേ മതിയാകൂ. നിങ്ങൾ നിങ്ങളെതന്നെ ഒരുക്കി കാത്തിരിക്കണം. കേടുപാട് തീർക്കുവാൻ കഴിയാത്തവിധം പ്രതിവിധിയില്ലാത്ത മനോവിഭ്രാന്തിയിലേക്കും, ദുഷ്ടതയുടെ ആധിക്യത്തിലേക്കും മാനവരാശി കൂപ്പുകുത്തികൊണ്ടിരിക്കുകയാണ്. **എന്റെ മകന്റെ** ഭൂമിയിലേക്കുള്ള പുനരാഗമനത്തിങ്കൽ ഇതെല്ലാറ്റിനും അവസാനമുണ്ടാകും. അപ്പോൾ മാത്രമേ തിന്മയെ ജയിച്ചടക്കുവാൻ സാധിക്കുകയുള്ളു.

2 തെസ്സലോനികൃർ 2:8 **"അപ്പോൾ അധർമമൂർത്തി വെളിപ്പെട്ടു വരും. അവനെ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും"**

മക്കളേ നിങ്ങൾ ഒരു തീർപ്പിലെത്തണം. നിങ്ങൾ എന്ത് വിശ്വസിക്കും? എന്തിനെയാണ് നിങ്ങൾ ചേർത്തുപിടിക്കുന്നത്. മാറി പോകുന്ന ഈ ഭൂമിയേയോ, അതോ ശാശ്വതമായ **എന്റെ ഹിതത്തേയോ, എന്റെ വഴികളേയോ?** ഞാൻ നിങ്ങൾക്ക് പ്രദാനം ചെയ്യുന്നത് നിലനിൽക്കുന്ന രാജ്യത്തെയാണ്. നശ്വരമായ ഈ ഭൂമിയിൽ നിങ്ങളുടെ ഭാവികെട്ടിപ്പടുക്കാമെന്ന് നിങ്ങൾ ഒരിക്കലും വ്യാമോഹിക്കരുത്. ഇതെല്ലാറ്റിനേയും ചുരുട്ടികെട്ടുവാൻ പോകുകയാണ്. ഇനി കാലം അധികമില്ല. ഈ ഭൂപ്രകൃതിയും, അതിന്റെ താളവിന്യാസങ്ങളും എന്നന്നേക്കുമായി മാറ്റപ്പെടുവാൻ പോകുകയാണ്. ഒരിക്കലും ദുരാഗ്രഹികളാകരുത്. അനിശ്ചിതത്വം നിറഞ്ഞ ഭാവിയിൽ ഒരിക്കലും കയറിപിടിച്ച് ആശ്വാസം കണ്ടെത്തരുത്. നിങ്ങൾ നിങ്ങളുടെ സമയം പാഴാക്കി കൊണ്ടിരിക്കുകയാണ്.

സത്യത്തിന്റെ വ്യവസ്ഥയിലേക്ക് അടുത്ത് വരിക. ആ പരമാർത്ഥത്തിലേക്ക് ഉണർന്നെഴുന്നേൽക്കുക. ഞാൻ നിനക്ക് സത്യത്തെ

വിളമ്പി തരാം. **എന്റെ** പുസ്തകം വായിക്കുക. ഇന്ന് അരങ്ങേറി കൊണ്ടിരിക്കുന്ന കാര്യങ്ങളെ **എന്റെ** പുസ്തകവുമായി താരതമ്യ പ്പെടുത്തി തട്ടിച്ചു നോക്കുക. ഏച്ചുകെട്ടലുകളില്ലാത്ത സമാനത കൾ. അതെല്ലാം അതിന്റെ പൂർണ്ണതയിലേക്ക് ബദ്ധപ്പെട്ടോടുകയാണ്. എത്രയോ മുമ്പ് ഞാൻ അരുളിചെയ്തതെല്ലാം അണുവിട വ്യത്യാ സമില്ലാതെ നിറവേറികൊണ്ടിരിക്കുകയാണ്. ഇത് കേവലം യാദൃ ശ്ചികമല്ല. നിറവേറേണ്ടതിനായി ശക്തനായ **ദൈവത്തിൽ** നിന്ന് വന്ന ശക്തമായ വചനങ്ങളാണിത്.

**എന്റെ** വചനം പതറി പോവുകയോ, പരാജയപ്പെടുകയോ ഇല്ല. അത്രത്തോളം ഉറപ്പുള്ളതും, ദൃഢവുമാണ് **എന്റെ** വചനം. **ഞാൻ സർവ്വശക്തനായ ദൈവമാകുന്നു. സർവ്വ വ്യാപിയായ സത്യമാകുന്നു. ഗതിഭേദത്താൽ ആച്ഛാദനം ഇല്ലാത്തവനാകുന്നു. സകല അധികാ രങ്ങളും ഉള്ളവനാകുന്നു. മാറ്റമില്ലാത്ത** രാജാധിരാജാവാകുന്നു. കർത്താധികർത്താവാകുന്നു. **എന്റെ** വചനത്തിനോ മാറ്റമില്ല.

1 പത്രോസ് 1:24-25 **"സകല ജഡവും പുല്ലുപോലെയും, അതിന്റെ ഭംഗി എല്ലാം പുല്ലിന്റെ പൂ പോലെയും ആകുന്നു. പുല്ലുവാടി, പൂവുതിർന്നു പോയി. കർത്താവിന്റെ വചനമോ എന്നേക്കും നില നിൽക്കുന്നു. അത് ആകുന്നു നിങ്ങളോട് പ്രസംഗിച്ച വചനം".**

ഉറങ്ങുന്നവരേ ഉറക്കമുണരുവിൻ. ഉറക്കം വിട്ട് എഴുന്നേൽക്കു വാനുള്ള സമയമാണിത്. ജാഗരൂഗരായിരിക്കുക. ഇപ്പോഴാകുന്നു സമയം. നിങ്ങളുടെ ഇരുട്ടിന്റെ മറകളെ നീക്കികളയുവിൻ. ലോക ത്തിന്റെ വസ്തുവഹകളെ വിട്ടുകളഞ്ഞ് പരിപൂർണ്ണമായും എന്നിൽ ശ്രദ്ധിക്കുവിൻ.

അർദ്ധരാത്രി സമീപിച്ചുകൊണ്ടിരിക്കുന്നു. കുഞ്ഞുങ്ങളെ; ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു. കാവൽകാരനാൽ പിടിക്ക പ്പെടരുത്. ഒരുങ്ങുക. ഒരുക്കുക.

മകന്റെ മടങ്ങി വരവ് കൈയ്യെത്തും ദൂരത്തായിരിക്കുന്നു.

# പാഠം 12
# ആസന്നമായ "എന്റെ വരവ്"

നമുക്ക് ആരംഭിക്കാം. ആസന്നമായ **എന്റെ** വരവിനോടനുബന്ധിച്ചുള്ള ലോകത്തിന്റെ ആശങ്കകളെയാണ് **ഞാനിനി** അഭിസംബോധന ചെയ്യുവാൻ പോകുന്നത്.

ഈ ലോകം സ്ഫോടനാത്മകമായ ഒരു ബൃഹദ്മാറ്റത്തിന് വേദിയാകുവാൻ പോകുകയാണ്. മാറ്റം എല്ലാ തുറകളിലും സംഭവിക്കും. അതിൽ ഏറ്റവും ശ്രദ്ധേയമായത് **എന്റെ രക്തത്താൽ** ശുദ്ധീകരണം പ്രാപിച്ച്; ഈ ലോകത്തിന്റേതായ യാതൊരുവിധ മാലിന്യങ്ങളും, മ്ലേച്ഛതകളും ഏശാതവണ്ണം തന്നത്താൻ സൂക്ഷിച്ച്, ശുദ്ധീകരിച്ച് ജീവിക്കുന്ന **എന്റെ** കാന്തയുടെ കണ്ണിമയ്ക്കുന്നതിനിടയിൽ സംഭവിക്കുന്ന രൂപാന്തരമാണ്. **എന്റെ** മണവാട്ടിയുടെ എടുത്തുകൊള്ളപ്പെടലിനുശേഷം സംഭവിക്കുന്ന ശീഘ്രനാശവും, അതിനെ തുടർന്ന് അധികാരമേൽക്കുന്ന എതിർക്രിസ്തുവിന്റെ വ്യവസ്ഥയും തുടർന്ന് നടക്കാൻ പോകുന്ന നാടകീയ സംഭവവികാസങ്ങളാണ്.

എഫേസ്യർ 5:25-27 **"ഭർത്താക്കന്മാരെ ക്രിസ്തുവും, സഭയെ സ്നേഹിച്ചതു പോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ. അവിടന്ന് അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനും കറ, ചുളുക്കം മുതലായത് ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും, നിഷ്കളങ്കയുമായി തനിക്കുതന്നെ തേജസ്സോടെ മുൻനിറുത്തേണ്ടതിനും തന്നെത്താൻ അവൾക്ക് വേണ്ടി ഏൽപ്പിച്ചു കൊടുത്തു".**

ഇത് ഒരു രാത്രി കൊണ്ട് സംഭവിക്കുന്ന മാറ്റമല്ല. ലോകചരിത്രത്തിൽ ഇതിനോട് കിടപിടിക്കാവുന്ന ഒരു മാറ്റവും നാളിതുവരെ ഉണ്ടായിട്ടില്ല. കൈവിടപ്പെട്ടു പോയവർ അതിന്റെ പ്രത്യാഘാതം അനുഭവിക്കും; എടുക്കപ്പെട്ടവർ അതിന്റെ മഹത്വം അറിയും.

ആസന്നഭാവിയിൽ ഭൂമിയിൽ നടക്കാൻ പോകുന്ന ഈ മാറ്റ

ത്തിനോടനുബന്ധിച്ചുള്ള കൊടിയ നാശത്തിൽ അകപ്പെട്ട് അനേകരുടെ ജീവൻ പൊലിയും. **എന്റെ കോപം** ചൊരിഞ്ഞൊഴിച്ചതു മുഖാന്തിരമായി നാശത്തിന്റെ നീണ്ട പരമ്പരകൾ തന്നെ ഭൂമിയിൽ സംജാതമാകും. വരാൻ പോകുന്ന വലിയ നാശങ്ങളുടെ മുൻകൂട്ടി രുചിച്ചു നോക്കുന്ന കൊച്ചു കൊച്ചു വിപത്തുകൾക്കാണ് ഇന്ന് ലോകം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. വരാൻ പോകുന്ന ഭീകരതയുടെ ഭയാനകത്വം അത്രമേൽ ഘോരമായതുകൊണ്ടാണ് ഇടതടവില്ലാതെ അടയാളങ്ങളിലൂടെയും, ചെറുപ്പക്കാരും, പ്രായം ചെന്നവരുമായ **എന്റെ** ദാസന്മാർ മുഖേനയും ഞാൻ മുന്നറിയിപ്പ് തന്നുകൊണ്ടിരിക്കുന്നത്.

**എന്റെ** മുന്നറിയിപ്പുകളെല്ലാം സുതാര്യവും, സ്ഥിരതയുമുള്ളതാണ്. അത് **എന്റെ** വചനത്തിലൂടെയാണെങ്കിലും മറ്റുള്ളവർ മുഖാന്തിരമായി ഞാൻ അറിയിക്കുന്ന മുന്നറിയിപ്പുകളിലൂടെയാണെങ്കിലും. **എന്റെ** വായിൽ നിന്ന് പുറപ്പെട്ടതിന് ഒരിക്കലും ഭേദം വരുത്തുകയോ, മാറ്റം വരുത്തുകയോ ഇല്ല. **ഞാൻ സനാതന സത്യമാകുന്നു.** **എന്റെ** സത്യത്തിന് മാറ്റമില്ല. **എന്റെ** വചനത്തിന് ചാഞ്ചല്യം ഇല്ല.

മക്കളേ, ഈ നാഴിക അവസാനിക്കുമ്പോൾ; ഗംഭീരനാദത്തിന്റെ സമയം വരുകയും, നിങ്ങളുടെ ചുറ്റുപാടുമുള്ളവർക്ക് ആസന്നമായ അന്ത്യവിധിയുടെ മുന്നറിയിപ്പ് വരികയും ചെയ്യും. അതുകൊണ്ട് അനേകർ ചിന്തിച്ചുവച്ചിരിക്കുന്നത് ഇത് ഒരു കെട്ടുകഥയാണെന്നോ, കഥാസമാഹാരമാണെന്നോ എന്നാണ്. എന്നാൽ ഈ സത്യഗ്രന്ഥത്തിലെ ഓരോ വാക്കുകളും വള്ളി പുള്ളി വിസർഗ്ഗം വിട്ടുകളയാതെ അക്ഷരാർത്ഥത്തിൽ തന്നെ നിറവേറാൻ പോകുന്ന സത്യങ്ങളാണ്.

കാലത്തിന്റെ ഘടികാരത്തിൽ അതിശ്രീഘ്രം വെളിപ്പാടും അതിന്റെ ഓരോ രംഗങ്ങളും തന്മയത്വത്തോടെ കളിച്ചു തുടങ്ങും. നിങ്ങളുടെ കണ്ണുകൾക്ക് മുമ്പിൽ ഓരോന്നും അതതിന്റെ നിവർത്തി പഥത്തിലേക്ക് ക്രമമായി ഓടിയടുക്കുന്നത് നിങ്ങൾക്ക് കാണുവാൻ കഴിയും. സമയമെടുത്ത് നിങ്ങൾ വായിക്കുകയും, ശ്രദ്ധിക്കുകയും ചെയ്താൽ ഇപ്പറയുന്ന എല്ലാ സംഗതികളും മുറ തെറ്റാതെ സംഭവിച്ചുകൊണ്ടിരിക്കുന്നത് നിങ്ങൾക്ക് വ്യക്തമായി ബോധ്യപ്പെടും.

ഇപ്പറയുന്ന എല്ലാ കാര്യങ്ങളും മുൻകൂട്ടി അരുളിചെയ്യപ്പെട്ടതാണ്. അതുകൊണ്ട് തന്നെ നിങ്ങളുടെ ഹൃദയത്തിനകത്തെ സംശയത്തെ വകഞ്ഞ് മാറ്റി കളയുക. **എന്നെ** അറിയാത്ത മറ്റുള്ളവരുടെ വാക്കുകൾക്ക് അല്പം പോലും ചെവി കൊടുക്കരുത്. സ്വയമായി നിങ്ങൾ തന്നെ **എന്റെ സത്യഗ്രന്ഥം** വായിച്ച് ധ്യാനിക്കുക. പൊരുൾ തിരിച്ച് ഗ്രഹിക്കേണ്ടതിന് **എന്റെ ആത്മാവിനെ** ആശ്രയിക്കുക. ഈ വചനത്തിൽ ഉള്ളടക്കം ചെയ്തീട്ടുള്ള സത്യത്തെ കണ്ടു ഗ്രഹിക്കേണ്ടതിനും, ഗ്രഹിച്ച സത്യത്തെ വെളിപ്പെടുത്തുവാൻ തക്കവണ്ണം കണ്ണുകൾക്ക് ലേപനം പൂശേണ്ടതിനും **എന്റെ** ആത്മാവ് സദാ ലഭ്യമാണ്.

വെളിപ്പാട് 3:18 **"നീ സമ്പന്നൻ ആകേണ്ടതിന് തീയ്യിൽ ഊതി കഴിച്ച പൊന്നും, നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതെ ഇരിക്കേണ്ടതിന് ധരിക്കുവാനായി വെള്ളയുടുപ്പും, നിനക്ക് കാഴ്ച ലഭിക്കേണ്ടതിനായി കണ്ണിൽ എഴുതുവാൻ ലേപവും എന്നോട് വിലയ്ക്കു വാങ്ങുവാൻ ഞാൻ നിനക്ക് ബുദ്ധി ഉപദേശിക്കുന്നു".**

നിങ്ങൾ അറിവില്ലാത്തവരായിതീരരുത് എന്ന് ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ സത്യത്തിലേക്ക് ഉണരുന്നവരും, നിങ്ങളെ തന്നെ കാര്യക്ഷമമായി ഒരുക്കിയെടുക്കുന്നവരും, ഫലനശാലികളും ആയി തീരണമെന്ന് ഞാൻ ആശിക്കുന്നു. **എന്റെ** മക്കൾ വെളിച്ചത്തിലേക്ക് കടന്ന് സത്യത്തെ മുഖാമുഖമായി കാണുന്നവരായിരിക്കണമെന്നാണ് **എന്റെ** ആഗ്രഹം.

സത്യം നിങ്ങളുടെ ചാരെയുണ്ട്. അത് ഇപ്പോഴെ കൈയെത്തി പിടിക്കാവുന്ന അത്രക്കും അരികെയാണ്. അതുകൊണ്ട് തന്നെ ഇനിയും ഇരുട്ടിൽ തപ്പി നടന്ന് ജീവിതം പാഴാക്കേണ്ട. സംഭവിക്കാൻ പോകുന്ന മഹാസംഭവത്തിൽ പങ്കാളിയായി തീരാതിരിക്കത്തക്കവണ്ണം നിങ്ങൾ ഒരുങ്ങാത്തവരായിരിക്കരുത്. നിങ്ങൾക്ക് വഴി കാട്ടുവാനും, നിങ്ങളെ നേരാംവണ്ണം നയിക്കുവാനും എനിക്ക് കഴിയും. **ഞാനതൊന്ന്** ചെയ്തോട്ടെ; അത് ചെയ്യുവാൻ ഞാൻ പ്രിയപ്പെടുന്നു.

നിങ്ങളെ ചേർത്തു പിടിക്കുവാൻ എനിക്ക് ആശയുണ്ട്. ഭൂമിക്ക് സംഭവിക്കുവാൻ പോകുന്ന മഹാകഷ്ടത്തിൽ നിന്ന് തെറ്റിയൊഴിയുവാനും, നിങ്ങളാരും നഷ്ടപ്പെട്ടു പോകാതിരിക്കത്തക്കവണ്ണം

നിങ്ങൾ പ്രാഗൽഭ്യത്തോടെ നിൽക്കുവാൻ നിങ്ങളെ ഉറപ്പിക്കുവാനും ഞാൻ വാഞ്ചിക്കുന്നു. മക്കളേ; **എന്റെ** വിശ്വസ്ത കരവലയത്തിനകത്ത് നിങ്ങൾ സങ്കേതം കണ്ടെത്തിയാട്ടെ. ഞാൻ നിങ്ങൾക്കായി കരുതുന്ന **ദൈവമാണ്.** നിങ്ങളെ ആഴത്തിൽ സ്നേഹിക്കുന്ന **ദൈവമാണ്.** നിങ്ങൾക്കുവേണ്ടി കരുതുന്നതിൽ അത്യധികം ആനന്ദിക്കുന്ന **ദൈവമാണ്.** നിങ്ങൾ എന്ത് ചെയ്തുവെന്നോ എവിടെയായിരുന്നുവെന്നോ ഞാൻ കാര്യമാക്കുന്നില്ല. മക്കളേ വരിക; വരിക. നിങ്ങൾക്ക് രക്ഷപ്പെടാനുള്ള അവസാന സമയമാണിത്. ഏകസത്യജീവദൈവത്തേയും, അവിടത്തെ സമ്പൂർണ്ണവഴികളേയും നിഷ്ക്കരുണം തള്ളികളയുന്ന ലോകത്തിന്റെ ചുഴികളിലും, ചുഴലികളിലും അകപ്പെട്ട് അപായപ്പെടുവാൻ ഇടവരരുത്.

അനേകർ ഈ സത്യത്തോട് ചേർന്ന് നടക്കുവാനുള്ള തീരുമാനമെടുക്കുന്ന കാര്യത്തിൽ കാലങ്ങൾ കാത്തിരിക്കുകയും, ഒടുവിൽ ഖേദിക്കുകയും ചെയ്യും. നിങ്ങൾക്ക് ആ ദുർഗതി വരരുത്.

നിങ്ങളുമായി **എന്റെ** ഹൃദയം പങ്കുവെക്കുവാൻ ഞാൻ ഒരുക്കമാണ്. മലർക്കെ തുറന്നു കാണിക്കുവാൻ ഞാൻ വ്യഗ്രതപ്പെടുന്നു. **എന്നിലേക്ക്** വലിച്ചടുപ്പിക്കുവാനും, ഏറ്റവും അടുത്ത നിമിഷങ്ങൾ നിങ്ങളുമായി പകുത്ത് ഭാഗിക്കുവാനും ഞാൻ ഇഷ്ടപ്പെടുന്നു. കഠിനമായ സാഹചര്യങ്ങളിലൂടെ നടത്തി കൊണ്ട് വന്ന് നിങ്ങളെ ഉയർത്തി ഉറപ്പിക്കുക എന്നതാണ് **എന്റെ** ആഗ്രഹം. ജീവിതത്തിലെ അതീവ ദുഷ്ക്കരമായ മുഹൂർത്തങ്ങൾ ഞാനുമായി പങ്കുവെക്കുക. ജീവിതത്തിന്റെ കൊടിയ ദുരന്തങ്ങളിൽ എന്നിൽ നിന്ന് നിങ്ങൾ ആശ്വാസം പ്രാപിക്കുന്നവരായിരിക്കണം എന്ന് ഞാൻ ആശിച്ചു പോകുന്നു. ഈയൊരു സുദൃഢമായ ബന്ധത്തിനുവേണ്ടി ഞാൻ എത്രനാളാണ് ആവലോടെ കാത്തിരിക്കുന്നുവെന്നറിയാമോ. നിങ്ങളുടെ **സൃഷ്ടാവായ എന്നെ** ജീവിതത്തിൽ നിന്ന് തള്ളി മാറ്റല്ലേ. നിങ്ങളോട് പറ്റിയിരിക്കുവാനുള്ള **എന്റെ** സന്നദ്ധതയെ നിങ്ങൾ നെഞ്ചോട് ചേർത്ത് പിടിച്ചാട്ടെ. ആരൊക്കെ നിങ്ങളോട് കൂടെയിരിക്കാം എന്ന് വാഗ്ദത്തം ചെയ്തോ, അവരെക്കാളൊക്കെ

അടുത്തിരിക്കുവാൻ കഴിവുള്ളവനാണ് ഞാൻ. **എന്റെ** മക്കളേ; എനിക്ക് നിങ്ങൾക്ക് വച്ചു നീട്ടാനുള്ളത് ഇതാണ്. മറ്റേതൊരു മാനുഷീക-ജഡരക്തബന്ധങ്ങളേക്കാളുമുപരിയായി നിങ്ങളെ നന്നായി അറിയുന്ന നിങ്ങളുടെ സ്രഷ്ടാവുമായി പഴുതുകളില്ലാത്ത, സുസ്ഥിരവും, സുദൃഢവുമായ ബന്ധം. എനിക്ക് മുമ്പോട്ട് വെക്കുവാനുള്ളത് ഹൃദയത്തോട് ചേർന്ന് നിൽക്കുന്ന ഈ സാമീപ്യമാണ്. **എന്റെ** ഉള്ളമാണ് ഞാൻ തുറന്ന് കാണിച്ചത്. ഈയൊരടുപ്പം നിങ്ങളുടെ ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളിലും നിങ്ങൾക്ക് തരാമെന്ന് പറയുന്നത് **ഞാനാണ്**. ഞാനത് തരും. ചോദിക്കേണ്ടത് നിങ്ങളാണ്. വളരെ ചുരുക്കം പേർ അതിനായി യാചിക്കുന്നുണ്ട്. എന്നാൽ ഇന്നും അത് ലഭ്യമാണ്.

മക്കളേ; ഞാൻ **എന്റെ** ഹൃദയം തുറന്നിട്ടിരിക്കുന്നു. കടന്ന് വന്ന് **എന്റെ** സാന്നിദ്ധ്യം നുകരാൻ, **എന്നോട്** ചേർന്നിരിക്കുവാൻ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു.

അകലം വിട്ടുള്ള, അകന്നിരിക്കുന്ന ഒരു **ദൈവം** എന്ന നില വിട്ട് **എന്നെ** അടുത്തറിയാൻ **എന്നരി**കെ വരിക.

എന്നെ നിങ്ങൾക്ക് സമീപിക്കാം. നിങ്ങളുടെ ജീവിതത്തിന്റെ ഗഹനമായ ചിന്തകളേയും, ആഴത്തിലുള്ള ആശങ്കകളേയും എന്നോട് പങ്കുവെക്കുവാൻ കഴിയും. എനിക്ക് നിങ്ങളെ സാന്ത്വനിപ്പിക്കുവാൻ കഴിയും. ജീവിതത്തിലെ കൊടിയ ദുരന്തമുഖങ്ങളിലൂടെ ഒരു പോറലുപോലു മേൽക്കാതെ നിങ്ങളെ നടത്തുവാൻ എനിക്ക് സാധിക്കും. വഴുതുവാൻ സാധ്യതയുള്ള ജീവിതപ്രതലങ്ങളിൽ താങ്ങി നിറുത്തി ഉറപ്പിക്കുവാൻ ഞാൻ ശക്തനാണ്. ഈ ജീവയാത്ര മുഴുവൻ നിങ്ങളോട് ചേർന്ന് നടന്ന്; ഒന്നും മറച്ചുവെയ്ക്കാതെ സകലവും തുറന്നുകൊണ്ടുള്ള ഒരു ഉദാത്തമായ സഖിത്വം ബന്ധം വച്ചു പുലർത്തുവാൻ ഹൃദയംഗമമായി ആഗ്രഹിക്കുന്ന സ്നേഹമയിയായ ദൈവമാണ് ഞാൻ. ഈ ജീവയാത്രയിൽ നീ ഒരിക്കലും ഏകാന്തപഥികയായി തീരുകയില്ല. ഞാൻ എല്ലായ്പ്പോഴും നിന്നോട് ചേർന്ന് നടക്കും. നിനക്ക് സാന്ത്വനമായി, സമാശ്വാസമായി, താങ്ങായി, തണലായി ജീവകാലം മുഴുവൻ ഞാനുണ്ടായിരിക്കും.

ഒന്നും ബാക്കിവയ്ക്കാതെ, അല്പം പോലും മറച്ചുപിടിക്കാതെയുള്ള സുതാര്യവും, സുദൃഢവുമായ ഒരു ബന്ധം കെട്ടിപ്പടുക്കുന്നതിലൂടെ **എന്നെ** അടുത്തറിയുവാൻ **എന്റെ** അടുത്തു വരൂ.

എന്നോട് പറ്റി ചേർന്നിരിക്കേണ്ടതിന് വേണ്ടിയിട്ടാണ്; നിന്നെ സൃഷ്ടിച്ചതുപോലും. ഈ ജീവയാത്രയിൽ നീ പൂർത്തീകരിക്കേണ്ടുന്ന ജീവിതലക്ഷ്യം അതാണ്. ഒരുവേള നീ മറ്റെന്തെങ്കിലും വിശ്വസിച്ചിരുന്നിരിക്കാം. എന്നാൽ ഓർത്തുകൊള്ളുക. ഞാൻ നിന്റെ **സൃഷ്ടാവാകുന്നു**. അതുകൊണ്ടാണ് ഞാൻ ഇങ്ങനെ അരുളിചെയ്യുന്നത്. ഞാൻ ആഗ്രഹിക്കുന്നു; നിന്റെ ജീവിതത്തിന്റെ ഉയർച്ചകളിലും, താഴ്ചകളിലും, സങ്കടങ്ങളിലും, സന്തോഷങ്ങളിലും ഞാൻ ഉണ്ടായിരിക്കണമെന്ന്. ജീവിതം സമൂലം സമർപ്പിച്ചുകൊണ്ട്; പരുപരുത്ത ജീവിത യാഥാർത്ഥ്യങ്ങളുടെ മധ്യത്തിലും നേരായ പാതയിലൂടെ നേരോടെ നമ്മളൊന്നിച്ച് നടന്നു തീർക്കുന്ന ഒരു ജീവിതം നിന്നെ കുറിച്ച് ഞാൻ കാംക്ഷിക്കുന്നു. ഇങ്ങനെയൊരു ജീവിതക്രമമാണ് നിന്നെ കുറിച്ച് ഞാൻ പദ്ധതിയിട്ടിരിക്കുന്നത്. **എന്റെ** സമ്പൂർണ്ണ പദ്ധതിയും, സമ്പൂർണ്ണഹിതവും അതാണ്.

സങ്കീർത്തനം 139:3 **"എന്റെ നടപ്പും, കിടപ്പും അങ്ങ് ശോദന ചെയ്യുന്നു. എന്റെ വഴികളൊക്കെയും അവിടന്ന് നന്നായി അറിയുന്നു."**

അതുകൊണ്ട് **എന്റെ** അരികിൽ വരൂ. **എന്റെ** മുമ്പാകെ നിന്റെ ജീവിതം സമർപ്പിക്കു. സമ്പൂർണ്ണ സമർപ്പണത്തോടെ **എന്റെ** മുമ്പാകെ അർപ്പണം ചെയ്യുവിൻ. എങ്കിൽ ഞാൻ നിന്നെ സ്വീകരിച്ച്, മുറ്റും വെടിപ്പാക്കി. **എന്റെ** രാജ്യത്തിൽ പ്രവേശിക്കുന്നതിൽ കുറവില്ലാത്തവണ്ണം നിന്നെ പണിതെടുത്ത് കുഞ്ഞാടിന്റെ കല്യാണസദ്യയിൽ ഞാൻ നിന്നെ മണവാട്ടിയാക്കി തീർക്കും. പക്ഷേ നീ എന്നോട് ഇതെല്ലാം ചോദിക്കണം. എങ്കിൽ ഇതെല്ലാം ഞാൻ നിനക്ക് തരും. **എന്റെ രാജ്യത്തിലേക്ക്** നിന്നെ കൂട്ടികൊണ്ടു പോകുവാൻ എനിക്ക് അത്രമേൽ ആശയുണ്ട്.

**ദൈവമായ ഞാൻ** ഒരുങ്ങി കാത്തിരിക്കുന്നു. നിന്റെ **സൃഷ്ടാവിനെ** കൂടാതെ ജീവിക്കുന്ന ജീവിതം അവസാനിപ്പിക്കൂ.

# പാഠം 13
# എന്റെ മക്കളെ കർമനിരതരാക്കുന്ന നാഴിക

അതുകൊണ്ട് മക്കളേ, നമുക്ക് തുടങ്ങാം. ഞാൻ സംസാരിക്കുന്നത് എന്റെ മക്കളോടാണ്. കുഞ്ഞുങ്ങളെ; സമയം അതിന്റെ സമാപ്തിയിലേക്ക് ബദ്ധപ്പെട്ടോടുന്നു. വെള്ളരിപ്രാവിന്റെ ചിറകുകളാൽ, പരാക്രമശാലിയായ കുതിരപ്പുറത്ത് ദൂതസഞ്ചയത്തിന്റെ അകമ്പടിയോടെ ഞാൻ വേഗം വരുന്നു. ആ ദിവസം ഇതാ അടുത്തിരിക്കുന്നു. നിങ്ങൾ എന്നെ നോക്കി, സൂക്ഷ്മതയോടെ, ആകാംക്ഷയോടെ, ഒരുങ്ങി കാത്തിരിക്കേണ്ടിയിരിക്കുന്നു.

2 തെസ്സലോനിക്യർ 3:5. **"ദൈവസ്നേഹത്തിലേക്കും, ക്രിസ്തുവിനെ കാത്തിരിക്കുവാനുള്ള സഹിഷ്ണുതയിലേക്കും കർത്താവ് നിങ്ങളുടെ ഹൃദയങ്ങളെ നയിക്കുമാറാകട്ടെ."**

കൃത്യസമയത്ത് പ്രയോഗിക്കപ്പെടുന്ന മൂർച്ചയുള്ള കത്തിയാണ് ഞാൻ. **എന്റെ** വചനം ഉത്തമമാണ്. ഞാൻ എന്ത് പറഞ്ഞുവോ അത് ഞാൻ പ്രവർത്തിക്കും. പ്രവർത്തിക്കുന്നതോ കൃത്യസമയത്തായിരിക്കും.

സമയം ഇതാ ഇങ്ങ് അടുത്തെത്തിയിരിക്കുന്നു. അതുകൊണ്ട് വലിയ പ്രതീക്ഷയോടെ ആയുഷ്കാലം മുഴുവൻ എനിക്കായ് കാത്തിരിക്കുന്നവർ അധൈര്യപ്പെട്ടുപോകരുത്. എങ്കിൽ നിങ്ങൾക്ക് നിരാശപ്പെടേണ്ടി വരില്ല.

തന്റെ **വചനം** അയക്കുന്ന **ദൈവമാണ്** ഞാൻ. എന്റെ വചനം ശ്രേഷ്ടമാണ്, സമ്പുഷ്ടമാണ്. ഞാൻ ഉറപ്പുള്ള **പാറയാകുന്നു.** എന്നിൽ വിശ്വസിച്ചവർ ആരും ലജ്ജിച്ചുപോയിട്ടില്ല ഒരുവനും, ഒരുനാളും. എനിക്ക് മാറ്റമില്ല. ഞാൻ ഇന്നലേയും, ഇന്നും, എന്നന്നേക്കും അനന്യൻ തന്നെ. ഞാൻ **അൽഫയും, ഒമേഗയും** ആകുന്നു. മക്കളേ നിങ്ങൾ ഒരുങ്ങിയേ ഒക്കൂ. ലോകപരമായ കരുതലുകളും, തയ്യാറെടുപ്പുകളും നീക്കികളയൂ.

എങ്ങനെയാണ് നിങ്ങൾ ഒരുങ്ങുന്നത്? എനിക്ക് വേണ്ടത് ഉപാധികളൊന്നുമില്ലാത്ത സമർപ്പണമാണ്.

നിങ്ങൾ കണക്ക് ബോധിപ്പിക്കേണ്ട പരിശുദ്ധനായ **ദൈവത്തിന്റെ** മുമ്പാകെ തങ്ങളുടെ പാപങ്ങളെ അംഗീകരിച്ച് ഏറ്റുപറയുന്ന, ആത്മാർത്ഥമായ അനുതാപമുള്ള, അങ്ങേയറ്റം എളിമയുള്ളവരെയാണ് എനിക്ക് ആവശ്യം.

അൽപ്പം പോലും മിച്ചം വെക്കാതെ; പൂർണ്ണമായി ഏൽപ്പിച്ചു തരുന്നവരെയാണ് എനിക്ക് ആവശ്യം.

സകല വിശ്വാസവും **എന്നിൽ** വയ്ക്കുന്ന നിങ്ങളെയാണ് എനിക്ക് ആവശ്യം.

എന്റെ **പരിശുദ്ധാത്മാവിനാൽ** പൂർണ്ണമായി നിറയപ്പെട്ട നിങ്ങളെയാണ് എനിക്ക് ആവശ്യം. കടന്നു വന്ന് വെളിച്ചത്തിന്റെ പൂർണ്ണത പ്രാപിക്കുക.

**എന്റെ വചനത്താൽ** നിങ്ങൾ മുറ്റും കഴുകി വെടിപ്പാക്കപ്പെടണമെന്ന് ഞാൻ ആശിക്കുന്നു. **എന്റെ** പുണ്യാഹരക്തത്താൽ നിങ്ങളുടെ വീണ്ടെടുപ്പിനായി ഞാൻ ചൊരിഞ്ഞ രക്തത്താൽ; നിങ്ങൾ ശുദ്ധീകരണം പ്രാപിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

നിങ്ങളുടെ എല്ലാ വഴികളിലും നിങ്ങൾ എന്നെ അന്വേഷിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ലോകത്തിന്റെ ആരവാരങ്ങളില്ലാത്ത രഹസ്യസങ്കേതത്തിൽ വച്ച് നിങ്ങൾ എന്നെ അടുത്തറിയണമെന്ന് ഞാൻ കാംക്ഷിക്കുന്നു.

ഓരോ ദിവസവും എന്നോട് ചേർന്ന് നടക്കണമെന്ന്; ഓരോ നിമിഷവും എന്നിൽ ചാരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

ദിവസത്തിന്റെ ആരംഭം മുതൽ അവസാനം വരെ സകലത്തിനും നിങ്ങൾ എന്നോട് പ്രാർത്ഥിക്കണമെന്നും, സകല കാര്യങ്ങളും എന്നോട് പറയണമെന്നും ഞാൻ ഇച്ഛിക്കുന്നു.

മക്കളേ നിങ്ങളുടെ കർത്താവാണ് നിങ്ങളോട് സംസാരിക്കുന്നത്. നിങ്ങൾ ജാഗ്രതയോടും, തികഞ്ഞ ഉന്മേഷത്തോടും കൂടി **എനിക്കായി** കാത്തിരിക്കണം. അടയാളങ്ങളെ തിരിച്ചറിഞ്ഞ് സമയത്തേയും, കാലത്തേയും വിവേചിക്കുക. **എന്റെ** വചനം വായിക്കുക.

സത്യത്തെ അന്വേഷിച്ച് നിങ്ങൾ ഇരുട്ടിൽ തപ്പരുത്.

ഇനിയൊരിക്കലും പ്രകാശപൂരിതമാകാതവണ്ണം ഇരുട്ടിന് മേൽക്കോയ്മയുള്ള നാഴികയാണിത്. തരളിതമായ പ്രകാശം ഈ ഭൂമിയിലേക്ക് ഇനി വരികയില്ല. വരാനിരിക്കുന്നതോ ഭീകരതയാണ്. കൊടിയ ഭീകരതയാണ് കാത്തിരിക്കുന്നത്.

കാത് കൂർപ്പിച്ച് കേട്ടാട്ടേ. **എന്റെ** സത്യം എല്ലായ്പ്പോഴും വിശ്വാസ യോഗ്യമാണ്. നിനക്ക് എല്ലായ്പ്പോഴും അതിൽ ആശ്രയിക്കാം. ഇരുട്ടിന്റെ ആധിപത്യം ഇപ്പഴേ വ്യാപരിച്ചുതുടങ്ങിയിരിക്കുന്നു. അത് നിങ്ങളി ലേക്കും നീങ്ങികൊണ്ടിരിക്കുന്നു. മക്കളേ, സുഖ-സുഷുപ്തിയിൽ ആറാടി മയങ്ങാനുള്ള സമയമല്ല ഇത്. എഴുന്നേറ്റ് **എന്റെ** സത്യത്തിലേക്ക് വരിക.

**എന്നിലേക്ക്** നീ മാനസാന്തരപ്പെടുക. ഞാൻ നിനക്കായ് കാത്തി രിക്കുന്നു. ലോകത്തിൻ മേലുള്ള നിന്റെ പിടിത്തം അയച്ചുവിടുക. ലോകത്തിൻമേലുള്ള നിന്റെ ആശ്രിതത്വവും, ആലംബവും അത്രക്ക് ആഴത്തിലുള്ളതും, പൂർണ്ണഹൃദയത്തോടെയുമാണ്. നിന്റെ സകല പ്രശ്നങ്ങൾക്കും ഒറ്റമൂലിയായി നീ കരുതുന്ന, തകർന്നുകൊണ്ടി രിക്കുന്ന ഈ ലോകത്തിന്മേലുള്ള ആശ്രയത്വം നീ ഉപേക്ഷിക്കുക. ഒരു വശത്ത് ലോകത്തേയും, മറുവശത്ത് **എന്നേയും** ചേർത്ത് പിടിച്ചുകൊണ്ടുള്ള ഞാണിൻമേൽകളി നീ അവസാനിപ്പിക്കുക. പാതി മനസ്സോടെയുള്ള നിന്റെ സമർപ്പണം നീ മതിയാക്കുക. ഇത് ഒരിക്കലും കരണീയമല്ല. നിരുപാധീകമായ സമർപ്പണത്തോടെ നീ **എങ്കലേക്ക്** വന്നേ ഒക്കൂ. അല്ലാത്തപക്ഷം നിത്യതയിൽ **നമ്മൾ** ഒരുമിച്ചായിരിക്കുകയില്ല.

**എന്റെ** രാജ്യത്തിലേക്കുള്ള പ്രവേശന യോഗ്യതകൾ ഇവ്വണ്ണ മാണ്. **എന്റെ** രാജ്യത്തിലെ ഒരു സജീവാംഗമായി ഇരിക്കേണ്ടതിന് **എന്റെ** മണവാട്ടി ചെയ്തിരിക്കേണ്ടത് ഇതാണ്. അവളെ സമ്പൂർണ്ണ മായി എനിക്ക് തരണം. ഞാനാഗ്രഹിക്കുന്നത് അല്പം പോലും പിടിച്ചുവെക്കാതെയുള്ള മുഴുസമർപ്പണമാണ്. അതിൽ കുറവായ തൊന്നും സ്വീകാര്യമല്ല.

കുഞ്ഞുങ്ങളെ ഞാൻ നിങ്ങൾക്ക് വേണ്ടി യാഗമായി തീർന്നത് ഭാഗീകമായിട്ടല്ല; സമ്പൂർണ്ണവും, വിധേയപൂർണ്ണവുമായ ഒരു ബലി

മരണമായിരുന്നു. ചെയ്ത് തീർക്കുവാൻ ഇനിയൊന്നും അവശേഷിക്കാതവണ്ണം അത്രമേൽ തികവുള്ളതായിരുന്നു. എന്റെ സകലത്തേയും, സർവ്വസ്വത്തേയും ഞാൻ ഊറ്റികൊടുത്തു. നീക്കി വെക്കുവാൻ ഒരു കണിക പോലും ഇല്ലാത്തവിധം സകലതും ഞാൻ നിങ്ങൾക്കായ് സമർപ്പിച്ചു.

നിങ്ങളുടെ പാപത്തിന്റെ ശിക്ഷ ഏറ്റെടുക്കുകയെന്ന എന്റെ ഹൃദയാഭിലാഷത്തിൽ നിന്ന് ഞാൻ അണുവിട പോലും വ്യതിചലിച്ചിട്ടില്ല. മുഴു അളവിൽ ഞാനതിനെ സ്വീകരിച്ചു. ഓരോ നിമിഷാർദ്ധവും അതിഘോരവും, അതിക്രൂരവുമായിരുന്നു. വേട്ടനായ്ക്കൾക്കു മുമ്പിൽ അകപ്പെട്ട കുഞ്ഞാടിനെപ്പോലെയായിരുന്നു. ആ നരനായാട്ട് കഴിഞ്ഞപ്പോൾ എടുത്ത് പറയാൻ ഒന്നും തന്നെ എന്നിൽ ശേഷിച്ചില്ല. മുഴുവൻ വിലയും കൊടുത്തു തീർത്തു.

സങ്കീർത്തനം 22:16 **"നായ്ക്കൾ എന്നെ വളഞ്ഞു; ദുഷ്ടന്മാരുടെ കൂട്ടം എന്നെ ചുറ്റിയിരിക്കുന്നു. അവർ എന്റെ കൈകളേയും, കാലുകളേയും തുളച്ചു."**

നിങ്ങളുടെ ശിക്ഷ ഒഴിവാക്കേണ്ടതിനായി ഞാൻ മുടക്കിയ വില നിങ്ങൾ തള്ളി കളയരുത്. ഈ ഒരു അവസരം നിങ്ങൾ അലക്ഷ്യമായി തള്ളി കളഞ്ഞാൽ, പാപങ്ങളുടെ വീണ്ടെടുപ്പിനായി ഇനിയൊരു യാഗവും അവശേഷിക്കുന്നില്ല. പാപങ്ങളുടെ വീണ്ടെടുപ്പിനായി ഇനിയൊരവസരം ഇല്ല. മറ്റൊന്നിനുവേണ്ടി ജനങ്ങൾ പരക്കം പായുന്നുണ്ടെങ്കിലും; അങ്ങനെയൊന്നില്ല. ഞാനാകുന്നു മറുവില. ഞാൻ ചിന്തിയ രക്തം, ക്രൂശിലെ **എന്റെ** പങ്കപ്പാടുകൾ, തകർക്കപ്പെട്ട **എന്റെ** മേനി, നുറുങ്ങിയ **എന്റെ** ഹൃദയം. ഇതിന് പകരം വെയ്ക്കാൻ മറ്റൊന്നില്ല. നിങ്ങളുടെ ശിക്ഷക്കായുള്ളത് ഞാൻ അടച്ചുവീട്ടി. ത്രിയേക ദൈവത്തിൽ നിങ്ങൾ ആനന്ദിച്ച്, കൂട്ടായ്മ ആചരിക്കേണ്ടതിന് വേണ്ടി നിങ്ങളുടെ വീണ്ടെടുപ്പിന്റെ മറുവില സ്വമേധയാ ഞാൻ കൊടുത്തു തീർത്തു. ഇതാണ് ഞാൻ ചെയ്തതും; ഇതിനുവേണ്ടിയാണ് ഞാൻ ചെയ്തതും.

എബ്രായർ 13:12 **"അങ്ങനെ യേശുവും സ്വന്തരക്തത്താൽ ജനത്തെ വിശുദ്ധീകരിക്കേണ്ടതിന് നഗരവാതിലിന് പുറത്ത് വച്ച് കഷ്ടം അനുഭവിച്ചു."**

ഇത് വിലമതിക്കാനാവാത്ത ദാനമാണ്. മക്കളേ ഇതിന്റെ വില യിടാൻ നിങ്ങളെ കൊണ്ടാവില്ല. ഒരു വിലയും അതിന് തുല്യമാവു കയുമില്ല. ഒരിക്കലും ഇതിനെ വിലയില്ലാത്തതെന്നോ, നിസ്സാര മെന്നോ കണക്കുകൂട്ടരുത്. ഈ മഹാദാനത്തെ തികഞ്ഞ ആദര വോടെ ഏറ്റുകൊള്ളുവിൻ. **ദൈവം** നിങ്ങൾക്ക് തന്ന സകല നന്മ കളിലും വെച്ച് ഏറ്റവും ഉന്നതവും, ശ്രേഷ്ഠവുമായ നന്മ ഇതാണ്.

മക്കളേ; ഈ ദാനത്തിന് ഞാൻ നിങ്ങളോട് ഒരു വിലയും ചോദി ക്കുന്നില്ല. ഈ ദാനത്തിന്റെ മൂല്യത്തോട് ഒന്ന് തൊട്ടു നിൽക്കത്തക്ക വില പോലും കെട്ടുവാൻ നിങ്ങളെ കൊണ്ടാവില്ല മക്കളേ. ഇത് തീർത്തും സൗജന്യമാണ്. നിങ്ങൾക്ക് പ്രയോജനകരമായി ഭവിക്ക ത്തക്കവണ്ണം സൗജന്യമായിട്ടാണ് തരുന്നത്. കരുണാമയനും, സ്നേഹവാരിധിയുമായ **ദൈവത്തിൽ** നിന്നുള്ള മഹാദാനത്തെ കണ്ടില്ലെന്ന് നടിക്കുകയോ, തിരസ്ക്കരിക്കുകയോ ചെയ്യരുത്.

ഇതുപോലെയുള്ള വലിയ ദാനത്തിനു നേരെ മുഖം തിരിച്ചു നടന്നാൽ നിത്യതയിൽ അതിന് കനത്ത വില നൽകേണ്ടി വരും. ഈ മഹാദാനത്തെ തുച്ഛീകരിച്ചാൽ ഫലം നിത്യനരകമായിരിക്കും. കുഞ്ഞുങ്ങളെ നിങ്ങൾ ഇതിന്റെ ഗൗരവം മനസ്സിലാക്കുന്നുണ്ടോ? എങ്കിൽ ഇതിനെ ലളിതമായി കൈകാര്യം ചെയ്യരുത്. നിങ്ങളുടെ **ദൈവത്തിൽ** നിന്നുള്ള നിങ്ങളുടെ രക്ഷക്കുവേണ്ടിയുള്ള അതി വിശിഷ്ഠമായ ദാനമാകയാലും, നിത്യശിക്ഷവിധിയിൽ നിന്ന് എക്കാ ലത്തേക്കുമുള്ള സ്വാതന്ത്ര്യം തരുന്നതാകയാലും ഈ ദാനത്തെ പൂർണ്ണഗൗരവത്തോടെ കരുതികൊള്ളുക.

എബ്രായർ 10:29 **"ദൈവപുത്രനെ ചവിട്ടികളകയും, തന്നെ വിശുദ്ധീകരിച്ച നിയമരക്തത്തെ മലിനം എന്ന് നിരൂപിക്കുകയും; കൃപയുടെ ആത്മാവിനെ നിന്ദിക്കുകയും ചെയ്തവൻ എത്ര കഠിന മേറിയ ശിക്ഷയ്ക്കു പാത്രമാകും എന്ന് വിചാരിപ്പിൻ".**

ഇത് അത്യപൂർവ്വങ്ങളിൽ അത്യപൂർവ്വമായ ദാനമാണ്. ചുരുക്കം ചിലർ ഇതിനെ വേണ്ടത്ര ഗൗനിച്ച്, അതിന് തക്കതായ മൂല്യം കല്പി ക്കുന്നു. മാനവരാശിക്ക് ഇന്നേവരെ നൽകപ്പെട്ടതിൽ വെച്ചേറ്റവും മൂല്യവത്തും, നിസ്തുല്യവുമായ ഈ മഹാകൃപയെ അതിന് തക്ക തായ മഹത്വവും, ശ്രേഷ്ഠതയും കൊടുത്ത്, അതിനോടുള്ള

മനോഭാവത്തിൽ അനിതരസാധാരണമായ ആദരവ് കൊടുക്കുന്ന ചുരുക്കം ചിലർ മാത്രമേ നിത്യതയുടെ സ്വർണ്ണതെരുവീഥികളിൽ എന്നോടൊത്ത് നടക്കുകയുള്ളു. ഒരു കാരണവശാലും കബളിപ്പി ക്കപ്പെട്ടു പോകരുത്. ഇത്രയും വലിയ രക്ഷയെ ഗണ്യമാക്കാതെ പോയാൽ പിന്നെ കാത്തിരിക്കുന്നത് മഹാ ദുരന്തമാണ്. അതു കൊണ്ട് ഏതുവിധേനയും ഹൃദയത്തോട് ചേർത്ത് കെട്ടുക; ജീവി തത്തിൽ അതിനെ പരിലാളിക്കുക; അർഹിച്ച ബഹുമാനം കൊടു ക്കുക. നിത്യരക്ഷക്ക്, ഭാഗ്യകരമായ പ്രത്യാശക്ക്, ദൈവത്തിന്റെ മഹാ രാജ്യത്തിലുള്ള ശാശ്വതവാസം എന്നിവക്കെല്ലാം നിത്യനിദാനമാ യിരിക്കുന്നത് ഈ മഹാകൃപയും, ഈ അമൂല്യദാനവുമാണല്ലോ എന്നോർത്ത് അതിൽ ആർത്ത് സന്തോഷിക്കുക.

മാനവകുലത്തിന് ഞാൻ വച്ചു നീട്ടിയ **എന്റെ** ദാനം എനിക്ക് മാത്രം വില കൊടുക്കാൻ കഴിയുന്നതും; **എനിക്ക്** മാത്രം പൂർത്തി യാക്കുവാൻ കഴിയുന്നതുമായ ഒന്നാണ്. മൂക്കിൽ ശ്വാസമുള്ള ഒരു മനുഷ്യനെകൊണ്ടും നിവർത്തിച്ചെടുക്കുവാൻ അസാദ്ധ്യവുമായ ഒന്നാണ്. **എന്റെ** സ്നേഹത്തെ ഞാൻ കൊടുത്തത് വില ഈടാക്കാതെയാണ്. അറിയപ്പെടുന്ന ഏതൊരു സ്നേഹത്തേക്കാളും പതിന്മടങ്ങ് കാമ്പും, കാതലും ഉള്ളതാണ് **എന്റെ** സ്നേഹം.

**എന്റെ** സ്നേഹത്തിന്റെ വിരുന്നുമേശയിലേക്ക് വന്ന് **എന്നോ ടൊത്ത്** പന്തിയിലിരുന്നാട്ടെ. മറ്റെന്തിനേക്കാളുമുപരിയായി ആ സ്നേഹസാഗരത്തിൽ നീന്തിതുടിച്ചാട്ടെ. സമ്പൂർണ്ണ സൗജന്യമാ ണിത്. ജീവകാലത്ത് ഒരിക്കൽ മാത്രം ലഭിക്കുന്ന അസുലഭസന്ദർഭ മാണിത്. എടുക്കൂ.... വൃഥാവിലാക്കല്ലേ. എല്ലാ കാലത്തും ഇത് ലഭ്യ മല്ല. സമയം തക്കത്തിൽ ഉപയോഗിച്ചുകൊള്ളുക.

ഇതെന്റെ സ്നേഹത്തിന്റെ പാനീയയാഗമാകുന്നു. ആവശ്യമു ള്ളവർ വന്നാട്ടെ.

**കർത്താവായ യാഹ്ഷുവാ**

**വീരനാം രാജാവ്**

എളിയ കുഞ്ഞാട് പാനീയയാഗമായ് ഒഴിഞ്ഞിരിക്കുന്നു.

# പാഠം 14
# ലോകം എനിക്കെതിരെ തിരിഞ്ഞിരിക്കുന്നു

**എന്റെ** കുഞ്ഞേ; നമുക്ക് തുടങ്ങാം. **എനിക്കെതിരെ** സകല പടപുറപ്പാടുമായി ഇറങ്ങി തിരിച്ച ലോകത്തെ അഭിസംബോധന ചെയ്യാൻ ഞാൻ താൽപ്പര്യപ്പെടുന്നു. **എനിക്കെതിരായും,** ഞാൻ നിലകൊള്ളുന്ന മൂല്യങ്ങൾക്കെതിരായും ഈ ലോകം ഇറങ്ങി പുറപ്പെട്ടിരിക്കുന്നു. അത് വളർന്ന് വികൃതവും, വിജനവുമായി തീർന്നിരിക്കുന്നു.

യാക്കോബ് 4:4 **"വ്യഭിചാരികളും, വ്യഭിചാരിണികളും ആയുള്ളോരെ ലോകസ്നേഹം ദൈവത്തോട് ശത്രുത്വം ആകുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനൊക്കെയും ദൈവത്തിന്റെ ശത്രുവായിതീരുന്നു."**

മക്കളേ ഈ ലോകം പാപത്താൽ നിറയപ്പെട്ടിരിക്കുന്നു. എങ്ങു തിരിഞ്ഞാലും വിശുദ്ധിയും, സത്യവും കണികാണുവാൻ പോലും ലഭ്യമല്ല. എന്തിനധികം **എന്റെ** സഭ പോലും **എന്നിൽ** നിന്നും ഒരു പാട് അകലെയാണ്. **എന്നെ** അറിയുന്നു എന്ന് അവകാശവാദം ചെയ്യുന്നവർ പോലും അകലം വിട്ട് നടക്കുകയാണ്. ഒരു കൈയ്യകലത്തിലാണ് അവരെന്നെ നിറുത്തിയിട്ടുള്ളത്. എന്റെ **സ്വന്തം നേതാക്കൾ** പോലും ഞാനുമായി ബന്ധപ്പെടുന്നില്ല. അവർ **എന്നെ** അന്വേഷിക്കുന്നതു പോലുമില്ല. അവർക്ക് **എന്നെ** അറിയില്ല. അവരുടെ സഭകൾ അതിക്രമങ്ങളുടെ ഗുഹയായിതീർന്നിരിക്കുന്നു. അവർ പ്രസംഗിക്കുന്നതും, പ്രചരിപ്പിക്കുന്നതും തെറ്റായ സന്ദേശങ്ങളാണ്. അവർക്ക് എന്നെ അറിയില്ലെന്ന് മാത്രമല്ല; അറിയാനൊട്ട് അവർ ശ്രമിക്കുന്നതു പോലുമില്ല. ഞാനിപ്പോൾ എല്ലാ അർത്ഥത്തിലും ആരാലും അറിയപ്പെടാത്ത ദൈവമാകുന്നു.

**ദൈവത്തിന്** നീക്കിവെക്കുവാനായി ലോകത്തിന്റെ പക്കൽ അല്പം പോലും സമയമില്ല. പ്രസംഗത്തിൽ ഞാൻ നിറഞ്ഞു നിൽക്കുന്നു; പക്ഷേ സത്യത്തിന്റെ കാര്യം വരുമ്പോൾ ഞാനില്ല. നുണയന്മാരേയും, കള്ളന്മാരേയും കൊണ്ട് ഈ ലോകം നിറഞ്ഞിരിക്കുന്നു. മനുഷ്യർ വമ്പു പറയുന്നവരും; ലോകത്തിന്റെ മ്ലേച്ഛതക്ക് പിറകേയും, ലോകത്തിന്റെ വഴികൾക്ക് പുറകേയും അല്പം പോലും ഉളുപ്പില്ലാതെ മനുഷ്യർ പരക്കം പായുകയാണ്. പക്ഷേ അവർക്ക് അവരുടെ **ദൈവത്തെ** പിൻപറ്റുവാൻ മാത്രം അവരുടെ പക്കൽ സമയമില്ല.

**എന്നെ** അറിയാതേയും, **എന്റെ** പ്രമാണങ്ങളെ അനുസരിക്കാതെയും ഇരിക്കേ; അതെല്ലാം അറിയുകയും, പ്രമാണിക്കുകയും ചെയ്യുന്നു എന്ന് വീരസ്യം പറയുന്നവരുടെ കാര്യം എത്ര കഷ്ടമാണ്. ഞാൻ അറിയിച്ചുകൊടുക്കുന്ന **ദൈവമാണ്**. എന്നെ പരമാർത്ഥതയോടെ അനുധാവനം ചെയ്യുന്ന ആർക്കും ഞാൻ മറഞ്ഞിരിക്കുന്ന ദൈവമല്ല. വിനീത വിധേയത്വത്തോടെ **എന്റെ** അരികെ വരുന്ന ആർക്കും ഞാൻ അജ്ഞാത ദൈവമല്ല. കൃത്യമായും, സ്പഷ്ടമായും അറിയിച്ചു കൊടുക്കുന്ന ദൈവമാണ്.

**എന്നിലേക്ക്** അടുത്ത് വരിക. ഞാൻ നിങ്ങളിലേക്ക് അടുത്തു വരും.

സങ്കീർത്തനം 73:28 **"എന്നാൽ ദൈവത്തോട് അടുത്തിരിക്കുന്നത് എനിക്ക് നല്ലതാകുന്നു. അവിടത്തെ സകല പ്രവൃത്തികളേയും വർണ്ണിക്കേണ്ടതിന് ഞാൻ യഹോവയായ ദൈവത്തെ എന്റെ സങ്കേതമാക്കിയിരിക്കുന്നു".**

മക്കളേ, എവിടെ തിരിഞ്ഞാലും ചതിവ് ഒളിച്ചിരിക്കുന്നുണ്ട്. പിശാച് ഒരുക്കിവച്ചിരിക്കുന്ന ഈ വിശാലമായ ലോകത്തിലൊരിടത്തും; നിങ്ങളെ **എന്നിലേക്ക്**; നിങ്ങളുടെ ദൈവത്തിങ്കലേക്ക് വലിച്ചടുപ്പിക്കുന്ന യാതൊരു സംഗതിയുമില്ല.

ഈ ലോകത്തിന്റെ വ്യവസ്ഥയെന്ന് പറയുന്നത് തന്നെ **എന്റെ** മക്കളുടെ ജീവിതത്തിന്റെ പാളം തെറ്റിക്കുവാനും; എല്ലായ്പ്പോഴും **എന്നെ** കൂടാതെയുള്ള ഒരു ജീവിതം നയിക്കുവാൻ അവരെ പ്രേരിപ്പിക്കുന്ന വിധത്തിലുള്ളതാണ്.

സങ്കല്പ ദൈവങ്ങളുടേയും, വിഗ്രഹങ്ങളുടേയും സ്വാധീന വലയത്തിനകത്ത് നിങ്ങളെ ചുരുക്കികെട്ടുവാൻ **എന്റെ** ശത്രുവിന് കഴിഞ്ഞാൽ; പിന്നെ നിങ്ങൾക്ക് എന്നെ അന്വേഷിക്കുവാനോ, നിത്യരക്ഷയിലേക്കുള്ള സത്യമാർഗ്ഗം കണ്ടെത്തുവാനോ, **എന്നാലുള്ള** ശുദ്ധീകരണം പ്രാപിക്കുവാനോ, **എന്നാലുള്ള** സ്വാതന്ത്ര്യം അനുഭവിക്കുവാനോ കഴിയില്ല.

നിങ്ങൾ പരാജിതരായി കാണപ്പെടുകയെന്നതും, ഞാൻ ഒരുക്കി വച്ചിരിക്കുന്ന രക്ഷയുടെ വീണ്ടെടുപ്പ് നഷ്ടപ്പെടുത്തുകയും, **എന്റെ** രാജ്യത്തിലേക്കുള്ള പ്രവേശനം നിഷേധിക്കപ്പെട്ടവരായും നിങ്ങൾ ആയി തീരുക എന്നതാണ് ശത്രുവിന്റെ പദ്ധതി. ഈ ലോകവ്യവസ്ഥ ശത്രുവിന്റെ പദ്ധതികളോട് ഇണയില്ലാപിണ കൂടിയിരിക്കുകയാണ്. ഇന്നത്തെ വ്യവസ്ഥയുടെ സകലതും സ്വയത്തിൽ കേന്ദ്രീകൃതമാണ്. സ്വാർത്ഥതയെ വാരിപുണരുന്നതാണ്. ഇത് ഒരിക്കലും **ദൈവത്തെ** അന്വേഷിക്കുകയോ, **ദൈവത്തെ** പിൻപറ്റുകയോ ചെയ്യുന്നില്ല. **എന്നിലേക്ക്** നിങ്ങൾ തിരിയുന്നത് കാണുവാൻ അവൻ ഒരിക്കലും ആഗ്രഹിക്കുന്നില്ല. സ്വയത്തിന് പ്രചുരപ്രചാരം കൊടുക്കുന്ന, സ്വാർത്ഥതയിൽ ആശ്രയിക്കുന്ന ഈ വ്യവസ്ഥയുടെ അദ്ധ്യാപന ങ്ങൾക്ക് നിങ്ങൾ അധീനരാകണമെന്നതാണ് ശത്രുവിന്റെ ലക്ഷ്യം. നിങ്ങളുടെ സ്വന്തം ഭാവിയെ ഏതു വിധേനയെങ്കിലും കരുപിടിപ്പി ക്കുക, മറ്റാരിലും വിശ്വസിക്കാതെ നിങ്ങളിൽ മാത്രം കേന്ദ്രീകരി ക്കുക. ലോകത്തിന്റെ തത്വചിന്ത തന്നെ അതാണ്.

ഇത് ഒരിക്കലും, ഒരിക്കലും **എന്റെ** വഴിയും, **എന്റെ** ഹിതവുമല്ല. **എന്റെ** വഴിയും, **എന്റെ** ഹിതവുമെന്ന് പറയുന്നത് ജീവകാലം മുഴു വൻ ദൈവത്തെ പിന്തുടരുകയെന്നതും, ജീവിതത്തിന്റെ ഏത് അവ സ്ഥാന്തരങ്ങളിലും ദൈവത്തിൽ മാത്രം ആശ്രയിക്കുകയെന്നതും, ഏതു പരിതസ്ഥിതിയിലും **ദൈവ**ഹിതത്തേയും, **ദൈവ**വഴിയേയും ആരാഞ്ഞ് അറിയുക എന്നതാണ്.

നിങ്ങൾ എപ്പോഴൊക്കെ നിങ്ങളുടെ സ്വന്തം ഇഷ്ടത്തിലേക്ക് തിരിയുന്നുവോ, അപ്പോഴൊക്കെ നിങ്ങൾ **എന്റെ** ഹിതത്തിന് പുറ ത്താണെന്നുള്ള സത്യം മറക്കരുത്. അത് നികൃഷ്ടമായ പാപമാണ്.

**എന്റെ** ഹിതത്തിന് വെളിയിൽ നിങ്ങളായിരിക്കുമ്പോഴെല്ലാം നിങ്ങൾ പാപത്തിലാണ് ജീവിക്കുന്നത്.

**എന്നെ** നിങ്ങൾ അന്വേഷിക്കാതെയും, നിങ്ങളുടെ സർവ്വസ്വവും **എന്റെ** മുമ്പാകെ അടിയറവയ്ക്കാതെയുമിരുന്നാൽ പിന്നെ എങ്ങനെയാണ് നിങ്ങളുടെ ജീവിതത്തോടുള്ള ബന്ധത്തിൽ **എന്റെ** ഹിതം ഇന്നതാണെന്ന് നിങ്ങൾക്ക് വേർതിരിച്ചറിയുവാൻ കഴിയുക? നിങ്ങളുടെ സ്വന്തം പദ്ധതികളേയും, മാർഗ്ഗങ്ങളേയും കുടഞ്ഞു കളഞ്ഞുകൊണ്ട്; നിങ്ങളുടെ ജീവിതത്തിന്റെ അമരത്തിരിക്കുവാൻ എന്നെ അനുവദിക്കുക. **എന്റെ** ഹിതത്തിനകത്ത് നിങ്ങൾ നടക്കുമ്പോൾ മാത്രമേ യഥാർത്ഥ സ്വാതന്ത്ര്യം നിങ്ങൾക്ക് അനുഭവിക്കുവാനും, സകല ബുദ്ധിയേയും കവിയുന്ന **എന്റെ** സമാധാനം ആസ്വദിക്കുവാനും കഴിയുകയുള്ളു.

**എന്നെ** കൂടാതെയുള്ള, നിങ്ങളുടെ ഹിതത്തിന് ഒത്തവണ്ണം ചുവടുവെച്ചുള്ള യാത്ര നിങ്ങളെ കൊണ്ടുചെന്നെത്തിക്കുന്നത് നിത്യനാശത്തിലേക്കാണ്. അങ്ങനെയൊരു ജീവിതം നയിക്കുന്ന നിങ്ങൾക്ക് ഒരിക്കലും പാപത്തിന്റെ ചങ്ങല പൊട്ടിച്ചു കളയുവാൻ സാധ്യമല്ല. **എന്റെ ഹിതം** എന്ന് പറയുന്നത് പരിശുദ്ധാത്മാവിന്റെ പൂർണ്ണതയാണ്. നിറഞ്ഞ് കത്തുന്ന ഒരു വിളക്കിന്റെ അനുഭവമാണ്. രക്ഷാനിർണ്ണയം പ്രാപിച്ച്, രക്ഷ പ്രാപിക്കുക. അത് മാത്രമാണ് താമസം വിനാ സംഭവിക്കാൻ പോകുന്ന **എന്റെ** വേഗത്തിലുള്ള വരവിങ്കൽ എടുത്തുകൊള്ളപ്പെടാനുള്ള ഒരുക്കത്തിന്റെ ഏകമാർഗ്ഗം.

മക്കളേ ഉറക്കമുണർന്ന് എഴുന്നേൽക്കൂ. ഇതാകുന്നു സത്യം. ഇതിനപ്പുറത്ത് മറ്റൊരു സത്യമില്ല.

മത്തായി. 25:4 **"ബുദ്ധിയുള്ളവരോ വിളക്കോടുകൂടെ പാത്രത്തിൽ എണ്ണയും എടുത്തു."**

ഒരു വോയ്സ് ഓഫ് ഗോസ്പൽ പ്രസിദ്ധീകരണം.

# പാഠം 15
# "എന്നെ" പിന്തുടരാത്ത നേതാക്കന്മാർ

മക്കളേ; നമുക്ക് വീണ്ടും തുടങ്ങാം. **എന്നെ** അല്പം പോലും വിലമതിക്കാത്ത ഈ ലോകത്തെ ഓർത്ത് ഞാൻ ഞരങ്ങി വ്യാകുലപ്പെടുന്നു.

ഒരു ഘട്ടത്തിലും **എന്നെ** ബഹുമാനിക്കുന്നില്ല. **എന്റെ** ആടുകളെ മേയിക്കുന്ന **എന്റെ** സ്വന്തം ആളുകൾ പോലും അത്യപൂർവ്വമായിട്ടാണ് **എന്നെ** വിളിച്ചപേക്ഷിക്കുന്നത്. **എന്നെ** കൂടാതെയാണ് അവരുടെ സകല പദ്ധതികളും അവർ ആസൂത്രണം ചെയ്യുന്നതും, ആവിഷ്കരിക്കുന്നതും. അങ്ങനെയുള്ള അവരിൽ **എനിക്ക്** വിശ്വസിക്കാനോ, ചിലത് ഭരമേല്പിക്കാനോ നിർവ്വാഹമില്ല. അത്തരക്കാർ ഒരിക്കലും തങ്ങളുടെ വിശ്വാസികളോട് സത്യം പറയുന്നില്ലെന്ന് മാത്രമല്ല; തങ്ങൾ എന്ത് പറയുന്നുവോ അത് മറ്റുള്ളവർ കേട്ടിരിക്കണമെന്നാണ് ഇത്തരക്കാർ ചിന്തിക്കുന്നതും, വിശ്വസിക്കുന്നതും.

സത്യം തേടി പോകുവാൻ **എന്റെ** മക്കൾക്ക് ഒരിടവുമില്ല എന്നതാണ് വസ്തുത. സത്യം അറിയണമെങ്കിൽ അവർ **എങ്കലേക്ക്** തിരിഞ്ഞേ പറ്റൂ. സ്വന്തം സഭാകൂട്ടായ്മകളിൽ അവർ കബളിപ്പിക്കപ്പെടുകയാണ്. സത്യമായതെന്താണെന്നോ, സ്വഭാവീകമായതെന്താണെന്നോ തിരിച്ചറിയാതെ അവർ അങ്ങേയറ്റം ആശയകുഴപ്പത്തിലകപ്പെട്ട് ശത്രു അവരുടെ മുമ്പിൽ വിരിച്ചിരിക്കുന്ന കെണിയിൽ അവർ മുഖമടച്ച് വീഴും.

തങ്ങളുടെ നേതാക്കളുടെ വാക്കുകളിൽ ജനം കണ്ണുമടച്ച് വിശ്വസിക്കണമെന്നും; **എന്നെ** അന്വേഷിക്കേണ്ട ആവശ്യമില്ലെന്നും ഉള്ള ഒരു അവസ്ഥയിൽ ജനം എത്തിച്ചേരണമെന്ന് ശത്രു ആഗ്രഹിക്കുന്നു. ദിവസേനയുള്ള **എന്റെ** വചനത്തിന്റെ കഴുകലിലൂടെ മാത്രമേ സത്യത്തിന്റെ തനിമ കണ്ടെത്തുവാൻ കഴിയുകയുള്ളു. ഇങ്ങനെയൊരു

അവസ്ഥയിൽ എത്തിപ്പെടണമെങ്കിൽ കർക്കശമായ അച്ചടക്കം ആവശ്യമാണ്. മക്കളേ നിങ്ങൾ **എന്റെ** ശിഷ്യന്മാരാണ്. ശിഷ്യന്മാർക്ക് അച്ചടക്കം അനിവാര്യമാണ്. ശിഷ്യത്വത്തിന്റെ മുഖമുദ്രയാണ് ശിക്ഷണം. ഈ ലോകത്തിന്റെ ഇടർച്ചകളിൽ നീ ഒരുപാട് കുടുങ്ങി പോയാൽ; പിന്നെ നിനക്ക് എങ്ങനെയാണ് **എന്റെ** ഹിതപ്രകാരമുള്ള മക്കളുടെ ഗണത്തിൽ ആയിതീരാൻ കഴിയുന്നത്? അത് ഒരിക്കലും സാധ്യമല്ല. നിരാകരിക്കപ്പെട്ടതോ, അപമാനിക്കപ്പെട്ടതോ ആയ **ദൈവമല്ല** ഞാൻ.

ഈ ലോകം അതിന്റെ സ്രഷ്ടാവായ **ദൈവത്തെ** അവമതിച്ചതിന്റെ പ്രത്യാഘാതങ്ങൾ കൊയ്തുകൂട്ടികൊണ്ടിരിക്കുകയാണ്. ദൈവത്തിൽ നിന്ന് അന്യപ്പെട്ട് നടക്കുന്നതിന്റെ ഫലമായുണ്ടാകുന്ന അനന്തരഫലങ്ങൾ; അത് അത്രത്തോളം ഭീകരവും, ഭയാനകവുമാണ്. **എന്റെ** അടുത്തേക്ക് വരികയും, അതിന്ശേഷം എന്നേക്കാൾ ശ്രേഷ്ഠമായ മാർഗ്ഗം ലോകമാണെന്ന് നിനച്ച് ലോകത്തെ ആഞ്ഞു പുൽകുകയും ചെയ്യുന്നവരോട് **എനിക്ക്** യാതൊരുതരത്തിലുള്ള അനുകമ്പയുമില്ല. ഇതൊരിക്കലും വിവേകപൂർണ്ണമായ ഒരു സമീപനമല്ല. എന്നീട്ടും ലോകം നാളിതുവരെ പിന്തുടർന്ന് ചെയ്തുവരുന്നത് സകല പ്രത്യാശക്കും ഭംഗം വരുത്തിവയ്ക്കത്തക്കവിധത്തിൽ സ്വയത്തെ പോഷിപ്പിക്കുകയും, സ്വയത്തെ സേവിക്കുകയും, സ്വന്തവഴികളിൽ ആശ്രയിച്ച് അതിനെ ആരാഞ്ഞു നടക്കുകയും ചെയ്യുകയെന്ന അങ്ങേയറ്റം ശിഥിലാത്മകമായ നടപടികളാണ്.

**എന്റെ** ശീഘ്രഗതിയിലുള്ള മടങ്ങി വരവിന്റെ നാളും, നാഴികയും ഇങ്ങടുത്തെത്തിയിരിക്കുന്നു. **എന്റെ** മക്കളേ നിങ്ങൾ എവിടെയാണ്? ഈ ലോകത്തിന് നിങ്ങളുടെ മുമ്പാകെ വച്ചു നീട്ടാനുള്ളത് നിരാശ മാത്രമാണ്. നിങ്ങൾ എന്നോട് കൂടെയാണോ അതോ എന്നിൽ നിന്ന് പിടിവിട്ട് ലോകത്തിലേക്ക് മടങ്ങി പോവുകയാണോ? ഇത് പരാജയത്തിന്റെ പടുകുഴിയിലേക്ക് അമർന്നുകൊണ്ടിരിക്കുന്ന, തകർന്ന് തരിപ്പണമായികൊണ്ടിരിക്കുന്ന, നാമവശേഷമായികൊണ്ടിരിക്കുന്ന ഒരു ലോകമാണ്. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതിന്റെ മൂല

കാരണം ഈ ലോകം ഒരിക്കലും അതിന്റെ പ്രശ്നപരിഹാരകനായി **ദൈവത്തെ** അന്വേഷിക്കുന്നില്ല എന്നതാണ്.

സകലവിധ മാർഗ്ഗങ്ങളിലൂടേയും പിശാച് ഈ ലോകത്തിൽ ആധിപത്യം അരക്കിട്ടുറപ്പിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾ ദിനം തോറും കേട്ടുകൊണ്ടിരിക്കുന്ന പ്രസംഗങ്ങളിലൂടെ, ഈ ലോകത്ത് നിലനിൽക്കുന്ന വ്യവസ്ഥയിലൂടെ, വിരുദ്ധ ഉപദേശങ്ങൾ പ്രസംഗിക്കുകയും, പഠിപ്പിക്കുകയും ചെയ്യുന്ന സഭകളിലൂടെ പിശാച് തന്റെ ആധിപത്യം ആഴത്തിൽ ആഴത്തിൽ ഉറപ്പിച്ചുകൊണ്ടിരിക്കുകയാണ്.

എന്തെങ്കിലും വിശ്വസനീയമായിട്ടുണ്ടെങ്കിൽ അത് **എന്റെ** വചനം മാത്രമാണ്; അത് തലമുറ തലമുറയായി വിശ്വസ്തതയോടെ നിലകൊള്ളുന്നു. **എന്റെ** വചനത്തിൽ മാത്രം കണ്ണുംനട്ടിരിക്കുക. അതിന്റെ താളുകളിലേക്ക് ഊളിയിട്ട് ഇറങ്ങുക. **എന്റെ** വചനം വായിക്കുവാനുള്ള സമയത്തെ കണ്ടെത്തി വേർതിരിക്കുക. വചനത്തോടൊത്ത് സമയം ചിലവഴിക്കുക. സകല സത്യങ്ങളും മറ നീക്കി പൊരുൾ അറിയേണ്ടതിന് **എന്റെ** ആത്മാവിന് വേണ്ടി ആവലോടെ പ്രാർത്ഥിക്കുക. നിങ്ങൾ ആത്മാർത്ഥതയോടെ യാചിക്കുന്നുവെങ്കിൽ; **അവൻ** അത് ചെയ്തുതരും. സത്യത്തിന്റെ പൂർണ്ണതയിലേക്ക് നിങ്ങളെ നയിക്കുവാൻ **അവൻ** ആഗ്രഹിക്കുന്നു. സത്യത്തിലേക്ക് നടത്തപ്പെടുകയെന്നതും, **എന്റെ** വചനത്താൽ, മുറ്റും കഴുകി ശുദ്ധീകരിക്കപ്പെടുകയെന്നതു മാത്രമാണ് അവന്റെ ഏറ്റവും തീവ്രമായ ആഗ്രഹം.

1 കൊരിന്ത്യർ 2:13 **"അത് ഞങ്ങൾ മാനുഷജ്ഞാനം ഉപദേശിക്കുന്ന വചനങ്ങളാൽ അല്ല; ആത്മാവ് ഉപദേശിക്കുന്ന വചനങ്ങളാൽ തന്നെ പ്രസ്താവിച്ചുകൊണ്ട് ആത്മീകന്മാർക്ക് ആത്മീകമായത് തെളിയിക്കുന്നു".**

ഒരു കട്ടി കമ്പിളി നിങ്ങളുടെ കണ്ണുകൾക്ക് മുകളിൽ വലിച്ചിടുവാൻ ലോകത്തെ ഒരുനാളും അനുവദിക്കരുത് മക്കളേ. അനേകരെ തങ്ങളുടെ ലക്ഷ്യപഥത്തിൽ നിന്ന് തെറ്റിച്ച് നടത്തുന്നതുപോലെ; നിങ്ങളേയും വ്യതിചലിപ്പിക്കുവാൻ ശത്രുവിനെ അനുവദിക്കരുത്.

ഉണർന്നിരിപ്പിൻ. **എന്റെ** ദിവ്യപ്രകാശത്തിലേക്ക് കടന്നു വരുവിൻ. **എന്റെ** പരിശുദ്ധ പാണികളാൽ ഞാൻ വിളമ്പി തരുന്ന സത്യത്തെ കൊണ്ട് വയറ് നിറയ്ക്കുവിൻ. **എന്റെ** വചനത്തിന്റെ പ്രബോധനത്താൽ നിങ്ങൾ പോഷിപ്പിക്കപ്പെടണമെന്ന് ഞാൻ വാഞ്ചിക്കുന്നു. **എന്റെ** പ്രകാശത്തിന്റെ പ്രഭാപൂരത്തിന്റെ വലയത്തിനകത്തേക്ക് ഞാൻ നിന്നെ ആനയിച്ചോട്ടെ. ഇതുവരെയും നീ ഗ്രഹിച്ചീട്ടില്ലാത്ത യാഥാർത്ഥ്യങ്ങൾ ഞാൻ നിനക്ക് അനാവരണം ചെയ്ത് തരാം. ഒത്തിരികാര്യങ്ങൾ നിന്നോട് പങ്ക് വെക്കുവാൻ **എന്റെ** ഉള്ളം വെമ്പുന്നു. ഇരുട്ടിന്റെ പിടിയിൽ നിന്ന് നിന്നെ പുറത്തെടുക്കുവാൻ ഞാൻ കൊതിക്കുന്നു.

ഇതാകുന്നു സമ്പൂർണ്ണസത്യം പരിപൂർണ്ണമായും അറിയപ്പെടേണ്ടുന്ന സമയം. അർദ്ധസത്യങ്ങളും, വ്യാജങ്ങളും, പാതിമനസ്സോടെയുള്ള യാഥാർത്ഥ്യങ്ങളും നനച്ച് വളർത്തേണ്ടുന്ന സമയമല്ലിത്. നിന്റെ സ്വയം രക്ഷയിൽ മാത്രം തലപൂഴ്ത്തികൊണ്ട് അപകടം ക്ഷണിച്ചുവരുത്തരുത്.

അതുകൊണ്ട് ഉറച്ചനിലവിളിയോടെ **എങ്കലേക്ക്** തിരിഞ്ഞാലും. ഞാൻ നിനക്ക് സത്യത്തെ പകർന്നു തരാം.

മക്കളേ ഇപ്പോഴാകുന്നു സമയം.

ഞാൻ യേശുവാകുന്നു; **സകലത്തിന്റെയും സൃഷ്ടാവ്.**

ഒരു വോയ്സ് ഓഫ് ഗോസ്പൽ പ്രസിദ്ധീകരണം.

# പാഠം 16
# "എന്റെ" മടങ്ങിവരവിന്റെ നാളും, നാഴികയും അടുത്തിരിക്കുന്നു

മക്കളേ നമുക്കാരംഭിക്കാം. **എന്റെ** മടങ്ങി വരവിന്റെ നാഴിക ഇതാ ഇങ്ങടുത്തെത്തിയിരിക്കുന്നു. രാത്രി പകലിന് വഴി മാറുന്നതു പോലെ തന്നെ ഉറപ്പുള്ളതാണ് **എന്റെ** വരവിന്റെ നാഴികയും. ഞാൻ ഇതാ വരുന്നു. അതിനെ തടയുവാൻ ഒന്നിനെ കൊണ്ടും സാധ്യമല്ല.

ഈ മഹാസംഭവത്തിന്റെ പ്രാധാന്യം നിങ്ങൾ കുറച്ച് കാണരുത്. ഒരു തരത്തിൽ അല്ലെങ്കിൽ; മറ്റൊരുവിധത്തിൽ ഈ മഹാസംഭവത്തിന്റെ അലയൊലികൾ അനുഭവിക്കാത്തവരായി ആരും തന്നെ; ജീവനുള്ള ആരും തന്നെ ഈ ഭൂമിയിൽ ഉണ്ടായിരിക്കില്ല.

അന്നാളിൽ; ഈ ലോകത്തിൽ നിന്ന് രക്ഷപ്പെട്ട് എന്നോട് കൂടെ പരമാനന്ദസൗഭാഗ്യത്തിൽ പ്രവേശിക്കുവാൻ നിയോഗം പ്രാപിച്ചവരുണ്ടാകും. മറുവശത്ത് കൊടിയ ദുരന്തത്തേയും, കനത്ത നാശനഷ്ടത്തേയും അഭിമുഖീകരിക്കേണ്ട ഒരു കൂട്ടം ആളുകളുണ്ടാകും.

ഈ സംഭവത്തെ എങ്ങനെ നേരിടണം എന്നുള്ളത് നിങ്ങളുടെ തിരഞ്ഞെടുപ്പിന്റെ ഭാഗമാണ്. നിങ്ങളുടെ തീരുമാനത്തിനൊത്തവണ്ണമായിരിക്കും; ഈ സംഭവഗതികളെ നിങ്ങൾ അനുഭവിക്കുന്ന വിധവും. **എന്റെ** കാന്തയെ സുരക്ഷിതമായി ഒരുവശത്ത് അണിനിരത്തുമ്പോൾ അക്കൂട്ടത്തിൽ എന്നോട് കൂടെ പോരുവാൻ നിങ്ങളുണ്ടാവുമോ, അതോ അക്കൂട്ടത്തിൽ ഉൾപ്പെടാതെ സ്വയം പിൻവലിഞ്ഞ് നിത്യനാശത്തിൽ അകപ്പെടുന്നവരുടെ ഗണത്തിലായിരിക്കുമോ നിങ്ങളുടെ സ്ഥാനം. **എന്റെ** കോപം ഞാൻ ചൊരിഞ്ഞൊഴിച്ചു. **എന്റെ** ശത്രു മുഴുബലത്തോടെ നിൽക്കുകയാണ്. ലളിതമായ ഒരു തിരഞ്ഞെടുപ്പു കണക്കെയാണ് കാര്യങ്ങൾ എത്തിനിൽക്കുന്നത്. ചുരുക്കം ചിലർ **എന്നോട്** കൂടെ സുരക്ഷിതമായ് പോകുവാൻ തങ്ങളെതന്നെ ഒരുക്കിയിരിക്കുന്നു. ചുരുക്കം പേർ **എന്റെ** വരവ് ആസന്ന

മാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് **എനിക്കായ്** കാത്തിരിക്കുന്നു. എന്തുകൊണ്ടാണ് ഇത് എന്റെ കുഞ്ഞുങ്ങളാണെന്ന് നീ ചിന്തിക്കുന്നത്? കാരണം ലോകത്തിൽ ഏറിയപങ്കിനേയും പാപം അപഹരിച്ചു കളഞ്ഞു. പാപപങ്കിലമായ ഈ ലോകത്തോട് അതിന്റെ എല്ലാ കെട്ടിലും, മട്ടിലും അക്കൂട്ടർ ഏകീഭവിക്കുകയും, ഒന്നായ് തീരുകയും ചെയ്തു. ഈ ലോകത്തിന്റെ വഴികളിൽ അഭിരമിച്ച്; ആ മ്ലേച്ഛതയുടെ തന്നെ ഒരു ഭാഗഭാക്കായി തീരുവാൻ അവർ സന്തോഷത്തോടെ തങ്ങളെ തന്നെ വിധേയപ്പെടുത്തികൊടുത്തു. അവർ **എന്റെ** വചനം വായിക്കുകയോ, അതിൽ ആശ്രയിക്കുകയോ ചെയ്യുന്നില്ല. ഉത്തരങ്ങൾക്കായി, അവർ നോക്കുന്നത് **എങ്കലേക്കല്ല.** അവരുടെ മനസ്സിൽ സ്ഥാനം പിടിച്ചിരിക്കുന്നത് ലോകവും, മനുഷ്യരുമാണ്.

മക്കളേ; ശിശുസഹജമായ സമർപ്പണത്തോടെയും, എളിമയോടെയും **എങ്കലേക്ക്** തിരിഞ്ഞുവരാത്തവരെ രക്ഷിച്ചെടുക്കുവാൻ എനിക്ക് കഴിയില്ല. **എന്റെ** സഭയെ ഭൂമിയിൽ നിന്ന് എടുത്തുമാറ്റേണ്ട സമയം വരുമ്പോൾ സമ്പൂർണ്ണ സമർപ്പണത്തോടെ **എന്നെ** ശുശ്രൂഷിക്കാത്ത ഒരാളെയും ഞാൻ കൈകൊള്ളുകയില്ല. പൂർണ്ണമായി മനംതിരിഞ്ഞ് എന്നിലേക്ക് വരുന്നില്ലെങ്കിൽ നീയും കൈവിടപ്പെടും. സഭ എടുക്കപ്പെടും, നീ തള്ളപ്പെടും. സംശയം വേണ്ട. കൈവിടപ്പെട്ടു. പോകുന്ന **എന്റെ** മക്കൾ പിന്നീട് പിശാചുമായി തൃപ്തിപ്പെട്ട് ജീവിക്കേണ്ടി വരും. അന്ധകാരം കൊടികുത്തി വാഴുന്ന സമയമായിരിക്കുമത്. ആശ്വാസം കണികാണുകപ്പോലുമില്ല.

മർക്കോസ് 10:15 **"ദൈവരാജ്യത്തെ ശിശു എന്നപ്പോലെ കൈകൊള്ളാത്തവൻ ആരും ഒരുനാളും അതിൽ കടക്കയില്ല എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു എന്ന് പറഞ്ഞു".**

ആസന്നമായ **എന്റെ** മടങ്ങിവരവിന് മുമ്പേ ജീവിതത്തിൽ ഇടറിപ്പോയ മണ്ഡലങ്ങളെ തിരിച്ചറിഞ്ഞ് മനസ്സുപുതുക്കി രൂപാന്തരപ്പെട്ട് **എങ്കലേക്ക്** തിരിഞ്ഞുവരുവാൻ ഇനിയും സമയമുണ്ട്. നീ നിന്നെ തന്നെ സമ്പൂർണ്ണമായി **എന്റെ** മുമ്പിൽ അടിയറ

വയ്ക്കുന്നുവെങ്കിൽ, നിന്റെ ഹിതങ്ങളെ **എന്റെ** ഇഷ്ടങ്ങൾക്കു മുമ്പാകെ ബലിയർപ്പിക്കുന്നുവെങ്കിൽ, ഒരു കാര്യത്തിൽ ഒട്ടും സംശയം വേണ്ട. ഞാൻ നിന്നെ പുതിയ വ്യക്തിയാക്കി രൂപാന്തരപ്പെടുത്തുകയും, **എന്റെ** രാജ്യത്തിന് പ്രയോജനമുള്ളതാക്കി തീർക്കുകയും ചെയ്യും.

ഒരു ചുരുങ്ങിയ ശേഷിപ്പു മാത്രമേ ഇവ്വണ്ണം മാനസാന്തരപ്പെട്ട് ജീവിക്കാൻ മനസ്സുവെക്കുന്നുള്ളു. ജനസംഖ്യയിൽ ഒരു ചെറിയ അംശം മാത്രമേ അങ്ങേയറ്റം അഗാധമായ, ഞാനാഗ്രഹിക്കുന്ന നിലവാരത്തിലുള്ള അടുപ്പത്തിൽ **എന്നെ** അന്വേഷിക്കുന്നുള്ളു. വളരെ ചുരുക്കം ആളുകൾ മാത്രമാണ് തങ്ങളുടെ ജീവിതം **എന്നിലേക്ക്** ഭരമേൽപ്പിക്കുന്നത്. ഏറിയപങ്കും ആളുകൾ തങ്ങളുടെ ജീവിതം ലോകത്തിന് പണയപ്പെടുത്തികൊണ്ടും, മനുഷ്യരുടെ വക്രതയുള്ള ചിന്താരീതികൾക്ക് തങ്ങളെ തന്നെ വശംവദരാക്കികൊണ്ടുമാണ് ജീവിക്കുന്നത്.

കുഞ്ഞുങ്ങളെ; നിങ്ങൾ സുബോധം പ്രാപിച്ചാട്ടെ. **എനിക്ക്**..... **എനിക്ക്** മാത്രമേ നിങ്ങളെ സഹായിക്കുവാൻ സാധിക്കുകയുള്ളു.

തിരിയുവാൻ ഒരിടവുമില്ല. ശരിയാണ് വേണമെങ്കിൽ നിങ്ങൾക്ക് ലോകത്തിലേക്ക് തിരിയാം. പക്ഷേ ആശയറ്റ അങ്ങേയറ്റം പരിതാപകരവും, ദിവസേന താഴ്ചയിൽ നിന്ന് താഴ്ചയിലേക്ക് കൂപ്പുകുത്തികൊണ്ടിരിക്കുന്ന അളവിൽ തീർത്തും ദയനീയമാണ് ലോകത്തിന്റെ അവസ്ഥ.

നിങ്ങൾ ജീവനുള്ളവരായിരിക്കണം. അതിന് ഒരൊറ്റ മാർഗ്ഗമേയുള്ളു. **എന്നിലേക്ക്** വരിക. കാര്യങ്ങളെല്ലാം തീർത്തും സുഗമമാണെന്ന പ്രതീതി ജനിപ്പിക്കുന്ന മായകാഴ്ചകളിൽപ്പെട്ട് നിങ്ങൾ വിഡ്ഢികളാകരുത്.

കാഴ്ചകൾക്ക് വഞ്ചിക്കുവാൻ കഴിയും. **എന്നെ** കൂടാതെ ഒരിഞ്ച് മുമ്പോട്ട് പോകുവാൻ ഈ ലോകത്തിനാവില്ല. **ധാർമീകദിശാസൂചിക ഞാനാകുന്നു. എന്നെ** കൂടാതെ, കുറവില്ലാത്ത **എന്റെ** വഴികളിൽ ആശ്രയിക്കാതെ നിലവാരം കാത്തുസൂക്ഷിക്കുവാൻ ഈ ലോകത്തിന് സാധ്യമല്ല.

മക്കളേ ക്ഷണനേരം കൊണ്ട്; കണ്ണിമയ്ക്കുന്നതിനിടയിൽ ഇതെല്ലാം സംഭവിക്കും. **എന്റെ** വരവ് യാഥാർത്ഥ്യമാകും. അപ്പോൾ നിങ്ങൾ നഷ്ടപ്പെട്ടുപോവുകയോ, കൈവിടപ്പെട്ടു പോവുകയോ ചെയ്യരുതെന്നാണ് **എന്റെ** ആശ. നിങ്ങൾ **എന്നോടു** കൂടെ വരണമെന്നാണ് **എന്റെ** താല്പര്യം. അതിലേക്കുള്ള **എന്റെ** ക്ഷണകത്താണിത്. **എന്നോട്** ചേർന്ന് നടക്കുവാൻ **എനിക്ക്** നിങ്ങളെ വേണം. ഇടുങ്ങിയ പാതയിലൂടെ ഒരുമിച്ച് നീങ്ങാൻ **എനിക്ക്** നിങ്ങളെ വേണം. നിങ്ങളെ **ഞാനൊന്ന്** നയിച്ചോട്ടെ. നിങ്ങളെ **ഞാനൊന്ന്** നിയന്ത്രിച്ചോട്ടെ. **എന്റെ** കരം കവർന്നോട്ടെ.

മണവാട്ടിയായി തീരുക എന്ന മഹാസൗഭാഗ്യം പാഴാക്കി കളയരുത്. അവൾ അങ്ങേയറ്റം അഴകുള്ളവളും, ഒരുക്കപ്പെട്ടവളുമാണ്.

ഞാനവളെ അത്രത്തോളം ഹൃദയംഗമമായി സ്നേഹിക്കുന്നു. മറ്റെന്തിനേക്കാളുമുപരിയായി എന്നെ സ്നേഹിക്കുന്ന മധുരിമയാർന്ന ശുദ്ധ സഭയാണവൾ. അവൾ **എന്റെ** സാക്ഷ്യം വഹിക്കുന്നു. ഞാനവളുടെ സർവ്വത്തിനും, സർവ്വവുമാണ്. വരാനിരിക്കുന്ന കൊടിയ വിപത്തിൽ നിന്ന് അവളെ രക്ഷിക്കുവാനാണ് ഞാൻ വരുന്നത്. വരാനിരിക്കുന്ന സകലത്തിൽ നിന്നും അവൾ വിടുതൽ പ്രാപിക്കും. വിരിക്കപ്പെട്ട എന്റെ കരവലയത്തിനകത്ത് അവൾ ശാന്തമായി വിശ്രമിക്കും.

ഒരു വോയ്സ് ഓഫ് ഗോസ്പൽ പ്രസിദ്ധീകരണം.

# പാഠം 17
# എതിർക്രിസ്തുവിനെ സംബന്ധിച്ച്

മക്കളേ; നമുക്ക് തുടങ്ങാം. ഇന്ന് ഞാൻ പുതിയ ഒരു കാര്യം പറയുവാനാണ് ആഗ്രഹിക്കുന്നത്. എതിർക്രിസ്തുവിനെയും, അവന്റെ ഭരണത്തേയും, വാഴ്ചയേയും കുറിച്ച് പറയുവാനാണ് ഞാൻ താല്പര്യപ്പെടുന്നത്.

വലിയ താമസം കൂടാതെ അവൻ ഈ ഭൂമിയിലേക്ക് വന്ന് ഭരിക്കാൻ തുടങ്ങുകയും, ആധിപത്യം ഉറപ്പിക്കുകയും ചെയ്യും. സകലത്തിനും മാറ്റം സംഭവിക്കും.

ഇവനേപ്പോലൊരു നിഷ്ടൂരനായ സ്വേച്ഛാധിപതിയെ കുറിച്ച് ഭൂമിക്ക് അറിവില്ല. അവന്റെ കാലത്ത് ഒരു കുറ്റവാളിയേയും കരുതൽ തടങ്കലിൽ ഇടുകയില്ല. അവൻ കുനിയുന്നത് തന്നെ മറ്റുള്ളവരെ നശിപ്പിക്കുവാനാണ്. തന്റെ മാർഗ്ഗത്തിന് വിഘ്നം സൃഷ്ടിക്കുന്നവരെ നാശം എന്താണെന്ന് അവൻ കൃത്യമായി പഠിപ്പിക്കും.

എമ്പാടും ഇരുട്ട് പരന്നതും, വർണ്ണങ്ങൾക്ക് യാതൊരു സാംഗത്യവും ഇല്ലാത്ത കാലഘട്ടം.

1 യോഹന്നാൻ 2:22 **"യേശുവിനെ ക്രിസ്തുവല്ല എന്ന് നിഷേധിക്കുന്നവൻ അല്ലാതെ കള്ളൻ ആർ ആകുന്നു. പിതാവിനേയും, പുത്രനേയും നിഷേധിക്കുന്നവൻ തന്നെ എതിർക്രിസ്തു ആകുന്നു".**

**എന്റെ** നാമത്തെ ഘോഷിക്കുന്നവൻ വെറുക്കപ്പെട്ടവൻ ആയി തീരും. അന്നാളിൽ **എന്റെ** പേരിന്റെ മറ്റൊരർത്ഥം മരണം എന്നാണ്. **എന്റെ** സ്വന്തമായ പലരും **എന്റെ** പേര് ഉച്ചരിക്കുവാൻ ഭയപ്പെട്ട് ഭീരുത്വം പ്രകടിപ്പിക്കും. ഈയൊരു പ്രവണത ലോകവ്യാപകമായി ഉണ്ടാകും. അങ്ങോളമിങ്ങോളം ഭീകരതയും, നാശവും ഉറഞ്ഞുതുള്ളും.

അത്തരമൊരു നശീകരണത്തിന് ലോകം അതുവരെ സാക്ഷ്യം വഹിച്ചീട്ടില്ല.

വെളിപ്പാട് 20:4 **"ഞാൻ ന്യായാസനങ്ങളെ കണ്ടു. അവയിൽ ഇരിക്കുന്നവർക്ക് ന്യായവിധിയുടെ അധികാരം കൊടുത്തു. യേശുവിന്റെ സാക്ഷ്യവും, ദൈവവചനവും നിമിത്തം തലഛേദി ക്കപ്പെട്ടവരും, മൃഗത്തെയോ, അതിന്റെ പ്രതിമയേയോ നമസ്ക്കരി ക്കാതിരുന്നവരും, നെറ്റിയിലും, കൈമേലും അതിന്റെ മുദ്ര കൈകൊള്ളാതിരുന്നവരുമായവരുടെ ആത്മാക്കളേയും ഞാൻ കണ്ടു. അവർ ജീവിച്ച് ആയിരമാണ്ട് ക്രിസ്തുവിനോട് കൂടി വാണു".**

**എന്റെ** കാന്തയെ ഞാൻ എടുത്തുകൊണ്ടതിനുശേഷം ശേഷി ക്കുന്ന ഭൂമിയിൽ തല പൊക്കുന്ന സകല ദുരന്തങ്ങൾക്കും, ഉത്തര ങ്ങളും, ഉപാധികളും തിരഞ്ഞ് ജനം പരിഭ്രാന്തരായി ഇരിക്കുന്ന വേളയിലാണ് എതിർക്രിസ്തു കടന്നുവരുന്നത്. ഈയൊരു പ്രതി ഭാസം അല്പമൊന്ന് കഴിഞ്ഞീട്ട് കടന്നുവരുന്ന യാഥാർത്ഥ്യമാണ്. ഇതിന് മുമ്പൊരിക്കലും അറിഞ്ഞീട്ടില്ലാത്തവിധത്തിൽ ലോകം ഈ മഹാദുരന്തത്തെ നേരിട്ട് അറിയാൻ പോവുകയാണ്.

1 യോഹന്നാൻ 4:3 **"യേശുവിനെ സ്വീകരിക്കാത്ത യാതൊരു ആത്മാവും ദൈവത്തിൽ നിന്നുള്ളതല്ല. അത് എതിർക്രിസ്തുവിന്റെ ആത്മാവ് തന്നെ. അത് വരും എന്ന് നിങ്ങൾ കേട്ടീട്ടുണ്ടല്ലോ".**

**എന്റെ** സാക്ഷ്യം ജീവിതത്തിൽ പേറി നടക്കുന്നവരേയും, **എന്റെ** മാർഗ്ഗത്തിൽ നിർമ്മലതയോടെ തലയുയർത്തി നില്ക്കുന്ന സകലമാന വ്യക്തികളേയും ഭൂതലത്തിൽ നിന്ന് മുച്ചൂടും തുടച്ചു നീക്കുവാൻ എതിർക്രിസ്തു പദ്ധതികൾ മെനഞ്ഞെടുക്കും. ജനത്തിന്റെ ദൈനംദിനവ്യവഹാരങ്ങളേയും, കൊടുക്കൽ വാങ്ങലു കളേയും കർശനമായി നിയന്ത്രണ വിധേയമാക്കുന്നതിന്റെ പ്രാരംഭ നടപടിയായി മൃഗത്തിന്റെ മുദ്രയെ അവതരിപ്പിക്കും.

തങ്ങളുടെ ആവശ്യപൂരണത്തിനുവേണ്ടി മൃഗത്തിന്റെ മുദ്രയേ ല്ക്കുന്നതിൽ വിയോജിപ്പും, വിമുഖതയും പ്രകടിപ്പിക്കുന്നവരെ

അനഭിമതരായി കണക്കുകൂട്ടുകയും, വ്യവസ്ഥയോട് മത്സരിച്ച് മറുതലിക്കുന്നവരാണെന്ന് മുദ്രകുത്തുകയും ചെയ്യും. മുദ്രയേല്ക്കുവാൻ തയ്യാറാകാത്തവരെ മുദ്രയേറ്റവർ അങ്ങേയറ്റം നിന്ദിക്കുകയും, ഘോരപീഡനത്തിന് ഏൽപ്പിച്ചു കൊടുക്കുകയും ചെയ്യും. ലോകം നാളിതുവരെ ദർശിച്ചതിൽ വച്ചേറ്റവും ഇരുളിമയാർന്ന കാലഘട്ട മായിരിക്കുമത്. മനസ്സോടെ കാര്യസാദ്ധ്യങ്ങൾക്കുവേണ്ടി മൃഗ ത്തിന്റെ മുദ്രയേറ്റവർ പിന്നീടൊരിക്കലും തിരിച്ചുവരാൻ കഴിയാത വണ്ണം എന്നന്നേക്കുമായി നഷ്ടപ്പെട്ടു പോകും. ഓരോരുത്തരും താന്താങ്ങളുടേതാണെന്ന് അരക്കിട്ടുറപ്പിക്കാനുള്ള എതിർക്രിസ്തു വിന്റെ രാജ്യവ്യവസ്ഥയുടെ നിഗൂഢതന്ത്രമാണിത്.

വെളിപ്പാട് 14:11 **"അവരുടെ ദണ്ഡനത്തിന്റെ പുക എന്നന്നേക്കും പൊങ്ങും. മൃഗത്തേയും, അതിന്റെ പ്രതിമയേയും നമസ്ക്കരി ക്കുന്നവർക്കും, അതിന്റെ പേരിന്റെ മുദ്ര ഏൽക്കുന്ന ഏവനും രാവും, പകലും ഒരു സ്വസ്ഥതയും ഉണ്ടാവുകയില്ല".**

മക്കളേ ഇത്തരം അപായസൂചനകളെ മനഃപൂർവ്വം അവഗണി ക്കാനുള്ള നിങ്ങളുടെ ഹൃദയത്തിന്റെ താല്പര്യത്തേയും, അല്പ മൊന്നു കഴിഞ്ഞീട്ട് ഈ ഭൂമിക്ക് സംഭവിക്കുവാൻ പോകുന്ന ദുരന്ത ത്തേയും കുറിച്ച് നിങ്ങൾ വളരെ ഗഹനമായി, മനസ്സിരുത്തി ചിന്തിക്കണം.

**എന്റെ** കാന്തയെ ചേർക്കേണ്ടതിനുവേണ്ടിയുള്ള **എന്റെ** മടങ്ങി വരവിന്റെ നാളും, നാഴികയും ഇതാ ഇങ്ങെത്തിയിരിക്കുന്നു. പാപ ത്തേയും, പാപവഴികളെയും വെറുത്ത്, വിശുദ്ധിയോടും, നിഷ്കള ങ്കതയോടും കൂടി ഈ ഭൂവിൽ പാർത്തവരെ മാത്രമേ ഞാൻ ചേർക്കു കയുള്ളു. വാട്ടവും, കറയുമില്ലാത്ത എന്റെ സത്യസഭയെ മാത്രം. എതിർക്രിസ്തുവിന്റെ ഭരണവ്യവസ്ഥ നിലവിൽ വരുന്നസമയവും, സന്ദർഭവും ഇതാ വളരെ ത്വരിതഗതിയിലായി വികസിച്ചുകൊണ്ടി രിക്കുന്നു.

എതിർക്രിസ്തു അങ്ങേയറ്റം നിഷ്ഠൂരനും, കൊടിയ രക്തദാഹി

യുമായിരിക്കും. തന്റെ വഴിയിൽ വിഘ്ലാതം സൃഷ്ടിക്കുവാൻ അവൻ ആരെയും അനുവദിക്കില്ല. മുഴുകോപിയും, കടുത്ത അധികാരകൊതി യനുമാണ്. ജനങ്ങളും, അവരുടെ ജീവിതസാഹചര്യങ്ങളും അവന് വിഷയമേയല്ല. മനസ്സലിവ് എന്നത് അവനിൽ പേർ പറക പോലു മില്ലാത്ത വികാരമാണ്. അവൻ ജീവിക്കുന്നത് തന്നെ തനിക്കു വേണ്ടിയും, തന്റെ അധികാരം ഏതുവിധേനയും നിലനിർത്തി കൊണ്ട് ഈ ഭൂമിയെ ഭരിക്കേണ്ടതിനുമാണ്.

അവന്റെ അനുചരന്മാരെ അധികാരസ്ഥാനങ്ങളിൽ പ്രതിഷ്ഠിച്ചു കൊണ്ട് അവൻ നാശത്തിൽ മുതിർന്നുവരും. ഞാൻ ഈ ഭൂമിയി ലേക്ക് മടങ്ങിവരുന്നതുവരെ ഈ അക്രമത്തിനും, അരാജകത്വ ത്തിനും തടയിടുവാൻ ആരെകൊണ്ടും സാധ്യമല്ല. അപ്പോൾ; അപ്പോൾ മാത്രമേ അവന്റെ അധാർമീകതക്ക് അന്ത്യം കുറിക്കപ്പെ ടുകയുള്ളു. അതുവരെ അവന്റെ ക്രൂരതകൾ നിർബാധം തുടർന്നു കൊണ്ടേയിരിക്കും. ഒരു വ്യക്തിക്കോ, സംഘടനക്കോ ഈ കൊടി ക്രൂരതക്കെതിരെ ഒരു ചെറുവിരലനക്കുവാൻ പോലും കഴിയുകയില്ല. അവൻ തന്റെ ദുഷ്ടതയിൽ അനുനിമിഷം വർദ്ധിച്ചുവരും.

2 തെസ്സലോനിക്യർ 2:8 **"അപ്പോൾ അധർമ്മമൂർത്തി വെളി പ്പെട്ടുവരും. അവനെ കർത്താവായ യേശു തന്റെ വായിലെ ശ്വാസ ത്താൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും."**

ദുരന്തങ്ങൾ ഒന്നിനുപുറകെ ഒന്നായി അണപൊട്ടി ഒഴുകും. ഇതിന് പശ്ചാത്തലമൊരുക്കുന്ന സകല പദ്ധതികളും അണിയറ യിൽ പാകപ്പെട്ടുകൊണ്ടിരിക്കുകയാണ്. ദുഷ്ടത തലപൊക്കി ആധി പത്യമുറപ്പിക്കാനുള്ള വഴിയും, വാതിലും ഓരോ നിമിഷം കഴിയു ന്തോറും വളർന്ന് വികസ്വരമായികൊണ്ടിരിക്കുകയാണ്.

സഭ എടുക്കപ്പെട്ടതിനുശേഷം ഭൂമിയിൽ അവശേഷിക്കുന്ന സകലമാന ജനതതിയും ഒരു കാര്യം തിരിച്ചറിയും. തങ്ങൾ എതിർക്രിസ്തുവിന്റെ ദുഷ്ടത കൊടികുത്തി വാഴുന്ന നാശോന്മു ഖമായ മുഖസ്ഥിതിക്കു കീഴിൽ ചതഞ്ഞരഞ്ഞു ജീവിക്കാൻ വിധി ക്കപ്പെട്ടവരാണെന്ന്.

ശീതോഷ്ണവാൻമാരായിരിക്കുന്ന, കൈവിടപ്പെട്ടു പോയ ക്രിസ്ത്യാനികൾ തങ്ങളുടെ കണ്ണുകൾക്ക് മുമ്പിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന അങ്ങേയറ്റം ഭയാനകമായ യാഥാർത്ഥ്യങ്ങളെ പൂർണ്ണമായും അന്നാളിൽ ഗ്രഹിക്കും. അവരുടെ ആകുലതകൾ അളവറ്റതായിരിക്കും. എതിർക്രിസ്തുവിന്റെ കനത്ത സമ്മർദ്ധത്തിന് അടിമപ്പെട്ട് അനേകർ വീണുപോകും. എതിർക്രിസ്തുവിന്റെ മാർഗ്ഗം അവലംബിക്കുന്നത് താരതമ്യേന ആയാസകരമായി അവർക്ക് അനുഭവപ്പെടും. ഒരു ഉറച്ചതീരുമാനം എടുക്കുവാൻ നിർബന്ധിക്കപ്പെടുന്ന നാഴികയാണത്. തങ്ങൾ എന്ത് തീരുമാനം എടുക്കണമെന്ന കാര്യം തികഞ്ഞ നിശ്ചയദാർഢ്യവും, കറയറ്റ ധീരതയും, **എന്റെ** രാജ്യം കാണണമെന്ന അടക്കാനാവാത്ത അഭിവാഞ്ചയുള്ളവർ എതിർക്രിസ്തുവിന്റെ ഭീഷണികൾക്കോ, സമ്മർദ്ധങ്ങൾക്കോ വശംവദരാകാതെ ജീവിതത്തിൽ വില കൊടുക്കാൻ തയ്യാറായി കൊണ്ട് ഏറ്റവും ദുഷ്ക്കരമായ തീരുമാനങ്ങൾ ജീവിതത്തിൽ കൈകൊള്ളും. ഭവിഷ്യത്തുകളെ അല്പം പോലും പരിഗണിക്കാതെ അറിഞ്ഞ സത്യത്തിനുവേണ്ടി അവർ വീറോടെ നിൽക്കും. അവരുടെ വിശ്വാസം അവരെ വഴി നടത്തും. എതിർക്രിസ്തുവിന്റെ വ്യവസ്ഥക്കും, സംവിധാനത്തിനും അല്പം പോലും വഴങ്ങികൊടുക്കാതെ **എന്നെ** തിരഞ്ഞെടുത്ത് കൊണ്ട് ആയുസ്സിൽ എടുക്കേണ്ട ഏറ്റവും ശരിയായ തീരുമാനം അവർ കൈകൊള്ളും. അനേകർക്ക് പ്രാണനെ പോലും പരിഗണിക്കാതെയുള്ള ഇത്തരം ധീരോദാത്തമായ തീരുമാനങ്ങൾ എടുക്കുവാൻ കഴിയുകയില്ല. അത്തരക്കാരെ സംബന്ധിച്ചിടത്തോളം ജീവിതത്തിലെ കൂരിരുട്ടിന്റെ നാളുകളായിരിക്കുമത്.

വെളിപ്പാട് 19:20 **"മൃഗത്തിന്റെ മുമ്പാകെ താൻ ചെയ്ത അടയാളങ്ങളാൽ മനുഷ്യരെ ചതിച്ച് മൃഗത്തിന്റെ മുദ്ര ഏൽപ്പിക്കുകയും അതിന്റെ പ്രതിമയെ നമസ്ക്കരിപ്പിക്കുകയും ചെയ്ത കള്ളപ്രവാചകനും, പിടിക്കപ്പെട്ടു. ഇരുവരും ഗന്ധകം കത്തുന്ന തീപൊയ്കയിലേക്ക് ജീവനോടെ എറിയപ്പെട്ടു".**

കുഞ്ഞുങ്ങളെ; കാര്യങ്ങളുടെ പൂർണ്ണഗൗരവം നിങ്ങൾ

ഉൾകൊണ്ട്, രക്ഷപ്പെടാനുള്ള മാർഗ്ഗം നിങ്ങൾ തന്നെ തയ്യാറാക്കണം.

കാലത്തിന് തിരശ്ശീല വീഴുവാൻ പോവുകയാണ്. നിങ്ങൾ ഒരുങ്ങേണ്ടിയിരിക്കുന്നു. **എന്നിൽ** മാത്രം ദൃഷ്ടി പതിപ്പിച്ച്, ഏകാഗ്രതയോടെ, ഒരുങ്ങി തയ്യാറാകേണ്ടിയിരിക്കുന്നു. ഞാനാകുന്നു **ഏകവാതിൽ. പുറത്തേക്കുള്ള വഴി** ഞാൻ മാത്രമാകുന്നു. **രക്ഷപ്പെടാനുള്ള** ഏകമാർഗ്ഗം ഞാനാകുന്നു. തുറന്നിരിക്കുന്ന ഈ വാതിൽ; താമസംവിന **ഞാൻ** അടക്കും. ആസന്നഭാവിയിൽ വരാനിരിക്കുന്നവയിൽ നിന്ന് രക്ഷപ്പെടാനുള്ള ഏകവാതിലാണിത്. അതിതാ വന്ന് കൊണ്ടിരിക്കുന്നു. നാളും, നാഴികയും സമീപിച്ചിരിക്കുന്നു.

**എന്റെ** സഭ ഉണരേണ്ടിയിരിക്കുന്നു.

മത്തായി 25:10 **"അവർ വാങ്ങുവാൻ പോയപ്പോൾ മണവാളൻ വന്നു. ഒരുങ്ങിയിരുന്ന കന്യകമാർ മണവാളനോടുകൂടെ വിവാഹവിരുന്നിന് അകത്ത് പ്രവേശിച്ചു. വാതിൽ അടയ്ക്കപ്പെടുകയും ചെയ്തു."**

എതിർക്രിസ്തു വശങ്ങളിൽ നിലയുറപ്പിച്ച് കൊണ്ടിരിക്കുന്നു. അധികാരത്തിലേക്ക് എത്തിപ്പെടേണ്ടതിനുവേണ്ടിയുള്ള പട പുറപ്പാടിലാണവൻ. ഭൂമിയിലെ അധീശത്വത്തിനുവേണ്ടിയാണ് അവൻ കോപ്പു കൂട്ടുന്നത്. ഒന്നിനും അവനെ തടയിടുവാൻ സാധ്യമല്ല. ഭീകരതയെന്നാണ് അവന്റെ മറുപേര്. ഉഗ്രഘോരത്വത്തിൽ അവൻ ആധിപത്യമരുളുകയും, ഒരുശക്തിക്കും അവനെ തടയുവാനും കഴിയില്ല. അവന്റെ അധികാരത്തിന്റെ പ്രഭവസ്ഥാനം **എന്റെ ശത്രുവിൽ** നിന്നാണ്. ഈ കൊടിയ ഭീകരതയുടെ പുറകിലെ ശക്തി **എന്റെ ശത്രുവായ** സാത്താനാണ്.

ഈ യാഥാർത്ഥ്യത്തെ കണ്ടില്ലെന്നു നടിക്കരുത്. കാഴ്ചയിൽ യാഥാർത്ഥ്യമാണെന്ന് ഒരു വേള തോന്നുകയില്ല. വസ്തുതകളെല്ലാം സ്വഭാവീകമെന്ന് തോന്നുമെങ്കിലും, യഥാർത്ഥത്തിൽ അവയെല്ലാം ചതിക്കുന്നതാണ്. ഈ സകല വഞ്ചനകളും പരുവപ്പെടുത്തിയെടുക്കുന്നത് **എന്റെ ശത്രുവാണ്.** നിങ്ങളെ പാറ്റിച്ചു കളയുവാൻ അവൻ രണ്ടും കല്പിച്ച് ഇറങ്ങിയിരിക്കുകയാണ്. **എന്നിലേക്ക്** എത്തിചേരുന്ന

നേരുള്ളതും, ഇടുങ്ങിയതുമായ വഴിയിലൂടെ നിങ്ങൾ നടക്കുന്നത് അവന് ഇഷ്ടമില്ല. **എന്റെ** രക്ഷാദൗത്യത്തിലേക്ക് നിങ്ങൾ നയിക്കപ്പെടുന്നതിൽ അവന് അല്പം പോലും താൽപ്പര്യമില്ല.

വഞ്ചന അതിന്റെ പരകോടിയിൽ എത്തികൊണ്ടിരിക്കുന്നു. എല്ലാം ശരിയാണെന്ന നിഗമനത്തിൽ അനേകരും കബളിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. മക്കളേ എല്ലാം ശരിയല്ല. എല്ലാം നേരുള്ളതല്ല. ലോകം അതിന്റെ അന്ത്യത്തിലേക്ക് പറന്നടുക്കുകയാണ്.

കുഞ്ഞുങ്ങളെ നിങ്ങളുടെ കണ്ണുകളെ വിസ്താരത്തിൽ തുറക്കുക. എന്താണ് ചുറ്റുപാടും സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് അറിവുള്ളവരാകുക.

വരൂ....എഴുന്നേൽക്കൂ.... ചുറ്റുപാടും കണ്ണോടിക്കൂ. **എന്റെ** വചനത്തിലേക്ക് ഊളിയിട്ടിറങ്ങിയതിനുശേഷം ചുറ്റിലും നടക്കുന്ന സംഭവ വികാസങ്ങളെ വിലയിരുത്തുക.

ലോകം അതിന്റെ നാലതിരുകളിൽ നിന്നും ഏകകണ്ഠമായി അതിന്റെ സൃഷ്ടാവാം ദൈവത്തെ മത്സരിച്ച് തിരസ്ക്കരിക്കുകയാണ്. ഇത് അധികകാലം വച്ചുപൊറുപ്പിക്കുവാൻ **എന്നെ** കൊണ്ടാവില്ല. ഭൂമിയെ കാത്ത് പരിപാലിക്കുന്ന **എന്റെ സൂക്ഷിപ്പിന്റെ** കരം ഞാൻ ഭൂമിയുടെ മുകളിൽ നിന്ന് എടുത്തുമാറ്റും. സൃഷ്ടാവായ, പരിപാലകനായ ദൈവത്തെ കൂടാതെയുള്ള ലോകം എന്ന അവരുടെ ഹൃദയാഭിലാഷത്തെ ഞാൻ അനുവദിച്ചുകൊടുക്കും.

ഞാൻ വിവേകശാലിയായ **ദൈവമാണ്**; എന്നാൽ **ഞാൻ** മാറി തരണമെന്ന് ലോകം ആവശ്യപ്പെടുമ്പോൾ **ഞാൻ** അങ്ങനെ തന്നെ പ്രവർത്തിക്കും. **എന്റെ സൂക്ഷിപ്പു** കൂടാതെയുള്ള ലോകത്തിന്റെ കുഴഞ്ഞുമറിഞ്ഞ അവസ്ഥയെ അന്നാളിൽ നിങ്ങൾ കൃത്യമായി ദർശിക്കും. ഞാൻ ക്ഷമിക്കുന്ന ദൈവമാണ്; പക്ഷേ **എന്നേ** ഉപേക്ഷിക്കാൻ ഉപായങ്ങൾ മെനയുന്ന ലോകത്തിന്റെ കൊള്ളരുതായ്മ മൂലം **എന്റെ** ക്ഷമ നശിച്ചുപോവുന്നു. മക്കളേ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുകയാണ്..... ശരിയായ തിരിച്ചറിവിലേക്ക് മടങ്ങി വരൂ... ദയവ് ചെയ്ത് വിധേയത്വത്തോടെ എങ്കലേക്ക് തിരിയൂ.

നിങ്ങളുടെ ജീവിതം **എനിക്ക്** തരു....ഞാനത് ഇരുകൈയും നീട്ടി സ്വീകരിക്കും. **എന്റെ പുണ്യാഹരക്തത്തിന്റെ** മറവിൽ ഒരു പോറ ലുപോലുമേൽക്കാതെ **ഞാൻ** നിങ്ങളെ മറയ്ക്കും. തികവുള്ള **എന്റെ** വചനത്താൽ **ഞാൻ** നിങ്ങളെ മുറ്റും കഴുകി വെടിപ്പാക്കും. സമയം സമാഗതമായിരിക്കുന്നു. **ഞാൻ** എന്റെ കാന്തയെ തീയ്ക്കായി സൂക്ഷിച്ചിരിക്കുന്ന ഈ ഭൂമിയിൽ നിന്ന് വിളിച്ചു വേർ തിരിച്ച് സുരക്ഷിതത്വത്തിലേക്ക് മാറ്റുമ്പോൾ അക്കൂട്ടത്തിൽ നീയും ഉൾപ്പെടേണ്ടതിന് നിശ്ചയമായും നീ ശുദ്ധീകരണം പ്രാപിച്ചേ മതി യാകൂ.... വേർതിരിഞ്ഞ് വരാനുള്ള അവസരം നിനക്ക് ഇനിയും അടഞ്ഞിട്ടില്ല. ശീഘ്രത്തിൽ ഒരുങ്ങി വേഗത്തിൽ തയ്യാറായി ഇരി ക്കുക. സമയം ആർക്കും വേണ്ടി കാത്തുനിൽക്കില്ല. എന്റെ മടങ്ങി വരവിനെ തടയുവാൻ കരുത്തുള്ള ഒന്നും ഈ പ്രപഞ്ചത്തിലില്ല.

ഞാൻ **യാഹ്ഷുവാ. രാജാധിരാജാവ്. എളിമയുള്ള ദൈവം.**

യോഹന്നാൻ 15:3 **"ഞാൻ നിങ്ങളോട് സംസാരിച്ച വചനം നിമിത്തം നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവരാകുന്നു".**

ഒരു വോയ്സ് ഓഫ് ഗോസ്പൽ പ്രസിദ്ധീകരണം.

# പാഠം 18
# എന്റെ അവരോഹണത്തിന്റെ സമയം സമാഗതമായിരിക്കുന്നു

നമുക്ക് വീണ്ടും തുടങ്ങാം. ഒരു പുതിയ വിഷയം പരിചയപ്പെടുത്തേണ്ടുന്ന സമയമാണിത്. **എന്റെ** വേഗത്തിലുള്ള മടങ്ങി വരവിന്റെ സമയം ഇതാ ഇങ്ങെത്തിയിരിക്കുന്നു. കണ്ണിമയ്ക്കുന്നതിനിടയിൽ ആ സമയം വന്നെത്തും. വളരെ പേർ, ഒട്ടനവധിയാളുകൾ ഒരുങ്ങിയിട്ടില്ല. ഭൂരിഭാഗവും കൈവിടപ്പെട്ടു പോകും. ഒട്ടുമിക്ക ആളുകളും ഇതുവരേയും അതിനായുള്ള ഒരുക്കം പോലും തുടങ്ങിയിട്ടില്ല. വളരെ സമൂലമായ മാറ്റങ്ങൾ ഈ പ്രപഞ്ചത്തിൽ അരങ്ങേറും. ഈ സത്യത്തോട് നീ ചേർന്ന് നിൽക്കണമെന്ന് **ഞാൻ** നിന്നെ കുറിച്ച് ആഗ്രഹിക്കുന്നു.

മക്കളേ, നൊടിനേരം കൊണ്ട് സംഭവിക്കുന്ന **എന്റെ** മടങ്ങി വരവിന്റെ നാളും, നാഴികയും വാതിൽക്കലെത്തിയിരിക്കുന്നു. ഒരു തരത്തിലുമുള്ള വിശുദ്ധിയോ, വേർപോടോ ഇല്ലാത്ത മഹാഭൂരിപക്ഷത്തെ ഞാൻ കാണുന്നു. തങ്ങൾ യോഗ്യന്മാരാണെന്ന് കരുതുന്ന കുറെയേറെ പേരുണ്ട്. പക്ഷേ സത്യത്തിൽ അവർ അങ്ങനെയല്ല. ഒട്ടുമിക്ക ആളുകളും ലോകവുമായി ചേർന്ന് ആടിപാടി നടക്കുകയാണ്. മക്കളേ.....ഇതൊരിക്കലും അംഗീകരിക്കാൻ ആവില്ല. നിന്നെ മണ്ണിനോട് ചേർത്ത് കെട്ടുന്ന സകല കെട്ടുകളേയും നീ അറുത്തു മാറ്റിയേ പറ്റൂ.

ഈ ലോകം മുങ്ങുന്ന ഒരു കപ്പലാണ്. നാശത്തിന്റെ അഗാധ കൂപത്തിലേക്ക് അവളോട് കൂടെ നിന്നേയും വശീകരിച്ച് അവൾ കൊണ്ടുപോവുകയാണ്.

കുഞ്ഞുങ്ങളെ; **എന്നെ** കൂടാതെ ഈ ലോകത്തിലെ വസ്തുവഹകൾ സ്വന്തമാക്കേണ്ടതിനുവേണ്ടി നീ അത്യാർത്തിയോടെ പരക്കം പാഞ്ഞ എല്ലാസമയത്തിനും **ഞാനിടുന്ന** മൂല്യം വട്ടപൂജ്യ

മാണ്. ഉത്തരങ്ങൾക്ക് വേണ്ടി നീ ചാരിയമർന്നത് ലോകത്തിന്റെ മാറിലോട്ടായിരുന്നു. മക്കളെ ഇത് നടക്കില്ല.....

നിങ്ങൾ പ്രതീക്ഷയോടെ കണ്ണുനട്ടിരിക്കുന്നത് പൊള്ളയായ പ്രത്യാശയിലാണ്.... പൊള്ളയായ വാഗ്ദത്തങ്ങളിലാണ്.... പൊള്ള യായ സത്യങ്ങളിലാണ്. ഇനിയും ലോകത്തിന്റെ വാക്ക് വിശ്വസിച്ച് ഇല്ലാത്ത ഒന്നിനുപുറകെ കുതിക്കുകയാണെങ്കിൽ; ഒരു കാര്യം പറയാം നിന്റെ നഷ്ടം അതിഭയങ്കരമായിരിക്കും. നിത്യദുരന്തത്തി ലേക്കാണ് ലോകത്തിന്റെ വഴി ചെന്നെത്തി നിൽക്കുന്നത്.

സ്ഥായിയായിരിക്കുന്ന **എന്റെ** വചനത്തിന്റെ സത്യത്തെ കവിഞ്ഞൊരു സത്യം ലോകത്തിലുണ്ടെന്ന് വിശ്വസിച്ച്; അതിനു പിറകേ മുൻപും പിൻപും നോക്കാതെ എന്തുകൊണ്ടാണ് നീ നിരന്തരം ഓടുന്നത്?

ഞാൻ ആകുന്നു ആത്യന്തീകസത്യം!

1 യോഹന്നാൻ 2:15 **"ലോകത്തേയും, ലോകത്തിലുള്ള തിനേയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നു വെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല".**

മക്കളേ, ശ്രദ്ധയോടെ കേട്ടാട്ടെ. സമയം പൊയ്കൊണ്ടിരിക്കുക യാണ്. ഒരുങ്ങാൻ ഇനി അല്പസമയം മാത്രമേ നിങ്ങൾക്കുള്ളു. ഇത് തയ്യാറെടുപ്പിന്റെ സമയമാണ്. **എന്നോട്** കൂടെ വരുവാൻ നിനക്ക് പദ്ധതിയുണ്ടെങ്കിൽ നിന്റെ മുഴു ശ്രദ്ധയും **എന്റെ** മടങ്ങിവരവിൽ ആയിരിക്കണം. തന്റെ സാന്നിദ്ധ്യം മുഴുവൻ ഇടങ്ങളിലേക്കും വിന്യ സിക്കേണ്ടതിന് വേണ്ടി **എന്റെ** ശത്രു കിണഞ്ഞു ശ്രമിക്കുന്നു.

**എന്റെ** വരവിന്റെ ചിന്തകളെ കൊണ്ട് വളരെ ചുരുക്കം ആളു കൾക്കേ അവന്റെ കെണികളെ തിരിച്ചറിയാൻ കഴിയുന്നുള്ളു.

നിങ്ങൾക്ക് കാണുവാൻ കഴിയുന്നില്ലേ. കുഞ്ഞുങ്ങളെ ചുറ്റു പാടും സംഭവിച്ചുകൊണ്ടിരിക്കുന്ന ഗതിവിഗതികളെകുറിച്ചും, അതിൽ നിന്ന് ഊറി വരുന്ന സന്ദേശത്തെകുറിച്ചും നിങ്ങൾ ബോധ്യ മുള്ളവരും, വിടർന്ന കണ്ണുകളോടെ സസൂക്ഷ്മം നിരീക്ഷിക്കുന്ന വരുമായിരിക്കണം. അധികം താമസിയാതെ ഭൂമിയിൽ സംഭവിക്കുന്ന

മാറ്റങ്ങളൊന്നും ആരിലും പറയത്തക്ക ഭാവഭേദങ്ങളുളവാക്കുകയില്ല. ഒന്നുകിൽ സുരക്ഷിതമായി നീ **എന്നോട്** കൂടെ വരിക; അല്ലെങ്കിൽ എന്റെ ശത്രുവിനോട് കൂടെ ഇവിടെ ചിലവഴിച്ച് അവന്റെ ബാധകളിലും, ഓഹരികളിലും പങ്കാളിയായി, വരുവാനുള്ള കോപാഗ്നിയിൽ വെന്തെരിയുക.

മക്കളെ; ആർക്കും തടുത്തു കൂടാത്ത ആ ദിവസം വരുന്നു. ആ നാളും, നാഴികയും അടുത്തെത്തിയിരിക്കയാൽ നിങ്ങൾ നിങ്ങളെ തന്നെ ഒരുക്കി കാത്തിരിക്കുക. നിനയാത്ത നാഴികയിൽ അത് ശീഘ്രം സംഭവിക്കും.

**എങ്കലേക്ക്** തിരിഞ്ഞ് **എന്നോട്** പഠിപ്പിൻ. മറ്റൊരു വഴിയുമില്ല. എന്നെ അടുത്തറിയുവാൻ വേണ്ടി സമയത്തെ വേർതിരിക്കുവാൻ നിനക്ക് മനസ്സില്ലെങ്കിൽ, **എന്നോട്** കൂടെ ഭദ്രതയിലേക്ക് പ്രവേശിക്കുവാൻ നിനക്ക് കഴിയില്ല.

നിങ്ങൾക്കുള്ള സർവ്വത്തേയും, നിങ്ങളോടുകൂടെ **എന്റെ** മുമ്പാകെ അടിയറവെയ്ക്കണം. ഞാൻ ആവലോടെ കാത്തിരിക്കുന്നത് നിങ്ങളുടെ സമർപ്പണത്തിനാണ് മക്കളേ. സമ്പൂർണ്ണ സമർപ്പണത്തോടെ ആർ എന്റെ അടുത്ത് വരും? യഥാർത്ഥത്തിൽ **എന്നെ** അടുത്തറിയേണ്ടതിനായി ആർ എന്റെ ചാരെയെത്തും? അതാണ് **എനിക്ക്** ആവശ്യം.

നിനക്കായൊരു വഴി ഞാൻ ഉണ്ടാക്കിയിട്ടുണ്ട്. നിങ്ങൾക്കായി ഒരു വഴി ഞാൻ ഒരുക്കിയിട്ടുണ്ട്. നിങ്ങളുടെ വീണ്ടെടുപ്പിനുവേണ്ടി, സ്വാതന്ത്ര്യത്തിലേക്ക് നിങ്ങളെ ആനയിക്കേണ്ടതിനുവേണ്ടി, **എന്റെ** കാന്തയെ ചേർത്തുകൊള്ളുവാൻ ഞാൻ വരുമ്പോൾ എന്നോട് കൂടെ ആയിരിക്കേണ്ടതിനുവേണ്ടി ഞാൻ മുടക്കിയ വില വളരെ വലുതാണ്. **എന്റെ** കാന്ത തന്നെത്താൻ ഒരുങ്ങി കാത്തിരിക്കുന്നു. **ഞാൻ** അവൾക്കായി വരുന്നു.

ഞാൻ കെട്ടിയ വില വളരെ കനത്തതായിരുന്നു. മറ്റൊരാൾക്കും ചെയ്യാൻ കഴിയാത്തത്. **എനിക്ക്** മാത്രം നിവർത്തിക്കുവാൻ കഴിയുന്നത്. അപാരമായ വിലയാണ് ഞാൻ കെട്ടിയത്. അണ്ഡ കഠാഹത്തെ അണിയിച്ചൊരുക്കിയ സർവ്വശക്തനായ ദൈവം മാനവരാ

ശിക്കുവേണ്ടി തകർക്കപ്പെടുവാൻ, അരഞ്ഞില്ലാതാകുവാൻ, സ്വയം ശൂന്യനാകുവാൻ, ഏൽപ്പിച്ചു കൊടുത്തു. സ്വയം ഒഴിച്ചു കളഞ്ഞ ആ മഹാത്യാഗത്തിന്റെ മൂല്യം അളക്കുവാൻ ആരെ കൊണ്ടുമാവില്ല. ആ സ്നേഹത്തിന് വിലയിടുവാൻ ഒന്നിനെ കൊണ്ടും സാധ്യമല്ല. ആ പ്രവൃത്തിക്ക് പകരം വയ്ക്കുവാൻ ആരെ കൊണ്ടും കഴിയില്ല. ഞാൻ കെട്ടി തീർത്ത തുകക്ക് തുല്യം തന്ന് തിരിച്ചടക്കുവാൻ എത്ര സംഖ്യ ഒന്നിച്ചുകൂട്ടിയാലും അതിനോളം വരികില്ല.

യെശയ്യാവ് 52:14 **"അവന്റെ രൂപം കണ്ടാൽ ആളല്ല എന്നും, അവന്റെ ആകൃതി കണ്ടാൽ മനുഷ്യനല്ല എന്നും തോന്നുമാറ് വിരൂപമാക്കപ്പെട്ടു."**

മക്കളെ ഈ മഹാദാനത്തെ വേണ്ടെന്നുവയ്ക്കരുത്. തീർത്തും സൗജന്യമായിട്ടാണ് **ഞാനിത്** നിനക്ക് തരുന്നത്. ഈ അവസരത്തെ അലക്ഷ്യമാക്കി കളയരുത്. നിനക്ക് വേണ്ടിയാണ് ഈ അമൂല്യസമ്മാനം കാത്തുനിൽക്കുന്നത്. ജീവിതത്തോട് ചേർത്ത് കെട്ടി ഭാരമൊഴിഞ്ഞ വളായിരിക്കുക. **എന്റെ** മക്കളെ സ്വാതന്ത്ര്യത്തിന്റെ വിശാലതയി ലേക്ക് മേയിക്കുമ്പോൾ; അക്കൂട്ടത്തിൽ നീയും ഉണ്ടായിരിക്കണം.

ഇതെല്ലാം നിങ്ങൾക്കുവേണ്ടിയാണ്. കടന്നുവന്ന് നിങ്ങളെ തന്നെ സ്രാഷ്ടാംഗം സമർപ്പിക്കുക. നിങ്ങളുടെ സകലത്തേയും ഞാനുമായി വച്ച് മാറുക. **എനിക്ക്** നിന്നോട് ചോദിക്കാനുള്ളത് ഇതാണ്. നീ നിന്നെതന്നെ പരുവപ്പെടുത്തി എനിക്കുള്ളതായി തീരുന്നില്ലാ യെങ്കിൽ; പിന്നെ അവശേഷിക്കുന്ന സാധ്യത **എന്റെ** ശത്രുവിന്റെ വകയായി തീരുക എന്നുള്ളതാണ്. നീ നിനക്ക് സ്വന്തമാണെന്ന് ഒരി ക്കലും കരുതരുത്. ഒന്നുകിൽ നീ എനിക്ക് മാന്യനും, വിലയേറിയ വനുമായിരിക്കും; അല്ലെങ്കിൽ **എന്റെ** ശത്രുവിന്റെ സ്വന്തമായിരി ക്കും. തിരഞ്ഞെടുക്കുന്നത് എന്നെയായിരിക്കട്ടെ. നിന്റെ മറുപടി ക്കായി ഞാൻ കാതോർത്തിരിക്കുന്നു.

ഇതാകുന്നു നിങ്ങളുടെ കർത്താവ്, നിങ്ങളുടെ രക്ഷകൻ, നിങ്ങ ളുടെ യാഹ്വ, നിങ്ങളുടെ ക്രിസ്തു.

# പാഠം 19
# തുടങ്ങുന്ന ഒരുക്കങ്ങൾ

നമുക്കാരംഭിക്കാം (ഫെബ്രുവരി19,2012) മക്കളേ എനിക്ക് ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. **എന്റെ** മടങ്ങിവരവിന്റെ സമയം സമീപിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ ഒരുക്കങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു. ഞാൻ **എന്റെ** മനോഹാരിണിയായ മണവാട്ടിയെ ചേർക്കേണ്ടതിനുവേണ്ടി മടങ്ങിവരുമ്പോൾ നീ ഒരുങ്ങിയില്ലായെങ്കിൽ എനിക്ക് നിന്നെ ചേർത്തുകൊള്ളുവാൻ കഴിയുകയില്ല.

നീ നിന്നെ തന്നെ ഒരുക്കി കാത്തിരിക്കണം. നീ തയ്യാറായി ഇരിക്കുന്നുവെന്ന് **എന്നെ** ബോദ്ധ്യപ്പെടുത്തണം. എനിക്ക് ആവശ്യം എനിക്കായി മാത്രം കാത്തിരിക്കുന്ന നിന്നെയാണ്. എല്ലാ ദൃഷ്ടികളും **എന്റെ** മേൽ പതിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. നിന്റെ ദൃഷ്ടികൾ പൂർണ്ണമായും എന്നിൽ മാത്രം കേന്ദ്രീകരിച്ചില്ലെങ്കിൽ, അതിനർത്ഥം നീ ഒരുങ്ങിയിട്ടില്ലായെന്നാണ്. **എങ്കൽ** ഏകാഗ്രതയോടെ ഇരിക്കുന്നവർ മാത്രമേ യോഗ്യരായിട്ടുള്ളു.

എബ്രായർ 9:28 **"ക്രിസ്തുവും അങ്ങനെ തന്നെ അനേകരുടെ പാപങ്ങളെ വഹിക്കുവാൻ ഒരിക്കലായി അർപ്പിക്കപ്പെട്ടു. ഇനി പാപങ്ങളെ വഹിക്കുവാനല്ല, അവിടത്തേക്കായി കാത്തുനിൽക്കുന്നവരുടെ രക്ഷയ്ക്കായി അവിടന്ന് രണ്ടാമത് പ്രത്യക്ഷനാകും".**

ചിലർ പറയുന്നത് ഒരുങ്ങി കാത്തിരിക്കേണ്ട ആവശ്യമില്ലായെന്നാണ്. ഇത് ശത്രുവിന്റെ അപവാദപ്രചരണം മാത്രമാണ്. അവൻ സൂത്രശാലിയും, വഞ്ചനയുടെ ആകതുകയുമാണ്. **എന്റെ** എല്ലാ മക്കളേയും വഴിപിഴപ്പിച്ച്, ഇടുക്കുവാതിലിലൂടെ പ്രവേശിപ്പിക്കാതിരിക്കുകയാണ് അവന്റെ മുഖ്യധർമ്മവും, പ്രമോദവും. നിങ്ങൾ ഏതുസമയത്തും ഒരുങ്ങി കാത്തുനിൽക്കണം. ഏതുസമയത്ത് ഞാൻ മടങ്ങി വരും എന്നറിയായ്കകൊണ്ട് **എന്നിൽ** മാത്രം കണ്ണുംനട്ടിരിക്കുക.

കള്ളനെ പോലെ രാത്രിയിൽ ഞാൻ വരും. **എന്റെ** വചനവും അതു തന്നെയല്ലേ പറയുന്നത്. ഇക്കാര്യങ്ങളെ കുറിച്ച് സംശയത്തിന് അല്പം പോലും അവസരം കൊടുക്കാത്തവിധത്തിലാണ് **എന്റെ** വചനം സംസാരിക്കുന്നത്. സമയങ്ങളേയും, കാലങ്ങളേയും വിവേചിക്കാതെ, **എന്റെ** വരവിൽ കണ്ണുനട്ട് ഇരിക്കാതെയുള്ള അനേകർ പുറംതള്ളപ്പെടും. തങ്ങളെതന്നെ സൂക്ഷിക്കാതെ, ഒട്ടും ഒരുങ്ങാതെയുള്ളവർ കൈവിടപ്പെട്ടു പോകും.

ഒരുങ്ങി കാത്തിരിക്കണമെന്നുള്ള പ്രബോദനത്തെ അല്പം പോലും മുഖവിലക്കെടുക്കാത്തവരുടെ കൂട്ടത്തിൽ നിങ്ങൾ ആയി പോകരുത്. ഇക്കൂട്ടർ ദുഃഖിക്കേണ്ടി വരും. എടുക്കപ്പെടാതെ അവശേഷിച്ചതു മുഖാന്തിരമായി തങ്ങൾ അഭിമുഖികരിക്കേണ്ടി വരുന്ന നാളിതുവരെ ലോകം ദർശിച്ചീട്ടില്ലാത്ത ഭീഭത്സവും, മൃഗീയവുമായ ആഭ്യന്തര കലാപങ്ങൾക്കും, പ്രകൃതിദുരന്തങ്ങൾക്കും അവർ ഇരയാകേണ്ടി വരും.

**എന്റെ** അനേകം മുന്നറിയിപ്പുകൾക്ക് മുന്നിൽ മിണ്ടാട്ടം മുട്ടി പോയതുപോലെയും, പ്രതികരണശേഷി നഷ്ടപ്പെട്ടതുപോലെയും ആകരുത്. അപായസൂചനകൾ തിരിച്ചറിഞ്ഞ് വചനപ്രകാരം ക്രമീകരണവും, ശുദ്ധീകരണവും പ്രാപിച്ച് ഒരുങ്ങിയിരിക്കുക. സൂക്ഷ്മ പ്രതികരണശേഷിയുള്ളവരായിരിക്കുക. ഉണർന്നിരിക്കുക.

2 തിമോത്തി 4:8 **"ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു. അത് നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്ക് നൽകും. എനിക്ക് മാത്രമല്ല അവിടത്തെ പ്രത്യക്ഷതയിൽ പ്രിയം വച്ച ഏവർക്കും കൂടെ".**

പ്രിയ മക്കളേ, നിങ്ങളുടെ ശുശ്രൂഷകൾ പോലും ആസന്ന ഭാവിയിൽ സംഭവിക്കാൻ പോകുന്ന അതിപ്രധാനമായ സംഭവത്തിനുവേണ്ടി ഒരുങ്ങേണ്ടതിന്റെ ആവശ്യകതയെ ഊന്നിപറയുന്നതായിരിക്കണം. ദൈവസഭകൾ എന്നുപേരുള്ള അനേകം കൂട്ടായ്മകളും, അവകളിൽ ശുശ്രൂഷിക്കുന്ന അനേകം ശുശ്രൂഷകരും കൈവിടപ്പെട്ടു

പോകും. ഒരിക്കലും ഈ കെണിയിൽ അകപ്പെട്ടു പോകരുത്. നിങ്ങളെ തന്നെ കാത്തു സൂക്ഷിക്കുക. ഒരുങ്ങിയിരിക്കുക. ജാഗ്രത യുള്ളവരായിരിക്കുക.

നിങ്ങളുടെ ഭവനം കവർച്ചക്കായി വിട്ടുകൊടുക്കരുത്. നിങ്ങ ളുടെ ഭവനം തകർന്ന് നാമാവശേഷമാകുവാൻ നിങ്ങൾ കാരണ ക്കാരായി നിന്നുകൊടുക്കരുത്. നിനയ്ക്കാത്ത നാഴികയിൽ കവർച്ച ക്കാരൻ കടന്നു വരുമ്പോൾ കാവൽക്കാരൻ ഒരുക്കമില്ലാത്തവനാ യിരിക്കരുത്. തന്നേയും, തനിക്കുള്ളതിനേയും കാത്തുസൂക്ഷിക്കുക. ഏതുസമയത്തും ഉണർന്ന് ജാഗ്രതയോടെയിരിക്കുക. **എന്റെ** സഭയെ ഭൂമിയിൽ നിന്ന് എടുക്കാൻ വേണ്ടി ഞാൻ വരുന്ന സമയം നിങ്ങൾ അറിയുന്നില്ല.

മത്തായി 24:42-44 **"നിങ്ങളുടെ കർത്താവ് ഏതുദിവസത്തിൽ വരുന്നുവെന്ന് നിങ്ങൾ അറിയായ്കകൊണ്ട് ഉണർന്നിരിപ്പിൻ. കള്ളൻ വരുന്ന യാമം ഇന്നതെന്ന് വീട്ടുടയവൻ അറിഞ്ഞുവെ ങ്കിൽ അവൻ ഉണർന്നിരിക്കുകയും, തന്റെ വീട് തുരക്കുവാൻ സമ്മതിക്കാതിരിക്കുകയും ചെയ്യും എന്ന് അറിയുന്നുവല്ലോ".**

അതുകൊണ്ട് നിങ്ങളും ഏതുസമയത്തും ഒരുക്കമുള്ളവരായി രിക്കുക. മനുഷ്യപുത്രൻ മടങ്ങി വരുന്ന നാഴിക ഏതെന്ന് നിങ്ങൾ അറിയുന്നില്ലല്ലോ.

ലൂക്കോസ് 13:24-25 **"ഇടുക്കുവാതിലിലൂടെ കടക്കുവാൻ പോരാടുവിൻ. പലരും കടക്കുവാൻ നോക്കും കഴികയില്ലതാനും എന്ന് ഞാൻ നിങ്ങളോട് പറയുന്നു. വീട്ടുടയവൻ എഴുന്നേറ്റ് കതക് അടച്ചശേഷം നിങ്ങൾ പുറത്ത് നിന്ന് : കർത്താവേ തുറന്നു തരേണമേ എന്നുപറഞ്ഞുകൊണ്ട് കതകിന് മുട്ടി തുടങ്ങുമ്പോൾ നിങ്ങൾ എവിടെ നിന്ന് എന്ന് ഞാൻ അറിയുന്നില്ല എന്ന് അവൻ ഉത്തരം പറയും".**

**എന്റെ** വരവ് സുനിശ്ചിതവും, ശീഘ്രഗതിയിലുമാകുന്നു. ആർക്കെങ്കിലും വേണ്ടിയോ, എന്തിനെങ്കിലും വേണ്ടിയോ **എന്റെ**

വരവിനെ ഞാൻ നീട്ടിവെക്കുകയില്ല. അത് വരുന്നു. നിശ്ചയമായും വന്നുകൊണ്ടിരിക്കുന്നു. നാളെയാകുമെന്ന് കരുതിയാൽ ഒരു പക്ഷേ വൈകിപോയേക്കാം. അതുകൊണ്ടാണ് **എന്റെ** വരവ് സമീപത്താ യിരിക്കുന്നുവെന്ന് പറയുന്നത്. തീരുമാനമെടുക്കുന്നതിൽ ഇനിയും ശങ്കിക്കരുത്. ആസന്നമായ **എന്റെ** വരവിൽ പോകേണ്ടതിന് ഒരുങ്ങി തയ്യാറായിരിക്കുക. ഇനിയും വൈകിച്ചാൽ, അതു ഒരുവേള നിത്യമായ നഷ്ടപ്പെടലിലായിരിക്കും ചെന്ന് കലാശിക്കുക.

ലോകത്തിന്റെ വഴികളിൽ ആനന്ദിച്ച് ആറാടി മദോന്മത്തരായി നടക്കുവാനുള്ള സമയമല്ലിത്.

കുഞ്ഞുങ്ങളെ; ജീവിതത്തിന്റെ നാഥനായി, നായകനായി, കർത്താവായി എന്നെ തിരഞ്ഞെടുക്കാനുള്ള തീരുമാനമെടുക്കാൻ ഇനിയും അമാന്തിക്കരുത്. ശീതോഷ്ണവാന്മാരായിരിക്കുന്നവർ ഉണർന്നെഴുന്നേൽക്കുന്നതുവരെ ഞാൻ **എന്റെ** വരവ് അനന്തമായി നീട്ടുകയില്ല.

ഇപ്പറയുന്ന കാര്യങ്ങൾ അർഹിക്കുന്ന ഗൗരവത്തോടെ മുഖ വിലക്കെടുക്കുക. എനിക്കായി കാത്തിരിക്കാത്ത, എന്നെ തങ്ങളുടെ ജീവിതത്തോട് ചേർത്ത് വച്ച് കെട്ടാത്ത ഒരു സഭക്കുവേണ്ടിയും ഞാനിനി കാത്തിരിക്കുകയില്ല. അത് നടക്കുന്ന കാര്യമല്ല.

**എന്റെ** പദ്ധതികൾ അനവരതം മുന്നോട്ട് പോയ്കൊണ്ടിരിക്കുന്നു. എല്ലാവരേയും ഞാൻ കൈകൊള്ളുകയില്ല; എന്നാൽ ഒരുങ്ങിയിരി ക്കുന്ന ആരേയും ഞാൻ കൈവിടുകയുമില്ല. എരിവോടെ, ശുഷ്കാ ന്തിയോടെ **എനിക്കായ്** കാത്തിരുന്ന് ജീവിതത്തിൽ തികഞ്ഞ വിശു ദ്ധിയും, കൃത്യമായ വേർപാടും കാത്തുസൂക്ഷിച്ചവരെ ഞാൻ **എന്നോടു** കൂടെ കൊണ്ടുപോകും. മറ്റുള്ളവരെല്ലാം നിഷ്ക്കരുണം തഴയപ്പെടും.

ഇപ്പറയുന്ന കാര്യങ്ങൾ പരുക്കനായി തോന്നുന്നുണ്ടെങ്കിൽ എന്നോട് പരിഭവം വേണ്ട. കാരണം ഞാൻ തരുന്ന മുന്നറിയിപ്പുക ളെല്ലാം അത്രത്തോളം കൃത്യതയും, വ്യക്തതയും, സുതാര്യതയു മുള്ളതാണ്. ഞാൻ തരുന്ന മുന്നറിയിപ്പുകൾക്കും, **എന്റെ** വചന

ത്തിന്റെ വ്യവസ്ഥകൾക്കും തക്കവണ്ണം ഞാൻ പ്രവർത്തിക്കുകയി ല്ലെന്ന് എന്തുകൊണ്ടാണ് അനേകർ വിശ്വസിക്കുന്നത്? ഞാൻ നിത്യനും, ശാശ്വതവാനുമായ ദൈവമല്ലയോ? ഗതിഭേദത്താലുള്ള മാറ്റം സംഭവിക്കാത്തവനാണ് ഞാൻ.

എബ്രായർ 13:8 **"യേശുക്രിസ്തു ഇന്നലേയും, ഇന്നും, എന്നന്നേക്കും അനന്യൻ തന്നെ".**

**എന്റെ** പ്രാണപ്രിയയെ **എന്നോട്** ചേർക്കുവാൻ വരുന്ന വേള യിൽ നിങ്ങളും ഒരുക്കമുള്ളവരായിരിക്കുക. **എന്റെ** മണവാട്ടി സഭ യുടെ ഗണത്തിൽ നിനക്കും ചേരാൻ താല്പര്യമുണ്ടെങ്കിൽ ഒരു ങ്ങിയിരിക്കുക. ഒരുങ്ങാനുള്ള സമയം ഇപ്പോഴാണ്.

സമയം പാഴായി പോകുന്നു. തിരിച്ചറിഞ്ഞ് തയ്യാറാവുക. ഇത് **എന്റെ** വചനമാണ്. ഞാൻ **എന്റെ** വചനത്തോട് വിശ്വസ്തനായിരിക്കും.

നിങ്ങളുടെ **കർത്താവായ യാഹ്ഷുവാ.**

ഒരു വോയ്സ് ഓഫ് ഗോസ്പൽ പ്രസിദ്ധീകരണം.

# പാഠം 20
# നിങ്ങളുടെ സമയം ഏതാണ്ട് അവസാനിച്ചിരിക്കുന്നു

നമുക്കാരംഭിക്കാം (ഫെബ്രുവരി20,2012) മക്കളേ നിങ്ങൾക്ക് ഞാൻ **എന്റെ** വചനം തരാൻ തയ്യാറാണ്. ഇത് നിങ്ങളുടെ കർത്താവാണ്. നിങ്ങൾക്ക് ജീവിതത്തിന് പുതിയ ദിശാബോധം തരുന്ന **ദൈവമാണ്.**

ലോകം അതിവേഗം പാറിപറന്നു പോവുകയാണ്. ലോകം എന്റെ കോപത്തെ മുഖാമുഖമായി കാണുവാൻ പോകുന്ന സമയം വിദൂരമല്ല. സമയം വളരെ പെട്ടെന്ന് ഓടിയടുക്കുകയാണ്. അതീവ വേഗതയോടെ സമയം കുതിച്ചുകൊണ്ടിരിക്കുകയാണ്. ഘടികാരത്തിൽ ഇനി അവശേഷിക്കുന്നത് അല്പ നിമിഷാർദ്ധങ്ങൾ മാത്രമാണ്. ലോകത്തിലെ കഷ്ടതകൾക്ക് കനംകൂടി വരികയാണ്. വളരെ പെട്ടെന്ന് ഈ ഭീകര യാഥാർത്ഥ്യത്തെ കുറിച്ച് ജനങ്ങളെല്ലാം ബോധവാന്മാരാകും.

വെളിപ്പാട് 14:10 **"ദൈവകോപത്തിന്റെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധത്തിന്റെ മദ്യം കുടിക്കേണ്ടി വരും. വിശുദ്ധ ദൂതന്മാർക്കും, കുഞ്ഞാടിനും മുമ്പാകെ അഗ്നിയാലും, ഗന്ധകത്താലും അവൻ ദണ്ഡനം അനുഭവിക്കും".**

മക്കളേ നിങ്ങൾ ഇരുന്ന് ശാന്തമായി കേൾക്കത്തെവണ്ണം അതീവ ഗൗരവമായ വിഷയമാണിത്. ഒരിക്കലും തള്ളി കളയരുത്. അപായ സൂചനകൾ അത്യന്തം പ്രാധാന്യം അർഹിക്കുന്നതാണ്. ഒരുങ്ങുന്ന വിഷയത്തിൽ അതീവ ശുഷ്കാന്തിയുള്ളവരായിരിക്കുക. **എന്റെ** വരവ് വാതിൽക്കലായിരിക്കുന്നു. പാഴാക്കുവാൻ അല്പം പോലും സമയമില്ല. നിങ്ങൾ ഉറക്കമുണരണം. നിങ്ങൾക്ക് വേണ്ടി ആജീവനാന്തം കാത്തുനിൽക്കുക എന്നത് നടപ്പുള്ള കാര്യമല്ല.

ഞാൻ **എന്റെ** മണവാട്ടിയേയും കൊണ്ട് പോകും. അവൾ ഇതി

നോടകം തന്നെ തന്നത്താൻ ഒരുക്കി കാത്തിരിക്കുന്നു. നിങ്ങളും തത്തുല്യമായ സ്വയം ഒരുക്കത്തിന്റെ അനുഗ്രഹീത അവസ്ഥയിൽ ആയിതീരണമെന്ന് ഞാൻ ആശിക്കുന്നു. പൂർണ്ണവിധേയത്വത്തോടെ **എന്റെ** അരികിലേക്ക് വരിക. ഇത് മിന്നൽ വേഗത്തിലുള്ള **എന്റെ** മടങ്ങി വരവിന്റെ കാലഘട്ടമാണ്.

കാത്തിരിപ്പ് അനന്തമായി നീട്ടികൊണ്ട് പോകരുത്. "പിന്നീട്" എന്നൊരു സമയം നിങ്ങൾക്കില്ല. കാരണം നിങ്ങൾക്ക് അനുവദിച്ച സമയം അതിന്റെ അന്ത്യത്തിലെത്തിയിരിക്കുന്നു.

**എനിക്കറിയാം** ഇത്തരം വസ്തുതകൾ നിങ്ങൾക്ക് വിശ്വസിക്കുവാനും, ഉൾകൊള്ളുവാനും പ്രയാസമാണെന്ന്. ഞെട്ടലുണ്ടാക്കുന്ന ഒരു വാർത്തയാണ് നിങ്ങളിൽ പലർക്കുമിത്. പക്ഷേ **എന്റെ** ശുദ്ധയും, നിർമ്മലയുമായ **എന്റെ** കാന്തയെ ചേർക്കുന്നതിന് മുന്നോടിയായുള്ള സമയം ഏറെകുറെ അവസാനിച്ചുവെന്നതാണ് യാഥാർത്ഥ്യം. വരാനായി **എന്റെ** മണവാട്ടി ഒരുങ്ങിയിരിക്കുന്നു. കൊണ്ടുപോകാനായി ഞാനും തയ്യാറായിരിക്കുന്നു. ലോകം ഒന്നടങ്കം **എനിക്കെതിരെ** പുറം തിരിഞ്ഞുകൊണ്ടിരിക്കുന്നു.

**എനിക്കായി** ഒരുങ്ങി കാത്തിരിക്കുന്ന **എന്റെ** പ്രാണപ്രേയസിയുടെ കാത്തിരിപ്പിന് ഇനി ദൈർഘ്യം ഉണ്ടാവുകയില്ല. അത് വളരെ പെട്ടെന്നാകുന്നു. **എനിക്കെതിരെ** മുഖം തിരിച്ചവർക്ക് ഈ ലോകത്തിൽ നേരിടാൻ പോകുന്ന കഠോരമായ ക്രൂരത്വങ്ങൾ. അനുഭവിക്കുവാൻ ഞാൻ **എന്റെ** കാന്തയെ അനുവദിക്കില്ല. വിട്ടുകൊടുക്കില്ല. ഭയാനകമായ ഈ ഭീഭത്സതയിൽ നിന്ന് രക്ഷപ്പെട്ടോടേണ്ടതിനു വേണ്ടി അവൾ ജീവകാലം മുഴുവനും തന്നെത്താൻ ഒരുക്കി കാത്തിരുന്നവളാണ്. അശാന്തിയുടെ നാളുകളിൽ നിന്ന് സുരക്ഷിതതീരത്തേക്ക് അവൾ മാറ്റപ്പെടാനുള്ള സമയം ഇതാ ഇങ്ങടുത്തെത്തിയിരിക്കുന്നു.

വെളിപ്പാട് 19:7 **"നാം സന്തോഷിച്ച് ഉല്ലസിച്ച് അവിടത്തേക്ക് മഹത്ത്വം കൊടുക്കുക. കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ. അവിടത്തെ കാന്തയും തന്നത്താൻ ഒരുക്കിയിരിക്കുന്നു".**

മാനവചരിത്രം ഇന്നുവരെ സാക്ഷ്യം വഹിച്ചിട്ടില്ലാത്ത അതീവ പ്രൗഢഗംഭീരമായ ഒരു ചടങ്ങാണ് സംഭവിക്കാൻ പോകുന്നത്.

കുഞ്ഞുങ്ങളെ **എന്നോടൊത്തുള്ള** യാത്രക്ക് തയ്യാറെടുക്കുക. മദ്ധ്യകാശസമ്മേളനത്തിൽ പങ്കെടുക്കാൻ പരിശ്രമിക്കുക. ഞൊടി നേരം കൊണ്ട് ഈ ഭൂമിക്ക് സംഭവിക്കാൻ പോകുന്ന അതിഭീകര മായ അത്യാപത്തുകളിൽ നിന്ന് ഞാൻ നിങ്ങളെ പരിരക്ഷിക്കും. ആർക്കും സഹിച്ചുകൂടാത്ത കൊടിയ നിഷ്ഠൂരതയുടെ നാളുകൾ വിളിപുറത്തെത്തിയിരിക്കുന്നു.

ചുറ്റുപാടും കാണുന്ന ശാന്തമായതെന്നും, നേരുള്ളതെന്നും തോന്നുന്ന വിധത്തിൽ ചുറ്റുപാടും കാണുന്ന കാര്യങ്ങളിൽ വശീകരി ക്കപ്പെട്ട് വഞ്ചിക്കപ്പെടരുത്. ലോകത്തിന്റെ പക്കൽ സകല ചോദ്യ ങ്ങൾക്കും, പ്രതിസന്ധികൾക്കും, ഉത്തരവും, നിവാരണവും ഉണ്ടെന്ന് കരുതി അനേകർ ലോകത്തെ മുറുകെ പിടിക്കും. യഥാർത്ഥത്തിൽ ലോകത്തിന് തരാനുള്ളത് ദുരന്തവും, ദുരിതവും മാത്രമേയുള്ളൂ.

ഈ മുന്നറിയിപ്പുകൾക്കു മുമ്പിൽ ഭ്രമിച്ചു പോകരുത്. സത്യ മെന്നോർത്ത് മാറോട് ചേർത്ത് പിടിക്കുക.

**എന്റെ** പുസ്തകത്തിലേക്ക് തിരിഞ്ഞാട്ടെ. പഠനചിന്തയോടെ അതിന്റെ താളുകളിലേക്ക് പ്രാർത്ഥനാനിർഭരമായി പ്രവേശിച്ചാട്ടെ. നിത്യസത്യങ്ങൾ ഒന്നൊന്നായി കണ്ണിൻമുമ്പിൽ ഇതൾവിരിഞ്ഞു വരും. **എന്റെ** സത്യം.

**എന്നെ** പിൻപറ്റുക. **എന്റെ ആത്മാവിനെ** പിന്തുടരുക. **എന്റെ ആത്മാവ്** സത്യത്തിന്റെ പൂർണ്ണത നിനക്ക് കാണിച്ചുതരും. നിന്റെ ജീവിതത്തിലേക്ക് പ്രവേശിക്കുവാൻ **അവനെ** അനുവദിക്കുക. എങ്കിൽ തീർത്തും പുത്തനായതും, ഒട്ടനവധി ഉൾക്കാഴ്ചകൾ പ്രദാനം ചെയ്യുന്നതുമായ **എന്റെ** വചനത്തിന്റെ ബോധ്യങ്ങളെ **അവൻ** നിങ്ങൾക്കു തരും. സത്യത്തെ വെളിപ്പെടുത്തി തരാൻ മനുഷ്യനെ കൊണ്ട് സാധ്യമല്ല. എന്നാൽ **എന്റെ ആത്മാവിനെ** കൊണ്ട് അത് കഴിയും.

1 കൊരിന്ത്യർ 2:11-14 **"മനുഷ്യനിലുള്ളത് അവനിലെ മാനുഷാത്മാവല്ലാതെ മനുഷ്യരിൽ ആർ അറിയും. അവ്വണ്ണം തന്നെ ദൈവത്തിലുള്ളത് ദൈവാത്മാവല്ലാതെ ആരും ഗ്രഹിച്ചീട്ടില്ല. നാമോ ലോകത്തിന്റെ ആത്മാ വിനെ അല്ല; ദൈവം നമുക്ക് നൽകിയത് അറിയുവാനായി ദൈവത്തിൽ നിന്നുള്ള ആത്മാവിനെ അത്രേ പ്രാപിച്ചത്. അത് ഞങ്ങൾ മാനുഷജ്ഞാനം ഉപദേശിക്കുന്ന വചനങ്ങളാൽ അല്ല ആത്മാവ് ഉപദേശിക്കുന്ന വചനങ്ങളാൽ തന്നെ പ്രസ്താവിച്ചുകൊണ്ട് ആത്മീകന്മാർക്ക് ആത്മീകമായത് തെളിയിക്കുന്നു. എന്നാൽ പ്രാകൃത മനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈകൊള്ളുന്നില്ല അത് അവന് ഭോഷത്തം ആകുന്നു".**

കുഞ്ഞുങ്ങളേ കാലം കരിന്തിരി കത്തികൊണ്ടിരിക്കുകയാണ്. നിങ്ങളുടെ ഹൃദയങ്ങളുടെ കേടുപാടുകൾ **ഞാനൊന്നു** തീർക്കട്ടെ. **എന്റെ** വീണ്ടെടുപ്പിന്റെ രക്തം കൊണ്ട് **ഞാനൊന്ന്** നിങ്ങളെ മുറ്റും കഴുകി വെടിപ്പാക്കട്ടെ. കുരിശിൽ **ഞാൻ** കെട്ടി തീർത്ത മറുവില കൊണ്ട് നിങ്ങളുടെ പാപബഹുത്വത്തെ **ഞാനൊന്നു** മറയ്ക്കട്ടെ. നിങ്ങളുടെ പാപപരിഹാരത്തിനുവേണ്ടി **ഞാൻ എന്റെ** രക്തം ഊറ്റി തന്നത് അങ്ങേയറ്റം അപകീർത്തികരമായ കുരിശിൽ കിടന്നുകൊണ്ടാണെന്ന് നിങ്ങൾ മറക്കരുത്. ഞാനീ ശാപമൃത്യു വരിച്ചത് മക്കളേ; നിങ്ങൾക്ക് വേണ്ടിയാണ്. ഈ അനുഗ്രഹം എല്ലാവർക്കും സ്വീകരിക്കാവുന്നതാണ്.

ഫിലിപ്പിയർ 2:8 **"ദാസരൂപം എടുത്ത് മനുഷ്യസാദൃശ്യത്തിലായി തന്നത്താൻ ഒഴിച്ച് വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായി തീർന്നു".**

അതെ, ലോകത്തിന്റെ ശാപത്തിനടിമപ്പെട്ട് പരവശരായിപ്പോയ മാനവകുലത്തെ രക്ഷിച്ചെടുക്കാൻ വേണ്ടി അവരോടുള്ള **എന്റെ** അചഞ്ചലമായ സ്നേഹത്തിന്റേയും, മുൻവിധികളൊന്നുമില്ലാത്ത മനസ്സൊരുക്കത്തിന്റേയും നേർകാഴ്ചയാണ് ക്രൂശിൽ നിങ്ങൾ കാണുന്നത്. നിങ്ങൾ ഈ സ്നേഹത്തെ തിരഞ്ഞെടുത്ത് ഏറ്റെടുക്കുന്നു

വെങ്കിൽ നിങ്ങൾക്കിതൊരു ദാനമാണ്. പാപവഴികളിൽ നിന്ന് മുക്തി പ്രാപിക്കാനുള്ള സമ്പൂർണ്ണപാപപരിഹാരമാണിത്.

നിനക്ക് ഇത് ഉണ്ടായേ പറ്റു. പൂർണ്ണസമർപ്പണത്തോടെ **എന്റെ** മുമ്പാകെ നിങ്ങൾ വരണം. ലോകത്തിന്റെ നുകം കഴുത്തിൽ നിന്ന് കുടഞ്ഞുകളഞ്ഞ്, ലോകസ്നേഹത്തെ വെറുത്തു കളഞ്ഞ നിങ്ങളെ **എനിക്ക്** കാണണം. നിങ്ങൾ ഇപ്പോഴും ലോകവുമായി രഹസ്യ ബാന്ധവത്തിൽ ഏർപ്പെടുന്ന വ്യക്തിയാണെങ്കിൽ, **എന്റെ** രാജ്യ ത്തിൽ നിങ്ങൾക്ക് ഇടമുണ്ടായിരിക്കില്ല.

അതുകൊണ്ട് നിങ്ങൾ ഒരു ഉറച്ച തീരുമാനം എടുത്തേ ഒക്കൂ. **എന്റെ** വഴിയിലൂടെ നടക്കണമോ; അതോ ലോകത്തിന്റെ തോളിൽ കയ്യിട്ട് ഇമ്പങ്ങളിൽ സല്ലപിച്ചുകൊണ്ട് **എന്റെ** ശത്രു ചൂണ്ടികാണി ക്കുന്ന വിശാലമായ വഴിയിൽ സഞ്ചരിക്കണമോ? രണ്ടിലൊന്ന് തീരു മാനിച്ചേ പറ്റൂ. ഇതിന്റെയിടയിൽ മധ്യത്തിൽ മൂന്നാമതൊരു മാർഗ്ഗ മില്ല. ഒന്നിനെ സ്വീകരിച്ച്, മറ്റേതിനെ തിരസ്ക്കരിക്കണം. നിന്റെ ഹിതം വേണമോ, നിന്റെ ജീവിതത്തെകുറിച്ചുള്ള **എന്റെ** സമ്പൂർണ്ണ ഹിതം നടപ്പാക്കണമോ! ഇതാണ് നിന്റെ മുമ്പിലുള്ള തിരഞ്ഞെടുപ്പ്.

**എന്റെ** സമ്പൂർണ്ണഹിതത്തിന്റെ ഉള്ളറകളിലേക്ക് പ്രവേശിക്കുവാൻ നീ തീരുമാനിച്ചാൽ പരിപൂർണ്ണ വിധേയത്വത്തിലൂന്നികൊണ്ടുള്ള തികഞ്ഞ സമർപ്പണവും, ജീവിതത്തിൽ സംഭവിച്ചു പോയ തെറ്റു കളെ കുറിച്ചുള്ള ആഴമേറിയ അനുതാപവും, ഹൃദയം തകരുന്ന മനസ്താപവും നിനക്ക് ഉണ്ടായിരിക്കണം. **എന്റെ** രക്തവളപ്പിൽ **ഞാൻ** നിന്നെ മൂടി മറയ്ക്കും. കഴിഞ്ഞ നാളുകളിലെ സകല പാപ ങ്ങളേയും ഞാൻ എടുത്ത് മാറ്റും. നിനക്ക് ദോഷമായിരുന്ന സകല കയ്യെഴുത്തുകളേയും ഞാൻ കീറികളയും. ഇന്നലെകളിലെ കളങ്ക ങ്ങളും, കറകളും ഒന്നും തന്നെയില്ലാത്ത തീർത്തും പുതുപുത്തനായ ഒരു ജീവിതം നീ ആരംഭിക്കും.

എബ്രായർ 13:12 **"അങ്ങനെ യേശുവും സ്വന്തരക്തത്താൽ ജനത്തെ വിശുദ്ധീകരിക്കേണ്ടതിന് നഗരവാതിലിന് പുറത്തുവെച്ച് കഷ്ടം അനുഭവിച്ചു".**

കഴിഞ്ഞ കാല പാപങ്ങളെ സംബന്ധിച്ചുള്ള ആത്മാർത്ഥമായ പശ്ചാത്താപവും, അങ്ങേയറ്റത്തെ വിനയാന്വിതമായ ആത്മസമർപ്പണത്തോടും കൂടെ നിങ്ങൾ എന്നരികിലേക്ക് വന്നാൽ നിങ്ങളെ കാത്തിരിക്കുന്നത് ഇതാണ്. ആ നിർണ്ണായക തീരുമാനം കൈക്കൊള്ളാനുള്ള സമയമിതാണ്. ഇനിയും വച്ച് നീട്ടരുത്. **എന്റെ മടങ്ങിവരവ്** ഈ ദിവസങ്ങളിലൊന്നിലായിരിക്കും. ഒരുത്തനും അതിനെ തടയുവാൻ കഴിയില്ല.

നീ തയ്യാറാകേണ്ടിയിരിക്കുന്നു. നീ ഒരുങ്ങേണ്ടത് ആവശ്യമായി തീർന്നിരിക്കുന്നു. നിന്റെ മറുപടിക്കായി ഞാൻ കാതോർത്തിരിക്കുകയാണ്.

നിന്റെ സ്നേഹമയിയായ, ക്ഷമാശീലനായ **യാഹ്ഷുവാ**.

ഒരു വോയ്സ് ഓഫ് ഗോസ്പൽ പ്രസിദ്ധീകരണം.

# പാഠം 21
# എന്റെ ഹിതം കൂടാതെ;
# നിങ്ങൾ എനിക്കെതിരെ ഓടുന്നു

**എന്റെ** മകളേ; നമുക്കാരംഭിക്കാം. കുഞ്ഞുങ്ങളെ ഇന്ന് ഞാൻ നിങ്ങളോട് സംസാരിക്കുവാൻ പ്രിയപ്പെടുന്നത് മറ്റൊരു വിഷയത്തെ സംബന്ധിച്ചാണ്.

മക്കളെ വളരെ പെട്ടെന്ന് ഞാൻ **എന്റെ** കാന്തയായ സഭയെ ഈ ഭൂമിയിൽ നിന്ന് എടുത്തു മാറ്റുവാൻ മടങ്ങി വരും. ചുരുക്കം ചിലരേ ഒരുങ്ങിയിട്ടുള്ളു. അല്പം ചിലരേ കാത്തിരിക്കുന്നുള്ളു. അക്കാരണത്താൽ എടുക്കപ്പെടുന്നവരുടെ കൂട്ടത്തിൽ വളരെ കുറച്ചു പേരെ ഉൾപ്പെടുകയുള്ളു. കുഞ്ഞുങ്ങളെ ഇത് കളിവാക്കായി കണക്കാക്കരുത്. ഗൗരവതരമാണ്. അതീവ ഗൗരവതരം.

ഇത്തരം കാര്യങ്ങൾക്ക് അർഹിക്കുന്ന പരിഗണന കൊടുക്കുന്നവരുടെ എണ്ണം തുലോം വിരളമാണ്. ഇത്തരം വസ്തുതകളെ സൂക്ഷിച്ച് ജീവിക്കുന്നവർ ചുരുക്കമാണ്. അനേകർ തിരുവെഴുത്തുകൾ വായിക്കുന്നില്ല. **എന്റെ** വചനത്തെ പ്രമാണിക്കുന്നവരെ കണ്ടുകിട്ടാനില്ല. ആചരിച്ച് അനുസരിച്ച് പോരേണ്ടതിനായി ഞാൻ അവർക്ക് നിയമിച്ചു കൊടുത്ത വ്യവസ്ഥകളൊന്നും അനേകരും ഗണ്യമാക്കുന്നില്ല. അനേകർ തങ്ങൾക്ക് ബോധിച്ചവണ്ണം കാര്യങ്ങളെ ചെയ്യുന്നു. **എന്റെ** ആഗ്രഹങ്ങളോട് പുലബന്ധം പോലും പുലർത്താത്തതാണത്.

പൂർണ്ണമായും **എന്റെ ഹിതത്തിന്** പുറത്ത് ജീവിതത്തിന്റെ അർത്ഥതലങ്ങൾ അന്വേഷിക്കുന്നവരാണ് ഇക്കൂട്ടർ. **എന്നെ കൂടാതെ** സ്വന്തം താല്പര്യങ്ങളെ പൂർത്തീകരിക്കുവാൻ അശ്രാന്ത പരിശ്രമം നടത്തുന്നവർ. എപ്പോഴൊക്കെ **എന്നെ** കൂടാതെ ജീവിതത്തിന്റെ വിരുദ്ധ ധ്രുവങ്ങൾ കൂട്ടിമുട്ടിക്കുവാനായി നിങ്ങൾ ഓടുന്നുവോ; ഒരുകാര്യം ഓർക്കുക. അപ്പോഴൊക്കെ നിങ്ങൾ ഓടുന്നത്

എനിക്കെതിരായിട്ടാണ്. **എന്റെ** വചനത്തെ വിശ്വസിക്കാതെ, ലോകത്തെ ചേർത്തു പിടിച്ചു കൊണ്ടുള്ള ഈ പരാക്രമങ്ങൾ കാണുമ്പോൾ മക്കളേ വ്യസനം ഏറി വരുന്നു. ഉള്ളിൽ ദുഃഖം കൊണ്ട് നിറയുന്നു.

കുഞ്ഞുങ്ങളെ ലോകവും, ലോകത്തിന്റെ ഇമ്പങ്ങളും **ഞാനുമായി** കടുത്ത ശത്രുതയിലാണ്. ലോകത്തേയും, **എന്നെയും** ഒരുപോലെ കൂട്ടികൊണ്ടു പോകുവാൻ ആവില്ല മക്കളേ.

യാക്കോബ് 4:4 **"വ്യഭിചാരികളും, വ്യഭിചാരിണികളുംമായുള്ളോരെ, ലോകസ്നേഹം ദൈവത്തോട് ശത്രുത്വം ആകുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ആഗ്രഹിക്കുന്നവനൊക്കെയും ദൈവത്തിന്റെ ശത്രുവായിതീരുന്നു"**.

ലോകത്തിന്റെ ഭാഗമായി തീരുക എന്നുപറഞ്ഞാൽ എന്താണതിനർത്ഥം? ജീവിതത്തിന്റെ സകലമാന ഉത്തരങ്ങൾക്കുമായി ലോകത്തിലേക്ക് തിരിയുക. ഭാവിയെ സുരക്ഷിതമാക്കുവാൻ ലോകത്തെ കൂട്ടുപിടിക്കുക. സകലപ്രശ്നങ്ങൾക്കും ഒറ്റമൂലിയായി ലോകത്തെ അവതരിപ്പിക്കുക. ഇതുതന്നെയാണ് ലോകത്തിന്റെ സ്നേഹിതനാവുക എന്നു പറഞ്ഞതിന്റെ പൊരുൾ. ലോകം തരുന്ന ഉറപ്പ് ചോർച്ചയുള്ളത്. ഭാവിയെ കുറിച്ച് യാതൊന്നും അറിയാത്ത മനുഷ്യനെ ആശ്രയിക്കുന്നതിൽ കവിഞ്ഞൊരു ഭോഷത്തം വേറെയില്ല. **ദൈവമായ എനിക്കല്ലാതെ** വരുവാനിരിക്കുന്നവയെ കുറിച്ച് കൃത്യമായ ധാരണ ആർക്കും തരാൻ സാധ്യമല്ല. പ്രതിവിധികൾക്കായി ലോകം അന്വേഷിക്കുന്നത് മനുഷ്യരേയും, ദുഷ്ടാത്മക്കളേയുമാണ്. ലോകത്തിന്റെ വ്യവസ്ഥയുടെ ഉപജ്ഞാതാവ് തന്നെ **എന്റെ** ശത്രുവാണ്. ലോകത്തിന്റെ പലവിധ കാര്യങ്ങളാൽ **എന്റെ** മക്കളെ വിസ്മയിപ്പിച്ച് **എന്നിലുള്ള** അവരുടെ ഏകാഗ്രതയും, നിർമ്മലതയും നഷ്ടപ്പെടുത്തി, ജീവിതത്തിന്റെ കടുംകെട്ടുകൾ അഴിക്കേണ്ടതിന് സഹായത്തിനായി **എന്നിലേക്ക്** തിരിയേണ്ടതിന് പകരം ലോകത്തിന്റെ കുരുട്ടു ബുദ്ധിയിലേക്ക് ആകർഷിപ്പിക്കപ്പെടുക. ഇതാണ് പിശാചിന്റെ തന്ത്രം. **എന്നെ** അടുത്തറിയാനുള്ള എല്ലാ അവസരങ്ങൾക്കും തടസ്സങ്ങൾ സൃഷ്ടിക്കുക. മക്കളേ ഇത് അങ്ങേയറ്റം ആപത്ക്കരമാണ്.

സങ്കീർത്തനം 20:7 **"ചിലർ രഥങ്ങളിലും, ചിലർ കുതിരക ളിലും ആശ്രയിക്കുന്നു. ഞങ്ങളോ, ഞങ്ങളുടെ ദൈവമായ യഹോവയുടെ നാമത്തെ കീർത്തിക്കും".**

**എന്നിൽ** നിന്നും അമ്പിൻപാട് ദൂരത്ത് നിങ്ങളെ നിർത്താനാണ് ശത്രുവിന്റെ താൽപര്യം. എന്നീട്ട് അതിനിടയിലൂടെ ഇഴഞ്ഞുവന്ന് നിങ്ങളെ കെണിയിൽ അകപ്പെടുത്തി നശിപ്പിക്കുകയാണ് അവന്റെ ആത്യന്തികലക്ഷ്യം.

അവന്റെ സകല തന്ത്രങ്ങളും എടുത്ത് പയറ്റി നിങ്ങളെ വശീക രിച്ച്, വഷളാക്കി **എന്നിൽ** നിന്ന് അകറ്റുകയാണ് അവന്റെ ഉന്നം. അതിനുവേണ്ടി അവൻ ഒരുവേള നിന്റെ ശുശ്രൂഷയെ കരുവാക്കും; നിന്റെ കുടുംബത്തെ ഉപയോഗിക്കും. പണത്തിനു വേണ്ടിയുള്ള നിന്റെ നെട്ടോട്ടത്തെ അവൻ ചൂഷണം ചെയ്യും, സമ്പത്തിന്മേലുള്ള അമിതമായ താല്പര്യങ്ങളെ അവൻ വിദഗ്ദമായി ഉപയോഗിക്കും. നിനക്ക് ചിന്തിക്കാൻ പറ്റുന്ന എല്ലാതരം ഇടർച്ചകളേയും അവൻ ഉപയോഗിക്കും. എന്നിൽ നിന്ന് നിന്റെ ശ്രദ്ധയെ പറിച്ചു മാറ്റുവാനുള്ള എല്ലാതന്ത്രങ്ങളും അവൻ പയറ്റും. എന്നീട്ട് സകലത്തിലും അവനെ ആശ്രയിക്കത്തക്ക ഒരു അവബോധം അവൻ സൃഷ്ടിച്ചെടുക്കും.

നിങ്ങളെ പാടെ നശിപ്പിക്കുവാനുള്ള അവന്റെ തന്ത്രങ്ങൾ ഇതൊക്കെയാണ്. ഒട്ടുമിക്കവരിലും വിജയകരമായി അവൻ പരീ ക്ഷിച്ചുറപ്പിച്ചതുമാണിത്. വഴി പിഴച്ചുപോയ ഈ മഹാഭൂരിപക്ഷ ത്തിനിടയിലും ഒരു ശേഷിപ്പ് **എന്നെ** പരമാർത്ഥതയോടെ പിൻപറ്റും. സകല പ്രശ്നങ്ങളുടെ മധ്യത്തിലും അവർ എങ്കലേക്ക് നോക്കും. പരിശോധനകളും, ഉപദ്രവങ്ങളും ഏറുമ്പോഴും, അവർ എന്നോട് കൂടുതൽ പറ്റിയിരിക്കും. അവരാണ് യഥാർത്ഥസഭ. അവരാണ് യഥാർത്ഥശിഷ്യന്മാർ. അവരാണ് സ്വന്തം പ്രാണനെ വിലയേറിയ തായി എണ്ണാതെ **എന്നെ** അനുഗമിക്കുന്നവർ.

**ഏകസത്യപൂർണ്ണ വെളിച്ചമായി** ഞാനിരിക്കുമ്പോൾ എന്തു കൊണ്ടാണ് ലോകത്തിന് പുറകെ നീ അവിരാമം ഓടികൊണ്ടിരി ക്കുന്നത്. **നിത്യമായ ജീവൻ** ഞാനാകുന്നു. ഞാൻ നിനക്ക് ജീവൻ

തരും. ഞാൻ നിന്നെ പുലർത്തും. നിന്റെ ജീവിതത്തെ കാത്തുപരി പാലിക്കുന്നവൻ ഞാൻ മാത്രമാണ്. മറ്റാർക്കും കവർന്നുകളയാൻ കഴിയാത്തവണ്ണം സമൃദ്ധിയായി **ജീവനെ** തരുന്നവൻ ഞാനാകുന്നു.

ഇയ്യോബ് 12:10 **"സകല ജീവജന്തുക്കളുടേയും പ്രാണനും, സകല മനുഷ്യവർഗ്ഗത്തിന്റേയും ശ്വാസവും അവന്റെ കൈയ്യിൽ ഇരിക്കുന്നു".**

എന്തുകൊണ്ടാണ് നീ **എന്നെ** വിട്ട് മറ്റു ജാരന്മാരുടെ അരികെ; ഒന്നിനും കൊള്ളാത്തവരുടെ ചാരെ പോകുന്നത്? ഒരിക്കലും പുറത്തു വരാൻ പറ്റാത്തവണ്ണമുള്ള ഒരു കുഴി നീ നിനക്കായ് കുഴിക്കുകയാണ്.

**എന്നിലേക്ക്** വരിക. മനം തിരിഞ്ഞ് പൂർണ്ണസമർപ്പണത്തോടെ ജീവിതം **എനിക്ക്** കൈമാറുക. സകലത്തിന്റേയും ഉത്തരം **എന്റെ** കൈവശം മാത്രമേയുള്ളു. കാര്യങ്ങളെ നിനക്കുവേണ്ടി ശരിയാം വണ്ണം ക്രമീകരിക്കുവാൻ **എന്നെകൊണ്ടേ** സാധിക്കുകയുള്ളു. നിന്റെ ഭാവിയുടെ താക്കോൽ ഇരിക്കുന്നത് **എന്റെ** കൈയ്യിലാണ്. അത്യന്തം ഊഷ്മളമായ വഴിയിലൂടെ എന്നെ അടുത്തറിയുക. വളരെ ശുഷ്കാന്തിയോടെ **എന്റെ** പിറകേ വരിക. രാജ്യത്തിലേക്കുള്ള താക്കോൽ ഞാൻ നിനക്ക് കൈമാറും. ഈ ലോകം നിനക്കുവേണ്ടി യാതൊന്നും കരുതുന്നില്ല. സ്വരുകൂട്ടി വക്കുന്നതാകട്ടെ കാലുഷ്യവും, കഠിനശോധനയും, ആസന്നമരണവും, ഈ ഭൂമിക്ക് ആസന്ന ഭാവിയിൽ സംഭവിക്കാൻ പോകുന്ന കൊടിയനാശവും മാത്രമാണ്.

മൃതാവസ്ഥയിലായ, മരിച്ചുകൊണ്ടിരിക്കുന്ന ഈ ലോകത്തിൽ നീ നിന്റെ സ്വപ്നങ്ങൾ നെയ്തുകൂട്ടരുത്. ഈ ലോകത്തിലെ ഒരു ഭരണകൂടവും എന്നെ **കർത്താവും, നാഥനും** ആയി അംഗീകരി ക്കാത്തതിനാൽ തന്നെ ഈ ഭൂമി ഊർദ്ധശ്വാസം വലിച്ചുകൊണ്ടി രിക്കുകയാണ്.

എല്ലാലോകനേതാക്കളും **എന്നെയൊഴികെ** മറ്റനേകം വിശ്വാസ ങ്ങളുടെ പുറകെ പോയി. അത്തരം സങ്കല്പ ദൈവങ്ങളെ കർത്താവും, സൃഷ്ടിതാവുമായി വിശ്വസിച്ച് അംഗീകരിക്കുന്ന കാര്യത്തിൽ തർക്കമോ, എതിരഭിപ്രായമോ അവർക്ക് ഇല്ല. ഇതെനിക്ക്

അങ്ങേയറ്റം അറപ്പുളവാക്കുന്നതാണ്. ഞാനിതിനെ നിസ്സാരമായി കണക്കാക്കില്ല.

ലോകം **എന്റെ** മുമ്പിൽ ഭയന്ന് വിറയ്ക്കുന്നില്ല. അതുകൊണ്ട് തന്നെ **ഞാനാരാണെന്ന്** ഒരാവർത്തികൂടി അവരെ പഠിപ്പിക്കേണ്ടി യിരിക്കുന്നു. യഥാർത്ഥ വിശ്വാസഗണത്തിലെ ന്യൂനപക്ഷശേഷി പ്പിനെ ഈ ലോകത്തിന്റെ അരാജകത്വത്തിൽ നിന്ന് എടുത്ത് മാറ്റി സുരക്ഷിതതീരത്ത് നിറുത്തിയതിനുശേഷം ലോകം തിരിച്ചറിയും ഞാൻ വിലമതിക്കപ്പെടേണ്ട **ദൈവമാണെന്ന്.** അവമതിപ്പോടെ അവ ഗണിച്ചു തള്ളേണ്ട ദൈവമല്ലെന്ന്. **എന്റെ** സൂക്ഷിപ്പിന്റെ കരവലയം ഈ ലോകത്തിന്റെ മുകളിൽ നിന്നു മാറ്റുന്ന മുറക്ക് മുഴുബലത്തോടും, സകല ദുഷ്ടതയോടും കൂടെ പിശാച് തന്റെ തനിനിറം പുറത്തെ ടുക്കും. പിശാചും, അവന്റെ കിങ്കരന്മാരും ഉറഞ്ഞുതുള്ളുന്ന അക്കാല യളവിൽ ഭൂമിയിലെ അധിവസിക്കുന്ന അന്തേവാസികളുടെ അവസ്ഥ പരമദയനീയം ആയിരിക്കും.

സങ്കീർത്തനം 111:10 **“യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭം ആകുന്നു. അവയെ ആചരിക്കുന്ന എല്ലാവർക്കും വിവേകം ഉണ്ട്. അവിടത്തെ സ്തുതി എന്നേക്കും നിലനിൽക്കുന്നു”.**

ഇത്തരം സനാതന സത്യങ്ങളെ നിങ്ങളിലേക്ക് സന്നിവേശി പ്പിക്കുവാൻ ഞാനെന്തു ചെയ്യണം? ഇതെല്ലാം **എന്റെ** പുസ്തക ത്തിൽ എഴുതിയിട്ടുണ്ട്. പക്ഷേ സത്യം അറിയാനുള്ള ത്വര വളരെ കുറച്ചു പേർക്കേയുള്ളു. ലോകത്തിലങ്ങോളംമിങ്ങോളം പാഞ്ഞ് നടന്നുകൊണ്ട് അവൾ അറിവും, ജ്ഞാനവും ആർജ്ജിക്കുവാൻ പെടാപ്പാട് പെടുന്നു. പക്ഷേ ഒരിക്കലും സത്യത്തിന്റെ സമീപത്തു പോലും വരുന്നില്ല.

ദാനിയേൽ 12:4 **“നീയോ ദാനിയേലേ അന്ത്യകാലം വരെ ഈ വചനങ്ങളെ അടച്ച് പുസ്തകത്തിന് മുദ്രയിടുക. യഥാർത്ഥ ജ്ഞാനം തേടി പലരും അങ്ങുമിങ്ങും ഓടി നടക്കും. അതു കണ്ടെത്തുന്നവനോ ജ്ഞാനം വർദ്ധിക്കും”.**

മാനവരാശിയുടെ ദുഃഖത്തിന്റെ നാളുകളാണിത്. ലോകത്തിന്

പുറകേ പരക്കം പായുന്നതിൽ അല്പം പോലും വൈമുഖ്യം അനുഭവപ്പെടാത്ത മനുഷ്യന്; തങ്ങളുടെ **സൃഷ്ടിതാവായ** ദൈവത്തെ കുറിച്ചുള്ള ജ്ഞാനം പ്രാപിക്കുന്നതിൽ തികഞ്ഞ വിരക്തിയാണ്. ഇത് മാനവരാശിയുടെ ദുരിതപർവ്വമാണ്. **ദൈവമായ എന്നെ** അല്പം പോലും വിലമതിക്കാത്തതിന്റെ അനന്തരഫലങ്ങൾ വളരെ തെളിവായി വെളിപ്പെട്ടുവരുന്നുണ്ട്. ആക്രമണോത്സുകമായ തിന്മകൾ, കുറ്റങ്ങൾ, രോഗങ്ങൾ, മരണം, സാമ്പത്തീകദുരന്തങ്ങൾ, യുദ്ധങ്ങൾ, യുദ്ധശ്രുതികൾ. ഇവയെല്ലാം **എന്നെ** അവഗണിച്ചതിന്റെ പ്രത്യാഘാതങ്ങളാണ്. അവരുടെ **ദൈവത്തിൽ** നിന്ന് അന്യപ്പെട്ട് അകന്ന് നടക്കാൻ ആരംഭിച്ച മനുഷ്യൻ സ്വയമേവ വിളിച്ചു വരുത്തിയ ഭവിഷത്തുകളാണിതെല്ലാം. തലയറഞ്ഞ് ലോകത്തിന് പുറകെ ഓടിയതിന്റെ ബാക്കി പത്രങ്ങളാണിവ.

മക്കളേ മടങ്ങി വരു. ഇനിയും വൈകിയിട്ടില്ല. **ഞാനിനിയും** നിങ്ങളെ ചേർത്തുപിടിക്കും. ഞാൻ കാത്തിരിക്കുന്നത് തന്നെ നിങ്ങൾക്കുവേണ്ടിയാണ്. നീട്ടി വിരിച്ച **എന്റെ** കരവലയത്തിനകത്തേക്ക് ഓടികയറൂ, വന്ന് **എന്റെ** പിറകിൽ അണിനിരക്കൂ. നിത്യതയിൽ നമുക്ക് ഒന്നായിരിക്കുവാൻ ഇനിയും കഴിയും. നിങ്ങളെ **ഞാനെന്റെ** സ്വന്തമാക്കും. നിങ്ങൾക്ക് **എന്റെ** രാജ്യത്തിൽഎന്നോട് കൂടെ നിത്യത മുഴുവൻ ആനന്ദിക്കാം, ആസ്വദിക്കാം.

അതേ മക്കളേ നിങ്ങൾക്കിനിയും നിങ്ങളുടെ സൃഷ്ടാവായ **എന്നെ** അനുഗമിക്കാൻ കഴിയും. അതല്ലെങ്കിൽ **എന്നെ** ഒഴിവാക്കി കൊണ്ട് ലോകത്തെ പുൽകാൻ സാധിക്കും. തിരഞ്ഞെടുപ്പ് നിങ്ങളുടേതാണ്. **എന്നെ** സ്നേഹിക്കുന്ന, **എന്നെ** മാത്രം സ്നേഹിക്കുന്ന, ഈ ലോകത്തിന്റെ ഒരു വച്ചുനീട്ടലുകൾക്കും വശംവദരാകാത്ത ഒരു ചെറിയ കൂട്ടത്തെ ചേർക്കേണ്ടതിനു വേണ്ടി ഞാൻ വേഗം വരും. **എന്നെ** വേണമോ, ലോകത്തെ വേണമോ എന്ന് നിശ്ചയിക്കേണ്ടത് നിങ്ങളാണ്. എന്തായാലും **എനിക്കു**വേണ്ടി ആകാംക്ഷയോടെ ദിനരാത്രങ്ങൾ തള്ളിനീക്കി കാത്തിരിക്കുന്ന **എന്റെ** സ്വന്തത്തെ കൊണ്ടുപോകുവാൻ ഞാൻ വരും; താമസിക്കയില്ല.

ഈ ലോകത്തിന്റെ എല്ലാ വർണ്ണശബളിമയ്ക്കു മുമ്പിലും ഭ്രമിച്ചു പോകാതെ, കാലുകൾ ഇടറാതെ **എനിക്കുവേണ്ടി**, **എനിക്കുവേണ്ടി** മാത്രം ജീവിതം ഉഴിഞ്ഞുവച്ചവരെ ഞാൻ കൈവിടുകയില്ല. എന്നാൽ നിങ്ങൾ എന്ത്ചെയ്യും? ഞാൻ ക്ഷമയോടെ കാത്തിരിക്കുന്നു; പക്ഷേ അധികകാലത്തേക്കതുണ്ടാവുകയില്ല. **എന്റെ** കാന്തയെ സുരക്ഷിത താവളത്തിലേക്ക് മാറ്റുകയല്ലാതെ മറ്റൊരു മാർഗ്ഗവും **എന്റെ** മുമ്പിലില്ല.

ഇത് നിങ്ങളുടെ **കർത്താവും**, ഈ ലോകത്തിന്റെ പ്രധാന ശില്പിയുമായ **യാഹ്ഷുവാ.**

ഒരു വോയ്സ് ഓഫ് ഗോസ്പൽ പ്രസിദ്ധീകരണം.

# പാഠം 22
# ലോകത്തെ നശിപ്പിക്കുവാൻ അധർമ്മം കടന്നു വരുന്നു

കുഞ്ഞുങ്ങളെ; നമുക്കാരംഭിക്കാം. നിങ്ങളുടെ പിതാവാണ് സംസാരിക്കുന്നത്. ഇന്ന് ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്.

വലിയൊരു കൊടുങ്കാറ്റ്: ഭൂതലത്തെ മറിച്ചുകളയത്തക്കവണ്ണമുള്ള ഒന്ന് കടന്നുവരും. അത് മറ്റൊന്നുമല്ല, തിന്മയാണ്, അത് ലോകത്തേയും, ലോകത്തിൽ അധിവസിക്കുന്നവരേയും മുച്ചൂടും നശിപ്പിക്കേണ്ടതിനുവേണ്ടിയാണ്.

**എന്റെ** കാന്തയെ സ്വസ്ഥതയിലേക്ക് പ്രവേശിപ്പിച്ചതിനുശേഷമേ ഈ ദുർവ്യാധി കടന്നു വരികയുള്ളു. **എന്റെ** മണവാട്ടി ആദ്യം പുറത്തു കടക്കും. വരാനിരിക്കുന്ന കൊടിയ ഭീകരതക്ക് അവൾ സാക്ഷ്യം വഹിക്കുകയില്ല. ഭൂതലത്തിലൊക്കെയും വീശിയടിക്കുന്ന ഈ ബാധയുടെ തീവ്രപ്രഹരമേറ്റ് ജനം ഭ്രാന്തമായ വിഭ്രാന്തിയിലകപ്പെടും. പറയാൻ പറ്റാത്ത തരം ഭീഭത്സത. ജനങ്ങളുടേമേൽ വീശിയടിക്കും. കലർപ്പില്ലാത്ത ഭീകരത ഉറഞ്ഞുതുള്ളുന്ന ദുരന്ത നാഴികയായിരിക്കുമത്.

മനുഷ്യർ ശൂന്യതയിലും, വേദനയിലുമായിരിക്കും. വരാനിരിക്കുന്ന സമയത്തിന്റെ ഘോരത്വം എത്രത്തോളം ഭയങ്കരത്വം നിറഞ്ഞതായിരിക്കുമെന്ന് ആർക്കും വിശ്വസിക്കുവാൻ കഴിയില്ല.

എതിർ ക്രിസ്തു രംഗത്തിന് കൊഴുപ്പു കൂട്ടും. തന്റെ ആളത്വം മുഴുവനായി പ്രദർശിപ്പിച്ചു ലോകത്തിന്റെ അതിർത്തികളോളം അവൻ തന്റെ അധീശത്വം അരക്കിട്ടുറപ്പിക്കും. അവന്റെ കുതിപ്പിന് തടയിടുവാൻ ആരെകൊണ്ടും സാധ്യമല്ല. കഴിഞ്ഞ നാളുകളിൽ ഭൂമിയെ ഭരിച്ചിരുന്ന സ്വേച്ഛാധിപതികളായ ഏകാധിപതികളെല്ലാം ഈ ഭീകരന്റെ ക്രൂരതയോട് തട്ടിച്ചു നോക്കുമ്പോൾ ഒന്നുമല്ല. അധികാരകൊതി, അധിനിവേശത്വര, രക്തദാഹം എന്നീ സകല

ദുർഗുണങ്ങളുടേയും വിളനിലമാണവൻ. ലോകത്തിൽ നടപ്പിൽ വരുത്തുവാൻ പോകുന്ന ഭീകരതക്ക് തുല്യം പറയുവാൻ മറ്റൊന്ന് നാളിത് വരെ മാനവചരിത്രത്തിലുണ്ടായിട്ടില്ല. ആർക്കും അതിൽ നിന്ന് തെറ്റിയൊഴിയാവതല്ല.

ഈ ഏകാധിപതിയുടെ ക്രൂരദ്രംഷ്ടയിൽ നിന്ന് രക്ഷപ്പെട്ടോടാനോ, ആശ്വാസം പ്രാപിക്കാനോ ആർക്കും സാധ്യമല്ല.

അവന്റെ വാഴ്ചയിൽ നിന്നോ, ഭരണത്തിൽ നിന്നോ രക്ഷപ്പെടാനുള്ള ഏകമാർഗ്ഗം മരണം സംഭവിക്കുകയോ, മരിക്കാൻ ശ്രമിക്കുകയോ ചെയ്യുക എന്നുള്ളതാണ്. മാനവരാശിയുടെ ചരിത്രം രേഖപ്പെടുത്തിയതിൽ വച്ച് ഏറ്റവും ഇരുണ്ട കാലഘട്ടമായിരിക്കുമത്.

വെളിപ്പാട് 18:4-5 **"വേറൊരുശബ്ദം സ്വർഗ്ഗത്തിൽ നിന്നു പറയുന്നതായി ഞാൻ കേട്ടത്. എന്റെ ജനമായുള്ളോരെ, അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയുമിരിപ്പാൻ അവളെ വിട്ടുപോരുവിൻ. അവളുടെ പാപം ആകാശത്തോളം കുന്നിച്ചിരിക്കുന്നു. അവളുടെ അകൃത്യം ദൈവം ഓർത്തീട്ടുണ്ട്".**

കുഞ്ഞുങ്ങളെ ഈ സത്യത്തിലേക്ക് ഉണർന്നെഴുന്നേറ്റാട്ടെ. **എന്റെ** പുസ്തകം വായിക്കുക. വരാനിരിക്കുന്ന ഭവിഷത്തുകളെ കുറിച്ച് വ്യക്തമായ ഒരു അവബോധം സമ്പാദിക്കുക. നിന്നെതന്നെ കാത്തു സൂക്ഷിക്കാതിരിക്കരുത്. കാത്തിരിക്കുന്ന **എന്റെ** കരവലയത്തിനകത്തേക്ക് അമർന്ന് ആശ്വാസം പ്രാപിച്ചുകൊള്ളുക. നിന്നെ രക്ഷിക്കാനായി ഞാൻ നിന്റെ ചാരെ തന്നെയുണ്ട്. നിത്യമായ സ്നേഹവും, സൗന്ദര്യവും കളിയാടുന്ന **എന്റെ** മനോഹരദേശത്തേക്ക് നിന്നെ കൂട്ടി കൊണ്ടു പോകേണ്ടതിന്, നിന്നെ അനുഗ്രഹിക്കേണ്ടതിന്, നിന്നെ ആലിംഗനം ചെയ്യേണ്ടതിന് ഞാൻ തയ്യാറായിരിക്കുന്നു. **എന്റെ കല്യാണസദ്യയിലേക്ക്** ഞാൻ നിന്നെ ആനയിക്കും, അവിടെ വച്ച് **എന്റെ** സ്നേഹത്തെ ഞാൻ നിനക്ക് സദാകാലവും പകർന്നുതരും.

ഭാവിയെയോർത്ത് നീ ഇനി ഭയപ്പെടേണ്ട. നാളെ എന്ത് സംഭ

വിക്കും എന്നതിനെയോർത്ത് നീ വ്യാകുലപ്പെടേണ്ട. നീ നിന്നെ തന്നെ **എന്റെ** മുമ്പാകെ ഒന്നു താഴ്ത്തി സമർപ്പിച്ചാൽ മതി. ഒരു സമ്പൂർണ്ണ സമർപ്പണം. നിന്റെ സകലതും എനിക്കു തരുന്ന, നിന്റെ പ്രാണനെ തരുന്ന, നിന്റെ ഹൃദയത്തെ തരുന്ന, നിന്റെ സമ്പത്തിനെ തരുന്ന, പഴുതുകളില്ലാത്ത ഒരു സമർപ്പണം. നിന്റെ ജീവിതത്തിന്റെ **മുഴു കർത്താവും, മുഴുനാഥനുമായി** എന്നെ അംഗീകരിച്ച് പ്രതിഷ്ഠിക്കുന്ന അനുഗ്രഹിക്കപ്പെട്ട രൂപാന്തരം. അങ്ങനെയുള്ള നിന്നെ സ്വസ്ഥതയിലേക്ക് ഞാൻ കൈപിടിച്ച് നടത്തും.

അതുകൊണ്ട് **എന്നോട്** കൂടെ വരുന്നവരുടെ എണ്ണം തുലോം കുറവായിരിക്കും. **എന്റെ** ഈ മഹാരക്ഷണ്യപ്രവർത്തിയിൽ ഉൾപ്പെടുന്നത് വളരെ കുറച്ചാളുകളായിരിക്കും. **എന്റെ** മക്കളെ സ്വസ്ഥതയിലേക്ക് മാറ്റി പാർപ്പിക്കുവാൻ ഞാൻ മടങ്ങി വരുമ്പോൾ അവരെ മാത്രമേ **എന്നോട്** കൂടെ സ്വർഗ്ഗീയ സ്ഥലങ്ങളിലിരുത്തുകയുള്ളു.

നിങ്ങൾ പുതിയ മഹത്വമേറിയ ശരീരം പ്രാപിക്കും. ആ ശരീരം വെളിച്ചത്താലലംകൃതമായിരിക്കും; **എന്റെ** സ്വർഗ്ഗീയ വെളിച്ചത്തിന്റെ പ്രഭാപൂരം അതിനുണ്ടായിരിക്കും. അത് തേജസ്സേറിയതായിരിക്കും. ആ വെളിച്ചം വെട്ടിതിളങ്ങുന്നതായിരിക്കും. അതിന്റെ ശോഭക്ക് മാറ്റമുണ്ടാവുകയില്ല. **എന്റെ** മക്കളേ **എന്റെ** മണവാട്ടി സൗന്ദര്യത്തിന്റെ പൂർണ്ണതയായിരിക്കും. കാണുന്നതു തന്നെ ചേതോഹരമായ കാഴ്ചയാണ്. അതിനായി കാംക്ഷിച്ച്, അതിന് പുറകേ ഇറങ്ങി തിരിച്ചവരുടെ എണ്ണം വളരെ പരിമിതമാണ്. ഈ നിസ്സംഗത **എന്നെ** എല്ലാ അർത്ഥത്തിലും ദുഃഖിപ്പിക്കുന്നു. ഞാൻ മുറിവേറ്റതും, പുറം ഉഴവുചാൽ പോലെ കീറാൻ അനുവദിച്ചതുകൊടുത്തതും, നഗരത്തിന് പുറത്ത് നിന്ദ്യവും, നികൃഷ്ടവുമായ മരണത്തെ **ഞാൻ** ആസ്വദിച്ചതും മുഴുമാനവകുലത്തിന്റേയും രക്ഷക്കുവേണ്ടിയായിരുന്നു. പക്ഷേ ഇന്നിപ്പോൾ ഈ വലിയ രക്ഷ വളരെ കുറച്ചാളുകൾക്കേ ആവശ്യമുള്ളു. ഒരു ചെറിയ ശേഷിപ്പു മാത്രമേ ഈ രക്ഷ ഏറ്റെടുത്ത്; ജീവിതത്തെ **എന്റെ** മുമ്പാകെ സമ്പൂർണ്ണമായി സമർപ്പിക്കുന്നുള്ളു.

മക്കളേ; നഷ്ടപ്പെട്ട് പോകുന്നവരുടെ ഗണത്തിൽ ഉൾപ്പെട്ടു കൊണ്ട് അതിലൊരാളായി നിങ്ങൾ മാറരുത്. നിങ്ങൾ ഉണർന്ന് സുബോധം പ്രാപിക്കുക.

വിടർത്തി പിടിച്ച ഇരുകരങ്ങളുമായി, ഉപാധികളൊന്നും കൂടാതെ **എന്നെ** അനുഗമിക്കുക. കാത്തു കാത്തിരിക്കുന്ന **എന്റെ** കരവലയത്തിനകത്തേക്ക് ഓടികയറിയാട്ടെ.

ഈ സമയം വളരെ പെട്ടെന്ന് കൊഴിഞ്ഞു പോകും. മഹാപീഡനത്തിന്റേയും, നെറികേടിന്റേയും കാലഘട്ടത്തിന്റെ തുടക്കം നിങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണല്ലോ. ഇനിയും മയങ്ങി കിടക്കാതെ ഉറക്കം വിട്ടെഴുന്നേൽക്കുക. നിങ്ങളുടെ വിളക്ക് നിറയ്ക്കുക. അത് നിറച്ചില്ലെങ്കിൽ നിങ്ങൾക്ക് വരാൻ കഴിയില്ല.

മത്തായി 25:4 **"ബുദ്ധിയുള്ളവരോ വിളക്കോടു കൂടെ പാത്രത്തിൽ എണ്ണയും എടുത്തു".**

വന്ന് **എന്റെ പരിശുദ്ധആത്മാവിനെ** അതിന്റെ എല്ലാ പൂർണ്ണതയിലും പ്രാപിക്കുവിൻ. ആത്മാവ് **ഞാനുമായുള്ള** ഒരു പിരിയാബന്ധത്തിലേക്ക് നിങ്ങളെ കൊണ്ടു ചെന്നെത്തിക്കും. **എന്റെ** രക്തത്താൽ **എനിക്ക്** നിങ്ങളെ കഴുകി ശുദ്ധീകരിക്കുവാൻ കഴിയും. നിങ്ങളുടെ ജീവവസ്ത്രത്തിൻമേൽ പറ്റിപിടിച്ച സകല കറകളേയും നീക്കി നിങ്ങളെ ശുദ്ധരാക്കുവാൻ **എനിക്ക്** കഴിയും. **എന്റെ** രാജ്യത്തിന് കൊള്ളാകുന്ന മക്കളാക്കി നിങ്ങളെ മാറ്റിയെടുക്കുവാൻ കഴിയും. വാട്ടവും, കറയുമില്ലാതെയിരിക്കുവാൻ കഴിയുന്നത് ഇങ്ങനെ മാത്രമാണ്. കളങ്കവും, മാലിന്യവും ഏശാതെ മനോഹരിയായ മണവാട്ടിയായി **എന്റെ** സഭ തീരുന്നത് ഇങ്ങനെയാണ്.

എഫേസ്യർ 5:25-27 **"ഭർത്താക്കന്മാരെ ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ. അവിടന്ന് അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനും കറ, ചുളുക്കം മുതലായത് ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും, നിഷ്കളങ്കയുമായി തനിക്ക് തന്നെ തേജസ്സോടെ മുൻനിറുത്തേണ്ടതിനും തന്നെത്താൻ അവൾക്ക് വേണ്ടി ഏൽപ്പിച്ചുകൊടുത്തു."**

സ്വാതന്ത്ര്യവും, അനന്തമായ ജീവനും പരിലസിക്കുന്ന ആ മനോഹരദേശത്തേക്ക് നിങ്ങളെ കൊണ്ടുവരാൻ ഞാൻ ആശിക്കുന്നു. പൂർണ്ണസമർപ്പണത്തോടെ **എന്റെ** പിറകെ വന്നാൽ; നിങ്ങളെ ഞാൻ അതിന് യോഗ്യതയുള്ളവരാക്കി തീർക്കും. സമയം കടന്നു പോയ്കൊണ്ടിരിക്കുന്നു.

തീരുമാനം എടുത്തുകൊള്ളുക. നിങ്ങൾ ഇപ്പോഴും മടിച്ചു നിൽക്കുകയാണോ, അതോ സ്വാതന്ത്ര്യത്തിലേക്കും, സ്വസ്ഥതയിലേക്കും വരാൻ തീരുമാനിച്ചുവോ? കുഞ്ഞുങ്ങളേ തീരുമാനമെടുക്കുക. നിങ്ങൾ ഒരുങ്ങണമെന്ന് ഞാൻ ആശിക്കുന്നു. ആശിക്കുന്നുവെന്ന് പറഞ്ഞാൽ യഥാർത്ഥമായി തന്നെ ആഗ്രഹിക്കുന്നു.

എന്റെ സ്നേഹം നിങ്ങൾക്കായി കാത്തിരിക്കുന്നു. നിങ്ങളുടെ രാജാവായ **യാഹ്ഷുവാ.**

ഒരു വോയ്സ് ഓഫ് ഗോസ്പൽ പ്രസിദ്ധീകരണം.

# പാഠം 23
# ഘടികാരം ഏതാണ്ട് അർദ്ധരാത്രിയോട് അടുക്കുന്നു

നമുക്ക് വീണ്ടും തുടങ്ങാം. കുഞ്ഞുങ്ങളെ നിങ്ങളുടെ **കർത്താവാണ്** അരുളിചെയ്യുന്നത്. ഒട്ടനവധി കാര്യങ്ങൾ എനിക്ക് പങ്കുവെക്കേണ്ടതായിട്ടുണ്ട്.

സമയം വൈകിപോയിരിക്കുന്നു. കുഞ്ഞുങ്ങളെ സമയം അതിന്റെ കടശ്ശിയിലേക്ക് കൂപ്പുകുത്തികൊണ്ടിരിക്കുന്നു. ഘടികാരം ശീഘ്രഗതിയിൽ മുമ്പോട്ട് ഗമിച്ചുകൊണ്ടിരിക്കുന്നു. അത് ഏറെകുറെ അർദ്ധരാത്രിയോടടുത്തിരിക്കുന്നു. കാലത്തിന്റെ ഘടികാരത്തിൽ ഇനി രണ്ട് നിമിഷമേ അവശേഷിക്കുന്നുള്ളു.

ഇതിനർത്ഥം ഒരുങ്ങാൻ ഇനിയും സമയമില്ല. നിങ്ങളുടെ ഹൃദയങ്ങളെ ഒരുക്കി പാകപ്പെടുത്തേണ്ടതിന്റെ അനിവാര്യതയാണ് ഞാൻ ഊന്നിപറയുന്നത്. **എന്റെ** മടങ്ങി വരവിലേക്ക് സമയവും, സാഹചര്യവും പരുവപ്പെട്ട് കൊണ്ടിരിക്കുകയാണ്. സ്വേച്ഛാധിപതിയുടെ ഏകാധിപത്യത്തിൽ നിന്നും, അതിനെ തുടർന്ന് ഭൂമി സാക്ഷ്യം വഹിക്കുവാൻ പോകുന്ന കൊടുംക്രൂരതയിൽ നിന്നും **എന്റെ** പ്രാണപ്രിയയെ വലിച്ചെടുത്ത് രക്ഷിക്കേണ്ടതിനു വേണ്ടിയുള്ള **എന്റെ** മടങ്ങിവരവിന് ആക്കം കൂടികൊണ്ടിരിക്കുകയാണ്. വരാനിരിക്കുന്ന അതിദാരുണമായ ക്രൂരകൃത്യങ്ങൾക്ക് **എന്റെ സഭ** സാക്ഷ്യം വഹിക്കുകയില്ല. അവളുടെ മുമ്പിലുള്ള വരാൻ പോകുന്ന ഇരുണ്ട കാലഘട്ടത്തിന്റെ ഭീകരതയെകുറിച്ച് **ഞാൻ** അവളെ ബോധവതിയാക്കും. വരാൻ പോകുന്ന മഹാഉപദ്രവത്തിൽ നിന്ന് അവൾ തെറ്റിയൊഴിയും.

**എന്റെ** കാന്തയോ അവൾ അതിസുന്ദരിയാണ്. **എനിക്കായ്** ഒരുങ്ങി കാത്തിരിക്കുന്നവൾ. അവളുടെ **രാജാവിനുവേണ്ടി** അവളുടെ **രാജകീയ മണവാളനുവേണ്ടി.**

ഉത്തമഗീതം 4:9. **"എന്റെ സഹോദരി, എന്റെ കാന്തേ നീ എന്റെ ഹൃദയത്തെ അപഹരിച്ചിരിക്കുന്നു. നിന്റെ ഒരു നോട്ടം കൊണ്ടും, നിന്റെ കഴുത്തിൽ കിടക്കുന്ന മാലയിലെ ഒരു രത്നം കൊണ്ടും നീ എന്റെ ഹൃദയത്തെ അപഹരിച്ചിരിക്കുന്നു".**

അവർ ഒരുങ്ങിയവരാണ്. തങ്ങളെ തന്നെ സ്വയം ഒരുക്കിയവ രാണ്. കുറവ് തീർന്ന് തികവുള്ളവരാകേണ്ടതിന് **എന്റെ** രക്തം കൊണ്ട് കഴുകൽ പ്രാപിച്ചവരാണ്.

**എന്റെ** വചനത്താൽ അവർ ശുദ്ധീകരിക്കപ്പെട്ടവരാണ്. അവർ പ്രതീക്ഷയോടെ **എനിക്കുവേണ്ടി** കാത്തിരിക്കുന്നവരാണ്. ദിവ സേന അവർ നോക്കുന്നത് **എന്നെ** മാത്രമാണ്. അവരുടെ സകല ശ്രദ്ധയും പതിപ്പിച്ചിരിക്കുന്നതും, ദൃഷ്ടി വച്ചിരിക്കുന്നതും **എന്നി ലാണ്**. ഞങ്ങൾ അന്യോന്യം സ്നേഹോഷ്മളതയുടെ നറുകണ ങ്ങൾ കൈമാറുന്നു. **ഞങ്ങൾക്ക്** പരസ്പരം നന്നായി അറിയാം. ലോകത്തിന്റെ ഇമ്പങ്ങളെ ചപ്പെന്നും, ചവറെന്നുമെണ്ണി തങ്ങളുടെ ജീവിതം **എന്റെ** മുമ്പാകെ കാണിക്കയായി അർപ്പണം ചെയ്തവ രാണവർ. **എനിക്കുവേണ്ടി** മാത്രം വിൽക്കപ്പെട്ടവരാണവർ. അവർ നോക്കുന്നത് **എന്റെ** മുഖത്തേക്കാണ്. അവർ ചെവി ചായ്ക്കുന്നത് **എന്റെ** ശബ്ദത്തിനു വേണ്ടിയാണ്. ലോകത്തിന്റെ ശബ്ദാരവങ്ങ ളുടെ ബാഹുല്യത്തിന്റെ നടുവിലും അവർ **എന്റെ** ശബ്ദം കൃത്യ മായി വേർതിരിച്ചറിയുന്നു. ഞാൻ അരുളി ചെയ്യുന്നു. അവർ അനു ഗമിക്കുന്നു. **എന്റെ** പിറകെ അവർ പ്രയാണം തുടർന്നുകൊണ്ടേ യിരിക്കുന്നു.

യോഹന്നാൻ 15:19 **"നിങ്ങൾ ലോകത്തിന്റേത് ആയിരുന്നു വെങ്കിൽ ലോകം അതിന് സ്വന്തമായതിനെ സ്നേഹിക്കുമായി രുന്നു. എന്നാൽ നിങ്ങൾ ലോകത്തിന്റേത് ആകാത്തവിധം ഞാൻ നിങ്ങളെ ലോകത്തിൽ നിന്ന് തെരഞ്ഞെടുത്തിരിക്കുന്നതുകൊണ്ട് ലോകം നിങ്ങളെ പകയ്ക്കുന്നു".**

അവർ **എന്റെ** ദൃഷ്ടിയിൽ മാന്യരും, വിലയേറിയവരുമാണ്. ഞാൻ അവരെ മേയിക്കും, അവർ **എന്നെ** പിന്തുടരും. **എന്റെ**

വെളിച്ചത്തെ തങ്ങളുടെ ജീവിതസ്ഥടികത്തിലൂടെ അവർ ലോകത്തിന് പ്രതിബിംബിപ്പിക്കും. മാഞ്ഞുകൊണ്ടിരിക്കുന്ന, മറഞ്ഞുകൊണ്ടിരിക്കുന്ന ലോകത്തിന്റെ മുമ്പാകെ **എന്റെ** സ്വരൂപമായി അവർ ഉയർന്നുനിൽക്കും.

താമസംവിനാ ഈ മനോഹരവെളിച്ചം ലോകത്തിൽ നിന്ന് മറയപ്പെടും. തൽസ്ഥാനത്ത് കണ്ണിൽ കുത്തുന്ന കൂരിരുട്ട് ഇടം പിടിക്കും. നിഴലുകൾ നീങ്ങി വന്ന് ലോകത്തിന്റെ നിയന്ത്രണമേറ്റെടുക്കും. അന്ധകാരം ഭൂമിക്ക് ആടയാഭരണമായി മാറും. നാലു ദിക്കുകളിലും കൂരിരുട്ട് കൂടാരമടിക്കും. എല്ലാ അർത്ഥത്തിലും ഇരുട്ടിന്റെ നാളുകൾ.

അഭിശപ്തമായ ആ അന്ധകാരത്തിന്റെ ആവനാഴിയിൽ നിങ്ങൾ അകപ്പെട്ടു പോകരുത്. പൂർണ്ണവിധേയത്വത്തോടെയാണെങ്കിൽ നിങ്ങൾക്ക് **എന്നെ** പിൻപറ്റാം. നിങ്ങളെ ഞാൻ **എന്നോട്** ചേർത്ത് പിടിക്കും. മുറ്റും നിങ്ങളെ സൂക്ഷിക്കും. സുരക്ഷിതതീരത്തോട് ഞാൻ നിങ്ങളെ കൈപിടിച്ച് നടത്തും. **എന്റെ** മധുര മനോജ്ഞയായ മണവാട്ടിയെ കൂട്ടികൊണ്ടുപോകുവാനായി ഞാൻ മടങ്ങി വരുമ്പോൾ അക്കൂട്ടത്തിൽ നിങ്ങളേയും ഞാൻ ചേർത്തുകൊള്ളും. അവൾ ഒരുങ്ങി കാത്തിരിക്കുന്നു. ആസന്നഭാവിയിൽ ഭൂമിയിൽ സംഭവിക്കുവാൻ പോകുന്ന അന്ധകാരത്തിൽ അകപ്പെട്ടു പോകാതെ ഞാനവളെ കാത്തുസൂക്ഷിക്കും.

കുഞ്ഞുങ്ങളെ ഏറെ കുറെ **എന്റെ** മടങ്ങിവരവിന്റെ സമയം അടുത്തിരിക്കുന്നു. അല്പസമയം മാത്രമേ അവശേഷിക്കുന്നുള്ളു. നീ ഒരുങ്ങി കാത്തിരിക്കണം. അവശേഷിക്കുന്നത് അല്പനാഴിക മാത്രമാണെന്ന് വിസ്മരിക്കരുത്. ലോകത്തിന്റെ വസ്തുവഹകൾക്ക് വേണ്ടി, ബാലിശമായ കാര്യങ്ങൾക്ക് പിറകെ നടന്ന് ഉള്ള ഈ അല്പ സമയം കൂടെ പാഴാക്കരുത്. സ്വയം ഒരുങ്ങാനുള്ള സമയം നിങ്ങൾ കണ്ടെത്തിയേ മതിയാകൂ.

പൂർണ്ണഹൃദയത്തോടെ **എന്റെ** പിറകെ ഇറങ്ങി പുറപ്പെടുക. വന്നു ചേർന്ന സകല പാപങ്ങളേയും പ്രതി പശ്ചാത്തപിക്കുക.

പാപപങ്കിലമായ നിങ്ങളുടെ ഹൃദയാന്തർഭാഗത്തുനിന്ന് ഉയർന്നു വരുന്ന തീർത്തും നിഷ്കളങ്കവും, നിർമ്മലവുമായ ഏറ്റുപറച്ചിൽ എനിക്ക് കേൾക്കണം. മനുഷ്യന്റെ ഹൃദയം വഞ്ചന നിറഞ്ഞതാണ്. മനുഷ്യന്റെ ഹൃദയത്തിന്റെ ഉള്ളറകളിൽ കുമിഞ്ഞുകൂടി കിടക്കുന്നത് എന്താണെന്ന് വ്യക്തമായി കാണുവാൻ **എനിക്ക്** മാത്രമേ കഴിയുകയുള്ളൂ. മനുഷ്യന്റെ കാഴ്ചക്ക് മറഞ്ഞിരിക്കുന്ന സകല മാരക മാലിന്യങ്ങളും എന്റെ മുമ്പിൽ നഗ്നവും, മലർന്നതുമായി കിടക്കുന്നു.

യിരമ്യാവ് 17:9 **"ഹൃദയം എല്ലാറ്റിനേക്കാളും കാപട്യവും, ദുഷ്ടതയും ഉള്ളത്. അത് ആരാഞ്ഞറിയുന്നവൻ ആരുണ്ട്".**

നിന്റെ ഹൃദയത്തെ **ഞാൻ** ശുദ്ധീകരിക്കും. **ഞാനതിനെ** കഴുകി വെടിപ്പാകും. നിങ്ങളുടെ പ്രാണനെ **ഞാൻ** ശുദ്ധീകരിക്കും. **എന്റെ** മുമ്പാകെ നിൽക്കുവാൻ ഞാൻ നിങ്ങളെ പ്രാപ്തരാക്കും. **എന്നെ** കൊണ്ട് മാത്രമേ അതിന് കഴിയുകയുള്ളു. മക്കളേ; **ഞാൻ** മാത്രമേ അതിന് പ്രാപ്തനായിട്ടുള്ളു.

**എന്റെ** രക്തത്തിന്റെ മറുവിലയെന്നവണ്ണം നിങ്ങളുടെ പാപങ്ങളിൽ നിന്നും, അകൃത്യങ്ങളിൽ നിന്ന് വിടുവിച്ച് വിശുദ്ധീകരിക്കുവാനുള്ള അധികാരം **എനിക്കു** മാത്രമേയുള്ളൂ. നിങ്ങളെ നന്നായി കഴുകി കറകൾ കളഞ്ഞ് വെള്ളയുടുപ്പ് ധരിപ്പിക്കുക എന്നതാണ് **എന്റെ** ആഗ്രഹം.

പ്രവർത്തികൾ 22:16 **"ഇനി താമസിക്കുന്നത് എന്ത്. എഴുന്നേറ്റ് അവിടത്തെ നാമം വിളിച്ചപേക്ഷിച്ച് സ്നാനമേറ്റ് നിന്റെ പാപങ്ങളെ കഴുകി കളക എന്നുപറഞ്ഞു".**

മക്കളേ, **എന്റെ** മക്കളേ വിനയാന്വിതമായ പശ്ചാത്താപത്തോടെ എന്നരികിലേക്ക് നിങ്ങൾ വരുന്നത് ഞാൻ കാത്തിരിക്കുന്നു. ഹൃദയ നുറുക്കമുള്ള മാനസാന്തരമാണ് ആവശ്യം. **എന്റെ** വെളിച്ചത്തിലേക്ക് കാലെടുത്തുവച്ചാട്ടെ. **എന്റെ** രക്ഷ ഏറ്റുവാങ്ങിയാട്ടെ. **എന്റെ** രക്തം കൊടുത്ത് ഞാൻ വാങ്ങിച്ച രക്ഷ. ഞാൻ നിങ്ങളെ വൃത്തിയാക്കി ഒരുക്കിയെടുക്കട്ടെ. നിങ്ങൾക്കുവേണ്ടി ഇത് നിർവ്വഹിക്കുവാൻ

**എന്നെ** കൊണ്ട് മാത്രമേ കഴിയുകയുള്ളു. **എന്റെ** പാദാന്തികെ നിന്റെ ജീവിതം സമർപ്പിച്ചാട്ടെ. അല്പം പോലും മിച്ചം പിടിച്ചുവെക്കാതെ പൂർണ്ണമായും **എനിക്ക്** തരിക. ഭ്രമിച്ചു പോകരുത്. ലോകം തകർച്ച യുടെ വക്കിലാണ്. നിനക്ക് തരാൻ ഒരു മറുപടിയും ലോകത്തിന്റെ കയ്യിലില്ല. സത്യം ലോകത്തെ തൊട്ടുതീണ്ടിയിട്ടില്ല. ഈ ലോകത്തെ വിശ്വസിക്കുവാൻ കൊള്ളാവുന്നതല്ല. ഞാൻ മാത്രമാണ് ഉറപ്പുള്ള **പാറ**. നിങ്ങളുടെ ജീവിതത്തെ വിശ്വസിച്ചേല്പിക്കാവുന്നത് **എന്നിൽ** മാത്രമാണ്.

നിങ്ങളുടെ ജീവിതം പൂർണ്ണമായും **എനിക്കായ്** സമർപ്പിക്കുക. ഒരുവേള അതിന്റെ അർത്ഥം എന്താണെന്ന് അറിയില്ലെങ്കിൽ പോലും പൂർണ്ണമായും അടിയറവെക്കുക.

നിന്നെ **എനിക്ക്** തരിക, ഞാൻ നിങ്ങളെ പുലർത്തികൊള്ളും. **എന്റെ** സ്വന്തം വിലയേറിയ സമ്പത്തായി ഞാൻ നിങ്ങളെ മാറ്റും. **എന്റെ** സ്നേഹത്താൽ ഞാൻ നിങ്ങളെ നിറയ്ക്കും. **എന്റെ ആത്മാ വിനാൽ** ഞാൻ നിങ്ങളെ മൂടും. **എന്റെ** സമാധാനത്താൽ ഞാൻ നിങ്ങളെ തൃപ്തിവരുത്തും. വരുന്ന അനർത്ഥങ്ങളൊന്നും നിങ്ങളെ അലോസരപ്പെടുത്തുകയില്ല. കാരണം സകല ബുദ്ധിയേയും കവച്ചു വയ്ക്കുന്ന **എന്റെ** സമാധാനം നിങ്ങൾക്ക് പലകയും, പരിചയുമാ യിരിക്കും. നിന്റെ ബുദ്ധികൊണ്ട് ഗ്രഹിക്കാൻ കഴിയാതവണ്ണം ഈ സമാധാനം അത്രകണ്ട് അപാരമായിരിക്കും. പ്രകൃത്യാതീതമായ; അനിർവ്വചനീയമായ അനുഭൂതി വിശേഷമായിരിക്കും ആ സമാ ധാനം. **ദൈവത്തിങ്കൽ** നിന്നും, പരിശുദ്ധ **ദൈവത്തിങ്കൽ** നിന്നും മാത്രം ഉരുവാകുന്ന ഒന്നാണ് ഈ സമാധാനം. ഇത് നിത്യതയോളം നിങ്ങളെ അകമ്പടി സേവിക്കും. ഈ സമാധാനം തരുവാൻ **എനിക്ക്** കഴിയും; ആരാലും മറികടക്കുവാൻ കഴിയാത്ത അതുല്യമായ, അനുഗ്രഹിക്കപ്പെട്ട സമാധാനം.

**എന്നിലുള്ള** വിശ്വാസത്തെ ഉച്ചൈസ്ഥരം ഉദ്ഘോഷിക്കേണ്ടുന്ന നാഴികയാകുന്നു ഇത്. **എന്നെ** തിരഞ്ഞെടുക്കേണ്ടുന്ന സമയമാ കുന്നു ഇത്. നിങ്ങൾ **എന്നെ** തിരഞ്ഞെടുക്കുന്നില്ലായെങ്കിൽ;

അതിനർത്ഥം നിങ്ങളുടെ തിരഞ്ഞെടുപ്പിന്റെ ചൂണ്ടുവിരൽ നീണ്ടു ചെല്ലുന്നത് **എന്റെ** ശത്രുപാളയത്തിലേക്കാണ്. തിരഞ്ഞെടുപ്പിന്റെ സാധ്യതകൾ രണ്ടേയുള്ളു. രണ്ടു മാത്രം. ഒന്നുകിൽ **എന്നോട്** ചേർന്നു നിൽക്കുക; അല്ലെങ്കിൽ **എനിക്ക്** പുറം തിരിഞ്ഞ് നിൽക്കുക. ഇതിനെ കവിഞ്ഞൊരു മൂന്നാം ചേരിയില്ല. ഒരിക്കലും കബളിപ്പിക്കപ്പെടരുത്. നിങ്ങൾ ഇപ്പോഴും മറുത്ത് മത്സരിക്കുന്നവരാണെങ്കിൽ നിങ്ങൾ ഒരുകാലത്തും **എനിക്കുള്ളവരല്ല. എനിക്ക്** ആവശ്യം സമ്പൂർണ്ണസമർപ്പണമാണ്.

സമ്പൂർണ്ണമായ, സ്വയം താഴ്ത്തികൊണ്ടുള്ള അനുതാപത്തോടെ **എങ്കലേക്ക്** വരിക. എങ്കിൽ കിഴക്ക് പടിഞ്ഞാറിനോട് എത്രത്തോളം അകന്നിരിക്കുന്നുവോ, അതേ അളവിൽ നിങ്ങളിൽ നിന്ന് ഞാൻ പാപത്തെ പിഴുതുകളയും. പിന്നീടവയെ ഞാൻ നോക്കുക പോലുമില്ല. **എന്നിലുള്ള** പൂർണ്ണതയിലേക്ക് ഞാൻ നിങ്ങളെ നടത്തും. നാം തമ്മിൽ മധുര സമ്പർക്കത്തിൽ ഏർപ്പെടും. അന്നാളിൽ നിങ്ങൾ വാസ്തവമായി **നിങ്ങളുടെ ദൈവമായ എന്നെ** മറപൊരുളില്ലാതെ അടുത്തറിയും. നമുക്കിടയിലുള്ള അത്തരത്തിലുള്ള അതിവൈകാരീകമായ തീവ്രതയേറിയ "അറിവാണ്" ഞാൻ ആഗ്രഹിക്കുന്നത്.

സങ്കീർത്തനം 103:2 **"കിഴക്കും, പടിഞ്ഞാറും തമ്മിൽ എത്ര മാത്രം അകന്നിരിക്കുന്നുവോ; അതുപോലെ അവിടന്ന് നമ്മുടെ ലംഘനങ്ങളെ നമ്മിൽ നിന്ന് അകറ്റിയിരിക്കുന്നു".**

അതുകൊണ്ട് വരൂ; വന്ന് **എന്നെ** രുചിച്ചറിയൂ. **ഞാൻ** അറിഞ്ഞിരിക്കാൻ യോഗ്യനാണ്. അറിവിന്റേയും, സമാധാനത്തിന്റേയും തട്ടകത്തിലേക്ക് ഞാൻ നിങ്ങളെ ആനയിക്കും. **എന്റെ ആത്മാവ്** നേരായ വഴികളിലേക്ക് നിങ്ങളെ നയിക്കും. സത്യത്തിന് അഭിമുഖമായി നിങ്ങളെ നിർത്തും. ജീവിതത്തിന്റെ ഭാഗധേയത്തെ അപ്പാടെ മാറ്റി മറിക്കുന്ന ആത്യന്തീകസത്യത്തിന് അഭിമുഖമായി നിങ്ങളെ അണിനിർത്തും. നിങ്ങൾ ജീവിക്കുന്ന കാലത്തേയും, കാലാംശത്തേയും കുറിച്ച് **അവൻ** വ്യക്തമായ ധാരണ നിങ്ങൾക്ക് പകർന്നു

തരും. മുമ്പെന്നത്തേക്കാളുമുപരിയായി സത്യത്തിനു മുമ്പാകെ നിങ്ങൾ തുറന്നു കാണിക്കപ്പെടും. നിങ്ങളുടെ കൃത്യമായ അവസ്ഥ ബോധ്യപ്പെടുമ്പോൾ നിങ്ങൾ രക്ഷിക്കപ്പെടും. **എന്റെ** രാജ്യത്തിലെ അംഗത്വം നിങ്ങൾ ഉറപ്പു വരുത്തും.

നിങ്ങളിലേക്ക് പകർന്നൊഴിക്കുവാൻ ഞാൻ വാഞ്ഛിക്കുന്നത് ഇതാണ്.

നിങ്ങളുടെ ദൈവത്തെ ആരാഞ്ഞ് അടുത്തറിയുവാൻ ആവലോടെ കടന്നുവരൂ. ഈ ജീവയാത്ര **നമുക്ക്** കൈകോർത്ത് നടക്കാം. ഈ ലോകത്തിന്റെ മാലിന്യങ്ങളിൽ നിന്ന് **ഞാൻ** നിങ്ങളെ പുറത്തേക്ക് നയിക്കും. സമയം ഊർന്ന് പൊയ്കൊണ്ടിരിക്കുന്നു. കാലം തികഞ്ഞിരിക്കുന്നു. **എന്നെ** തിരഞ്ഞെടുക്കൂ.

ഞാൻ നിങ്ങളുടെ **കർത്താവും, രക്ഷകനും, എളിമയുള്ളവനും, രാജാവുമായ യാഹ്ഷുവാ.**

ഒരു വോയ്സ് ഓഫ് ഗോസ്പൽ പ്രസിദ്ധീകരണം.

# പാഠം 24
# തമ്മിൽ തമ്മിൽ പോരടി നിർത്തൂ

മക്കളേ; നമുക്കാരംഭിക്കാം. പുതിയതായി ചില കാര്യങ്ങൾ നിങ്ങളോട് പറയാനുണ്ട്.

കാര്യങ്ങളെല്ലാം ഇപ്പോൾ കാണുന്ന പോലെയായിരിക്കുകയില്ല. നിങ്ങൾ അറിഞ്ഞതുപോലെ കാര്യങ്ങൾ എല്ലാം അതിന്റെ അവസാനത്തോടടുക്കുകയാണ്. കുഞ്ഞുങ്ങളെ സംഭവങ്ങളെല്ലാം ഇരുട്ടിലേക്ക് കൂപ്പുകുത്തികൊണ്ടിരിക്കുകയാണ്. ഒന്നൊഴിയാതെ എല്ലാം ഇരുട്ടിന്റെ അധീനതയിൽ ആകുവാൻ പോവുകയാണ്. വളരെ പെട്ടെന്നായിരിക്കും അത്യന്തം നാടകീയമായി ജീവിതത്തിന്റെ താളഗതിക്ക് മാറ്റം സംഭവിക്കുന്നത്. അന്നാളിൽ ഒരു മടങ്ങിവരവിനോ, ഒരു സ്വയം തിരുത്തലിനോ അവസരം ലഭിക്കാതവണ്ണം കാര്യങ്ങൾ അങ്ങേയറ്റം ശോചനീയമായിരിക്കും.

ഞാൻ നിങ്ങൾക്ക് തരുന്ന **എന്റെ** അപായസൂചനയാണിത്. വളരെ കടുത്ത മുന്നറിയിപ്പുകൾ ഞാൻ തന്നീട്ടുണ്ട്. ചുരുക്കം പേർ മാത്രമേ അത് മുഖവിലക്കെടുക്കുന്നുള്ളു. വളരെ കുറച്ചാളുകൾ മാത്രമേ അക്കാര്യങ്ങൾക്ക് ശ്രദ്ധ ചെലുത്തുന്നുള്ളു. ഗൗരവത്തോടെ കേൾക്കുന്നവർ വിരലിലെണ്ണാവുന്നവർ മാത്രമേയുള്ളു.

എന്തുകൊണ്ടാണ് **എന്റെ** മക്കൾ ഇക്കാര്യങ്ങളൊക്കെ ശ്രദ്ധിച്ച് കേൾക്കാത്തത്? അവർ അവരുടെ ഇംഗീതത്തിനനുസരിച്ച് സ്വന്തം വാക്കുകൾക്കാണ് പ്രാമുഖ്യം കൊടുക്കുന്നത്; അല്ലാതെ **എന്റെ** വചനത്തിനല്ല. **എന്റെ** ചിന്തകളല്ല അവർക്ക് പ്രാമുഖ്യം. **എന്റെ** മുന്നറിയിപ്പുകളെ അവർ തൃണവൽഗണിക്കുന്നു. ഇത് അത്യന്തം ഗൗരവാവഹമാണ്. മക്കളേ ഞാൻ ഈ മുന്നറിയിപ്പുകളൊക്കെ തരുന്നത് **എനിക്ക്** എന്തെങ്കിലും പ്രയോജനം ലഭിക്കേണ്ടതിനല്ല; മറിച്ച് നിങ്ങളുടെ നന്മക്കാണ്. എന്താണ് സംഭവിക്കുവാൻ പോകുന്നതെന്ന

തിനെ കുറിച്ച് **എനിക്ക്** കൃത്യമായ ധാരണയുണ്ട്. നിങ്ങളും ആ ബോദ്ധ്യം പ്രാപിക്കണം എന്നാണ് ഞാൻ ആഗ്രഹിക്കുന്നത്.

മത്തായി. 6:24 **"രണ്ട് യജമാനന്മാരെ സേവിക്കുവാൻ ആർക്കും കഴിയുകയില്ല. അങ്ങനെ ചെയ്താൽ ഒരുത്തനെ പകച്ച് മറ്റവനെ സ്നേഹിക്കും; അല്ലെങ്കിൽ ഒരുത്തനോട് പറ്റിചേർന്ന് മറ്റവനെ നിരസിക്കും. നിങ്ങൾക്കു ദൈവത്തേയും, മാമ്മോനേയും സേവി ക്കുവാൻ കഴിയുകയില്ല".**

കുഞ്ഞുങ്ങളെ, നിങ്ങൾ അന്ധകാരത്തിന് അടിമപ്പെട്ട് ജീവി ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നിങ്ങൾ സത്യത്തിലേക്ക് ഉണർന്നെഴുന്നേൽക്കണമെന്ന് ഞാൻ ആശിക്കുന്നു, സംഭവിക്കുവാൻ പോകുന്ന ഭീകര യാഥാർത്ഥ്യത്തെ കുറിച്ച് നിങ്ങൾ അറിവില്ലാത്ത വരായിരിക്കരുതെന്ന് എനിക്ക് നിർബന്ധമുണ്ട്. ഇനിയും ഉറങ്ങി സമയം പാഴാക്കാതെ എഴുന്നേൽക്കു. വരാൻ പോകുന്ന ദോഷത്തെ മണത്തറിയു. നിങ്ങളിൽ തന്നെ നിങ്ങൾക്കത് അനുഭവപ്പെടും. എല്ലാം ദോഷത്തെ ലാക്കാക്കി പായുകയാണ്. വിശുദ്ധിയെ പുൽകാൻ ആർക്കും മനസ്സില്ല. എല്ലാം വഴിപിഴച്ച അവസ്ഥയിലേക്ക് തെന്നി മാറുന്നു.

യെശയ്യാവ് 53:6 **"നാം എല്ലാവരും ആടുകളെപ്പോലെ തെറ്റി പോയിരുന്നു. നാം ഓരോരുത്തനും താന്താന്റെ വഴിക്ക് തിരിഞ്ഞി രുന്നു. എന്നാൽ യഹോവ നമ്മുടെ എല്ലാവരുടേയും അകൃത്യം അവന്റെ മേൽ ചുമത്തി".**

**എന്റെ** മാധുര്യമേറുന്ന മണവാട്ടി മാത്രമേ വിശ്വസ്തയായി നില കൊള്ളുകയുള്ളു. ഇടവിടാതെ **എന്നിൽ** മാത്രം ദൃഷ്ടി പതിപ്പിച്ചി രിക്കുന്നത് അവൾ മാത്രമായിരിക്കും. **ഞാനു**മായി ഗാഢബന്ധത്തിൽ അമർന്നിരിക്കുവാൻ അവൾക്ക് മാത്രമേ കഴിയു. ഓരോ ചുവടിലും **എന്നെ** പിൻപറ്റുന്നത് അവൾ മാത്രമായിരിക്കും. ഇതാണ് **എന്റെ മണവാട്ടി,** ഇതാണ് **എന്റെ** സഭ, ഇതാണ് **എന്റെ** സത്യസഭ.

തമ്മിൽ തമ്മിലുള്ള വക്കാണം അവസാനിപ്പിക്കു. നിങ്ങൾ നിങ്ങളെതന്നെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. **എന്റെ വചനത്തെ**

പ്രതിയുള്ള വാഗ്വാദങ്ങൾ അവസാനിപ്പിക്കു. ഇത് പരസ്പരം പോരടിക്കാനുള്ള സമയമല്ല. നിങ്ങളുടെ കൂട്ടുസഹോദരനോടും, സഹസഹോദരിയോടും വാദപ്രതിവാദത്തിലേർപ്പെടാനുള്ള സമയമല്ലിത്. ശത്രു വന്ന് നിങ്ങളെ വഞ്ചിച്ചുകൊണ്ടിരിക്കുകയാണ്. അവൻ അവന്റെ നിലവാരത്തിലേക്ക് നിങ്ങളെ വലിച്ചു താഴ്ത്തുകയാണ്. ദയവ് ചെയ്ത് തമ്മിൽ തമ്മിലുള്ള നിസ്സാരതർക്കങ്ങൾ അവസാനിപ്പിച്ച്; ഇനിയും സമയം അവശേഷിക്കുന്നില്ലായെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് പരസ്പരം സ്നേഹിക്കുക.

യോഹന്നാൻ 13:34 **"നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്ന് പുതിയൊരു കല്പന ഞാൻ നിങ്ങൾക്ക് തരുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നു തന്നെ".**

തമ്മിൽ തമ്മിൽ ചെയ്ത പാപങ്ങളെ ഏറ്റുപറഞ്ഞ് പശ്ചാത്തപിക്കുവിൻ. മറ്റുള്ളവർക്ക് ശാപമല്ല; അനുഗ്രഹം ചൊരിയുന്നവരായിരിപ്പിൻ. ഇത് പോരടിക്കുവാനുള്ള സമയമല്ല. നിങ്ങളുടെ ഭിന്നതകളെല്ലാം മാറ്റിവച്ച് **എന്റെ** അടുക്കൽ വരുവിൻ.

എങ്ങനെ തമ്മിൽ തമ്മിൽ അനുഗ്രഹമായി ഒത്തൊരുമിച്ച് പോകണമെന്ന് ഞാൻ നിങ്ങൾക്ക് കാണിച്ചു തരാം. തമ്മിൽ തമ്മിൽ പോർമുഖം തുറന്നു കൊണ്ട്; ഇനിയൊരു അനുരഞ്ജനം അസാദ്ധ്യമാകുമാറ് **എന്റെ** ജനം **എന്റെ** മാർഗ്ഗം വിട്ട് ബഹുകാതം അകന്നു പോയിരിക്കുന്നു.

ഇതല്ല വഴി. ഒരിക്കലും ഇതല്ല **എന്റെ** വഴി. മക്കളേ **എങ്കലേക്ക്** തിരിഞ്ഞ് മാനസാന്തരപ്പെടുവിൻ. അതിനുശേഷം ഒത്തൊരുമിച്ച് യാത്ര തുടർന്ന് വേണ്ടുന്നതായ നീക്കുപോക്കുകൾ വരുത്തുക. പരസ്പരം പൊറുക്കുക. സമയം പാഴായി പോകുന്നു. ഈ വിഷയങ്ങളൊന്നും നിങ്ങൾക്കിടയിൽ തലയെടുപ്പോടെ നിന്നുകൊണ്ട് **എന്റെ നിത്യരക്ഷയിൽ** നിന്ന് നിങ്ങളെ നീക്കികളയുവാൻ മുഖാന്തിരമായി തീരരുത്.

നിങ്ങളെ രക്ഷിക്കണമെന്ന് **ഞാൻ** ആത്മാർത്ഥമായി ആശിക്കുന്നു. പക്ഷേ പരസ്പരം കൊമ്പുകോർക്കുന്ന എന്റെ **മക്കളെ** രക്ഷിക്കുവാൻ നിർവ്വാഹമില്ല. ഇത് കഴിയുന്ന ഒന്നല്ല. തമ്മിൽ തമ്മിൽ മറക്കാനും, പൊറുക്കാനും വിമുഖത കാണിക്കുന്നതിലൂടെ **ഞാനുമായുള്ള** അഭേദ്യമായ ബന്ധത്തെ നിങ്ങൾ അറുത്ത് മാറ്റുകയാണ്.

മത്തായി 6:14 **"നിങ്ങൾ മനുഷ്യരോട് അവരുടെ പിഴകളെ ക്ഷമിച്ചാൽ, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കും".**

അതുകൊണ്ട് പരിപൂർണ്ണമായി, അല്പം പോലും കയ്പ് മനസ്സിൽ സൂക്ഷിക്കാതെ നിരുപാധികം ക്ഷമിക്കുക. മക്കളേ ഇതാകുന്നു **എന്റെ** മാർഗ്ഗം. **പരിശുദ്ധദൈവത്തിന്റെ** ദിവ്യമായ മാർഗ്ഗം അതാണ്. നിങ്ങൾക്ക് തമ്മിൽ തമ്മിലുള്ള വേദനകളേയും, നൊമ്പരങ്ങളേയും പാടെ മറന്നുകൊണ്ട്, അനുതാപാർദ്രമായ ഹൃദയത്തോടെ **എന്റെ** അരികെ വരിക.

മത്തായി 6:15 **"നിങ്ങൾ മനുഷ്യരോട് അവരുടെ പിഴകളെ ക്ഷമിക്കാഞ്ഞാലോ നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളേയും ക്ഷമിക്കുകയില്ല".**

ഈയൊരു പാപത്തിൽ നിന്ന് നിങ്ങൾ വിമുക്തരായവരായിരിക്കണം എന്ന് ഞാൻ ഇച്ഛിക്കുന്നു. നിങ്ങളുടെ നിത്യമായ രക്ഷയെ അസാധുവാക്കി കളയുന്നതരത്തിൽ അത്രത്തോളം പരിഹരിക്കപ്പെടാൻ പറ്റാത്ത പാകത്തിൽ ഒരു പാപവുമില്ല. കുഞ്ഞുങ്ങളെ ഒരു കാര്യം ഓർത്താൽ നന്ന്. **എന്റെ** സ്നേഹം അത്രത്തോളം വലിയതും, വിസ്താരമേറിയതുമാണ്. എന്നാലും പാപത്തെ കണ്ടില്ലെന്ന് വക്കാൻ **എന്നെ** കൊണ്ടാവില്ല. അതുകൊണ്ട് ഇനിയും സമയം ദീർഘിപ്പിക്കാതെ ഇന്നുതന്നെ മാനസാന്തരപ്പെടുക. ഇന്നുതന്നെ **എന്നിലേക്ക്** തിരിയുക. ഇന്ന് തന്നെ പരസ്പരം ക്ഷമിക്കുക. ഇക്കാര്യങ്ങൾ ചെയ്യാൻ ശുഷ്കാന്തിയുള്ളവരായിരിക്കുക. ഒന്നും സംഭവിച്ചിട്ടില്ലാത്തതുപോലെ അന്യോന്യം മറന്നും, പൊറുത്തും ജീവിക്കുക. നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിന് നിങ്ങളോട് ക്ഷമി

ക്കേണ്ടതിന് ഇത്തരം കാര്യങ്ങളിൽ അതീവ ശ്രദ്ധാലുക്കളായിരിക്കുക. ഇത് വളരെ ലളിതമാണ്. എന്നാൽ ഇതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ്, ഭൂതകാലം ജീവിതത്തിൽ കോറിയിട്ട മുറിപ്പാടുകളെ വിസ്മരിച്ചു കളയുന്നവർ വളരെ വിരളമാണ്.

നിങ്ങളുടെ ഗതകാല നൊമ്പരങ്ങൾ ശാശ്വതമായി കൈകാര്യം ചെയ്യുന്ന കാര്യം **എനിക്ക്** വിട്ടുതരിക. നിങ്ങൾക്ക് ആശ്വാസം ലഭിക്കേണ്ടതിന്; നിങ്ങളുടെ വേദനകളേയും, ഇടർച്ചകളേയും **എന്റെ** ചുമലിൽ ഇട്ടുകൊള്ളുക. **എനിക്ക്** മാത്രമേ ഇക്കാര്യങ്ങൾ പൂർണ്ണതയിൽ നിവർത്തിച്ചെടുക്കുവാൻ കഴിയുകയുള്ളു. **എന്നരികിലേക്ക്** വരിക. നിങ്ങളുടെ ഭാരങ്ങളെ **ഞാൻ** ചുമന്നുകൊള്ളാം. **എനിക്കതിന്** സന്തോഷമേയുള്ളു.

നിങ്ങളുടെ ജീവിതത്തെ **ഞാനൊന്ന്** ഉടച്ചു വാർത്തോട്ടെ. നിങ്ങളുടെ വേദനകൾക്ക് **ഞാനൊന്ന്** ആശ്വാസം പകർന്നോട്ടെ. നിങ്ങളുടെ സകല ആകുലതകളേയും **എന്റെ** പക്കൽ കൊണ്ടുവരിക. നിങ്ങളെ മുറിപ്പെടുത്തിയവരോട് മനഃപൂർവ്വം ക്ഷമിക്കുക. ആശ്വാസത്തിനായി **എന്നിലേക്ക്** തിരിയുക. നിങ്ങളുടെ ഹൃദയങ്ങൾക്ക് പൂർണ്ണതയും, ചാരുതയും, സാന്ത്വനവുമേകാൻ ഞാൻ എപ്പോഴും മനസ്സുള്ളവനാണ്. ഇതാകുന്നു **എന്റെ** വാഗ്ദത്തങ്ങൾ.

**എന്റെ** വചനം വായിക്കുക. ഞാൻ ഉദ്ധാരണങ്ങളുടെ ദൈവമാകുന്നു. നിങ്ങളെ സന്തോഷത്തിലേക്കും, പൂർണ്ണതയിലേക്കും യഥാസ്ഥാനപ്പെടുത്തുവാൻ **എന്നെ** അനുവദിക്കുക. ഒരുവനെ പൂർണ്ണതയിലേക്ക് യഥാസ്ഥാനപ്പെടുത്തുവാൻ കഴിയുന്നവൻ ഞാൻ മാത്രമാണ്. മറ്റാരെകൊണ്ടും അതിന് കഴിയില്ല. യഥാർത്ഥ സ്നേഹം ഞാൻ നിനക്ക് കാണിച്ചു തരാം. **എനിക്ക്** മാത്രമേ ശുദ്ധസ്നേഹത്തെ പകർന്നു തരാൻ കഴിയുകയുള്ളു.

യോവേൽ 2:25 **“ഞാൻ നിങ്ങളുടെ ഇടയിൽ അയച്ചിരിക്കുന്ന എന്റെ മഹാസൈന്യമായ വെട്ടുകിളിയും, വിട്ടിലും, തുള്ളനും, പച്ചപുഴുവും തിന്നുകളഞ്ഞ സംവത്സരങ്ങൾക്കുവേണ്ടി ഞാൻ നിങ്ങൾക്ക് പകരം നൽകും”.**

അതേ **എന്റെ** മടങ്ങി വരവിന്റെ സമയം ഇങ്ങടുത്തെത്തിയിരിക്കുന്നു. ഞാൻ നിങ്ങളെ ശുദ്ധീകരിച്ച്, യഥാസ്ഥാനപ്പെടുത്തി **എന്നിലൂടെയുള്ള** പുതിയ ജീവിതത്തിനായി നിങ്ങളെ ഒരുക്കും. അങ്ങനെയൊന്ന് ചെയ്യുന്നതിന് **ഞാൻ** ഒരുക്കമാണെന്ന് മാത്രമല്ല; മനസ്സുള്ളവനുമാണ്. **ഞാനാകുന്നു** നിങ്ങളുടെ **പ്രത്യാശ**. ഏക **പ്രത്യാശ.**

വന്നാട്ടെ. ഇപ്പോഴാകുന്നു സമയം. ഇനിയും വച്ചു നീട്ടരുത്. **ഞാൻ** മാത്രമേ യോഗ്യനായിട്ടുള്ളു. **കുഞ്ഞാട്** അതിന് യോഗ്യൻ. എന്റെ കരവലയത്തിനകത്തേക്ക് വേഗത്തിൽ ഓടിയടുത്താട്ടെ.

നിങ്ങളുടെ **കർത്താവായ യാഹ്ഷുവാ.**

ഒരു വോയ്സ് ഓഫ് ഗോസ്പൽ പ്രസിദ്ധീകരണം.

# പാഠം 25
# പശ്ചാത്തപിക്കാത്ത പാപമുണ്ടെങ്കിൽ, ഞാൻ നിന്നെ എടുക്കയില്ല

നമുക്ക് തുടങ്ങാം. കുറെയേറെ കാര്യങ്ങൾ പറയാൻ ഞാൻ ഒരുക്കമാണ്. കുഞ്ഞുങ്ങളെ; കണ്ണിമയ്ക്കുന്നതിനിടയിൽ സംഭവിക്കുന്ന **എന്റെ** മടങ്ങി വരവിന്റെ സമയം വളരെ അടുത്തിരിക്കുന്നു. നിയോഗിക്കപ്പെട്ട സമയത്ത് തന്നെ അത് സംഭവിച്ചിരിക്കും.

അനേകർ ചിന്തിച്ചു വച്ചിരിക്കുന്നത് ഞാനൊരിക്കലും മടങ്ങി വരില്ലായെന്നാണ്. മറ്റു ചിലരുടെ ചിന്ത ഇനിയും കുറേ വർഷങ്ങൾ കഴിഞ്ഞീട്ടേ അങ്ങനെയൊന്ന് സംഭവിക്കുകയുള്ളു എന്നാണ്. പക്ഷേ മക്കളേ; നിങ്ങൾ ഒന്നറിയുക. **എന്റെ** വരവ് അതിശീഘ്രമാണ്. **എന്റെ** വരവ് സമീപിച്ചുകൊണ്ടിരിക്കുന്നു. അത് ഇങ്ങടുത്ത് വാതിൽക്കലെത്തിയിരിക്കുന്നു. അനേകർ ഇതിനെ അലക്ഷ്യമാക്കി കളയുന്നു. അനേകർ ആത്മീകമായി ഉറക്കാവസ്ഥയിലായിരിക്കും. എന്റെ മടങ്ങി വരവ് സംഭവിക്കുമ്പോൾ.

1 തെസ്സലോനിക്യർ 5:6 **"ആകയാൽ നാം ശേഷമുള്ള വരെപ്പോലെ ഉറങ്ങാതെ ഉണർന്നും സുബോധമായുമിരിക്കുക".**

ഞൊടിനേരം കൊണ്ട് അത് സംഭവിക്കും. എന്നെ പ്രതീക്ഷിച്ചും, **എനിക്കായ്** കാത്തിരിക്കുന്നവരും മാത്രം ഒരുങ്ങിയിരിക്കും.

**എന്റെ** മടങ്ങി വരവിന് അർഹിക്കുന്ന ഗൗരവം കൊടുക്കാത്ത സകലരും; വരാനിരിക്കുന്ന ഭീകരവും, ഭയങ്കരവുമായ ക്രോധാഗ്നിയെ അഭിമുഖീകരിക്കേണ്ടതിന് കൈവിടപ്പെട്ടു പോകും. സമയം അടുത്തിരിക്കുന്നു.

മക്കളേ; നിങ്ങൾ ഒരുങ്ങിയേ മതിയാകൂ. അറിഞ്ഞില്ലായെന്ന് പറയരുത്. ആരും കൈവിടപ്പെട്ടു പോകണമെന്ന് **എനിക്കാഗ്രഹമില്ല.** പക്ഷേ ദുഃഖകരമെന്ന് പറയട്ടെ അനേകർ പിന്തള്ളപ്പെടും. എത്ര പരിതാപകരമായ സമയമാണെന്നറിയാമോ കടന്നുവരുന്നത്.

നിങ്ങൾ അക്കാര്യം തിരിച്ചറിയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഈ യാഥാർത്ഥ്യവുമായി നിങ്ങൾ പൊരുത്തപ്പെട്ടേ മതിയാകു. **ഞാൻ** സമീപിച്ചുകൊണ്ടിരിക്കുന്നു. എന്തിനധികം ഇങ്ങ് വാതിൽക്കലോളം എത്തിയിരിക്കുന്നു. താമസം വിനാ കാര്യങ്ങളെല്ലാം പൂർത്തീകരണത്തിലേക്ക് നടന്നടുക്കുമ്പോൾ; അക്കാര്യത്തെ കുറിച്ച് ആർക്കും തന്നെ പ്രത്യേകിച്ച് ഒരത്ഭുതവും തോന്നാത്ത വണ്ണം കാര്യങ്ങൾ ക്രമപ്പെട്ടു വരുന്നു. വരാൻ പോകുന്ന വൻ മാറ്റങ്ങളെ കുറിച്ച് ലോകത്തിന് ബോധ്യപ്പെടും. ഈ ലോകം ഒരിക്കലും മുമ്പുണ്ടായിരുന്ന അതേ അവസ്ഥയിലും, ആകൃതിയിലും ആയിരിക്കുകയില്ല.

**എന്റെ** മക്കളേ, **ഞാൻ** പറയുന്ന കാര്യങ്ങൾ അതീവ ജാഗ്രതയോടെ കേൾക്കുക. ഏറ്റുപറഞ്ഞ്, പശ്ചാത്തപിച്ച് ഉപേക്ഷിക്കാത്ത എന്തെങ്കിലും പാപമോ, പാപപ്രകൃതമോ ജീവിതത്തിൽ അവശേഷിക്കുന്നുണ്ടെങ്കിൽ നിശ്ചയമായും **ഞാൻ** നിങ്ങളെ കൈകൊള്ളുകയില്ല.

**എന്നോടു**കൂടെ നിങ്ങളെ ചേർക്കുവാൻ **എനിക്കു** കഴിയില്ല. അതൊരിക്കലും സാധ്യമല്ല. **എന്റെ** മക്കളേ അതുകൊണ്ട് **എന്റെ** മുമ്പാകെ വന്ന് പാപങ്ങളെ ഏറ്റുപറഞ്ഞ് മാനസാന്തരപ്പെടുക. ഇതിന് ജീവിതത്തിൽ മുൻതൂക്കം കൊടുക്കുക.

ലൂക്കോസ് 13:5 **"അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും എന്ന് ഞാൻ നിങ്ങളോട് പറയുന്നു".**

വന്ന് **എന്നോട്** ചേർന്ന് കാര്യങ്ങളെ ക്രമത്തിലാക്കുക. **എന്റെ** രാജ്യത്തിലേക്ക് നിങ്ങളെ ചേർത്തുകൊള്ളുവാൻ **എനിക്ക്** മനസ്സുണ്ട്. വരാനിരിക്കുന്ന വൻവിപത്തിൽ നിന്ന് നിങ്ങളെ രക്ഷിച്ചെടുക്കണമെന്ന് ഞാനാഗ്രഹിക്കുന്നു. നിങ്ങൾ **എന്റേതല്ല** എങ്കിൽ; **എനിക്കൊരിക്കലും** നിങ്ങളെ രക്ഷിക്കുവാൻ കഴിയില്ല. നിങ്ങൾ **എന്റെ** മുമ്പാകെ പൂർണ്ണഹൃദയത്തോടെ കടന്നുവന്ന് ജീവിതം **എനിക്ക്** കൈമാറുന്നില്ലായെങ്കിൽ നിങ്ങളെ കൂടെ കൂട്ടുവാൻ **എനിക്കാവില്ല.**

മക്കളേ ഇത് വളരെ പ്രാധാന്യമുള്ള ഒന്നാണ്. നിങ്ങളുടെ കൊച്ചു ജീവിതം **എന്റെ** സുരക്ഷിതകരങ്ങളിൽ നിങ്ങൾ വിശ്വസിച്ചേൽപ്പിക്കണം. **എന്റെ** പാദാന്തികെ നിങ്ങളത് അർച്ചനയായ് അർപ്പിക്കണം. തിരിച്ചൊന്നും പ്രതീക്ഷിക്കാതെ സമ്പൂർണ്ണസമർപ്പണത്തോടെ.

വിനയാന്വിതമായ അനുതാപത്തോടെ **എന്നരികിലേക്ക്** വരേണ്ടുന്ന സമയമാണിത്. നിങ്ങളുടെ ആകുലതകളും, ആലോചനകളും **എന്റെ** മേൽ ഇട്ടുകൊള്ളുക. നിങ്ങളുടെ ജീവിതം **എനിക്ക്** വേണം. പ്രശ്നങ്ങളും, പ്രതിസന്ധികളും കൊണ്ട് നിറഞ്ഞ നിങ്ങളുടെ ജീവിതത്തെ സ്നേഹസമ്പൂർണ്ണമായ, സന്തോഷനിബിഡമായ, തികവുള്ള ഒരു ജീവിതവുമായി ഞാൻ കൈമാറ്റം ചെയ്തു തരാം.

പെട്ടെന്ന്; വളരെ പെട്ടെന്ന് ഞാൻ വരുന്നു. നിങ്ങൾ ഒരുങ്ങിയിരിക്കണം. ഈ കാലത്തിന് യവനിക വീഴുവാൻ പോകുകയാണ്.

നിങ്ങളെ ഞാനെന്റെ പൂർണ്ണതയിലേക്ക് നടത്തും. അലകും, പിടിയും തെറ്റിയ നിങ്ങളുടെ ജീവിതത്തെ, പൂർണ്ണതയിലേക്ക് ഞാൻ യഥാസ്ഥാനപ്പെടുത്തും. **എന്റെ** സ്നേഹത്തിന് സകല പാപത്തേയും മറച്ചു കളയാൻ കഴിയും. വിരിച്ച കൈകളോടെ മടങ്ങി വരുന്ന നിങ്ങളെ കാത്ത് ഞാനിരിക്കുകയാണ്. നീട്ടി പിടിച്ച കൈകളെ കൊണ്ട് നിങ്ങളെ ചേർത്തുപിടിക്കുവാനും, താലോലിക്കുവാനും ഞാൻ വാഞ്ചിച്ചു പോകുന്നു.

ലൂക്കോസ് 5:31 **"യേശു അവരോട് ദീനക്കാർക്കല്ലാതെ സൗഖ്യമുള്ളവർക്ക് വൈദ്യനെ കൊണ്ട് ആവശ്യമില്ല".**

ഒട്ടും അമാന്തിക്കരുത്. ഇത് വളരെ പ്രാധാന്യമുള്ള മണിക്കൂറുകളാണ്. **എന്റെ** കാന്തയെ ചേർത്തു കൊള്ളുന്ന കാര്യത്തിൽ ഞാനൊട്ടും വൈകുകില്ല.

ഞാനവൾക്കായി ഒരുക്കിയ വാസസ്ഥലങ്ങളിലേക്ക് അവളെ കൊണ്ടു പോകേണ്ടതിന് ഞാൻ തയ്യാറായിരിക്കുന്നു. അവൾ സുരക്ഷിതയായി സ്വസ്ഥത അനുഭവിക്കുന്ന ഇടമാണിത്.

അതുകൊണ്ട് **എന്റെ കുഞ്ഞുങ്ങളെ** നിങ്ങൾ നിങ്ങളെ തന്നെ ഒരുക്കിയെടുക്കുക. **എന്റെ** വരവ് വളരെ അടുത്തിരിക്കുന്നു. നിങ്ങൾക്കായി കരുതുന്ന, നിങ്ങളെ അളവറ്റ് സ്നേഹിക്കുന്ന ഒരു **പിതാവിനെ** പോലെയാണ് **ഞാൻ** നിങ്ങളോട് സംസാരിക്കുന്നത്. അധികം താമസിയാതെ ഉന്മാദമായ അവസ്ഥയിലേക്ക് കൂപ്പു കുത്താൻ സ്വയം തയ്യാറെടുത്തുകൊണ്ടിരിക്കുന്ന ഈ ഭൂമിയിൽ നിങ്ങളെ രക്ഷിക്കുവാനും, ഉദ്ധരിക്കുവാനും ഞാൻ ആഗ്രഹിക്കുന്നു. രക്ഷപ്പെടാനുള്ള വാതിൽ ഞാൻ നിങ്ങൾക്ക് കാണിച്ചു തരാം. അത് തുറന്നിരിക്കുകയാണ്. പക്ഷേ കുറഞ്ഞൊന്നു കഴിഞ്ഞ് അത് അടയപ്പെടും. അതിനുമുമ്പായി ഒരുങ്ങി തയ്യാറാവുക. നിങ്ങളെ സ്വീകരിക്കുവാൻ ഞാൻ ഒരുങ്ങിയിരിക്കുന്നു.

ഇത് നിങ്ങളുടെ സ്വർഗ്ഗത്തിലെ **കർത്താവും, ദൈവവുമായ യാഹ്ഷുവാ.**

ഒരു വോയ്സ് ഓഫ് ഗോസ്പൽ പ്രസിദ്ധീകരണം.

# പാഠം 26
# "എന്നിൽ" മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുക

ലൂക്കോസ് 13:24-25 **"ഇടുക്കുവാതിലൂടെ കടക്കുവാൻ പോരാടുവിൻ. പലരും കടക്കുവാൻ നോക്കും. കഴിയില്ലതാനും എന്നു ഞാൻ നിങ്ങളോട് പറയുന്നു. വീട്ടുടയവൻ എഴുന്നേറ്റ് കതക് അടച്ചശേഷം നിങ്ങൾ പുറത്തു നിന്ന്; കർത്താവേ തുറന്നു തരേണമേ എന്നുപറഞ്ഞുകൊണ്ട് കതകിന് മുട്ടി തുടങ്ങുമ്പോൾ നിങ്ങൾ എവിടെ നിന്ന് എന്ന് ഞാൻ അറിയുന്നില്ല എന്ന് അവൻ ഉത്തരം പറയും".**

മക്കളേ നമുക്കാരംഭിക്കാം. നിങ്ങളുടെ **കർത്താവാണ്** ഇത് സംസാരിക്കുന്നത്.

നിങ്ങൾ **എന്നിൽ** മാത്രം ശ്രദ്ധിക്കണമെന്നും, നിങ്ങളുടെ ദൃഷ്ടി **എന്നിൽ** നിന്ന് വ്യതിചലിച്ച് പോകരുതെന്നും ഞാനാഗ്രഹിക്കുന്നു. അങ്ങോട്ടും, ഇങ്ങോട്ടും ഓടി ലോകത്തിന്റെ ഇടർച്ചകളിലും, ചതികുഴികളിലും അകപ്പെട്ട് ജീവിതം വ്യർത്ഥമാക്കേണ്ട സമയമല്ലിത്. ഭേദാഭേദങ്ങളെ വിവേചിച്ച്, സത്യത്തിന്റെ പൊരുൾ തിരിച്ചറിഞ്ഞ് **എന്നിൽ** മാത്രം ശ്രദ്ധയൂന്നേണ്ടുന്ന സമയമാണ്. ആസന്നമായ **എന്റെ** മടങ്ങി വരവിനേ കാംക്ഷിച്ചുകൊണ്ട്, ജീവിതം വിശുദ്ധിയിലും, വേർപാടിലും ക്രമീകരിച്ച് **എന്നിൽ** മാത്രം ആശ്രയിക്കേണ്ടുന്ന നാഴികയാണിത്. ഓരോ ദിവസവും അവസാനിക്കുന്തോറും **എന്റെ** വരവിനോട് അടുത്തുകൊണ്ടിരിക്കുകയാണ്.

ഞാൻ തരുന്ന അപായസൂചനകളൊന്നും അലക്ഷ്യമാക്കികളയരുത്. നാനാതുറകളിൽ നിന്ന് മുന്നറിയിപ്പുകൾ വന്നുകൊണ്ടിരിക്കും. ഏത് ദിശയിൽ നിന്നും **എനിക്ക്** സന്ദേശങ്ങളെ അയക്കുവാൻ കഴിയും. അത് വരുന്നത് ഒരുവേള ദുരന്തങ്ങളിലൂടെയായിരിക്കും. ഒരുപക്ഷേ യുദ്ധങ്ങളിലൂടെയും, ശുദ്ധശ്രുതികളിലും

കൂടെയായിരിക്കും. **എന്റെ** പ്രവാചകന്മാരെയും, അവരിലൂടെ ഞാൻ കൊടുക്കുന്ന ദൂതുകളേയും ഞാൻ മുഖാന്തിരമാക്കും. ആകാശത്തിലെ അടയാളങ്ങളേയും, അത്ഭുതങ്ങളേയും ഞാനൊരു മാധ്യമമാക്കും. ശിശുക്കളുടെ വായിൽ നിന്നു പോലും ഞാൻ മുന്നറിയിപ്പുകളെ തൊടുത്തുവിടും. കൈവിടപ്പെട്ടു പോയാൽ പറഞ്ഞു നിൽക്കാൻ ഒരൊറ്റ ഒഴിവുകഴിവും ഉണ്ടാവുകയില്ലെന്ന് മറക്കരുത്. വരാൻ പോകുന്ന അതീവ ഭയാനകമായ ദുരന്തത്തെ അഭിമുഖീകരിക്കേണ്ടി വരുമ്പോൾ പഴിചാരി രക്ഷപ്പെടുവാൻ ഒരാളെപ്പോലും കിട്ടുകയില്ലെന്നോർക്കണം. മറിച്ച്; കുറ്റപ്പെടുത്തുവാൻ നിങ്ങൾക്ക് നിങ്ങളേ കാണുകയുള്ളു.

നിങ്ങൾ ജീവിക്കുന്ന വർത്തമാനകാല സാഹചര്യങ്ങളെകുറിച്ചും, വരാൻ പോകുന്ന അവസ്ഥകളെകുറിച്ചും വള്ളി, പുള്ളി, വിസർഗ്ഗ വിത്യാസമില്ലാതെ കൃത്യമായി **എന്റെ** പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തൊട്ടറിയാവുന്ന ഈ യാഥാർത്ഥ്യങ്ങളിലേക്ക് നിങ്ങൾ കണ്ണുതുറന്നേ ഒക്കൂ. ഞാൻ കാലാകാലങ്ങളിലായി തന്നുകൊണ്ടിരുന്ന മുന്നറിയിപ്പുകളേയും, കാലത്തിന്റെ ചുമരെഴുത്തുകളേയും കുറിച്ച് മനസ്സിലാക്കാതെ ഒഴിഞ്ഞ ആവനാഴിയുമായി നിൽക്കേണ്ട ദുരവസ്ഥ ജീവിതത്തിൽ ഉണ്ടാകാനിടവരരുത്. **എന്റെ** പുസ്തകത്തെ ഞാൻ നിങ്ങൾക്ക് തന്നീട്ടുണ്ട്. പക്ഷേ സദാകാലത്തേക്കും സ്ഥിരമായിരിക്കുന്ന എന്റെ പുസ്തകത്തിലെ പ്രബോദനങ്ങളേയും, ഗുണീകരണങ്ങളേയും തീർത്തും അവഗണിക്കുകയും, അങ്ങേയറ്റം തുച്ഛീകരിക്കുകയും ചെയ്താൽ; പിന്നെ നിങ്ങളെ സഹായിക്കാൻ **എനിക്കാവില്ല.**

ഞാൻ നിങ്ങൾക്ക് തന്ന **എന്റെ** സന്ദേശങ്ങൾ വ്യക്തവും, അതേ സമയം വാചാലവുമാണ്. ഈ സന്ദേശത്തെ നിങ്ങൾ നിരാകരിച്ചാൽ; പിന്നീട് ഞാൻ കാര്യം തീർക്കുന്ന നാളിൽ പിടിച്ചു നിൽക്കുവാൻ നിങ്ങൾക്കൊരു പിടിവള്ളി പോലും കാണുകയില്ല. ഇക്കാര്യങ്ങൾക്ക് അർഹിക്കുന്ന പരിഗണന കൊടുക്കണമെന്ന് ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുകയാണ്. ഞാൻ നിങ്ങളെ അതിനുവേണ്ടി പ്രേരിപ്പി

ക്കുകയാണ്. ഞാൻ നിങ്ങളോട് ആവർത്തിച്ചാവർത്തിച്ച് ആഹ്വാനം ചെയ്യുകയാണ്. എന്നാൽ ഇത്തരമൊരു തീരുമാനം നിങ്ങൾ എടുത്തേ മതിയാകൂ എന്ന് പറഞ്ഞ് ഞാനൊരിക്കലും ബലം പ്രയോഗിച്ച് നിർബന്ധിക്കുകയില്ല.

തിരഞ്ഞെടുക്കുവാനുള്ള അവകാശം നിങ്ങളിൽ മാത്രം നിക്ഷിപ്തമാണ്.

2 പത്രോസ് 3:3-4 **"അവിടത്തെ പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ? പിതാക്കന്മാർ നിദ്രകൊണ്ടശേഷം സകലവും സൃഷ്ടിയുടെ ആരംഭത്തിങ്കൽ ഇരുന്ന പോലെ തന്നെ ഇരിക്കുന്നു എന്ന് പറഞ്ഞ് സ്വന്തമോഹങ്ങളെ അനുസരിച്ച് നടക്കുന്ന പരിഹാസികൾ പരിഹാസത്തോടെ അന്ത്യകാലത്ത് വരുമെന്ന് വിശേഷാൽ അറിഞ്ഞുകൊള്ളുവിൻ".**

വളരെ ചുരുക്കം ആളുകൾ മാത്രമേ ശരിയായ തീരുമാനത്തിലെത്തുകയുള്ളു. എന്തെങ്കിലും ഒന്ന് തിരഞ്ഞെടുക്കണം എന്ന് ചിന്തിക്കുന്നവർ പോലും വിരളമാണ്. ഒരു തിരഞ്ഞെടുപ്പും നടത്താതെ നിർന്നിമേഷരും, നിഷ്ക്രിയരും ആയിരിക്കുന്നവർ യഥാർത്ഥത്തിൽ **എന്റെ** ശത്രുവിനെ തന്നെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. ഒരു തരത്തിലുള്ള തിരഞ്ഞെടുപ്പും നടത്താതെ; ഇപ്പോഴും ശത്രുവിന്റെ ക്രൂരദ്രംഷ്ടകൾക്ക് കീഴിൽ ഞെരിഞ്ഞമർന്ന് ജീവിതം നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. **എന്റെ** ശത്രുവിന്റേയും, അവന്റെ കിങ്കരൻമാരുടേയും കരാളഹസ്തത്തിൽ നിന്നും, അടിമനുകത്തിൽനിന്നുമുള്ള വാസ്തവമായുള്ള വിടുതലും, സ്വാതന്ത്ര്യവും **എന്റെ** മക്കൾക്ക് നിത്യേനയുള്ള ജീവിതാനുഭവമായ് തീരേണ്ടതിനുവേണ്ടി കാൽവരിയുടെ കൊലക്കളത്തിൽ ഞാൻ കെട്ടിയ വലിയ വിലയുടെ മൂല്യത്തെ നിരാകരിക്കുകയും, ലാഘവത്തോടെ സമീപിക്കുകയും ചെയ്യുന്നത് കാണുമ്പോൾ **എന്റെ** ദുഃഖത്തിന്റെ ആഴവും, തീവ്രതയും വർദ്ധിക്കുന്നു. ഈ ലോകജീവിതത്തിൽ അകാരണമായും, ആവശ്യമില്ലാതെയും **എന്റെ** മക്കൾ കഷ്ടങ്ങൾ അനുഭവിക്കേണ്ട യാതൊരു ആവശ്യമില്ല. മാത്രമല്ല വരുവാനുള്ള

ലോകത്തിൽ നിത്യസ്നേഹവും, അചഞ്ചലമായ പ്രത്യാശയും ഇല്ലാതെ പരിഭ്രമചിത്തരായ് കൈവിടപ്പെട്ടു പോകേണ്ട ആവശ്യവുമില്ല.

മത്തായി 24:37-39 **"നോഹയുടെ കാലം പോലെ തന്നെ മനുഷ്യപുത്രന്റെ വരവും, ആകും. ജലപ്രളയത്തിന് മുമ്പുള്ള കാലത്ത് നോഹ പെട്ടകത്തിൽ കയറിയ നാൾ വരെ അവർ തിന്നും, കുടിച്ചും, വിവാഹം കഴിച്ചും, വിവാഹത്തിന് കൊടുത്തും പോന്നു. ജലപ്രളയം വന്ന് എല്ലാവരേയും നീക്കികളയുവോളം അവർ അറിഞ്ഞതുമില്ല. മനുഷ്യപുത്രന്റെ വരവും അങ്ങനെ തന്നെ ആകും".**

അതുകൊണ്ട് കുഞ്ഞുങ്ങളെ ഉണർന്നെഴുന്നേറ്റാട്ടെ. **ഞാൻ** തരുന്ന അമൂല്യമായ ഈ ദാനം സർവ്വാത്മനാ സ്വീകരിച്ചാട്ടെ. നിങ്ങൾക്ക് **ഞാൻ** സമ്പൂർണ്ണസ്വാതന്ത്ര്യം തരും. **അതിനെനിക്ക്** കഴിയും. അങ്ങനെ ചെയ്യുന്നതിൽ **എനിക്ക്** ആനന്ദമേയുള്ളു. ഇത് തരുന്നത് **ഞാനാണ്**; മാത്രമല്ല തീർത്തും സൗജന്യമായിട്ടാണ് **ഞാനിത്** തരുന്നത്. നിങ്ങളെ സ്വസ്ഥതയിലേക്കും, സമാധാനത്തിലേക്കും, സമ്പൂർണ്ണതയിലേക്കും നടത്തുക എന്നത് **എന്റെ** സന്തോഷമാണ്. ക്ഷണികമായ നിങ്ങളുടെ കൊച്ചുജീവിതം **എന്റെ** പാദാന്തികെ പരിപൂർണ്ണസമർപ്പണത്തോടെ കാണിക്കയായ് അർപ്പിച്ച് **എന്നിലേക്ക്** നിങ്ങൾ തിരിയുന്നപക്ഷം ഇതെല്ലാം നിങ്ങളുടേതായിരിക്കും. **ഞാൻ** നിങ്ങളുടെ **നാഥനും, കർത്താവു**മായിരിക്കട്ടെ. നിങ്ങളുടെ പാപകറ മുറ്റുമായി തുടച്ചു നീക്കേണ്ടതിനായി **എന്റെ** രക്തത്താൽ ഞാൻ നിങ്ങളെ പൊതിഞ്ഞ്, **എന്റെ** ആത്മാവിനാൽ **ഞാൻ** നിങ്ങളെ നിറയ്ക്കും.

ലൂക്കോസ് 17:16 **"മടങ്ങി വന്ന് അവിടത്തെ കാൽക്കൽ വീണ് അവിടത്തോട് നന്ദിപറഞ്ഞു. അവനോ ശമര്യക്കാരൻ ആയിരുന്നു".**

നിങ്ങൾ നടക്കേണ്ടുന്ന വഴി **ഞാൻ** നിങ്ങൾക്ക് കാണിച്ചു തരാം. ശത്രുവിന്റെ കെണികളെയെല്ലാം നിങ്ങൾക്ക് തെറ്റിയൊഴിയാം.

**എന്റെ** അടുക്കൽ വന്ന് **എന്റെ** അഗ്നിയാലും, **എന്റെ** വചനത്തിന്റെ വെള്ളത്താലും ശുദ്ധീകരിക്കപ്പെടുകയും, സ്ഫുടം ചെയ്തെടുത്തതുമായ നിർമ്മലമായ ഹൃദയം കൈപറ്റുക. നിങ്ങൾക്കായ് കരുതി വെച്ചതാകുന്നു അത്.

യോഹന്നാൻ 15:3 **"ഞാൻ നിങ്ങളോട് സംസാരിച്ച വചനം മുഖാന്തിരം നിങ്ങൾ ശുദ്ധിയുള്ളവരായ് തീർന്നിരിക്കുന്നു".**

നിങ്ങളുടെ സ്വന്തം വിവേകത്തിൽ ഊന്നാതെ നിങ്ങളുടെ ജീവിതവും, എന്തിനധികം നിങ്ങളുടെ മോഹങ്ങളും, പദ്ധതികളും **എനിക്ക്** കൈമാറുക. നിങ്ങളുടെ ജീവിതത്തിനും, നിങ്ങളുടെ പദ്ധതികൾക്കും പകരമായി **എന്റെ** സമ്പൂർണ്ണപദ്ധതികളും നിങ്ങളുടെ ജീവിതത്തെകുറിച്ചുള്ള **എന്റെ** ഹിതവും **ഞാൻ** വച്ചുമാറാം. നീ പിണ്ഡാകാരമായിരുന്നപ്പോൾ, നിന്റെ അമ്മയുടെ ഉദരത്തിൽ നീ ഉരുവാകുന്നതിനുമുമ്പേ നിന്നെ കുറിച്ചുള്ള **എന്റെ** ചിന്തകളാണ് **എന്റെ** പദ്ധതികളായി **ഞാൻ** നിന്നിലേക്ക് കൈമാറുന്നത്. **എന്റെ സമ്പൂർണ്ണ**ഹിതത്തിനകത്താണ് നിന്റെ കാൽചുവടുകളെങ്കിൽ പാപം നിന്റെ ആഗ്രഹങ്ങളുടെ അരികത്തു പോലും വരികില്ല. **എന്റെ** ഹിതത്തിനകത്ത് കടന്ന് പൂർണ്ണത കൈവരിക്കു. നിങ്ങളുടെ ജീവിതത്തെകുറിച്ചുള്ള **എന്റെ** ആഗ്രഹം ഇതാണ്.

നിങ്ങളുടെ **സൃഷ്ടിതാവ്** ഞാനാണ്. **എനിക്കറിയാം** നിങ്ങൾക്ക് ഏറ്റവും ഉത്കൃഷ്ടമായത് എന്താണെന്ന്. ഈ പരമോന്നത സമ്മാനം കടന്ന് വന്ന് സ്വീകരിക്കൂ. നിന്റെ **സൃഷ്ടാവിനോട് സമാധാനത്തിലായിരിക്കുക.**

മക്കളേ; കാലം അതിന്റെ അന്ത്യത്തിലേക്ക് ഓടിയടുത്തുകൊണ്ടിരിക്കുകയാണ്. ഈയൊരു തീരുമാനത്തിലെക്കെത്തിച്ചേരുവാൻ ഒരുപാട് സമയം മിനക്കെടുത്തരുത്. സമയമാണ് കേന്ദ്രബിന്ദു. ഏറ്റവും നികൃഷ്ടമായതിനെ നിങ്ങൾ മുഖാമുഖം കാണരുതേ **എന്നാണെന്റെ** ആഗ്രഹം. നിങ്ങൾ **എന്നെ** തിരയുന്നുവെങ്കിൽ, ആത്യന്തീകമായ സത്യത്തെ കാണത്തക്കവണ്ണം നിങ്ങളുടെ കണ്ണുകളെ ഞാൻ തുറക്കും. കാഴ്ചക്ക് വിഘാതമായി നിൽക്കുന്ന

ചിതമ്പലുകളെ നീക്കി സ്വസ്ഥതയിൽ **എന്നോട്** കൂടെ പ്രവേശിക്കത്തക്കവണ്ണം ഞാൻ നിങ്ങളെ ഒരുക്കിയെടുക്കും.

അപ്പസ്തോലപ്രവൃത്തികൾ 9:17-18 **"അങ്ങനെ അനന്യാസ് ആ വീട്ടിൽ ചെന്ന് അവന്റെ മേൽ കൈവച്ചു. ശൗലേ, സഹോദരാ, നീ കാഴ്ച പ്രാപിച്ച് പരിശുദ്ധാത്മപൂർണ്ണൻ ആകേണ്ടതിന് നീ വന്ന വഴിയിൽ നിനക്ക് പ്രത്യക്ഷനായ യേശു എന്ന കർത്താവ് എന്നെ അയച്ചിരിക്കുന്നു എന്ന് പറഞ്ഞു. ഉടനെ അവന്റെ കണ്ണിൽ നിന്ന് ചെതുമ്പൽ പോലെ വീണു. കാഴ്ച ലഭിച്ച് അവൻ എഴുന്നേറ്റ് സ്നാനം ഏൽക്കുകയും, ആഹാരം കൈകൊണ്ട് ബലം പ്രാപിക്കുകയും ചെയ്തു".**

നിങ്ങൾ സട കുടഞ്ഞ് എഴുന്നേൽക്കണമെന്ന് **ഞാൻ** ആഗ്രഹിക്കുന്നു. **എന്റെ** ഹൃദയാഭിലാഷമാണത്. വിശാലമായി വിരിക്കപ്പെട്ട **എന്റെ** കരവലയത്തിനകത്ത് നിങ്ങൾ ആയിതീരണമെന്നതാണ് **എന്റെ** വാഞ്ച.

ഇനിയും താമസിക്കരുത്. ഇനിയും വൈകി പോയാൽ അതിന് കൊടുക്കേണ്ടി വരുന്ന വില നിങ്ങളുടെ ശാശ്വത രക്ഷയായിരിക്കും.

**പിതാവിനെ**പ്പോലെ നിങ്ങളെ കരുതുന്ന, സ്നേഹിക്കുന്ന **യാഹ്ഷുവാ**യുടേതാണ് ഈ വാക്കുകൾ.

ഒരു വോയ്സ് ഓഫ് ഗോസ്പൽ പ്രസിദ്ധീകരണം.

# പാഠം 27
# എന്നോട് കൂടെ പുറത്തു വരണമെങ്കിൽ നീ നിന്നെ തന്നെ ഒരുക്കണം

നമുക്കാരംഭിക്കാം. കുഞ്ഞുങ്ങളെ ഞാൻ നിങ്ങളുടെ **കർത്താവാകുന്നു.** നിങ്ങൾക്ക് വേണ്ടിയുള്ള വചനങ്ങൾ **എന്റെ** പക്കലുണ്ട്.

സമയം സമാപ്തിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുകയാണ്. സ്വസ്ഥതയിലേക്കും, സുരക്ഷിതത്വത്തിലേക്കും **എന്റെ** മണവാട്ടിയെ പ്രവേശിപ്പിക്കേണ്ടതിനുവേണ്ടി, അവളെ കൂട്ടി കൊണ്ടു പോകാനായി ഞാൻ മടങ്ങി വരുന്ന നാഴിക അടുത്തിരിക്കുന്നു. ജയത്തോടെയും, മഹത്വത്തോടെയും അവൾ ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെടും. **എന്നെ** പ്രതി ഈ ഭൂമിയിൽ പ്രതിസന്ധികളെ അതിജീവിച്ചവളാണവൾ. മദ്ധ്യാകാശത്തിൽ എന്നെ വരവേൽക്കേണ്ടതിനായി, **എന്റേതായി** അവൾ തീരേണ്ടതിന് ഞാനവളെ കൊണ്ടുവരും.

ഈയൊരു പ്രക്രിയയെയാണ് "ഉൾപ്രാപണം" എന്ന് പേരിട്ടു വിളിക്കുന്നത്. ഇതിനെ എന്ത് പേരിട്ട് വിളിച്ചാലും **എന്റെ** മടങ്ങി വരവ് വളരെ അടുത്തിരിക്കുന്നു. **ദൈവത്തെ** കൂടാതെ ജീവിതത്തിന് അർത്ഥം കണ്ടെത്താൻ ശ്രമിക്കുന്ന, സകലവിധ നിയന്ത്രണങ്ങളേയും ലംഘിക്കുന്ന, കുടില തന്ത്രങ്ങൾ മെനഞ്ഞു കൊണ്ടിരിക്കുന്ന ഈ ലോകത്തിന്റെ കെട്ടുപാടുകളിൽ നിന്ന് വിമോചനം പ്രാപിക്കേണ്ടതിന് **ഞാനെന്റെ** കാന്തയെ ഇതിൽ നിന്നെല്ലാം വലിച്ചെടുത്ത് രക്ഷിക്കും.

1 കൊരിന്ത്യർ 15:51-52 **"ഞാൻ ഒരു മർമ്മം നിങ്ങളോട് പറയാം. നാം എല്ലാവരും നിദ്രകൊള്ളുകയില്ല. എന്നാൽ അന്ത്യ കാഹളനാദത്തിങ്കൽ പെട്ടെന്ന് കണ്ണിമയ്ക്കുന്നതിനിടയിൽ നാം എല്ലാവരും രൂപാന്തരം പ്രാപിക്കും. കാഹളം ധ്വനിക്കും. മരിച്ചവർ അക്ഷയരായി ഉയിർപ്പിക്കപ്പെടുകയും, നാം രൂപാന്തരം പ്രാപിക്കുകയും ചെയ്യും".**

കാര്യങ്ങളെ വരുതിയിലാക്കി നിയന്ത്രിക്കുന്ന **ദൈവം** ഞാനാകുന്നു. **എന്റെ** സൂക്ഷിപ്പിന്റെ മഹാകരത്തിന്റെ സാന്നിദ്ധ്യം കൂടാതെയുള്ള ഒരു ജീവിതത്തിന് ലോകം സാക്ഷ്യം വഹിക്കുന്ന നാളുകൾ അതിവിദൂരമല്ല. വളരെ പെട്ടെന്ന് അങ്ങനെയൊരു അവസ്ഥ ലോകം അനുഭവിക്കും.

കൈവിടപ്പെട്ടു പോകുന്ന അനേകർ വരാൻ പോകുന്ന ഈ അതിദാരുണമായ സാഹചര്യങ്ങൾക്ക് സാക്ഷ്യം വഹിക്കും. വളരെ ചുരുക്കം ആളുകളേ ഇത് തിരിച്ചറിഞ്ഞ് ഇതിൽ നിന്ന് രക്ഷപ്പെടുകയുള്ളു. അത്തരമൊരു ശേഷിപ്പിന്റെ ന്യൂനപക്ഷത്തിൽ നിങ്ങളും ഉണ്ടായിരിക്കണം എന്ന് ഞാൻ ആഗ്രഹിക്കുന്നു. പക്ഷേ **എന്നോട്** കൂടെ പുറത്തുവരണമെങ്കിൽ നിങ്ങൾ നിങ്ങളെ ഒരുക്കിയേ മതിയാകൂ. **എന്റെ** രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിക്കുന്നവർക്കും, **എന്റെ** കാന്തയെ ചേർത്തു കൊള്ളുവാനായി **ഞാൻ** മടങ്ങിവരുന്നതും കാത്ത്; ഉത്സാഹത്തോടെ **എനിക്കായ്** കാത്തിരിക്കുന്നവർ മാത്രമേ **എന്നോട്** കൂടെ പോരുകയുള്ളു. **എന്നോട്** കൂടെ വരുന്നവർ വളരെ ചുരുക്കമായിരിക്കും. ഇത് വളരെ ഗൗരവാവഹമായ ഒന്നാണ് മക്കളേ. ഒരുങ്ങാത്ത അനേകർ പുറന്തള്ളപ്പെടും.

1 യോഹന്നാൻ 1:7 **"എന്നാൽ അവിടന്ന് വെളിച്ചത്തിൽ ആയിരിക്കുന്നതു പോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്ക് തമ്മിൽ കൂട്ടായ്മയുണ്ട്. അവിടത്തെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു".**

കൈവിടപ്പെട്ടു പോകുന്നവരെ കാത്തിരിക്കുന്നത് എത്രയോ സങ്കടകരമായ അനുഭവമാണ്. അക്കൂട്ടത്തിലൊരാളായി നിങ്ങൾ മാറരുത്. നിങ്ങൾക്ക് അങ്ങനെയാകാൻ കഴിയില്ല. ഞാൻ നിങ്ങൾക്കായി ഒരുവഴി തുറന്നിരിക്കുന്നു. ഒരു പുതിയ മാർഗ്ഗം ഞാൻ വെട്ടി തുറന്നിരിക്കുന്നു. **എന്റെ** രക്തം ചിന്തിയാണ് ആ വഴി ഞാൻ വെട്ടിയത്. **എന്നിലൂടെയുള്ള** നിങ്ങളുടെ പാത വ്യക്തവും, സ്വതന്ത്രവുമാണ്. ഇതല്ലാതെ മറ്റൊരു മാർഗ്ഗമില്ല.

ആർക്കും നിങ്ങളെ രക്ഷിക്കുവാൻ കഴിയില്ല. മറ്റൊരു ഉത്തരവും

ഇല്ല. **എങ്കലേക്ക്** തിരിയുക. ഇതല്ലാതെ മറ്റൊരു ഉത്തരമില്ല. **എന്റെ** മുമ്പാകെ സമ്പൂർണ്ണമായ് സമർപ്പിക്കുക. ഇതല്ലാതെ മറ്റൊരു പോംവഴിയില്ല. ഇനിയും താമസിക്കരുത്. **എന്റെ** വരവ് അടുത്തിരിക്കുന്നു. **എന്നെ** കൂടുതൽ അടുത്തറിയുവാനായ് സമയം കണ്ടെത്തുക. **ഞാൻ** നിങ്ങൾക്കായ് ഒരുങ്ങി കാത്തിരിക്കുന്നു. **എന്റെ** സ്നേഹം നിങ്ങളെ കാത്തിരിക്കുന്നു.

വിനയാന്വിതമായ വിധേയത്വത്തോടെ **എന്നിലേക്ക്** തിരിയുക. **എന്റെ** രക്തവളപ്പിലും, വചനത്താലുള്ള ശുദ്ധീകരണത്തിലൂടെയും **ഞാൻ** നിങ്ങളെ അതിന് പ്രാപ്തരാക്കും.

എഫേസ്യർ 5:25-27 **"ഭർത്താക്കന്മാരെ, ക്രിസ്തു സഭയെ സ്നേഹിക്കുകയും, തന്നത്താൻ അവൾക്കായി ഏൽപ്പിച്ചു കൊടുക്കുകയും ചെയ്തതു പോലെ തന്നെ സ്വന്തഭാര്യമാരെ സ്നേഹിക്കുവിൻ. അവിടന്ന് സഭയെ വചനത്തോടുകൂടിയ ജല സ്നാനത്താൽ കഴുകി വെടുപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനും, കറയോ, ചുളുക്കമോ, മറ്റു കുറവുകളോ ഇല്ലാതെ അവളെ വിശുദ്ധയും, നിഷ്കളങ്കയുമായി അവിടത്തേക്ക് വേണ്ടി തേജസ്സോടെ മുമ്പിൽ നിറുത്തേണ്ടതിനുമായിട്ടാണ് അങ്ങനെ ചെയ്തത്".**

**എന്നരികിലേക്ക്** വന്നാട്ടെ. ഇനിയും സമയം വ്യഥാവാക്കരുത്. ഞാനുമായി പരിപൂർണ്ണ കാര്യഗൗരവത്തോടെ സമയം ചിലവഴിക്കേണ്ടുന്ന നാഴികയാണിത്.

കാത്തിരിപ്പ് ഇനിയും ദീർഘിപ്പിക്കരുത്.

ഞാൻ നിങ്ങളുടെ **കർത്താവായ ദൈവമായ യാഹ്ഷുവ** ആകുന്നു.

ഒരു വോയ്സ് ഓഫ് ഗോസ്പൽ പ്രസിദ്ധീകരണം.

# പാഠം 28
# നിന്റെ നിത്യത തുലാസിൽ

നമുക്ക് വീണ്ടും തുടങ്ങാം. മക്കളേ **എന്റെ** മടങ്ങി വരവിന്റെ സമയം അടുത്തിരിക്കുന്നു. അത് ഏറെ കുറെ അന്ത്യത്തോടടുക്കുന്നു.

ഒരുങ്ങേണ്ടതിനായി ഒട്ടനവധി കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. **ഞാൻ** നിങ്ങൾക്കായി ഒരുപാട് കാര്യങ്ങൾ ചെയ്തു. സമ്പൂർണ്ണ സമർപ്പണത്തോടെ; പരിപൂർണ്ണമായും അടിയറ വെച്ച് നിങ്ങളുടെ ജീവിതം **എനിക്ക്** കൈമാറുക. അതാണ് ഞാൻ ആഗ്രഹിക്കുന്നത് മക്കളേ. **എനിക്ക്** വേണ്ടത് പഴുതുകളടച്ച പരിപൂർണ്ണസമർപ്പണമാണ്. പാതി മനസ്സോടെയുള്ള സമർപ്പണം സമർപ്പണമേയല്ല. ഇക്കാര്യങ്ങൾ അതിന്റെ ഗൗരവം ചോർന്നു പോകാതെ നിങ്ങൾ മനസ്സിലാക്കണം. നിങ്ങളുടെ നിത്യത തുലാസിൽ കിടന്നാടുകയാണ്. **എനിക്കായ്** പൂർണ്ണമായ് സമർപ്പിക്കപ്പെട്ടീട്ടില്ലാത്തവർ; യഥാർത്ഥത്തിൽ എനിക്കുള്ളവരല്ല. നിങ്ങൾ എന്തു ചിന്തിച്ചാലും, പറഞ്ഞാലും പൂർണ്ണമായൊരു സമർപ്പണം നിങ്ങളുടെ ഭാഗത്തു നിന്നുണ്ടാകുന്നതിലൂടെ മാത്രമേ വാസ്തവത്തിൽ നിങ്ങൾ **എന്റേതായി** തീരുന്നുള്ളു.

മക്കളേ, നിങ്ങളുടെ ദൃഷ്ടി **എന്റെ** മേൽ പതിപ്പിച്ച്, എന്നിൽ മാത്രം നിങ്ങൾ ഏകാഗ്രചിത്തരായിരിക്കണമെന്ന് **ഞാൻ** ആഗ്രഹിച്ചു പോകുന്നു. പുറത്തേക്കുള്ള വഴി **എനിക്കറിയാം.** രക്ഷ പ്രാപിക്കാനുള്ള മാർഗ്ഗം **എനിക്കറിയാം. എനിക്ക്** മാത്രമേ അതറിയുകയുള്ളു. നിങ്ങളുടെ രക്ഷയുടെ താക്കോൽ കൈവശം വച്ചിരിക്കുന്നത് **ഞാനാണ്**. വരാൻ പോകുന്ന വൻവിപത്തിൽ നിന്ന് നിങ്ങളെ വലിച്ചെടുത്ത് രക്ഷിക്കുന്നത് **ഞാനാണ്.**

നിങ്ങൾ ഇടത്തും, വലത്തും നോക്കി നിന്നാൽ നിങ്ങൾ തെറ്റി

പോകും. അങ്ങനെയൊന്ന് സംഭവിക്കുവാൻ ഇടവരരുത്. സമയം അതിന്റെ അപായസൂചനകൾ മുഴക്കി കൊണ്ടിരിക്കുന്നു. **എന്റെ** മക്കളേ നിങ്ങൾ ഉറക്കം വിട്ടൊഴിഞ്ഞ് ഉണരണം. തിരിച്ചറിവിലേക്ക് നിങ്ങൾ മടങ്ങി വരണം. ജാഗരൂകരായിരിക്കണം.

മത്തായി 7:14 **"എന്നാൽ ജീവനിലേക്ക് നയിക്കുന്ന വാതിൽ ഇടുങ്ങിയതും, വഴി ഞെരുക്കവുമുള്ളതാകുന്നു. അത് കണ്ടെത്തുന്നവർ ചുരുക്കമത്രേ".**

**എന്റെ** മണവാട്ടിയെ തിരികെ കൊണ്ടു പോകേണ്ട സമയമടുത്തിരിക്കുന്നു. **എന്നോട്** കൂടെ അവളെ നിത്യഭവനത്തിലേക്ക് കൊണ്ടുപോകേണ്ട നാളടുത്തിരിക്കുന്നു. അവൾക്കായി ഒരുക്കിയിരിക്കുന്ന വാസസ്ഥലങ്ങളിലേക്ക് ആനയിച്ച് കൊണ്ടു പോകേണ്ട നാഴിക സമാഗതമായിരിക്കുന്നു. തന്റെ **മണവാളനോട്** കൂടെ നിത്യകാലം മുഴുവൻ ചിലവഴിക്കേണ്ടുന്ന മനോഹരതീരത്തേക്ക് അവൾ പോകേണ്ട സമയം ആയിരിക്കുന്നു.

**എന്റെ** കരവലയത്തിനകത്താക്കി അവളെ **എന്നോട്** ചേർത്തു പിടിക്കുന്ന ആ മഹൽ സുദിനത്തിനായി ഞാൻ ആഗ്രഹിക്കുന്നു. അവളിലേക്ക് **എന്റെ** സ്നേഹം ചൊരിഞ്ഞൊഴിക്കേണ്ടതിന്, അവളെ **എന്റെ** സ്നേഹം കൊണ്ട് അലങ്കരിക്കേണ്ടതിന് ഞാൻ വാഞ്ചിക്കുന്നു. അല്പമൊന്ന് കഴിഞ്ഞീട്ട് ഇത് സംഭവിക്കും. **ഞാനൊ**രുങ്ങിയിരിക്കുന്നു. **എന്റെ** കാന്തയും തന്നത്താൻ ഒരുക്കിയിരിക്കുന്നു. അവൾ ക്ഷമയോടെ കാത്തിരിക്കുന്നു.

ഈ ലോകത്തിന്റെ വെളിച്ചം **എന്റെ** മണവാട്ടിയാണ്. ഈ വഴി പിഴച്ച ലോകത്തിൽ അവൾ പൂർവ്വാധികം ശോഭയോടെ മിന്നിതിളങ്ങുന്നു. അവളാകുന്നു അവശേഷിക്കുന്ന അവസാനത്തെ വെട്ടം. അവളുടെ വെളിച്ചത്തിന്റെ തീവ്രത ഗരിമയാർന്നതാണ്. **എന്റെ** വെളിച്ചത്തെയാണ് അവൾ പ്രതിബിംബിക്കുന്നത്. ഈ വെളിച്ചം സത്യമാകുന്നു. **എന്റെ** സത്യം കാലാതിവർത്തിയായ് നിലകൊള്ളുന്നു. ബാക്കിയെല്ലാം ശത്രു പിടച്ചു വിടുന്ന പച്ചകള്ളമാണ്. തന്റെ അപവാദപ്രചരണങ്ങളാലും, അർദ്ധസത്യങ്ങളാലും അവൻ ലോകത്തെ

ഒരുപാട് വ്യാമോഹിപ്പിക്കുന്നു. അവന്റെ വ്യാമോഹവലയത്തിലകപ്പെട്ട് മനുഷ്യർക്ക് സത്യം കാണുവാൻ കഴിയുന്നില്ല.

യിരമ്യാവ് 17:5,6 **"യഹോവ ഇപ്രകാരം അരുളി ചെയ്യുന്നു" മനുഷ്യനിൽ ആശ്രയിച്ച് ജഡത്തെ തന്റെ ഭുജമാക്കി ഹൃദയം കൊണ്ട് യഹോവയെ വിട്ടുമാറുന്ന മനുഷ്യൻ ശപിക്കപ്പെട്ടവൻ. അവൻ മരുഭൂമിയിലെ ചൂരച്ചെടി പോലെയാകും. നന്മ വരുമ്പോൾ അത് കാണാതെ മരുഭൂമിയിലെ വരണ്ട പ്രദേശങ്ങളിലും, നിവാസികളില്ലാത്ത ഉപ്പുനിലങ്ങളിലും അവർ പാർക്കും."**

**എന്റെ** മക്കൾ എഴുന്നേറ്റ് സത്യത്തെ അഭിമുഖീകരിക്കേണ്ടുന്ന സമയമടുത്തിരിക്കുന്നു. ലോകം അതിന്റെ അവസാന അദ്ധ്യായത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. പുതിയ കാലഘട്ടത്തിന് ഉദയം കുറിച്ചിരിക്കുന്നു. എതിർക്രിസ്തുവിന്റെ ആധിപത്യം ആരംഭിക്കുന്നു. വിദ്വേഷത്തിന്റേയും, പകയുടേയും ദിനരാത്രങ്ങൾ. അന്നാളിൽ ആരും സുരക്ഷിതരായിരിക്കുകയില്ല. **എന്നോട്** കൂടെ നിത്യതയിലേക്ക് ഞാൻ കൈപിടിച്ച് നടത്തുന്നവരൊഴികെ. വരാനിരിക്കുന്ന കൊടുക്രൂരതയുടെ ക്രൂര ദ്രംഷ്ടകളിൽ നിന്ന് തെറ്റിയൊഴിയുന്നവർ ഇക്കൂട്ടർ മാത്രമാണ്. **എന്റെ** ശത്രു ഈ ലോകത്തിന്റെ ആധിപത്യവും, ഭരണവും ഏറ്റെടുക്കുന്ന ആ കറുത്തദിനങ്ങൾ. വരാനിരിക്കുന്ന ദിവസങ്ങൾ എത്രയോ ഇരുണ്ടതാണ്.

വെളിപ്പാട് 17:16-17 **"മൃഗവും, മൃഗത്തിന്റെമേൽ നീ കണ്ട പത്തു കൊമ്പുകളും മഹാവേശ്യയെ ദ്വേഷിച്ച് അവളെ ശൂന്യവും, നഗ്നയുമാക്കി അവളുടെ മാംസം തിന്നുകളയും. അവളെ തീ കൊണ്ട് ദഹിപ്പിക്കുകയും ചെയ്യും. ദൈവത്തിന്റെ വചനം നിവൃത്തിയാകുന്നതുവരെ അവിടത്തെ ഉദ്ദേശ്യം നിറവേറ്റേണ്ടതിനായി, ഏകമനസ്സോടെ തങ്ങളുടെ രാജത്വം മൃഗത്തിന് ഏൽപ്പിച്ചു കൊടുക്കുവാൻ ദൈവം അവരുടെ ഹൃദയത്തിൽ തോന്നിപ്പിച്ചു".**

മാനവരാശി ഇന്നയോളം ദർശിച്ചീട്ടില്ലാത്ത കറുത്ത ദിനങ്ങൾക്കായിരിക്കും അന്നാളിൽ ലോകം സാക്ഷ്യം വഹിക്കുന്നത്. കൊടിയ അന്ധകാരം. അങ്ങേയറ്റത്തെ കഷ്ടത.

ആനാളും, നാഴികയും മുമ്പന്നെത്തേക്കാളുമുപരിയായി അതി ശീഘ്രം പാഞ്ഞടുത്തുകൊണ്ടിരിക്കുകയാണ്. കാര്യങ്ങളൊന്നും പൂർവ്വസ്ഥിതിയിലായിരിക്കുകയില്ല.

കുഞ്ഞുങ്ങളെ നിങ്ങളെന്നോടുകൂടെ ഈ ഭൂമിയിൽ നിന്ന് കയറി പോരേണമെന്ന് ഞാൻ ആശിക്കുന്നു. അതിനായുള്ള ഒരുക്കം ജീവിതത്തിലുണ്ടായിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ആസന്ന ഭാവിയിൽ ഈ ഭൂമിയിൽ സംഭവിക്കുവാൻ പോകുന്ന സകലതിനേയും നിനക്ക് ഒഴിവാക്കുവാൻ കഴിയും; യാഥാർത്ഥ്യങ്ങൾക്കു നേരെ കണ്ണടക്കുന്ന ഇരുട്ടിന്റെ മറകൾ നീക്കുവാൻ നീ മനസ്സ് വെക്കുന്നുവെങ്കിൽ വിധേയപൂർണ്ണമായ സമർപ്പണത്തോടെ സുനിശ്ചിതമായ അടിയറവിലൂടെ **എന്റെ** സമക്ഷം നീ കടന്നു വരുന്നുവെങ്കിൽ വരാനിരിക്കുന്ന സകല ദോഷങ്ങളേയും വിട്ടൊഴിയുവാൻ നിങ്ങൾക്ക് കഴിയും.

**എന്റെ** കരങ്ങളിൽ നിങ്ങളെ വഹിച്ചുകൊണ്ട്; തൊട്ടുമുമ്പിൽ പതിയിരിക്കുന്ന കൊടിയ വിപത്തിൽ നിന്ന്, കടുത്ത ദുഃഖങ്ങളിൽ നിന്ന് നിങ്ങളെ ഉദ്ധരിക്കുവാൻ **എനിക്ക്** താല്പര്യമുണ്ട്. വരാനിരിക്കുന്ന കഷ്ടതയുടെ കടുംശോഭനയിൽ നിന്ന് നിങ്ങളെ രക്ഷിച്ച് കയറ്റണമെന്നതാണ് **എന്റെ** ഹൃദയത്തിന്റെ അടക്കാനാവാത്ത അഭിവാഞ്ച.

ഈ സത്യത്തിലേക്ക് നിങ്ങളെ അടുപ്പിക്കേണ്ടതിനുവേണ്ടി അനേകം വചനങ്ങളും, അടയാളങ്ങളും ഞാൻ നിങ്ങൾക്ക് തന്നുകൊണ്ടിരിക്കുന്നു. വളരെ ചുരുക്കം ആളുകളെ ഇതിനെല്ലാം പ്രാമുഖ്യം കൊടുക്കുന്നുള്ളു. അനേകരും ഈ ലോകമെന്ന വേശ്യയുമായി പരസംഗത്തിലേർപ്പെടുകയും, അതിന്റെ എല്ലാ തിന്മകളും ആസ്വദിക്കുകയും ചെയ്യുന്നു. ഈ ലോകവും, അതിന്റെ വഴികളിലും നിങ്ങൾ എത്രത്തോളം പറ്റിചേർന്നിരിക്കുമോ; അത്രത്തോളം നിങ്ങൾ **എന്നെ** ഉപേക്ഷിച്ച് പരസംഗത്തിൽ ഏർപ്പെടുകയാണ്. അങ്ങനെയുള്ള നിങ്ങളെ **എന്റെ** രാജ്യത്തിൽ ചേർക്കുവാൻ കഴിയില്ല. അതുകൊണ്ട് മക്കളേ അതിനെ വിട്ട് പുറപ്പെട്ട് വരുവിൻ. ലോകത്തേയും, ലോകത്തിന്റെ ഇമ്പങ്ങളേയും പുറകിലെറിഞ്ഞ് കളഞ്ഞ്

മുമ്പോട്ട് വരിക. അവൾ ഹീനയും, അഭിസാരികയുമാണ്. **ദൈവ മില്ലാത്തവളാണ്.** ഈ ലോകത്തെ ഇനിയും സഹിക്കുവാൻ എനിക്കാവില്ല.

യെഹസ്‌ക്കേൽ 16:35-36 **"ആകയാൽ വേശ്യാസ്ത്രീയേ, യഹോവയുടെ വചനം കേൾക്കുവിൻ. യഹോവയായ ദൈവം ഇപ്രകാരം അരുളി ചെയ്യുന്നു. ജാരന്മാരുമായുള്ള നിന്റെ പര സംഗങ്ങളാൽ നിന്റെ പണം ചിലവഴിക്കുകയും, നിന്റെ നഗ്നത അനാവൃതമാക്കുകയും ചെയ്യുന്നതു നിമിത്തവും, നിന്റെ സകല മ്ലേച്ഛവിഗ്രഹങ്ങളും നിമിത്തവും നീ അവയ്ക്ക് കൊടുത്ത നിന്റെ മക്കളുടെ രക്തം നിമിത്തവും".**

സമയം പാഴായി പോകുന്നു. നിങ്ങൾ കാര്യങ്ങൾ തിരിച്ചറിയുക. നിങ്ങളുടെ കണ്ണുകളെ തുറക്കുക. നിങ്ങൾ ജീവിക്കുന്ന സമയ ത്തിന്റെ പ്രാധാന്യം ഉൾകൊണ്ട് ജീവിക്കുക. ചുറ്റുപാടും അരങ്ങേ റുന്ന കാര്യങ്ങൾ നേരായതും, നേരുള്ളതുമാണെന്ന ധാരണയാൽ കബളിപ്പിക്കപ്പെടരുത്.

നിത്യത മുഴുവൻ **എന്റെ** രാജ്യത്തിൽ ഞാൻ നിങ്ങളെ ആക്കും. നിങ്ങളെ പരിപൂർണ്ണമായും **എന്റെ** മുമ്പാകെ അടിയറ വെക്കുക. നിങ്ങളുടെ **നാഥനും**, നായകനുമായി **എന്നെ** മാറ്റുക. ഇത്തരമൊരു നിർണ്ണായക തീരുമാനമെടുക്കേണ്ട സമയമാണിത്. ഒട്ടും ഇനി വൈകരുത്. നിങ്ങളുടെ **കർത്താവും, നാഥനുമായ യാഹ്ഷുവാ.**

ലൂക്കോസ് 21:31-32 **"അങ്ങനെ തന്നെ ഇവയൊക്കെയും സംഭ വിക്കുന്നത് കാണുമ്പോൾ ദൈവരാജ്യം അടുത്തിരിക്കുന്നു എന്ന് ഗ്രഹിക്കുവിൻ. സകലവും സംഭവിക്കുവോളം ഈ തലമുറ ഒഴിഞ്ഞു പോവുകയില്ല എന്ന് ഞാൻ സത്യമായി നിങ്ങളോട് പറയുന്നു".**

ഒരു വോയ്സ് ഓഫ് ഗോസ്പൽ പ്രസിദ്ധീകരണം.

# പാഠം 29

# താങ്കൾ എന്നോട് കൂടെ ഓടുകയാണ് വേണ്ടത്, നടക്കുകയല്ല.

അതെ മകളേ, നമുക്ക് തുടങ്ങാം. എന്റെ കുഞ്ഞുങ്ങളെ; നിങ്ങളുടെ **കർത്താവാണ്** സംസാരിക്കുന്നത്.

ഞാൻ നൊടിനേരം കൊണ്ട് മടങ്ങി വരുമെന്ന് നിങ്ങൾ അറിഞ്ഞിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ആ നാഴിക ഇങ്ങ് വാതിൽക്കലെത്തിയിരിക്കുന്നു.

മടങ്ങി വരാനുള്ള **എന്റെ** വഴികൾ ക്ഷണനേരം കൊണ്ട് ഞാൻ രൂപപ്പെടുത്തി **എന്റെ** കാന്തയെ ചേർത്തുകൊള്ളും. അവൾ സ്നേഹമയിയും, അവളുടെ സൗന്ദര്യം തേജോമയവുമാണ്.

അതിരറ്റ അഭിവാഞ്ചയോടെയാണ് ഞാൻ അവളെ വീക്ഷിക്കുന്നത്. അതീവ മനോഹരങ്ങളായ സ്വർഗ്ഗീയ രമ്യഹർമങ്ങളിലേക്കും; ഞാൻ അവൾക്കായി തയ്യാറാക്കിയ മനോഹര മാളികയിലേക്ക് അവളെ ആനയിച്ചുകൊണ്ടു പോകുന്ന കാര്യത്തിൽ ഞാൻ അത്യുത്സാഹവാനാണ്. ആ നിർണായക സമയം ആസന്നമായിരിക്കുന്നു. മക്കളേ; നിങ്ങൾ ഒരുങ്ങിയേ ഒക്കൂ തയ്യാറെടുപ്പുകൾക്ക് വേഗം കൂട്ടിയേ മതിയാകു.

കാലത്തിന്റെ ചക്രവാളത്തിൽ ഇരുണ്ട ദിനങ്ങൾ പ്രത്യക്ഷപ്പെടാറായി. താമസംവിനാ ഞാനെന്റെ മണവാട്ടിയെ മാറ്റും. സുരക്ഷിത സ്ഥാനത്തേക്ക് ഞാനവളെ എടുത്ത് മാറ്റും. ഇതെല്ലാം നിമിഷാർദ്ധങ്ങൾക്കിടയിൽ സംഭവിക്കും. **എന്റെ** മടങ്ങി വരവ് ഇതാ വാതിൽക്കലോളം എത്തിയിരിക്കുന്നു. അതുകൊണ്ട് കാത്തിരിക്കുന്ന **എന്റെ** കരവലയത്തിനകത്തേക്ക് ഒട്ടും താമസിക്കാതെ കടന്നുവരിക.

ഇപ്പോൾ നിങ്ങൾ നടക്കുകയല്ല; **എന്നിലേക്ക്** ഓടുകയാണ് വേണ്ടത്. അലംഭാവത്തോടെ ഇരിക്കരുത്. യാഥാർത്ഥ്യമായ എന്റെ

മുന്നറിയിപ്പുകളെ തുച്ഛീകരിക്കരുത്. മക്കളേ യാഥാർത്ഥ്യത്തെ മുഖാമുഖം കാണേണ്ടതിന്, ജീവനിലേക്ക് കാലെടുത്ത് വയ്ക്കേണ്ടതിന് നിങ്ങൾ ഉണർന്ന് പ്രവർത്തിക്കേണ്ടുന്ന ഒരു ഇടത്തേക്കാണ് മക്കളേ **ഞാൻ** നിങ്ങളെ കൂട്ടുകൊണ്ടുവന്നിരിക്കുന്നത്. ഒന്ന് കണ്ണടച്ചു തുറക്കുന്നതിനിടയിൽ അത് കട്ടിളപ്പടിയിൽ എത്തും.

മക്കളേ **എനിക്ക്** ചെവി തരിക. നിങ്ങൾ കർമനിരതരായേ പറ്റൂ. അതിഭയങ്കരമായ ആപത്ത് ഭൂമിയിലേക്ക് വന്നു കൊണ്ടിരിക്കുന്നു. തീവണ്ടി കണക്കേ അത് ചീറിപാഞ്ഞടുക്കുകയാണ്. സകലത്തേയും അത് മെതിച്ച് അമർത്തികളയും. അതിന് തടയിടുവാൻ ആരെ കൊണ്ടും സാധ്യമല്ല.

വരാൻ പോകുന്ന വൻവിപത്തിന് എതിരെ നിലകൊള്ളുവാൻ ഒരു പുരുഷനെ കൊണ്ടോ, ഒരു സ്ത്രീയേ കൊണ്ടോ, ഒരു ബാലനെകൊണ്ടോ കഴിയില്ല.

**എന്റെ** മുന്നറിയിപ്പുകളെ അവഗണിക്കുന്നവർക്ക് കനത്ത പ്രത്യാഘാതങ്ങളെ നേരിടേണ്ടതായി വരും. എത്ര മാർഗ്ഗങ്ങളിലൂടെ എത്രയെത്ര അപായസൂചനകളാമ് പലപ്പോഴായി ഞാൻ തന്നത്. ഓ എണ്ണമറ്റ മുന്നറിയിപ്പുകൾ. നിങ്ങൾ അറിഞ്ഞിരുന്നില്ലായെന്ന് പറയാൻ ഒരാറ്റ ഒഴിവുകഴിവുമില്ല.

**എന്റെ** പുസ്തകത്തിൽ ഞാൻ പറഞ്ഞുവച്ചത് പോലെ ഓരോരുത്തരും തങ്ങൾ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്ത് കൂട്ടിയ തിന്മകൾക്ക് കണക്ക് പറയേണ്ടി വരും. **എന്റെ** മക്കൾക്ക് അലോസരമുണ്ടാക്കുന്നതാണെങ്കിൽ പോലും അക്കാര്യങ്ങളെല്ലാം **എന്റെ** പുസ്തകത്തിൽ വള്ളിപുള്ളി വിത്യാസം കൂടാതെ എഴുതി ചേർത്തീട്ടുണ്ട്. സമയമെടുത്ത് പുസ്തകം വായിക്കുക. ലോകത്തിനും, ലോകൈകവ്യവഹാരങ്ങൾക്കും വേണ്ടി മിനക്കെട്ട് ചിലവഴിക്കുന്ന സമയത്തിൽ നിന്നെല്ലാം പൂർണ്ണമായും മാറി ഏകാഗ്രതയോടെ, ധ്യാന നിർഭരമായ ഹൃദയത്തോടെ **എന്റെ** വചന പാരായണത്തിന് സമയം കണ്ടെത്തുക. എന്നാൽ ലോകത്തിന്റെ സമ്മർദ്ദങ്ങളിൽ പെട്ട് **എന്റെ** വചനം വായിക്കാനുള്ള സമയം നിങ്ങൾക്ക് കണ്ടെത്താൻ കഴിയുന്നില്ല.

റോമർ 14:12 **"ആകയാൽ നമ്മിൽ ഓരോരുത്തരും ദൈവത്തോട് കണക്ക് ബോധിപ്പിക്കേണ്ടി വരും".**

ലോകത്തോടു ചേർന്നുള്ള പേക്കൂത്ത് നിങ്ങൾക്ക് ആടി തിമർക്കാം. പക്ഷേ മക്കളേ ഒന്നോർക്കുക. മിന്നുന്നതെല്ലാം പൊന്നല്ല.

ലോകം ആകർഷണീയമാണെന്നും, വശ്യമാണെന്നും ഒരുവേള തോന്നിയേക്കാം. പക്ഷേ അത് കലർപ്പില്ലാത്ത കൊടിയ വിഷമാണ്. അതിന് തരാനുള്ളത് ആത്യന്തീക മരണം മാത്രമാണ്.

ലോകത്തെ വകഞ്ഞ് മാറ്റി ദൈവവുമായി മുഖാമുഖം വരിക. അനുഗമിക്കാൻ കൊള്ളാവുന്നവനല്ലേ ഞാൻ?

യോഹന്നാൻ 12:25 **"തന്റെ ജീവനെ സ്നേഹിക്കുന്നവൻ അത് നഷ്ടപ്പെടുത്തും. ഈ ലോകത്തിൽ തന്റെ ജീവനെ ദ്വേഷിക്കുന്നവനോ നിത്യജീവനുവേണ്ടി അത് കാത്ത് സൂക്ഷിക്കും".**

അത്യന്തം ഭയാനകവും, ഭീമാകാരവുമായ മരകുരിശിൽ തീവ്ര വേദനയേറ്റുകൊണ്ട് ഞാൻ നിങ്ങൾക്ക് വേണ്ടി ജീവനെ വെടിഞ്ഞത് അങ്ങേയറ്റം കഠിനവേദനയുളവാക്കുന്ന ഒന്നായിരുന്നു. ദുഷ്ടന്മാരും, അധർമ്മികളും, നീചന്മാരും തങ്ങളുടെ പിതാവായ പിശാചിന്റെ ഹിതപ്രകാരം അത്യന്തം മൃഗീയമായ നരനായാട്ട് **എന്റെ** ശരീരത്തിൽ പ്രയോഗിച്ചതിനുശേഷം **എന്റെ** ജീവനെ എന്റെ **പിതാവിന്റെ** തൃക്കരങ്ങളിൽ ഞാൻ ഭരമേല്പിച്ചു. നിങ്ങളുടെ ജീവനുവേണ്ടി ഞാൻ കൊടുത്ത വിലയുടെ ആധിക്യം അത്ര വലിയതായിരുന്നു. നിങ്ങളുടെ സമയത്തിനും, നിങ്ങളുടെ സ്നേഹത്തിനും, നിങ്ങളുടെ ശ്രദ്ധക്കും ഞാൻ യോഗ്യനല്ലേ?

സങ്കീർത്തനം 22:12-18 **"അനേകം കാളകൾ എന്നെ വളഞ്ഞു. ബാശാൻ കൂറ്റന്മാർ എന്നെ ചുറ്റിയിരിക്കുന്നു. ആർത്തിയോടെ അലറുന്ന സിംഹത്തെപ്പോലെ അവർ എന്റെ നേരെ വായ് പിളർക്കുന്നു. ഞാൻ വെള്ളം പോലെ തൂകി പോകുന്നു. എന്റെ അസ്ഥികളെല്ലാം ബന്ധം വിട്ടിരിക്കുന്നു. എന്റെ ഹൃദയം മെഴുകു പോലെ ആയി. എന്റെ ഉള്ളിൽ അത് ഉരുകിയിരിക്കുന്നു. എന്റെ**

**ശക്തി ഓട്ടുകഷണം പോലെ ഉണങ്ങിയിരിക്കുന്നു. എന്റെ നാവ് എന്റെ അണ്ണാക്കോട് പറ്റിയിരിക്കുന്നു. അവിടന്ന് എന്നെ മരണത്തിന്റെ പൊടിയിൽ ഇട്ടുമിരിക്കുന്നു. നായ്ക്കൾ എന്നെ വളഞ്ഞു. ദുഷ്ടന്മാരുടെ കൂട്ടം എന്നെ ചുറ്റിയിരിക്കുന്നു. അവർ എന്റെ കൈകളും, കാലുകളും തുളച്ചിരിക്കുന്നു. എന്റെ അസ്ഥികളൊക്കെയും എനിക്ക് എണ്ണാം. അവർ എന്നെ ഉറ്റുനോക്കുന്നു. എന്റെ വസ്ത്രം അവർ പങ്കിട്ടെടുത്തു. എന്റെ അങ്കിക്കായി അവർ നറുക്കിടുന്നു".**

**എങ്കലേക്ക്** വരിക. ഞാൻ പറയുന്നത് ശ്രദ്ധിക്കൂ. **എന്റെ** അരികിലേക്ക് വരിക. **എന്റെ** സ്വന്തമെന്ന പോലെ ഞാൻ നിന്നെ കരുതികൊള്ളാം. **എന്റെ** സ്വന്തം കരത്താൽ ഞാൻ നിന്നെ താങ്ങി നടത്തും. ഞാൻ നിന്നെ അളവറ്റ് സ്നേഹിക്കുന്ന **പിതാവാകുന്നു. എന്റെ** സ്നേഹത്തെ കവിഞ്ഞൊരു സ്നേഹമില്ല. **എന്റെ** വാത്സല്യത്തെ കവച്ചുവക്കുന്ന വാത്സല്യവുമില്ല. നിങ്ങളോടുള്ള **എന്റെ** സ്നേഹത്തെ നിഷേധിക്കരുത്. എളിമയോട് കൂടിയ അനുതാപത്തോടെ **എന്നരികിലേക്ക്** വന്നാട്ടെ. **ഞാൻ** നിങ്ങളെ മുറ്റും വെടിപ്പാക്കാം. **ഞാൻ** നിങ്ങളെ നേരുള്ളവരാക്കിതീർക്കും. നിങ്ങളുടെ ഹൃദയത്തെ സന്തോഷം കൊണ്ടും, സന്തുഷ്ടികൊണ്ടും ഞാൻ നിറയ്ക്കാം. **എനിക്കതിന്** കഴിയും. **എനിക്കതിന്** മനസ്സുണ്ട്.

ഇപ്പോഴാകുന്നു ആ സമയം. കാത്ത് നിൽക്കരുത്. ഒട്ടും അമാന്തിക്കരുത്. **എന്റെ** മടങ്ങി വരവിന്റെ നാളുകളാണിത്. നിങ്ങളെ ചേർത്തുകൊള്ളേണ്ടതിന് **ഞാൻ** വന്നുകൊണ്ടിരിക്കുന്നു. **എന്റെ** ആത്മാവിനാൽ ഞാൻ നിങ്ങളെ നിറയ്ക്കും. **ഞാൻ** നിങ്ങളെ കുറവില്ലാത്തവരാക്കും. **എന്നിൽ** നിങ്ങളെ ഞാൻ തികവുള്ളവരാക്കും. മക്കളേ; സമയം പൊയ്കൊണ്ടിരിക്കുന്നു. ഇനിയൊട്ടും സമയം ലഭിക്കാത്തവണ്ണമുള്ള ഒരു സമയം വരും. അതുകൊണ്ട് എന്റെ മധുരോദാത്തമായ രക്ഷാദാനത്തെ വില കുറച്ച് കാണരുത്. നിത്യത മുഴുവൻ; സദാകാലവും നിങ്ങളെ **എന്നിൽ** തികഞ്ഞവരും, കുറവില്ലാത്തവരും ആക്കിതീർക്കേണ്ടതിന് ഞാൻ ചൊരിഞ്ഞ രക്തത്തെ അവമതിക്കരുത്.

മത്തായി 25:46 "ഇവർ നിത്യശിക്ഷയിലേക്കും, നീതിമാന്മാർ നിത്യജീവനിലേക്കും പോകും".

നിങ്ങൾ ഗാഢമായി **എന്നെ** അറിയണമെന്നും, ആഴമായ അടുപ്പം **നമുക്കിടയിൽ** ഉണ്ടാകണമെന്നും ഞാൻ ആശിക്കുന്നു. അതിന് മുന്നിട്ടിറങ്ങേണ്ടത് നിങ്ങളാണ്. **എന്നോട്** ചോദിച്ചുകൊൾക; ഞാൻ നിങ്ങൾക്ക് തരാം. ഊഷ്മളമായ തീവ്രസ്നേഹം നമുക്കിടയിൽ ഉണ്ടാകേണ്ടതിന് നിങ്ങളുമായി അഗാധമായ അടുപ്പം സ്ഥാപിക്കുവാൻ ഞാൻ ഇച്ഛിക്കുന്നു. ആഴത്തിലും, അതേസമയം തീർത്തും വ്യക്തിപരവുമായ വിധത്തിൽ എല്ലായ്പ്പോഴും നിങ്ങളോട് പറ്റിയിരിക്കുവാൻ ഞാൻ ആശിക്കുന്നു.

ഈ വിധത്തിൽ നിങ്ങൾ **എന്നോട്** അടുക്കുന്നുവെങ്കിൽ; അതേ തീവ്രതയിൽ ഞാൻ നിങ്ങളോട് അടുത്തുവരും. നിങ്ങളിൽ അത്തരമൊരു ദൃഢതരമായ സ്നേഹബന്ധമാണ് **എന്റെ** വചനം പ്രസ്താവിക്കുന്നത്. നമുക്കിരുവർക്കും ഹൃദ്യമായി ഇടപെടത്തക്കവണ്ണം ആളും, ആരവവും ഒഴിഞ്ഞ ഒരു ഇടത്ത് നിങ്ങൾ **എന്നെ** അന്വേഷിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

**എന്റെ** മക്കളേ അത്തരമിടങ്ങളിലാണ്; നിങ്ങളുടെ ജീവിതത്തിൽ എങ്ങനെയാണ് ഞാൻ ജീവിക്കാൻ ആഗ്രഹിക്കുന്നതെന്നുള്ള മാർഗ്ഗനിർദ്ദേശകങ്ങൾ **എനിക്ക്** നിങ്ങൾക്ക് കൈമാറുവാൻ കഴിയുന്നത്. ഞാനുമായി അത്തരമൊരു ആഴമേറിയ അടുപ്പത്തിലേക്ക് നിങ്ങൾ വരുമ്പോഴാണ് മറപൊരുളില്ലാതെ നമുക്ക് പരസ്പരം പങ്കുവെക്കുവാൻ കഴിയുന്നത്. അപ്പോഴാണ് നിങ്ങളുടെ ജീവിതത്തെ എങ്ങനെ ഞാൻ നയിക്കാൻ ആഗ്രഹിക്കുന്നുവെന്ന എന്റെ പദ്ധതികൾ നിങ്ങൾക്ക് മുമ്പിൽ അനാവരണം ചെയ്യുവാൻ കഴിയുന്നത്.

എന്നാൽ ആദ്യമേ നിങ്ങൾ **എന്റെ** ഹിതത്തിനകത്ത് ആയിരിക്കണം. **എന്റെ** ഹിതപ്രകാരം നിങ്ങൾ ആയിതീരേണ്ടതിന് സമ്പൂർണ്ണസമർപ്പണമാണ് നിങ്ങളുടെ ഭാഗത്ത് നിന്ന് ആദ്യമായ് ഉണ്ടാകേണ്ടത് നിങ്ങളുടെ സർവ്വസ്വവും **എന്റെ** മുമ്പാകെ അർച്ചനയായ് അർപ്പിക്കുക. ജീവിതത്തെ അല്പം പോലും പിടിച്ചു

വയ്ക്കാതെ എന്നിലേക്ക് കൈമാറുക. മറ്റാർക്കും ഒരു പഴുത് പോലും ഇല്ലാതവണ്ണം സമ്പൂർണ്ണമായ് **എനിക്ക്** മാത്രം അവകാശ പ്പെട്ടതാക്കുക. നിരുപാധീകമായ അടിയറവാണ് ഞാൻ ആഗ്രഹി ക്കുന്നത്. ലോകത്തേയും, ലോകത്തിനുള്ളതിനേയും അപ്പാടെ ത്യജിക്കുക എന്നതാണതിന്റെ പൂർണ്ണ അർത്ഥം. ലോകത്തോടുള്ള നിങ്ങളുടെ കടപ്പാടിന്റേയും, കെട്ടുപാടിന്റേയും കുരുക്കിൽ നിന്ന് രക്ഷപ്പെട്ട്; **ഞാൻ** നിങ്ങളുടെ ജീവിതഗതി എങ്ങോട്ടെക്കൊക്കെ വഴി തിരിച്ചു വിടുന്നുവോ അവിടെയെല്ലാം നിങ്ങൾ **എന്നെ** പിൻപറ്റുക.

ഇത് ഒരുപാട് പേർ നടപ്പിൽ വരുത്തുവാൻ ആഗ്രഹിക്കുന്ന ഒന്നല്ല. ഉപേക്ഷിക്കേണ്ട പലതിനേയും വിട്ടുകളയാതെ യാത്രയിൽ ചേർത്ത് പിടിച്ച് നടക്കുവാനാണ് അനേകർക്കും താല്പര്യം. മക്കളേ **നമുക്കിടയിൽ** തടസ്സമായി നിങ്ങൾ നാട്ടിയിരിക്കുന്നത് എന്താണ്? അത് നിങ്ങളുടെ ജോലിയാണോ, അതോ നിങ്ങളുടെ സമ്പത്തോ? നിങ്ങളുടെ ശുശ്രൂഷയോ, നിങ്ങളുടെ മക്കളോ? **നമുക്കിടയിൽ** തല യുയർത്തി നിൽക്കുന്ന തടസ്സമെന്താണ്? എന്താണ് **എന്നെ**ക്കാളു പരിയായ് നിങ്ങളെ ആവേശം കൊള്ളിക്കുന്നത്?

മത്തായി 10:37-39 **"എന്നെക്കാളധികമായി അപ്പനെയോ, അമ്മ യെയോ സ്നേഹിക്കുന്നവൻ എനിക്ക് യോഗ്യനല്ല. എന്നെക്കാള ധികമായി മകനെയോ, മകളെയോ സ്നേഹിക്കുന്നവനും എനിക്ക് യോഗ്യനല്ല. തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കാത്തവനും എനിക്ക് യോഗ്യനല്ല. തന്റെ ജീവനെ കണ്ടെത്തിയവൻ അത് നഷ്ടപ്പെടുത്തും. എന്നെ പ്രതി തന്റെ ജീവനെ നഷ്ടപ്പെടുത്തു ന്നവൻ അത് കണ്ടെത്തും".**

കുഞ്ഞുങ്ങളേ, ജീവിതത്തിന്റെ പ്രഥമസ്ഥാനത്ത് നിങ്ങൾ **എന്നെ** പ്രതിഷ്ഠിച്ചില്ലെങ്കിൽ നിങ്ങളുടെ ജീവിതഗന്ധിയായ; ഇമ്പമേറിയ സകലതും നിങ്ങൾക്ക് കൈമോശം സംഭവിക്കുമെന്ന് മാത്രമല്ല; അതോടൊപ്പം ജീവിതത്തിൽ നിന്ന് ഞാനും പടിയിറങ്ങും. മക്കളേ; ഇത് അത്യന്തം ഗൗരവാവഹമായ കാര്യങ്ങളാണ്, പറഞ്ഞേ

മതിയാകൂ. നിങ്ങൾ ഇത് കേട്ട് വിലയിരുത്തണം. നിങ്ങളുടെ ജീവിത സാഹചര്യങ്ങളിൽ **എനിക്കുള്ള** സ്ഥാനം എവിടെയാണ്. ഞാനാകുന്നുവോ നിങ്ങളുടെ ജീവിതത്തിന്റെ മുഖ്യസ്ഥാനം അലങ്കരിക്കുന്നത്; അതോ ജീവിതത്തിന്റെ ഏണിപ്പടികളിലെ അവസാനത്തെ ചവിട്ടുപടിയാണോ ഞാൻ? **എന്നിൽ** നിങ്ങൾക്കുള്ള സ്ഥാനം പുനഃപരിശോദനക്ക് വിധേയമാക്കിയേ മതിയാകൂ. നിങ്ങളുടെ ഹൃദയഭൂമിയിൽ **എനിക്കായി** മാറ്റിവച്ചിരിക്കുന്നത് ഏതിടമാണ്? മക്കളേ **എന്നോട്** പറ്റിനിൽക്കുക; **എന്റെ** ഹൃദയത്തോട് നിങ്ങളെ ചേർത്ത് കെട്ടുവാൻ ഞാൻ മോഹിച്ചു പോകുന്നു. **എന്റെ** മടങ്ങി വരവിന്റെ നാളും, നാഴികയും കൺമുമ്പിലെത്തി നിൽക്കുന്നു. ഏറ്റവും നികൃഷ്ടമായതിൽ നിങ്ങൾ ചെന്ന് നിപതിക്കുവാൻ തക്കവണ്ണം നിങ്ങൾ കൈവിടപ്പെട്ടു പോകരുതെന്നാണ് **എന്റെ** ആഗ്രഹം. കണ്ടെത്താവുന്ന കാലത്ത് **എന്നെ** കണ്ടെത്തുവിൻ. നിങ്ങൾക്ക് പിൻപറ്റുവാൻ ഞാൻ നിങ്ങളുടെ തൊട്ടടുത്തുണ്ട്. **എന്റെ** സ്നേഹം സീമാതീതമാണ്. നിത്യത മുഴുവൻ ആനന്ദിച്ച് ആസ്വദിക്കാനുള്ള **എന്റെ** ശുദ്ധസ്നേഹത്തെ പുറംകാൽ കൊണ്ട് തട്ടികളയല്ലേ.

ഇത് നിങ്ങളുടെ **രാജകീയ മണവാളനായ യാഹ്ഷുവാ** ആകുന്നു.

ഒരു വോയ്സ് ഓഫ് ഗോസ്പൽ പ്രസിദ്ധീകരണം.

# പാഠം 30
# എന്റെ മണവാട്ടി എല്ലാനിലക്കും സൗന്ദര്യവതിയാണ്

അതെ മകളേ, നമുക്ക് തുടർന്നുകൊണ്ടേയിരിക്കാം. ഇത് ഞാനാണ്. നിങ്ങളുടെ **കർത്താവ്. എന്റെയും**, നിങ്ങളുടെയും **പിതാവിന്റെ** നാമത്തിൽ ഞാൻ നിങ്ങളെ വന്ദനം ചെയ്യുന്നു.

കുഞ്ഞുങ്ങളെ; ഞാൻ ഇറങ്ങി വന്ന് ഞാൻ **എന്റെ** കാന്തയെ ചേർത്തുകൊള്ളുവാനുള്ള കാലം അതിക്രമിച്ചു കഴിഞ്ഞു. അവൾ എല്ലാനിലക്കും സൗന്ദര്യത്തിന്റെ നിറകുടമാണ്. അവളെ **എന്റെ** സ്വന്തം എന്ന് വിളിക്കുന്നതിൽ ഞാൻ അത്യധികം ആനന്ദിക്കുന്നു. അവൾ **എന്റെ** പ്രിയയാണ്.

ഇനിയൊട്ടും താമസിക്കാതെ നാളുകളായി വിരിച്ചുവച്ചിരിക്കുന്ന **എന്റെ** കരവലയത്തിനകത്ത് ഞാനവളെ ചേർത്ത് പിടിക്കും. നിത്യത മുഴുവൻ അവൾ **എന്നോടൊപ്പം** ആയിരിക്കും.

ഞാനും, അവളും; **ഞങ്ങൾ** എയ്ത് വിട്ട നക്ഷത്രങ്ങളെ പോലെയായിരിക്കും. **ഞങ്ങളുടെ** സ്നേഹത്തിന് അവസാനമെന്നൊന്നില്ല. അനന്തമായ, നിത്യമായ സ്നേഹം. ഞാനവളിലേക്ക് പകർന്നൊഴിച്ച സമാധാനം എക്കാലത്തേക്കുമുള്ളതാണ്. അവൾ **എന്റെ** മനോഹാരിണിയായ മണവാട്ടിയാണ്. **എന്റെ** വഴികളിൽ ആനന്ദിക്കുകയും, **എന്നോട്** തികഞ്ഞ അനുസരണവും കാണിക്കുന്നവൾ. അവൾ **എന്റെ** സ്നേഹഭാജനമാണ്. **എന്റെ** പുറകേ എനിക്കായ് നടന്നുവരുന്നവൾ. ഇടുങ്ങിയപാതയിൽ **എനിക്കുവേണ്ടി** നടന്നു നീങ്ങിയവൾ. **എന്നിൽ** മാത്രം കണ്ണും നട്ടിരുന്നവൾ. അവളുടെ വഴികളെല്ലാം സ്നേഹനിബിഡമാണ്.

അവളാണ് ലോകത്തിൽ അവശേഷിക്കുന്ന അവസാന വെളിച്ചം. ലോകത്തിന് **എന്റെ** വഴികളെ കാണിച്ചു കൊടുക്കുന്നത് അവളാണ്. അവളിലൂടെ ലോകം **എന്നെ** ദർശിക്കുന്നു. **എന്റെ** പ്രതിരൂപത്തെ

ലോകത്തിന് പ്രതിബിംബിച്ച് കൊടുക്കുന്നത് **എന്റെ** കാന്തയാണ്. അവളുടെ വഴികൾ അങ്ങേയറ്റം സൗമ്യതയുള്ളതാണ്. ശിശുസഹജമായ വിശ്വാസമാണ് അവൾക്കുള്ളത്. ഇതാണ് സ്വർഗ്ഗത്തിലുള്ളവരുടെ യോഗ്യത.

ഭൂമിയിൽ നിന്ന് വിടർത്തി **എന്റെ** കാന്തയെ **എന്നോട്** അടുപ്പിക്കുന്ന സമയം അടുത്തിരിക്കുന്നു. **എനിക്കായിട്ടാണ്** ഞാൻ അവളെ എടുക്കുന്നത്. ഇവിടത്തെ കാര്യങ്ങളിൽ നിന്ന് ഞാനവളെ അകറ്റി ഭദ്രമായി സൂക്ഷിക്കും. വരുവാനുള്ള ഒരു ദോഷവും തീണ്ടാതെ ഞാനവളെ ക്ഷേമത്തോടെ പരിപാലിക്കും. സംശയിക്കരുത്. നാഴിക അടുത്തിരിക്കുന്നു.

മത്തായി 18:3 **"ഞാൻ സത്യമായി നിങ്ങളോട് പറയുന്നു. നിങ്ങൾ മാനസാന്തരപ്പെട്ട് ശിശുക്കളെ പോലെ ആകുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല".**

**എന്റെ** കാന്ത ഒരുങ്ങി കാത്തിരിക്കുന്നതു പോലെ നിങ്ങളും തയ്യാറായി ഇരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. **എന്റെ** രക്തത്തിൽ കഴുകി അവൾ തന്നെത്താൻ ഒരുങ്ങി സജ്ജമായിരിക്കുന്നു. അവൾ സ്വയമേവ കഴുകി വാട്ടം, ചുളുക്കം എന്നിവയില്ലാതെ സ്വയം സൂക്ഷിക്കുന്നു. **എന്നോട്** കൂടെ സ്വർഗ്ഗീയ സ്ഥലങ്ങളിലേക്ക് വരുവാനും, **എന്റെ** സാന്നിദ്ധ്യം ആസ്വദിച്ചുകൊണ്ട് **എന്നോട്** കൂട്ടായ്മ പുലർത്താനും അവൾ എപ്പോഴും സന്നദ്ധയായിരിക്കുന്നു.

എഫേസ്യർ 5:25-27 **"ഭർത്താക്കന്മാരെ, ക്രിസ്തു സഭയെ സ്നേഹിക്കുകയും തന്നത്താൻ അവൾക്കായി ഏൽപ്പിച്ചു കൊടുക്കുകയും ചെയ്തതുപോലെ തന്നെ സ്വന്തഭാര്യമാരെ സ്നേഹിക്കുവിൻ. അവിടന്ന് സഭയെ വചനത്തോടുകൂടിയ ജലസ്നാനത്താൽ കഴുകി വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനും കറയോ, ചുളുക്കമോ, മറ്റ് കുറവുകളോ ഇല്ലാതെ അവളെ വിശുദ്ധയും, നിഷ്കളങ്കയുമായി അവിടത്തേക്ക് വേണ്ടി തേജസ്സോടെ മുമ്പിൽ നിറുത്തേണ്ടതിനുമായിട്ടാണ് അങ്ങനെ ചെയ്തത്".**

ഇവിടെ നിന്ന് **എന്നരികിലേക്ക്** അവൾ വരേണ്ടതിന് ഞാൻ

ആകാശപ്രത്യക്ഷതക്ക് തയ്യാറായിരിക്കുന്നു. ഇതൊരു മർമ്മമാണ്. വലിയ മർമ്മം. അവൾ പൂർണ്ണതയിലേക്ക് രൂപാന്തരപ്പെടുന്നതു പോലെ. മഹത്വമേറിയ പുതിയ ശരീരത്തോടെ അവൾ **എന്നോട്** സദൃശ്യയാകും.

അവളുടെ ശരീരം കുറവുകളില്ലാത്ത, ക്ഷയം സംഭവിക്കാത്ത, നിത്യതേജസ്സിനാൽ, **എന്റെ** തേജസ്സിനാൽ തന്നെ രൂപാന്തരം പ്രാപിക്കും. സ്വർഗ്ഗീയ മണ്ഡലത്തിൽ അവൾ ശോഭാപരിപൂർണ്ണ യായി വെട്ടി തിളങ്ങും. **ഞങ്ങൾ** അന്യോന്യം അനുരൂപപ്പെടുമ്പോൾ അവൾ തേജോമയിയും, മഹത്വപൂർണ്ണയുമായി തീരും. ആ മഹത്വ പൂരിതമായ ശരീരം മരണം അനുഭവിക്കുകയോ, എന്തിനധികം മൃത്യുവിനെ കുറിച്ചുള്ള അറിവു പോലും ആ ശരീരത്തിന് ഉണ്ടാ യിരിക്കുകയില്ല. നിത്യഹരിത യൗവ്വനത്തിന്റെ വറ്റാത്ത ഉറവയായി രിക്കും ആ ശരീരം. പരിമിതികളൊന്നും തനിക്കില്ലായെന്ന് ആ ശരീരം മനസ്സിലാക്കും. തങ്ങൾക്ക് ലഭിച്ച മഹത്വമുള്ള ശരീരത്തെ **എന്റെ** മക്കൾ ആസ്വദിക്കും. വേദനയെന്തെന്നത് ഇനിമേൽ അവർ അറിയുകയില്ല. സാഹചര്യം ആവശ്യപ്പെടുന്നതിനനുസരിച്ച് ആ ശരീരത്തിന് രൂപമാറ്റം സംഭവിച്ചുകൊണ്ടിരിക്കും. സ്വർഗ്ഗീയ വാസ സ്ഥലങ്ങളിൽ ആയാസരഹിതമായി അവർ സഞ്ചരിക്കും.

ഈ ശരീരങ്ങൾ പറക്കുകയും, നടക്കുകയും ചെയ്യും. മനുഷ്യ ശരീരം ചെയ്യുന്നതുപോലെയും, അതിനേക്കാൾ ഉപരിയായും ഈ ശരീരം പ്രവർത്തിക്കും. ഇത് തേജസ്സേറിയ ശരീരമാകുന്നു. മനുഷ്യ ശരീരങ്ങൾക്കുള്ള യാതൊരു പരിമിതികളും ഈ ശരീരത്തിനില്ല. ഈ ശരീരത്തിന് ചെയ്യാൻ കഴിയാത്തതൊന്നുമില്ല. അന്നാളിൽ **എന്റെ** മക്കൾ ഇപ്പോൾ ചെയ്യുന്നതു പോലെ തന്നെ ഭക്ഷണപാനീ യങ്ങൾ ആസ്വദിക്കും. തേജസ്ക്കരിക്കപ്പെട്ട പുതിയ ശരീരം പ്രാപി ച്ചവരെല്ലാം അങ്ങേയറ്റം ആവേശഭരിതരും, വിസ്മയം പൂണ്ടവരും ആയിരിക്കും. ഇതെല്ലാം ക്ഷണത്തിൽ, ഞൊടിയിടയിൽ സംഭവിക്കും.

**എന്റെ** മക്കൾ കണ്ണിമയ്ക്കുന്നതിനിടയിൽ രൂപാന്തരം പ്രാപിക്കും. അതിവേഗത്തിലിത് സംഭവിക്കും. അവർ അത്ഭുതപരതന്ത്രരായി

തീരും. മക്കളേ; സദാകാലത്തേക്കുമുള്ള ശാശ്വതമായ മാറ്റമാണിത്. **എന്റെ** മക്കൾക്കുവേണ്ടി, **എന്റെ** വിശ്വസ്ത കുഞ്ഞുങ്ങൾക്കുവേണ്ടി ഞാൻ ഒരുക്കി വച്ചത് കണ്ണ് കണ്ടീട്ടില്ല; ചെവി കേട്ടീട്ടില്ല.

1 കൊരിന്ത്യർ 15:51–54 **"ഞാൻ ഒരു മർമ്മം നിങ്ങളോട് പറയാം. നാം എല്ലാവരും നിദ്ര കൊള്ളുകയില്ല. എന്നാൽ അന്ത്യ കാഹളനാദത്തിങ്കൽ പെട്ടെന്ന് കണ്ണിമയ്ക്കുന്നതിനിടയിൽ നാം എല്ലാവരും രൂപാന്തരം പ്രാപിക്കും. കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായി ഉയിർപ്പിക്കപ്പെടുകയും, നാം രൂപാന്തരം പ്രാപിക്കുകയും ചെയ്യും. ഈ നശ്വരമായത് അനശ്വരതയേയും, ഈ മർത്യമായത് അമർത്യതയേയും ധരിക്കണം. ഈ നശ്വരമായത് അനശ്വരതയേയും, മർത്യമായത് അമർത്യതയേയും ധരിക്കുമ്പോൾ മരണം നീങ്ങി ജയം വന്നിരിക്കുന്നു എന്ന് എഴുതപ്പെട്ടിരിക്കുന്ന വചനം നിവൃത്തിയാകും".**

തിരിഞ്ഞ് **എന്റെ** മുഖത്തേക്ക് നോക്കിയാട്ടെ. **എന്റെ** സകല മഹത്വത്തിലും **എന്റെ** കാന്തയെ **എനിക്കായ്** ചേർത്തുകൊള്ളുവാൻ ഞാൻ വരുമ്പോൾ; ആ മഹാസമ്മേളനം നിങ്ങൾക്ക് നഷ്ടമാകരുത്. ആ മഹാസംഭവം അടുത്തുകൊണ്ടിരിക്കുകയാണ്. കുഞ്ഞുങ്ങളെ സന്നദ്ധരാവുക. ഒരുക്കങ്ങൾ ആരംഭിക്കുക. ജാഗ്രതയോടെ **എന്നെ** പിൻതുടരുക. **എനിക്ക് വേണ്ടി** കാത്തിരിക്കുന്നവർ തുലോം വിരളമാണ്. ലോകത്തിന്റെ പിടിയിലകപ്പെട്ട് അവർ ഞെരിഞ്ഞമർന്നുകൊണ്ടിരിക്കുകയാണ്.

കാഴ്ചയിൽ എല്ലാം സാധാരണവും, സത്യസന്ധവുമാണെന്ന് തോന്നുമെങ്കിലും, ലോകം ചതിക്കുന്നതാണ്. ലോകം ഒരു നുണയാണ്. സകല ദോഷങ്ങളുടേയും വിളനിലമായ ലോകത്തിന്; അവളുടേതായ ഒരൊറ്റ സത്യമേയുള്ളു. സത്യമാണെന്ന വ്യാജ്യേന അവൾ പ്രചരിപ്പിക്കുന്ന അസത്യങ്ങളിലാണ് അവൾ മുറുകെ പിടിക്കുന്നത്. ഒരു കാലത്തും അവളുടെ വായിൽ സത്യമില്ല. ലോകത്തിലുള്ള കാര്യങ്ങളെല്ലാം ശരിയാണെന്ന് തോന്നുമെങ്കിലും, കാര്യങ്ങളൊന്നും പന്തിയല്ല. അധികം താമസിയാതെ ഈ തകരാറ് ലോകം മനസ്സിലാക്കും.

നിങ്ങൾ തന്നെ സ്വയം ഒരുങ്ങി തയ്യാറാവുക. **ഞാനിനിയും** ദീർഘനാൾ കാത്തുനിൽക്കുകയില്ല. **എന്റെ** വരവ് വാതിൽക്കലായിരിക്കുന്നു.

**ഞാൻ** വാതിൽക്കൽ നിന്ന് മുട്ടുന്നു. നിങ്ങളുടെ ഹൃദയത്തിലേക്ക് ഞാൻ വരട്ടെ. സമയം മാറികൊണ്ടിരിക്കുന്നു. കുപ്പിക്കകത്തെ മണൽ നേർത്ത് നേർത്ത് ഇല്ലാതെയാകുന്നു.

നിങ്ങളുടെ സുഖശീതളിമയുടെ നാലതിരുകൾക്കുള്ളിൽ നിന്ന് പുറത്തു കടന്ന് കണ്ണുനീരോടെ മുട്ടു കുത്തുക. പാപങ്ങളെ ഓർത്ത് പശ്ചാത്തപിക്കുക. നിങ്ങളുടെ ജീവിതം **എനിക്ക്** തരിക. ഞാനതിനെ കഴുകി വെടിപ്പാക്കാം. നിങ്ങളെ ഒരുക്കിയെടുക്കാം. അങ്ങനെ ചെയ്യുന്നതിൽ **എനിക്ക്** സന്തോഷമേയുള്ളു. ലോകത്തെ കൂടാതെ നിങ്ങൾ നിങ്ങളെ വേർതിരിച്ച് വിശുദ്ധീകരിക്കുക. ലോകത്തെ തീണ്ടാതെ വരിക. ലോകവുമായി ദൂരം നിലനിർത്തുക. ലോകം മരണമാകുന്നു. **എന്നെ** കൂടാതെ ലോകത്തിന് അധികകാലം തുടരുവാൻ കഴിയില്ല. അവളുടെ അധഃപതനമാണ് അവളെ **എന്നിൽ** നിന്ന് പുറം തിരിച്ചതും, സ്വന്തം ദുഷ്ടതകളിൽ അഭിരമിക്കുവാൻ അവളെ പ്രേരിപ്പിക്കുന്നതും.

1 തെസ്സലോനിക്യർ 5:23 **"സമാധാനത്തിന്റെ ദൈവം തന്നെ നിങ്ങളെ മുഴുവനും വിശുദ്ധീകരിക്കട്ടെ. നിങ്ങളുടെ ആത്മാവും, പ്രാണനും, ദേഹവും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ വരവിങ്കൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാത്തുസൂക്ഷിക്കപ്പെടുമാറാകട്ടെ".**

ഇല്ല മക്കളേ നിങ്ങൾ തിരഞ്ഞെടുത്തിരിക്കണം. നിങ്ങൾ ലോകത്തോട് കൂടെ പോകുന്നുവോ; അതോ **എന്നോട്** കൂടെ വരുന്നുവോ? നിങ്ങൾ എടുക്കേണ്ട നിലപാടാണിത്. നിങ്ങൾക്ക് വേണ്ടി ഈ തിരഞ്ഞെടുപ്പ് നടത്താൻ **എനിക്കാവില്ല. എന്നോട്** കൂടെ വരിക എന്ന് അഭ്യർത്ഥിക്കാനോ **എനിക്ക്** കഴിയുകയുള്ളു.

നിത്യതയിൽ നിങ്ങൾ **എന്റെ** വശത്തുണ്ടായിരിക്കണമെന്നാണ്

**എന്റെ** താത്പര്യം. **എന്റെ** സ്വർഗ്ഗീയസ്ഥലങ്ങളിൽ നിങ്ങളും കൂടി ചേരണമെന്നാണ് **എന്റെ** ആഗ്രഹം. പക്ഷേ ഇത് നിങ്ങൾ കൈ കൊള്ളേണ്ട തീരുമാനമാണ്. ഒന്നുകിൽ **എന്റെ** മുമ്പാകെ താഴ്ത്തി ഏൽപ്പിച്ചു തരിക. അല്ലെങ്കിൽ പുറന്തള്ളപ്പെടലിന് വിധേയമാകുക. നിങ്ങളുടെ തീരുമാനത്തിനായി **ഞാൻ** കാത്തിരിക്കുന്നു. **എന്റെ** സ്നേഹം കാത്തിരിക്കുന്ന സ്നേഹമാണ്. പക്ഷേ ഇനിയും വൈകാതെ ഞാൻ **എന്റെ** കാന്തയെ രക്ഷിച്ചെടുക്കും. ഇപ്പറയുന്നത് നിശ്ചയമുള്ള കാര്യങ്ങളാണ്. ഞാൻ വ്യാജം പറയുന്ന **ദൈവമല്ല.** എന്നരികിലേക്ക് വരിക. ഇപ്പോൾ തന്നെ വൈകി.

**വലിയവനായ യാഹ്ഷുവാ.**

ഒരു വോയ്സ് ഓഫ് ഗോസ്പൽ പ്രസിദ്ധീകരണം.

# പാഠം 31

# എന്നെ ആരാധിക്കുന്നവരും, എന്നിലേക്ക് മനം തിരിയുന്നവരും വളരെ കുറവ്

ശരി; നമുക്ക് വീണ്ടും തുടങ്ങാം (ഫെബ്രുവരി 28. 2012) ഞാൻ താലോലിക്കുന്ന **എന്റെ** മക്കളേ, **എന്റെ** മടങ്ങി വരവിന്റെ കാലം അടുത്തിരിക്കുന്നു. നീ ഒരുക്കം തുടങ്ങിയേ പറ്റൂ. നീ സജ്ജമായിരുന്നേ ഒക്കൂ. **എന്റെ** രക്തത്താൽ നിന്നെ പൊതിയുവാൻ **എന്റെ** ഉള്ളം വെമ്പുന്നു.

ലോകം കൂമ്പിയടയുവാൻ പോകുന്നു. അത് അന്ത്യശ്വാസം വലിച്ചുകൊണ്ടിരിക്കുന്നു. അന്ത്യത്തിന്റെ പ്രാരംഭത്തിലേക്ക് പിച്ച വച്ച് നടക്കുകയാണ്. മൂല്യച്യുതിയിലേക്ക് കൂപ്പു കുത്തുകയാണ്. കലർപ്പില്ലാത്ത കാപട്യത്തിലേക്ക് ഓരോ ദിവസം കഴിയുന്തോറും മുഴുത്തു വരുന്നു. തങ്ങളുടെ ദൈവത്തിനെതിരായി ബോധപൂർവ്വം പുറം തിരിച്ച് നടക്കുകയാണ്. **എന്റെ** മക്കളെ ഞാനാഗ്രഹിക്കുന്ന നിലവാരത്തിൽ **എന്നെ** അന്വേഷിക്കുന്നവർ വളരെ ചുരുക്കമാണ്. **എന്റെ** മുമ്പാകെ ജീവിതം താഴ്ത്തി സമർപ്പിക്കുന്നവർ അല്പമേയുള്ളു. **എന്നെ** ആരാധിക്കുന്നവരും, **എന്നിലേക്ക്** മനം തിരിഞ്ഞ് വരുന്നവരും എണ്ണത്തിൽ കുറവാണ്. ഒരു ഉപാധികളും നിരത്തിവയ്ക്കാതെ ഞാൻ പറയുന്നിടത്തേക്ക് മറുത്തൊന്നും പറയാതെ പോകുവാനും, **എന്നെ** പിന്തുടരുവാനും മനസ്സുള്ളവർ ഏറെയില്ല.

മർക്കോസ് 8:34 **"പിന്നെ അവിടന്ന് പുരുഷാരത്തേയും, അവിടത്തെ ശിഷ്യന്മാരോടൊപ്പം അരികെ വിളിച്ചീട്ട് അവരോട് പറഞ്ഞു ആരെങ്കിലും എന്നെ അനുഗമിക്കുവാൻ ഇച്ഛിക്കുന്നുവെങ്കിൽ അവൻ തന്നത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് കൊണ്ട് എന്നെ അനുഗമിക്കട്ടെ".**

അനേകർ ലോകത്തിലും, ലോകത്തിന്റെ ഊരാകുടുക്കിലും പെട്ട് നട്ടം തിരിയുകയാണ്. ഈ ലോകം **ഞാനുമായി** ശത്രുത്വത്തിലാ

ണെന്ന് നിങ്ങൾക്കറിയില്ലേ? ഈ വഴിപിഴച്ച ലോകത്തെ ഇനിയും ഞാൻ അധികനാൾ സഹിക്കുകയില്ല.

ഇത് ഈ നിലയിൽ മുമ്പോട്ട് പോകുവാൻ **ഞാൻ** അനുവദി ക്കുകയില്ല. **ഞാനെന്റെ** മണവാട്ടിയെ ഇവിടെ നിന്ന് വേർപെടുത്തും. **എന്റെ** മക്കളെ ഞാൻ ഉറപ്പുള്ള ഒരിടത്തേക്ക് മാറ്റും. അവൾ അതീവ സുന്ദരിയാണ്. അവൾക്കായി ഞാൻ ഒരുക്കിയിരിക്കുന്ന സ്വർഗ്ഗ സ്ഥലത്തേക്ക് **ഞാനവളെ** നീക്കും. മക്കളേ; വളരെ പെട്ടെന്ന് സംഭ വിക്കുവാൻ പോകുന്ന വലിയൊരു യാഥാർത്ഥ്യമാണിത്. ഇതിനെ കുറിച്ച് നിങ്ങൾ അറിവുള്ളവരായിരിക്കണം. ഈ സത്യത്തിലേക്ക് മിഴി തുറന്ന് നിങ്ങൾ എഴുന്നേൽക്കണം.

അനേകർ പാതിമയക്കത്തിലാണ്, സുഖനിദ്രയിലാണ്. അവർ **എന്നിൽ** നിന്ന് ഓടിയകന്നവരാണ്. ശത്രുവിന്റെ കൈകളിൽ അക പ്പെട്ടവർ. വേട്ടക്കാരന്റെ വലയിൽ കുടുങ്ങുന്ന ബുദ്ധിശൂന്യരായ പക്ഷികളെ പോലെയാണവർ.

സങ്കീർത്തനം 124:7 **"വേട്ടക്കാരുടെ കെണിയിൽ നിന്നും പക്ഷി യെന്ന പോലെ നമ്മുടെ പ്രാണൻ വഴുതി പോന്നിരിക്കുന്നു. കെണി പൊട്ടി നാം രക്ഷപ്പെട്ടിരിക്കുന്നു".**

മക്കളേ ഈ സത്യത്തിലേക്ക് നിങ്ങൾ എഴുന്നേൽക്കണം. എഴു ന്നേറ്റ് വരിക. **ഞാനിതാ** വരുന്നു. പൂർണ്ണമായി പിടിക്കപ്പെട്ട്, സമ്പൂർണ്ണപരാജയത്തിന്റെ അടിതട്ടിലേക്ക് നിപതിക്കുന്നതിന് മുമ്പായി എഴുന്നേൽക്കുക. **എന്റെ** വരവിന്റെ കാലം അടുത്തിരി ക്കുന്നു. ഇന്നും അനേകർ സുഖസുഷുപ്തിയിലാണ്. ഗാഢനിദ്ര യിലാണ്. അറിഞ്ഞില്ലെന്ന് പറഞ്ഞ് കെണിയിൽ അകപ്പെടേണ്ട സമയമല്ലിത്. നിങ്ങൾ ഉണരണം. സമ്പൂർണ്ണ സമർപ്പണത്തോടെ ജീവിതത്തെ **എന്റെ** മുമ്പാകെ താഴ്ത്തി ഏൽപ്പിച്ചില്ലെങ്കിൽ; ശത്രു വിന്റെ താളത്തിനൊത്ത് ചുവട് വെക്കുന്ന ശത്രുവിന്റെ കൈയ്യിലെ പാവയായി നിങ്ങൾ അധഃപതിക്കും.

ഞാൻ ദീർഘക്ഷമയുള്ള **ദൈവമാണ്.** പക്ഷേ **എന്റെ** ദീർഘ ക്ഷമ പെട്ടെന്ന് ഓടിമറയും. മൃതാവസ്ഥയിലായ ഈ ദുഷ്ട

ലോകത്തെ ഇനിയും സഹിക്കാൻ **എനിക്കാവില്ല.** ബോധപൂർവ്വം **എന്നെ** നിരാകരിച്ചതാണ് അവരുടെ ശൂന്യതക്കും, നാശത്തിനും കാരണം. ലോകത്തിന്റെ ഓരോ മുക്കും, മൂലയും മത്സരിച്ച് എന്നെ തിരസ്ക്കരിക്കുകയാണ്. ഏകപക്ഷീയമായ ഒഴിവാക്കലാണിത്. ലോകം ഇപ്പോൾ ദുഷ്ടതയെയാണ് ചേർത്ത് പിടിക്കുന്നത്.

ലോകം ആലിംഗനം ചെയ്യുന്നത് തിന്മയെയാണ്. ചേർന്ന് നടക്കുന്നത് വഷളത്വത്തോടൊപ്പമാണ്. എഴുന്നേൽക്കുന്നത് ദോഷത്തിലേക്ക് ബദ്ധപ്പെട്ടാണ്. അന്തിയുറക്കം അതിക്രമവുമായിട്ടാണ്. ഇതിന്റെ മദ്ധ്യത്തിൽ യഥാർത്ഥമായി **എന്റെ** കാൽചുവടുകളെ പിൻപറ്റുന്നത് **എന്റെ** കാന്തമാത്രമാണ്. വിശ്വസ്തത വിളങ്ങുന്നത് അവളിൽ മാത്രമാണ്. അവൾക്ക് മാത്രമേ കറയറ്റ കൈകളുള്ളു.

ലോകത്തെ തള്ളിമാറ്റി **എനിക്ക്** വേണ്ടി വേർതിരിഞ്ഞ് വരുവാനുള്ള ത്രാണി അവൾക്ക് മാത്രമേയുള്ളു. ലോകത്തിന്റെ ഉച്ഛിഷ്ഠങ്ങളിൽ പങ്കുപറ്റി തങ്ങളുടെ അങ്കി അലങ്കോലപ്പെടുത്താതെ അതിവിശുദ്ധമായി കാത്തുപരിപാലിക്കുവാൻ **എന്റെ** മണവാട്ടിക്ക് മാത്രമേ കഴിയുകയുള്ളു.

കൂരിരിട്ടുള്ള ഈ ലോകത്തിൽ **എന്റെ** വെളിച്ചം **എന്റെ** കാന്തയാണ്. അന്ധകാര നിബിഢമായ ഈ ലോകത്തിൽ അതീവ പ്രഭയോടെ അവൾ ജ്വലിച്ചു കത്തുന്നു. അവളുടെ വെളിച്ചത്തിന്റെ സ്ഫുരണം ഇരുട്ടുള്ള ഈ ലോകത്തിലേക്ക്; ദിനംപ്രതി ഇരുട്ടിൽ നിന്ന് ഇരുട്ടിലേക്ക് വഴുതി മാറുന്ന ഈ ലോകത്തിലേക്ക് ഊളിയിട്ടിറങ്ങും.

ഞാൻ **എന്റെ** കാന്തയെ സുരക്ഷിതമായൊരിടത്തേക്ക് എടുത്തു മാറ്റുമ്പോൾ ഈ വെളിച്ചമണയും. അപ്പോൾ അന്ധകാരവും, കൂരിരുട്ടും ഭൂമിയെ വാഴും. അങ്ങേയറ്റം ശോചനീയമായ നാളുകളാണത് മക്കളേ.

അവസരമുള്ള ഇപ്പോൾ നിങ്ങൾ **എന്റെ** വെളിച്ചത്തിൽ ചുവട് വെക്കുക. അല്പസമയം കൂടെ അവശേഷിക്കുന്നുണ്ട്. സമയം അതിന്റെ സമാപ്തിയിലേക്കെത്തിയിരിക്കുന്നു. നിമിഷ സൂചി അർദ്ധ

രാത്രിയുടെ മണി മുഴക്കുവാൻ ഏറെകുറെ അടുത്തെത്തിയിരിക്കുന്നു.

ഈ വാക്കുകളെ നിസ്സാരമായി തള്ളികളയരുത്. നിങ്ങളുടെ നന്മക്കുവേണ്ടിയാണിത്. വരാനിരിക്കുന്ന അത്യന്തം ഭയാനകമായ, അങ്ങേയറ്റം വൈകൃതം നിറഞ്ഞ കാലഘട്ടത്തിൽ നിന്ന് നിങ്ങൾ രക്ഷ പ്രാപിക്കേണ്ടതിനാണിത്.

യോഹന്നാൻ 8:12 **"യേശു പിന്നെയും അവരോട് സംസാരിച്ചു തുടങ്ങി. ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും ഇരുളിൽ നടക്കുകയില്ല. അവന് ജീവന്റെ വെളിച്ചമുണ്ടായിരിക്കും".**

മക്കളേ; സ്നേഹസമ്പന്നനായ ഒരു പിതാവ് സ്നേഹിക്കുന്നതുപോലെ ഞാൻ നിങ്ങളെ ഓമനിക്കുന്നു. അല്പം പോലും ആശങ്കപ്പെടാനില്ലാത്ത, അപാരമായ സുരക്ഷിതത്വം അനുഭവിക്കുന്ന **എന്റെ** കരവലയത്തിനകത്ത് നിങ്ങൾ ആയിരിക്കണം എന്ന് ഞാൻ ആഗ്രഹിക്കുന്നു. ആ സുരക്ഷിതത്വം **എന്നിൽ** മാത്രമേ നിങ്ങൾക്ക് കണ്ടെത്താൻ കഴിയുകയുള്ളു. **എന്നിലൂടെ** മാത്രമേ നിങ്ങൾ രക്ഷ പ്രാപിക്കുകയുള്ളു. മറ്റൊരു വഴിയുമില്ല. ഉത്തരത്തിനുവേണ്ടി ലോകത്തിലേക്ക് നിങ്ങൾ തിരിയുമ്പോൾ ലക്ഷ്യത്തിൽ നിന്ന് ഒരുപാട് നിങ്ങൾ അകന്ന് മാറും. **എന്നെ** കുറിച്ച് ഒന്നും അറിയാത്ത, **എന്റെ** സത്യത്തെകുറിച്ച് അല്പം പോലും അവബോധമില്ലാത്ത ഒരു കൂട്ടം മനുഷ്യരാൽ നിങ്ങൾ നയിക്കപ്പെടും.

ഈ നാഴിക അടുത്ത് വരികയാണ് മക്കളേ. ലോകത്തിൽ നിന്ന് വേർപ്പെട്ട് മുമ്പോട്ട് വരു. ലോകം നിങ്ങളുടെ ജീവിതത്തിൽ കുടഞ്ഞിട്ട സകല കുടിലതകളിൽ നിന്നും കൈകഴുകി ശുദ്ധരായിരിക്കുക. **എന്നിൽ** നിന്ന് ബഹുദൂരം അകലേക്കാണ് അവൾ നിങ്ങളെ നയിക്കുന്നത്. **എന്നോട്** ചേർന്ന് വരൂ. കണ്ണുകൾ **എന്നിൽ** ഉടക്കി നിൽക്കട്ടെ. ലോകത്തിന്റെ കരാളഹസ്തത്തിൽ നിന്ന് സമ്പൂർണ്ണമായി രക്ഷപ്പെടാനുള്ള അവസാനത്തെ രക്ഷാമാർഗ്ഗം **ഞാനാണ്.** സുരക്ഷിതത്വത്തിലേക്കുള്ള ഈ ഉറപ്പായ രക്ഷാദൗത്യത്തെ അലക്ഷ്യമാക്കി കളയരുത്.

യാക്കോബ് 4:8 **"ദൈവത്തോട് അടുത്ത് ചെല്ലുവിൻ; എങ്കിൽ അവിടന്ന് നിങ്ങളോട് അടുത്തുവരും. പാപികളെ, നിങ്ങളുടെ കൈകൾ വെടിപ്പാക്കുവിൻ. ഇരുമനസ്സുള്ളവരേ നിങ്ങളുടെ ഹൃദയങ്ങൾ ശുദ്ധീകരിക്കുവിൻ".**

**എന്റെ** മണവാട്ടിവൃന്ദത്തിൽ ഒരാളായിരിക്കുവാൻ ഒരുങ്ങിയിരിക്കുക. പരിപൂർണ്ണ വിധേയത്വത്തോടെ **എന്റെ** മുമ്പാകെ വരുവിൻ. **എന്റെ** പാദപീഠത്തിങ്കൽ നിങ്ങളുടെ ജീവിതത്തെ കാണിക്കയായ് സമർപ്പിക്കുക. നിങ്ങളുടെ ചോറും, നിങ്ങളുടെ കൂറും, നിങ്ങൾക്കുള്ള സർവ്വവും **എനിക്കുള്ള**തായിരിക്കട്ടെ.

നിങ്ങളോടുള്ള **എന്റെ** വാഗ്ദത്തമിതാകുന്നു. വളരെ പെട്ടെന്ന് ലോകത്തിൽ വന്ന് പതിക്കാനിരിക്കുന്ന മഹാവിപത്തിൽ നിന്ന് വിമുക്തി നേടികൊണ്ടുള്ള ശുഭയാത്ര, സുരക്ഷിതയാത്ര. അതിൽ കുറഞ്ഞതൊന്നും **എന്റെ** പക്കലില്ല.

ഞാൻ വച്ചു നീട്ടുന്നതിനെ പുറംകാൽ കൊണ്ട് തട്ടികളയരുത്. നിങ്ങളുടെ തീരുമാനങ്ങളുടെ പ്രത്യാഘാതത്തിൽ ഖേദിച്ച് ജീവിക്കരുത്. **എന്റെ** വചനത്തോട് ഞാൻ അങ്ങേയറ്റം ആത്മാർത്ഥതയുള്ളവനും, വിശ്വസ്തനുമാണ്. ഉറപ്പായ ഒരു ഇടത്തേക്ക് പോറലു പോലുമേൽക്കാതെ നിങ്ങളെ മാറ്റി പാർപ്പിക്കുവാൻ **എനിക്ക്** കഴിയും. ഞാൻ ശക്തനായ **ദൈവമാണ്**. വിടുവിക്കുന്നതിൽ വിശ്വസ്തനാണ്. നിങ്ങളുടെ ഹൃദയം കലങ്ങി ഇടറുവാൻ ഇടവരരുത്. രക്ഷിക്കുന്ന **എന്റെ** കൈകൾക്കുള്ളിലേക്ക് ഓടി ശരണം പ്രാപിക്കുക.

നിങ്ങളുടെ വിശ്വസ്ത**ദൈവം, യാഹ്ഷുവാ**.

ഒരു വോയ്സ് ഓഫ് ഗോസ്പൽ പ്രസിദ്ധീകരണം.

# പാഠം 32
# എന്റെ കാന്തയെ ഉറപ്പുള്ളിടത്തേക്ക് ഞാൻ മാറ്റുന്നു

**എന്റെ** മകളേ, നമുക്ക് തുടങ്ങാം (ഫെബ്രു. 28, 2012) കുഞ്ഞുങ്ങളെ ഞാൻ നിങ്ങളുടെ **ദൈവം** ആകുന്നു. ആഴമായി നിങ്ങളെ കരുതുന്ന **ദൈവം**. നിങ്ങൾക്ക് തരുവാനായി ഏറ്റവും നല്ലത് മാത്രമേ **എന്റെ** പക്കലുള്ളു.

മക്കളേ; ഇപ്പോൾ നിങ്ങൾ **എന്റെ** വാക്ക് കേൾക്കണം. വളരെ ശ്രദ്ധ വച്ച് ശ്രവിക്കണം. ലോകം കീഴ്മേൽ മറിയാൻ തുടങ്ങി. ലോകം അകംപുറം തിരിയാൻ ആരംഭിക്കുന്നു. ലോകത്തിലും, അതിന് ചുറ്റുപാടും എണ്ണമറ്റ സംഭവവികാസങ്ങൾ അരങ്ങേറും. വിരലിലെണ്ണാവുന്നത് മാത്രമേ ഗുണകരമായിട്ടുള്ളു. ലോകം എനിക്കെതിരായി കലാപത്തിന് കോപ്പു കൂട്ടുന്നതുകൊണ്ട്, നാളിതുവരെ ഇതിനെ പരിപാലിച്ചു വഴി നടത്തിയിരുന്ന **എന്റെ** സൂക്ഷിപ്പിന്റെ വലംകരം ഞാൻ എടുത്ത് മാറ്റും. **എന്റെ** സത്യത്തിന് എതിരായിട്ടാണ് ലോകത്തിന്റെ ഗമനം. **എന്റെ** വഴികൾക്ക് വിരുദ്ധമായിട്ടാണ് ലോകം വഴി വെട്ടിയുണ്ടാക്കുന്നത്. **എന്റെ** ഹൃദയത്തോട് അനുബന്ധമല്ലാത്തതാണ് ലോകത്തിന്റെ കാഴ്ചപ്പാടുകൾ.

ലോകം എനിക്ക് അറപ്പാണ്. ഈ ലോകത്തെ കൈയ്യേൽക്കുവാൻ ചെകുത്താന്റെ പട്ടികൂട്ടത്തെ ഞാൻ കയറൂരി വിടും.

സങ്കീർത്തനം 22:16 **"നായ്ക്കൾ എന്നെ വളഞ്ഞു. ദുഷ്ടന്മാരുടെ കൂട്ടം എന്നെ ചുറ്റിയിരിക്കുന്നു. അവർ എന്റെ കൈകളും, കാലുകളും തുളച്ചിരിക്കുന്നു."**

ഈ സംഭവത്തിന്റെ വരവ് അടുത്തിരിക്കുന്നു. ഇരുണ്ട നാളുകളാണ് വന്നുകൊണ്ടിരിക്കുന്നത്. ഈ ലോകത്തിന്റെ ദുഷ്ടതയെ ഇനിയും ഞാൻ വച്ചുപൊറുപ്പിക്കുകയില്ല. **എന്റെ** കാന്തയെ സുരക്ഷിത തീരത്തേക്ക് ഞാൻ അടുപ്പിക്കും. ഒട്ടും താമസിയാതെ അവൾ

പുറത്തുവരും. ലോകത്തെ ഈ അവസ്ഥയിൽ അധികനാൾ **ഞാൻ** നിലനിർത്തുകയില്ല. ഞാനിതിനെ ഞെക്കി പിഴിഞ്ഞെടുക്കും. ലോകത്തിന്മേൽ കൊടികുത്തി വാഴുന്ന ദുഷ്ടത **എന്റെ** കണ്ണിൻമുമ്പിൽ വൃത്തിഹീനമായ ദുർഗന്ധം പേറുന്ന ഒന്നാണ്. ഇനിയും നോക്കി നിൽക്കുവാൻ **എന്നെ** കൊണ്ടാവില്ല. **എന്റെ** പ്രിയപ്പെട്ടവർ ഇനിയും അധികകാലം ആകുലതകൾ അനുഭവിക്കുവാൻ ഞാൻ അനുവദിക്കുകയില്ല.

**എന്റെ** സഭയെ തീർത്തും സുരക്ഷിതമായൊരിടത്തേക്ക് ഞാൻ മാറ്റും. ആ നാഴികൾ വളരെ വേഗം വന്നുകൊണ്ടിരിക്കുന്നു.

കുഞ്ഞുങ്ങളെ എന്തുകൊണ്ടാണ് നിങ്ങൾ സംശയിക്കുന്നത്? എവിടെ പോയി നിങ്ങളുടെ വിശ്വാസം? എന്തേ നിങ്ങൾ അങ്ങേയറ്റം സംശയാലുക്കളാകുന്നു? നിങ്ങൾ വിശ്വസിച്ചാലും, ഇല്ലെങ്കിലും സംഭവിക്കാനുള്ളതിന് ഒരു മാറ്റവും സംഭവിക്കില്ല. അത് വന്നിരിക്കും. മക്കളേ, **എന്റെ** പുസ്തകം അക്കമിട്ട് നിരത്തിവച്ചിരിക്കുന്ന സകല കാര്യങ്ങളും നിറവേറ്റപ്പെടും. ഞാൻ **എന്റെ** വചനത്തോട് അങ്ങേയറ്റം യാഥാർത്ഥ്യവാനാണ്. അന്ത്യകാലത്തെകുറിച്ച് സ്പഷ്ടമായി **എന്റെ** പുസ്തകത്തിൽ ഞാൻ വിശദീകരിച്ചിട്ടുണ്ട്. **എന്റെ** പുസ്തകം വായിക്കുക. **എന്റെ** വചനവുമായി അങ്ങേയറ്റം ചങ്ങാത്തത്തിലാവുക. വളരെ ശ്രദ്ധയോടെ വചനം ധ്യാനിക്കുക. അപ്പോൾ ഇപ്പോൾ കടന്നുപോയ്കൊണ്ടിരിക്കുന്ന കാലഘട്ടം അന്ത്യനാഴികയാണെന്ന് മക്കളെ; നിങ്ങൾക്ക് മറ്റൊരാളുടെ സഹായം കൂടാതെ തന്നെ മനസ്സിലാക്കുവാൻ കഴിയും. **എന്റെ** വരവ് ഇങ്ങടുത്തെത്തിയിരിക്കുന്നു.

തമ്മിൽ തമ്മിൽ കേൾക്കുന്നത് മതിയാക്കി, **എന്നിൽ** നിന്ന് കേൾക്കുവാൻ ആരംഭിക്കുക. ഹൃദയപരമാർത്ഥതയോടെ **എന്നരികിലേക്ക്** വരിക. സത്യത്തെ ഞാൻ നിങ്ങളുടെ കണ്ണിൻ മുമ്പിൽ നിരത്തിവെക്കാം. **എന്റെ** സത്യത്തെ നിങ്ങൾക്ക് വെളിപ്പെടുത്തുവാൻ ഞാൻ വാഞ്ചിക്കുന്നു.

**എന്റെ** മക്കളെ ഞാൻ ഒരിക്കലും തെറ്റായ് നയിക്കുകയില്ല. പക്ഷേ അവർ **എന്നെ** അന്വേഷിക്കുവാൻ മനസ്സ് വെക്കുന്നില്ലെങ്കിൽ അവർക്ക് വേണ്ടി സത്യത്തെ അനാഛാദനം ചെയ്യുവാൻ **എനിക്ക്** സാദ്ധ്യമല്ല. അവർ നിരന്തരമായി ഇരുട്ടുള്ള ഇടവഴിയിലൂടെയും, നാശത്തിന്റെ പാതയിലൂടേയും സഞ്ചരിച്ചുകൊണ്ടിരിക്കും.

എന്റരികിലേക്ക് വന്ന് നിങ്ങളുടെ വഴി തിരഞ്ഞെടുക്കു. ഞാൻ നിങ്ങളെ **എന്റെ** വഴിയിലൂടെ...... ഓഹ്....... ആ ഇടുങ്ങിയ പാതയിലൂടെ നയിക്കും. വളരെ ചുരുക്കം ആളുകളെ ഇത് കണ്ടെത്തുകയുള്ളു. **എന്റെ** മക്കളേ, കുറച്ചാളുകളേ ഈ വഴി കാണുകപോലുമുള്ളു. ഈ വഴി കണ്ടെത്താതെ പോകുന്ന അനേകരിൽ ഒരാളായി നിങ്ങൾ മാറരുത്. നാശം പാകിയിരിക്കുന്ന വിശാലവഴിയിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നവർ വഴി തലയ്ക്കൽ കുഴഞ്ഞുവീഴും. അനേകർ ജീവിതത്തിന്റെ വിശാലവീശിയിൽ എങ്ങുമെത്താതെ വട്ടം കറങ്ങും.

മത്തായി 7:13 **"ഇടുങ്ങിയ വാതിലിലൂടെ അകത്തു കടക്കുവിൻ. നാശത്തിലേക്ക് നയിക്കുന്ന വാതിൽ വീതിയുള്ളതും, വഴി വിശാലവും, അതിൽ കൂടി കടക്കുന്നവർ അനേകരും ആകുന്നു".**

മക്കളേ നിങ്ങൾ കാര്യങ്ങൾ തിരിച്ചറിഞ്ഞാട്ടെ. യാഥാർത്ഥ്യബോധത്തോടെ കാര്യങ്ങളെ സമീപിക്കുക. തീവ്രമായി **എന്നെ** അന്വേഷിക്കുക. ജീവിതത്തിലേക്ക് മടങ്ങേണ്ടുന്ന സമയമാണിത്. **എന്നിലുള്ള** ജീവനെ പ്രാപിക്കേണ്ട സമയമാണിത്. സ്വാതന്ത്ര്യത്തിനും, നിത്യജീവനും പ്രാപിക്കേണ്ടത് മറ്റൊരു വഴിയുമില്ല.

ഇപ്പോൾ; ഇപ്പോഴാകുന്നു ആ സമയം. കാത്തിരിക്കുന്ന **എന്റെ** കരവലയത്തിനകത്തേക്ക് ആശ്രയത്തിനായി ഓടിയണഞ്ഞുകൊള്ളുക. ഒട്ടും താമസിക്കരുത്. ഇനിയും താമസിച്ചാൽ അത് നിങ്ങളുടെ അന്ത്യത്തിലും, മരണത്തിലും കലാശിക്കും. നിങ്ങളെ രക്ഷിച്ചെടുക്കുവാൻ **എനിക്ക്** ആശയുണ്ട്. സമ്പൂർണ്ണമായി നിങ്ങളെ **എനിക്ക്** തരിക. ഒന്നും പിടിച്ചുവയ്ക്കാതെ സമൂലം **എന്നിലേക്ക്** പകരുക. **എനിക്ക്** ആവശ്യം മുഴുവനുമാണ്. ഭാഗീക സമർപ്പണം തികവുള്ളതല്ല.

**എന്റടുത്ത്** വന്ന് നിങ്ങളുടെ ജീവിതത്തെ താഴ്ത്തി സമർപ്പിക്കുക. തള്ളികളയാതെ ഞാൻ നിങ്ങളെ കൈകൊള്ളുമെന്ന് മാത്രമല്ല; **എന്നെ** സേവിക്കുക എന്ന **എന്റെ** സ്വന്തം ഉദ്ദേശ്യത്തിനു വേണ്ടി ഞാൻ നിങ്ങളെ മഹത്വീകരിക്കും. നിത്യത മുഴുവൻ നിങ്ങൾ സ്വർഗ്ഗം ആസ്വദിക്കും.

യിരമ്യാവ് 30:19 **"അവയിൽ നിന്ന് സ്തോത്രവും, സന്തോഷിക്കുന്നവരുടെ ഘോഷവും പുറപ്പെടും. ഞാൻ അവരെ വർദ്ധിപ്പിക്കും. അവർ കുറഞ്ഞുപോവുകയില്ല. ഞാൻ അവരെ മഹത്ത്വീകരിക്കും. അവർ ചെറുതാവുകയുമില്ല."**

ആ സമയം ഓടിയടുത്തുകൊണ്ടിരിക്കുന്നു. അരങ്ങത്ത് **എന്റെ** ശത്രു അവന്റേതായ വഴികൾ വെട്ടികൊണ്ടിരിക്കുകയാണ്. നിഷേധിക്കുവാൻ പോലും കഴിയാത്തവിധത്തിലുള്ള അങ്ങേയറ്റം നിസ്സഹായത നിഴലിക്കുന്ന ഒരു കാലത്തിൽ നിങ്ങൾ ജീവിക്കുന്ന അവസരം വരും; പക്ഷേ അപ്പോഴേക്കും രക്ഷപ്പെടാനുള്ള പഴുതു പോലും അടഞ്ഞുപോകും. ഒരു മടങ്ങി വരവിനുള്ള അവസരം പോലും ലഭിക്കുകയില്ല. **എന്റെ** മക്കളേ ഞാൻ നിങ്ങളെ ഉണർത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. സത്യത്തിനരികത്തേക്ക് കൊണ്ടുവരികയാണ്. നിങ്ങളുടെ ശ്രദ്ധ ആകർഷിക്കുവാൻ ഞാനെന്ത് ചെയ്യണം? **എന്നരികിലേക്ക്** വരുവാൻ നിങ്ങൾ ഇനിയും നാളുകൾ ദീർഘിപ്പിച്ചാൽ; നിങ്ങൾ തള്ളപ്പെടും. നിശ്ചയം. നിങ്ങളെ തള്ളികളയുവാൻ ഞാൻ നിർബന്ധിക്കപ്പെടും. ഇത് സംഭവിക്കാൻ ഇടവരരുത്.

അനുതാപം, അടിയറവ്, ആഴമേറിയ അടുപ്പം ഇതാണ് ഞാൻ ആഗ്രഹിക്കുന്നത്. നിങ്ങളിൽ നിന്ന് ആവശ്യപ്പെടുന്നതും ഇതു തന്നെയാണ്. **എന്റെ** രാജ്യത്തിലേക്കുള്ള പ്രവേശനത്തിന്റെ അടിസ്ഥാന മാനദണ്ഡങ്ങൾ ഇതാണ്. **എന്റെ** വചനം ഇതെകുറിച്ചൊന്നും പറയുന്നില്ലയോ? **എന്റെ** വചനത്തിന്റെ മുമ്പാകെ വരിക. ഇപ്പോൾ തന്നെ നിങ്ങൾ വൈകിപ്പോയി. വന്നാട്ടെ **എന്റെ** രക്തത്താൽ ഞാൻ നിങ്ങളെ കഴുകി വെടിപ്പാക്കും. **എന്റെ** മുമ്പാകെ നിൽക്കാനുള്ള

പ്രാഗൽഭ്യം നിങ്ങൾക്ക് കൈവരും. **എന്റെ** രാജ്യത്തിലേക്ക് നിങ്ങൾ ആനയിക്കപ്പെടും.

വെളിപ്പാട് 1:56 **"വിശ്വസ്തസാക്ഷിയും, മരിച്ചവരിൽ നിന്നും ആദ്യജാതനും, ഭൂരാജാക്കന്മാർക്ക് അധിപതിയും ആയ യേശു ക്രിസ്തുവിൽ നിന്നുമുള്ള കൃപയും, സമാധാനവും നിങ്ങളോട് കൂടെ ഇരിക്കുമാറാകട്ടെ. നമ്മെ സ്നേഹിക്കുന്ന കർത്താവും, നമ്മുടെ പാപം പോക്കി നമ്മെ സ്വന്തരക്തത്താൽ വിടുവിച്ച് പിതാവായ ദൈവത്തിന് നമ്മെ രാജ്യവും, പുരോഹിതന്മാരും ആക്കിതീർത്തവനുമായ നമ്മുടെ കർത്താവിന്"**

സമയം കൈവിട്ടുപോയ് കൊണ്ടിരിക്കുന്നു. ഒരു നിമിഷം പോലും പാഴാക്കുവാൻ ഇനി ഈ ഭൂമിയിലില്ല.

ഇത് നിങ്ങളുടെ **രാജാവും കർത്താവു**മാണ് അരുളിച്ചെയ്യുന്നത്. **ഉന്നതനും, ശക്തനും, നിത്യതയുടെ അധികാരിയുമായ കർത്താവായ യാഹ്ഷുവാ.**

ഒരു വോയ്സ് ഓഫ് ഗോസ്പൽ പ്രസിദ്ധീകരണം.

# പാഠം 33
# എനിക്ക് വേണ്ടത് ഒന്നാംസ്ഥാനമാണ് അതില്ലെങ്കിൽ ഒന്നും വേണ്ട

നമുക്ക് തുടങ്ങാം (മാർച്ച് 1. 2012). മക്കളേ ഇത് നിങ്ങളുടെ **കർത്താവാകുന്നു**. നിങ്ങളുടെ ശ്രദ്ധയിലേക്ക് പുതിയ ചില കാര്യങ്ങൾ ഞാൻ കൊണ്ടുവരുന്നു. ഈ ഭൂമിയിൽ പുതിയ യുഗപിറവി സംഭവിക്കുവാൻ പോകുന്നു. തിന്മ, ദുഷ്ടമനുഷ്യർ, ദുർഘടസമയങ്ങൾ എന്നിവയാൽ മുദ്രിതമെന്ന് ഈ കാലഘട്ടത്തെ അടയാളപ്പെടുത്താം. **എന്നോട്** കൂടെയുള്ള മടക്കയാത്രക്ക് നിങ്ങൾ ഒരുങ്ങി തയ്യാറെടുക്കുക. നിങ്ങൾ സർവ്വസജ്ജരായിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഈ ദുഷ്ടലോകത്തിൽ നിന്ന് **എന്റെ** മണവാട്ടിയെ വലിച്ചെടുത്ത് സുരക്ഷിത തീരത്തിലെത്തിക്കുവാൻ ഞാൻ വാഞ്ഛിക്കുന്നു.

വക്രതയുള്ളതും, അനുനിമിഷം വഴിപിഴച്ചു കൊണ്ടിരിക്കുന്നതുമായ ഈ ദുഷ്ടലോകത്തിൽ അധികകാലം തുടരാൻ **എന്റെ** കാന്തയെ ഞാൻ അനുവദിക്കില്ല. സുരക്ഷിതകൂടാരങ്ങളിലേക്ക് ഞാനവളെ മാറ്റും. ശേഷിക്കുന്ന, കൈവിടപ്പെട്ടവരുടെ മുമ്പാകെ ലോകം അതിന്റെ മുഴു ദുഷ്ടതയിൽ ഉറഞ്ഞുതുള്ളും.

താമസം വിന ഇപ്പറഞ്ഞത് ഭൂമിയിൽ അക്ഷരാർത്ഥത്തിൽ സംഭവിക്കും. ഇപ്പോൾ തന്നെ കാറ്റുകളുടെ വിവിധമുഖങ്ങൾ ഒന്നിച്ചു ചേർന്ന് വൻനാശത്തിന്റെ മഹാകൊടുങ്കാറ്റായി ഭൂമിക്കുമേൽ ആഞ്ഞു പതിക്കും. **എനിക്കെതിരെ** പ്രവൃത്തികളാൽ പട പുറപ്പാട് നടത്തിയ മാനവരാശി കൊടിയ ഭീകരതയുടെ നിർദാക്ഷിണ്യ ഇരകളായി തീരും.

നിങ്ങളുടെ ജീവിതത്തിന്റെ പ്രഥമസ്ഥാനം ഞാനായിരിക്കണം. ഭയാനകമായ ഈ സ്ഥിതിവിശേഷത്തെ വിട്ടൊഴിയണമെങ്കിൽ നിങ്ങളുടെ ജീവിതത്തിലെ ഒന്നാംസ്ഥാനം **എനിക്കായിരിക്കണം.**

**എന്റെ** മക്കൾ ദുരിതമനുഭവിക്കുന്നത് കാണുന്നതിൽ ആനന്ദപുളകിതനാകുന്ന **ദൈവമല്ല** ഞാൻ. എന്നാൽ നിങ്ങളുടെ ജീവിതത്തിലെ സകല വിഗ്രഹങ്ങളേയും പുറത്താക്കി **എന്നെ** ഒന്നാമനാക്കി പ്രതിഷ്ഠിക്കുവാൻ മനസ്സ് വെക്കുന്നില്ലെങ്കിൽ, നിങ്ങളുടെ **ദൈവത്തെ,** നിങ്ങളുടെ **സൃഷ്ടിതാവിനെ** നിരസിച്ചതിന്റെ പ്രത്യാഘാതം എത്ര വലിയതാണെന്ന് നിങ്ങൾ മനസ്സിലാക്കും.

കുട്ടികളിയിൽ ഏർപ്പെട്ട് രസിക്കുന്ന **ദൈവമല്ല** ഞാൻ. **എനിക്ക്** വേണ്ടത് ഒന്നാംസ്ഥാനമാണ്. അതില്ലെങ്കിൽ പിന്നെ ഒന്നും **എനിക്ക്** വേണ്ട. നിങ്ങളുടെ മുഖ്യപരിഗണനാപട്ടികയിൽ രണ്ടാംസ്ഥാനമോ, മൂന്നാംസ്ഥാനമോ **എനിക്കാവശ്യമില്ല. എന്നെ** അടുത്തറിയേണ്ടതിന്, **എന്നെ** മഹത്വപ്പെടുത്തേണ്ടതിന്, മുഴുജീവിതവും എന്നോടുള്ള ആരാധനയായി തീരേണ്ടതിന്; അതിന് വേണ്ടിയാണ് ഞാൻ നിങ്ങളെ സൃഷ്ടിച്ചത്. വളരെ ഇഴയടുപ്പമുള്ള സുദൃഢമായ ഊഷ്മളബന്ധം നിങ്ങളുമായി ഉണ്ടാകേണ്ടതിനുവേണ്ടിയിട്ടാണ് നിങ്ങളോട് അടുത്തിടപഴകുമാറ് ഒരു ബന്ധം സ്ഥാപിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നത്.

ഈയൊരളവിൽ **എന്നെ** അടുത്തറിയുവാനുള്ള മാർഗ്ഗം നിങ്ങൾ തിരഞ്ഞെടുക്കുന്നില്ലായെങ്കിൽ പിന്നെ നിങ്ങൾക്ക് നിങ്ങളുടെ വഴി. ഇവ്വിധം മുമ്പോട്ട് പോകാനാണ് താൽപ്പര്യമെങ്കിൽ നമുക്കിടയിലുള്ള ബന്ധം **നമുക്ക്** അവസാനിപ്പിക്കാം. **എന്റെ** ശത്രുവിനോട് കൂടെ പങ്കാളിത്തം പുലർത്തികൊണ്ട് നിങ്ങൾക്ക് അവനും, അവന്റെ കൂട്ടാളികൾക്കുമായി ഒരുക്കിയിരിക്കുന്ന നിത്യയാതനയുടെ സ്ഥലത്തിന് ഓഹരിക്കാരായി തീരാം. ഞാൻ **എരിവുള്ള** ദൈവമാണ്. **എന്റെ** മഹത്വം ഞാൻ ആർക്കും വിട്ടുകൊടുക്കുകയില്ല. ഞാൻ നിങ്ങളെ സൃഷ്ടിച്ചത് **എന്റെ** ശത്രുവിന്റെ സൈന്യത്തിൽ പങ്കാളിയായി തീരേണ്ടതിനല്ല.

ആവർത്തനം 32:16 **"അവർ അന്യദൈവങ്ങളാൽ അവിടത്തെ ക്രുദ്ധനാക്കി".**

ഒന്നുകിൽ നിങ്ങൾക്ക് പൂർണ്ണമായും **എന്റേത്** മാത്രമായി ജീവിക്കാം. അല്ലെങ്കിൽ അനേകർ യാത്ര ചെയ്യുന്നതുപോലെ നാശ

ത്തിന്റെ വിശാലവീഥിയിലൂടെ യാത്ര തുടർന്ന് ജീവിതം നശിപ്പിക്കാം. വളരെ ചുരുക്കം ആളുകൾ മാത്രമേ ലോകത്തിന്റെ മാസ്മരീക വലയത്തിന്റെ ആകർഷണത്തെ ഭേദിച്ച് **എന്നെ** അടുത്തറിയുവാൻ ആഗ്രഹിക്കുന്നുള്ളു.

നിങ്ങളുടെ ജീവിതത്തിൽ ഞാൻ എവിടെയാണ് നിലകൊള്ളുന്നത്? നിങ്ങളുടെ ഹൃദയത്തിന്റെ മുഖ്യസ്ഥാനം അലങ്കരിക്കുവാൻ ഞാൻ യോഗ്യനല്ലേ? മക്കളേ, നിങ്ങൾക്ക് വേണ്ടിയാണ് ഞാൻ മരിച്ചത്. നീചമരണം..... വേദനാജനകമായ മരണം..... നിങ്ങൾ ഒരു തീരുമാനത്തിൽ എത്തേണ്ടസമയം എന്നേ അതിക്രമിച്ചിരിക്കുന്നു.

നിങ്ങൾക്ക് **എന്റെ** സമാധാനവും, സ്വസ്ഥതയും, സ്നേഹവും ആവശ്യമുണ്ടോ? സമീപഭാവിയിൽ ലോകമാസകലം പടർന്നു പിടിക്കുന്ന ഘോരവിപത്തുകൾക്കിടയിൽ നിന്നുള്ള തീർത്തും ശുഭകരമായ യാത്രക്കുള്ള ഉറപ്പ് ആവശ്യമാണോ? എങ്കിൽ എന്ത് തിരഞ്ഞെടുക്കണം എന്ന് തീരുമാനിക്കാനുള്ള സമയമിതാണ്. എങ്ങനെ നിങ്ങളുടെ **ദൈവത്തെ** നിങ്ങൾ വരവേൽക്കും. സ്നേഹത്തോടെയും, സമർപ്പണത്തോടെയുമാണോ; അതോ തീർത്തും അലസമായ അനാസ്ഥയോടെയാണോ?

ഫിലിപ്പിയർ 2:8 **“മനുഷ്യരൂപത്തിലായിരിക്കേ അവിടന്ന് സ്വയം താഴ്ത്തി വേഷത്തിൽ മനുഷ്യനായി വിളങ്ങി മരണത്തോളം അനുസരണമുള്ളവനായി തീർന്നു. ക്രൂശിലെ മരണത്തോളം തന്നെ”.**

നിങ്ങൾ ഒരു തീരുമാനത്തിലെത്തിചേരേണ്ടത് ആവശ്യമാണ്. എനിക്കുവേണ്ടി നിങ്ങളുടെ സ്വയത്തെ ക്രൂശിച്ച് മരിപ്പിക്കുവാൻ നിങ്ങൾ ഒരുക്കമാണോ? നിങ്ങളെ മുറ്റുമായി **എന്റെ** മുമ്പാകെ സമർപ്പിക്കുവാൻ നിങ്ങൾ തയ്യാറാണോ? തകർന്നും, നുറുങ്ങിയുമുള്ള ഹൃദയത്തോടെ **എന്റെ** സമീപത്തേക്ക് വരുന്ന നിങ്ങളെ **എന്റെ** രക്തത്താൽ ഞാൻ നിങ്ങളെ മുറ്റും മറച്ചുകൊള്ളാമെന്നും, **എന്നോട്** യാചിക്കുന്ന നിങ്ങൾക്കേവർക്കും പാപക്ഷമ തരാമെന്നുമുള്ള **എന്റെ** നിർദ്ദേശത്തോടുള്ള നിങ്ങളുടെ പ്രതികരണത്തിനായ് ആകാംക്ഷയോടെ കാത്തിരിക്കുന്നു. ഞാൻ കുരിശിൽ പൂർത്തീക

രിച്ച യാഗത്തിലൂടേയും, ഞാൻ ചീന്തിയ **എന്റെ** രക്തത്തിലൂടേയും മാത്രമേ നിങ്ങൾക്ക് രക്ഷ പ്രാപിക്കുവാൻ കഴിയുകയുള്ളു.

**എന്റെ** രക്തത്തിന്റെ മറുവിലയായി തന്ന ദാനത്തെ നിങ്ങൾ സ്വീകരിക്കുന്നുവെങ്കിൽ പരമാർത്ഥ ഹൃദയത്തോടെ പാപങ്ങളെ കുറിച്ച് അനുതാപപ്പെടുക. **എന്റെ** മുമ്പാകെ ജീവിതം സമർപ്പിക്കുക. അല്പം പോലും മടിച്ചു നിൽക്കാതെ **എന്റെ** പുറകെ ഇറങ്ങി പുറപ്പെടുക. നിങ്ങളുടെ ജീവിതത്തിന്റെ ഭാഗധേയം തിരുത്തി കുറിച്ച്, നിങ്ങളെ ശുദ്ധീകരിച്ച്, **എന്റെ** രാജ്യത്തിന് കൊള്ളാവുന്നവരായി ഒരുക്കിയെടുക്കുവാൻ എനിക്ക് കഴിയും. **എന്നോട്** കൂടെ വരുവാൻ നിങ്ങൾ നിങ്ങളെതന്നെ ഒരുക്കുക.

ഈ വലിയ അവസരത്തെ അതിന്റെ പൂർണ്ണഗൗരവത്തിൽ എടുക്കുക. ഇനിയും വച്ച് താമസിപ്പിക്കരുത്. തീരുമാനം നീളുന്തോറും ഇതിനപ്പുറത്തുള്ള ജീവിതത്തിൽ ഞാൻ നിങ്ങൾക്കായ് കരുതി വച്ച സകല സൗഭാഗ്യങ്ങളും എന്നന്നേക്കുമായി നഷ്ടപ്പെടുകയായിരിക്കും അനന്തരഫലം. ഒരിക്കലും പറ്റിക്കപ്പെടരുത്. തിരിച്ചറിവിലേക്ക് മടങ്ങി വരിക. ഒരുങ്ങുക. ഒരുങ്ങിയിരിക്കുക. വരാൻ പോകുന്ന കൊടുംഭീകരതയിൽ നിന്ന് നിങ്ങൾ രക്ഷപ്രാപിക്കണമെന്ന് അതിയായി ഞാൻ ആഗ്രഹിക്കുന്നു.

ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. നിങ്ങൾക്ക് വേണ്ടി **ഞാനെന്റെ പിതാവിനോട്** അപേക്ഷിക്കുന്നു. മക്കളേ സമയം ചുരുങ്ങി വരുന്നു. നിങ്ങൾ ഒരു തീരുമാനത്തിലെത്തണം. **ഞാൻ എന്റെ** മണവാട്ടിക്കായ് മടങ്ങി വരും. **ദൈവത്തിന്റെ** ഈ മഹാ പ്രവൃത്തിയെ നഷ്ടമാക്കി കളയരുത്. നിനക്കുവേണ്ടി ഞാൻ കരുതി വെച്ചിരിക്കുന്ന എന്റെ കയ്യിലുള്ള സകലത്തേയും നീ വേണ്ടെന്ന് വയ്ക്കരുത്.

**എന്റെ** വചനത്തോട് ഞാൻ വിശ്വസ്തനാണ്. **ഞാനും, എന്റെ** സഭയും ജയിക്കും. നീ **എന്റെ** വചനം മനസ്സിരുത്തി ശ്രദ്ധിക്കണം.

**ഞാനാകുന്നവൻ ഞാനാകുന്നു. വിടുവിക്കുന്നതിൽ വിശ്വസ്തനായ കർത്താവായ യാഹ്ഷുവ ആകുന്നു ഞാൻ.**

# പാഠം 34
# ഇതാ ഉപദ്രവം വരുന്നു....മഹാ ഉപദ്രവം

നമുക്കാരംഭിക്കാം (മാർച്ച് 2-2012) മക്കളേ; ഇത് ഞാനാണ്. നിങ്ങളുടെ **കർത്താവ്.** നിങ്ങളോട് പറയാൻ പുതിയ ചില കാര്യങ്ങളുണ്ട്. കുഞ്ഞുങ്ങളെ ഇത് അതീവ പ്രാധാന്യമുള്ള സമയമാണ്. വലിയ അളവിൽ ദുഃഖം ലോകത്തിലേക്ക് വന്നുകൊണ്ടിരിക്കുന്നു. അനർത്ഥങ്ങളും, അത്യാഹിതങ്ങളും അളവിൽ കവിഞ്ഞവിധത്തിൽ കടന്നുവരും. കഷ്ടതകൾ ഇപ്പഴേ മുളപൊട്ടി തുടങ്ങി. പാപം ജനങ്ങൾക്കിടയിൽ അതിന്റെ തേർവാഴ്ച നടത്തുന്നു.

എങ്കിലും നിരാശപ്പെട്ടു പോകരുത്; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു. സുരക്ഷിതമായൊരിടത്തേക്ക് **എന്റെ** മണവാട്ടിയെ മാറ്റി പാർപ്പിക്കുവാൻ ഞാനിതാ വേഗം വരുന്നു. അവൾ സൗന്ദര്യത്തിന്റെ നിറകുടവും, കാഴ്ചക്ക് മനോഹരിയുമാണ്. **എന്റെ** വരവിനുവേണ്ടി, വേഗത്തിലുള്ള **എന്റെ** മടങ്ങിവരവിനുവേണ്ടി അവൾ കണ്ണുനട്ടിരിക്കുകയാണ്. മറ്റൊരിടത്തേക്കും വ്യതിചലിക്കാതെ അവൾ എന്നിൽ മാത്രം ദൃഷ്ടിയൂന്നിയിരിക്കുകയാണ്. **എന്റെ** മുഴുഹൃദയത്തോടെ ഞാൻ അവളെ സ്നേഹിക്കുന്നു. **എന്റെ** കണ്ണുകളെ കൊണ്ട് ഞാനവളെ മാറോടണയ്ക്കുന്നു. അവളുടെ ഓരോ നീക്കവും ഞാൻ ശ്രദ്ധയോടെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു. **എന്റെ** കാഴ്ചക്കപ്പുറത്തേക്ക് അവൾ ഒരിക്കലും ഓടിമറഞ്ഞില്ല.

താമസം വിനാ അവൾ **എന്നോട്** കൂടെ സ്വർഗ്ഗീയ ഭവനത്തിൽ സുരക്ഷിതയായി എത്തിചേരും. ലോകത്തിന്റേതായ ഒരു തഴമ്പും ഏശാതെ അവൾ കടന്നുവരും.

യോഹന്നാൻ 16:33 **"ഞാൻ ഇവ നിങ്ങളോട് പറഞ്ഞത് ഞാൻ മൂലം നിങ്ങൾക്ക് സമാധാനം ഉണ്ടാകേണ്ടതിനാകുന്നു. ലോകത്തിൽ നിങ്ങൾക്ക് കഷ്ടതകൾ ഉണ്ട്. എങ്കിലും ധൈര്യപ്പെടുവിൻ. ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു".**

മക്കളേ സംഭവത്തിന്റെ ചുരുൾ അഴിഞ്ഞുകൊണ്ടിരിക്കുന്നു. ഇതാ ഉപദ്രവം വരുന്നു.... മഹാ ഉപദ്രവം കടന്നുവരുന്നു. ലോകം മുമ്പുണ്ടായിരുന്നതുപോലെയായിരിക്കല്ല ഒരിക്കലും. അതിന്റെ കെട്ടിലും, മട്ടിലും വലിയ മാറ്റങ്ങൾ സംഭവിക്കും. നിങ്ങൾ എല്ലാവരിലും എന്റെ മുന്നറിയിപ്പുകളും, അടയാളങ്ങളും, **എന്റെ** പുസ്തകവും പ്രത്യേകിച്ച് ഒരു സ്വാധീനവും ഉളവാക്കില്ല.

കഷ്ടത ലോകത്തിലേക്ക് കടന്നുവരികയാണെന്നുള്ള യാഥാർത്ഥ്യം നിങ്ങൾ അറിയുന്നില്ലയോ? അത് വന്ന് കൊണ്ടിരിക്കുന്നു. ഒരു മനുഷ്യനെ കൊണ്ടും അതിന് തടയിടുവാൻ കഴിയില്ല. **ദൈവത്തെ** ഉപേക്ഷിച്ചതുകൊണ്ടും, **ദൈവത്തെ** തള്ളികളഞ്ഞു കൊണ്ടുമാണ്. ലോകത്തിൽ നിന്ന് ഇത് ഉത്ഭവിക്കാനുള്ള കാരണം **എനിക്കോ**, **എന്റെ** വഴികൾക്കോ ലോകം അല്പം പോലും മാന്യത കല്പിക്കുന്നില്ല. അതുകൊണ്ട് **എന്റെ** സൂക്ഷിപ്പിന്റെ കരം ഞാൻ ലോകത്തിൽ നിന്ന് പിൻവലിക്കുകയും, **എന്റെ** കാന്തയെ തിരിച്ചു വിളിക്കുകയും ചെയ്യും. യഥാർത്ഥ ഭീകരത എന്താണെന്ന് ലോകം കൃത്യമായി ഗ്രഹിക്കുവാൻ പോകുന്ന നാളുകളാണ് വരാൻ പോകുന്നത്.

1 യോഹന്നാൻ 4:1-8 **"പ്രിയമുള്ളവരെ, കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്ക് പുറപ്പെട്ടിരിക്കുന്നതിനാൽ ഏത് ആത്മാവിനേയും വിശ്വസിക്കാതെ, ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവയോ എന്ന് ശോദന ചെയ്യുവിൻ. ദൈവാത്മാവിനെ ഇതിനാൽ അറിയാം. യേശുക്രിസ്തു ജഡത്തിൽ വന്നു എന്ന് ഏറ്റു പറയുന്ന ആത്മാവൊക്കെയും ദൈവത്തിൽ നിന്നുള്ളത്. യേശുവിനെ ഏറ്റുപറയാത്ത ഏത് ആത്മാവും ദൈവത്തിൽ നിന്നുള്ളതല്ല. അത് എതിർക്രിസ്തുവിന്റെ ആത്മാവ് തന്നെ. അത് വരും എന്ന് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. അത് ഇപ്പോൾ തന്നെ ലോകത്തിലുണ്ട്. കുഞ്ഞുങ്ങളെ, നിങ്ങൾ ദൈവത്തിൽ നിന്നുള്ളവർ ആകുന്നു. നിങ്ങളിലുള്ള കർത്താവ് ലോകത്തിലുള്ളവനേക്കാൾ വലിയവനായതിനാൽ നിങ്ങൾ അവരെ ജയിച്ചുമിരിക്കുന്നു. അവർ ലൗകീകന്മാർ ആകയാൽ ലൗകീകമായത് സംസാരിക്കുന്നു. ലോകം അവരുടെ വാക്ക് കേൾക്കുന്നു. ഞങ്ങൾ ദൈവത്തിൽ നിന്നുള്ളവരാകുന്നു.**

**ദൈവത്തെ അറിയുന്നവൻ ഞങ്ങളുടെ വാക്ക് കേൾക്കുന്നു. ദൈവത്തിൽ നിന്നല്ലാത്തവൻ ഞങ്ങളുടെ വാക്ക് കേൾക്കുന്നില്ല. സത്യത്തിന്റെ ആത്മാവ് ഏതെന്നും, വഞ്ചനയുടെ ആത്മാവ് ഏതെന്നും നമുക്ക് ഇതിനാൽ അറിയാം. പ്രിയമുള്ളവരേ; നാം അന്യോന്യം സ്നേഹിക്കുക. സ്നേഹം ദൈവത്തിൽ നിന്ന് വരുന്നു. സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽ നിന്ന് ജനിച്ചിരിക്കുന്നു. ദൈവത്തെ അറിയുകയും ചെയ്യുന്നു. ദൈവം സ്നേഹമാകുന്നതിനാൽ സ്നേഹിക്കാത്തവൻ ദൈവത്തെ അറിയുന്നില്ല".**

മക്കളേ, ഞാൻ നിങ്ങളോട് കള്ളം പറയില്ല. ഞാൻ **ദൈവമാകുന്നു.** നടക്കുവാൻ പോകുന്ന സംഭവങ്ങളുടെ പ്രത്യാഘാതങ്ങൾ കാണണണമെന്ന് ആഗ്രഹിച്ച് നിൽക്കുവാൻ കൊള്ളാവുന്ന സ്ഥലമായിരിക്കുകയില്ല ഇത്. **എന്നോട്** കൂടെ ആയിരിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ വരാൻ പോകുന്നതിനെ നിങ്ങൾ അഭിമുഖീകരിക്കുകയില്ല. **എന്റെ** മണവാട്ടിയെ ഞാൻ ചേർത്തുകൊണ്ടതിനുശേഷം **എന്നെ** കുറിച്ച് സാക്ഷ്യം പറയാൻ മുമ്പോട്ട് വരുന്നവരെല്ലാം അവരുടെ വിശ്വാസത്തിൽ മരിക്കും. **എന്റെ** മക്കൾക്ക് അങ്ങേയറ്റം കഠോരമായിരിക്കും ആ നാളുകൾ.

മറ്റൊന്ന് ചിന്തിച്ച് വിഡ്ഢിയായി തീരരുത്.

2 തിമോത്തി 3:12 **"ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിക്കുവാൻ ആഗ്രഹിക്കുന്നവർക്കെല്ലാം ഉപദ്രവങ്ങൾ സഹിക്കേണ്ടിവരും".**

ഞാനിനി പരിഹസിക്കപ്പെടുകയില്ല. പ്രത്യേകിച്ച് ഒന്നുംതന്നെ സംഭവിക്കുകയില്ല എന്ന വിശ്വാസത്തിലധിഷ്ഠിതമായ ചിന്താഗതി വച്ച് പുലർത്തികൊണ്ട് ഇനിയും ലോകത്തിന് തുടരുവാൻ കഴിയില്ല. **എന്നെ** വെറുക്കുന്ന, **എന്നെ** കളിയാക്കുന്ന ഈ ലോകത്തിന്റെ മേലുള്ള **എന്റെ** പരിപാലനത്തിന്റെ കരം ഇനിയും തുടർന്നു കൊണ്ടുപോകാൻ കഴിയാതവണ്ണം ഈ ലോകത്തെ കൊണ്ട് ഞാൻ മടുത്തു. ഈ യുഗത്തിന് തിരശ്ശീല വീഴുവാൻ പോവുകയാണ്. ഒട്ടും താമസിയാതെ സ്വന്തംവഴികളിൽ നടക്കുവാൻ ഞാൻ ലോകത്തെ അനുവദിക്കും, തിന്മയെ തടുത്തുകൊണ്ടിരുന്ന; അവരുടെ **ദൈവത്തിന്റെ** ഇടപെടലുകളൊന്നുമില്ലാത്ത ഒരു കാലക്രമം ഈ ലോക

ത്തിൽ സംഭവിക്കും. **ദൈവമെന്നോർത്ത്** ഈ ലോകം **എന്നെ** മഹത്വീ കരിക്കുന്നില്ല. അതുകൊണ്ട് **പരിശുദ്ധനായ ദൈവത്തെ** കൂടാതെ ജീവിക്കണമെന്ന അവരുടെ ഹൃദയാഭിലാഷത്തെ ഞാൻ അനുവ ദിച്ചുകൊടുക്കും. ഭേദാഭേദങ്ങളെ കൃത്യമായി വിവേചിച്ചറിയുവാൻ അവർക്ക് തുണ നിൽക്കുന്ന **ദിവ്യമായ ദിശാസൂചിക** കൂടാതെ ജീവിക്കുന്ന ഒരു കാലഘട്ടം ഭൂമിയിൽ സംജാതമാകും. അത്തര മൊരു അരോചകമായ അരക്ഷിതാവസ്ഥയിൽ കൂടെ കടന്നു പോകു മ്പോൾ **എന്റെ** ചട്ടങ്ങളിലും, **എന്റെ** നിയമങ്ങളിലും വസിക്കുന്ന തിന്റെ പ്രാധാന്യത്തെക്കുറിച്ചും, ശാശ്വതമായ **എന്റെ** വഴികളെ പിൻതുടരുന്നതിന്റെ പ്രസക്തിയെ കുറിച്ചും ലോകം തിരിച്ചറിയും.

കടിഞ്ഞാണില്ലാത്ത ഒരു ലോകം. കൈവിടപ്പെട്ടു പോയ എന്റെ മക്കൾ ആ ദുരന്തത്തിന് സാക്ഷ്യം വഹിക്കും. മാനവരാശി നേരി ടാൻ പോകുന്നത് വിവരണാതീതമായ വഷളത്വത്തേയാണ്. തള്ള പ്പെടുവാൻ ഒരിക്കലും ഇടവരരുത്. ഇപ്പോൾ തന്നെ **ഏങ്കലേക്ക്** വരിക. ഇനിയും താമസിക്കരുത്.

**എന്റെ** വചനത്താലും, **എന്റെ** രക്തത്താലും സ്വയം ശുദ്ധീകരണം പ്രാപിക്കുക. **എന്റെ** വചനതാളുകളിലേക്ക് ആഴത്തിൽ ഊളിയിടുക.

അനുതപിച്ച് ജീവിതം **എന്റെ** മുമ്പാകെ അടിയറവെക്കുക. വരാനിരിക്കുന്ന വൻവിപത്തിൽ നിന്ന് ഞാൻ നിങ്ങളെ രക്ഷിക്കാം. **എനിക്കതിന്** സന്തോഷമേയുള്ളു. സമയം അധികമില്ല. തിടുക്ക ത്തിൽ കാര്യങ്ങൾ ക്രമീകരിക്കുക. **എന്റെ** കൈക്കുള്ളിലേക്ക് ആശ്ര യത്തിനായി ഓടിയണയേണ്ട സന്ദർഭമാണിത്. **എന്റെ** സ്നേഹം നിങ്ങളെ കാത്തിരിക്കുന്നു.

അത്യന്തം നീചമായതിൽ നിന്ന് ഞാൻ നിങ്ങളെ രക്ഷിക്കാം. സുരക്ഷിതത്വത്തിനായി **എന്റെ** രക്തവലയത്തിനകത്ത് അഭയം കണ്ടെ ത്തുക. നിങ്ങളെ രക്ഷിക്കാനായി ആവലോടെ ഞാൻ കാത്തിരിക്കുന്നു.

ഈ വചനം സത്യവും, വിശ്വാസയോഗ്യവുമാണ്.

**ഇത് നിങ്ങളെ രക്ഷിക്കുന്ന വീരനായ നിങ്ങളുടെ കർത്താവാം യാഹ്ഷുവ.**

## പാഠം 35

# മരിച്ചു കൊണ്ടിരിക്കുന്ന ലോകത്തെ പിൻപറ്റുന്നത് ഒരു നഷ്ടകച്ചവടമാണ്

നമുക്ക് വീണ്ടും തുടങ്ങാം. മക്കളേ നിങ്ങളുടെ നാഥനാണ് നിങ്ങളോട് സംസാരിച്ചുകൊണ്ടിരിക്കുന്നത്. അല്പസമയത്തിനുള്ളിൽ ഞാൻ വന്നുചേരും. ഒരിക്കലും മടുത്ത് പോകരുത്. **ഞാനുമായി** കാര്യങ്ങൾ നേരാവണ്ണമാക്കേണ്ടതിനായി ലോകം സമയത്തിനപ്പുറത്തേക്ക് ഓടിയടുക്കുകയാണ്. ഒരുകാലത്ത് **എന്നെ** നീരസിച്ചവരെല്ലാം മാനസാന്തരത്തിലൂടെയും, പരിപൂർണ്ണ സമർപ്പണത്തിലൂടേയും **എന്നോട്** നിരപ്പ് പ്രാപിക്കുമ്പോൾ; അതിന് അവർ കനത്ത വില നൽകേണ്ടതായി വരും.

**എന്റെ** എതിരാളി രക്തദാഹിയും, കൊടും ക്രൂരനുമാണ്. നാളിതുവരെ മാനവകുലം അനുഭവിച്ചറിഞ്ഞിട്ടില്ലാത്തവിധം ഭീകരതയുടെ തീവ്രത അത്രക്കും ഭയാനകമായിരിക്കും. ആ നാഴിക വളരെ വേഗത്തിൽ വന്നു കൊള്ളിരിക്കുകയാണ്.

മനുഷ്യത്വം മരവിച്ചു പോയ ഈ ലോകത്തിന്റെ ദുഷ്ടതയെ അധികനാൾ സഹിക്കുവാൻ എനിക്കാവില്ല. **എന്റെ** വഴികൾക്കും, **എന്റെ** സത്യത്തിനുമെതിരെ പുറം തിരിക്കുകയും, **എന്നെ** നിഷ്ക്കരുണം നിരാകരിക്കുകയും ചെയ്ത ലോകമാണിത്.

യാക്കോബ് 4:4 **"വ്യഭിചാരികളും, വ്യഭിചാരിണികളും ആയുള്ളോരെ, ലോകസ്നേഹം ദൈവത്തോട് ശത്രുത്വം ആകുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായ് തീരുന്നു".**

ലക്ഷ്യബോധം നഷ്ടപ്പെട്ട ഈ ലോകത്തിന് പുറകേ നിങ്ങൾ പ്രയാണം ചെയ്യുകയാണെങ്കിൽ കുരുടന്മാരാൽ നിങ്ങൾ നയിക്കുകപ്പെടുകയായിരിക്കും ഫലം. ധാർമീകദിശാസൂചിക നഷ്ടപ്പെട്ട, മൃതാവസ്ഥയിലായിരിക്കുന്ന ഈ ലോകത്തെ പിന്തുടരുന്നത് എല്ലാ

നിലക്കും നഷ്ടകച്ചവടമാണ്. നിങ്ങൾ അക്കാര്യം ഇപ്പോഴെങ്കിലും തിരിച്ചറിയണം. സത്യത്തെ മുറുകെ പിടിച്ചുകൊണ്ട് മുമ്പോട്ട് വന്നാട്ടെ.

തന്റെ **സൃഷ്ടാവിനെ** തള്ളികളഞ്ഞ; മരിച്ചുകൊണ്ടിരിക്കുന്ന ഈ ലോകത്തിൽ പ്രത്യാശയുടെ ഒരൊറ്റ കിരണവുമില്ല. നിങ്ങൾ അങ്ങേയറ്റം ജാഗരുകരായിരിക്കണം. കണ്ണുകളെ തുറക്കുക. എന്റെ ഇടുക്കമുള്ള വഴിയിൽ നിന്ന് തെന്നി മാറി നിങ്ങൾ തെറ്റായി നയിക്കപ്പെട്ടുകൊണ്ടിരിക്കയാണ്.

കുഞ്ഞുങ്ങളെ; ഈ ഇടുക്കുവാതിൽ കണ്ടെത്തുന്നവർ വളരെ ചുരുക്കമാണ്. വിവേകം വീണ്ടെടുക്കുക. ദൃഷ്ടിപഥത്തെ മറഞ്ഞു നിൽക്കുന്ന ചിതമ്പലുകളെ തൂത്തുകളഞ്ഞ് കാഴ്ച കൃത്യതയുള്ള താക്കുക. ആത്മീകദൃഷ്ടി പ്രകാശിക്കേണ്ടതിന് **എന്റെ** അടുത്ത് വരിക. സത്യത്തിലേക്ക് ഞാൻ നിങ്ങളെ തുറന്നുവിടും.

നിരുപദ്രവമെന്ന് ഒറ്റനോട്ടത്തിൽ തോന്നുന്ന ശത്രുവുമായുള്ള കൂടി കുഴച്ചൽ നിർത്തുക. നീ ഒരിക്കലും നിനക്കാത്ത നാഴികയിലായിരിക്കും അവൻ അടിച്ചുവീഴ്ത്തി നിന്നെ അവസാനിപ്പിക്കുന്നത്. **എന്നെ** കൂടാതെ നീ അവനോട് എതിരിടാൻ പോകരുത്.

ഒരാപത്തും പിണയാതിരിക്കണമെങ്കിൽ നീ **എന്നോട്** അടുത്ത് വരണം. നീ സുരക്ഷിതമായി ഇരിക്കണമെങ്കിൽ **എന്നോട്** പറ്റിയിരിക്കണം. **എന്റെ** പുസ്തകത്തിൽ ഊന്നിനിന്നുകൊണ്ട് **ഞാനുമായി** വിച്ഛേദിക്കാനാകാത്ത ഒരു ബന്ധം നീ വിളക്കി ചേർക്കണം. എങ്കിലേ നിനക്ക് അതിജീവനം സാദ്ധ്യമാകു. നിനക്ക് ഇത് മനസ്സിലാകുന്നുണ്ടോ? നീ ഒറ്റക്കാണ് പുറപ്പെടുന്നതെങ്കിൽ, നിരാശയായിരിക്കും ഫലം. നിങ്ങൾ നിങ്ങളെ തന്നെ ചതിക്കരുത്. നിങ്ങൾ വിഡ്ഢിവേഷം കെട്ടരുത്. മനുഷ്യഹൃദയം സകലത്തേക്കാളും വഞ്ചന നിറഞ്ഞതും, കപടവുമാണ്. **എന്റെ** ശത്രു അങ്ങേയറ്റത്തെ കൗശലക്കാരനാണ്. അതുകൊണ്ടാണ് എന്തെങ്കിലും നിവർത്തിച്ചെടുക്കണമെങ്കിൽ, ഞാനുമായി ഇഴയടുപ്പമുള്ള ഒരുബന്ധം നെയ്തെടുക്കണമെന്ന് ഞാൻ നിങ്ങളോട് പറയുന്നത്. നിങ്ങൾ **എന്നോട്** അടുത്തിരിക്കുന്നുവെങ്കിൽ, യഥാർത്ഥത്തിൽ ചേർന്നിരിക്കുന്നുവെങ്കിൽ, ശത്രുവിന് **എന്റെ** അരികത്ത് കാല് കുത്തുവാൻ സാധ്യമല്ല.

**എന്നരികിലേക്ക്** വരാൻ അവൻ ആഗ്രഹിക്കില്ല. ഇരുട്ടിന് ഒരുകാലത്തും വെളിച്ചത്തിന്റെ മുമ്പിൽ നിൽക്കാൻ കഴിയില്ല.

അതുകൊണ്ട് നിങ്ങളുടെ സകല പദ്ധതികളും, മുഴുജീവിതവും **എങ്കൽ** ഭരമേല്പിക്കുക. ഞാൻ അതിനെ കൈകാര്യം ചെയ്ത്; നിങ്ങളുടെ ചാരത്തെ, ഞാൻ ചാരുതയുള്ളതാക്കി തീർക്കും. നിങ്ങളുടെ ജീവിതത്തെ കുറിച്ചുള്ള **എന്റെ** സമ്പൂർണ്ണഹിതം ഞാൻ നിങ്ങളുടെ കണ്ണിന് മുമ്പിൽ നിരത്തിവയ്ക്കും. **എനിക്കത്** കഴിയും. **എനിക്കത്** പ്രിയമുള്ള കാര്യമാണ്. നിങ്ങൾ **എന്റെ** സമ്പൂർണ്ണഹിതത്തിനകത്തായിരിക്കുക എന്നതാണ് നിങ്ങളുടെ ജീവിതത്തെ സംബന്ധിച്ചുള്ള **എന്റെ** താത്പര്യം. **എന്റെ** രക്തം കൊണ്ട് കഴുകി മുറ്റും വെടിപ്പാക്കി; നിങ്ങളെ **എന്നോട്** ചേർത്തുപിടിക്കുക എന്നതാണ് എന്റെ എക്കാലത്തേയും വാഞ്ഛ. ഒരമ്മ തന്റെ കുഞ്ഞിനെ ഓമനിക്കുന്നതുപോലെ; ഞാൻ നിങ്ങൾക്കു വേണ്ടി കരുതുവാൻ ആഗ്രഹിക്കുന്നു.

യെശയ്യാവ് 66:13 **"അമ്മ ആശ്വസിപ്പിക്കുന്നതു പോലെ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. നിങ്ങൾ യെരുശലേമിൽ ആശ്വാസം പ്രാപിക്കും".**

മത്തായി 23:37 **"യെരുശലേമേ, യെരുശലേമേ, പ്രവാചകന്മാരെ കൊല്ലുകയും, നിന്റെ അടുക്കലേക്ക് അയക്കപ്പെട്ടിരിക്കുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളേ, പിടക്കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ചേർക്കുന്നതു പോലെ നിന്റെ മക്കളേ ചേർത്തുകൊള്ളുവാൻ എത്രയോ പ്രാവശ്യം ഞാൻ ആഗ്രഹിച്ചു. എന്നാൽ നിങ്ങൾക്കോ മനസ്സില്ലായിരുന്നു".**

മക്കളേ; **എന്റെ** പെട്ടെന്നുള്ള വരവിന്റെ നാഴിക അടുത്തു വരുന്നു. നിങ്ങൾ കാഴ്ച കണ്ട് നിൽക്കരുത്. നിങ്ങൾ കൈവിടപ്പെടും. കരുതലോടെ **എന്നെ** കാത്തിരിക്കുന്ന, അതിരുകളില്ലാത്ത അളവിൽ അടുത്തബന്ധം കാത്തുസൂക്ഷിക്കുന്ന **എന്റെ** മക്കളെ ചേർക്കാനാണ് **ഞാൻ** വരുന്നത്. അങ്ങനെയുള്ളവരാണ് **എന്നോട്** കൂടെ യാത്രക്കൊരുങ്ങുന്നത്. ദുഃഖകരമെന്ന് പറയട്ടെ; ബാക്കി എല്ലാവരും

തള്ളപ്പെടും. അത്തരക്കാരിൽ അനേകർ ക്ഷണനേരം കൊണ്ട് നശിച്ചുപോകും.

ഇത് വളരെ ഗൗരവമുള്ള സമയമാണ്. തരുന്ന മുന്നറിയിപ്പുകളെല്ലാം ഒന്നൊഴിയാതെ കാമ്പും, കഴമ്പുമുള്ളതാണ്. **എന്റെ** വചനം വായിക്കുക. അതിന്റെ താളുകൾ മറിക്കുക. സകല സത്യത്തിലേക്കും നടത്തപ്പെടേണ്ടതിന് **എന്റെ** ആത്മാവിനെ പ്രാപിക്കുവാൻ പ്രാർത്ഥിക്കുക.

സമയം പാഴായ് പോകുന്നു. നിങ്ങളുടെ **ദൈവമായ** എന്നെ വെറുക്കുന്ന ഈ ലോകത്തിന്റെ പുറകേ ഇനി ഒരു നിമിഷം പോലും യാത്ര ചെയ്യരുത്. വിനാശകരമായ വീഥിയിലൂടെയാണ് നിങ്ങൾ നീങ്ങികൊണ്ടിരിക്കുന്നത്. എത്രയും പെട്ടെന്ന് യാഥാർത്ഥ്യം തിരിച്ചറിയുക. **എന്നെ** അന്വേഷിക്കുക. **എന്റെ ആത്മാവിനെ** അന്വേഷിക്കുക. **എന്റെ പിതാവിനെ** അന്വേഷിക്കുക. **ഞങ്ങളെ** അന്വേഷിക്കുക. **ഞങ്ങൾ** ഒന്നാകുന്നു. നിങ്ങളെ രക്ഷിച്ചെടുക്കാൻ **ഞങ്ങൾ** ആഗ്രഹിക്കുന്നു.

എന്റെ പെട്ടെന്നുള്ള എത്തിചേരലിന്റെ സമയം ആഗതമായിരിക്കുന്നു. ഈ രക്ഷാദൗത്യത്തെ നഷ്ടപ്പെടുത്തരുത്.

നിങ്ങളെ **അടുത്ത്** സ്നേഹിക്കുന്ന നിങ്ങളുടെ **കർത്താവായ യാഹ്ഷുവാ.**

ഒരു വോയ്സ് ഓഫ് ഗോസ്പൽ പ്രസിദ്ധീകരണം.

# പാഠം 36
# തങ്ങൾ ഒരുങ്ങിയവരാണെന്ന് ചിന്തിക്കുന്ന അനേകർ തങ്ങളെ തന്നെ വിഡ്ഢികളാക്കുന്നു

നമുക്ക് തുടങ്ങാം മകളേ (മാർച്ച് 4-2012) പറയാൻ പോകുന്ന പുതിയ കാര്യങ്ങൾ ശ്രദ്ധവെച്ച് കേൾക്കണം. **എന്റെ** കുഞ്ഞേ; നിങ്ങളുടെ കർത്താവാകുന്നു ഇത്. ഈ വാക്കുകൾ നിങ്ങൾ കുറിച്ചെടുക്കുക. **എന്റെ** വരവിന്റെ നാഴിക അടുത്തിരിക്കുന്നു. അനേകർ ഇത് ശ്രദ്ധിക്കുവാൻ പോലും മിനക്കെടുന്നില്ല. അനേകർക്ക് ഇക്കാരണങ്ങൾ ശ്രദ്ധിക്കാതിരിക്കത്തക്കവണ്ണം തങ്ങളുടേതായ ഇരുട്ട് മറകളുണ്ട്. ഞൊടിയിട കൊണ്ട് **എന്റെ** മടങ്ങി വരവ് സംഭവിക്കും. നിങ്ങൾ ഒരുങ്ങിയവരായിരിക്കണം മക്കളേ. നിങ്ങൾ നിങ്ങളെ തന്നെ ഒരുക്കണം.

ജാഗ്രതയോടെ, നോക്കികൊണ്ടിരിക്കുക. ഒരുങ്ങി തയ്യാറാവേണ്ടതിന് ഇത് അത്യന്താപേക്ഷിതമാണ്. **എന്നെ** കാത്തിരിക്കുന്നവർ എടുക്കപ്പെടും. **എന്റെ** വരവിനെ കുറിച്ച് ആകാംക്ഷ ചിത്തരായിരിക്കുന്നവർ മാത്രമേ ഒരുങ്ങിയിരിക്കുകയുള്ളു.

കരുതലില്ലാത്തവരും, **എന്റെ ആത്മാവിൽ** അധിവസിക്കാത്തവരും; ഏറ്റവും നീചവും, നിഷ്ഠൂരവുമായതിനെ അഭിമുഖീകരിക്കേണ്ടതിന് തള്ളപ്പെട്ടു പോകും.

തങ്ങൾ തള്ളപ്പെട്ടു പോയതോർത്ത് അനേകർ അത്ഭുതപ്പെടും. തങ്ങൾ എടുക്കപ്പെടാത്തതു കൊണ്ട് അനേകർ നടുങ്ങി പോകും. തങ്ങൾ ഒരുങ്ങിയവരാണെന്ന് ചിന്തിക്കുന്ന അനേകർ തങ്ങളെ തന്നെ വിഡ്ഢികളാക്കുന്നു. ഒരുക്കത്തിന്റെ അവസ്ഥയിൽ നിന്ന് എത്രയോ കാതം അകലെയാണവർ. ഈ ലോകത്തിന്റെ കാര്യാദികളുമായി അവർ ഇണയില്ലാപിണ കൂടിയിരിക്കുകയാണ്. മറ്റനേകം കാര്യങ്ങൾക്ക് അവരുടേതായ നിലപാടുകളുണ്ട്. **എന്റെ** വരവിനു വേണ്ടി നോക്കിയിരിക്കുവാൻ അല്പം പോലും താൽപ്പര്യം പ്രകടിപ്പിക്കുന്നില്ല. ഈ ലോകത്തിന്റെ എല്ലാ കാര്യങ്ങളിലും അവർ

മുൻകൂട്ടി ഇരിപ്പിടം ഉറപ്പു വരുത്തിയവരാണ്. **എന്നോട്** കൂടെ അവർ സമയം ചിലവഴിക്കുന്നില്ല. **എനിക്കു**വേണ്ടി കാത്തിരിക്കുന്നില്ല.

ഈവക ജീവിതത്തിൽ അനുവർത്തിക്കുന്നവരെ അവർ അധിക്ഷേപിക്കുകയും, അപഹസിക്കുകയും ചെയ്യും. എന്നാൽ **എന്നെ** അറിയുന്നുവെന്ന് വീമ്പിളക്കുന്ന ഇക്കൂട്ടർ കൈവിടപ്പെടുമ്പോൾ അന്ധാളിച്ചു പോകും. അവർ ഒരു നാളും **എന്നെ** അറിഞ്ഞിരുന്നില്ല.

അവർ എല്ലായ്പ്പോഴും ചിന്തിക്കുന്നത് അവർക്ക് **എന്നെ** അറിയാമെന്നാണ്. എന്നാൽ അവരുടെ ഹൃദയം **എന്നിൽ** നിന്ന് എത്രയോ ദൂരത്താണ്. അവർ ഒരിക്കലും മറവിടത്തിൽ വന്ന് ഞാനുമായി മധുര സമ്പർക്കത്തിലേർപ്പെട്ടിരുന്നില്ല. ലോകത്തിന്റെ വസ്തുവഹകൾക്ക് പിറകേ ഒരുതരം വന്യമായ ആവേശത്തോടെ അവർ വിറളി പിടിച്ച് ഓടുകയാണ്. **എന്നെ** കാത്തിരിക്കുന്നതിൽ അവരുടെ കണ്ണുകൾക്ക് ഒരു താൽപ്പര്യവുമില്ല. ലോകത്തേയും, ലോകത്തിലുള്ളതിനേയും, താലോലിക്കാനും, തലോടാനുമാണ് അവർക്ക് ഏറെ ഇഷ്ടം.

ഭാവിയിലേക്കുള്ള ഒട്ടനവധി പദ്ധതികൾ അവർ ആസൂത്രണം ചെയ്യുന്നു. അവർ പദ്ധതികൾ മെനഞ്ഞുണ്ടാക്കും, പക്ഷേ അതൊന്നും ഫലവത്താകുകയില്ല. ഈ പദ്ധതികളെ സംബന്ധിച്ച് അവർ **എന്നോട്** ആലോചന ചോദിച്ചില്ല. അവർ **എന്നോട്** ആരാഞ്ഞിരുന്നുവെങ്കിൽ; **എന്നിൽ** ദൃഷ്ടിപതിപ്പിക്കേണ്ടതിനെകുറിച്ച്, **എന്റരികത്തേക്ക്** അടുത്തുവരേണ്ടതിനെ കുറിച്ച്, അവരുടെ പദ്ധതികളെല്ലാം **എന്റെ** മുമ്പാകെ നിരുപാധികമായി അർപ്പണം ചെയ്യേണ്ടതിനെകുറിച്ച്, അവരെ തന്നെ പൂർണ്ണമായി അടിയറ വയ്ക്കേണ്ടതിനെ കുറിച്ച് എല്ലാം വിശദമായി വിവരിച്ചു കൊടുക്കുമായിരുന്നു. ഞാനാഗ്രഹിക്കുന്നത് ഇതാണ്. അല്പം പോലും പിടിച്ചു വയ്ക്കാതെ പൂർണ്ണമായും കീഴടക്കി തരിക. എല്ലാ ഉദ്ദേശങ്ങളും **എന്റെ** തൃപ്പാദത്തിങ്കൽ സമർപ്പിക്കുക. നിങ്ങളെ തന്നെ സമ്പൂർണ്ണമായി **എനിക്ക്** സമർപ്പിക്കുക. എന്തിനധികം നിങ്ങളുടെ പ്രാണനെയും, നിങ്ങളുടെ ഭാവിക്കുവേണ്ടിയുള്ള സകല പദ്ധതികളേയും.

ഭാവിയിൽ എന്ത് സംഭവിക്കുമെന്ന് അറിയാവുന്നത് **എനിക്ക്** മാത്രമാണ്. മറ്റാര് കെട്ടിപൊക്കിയാലും അതെല്ലാം നിമിഷനേരം കൊണ്ട് നിലംപൊത്തും. എന്തുകൊണ്ട് നിങ്ങളുടെ ജീവിതത്തോ

ടനുബന്ധിച്ചുള്ള **എന്റെ** പദ്ധതികൾ തൽസ്ഥാനത്ത് നിങ്ങൾ പ്രതിഷ്ഠിച്ചില്ല? മക്കളേ, നിങ്ങൾക്ക് ആവശ്യമായ ഏറ്റവും മേത്തരമായതെന്ന് **എനിക്കറിയാം**. ആരംഭത്തിങ്കൽ തന്നെ അവസാനം അറിയുന്നവനാണ് ഞാൻ. ഞാൻ **ആൽഫ**യും, **ഒമേഗ**യുമാകുന്നു.

വെളിപ്പാട് 22:13 **"ഞാൻ ആൽഫയും, ഒമേഗയും, ഒന്നാമനും, അവസാനത്തവനും, ആദിയും, അന്തവും ആകുന്നു".**

സൂര്യ-ചന്ദ്ര-താരകങ്ങളുടെ സൃഷ്ടിതാവ് ഞാനാണ്. നിങ്ങൾക്കും, നിങ്ങളുടെ ഭാവിക്കുവേണ്ടതും കരുതുവാൻ **എനിക്ക്** കഴിയുമെന്ന് നിങ്ങൾ കരുതുന്നില്ലേ? നിങ്ങൾ നിങ്ങളുടെ ജീവിതത്തെ **എനിക്ക്** കൈമാറുകയാണെങ്കിൽ; **എന്റെ** രാജ്യത്തിലേക്ക് നിങ്ങളെ കൂട്ടികൊണ്ട് പോകുവാൻ **എനിക്ക്** കഴിയും. നിങ്ങൾക്ക് സമാധാനവും, സ്വസ്ഥതയും പകർന്ന് തരുവാൻ **എനിക്ക്** കഴിയും. **എന്നോട്** കൂടെ നിങ്ങളും സ്വസ്ഥതയിൽ പ്രവേശിക്കും. നിങ്ങളുടെ ജീവിതത്തിനുവേണ്ടിയുള്ള **എന്റെ** പദ്ധതികളെല്ലാം തികവുള്ളതായിരുന്നുവെന്നും, വിടുവിക്കുവാൻ ഞാൻ ശക്തനാണെന്നും, സമാധാനത്തിൽ ജീവിച്ചുകൊണ്ട് നിങ്ങൾ മനസ്സിലാക്കും.

നിങ്ങളുടെ ജീവിതത്തോടനുബന്ധിച്ചുള്ള **എന്റെ** സമ്പൂർണ്ണ ഹിതത്തിനകത്താണ് ജീവിതത്തെ നിങ്ങൾ കെട്ടിപൊക്കുന്നതെങ്കിൽ ഈ സുരക്ഷിതത്വം നിങ്ങൾക്ക് പ്രാപിക്കുവാൻ കഴിയും. നിങ്ങൾ **എന്റെ** ഹിതവലയത്തിനകത്താണെങ്കിൽ നാളെയെകുറിച്ച് നിങ്ങൾക്ക് ഭാരപ്പെടേണ്ടി വരില്ല. നിങ്ങളുടെ സ്വന്തം വഴികളിലും, സ്വന്തം പദ്ധതികളിന്മേലുമുള്ള നിങ്ങളുടെ പിടിത്തം വിടുക. അതെല്ലാം നിങ്ങളെ നയിക്കുന്നത് നാശത്തിലേക്കായിരിക്കും.

നിങ്ങളെ സമ്പൂർണ്ണമായി **എന്റെ** മുമ്പാകെ സമർപ്പിക്കുകയും, **എന്റെ** ഹിതത്തിലേക്ക്, സമ്പൂർണ്ണഹിതത്തിലേക്ക് നിങ്ങൾ നടന്നടുക്കുക. ആരംഭത്തിങ്കൽ തന്നെ അവസാനം **അറിയുന്നവൻ** നിനക്ക് വേണ്ടി കരുതികൊള്ളും. ഞാൻ നിങ്ങളുടെ നിത്യനായ **ദൈവമാകുന്നു. എന്റെ** നിത്യരാജ്യത്തിലേക്ക് ഞാൻ നിങ്ങളെ ചേർത്ത് നടത്തും. യാചിക്കുന്ന നിങ്ങൾക്ക് അവകാശപ്പെട്ടതാണിത്.

വെളിപ്പാട് 21:6 **"പിന്നെയും അവിടന്ന് എന്നോട് അരുളി**

**ചെയ്തു. അത് സംഭവിച്ചുതീർന്നിരിക്കുന്നു. ഞാൻ ആൽഫയും, ഒമേഗയും, ആദിയും, അന്തവും ആകുന്നു. ദാഹിക്കുന്നവന് ഞാൻ ജീവന്റെ നീരുറവയിൽ നിന്ന് സൗജന്യമായി കൊടുക്കും."**

അടിയറ വെയ്ക്കുക, അനുതപിക്കുക. **എന്നെ** നിങ്ങളുടെ സ്വന്ത മാക്കുക. **എന്നെ** അടുത്തറിയുക. നിങ്ങൾക്ക് **എന്റെ** ഹൃദയം ഞാൻ പകുത്തു തരും. നിങ്ങളോട് ചേർന്ന് നടക്കുവാൻ ഞാൻ ആശിക്കുന്നു. ഈ ജീവയാത്രയിൽ നിങ്ങൾ ഒരിക്കലും ഒറ്റക്കാവുകയില്ല. അതു കൊണ്ട് അടിയറ വെക്കാനുള്ള നാഴികയാണിത്. ഇതാകുന്നു നാൾ. ഇതാകുന്നു നാഴിക. സമയം തക്കത്തിൽ ഉപയോഗിക്കുക.

അനേകം വഴികളുണ്ട്. ഒന്നു മാത്രമേ നേരുള്ളതുള്ളു. ഒന്നു മാത്രമേ നേരായതുള്ളു.

**എന്നെ** അടുത്തറിയുക. നേരായ പാതയിലൂടെ ഞാൻ നിങ്ങളെ വഴി നടത്തും. നിങ്ങളെ നടത്തുകയും, നിങ്ങളെ നയിക്കുകയും ചെയ്യുക എന്നതാണ് **എന്റെ** ഹൃദയാഭിലാഷം.

എബ്രായർ 12:13 **"മുടന്തുള്ളത് ഉളുക്കി പോകാതെ ഭേദമാകേണ്ടതിന് നിങ്ങളുടെ കാലിന് പാത നിരപ്പാക്കുവിൻ".**

താമസം വിനാ ഘടികാരത്തിലെ സൂചി അർദ്ധരാത്രിയുടെ മണി മുഴക്കും. **എന്റെ** കൈകൾക്കകത്തേക്ക്, സുരക്ഷിത വലയ ത്തിലേക്ക് ഓടികയറുക. **ഞാൻ** നിങ്ങളെ രക്ഷിക്കാം. വളരെ പെട്ടെന്ന് തീരുമാനിക്കുക. ആരെങ്കിലുമൊരാൾ കൈവിടപ്പെട്ടു പോയാൽ അത് **എനിക്ക്** ദുഃഖമുളവാക്കുന്ന ഒന്നാണ്. പക്ഷേ തിര ഞ്ഞെടുക്കാനുള്ള പൂർണ്ണസ്വാതന്ത്ര്യം നിങ്ങളുടേതാണ്.

**എന്റെ** സ്നേഹത്തെ സ്വീകരിക്കുവാൻ ഒട്ടും താമസിക്കരുത്.

അതിര് വിട്ട സ്നേഹത്തിന്റെ **ദൈവമായ യാഹ്ഷുവാ.**

1 യോഹന്നാൻ 4:16 **"ഇങ്ങനെ ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ നാം അറിഞ്ഞും, വിശ്വസിച്ചുമിരിക്കുന്നു. ദൈവം സ്നേഹം തന്നെ. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു. ദൈവം അവനിലും വസിക്കുന്നു".**

# പാഠം 37
# അവശേഷിച്ചിരിക്കുന്നത് അസുലഭമായ അല്പനിമിഷം

നമുക്ക് തുടങ്ങാം. ഇനിയും കുറേ കാര്യങ്ങൾ ഞാൻ നിങ്ങളോട് പറയാം. മക്കളേ ഇത് ഞാനാകുന്നു. നിങ്ങളുടെ **കർത്താവ്** നിങ്ങൾക്ക് തരാനുള്ള വചനം **എന്റെ** പക്കലുണ്ട്.

സമയം രാത്രിയോടടുത്തു കൊണ്ടിരിക്കുന്നു. അല്പം വെട്ടം മാത്രമേ അവശേഷിക്കുന്നുള്ളു. നിങ്ങൾ ഒരുങ്ങേണ്ടിയിരിക്കുന്നു. **എന്റെ** വരവ് അടുത്തിരിക്കുകയാൽ നിങ്ങൾ സജ്ജരാകണം. ഇത് അവസാനിക്കുവാൻ തുടങ്ങുന്നു.

ചുരുക്കം ആളുകൾ ഒരുങ്ങി കാത്തിരിക്കുന്നു. ചിലർ ഒരുങ്ങേണ്ടതിനായി സൂക്ഷ്മതയോടെയിരിക്കുന്നു. അനേകർ എന്റെ മുന്നറിയിപ്പുകളെ തൃണവൽഗണിക്കുന്നു. വരാൻ പോകുന്ന കാര്യങ്ങളെ കുറിച്ച് അവർക്ക് തെല്ലും ആശങ്കയില്ല. ഈ നാഴികക്ക് തിരശ്ശീല വീഴുവാൻ ആരംഭിക്കുന്നു.

നിങ്ങൾ ജാഗ്രതയുള്ളവരായി, കുതിക്കാൻ ഒരുമ്പെട്ടിരിക്കുന്നവരായിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അങ്ങനെയല്ലെങ്കിൽ നിങ്ങൾ പിടിവിട്ടു പോകും. നിങ്ങൾ സൂക്ഷ്മതയോടെ വീക്ഷിക്കുന്നില്ലെങ്കിൽ സംഭവിക്കാൻ പോകുന്നത് നിങ്ങൾക്ക് കാണാൻ കഴിയില്ല. കാത്തിരിക്കുന്നവർ ഉണർന്നിരിക്കും. അവർ കാത്തിരിക്കുന്നവരായതുകൊണ്ട്, അവർക്ക് മാത്രമേ അപ്പോൾ ഒരുങ്ങാൻ സാധിക്കുകയുള്ളു. നിങ്ങൾ കാത്തിരിക്കുന്നില്ലെങ്കിൽ എങ്ങനെ നിങ്ങൾക്ക് ഒരുങ്ങാൻ കഴിയും? ഒരുങ്ങി കാത്തിരിക്കുന്നവർ മാത്രമേ യാത്രാസംഘത്തിലുണ്ടാവുകയുള്ളു. താമസിയാതെ തങ്ങളുടെ വിളക്കിൽ പാതി എണ്ണയുമായി മറ്റുള്ളവർ കടന്നുവരും.

മത്തായി 25:7-10. **"അപ്പോൾ കന്യകമാരെല്ലാം എഴുന്നേറ്റ് അവരുടെ വിളക്കുകൾ കത്തിച്ചു. അപ്പോൾ ബുദ്ധിയില്ലാത്തവർ**

**ബുദ്ധിയുള്ളവരോട് പറഞ്ഞു. ഞങ്ങളുടെ വിളക്ക് കെട്ടുപോകുന്നത് കൊണ്ട് നിങ്ങളുടെ എണ്ണയിൽ കുറച്ച് ഞങ്ങൾക്ക് തരുവിൻ. ബുദ്ധിയുള്ളവർ മറുപടി പറഞ്ഞു. ഞങ്ങൾക്കും, നിങ്ങൾക്കും ചിലപ്പോൾ മതിയാകാതെ വന്നേക്കാം. അതിനാൽ വിൽക്കുന്നവരുടെ അടുക്കൽ പോയി നിങ്ങൾ തന്നെ വാങ്ങികൊള്ളുവിൻ. അവർ വാങ്ങുവാൻ പോയപ്പോൾ മണവാളൻ വന്നു. ഒരുങ്ങിയിരുന്ന കന്യകമാർ മണവാളനോട് കൂടെ വിവാഹവിരുന്നിന്, അകത്ത് പ്രവേശിച്ചു. വാതിൽ അടയ്ക്കപ്പെടുകയും ചെയ്തു".**

ഇത് ഉറക്കം തൂങ്ങാനോ, മയങ്ങാനോ ഉള്ള സമയമല്ല മക്കളേ.

ജാഗ്രതയോടെ ഉണർന്നിരുന്ന് **എന്റെ** വരവിനായി കാത്തിരിക്കാത്തവരെ കൊണ്ടു പോകാനായി ഞാൻ വരില്ല. ഞാൻ വരുമ്പോൾ ഉറങ്ങുന്നവർ, ഭൂമിയിൽ വരാൻ പോകുന്ന പേടിസ്വപ്നത്തിലേക്കാണ് പിന്നീട് ഉണർന്നെഴുന്നേൽക്കുക. എത്ര ശോചനീയ അവസ്ഥയാണ് നിശ്ചയമായും **എന്റെ** ഉറങ്ങുന്ന സഭക്ക് വന്ന് ഭവിക്കുവാൻ പോകുന്നത്.

എബ്രായർ 9:28 **"ക്രിസ്തുവും അങ്ങനെ തന്നെ അനേകരുടെ പാപങ്ങളെ വഹിക്കുവാൻ ഒരിക്കലായി അർപ്പിക്കപ്പെട്ടു. ഇനി പാപങ്ങളെ വഹിക്കുവാനല്ല, അവിടത്തേക്കായി കാത്തു നിൽക്കുന്നവരുടെ രക്ഷയ്ക്കായി അവിടന്ന് രണ്ടാമത് പ്രത്യക്ഷനാകും".**

**എന്റെ** മക്കൾ സുഖനിദ്രയിലമർന്നിരിക്കുന്നു. ഉറക്കമുപേക്ഷിച്ച് അവർ പെട്ടെന്ന് ഉണർന്നില്ലെങ്കിൽ, **എന്റെ** ശത്രുവിന്റെ കരവലയത്തിനകത്തായിരിക്കും പിന്നെ അവരെ കാണുന്നത്. അവൻ അങ്ങേയറ്റം നിഷ്ഠൂരനും, ആർദ്രത തൊട്ടു തീണ്ടിയിട്ടില്ലാത്തവനും, മറ്റുള്ളവരെ കുറിച്ച് അല്പം പോലും കരുതലില്ലാത്തവനുമാണ്. അധികാരവും, നിയന്ത്രണവും. ഇത് മാത്രമാണ് അവന്റെ മനസ്സിലുള്ളത്. ഉരുക്ക്മുഷ്ടി ഉപയോഗിച്ചുകൊണ്ട് അവൻ വാഴ്ച നടത്തും. വരാൻ പോകുന്ന സംഭവഗതികളുടെ തീവ്രത നിങ്ങളോട് പറഞ്ഞു ഫലിപ്പിക്കുവാൻ എനിക്ക് സാധ്യമല്ല. തീർത്തും ഗുരുതരമായ നാളും, നാഴികയുമാണിത്. അത്യന്തം ഗൗരവാവഹമായ കാര്യങ്ങളാണ് ഭൂമിയിൽ അരങ്ങേറാൻ പോകുന്നുത്.

ഇത്തരം കാര്യങ്ങളെ കുറിച്ച് നിങ്ങളോട് പറയുന്നതിൽ ഞാൻ ഒട്ടും ആനന്ദിക്കുന്നില്ല. വരാനിരിക്കുന്നതിൽ നിന്ന് നിങ്ങളെ തട്ടി യുണർത്തി ചൂടും, ചൂരുമുള്ളവരായി നിങ്ങളെ മാറ്റുവാനാണ് ആശി ക്കുന്നത്. എന്തുകൊണ്ടെന്നാൽ ആസന്നഭാവിയിൽ ഭൂമിയിൽ പതി ക്കാൻ പോകുന്ന കൊടിയനാശത്തിലകപ്പെട്ട് നിങ്ങൾ ദുരിത യാതന അനുഭവിക്കാതിരിക്കേണ്ടതിന് വേണ്ടിയിട്ടാണ്.

മക്കളെ നിങ്ങൾ കാര്യങ്ങളെ യഥാവണ്ണം തിരിച്ചറിയുക. നിങ്ങ ളുടെ ഗാഢനിദ്രയിൽ നിന്നുണർന്ന് ഇരുട്ടിന്റെ മറകളെ നീക്കികള യുക. അതിശീഘ്രം **എന്നരികിലേക്ക്** വരിക. നിങ്ങൾക്ക് അവശേ ഷിക്കുന്നത് അസുലഭമായ അല്പനിമിഷമാണ്. നിങ്ങൾ അതി വേഗം **എന്നിലേക്ക്** ഓടിയടുക്കണം. അങ്ങേയറ്റം നികൃഷ്ടമായ തിൽ നിന്ന് നിങ്ങളെ രക്ഷിച്ചെടുക്കണമെന്ന് ഞാൻ വാഞ്ചിക്കുന്നു.

വരാൻ പോകുന്ന കൊടുങ്കാറ്റിലകപ്പെട്ട് നിങ്ങൾ താളടിയായി പോകരുത്. ഞാൻ **എന്റെ** കാന്തയെ ചേർത്തു കൊള്ളുമ്പോൾ വളരെ കുറച്ചു പേരേ എന്നോടുകൂടെ കാണുകയുള്ളു. **എന്റെ** രക്താ ത്താലുള്ള കഴുകലും, ശുദ്ധീകരണവും പ്രാപിച്ച്, **എനിക്കായ്** പ്രത്യാശയോടെ ഒരുങ്ങി കാത്തിരിക്കുന്നവരുടെ എണ്ണം ശുഷ്ക്ക മാണ്. മറ്റ് ഉത്തരങ്ങളൊന്നുമില്ല. മറ്റൊരു മാർഗ്ഗവുമില്ല.

എഫേസ്യർ 5:25-27 **"ഭർത്താക്കന്മാരെ, ക്രിസ്തു സഭയെ സ്നേഹിക്കുകയും, തന്നെത്താൻ അവൾക്കായി ഏൽപ്പിച്ചു കൊടുക്കുകയും ചെയ്തതു പോലെ തന്നെ സ്വന്തം ഭാര്യമാരെ സ്നേഹിക്കുവിൻ. അവിടന്ന് സഭയെ വചനത്തോട് കൂടിയ ജല സ്നാനത്താൽ കഴുകി വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനും, കറയോ, ചുളുക്കമോ മറ്റ് കുറവുകളോ ഇല്ലാതെ അവളെ വിശു ദ്ധയും, നിഷ്കളങ്കയുമായി അവിടത്തേക്ക് വേണ്ടി തേജസ്സോടെ മുമ്പിൽ നിറുത്തേണ്ടതിനുമായിട്ടാണ് അങ്ങനെ ചെയ്തത്. അങ്ങനെ തന്നെ, ഭർത്താക്കന്മാരും തങ്ങളുടെ ഭാര്യമാരെ സ്വന്ത ശരീരങ്ങളെ പോലെ സ്നേഹിക്കേണ്ടതാകുന്നു. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെ തന്നെയാകുന്നു സ്നേഹിക്കുന്നത്".**

ഈ നാഴികയിൽ തന്നെ കീഴടങ്ങുക. നിങ്ങളെ കൈകൊള്ളുവാൻ ഞാൻ തയ്യാറാണ്. നിങ്ങൾ **എന്റെ** അരികെ വന്ന് സുരക്ഷിതരായിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. വരാനിരിക്കുന്ന ആപത്തുകളിൽ നിന്ന് ഞാൻ നിങ്ങളെ കാത്തുപരിപാലിക്കും. നിങ്ങൾ നിങ്ങളെ തന്നെ രക്ഷിച്ച് എന്റെ സമീപത്തേക്ക് വരിക. രക്ഷപ്പെടാനുള്ള ഏകജാലകം ഞാൻ മാത്രമാണ്. മറ്റ് വാതിലുകളൊന്നും തന്നെയില്ല. പൂർണ്ണഅളവിൽ നിങ്ങളുടെ ഹൃദയവും, ജീവിതവും എനിക്ക് വിധേയപ്പെടുത്തി തരിക. **എന്റെ പരിശുദ്ധാത്മാവിന്റെ** പ്രവർത്തനഫലമായി നിങ്ങൾ പൂർണ്ണസജ്ജരായി തീരും. **അവൻ** നിങ്ങളെ മുറ്റും നിറക്കും. നിങ്ങൾ സത്യം ദർശിക്കും. **എന്റെ** സത്യം.

**എന്റെ** രാജ്യത്തിലേക്ക് നിങ്ങളെ ആനയിച്ച് കൊണ്ട് പോകുവാൻ **എനിക്ക്** മനസ്സാണ്. നിങ്ങൾക്കോ? ഇത് നിങ്ങളുടെ **കർത്താവായ യാഹ്ഷുവ**യാണ്. ഞാൻ സഹിഷ്ണുതയോടെ, ദീർഘക്ഷമയോടെ നിങ്ങളുടെ തീരുമാനത്തിനുവേണ്ടി കാത്തിരിക്കുകയാണ്. **എന്നെ** തിരഞ്ഞെടുത്ത് രക്ഷ പ്രാപിക്കേണ്ടതിനുവേണ്ടി.

ഒരു വോയ്സ് ഓഫ് ഗോസ്പൽ പ്രസിദ്ധീകരണം.

# പാഠം 38

# എന്റെ യഥാർത്ഥ അനുയായികൾ ജാഗരൂകരായി രിക്കുന്നു. അവർ തീർത്തും ഒരുക്കത്തിലാണ്.

മകളേ നമുക്ക് തുടങ്ങാം. **എന്റെ** മകളേ പുതിയ കാര്യങ്ങൾ നിനക്ക് തരുവാൻ ഞാൻ ഒരുങ്ങിയിരിക്കുന്നു. മക്കളേ, നിങ്ങളുടെ കർത്താവാണ് സംസാരിക്കുന്നത്. **എന്റെ** മടങ്ങി വരവിന്റെ കാലം അടുത്തിരിക്കുന്നു. **എന്റെ** മക്കൾ നല്ല ഉറക്കത്തിലാണ്. സുഖനിദ്ര. തങ്ങളുടെ ചുറ്റുപാട് എന്ത് സംഭവിക്കുന്നുവെന്ന് പോലും അറി യാത്ത അളവിൽ അന്തം വിട്ടുള്ള ഗാഢനിദ്രയാണ്. എന്തിനധികം കാത്തിരിക്കുന്നവരുടെ കൂട്ടത്തിൽ പോലും അവരില്ല. അവർ അന്ധ രാണ്. അവരുടെ ദൃഷ്ടികൾ **എന്റെ** മേലല്ല.

രാത്രിയിൽ ഞാൻ കള്ളനെ പോലെ കടന്നു വരും. അനേകർ ഒരുക്കമില്ലാത്ത അവസ്ഥയിലായിരിക്കും. **എന്റെ** വചനം അങ്ങനെ പറയുന്നില്ലയോ? പിന്നെയെന്തുകൊണ്ടാണ്, അനേകർ **എന്റെ** മുന്ന റിയിപ്പുകളെ മുഖവിലക്കെടുക്കാത്തത്? എന്തുകൊണ്ടാണ് അവർ കാത്തിരിക്കാൻ കൂട്ടാക്കത്തതും, ശ്രദ്ധിക്കാത്തതും? ഏറ്റവും നല്ലത് അവർക്ക് കൊടുക്കണമെന്ന് ഞാൻ ഇച്ഛിക്കുമ്പോൾ, ഒട്ടും മേന്മയി ല്ലാത്തതാണ് അവർ എനിക്ക് തിരികെ തരുന്നത്.

**എന്റെ** മക്കൾ **എന്നെ** അടുത്ത് അനുഗമിച്ചിരുന്നുവെങ്കിൽ, അവർ **എന്നെ** കാത്തിരിക്കുമായിരുന്നു. അവർ **എന്നിൽ** പ്രത്യാശിക്കുമായി രുന്നു. അവർ **എന്നെ** നോക്കിയിരിക്കുമായിരുന്നു. ചുറ്റുപാടുമുള്ള ലോക കാര്യങ്ങളിലും, നാലുപാടും നിന്ന് ഉച്ചത്തിൽ **എന്നെ** തള്ളിപറയുന്ന ലോകത്തിന്റെ മാർഗ്ഗങ്ങളിലും അവർ അഭ്യാസം തികഞ്ഞവരാണ്.

**എന്റെ** യഥാർത്ഥ അനുഗാമികൾ **എന്നെ** നോക്കിയിരിക്കുന്നു. അവർ ജാഗരൂകരാണ്. **എന്റെ** കാലൊച്ച കേൾക്കുവാൻ അവർക്ക് ചെവികളുണ്ട്. **എന്റെ** സകല നീക്കങ്ങളേയും അവർ നിരീക്ഷിക്കുന്നു. **എന്റെ** ശബ്ദം അവർ ശ്രവിക്കുന്നു.

ഞാൻ വരുന്നു. **എന്നെ** സസൂക്ഷ്മം നിരീക്ഷിച്ചുകൊണ്ടിരിക്കുന്ന എന്റെ മക്കൾക്ക് **എന്റെ** വരവ് മറഞ്ഞിരിക്കുന്ന മർമ്മമായിരിക്കില്ല. ഈ മക്കൾ പൂർണ്ണസഹിഷ്ണുതയുള്ളവരാണെങ്കിലും, ആകാംക്ഷാഭരിതരാണ്. ഇതാണ് **എന്റെ** സത്യസഭ. **എന്റെ** മണവാട്ടി. അവൾ ലാവണ്യവതിയാണ്. **എന്റെ** മടങ്ങി വരവിനായുള്ള അവളുടെ അത്യുത്സാഹം **എന്നെ** അത്രമേൽ ആകർഷിച്ചു. **എനിക്കായ്** കാത്തിരിക്കുന്ന അവളുടെ അടങ്ങാത്ത അഭിനിവേശം **എന്നെ** ഒത്തിരി സന്തോഷിപ്പിച്ചു. ജഡത്തെ അതിന്റെ രാഗമോഹങ്ങളോടെ ക്രൂശിച്ച **എന്റെ** വിശ്വസ്തഅനുയായികൾക്കായിട്ടാണ് ഞാൻ ക്രൂശിൽ യാഗമായ് തീർന്നത്.

ലൂക്കോസ് 12:37 **"യജമാനൻ വരുമ്പോൾ ഉണർന്നിരിക്കുന്നവരായി അവൻ കാണുന്ന ദാസന്മാർ ഭാഗ്യവാന്മാർ. അവൻ സ്വയം അരകെട്ടി അവരെ ഭക്ഷണത്തിനിരുത്തുകയും വന്ന് അവർക്ക് ശുശ്രൂഷ ചെയ്യുകയും ചെയ്യും എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു".**

അവരുടെ സ്വന്തം പ്രാണൻ **എന്റെ** കാൽകീഴിൽ വച്ചവരാണവർ. ലോകത്തേയും, ലോകത്തിന്റെ ഇമ്പങ്ങളേയും അവരുടെ കർത്താവിനുവേണ്ടി ചപ്പെന്നും, ചവറെന്നും എണ്ണി വേണ്ടെന്ന് വച്ചവർ. ഞാനവരോട് അങ്ങേയറ്റം നന്ദിയുള്ളവനാണ്. **എന്റെ** മനോഹാരിണിയായ സഭക്കുള്ള പ്രതിഫലങ്ങൾ അസംഖ്യമാണ്.

**എന്റെ** പ്രിയ മണവാട്ടി, ഈ സത്യസഭയുടെ ഭാഗമായി നിനക്ക് തീരാം. **ഞങ്ങൾ** ഒന്നിച്ച് ഈ പാർത്തലം വിടുമ്പോൾ, സ്വർഗ്ഗത്തിൽ ഞാനൊരുക്കി വച്ച വാസസ്ഥലങ്ങളിലേക്ക് **ഞങ്ങളോട്** കൂടെ നിനക്കും യാത്രയാകാം. അതുകൊണ്ട് ശേഷിക്കുന്ന സമയം അങ്ങേയറ്റം വിലപിടിപ്പുള്ളതാണ്. അതിനാൽ **എന്നെ** പിൻപറ്റുന്ന വിഷയത്തിൽ അത്യന്തം ജാഗ്രത പാലിക്കുക.

സമ്പൂർണ്ണ അടിയറവാണ് ഞാൻ പ്രതീക്ഷിക്കുന്നത്. തികവുള്ള സമർപ്പണമാണ് ഞാൻ ഉറ്റുനോക്കുന്നത്. ഒന്നും അവശേഷിക്കാതെ; ജീവിതം അതിന്റെ പൂർണ്ണതയിൽ എനിക്കായ് തരിക. നിങ്ങളുടെ

മുഴുവൻ ജീവിതവും **എനിക്ക്** വേണം. **എന്നിലുള്ള** പുതിയ ജീവിതത്തെ പകരമായി ഞാൻ വച്ച് മാറും. പുത്തൻ ജീവിതം നിങ്ങൾക്ക് തരുവാൻ ഞാൻ ആഗ്രഹിക്കുന്നു. **എന്റെ രക്തത്തിൽ** നിങ്ങളെ മുറ്റും കഴുകി വെടിപ്പാക്കുവാൻ **എനിക്ക്** ആശയുണ്ട്. **എന്റെ** രാജ്യത്തിൽ നിങ്ങളെ ഉറപ്പിക്കുവാൻ ഞാൻ മോഹിക്കുന്നു. നിത്യതക്കുവേണ്ടി ശിഷ്ടകാലം മുഴുവൻ **എന്നെ** പരമാർത്ഥത യോടെ സേവിച്ച **എന്റെ** പ്രിയ മക്കളോടുകൂടെ നിങ്ങൾക്കും ഒരു ഇടം പകുത്തു തരുവാൻ **എനിക്ക്** മനസ്സുണ്ട്. **എന്നോട്** ചേർന്ന്, **എന്നോട്** കൂടെ സദാ കാലം വാഴുവാൻ **എനിക്ക്** നിങ്ങളെ ആവശ്യമുണ്ട്.

ഇതാണ് **എന്റെ** മണവാട്ടി. അവരുടെ രാജാവിന് വേണ്ടി ആകാംക്ഷയോടെ, അത്യുത്സാഹത്തോടെ, അടങ്ങാത്ത ആവേശ ത്തോടെ സ്വയം ഒരുക്കി വേർതിരിക്കപ്പെട്ട മനോഹാരിണിയാണവൾ. ഇങ്ങനെയുള്ള മക്കളെ രക്ഷിക്കാനാണ് ഞാൻ വരുന്നത്. ഭൂമിയെ അടിച്ചമർത്തി, ആധിപത്യമരുളുന്ന ദുഷ്ടതയിൽ നിന്ന് രക്ഷിച്ചെ ടുത്ത്, സ്വാതന്ത്ര്യത്തിലേക്കും, സുരക്ഷിതത്വത്തിലേക്കും അവരെ നടത്തേണ്ടതിനാണ് **ഞാൻ** വരുന്നത്. അവരാണ് **എന്റെ** ജയാളികൾ. അക്കൂട്ടത്തിൽ നിങ്ങൾക്കും ആകാം. **എന്റെ** രാജ്യത്തിന്റെ ഭാഗമാ യിരുന്നുകൊണ്ട് **എന്റെ** കല്യാണസദ്യയിൽ പങ്കെടുക്കേണ്ടതിനു വേണ്ടി ഞാൻ നിങ്ങൾക്കായി കാത്തിരിക്കുന്നു. **എന്റെ** കല്യാണ വിരുന്ന്ശാലയിൽ ഒരു ഇരിപ്പിടം നിങ്ങൾക്കായി ഞാൻ പിടിച്ചു വെച്ചിട്ടുണ്ട്. നിങ്ങൾക്കായി ഒരിടം മാറ്റിവച്ചിട്ടുണ്ട്. പക്ഷേ നിങ്ങൾ വന്ന് അത് നിങ്ങളുടേതാണെന്ന് തെളിയിച്ച് ആദ്യം കരസ്ഥമാക്കണം.

എക്കാലവും ഞാൻ വാതിൽ തുറന്ന് പിടിക്കുകയില്ല. ഈ സുര ക്ഷിതപാളിയിലൂടെ യാത്ര ചെയ്യേണ്ടതിന് തങ്ങളെ തന്നെ ഒരുക്കി കാത്തിരുന്ന **എന്റെ** മക്കളെ ഞാൻ എടുത്തുകൊണ്ടതിനുശേഷം, വാതിൽ അടയപ്പെടും. **എന്നോട്** കൂടെയുള്ള യാത്ര ക്ഷണം നിര സിച്ചവരാണ് പിന്നെ അവശേഷിക്കുന്നവർ. വരാനിരിക്കുന്ന കൊടും നാശത്തെ അവർ അഭിമുഖീകരിക്കേണ്ടി വരും.

സുരക്ഷിതത്വവും, രക്ഷയും പ്രദാനം ചെയ്യുന്ന എന്റെ വാഗ്ദത്തത്തെ നിരസിച്ചവരുടെ പിന്നത്തെ അവസ്ഥ അത്യന്തം ശോചനീയവും, ദയനീയവുമായിരിക്കും. തങ്ങൾക്ക് വന്ന് ഭവിച്ചതിനേയും, തങ്ങൾക്ക് നഷ്ടപ്പെട്ടതിനേയും കുറിച്ച് അവർ തിരിച്ചറിയുന്ന ആ ദിവസം അത്യന്തം വിനാശകരമായിരിക്കും. തങ്ങൾക്ക് കൈമോശം വന്നതിനേയും, തങ്ങൾ അഭിമുഖീകരിക്കേണ്ടതിനേയും കുറിച്ചുള്ള യാഥാർത്ഥ്യങ്ങൾ അവരെ തുറിച്ചുനോക്കും. ഒരുപാട് ഖേദപ്രകടനങ്ങളുണ്ടായിരിക്കും. കണ്ണുനീർപ്പുഴയൊഴുകും. **എന്റെ** അനേകം മുന്നറിയിപ്പുകളെ അവഗണിക്കുകയും, തള്ളികളയുകയും ചെയ്ത, തെറ്റായ, ദുഃഖകരമായ തിരഞ്ഞെടുപ്പ് നടത്തിയ ശീതോഷ്ണവാന്മാരായ **എന്റെ** സഭയുടെ വിലാപവും, നിലവിളിയും അവിടെയുണ്ടാകും.

അതെ അവരുടെ നഷ്ടം കനത്തതും, ദുഃഖം അതിതീവ്രവുമായിരിക്കും. മക്കളേ, അത് ഒരിക്കലും നിങ്ങൾക്ക് വന്ന് ഭവിക്കരുത്. ഭൂമിയെ ചുറ്റി പൊതിയുവാൻ പോകുന്ന കനത്ത അന്ധകാരത്തെ കാണുവാൻ തക്കവണ്ണം നിങ്ങൾ കൈവിടപ്പെട്ടു പോകരുത്. പൂർണ്ണസമർപ്പണത്തോടും, തികഞ്ഞ മനസ്താപത്തോടും, വന്നു പോയ പാപങ്ങളെ പ്രതിയുള്ള ആത്മാർത്ഥമായ അനുതാപത്തോടും, **എന്നെ** പിന്തുടരുവാനുള്ള അതിതീവ്രമായ ആഗ്രഹത്തോടും, പൂർണ്ണമായ ഹൃദയത്തോടും കൂടെ **എന്നരികിലേക്ക്** വരിക.

ഞാൻ നിങ്ങളുടെ ഹൃദയങ്ങൾക്ക് രൂപാന്തരം വരുത്തും. **എന്റെ** രക്തം കൊണ്ട് നിങ്ങളുടെ പാപകറകളെല്ലാം കഴുകി നിങ്ങളെ വെൺമയുള്ളതാക്കും. നിങ്ങൾ ഒരുങ്ങിയവരായി **എന്റെ** മുമ്പാകെ നിൽക്കും. **എന്റെ** മഹാകല്യാണവിരുന്നിൽ പങ്കെടുക്കാനുള്ള യോഗ്യത നിങ്ങൾ പ്രാപിക്കും.

നിങ്ങൾ **എന്നിലേക്ക്** മടങ്ങി വരണമെന്നാണ് **എന്റെ** ഹൃദയാഭിലാഷം. ഞാൻ നിങ്ങളുടെ **പിതാവാണ്**, നിങ്ങളുടെ സൃഷ്ടാവാണ്. **എന്നോട്** കൂടെ നിങ്ങളും ഉണ്ടാകണമെന്ന് ഞാൻ നിങ്ങളെ കുറിച്ച് ആഗ്രഹിക്കുന്നു. അതുകൊണ്ട് നിങ്ങളെ ഞാൻ **എന്റെ** സ്വന്തം

പുത്രന്മാരും, പുത്രിമാരും ആക്കി തീർക്കും. **എന്നോട്** നിരപ്പ് പ്രാപിക്കാനുള്ള ഏറ്റവും നല്ല സന്ദർഭമാണിത്. നിത്യത മുഴുവൻ **നമുക്ക്** ഒരുമിച്ച് കഴിയാം. നിങ്ങളുടെ തീരുമാനത്തിന് വേണ്ടി ഞാൻ കാത്തിരിക്കുകയാണ്.

ഞാനാകുന്നു നിങ്ങളുടെ **കർത്താവ്**. ഞാനാകുന്നു നിങ്ങളുടെ **രാജാവ്.** ഞാനാകുന്നു നിങ്ങളുടെ **ദൈവമായ യഹോവ.**

ഒരു വോയ്സ് ഓഫ് ഗോസ്പൽ പ്രസിദ്ധീകരണം.

# പാഠം 39
# എന്റെ സാക്ഷ്യം. ഈ രചനയെകുറിച്ചും, എന്റെ ഉപവാസത്തെ കുറിച്ചും.

ആളൊഴിഞ്ഞ ഏകാന്തമായ ഒരിടത്ത് പ്രാർത്ഥനയോടും, ജലപാനം മാത്രമായുള്ള 40 ദിവസത്തെ ഉപവാസത്തോടും കൂടെ ആയിരിക്കുവാൻ കർത്താവ് എന്നെ വിളിച്ചു. രണ്ടാഴ്ചകൾക്ക് ശേഷം എല്ലാ ദിവസവും ഞാൻ കർത്തൃമേശ ആചരിച്ചു. കുറച്ചു ദിവസങ്ങൾക്ക് ശേഷം അല്പാല്പമായി പഴച്ചാർ കുടിക്കാൻ ആരംഭിച്ചു. എന്റെ ജീവിതത്തിൽ ഞാൻ ചെയ്തതിൽ വച്ച് എക്കാലത്തേക്കും പ്രയാസകരമായ ഒന്നാണ് ഈ ഉപവാസമെന്നാണ് എന്റെ ചിന്ത.

ഈ ഉപവാസത്തിൽ കൂടി കർത്താവ് **എന്നെ** കൊണ്ടു ചെന്നെത്തിച്ചത് എന്റെ സ്വയത്തിന് ഞാൻ ചാകുക എന്ന അവസ്ഥയിലാണ്. ഞാനത് അങ്ങനെ തന്നെ ചെയ്തു. ഉപവാസത്തോടനുബന്ധിച്ച് ഒട്ടു വളരെ വചനങ്ങൾ കർത്താവ് എനിക്ക് തരികയും, ഞാനത് മറ്റുള്ളവരും വായിക്കേണ്ടതിന് വിശ്വസ്തതയോടെ കൃത്യമായി രേഖപ്പെടുത്തി. 2012 ജനുവരി 27 മുതൽ 2012 മാർച്ച് 6 വരെയുള്ള ദിവസങ്ങളിലാണ് കർത്താവിൽ നിന്നുള്ള ഈ ആജ്ഞ എനിക്ക് ലഭിച്ചത്. (കർത്താവ് എന്നോട് ആജ്ഞാപിച്ച വ്യക്തിപരമായ എഴുത്തുകളിൽ ഒട്ടുമിക്കവയിലും കൃത്യമായ തിയ്യതി ഞാൻ രേഖപ്പെടുത്തിയിട്ടില്ല. കാരണം ഈ ഉപവാസം എനിക്ക് അത്രകണ്ട് സുഖകരമായ അനുഭവമായിരുന്നില്ല. അത്രമേൽ പ്രയാസകരമായിരുന്നതുകൊണ്ട് അത് ഏതെല്ലാം തിയ്യതികളിലാണ് അത് സംഭവിച്ചതെന്ന് രേഖപ്പെടുത്താൻ പോലും ഞാൻ ഇഷ്ടപ്പെടുന്നില്ല. ഉപവാസത്തിന്റെ സമയം ഇഴഞ്ഞിഴഞ്ഞ് നീങ്ങുന്നതു പോലെ എനിക്ക് അനുഭവപ്പെട്ടു.) ഉപവാസത്തിന്റെ ഈ കാലയളവിൽ കർത്താവ് ഒരു കാര്യം എന്നോട് പറഞ്ഞു. വിശപ്പിന്റെ വേദനകൊണ്ട് പുളയുന്ന സന്ദർഭങ്ങളിലെല്ലാം സഹായത്തിനായി ഏത് സമയത്തും **സ്വർഗ്ഗീയഅപ്പം**

ആവശ്യപ്പെട്ടുകൊള്ളാൻ പറഞ്ഞു. അതുകൊണ്ട് വിശപ്പിന്റെ ബുദ്ധിമുട്ടുകളോ, ഉപവാസ സംബന്ധിയായ പ്രയാസങ്ങളോ അനുഭവപ്പെട്ടപ്പോഴെല്ലാം **സ്വർഗ്ഗീയ അപ്പത്തിനു**വേണ്ടി ഞാൻ കർത്താവിനോട് അപേക്ഷിച്ചു. കർത്താവിൽ നിന്ന് **സ്വർഗ്ഗീയ അപ്പം** ആവശ്യപ്പെട്ടപ്പോഴെല്ലാം എന്റെ വേദനകളും, ആകുലതകളും വളരെ എളുപ്പത്തിൽ എന്നെ വിട്ട് മാറി.

അത് അങ്ങേയറ്റം ആശ്ചര്യജനകവും, തീർത്തും അത്ഭുതാവഹവുമായിരുന്നു. **കർത്താവായിരുന്നു** എന്റെ സ്വർഗ്ഗീയഅപ്പം. (താഴെ കൊടുത്തിരിക്കുന്ന തിരുവെഴുത്തുകൾ നോക്കുക).

ഉപവാസം ഏതാണ്ട് പാതിവഴിയിലെത്തിയപ്പോൾ ഞാൻ ഒരു പുസ്തകം വായിച്ചു. ആ പുസ്തകവായന യഥാർത്ഥത്തിൽ എന്നെ ഇരിക്ക പൊറുതിയില്ലാത്തവളാക്കി മാറ്റി. സ്വർഗ്ഗ-നരകങ്ങൾ സന്ദർശിച്ച ഒരു സ്ത്രീയുടെ അനുഭവകഥയായിരുന്നു അത്. നരകത്തിലുള്ളവർക്കെല്ലാം നിത്യത മുഴുവൻ വിശപ്പും, ദാഹവും അനുഭവപ്പെടുമെന്ന് ആ പുസ്തകത്തിൽ ആ ഗ്രന്ഥകാരി രേഖപ്പെടുത്തിവച്ചു. എന്നാൽ ഈ ഉപവാസകാലയളവ് എന്നെ സംബന്ധിച്ചിടത്തോളം വിധി നിർണ്ണായകമായ നിമിഷങ്ങളായിരുന്നു. എന്തുകൊണ്ടെന്നാൽ കേവലം കട്ടിയായ ആഹാരപദാർത്ഥങ്ങൾ വെടിഞ്ഞുള്ള ഒന്ന് മാത്രമായിരുന്നു എന്റെ ഉപവാസം. (എന്നാൽ എനിക്കൊരിക്കലും ദാഹം അനുഭവപ്പെട്ടില്ല; കാരണം ഉപവാസത്തിന്റെ ദിവസങ്ങളിൽ ഞാൻ ജലപാനം നടത്തിയിരുന്നു). പക്ഷേ നിത്യത മുഴുവൻ വിശന്നും, ദാഹിച്ചുമിരിക്കുന്ന അവസ്ഥ എനിക്ക് അചിന്തനീയമായിരുന്നു. (40 ദിവസത്തെ ഉപവാസം തന്നെ യഥാർത്ഥത്തിൽ ഒരു വലിയ പോരാട്ടമായിരുന്നു). അതുകൊണ്ട് ഈ ആഴമേറിയ യാഥാർത്ഥ്യത്തെ സംബന്ധിച്ച് എല്ലാവരും അങ്ങേയറ്റം അവബോധം പ്രാപിക്കണമെന്നും, നിത്യതയിൽ സംഭവിക്കുന്ന അനന്തര കാര്യങ്ങളെ കുറിച്ച് ഗൗരവമായി ചിന്തിക്കണമെന്നും ഞാൻ ആഗ്രഹിച്ചു.

ഈ 40 ദിവസത്തെ ഉപവാസ കാലയളവിൽ ഞാൻ കർത്താവിൽ നിന്ന് പ്രാപിച്ചതിനോടെല്ലാം ഞാൻ കർത്താവിനോട് തീർത്താൽ തീരാത്ത നന്ദിയുള്ളവളാണ്.

കർത്താവ് എനിക്ക് തന്ന ഇക്കാര്യങ്ങളെ സംബന്ധിച്ച്, കർത്താവ് എന്നോട് അരുളി ചെയ്ത അനേകം വാക്കുകളുടെ അർത്ഥം പോലും നേരാംവണ്ണം എനിക്കറിഞ്ഞിരുന്നില്ല. പല വാക്കുകളുടേയും അർത്ഥം അന്വേഷിച്ചപ്പോൾ അതെല്ലാം പൂർണ്ണതയുള്ള വാക്കുകളായിരുന്നു. ഞാനും ഒരു എഴുത്തുകാരിയാണ്. നൂറിൽപരം ഏടുകളുള്ള സാമാന്യം ദൈർഘ്യമുള്ള ഇതുപോലൊരു ഗ്രന്ഥ രചനക്ക് ഞാനൊരുങ്ങുമ്പോൾ ഞാൻ എന്നിൽ തന്നെ അതിന്റെ കരട് രൂപം തയ്യാറാക്കും. ഒരുപാട് തവണ വെട്ടിയെഴുതേണ്ടതായിട്ടും, നീക്കം ചെയ്യേണ്ടതായിട്ടും, കുറക്കേണ്ടതായിട്ടും, കൂട്ടേണ്ടതായിട്ടും വരാറുണ്ട്. എന്നാൽ ഈ ഗ്രന്ഥരചനയിൽ ഒരിക്കൽ പോലും ഒരിടത്തും ഒന്നുപോലും തിരുത്തേണ്ടതായിട്ടോ, മാറ്റേണ്ടതായിട്ടോ വന്നില്ല. കർത്താവ് എന്നോട് തിരുവായ്മൊഴിഞ്ഞത് അക്ഷരാർത്ഥത്തിൽ ഞാൻ കേട്ടെഴുതുകയായിരുന്നു. കർത്താവ് എന്നോട് അരുളി ചെയ്തത് അതത് സമയത്ത് തന്നെ ഞാൻ കുറിച്ചു വച്ചു. കുറിച്ചു വച്ചതെല്ലാം പിന്നീട് പൂർണ്ണമായും സമാഹരിച്ചു മുഴുവനായ് എഴുതി. ഒരു തിരുത്തോ മാറ്റമോ ആവശ്യമില്ലാത്തവിധം അത്രത്തോളം പൂർണ്ണതയുള്ള ഇംഗ്ലീഷിലായിരുന്നു കർത്താവ് എന്നോട് സംസാരിച്ചത്. **സകലമഹത്വവും** കർത്താവിന് ഒരുഹീനപാത്രമായ എന്നോട് സംസാരിക്കുവാൻ കർത്താവേ അങ്ങേക്ക് മനസ്സായല്ലോ. ഒരുപാട് ഒരുപാട് നന്ദി. സൂസൻ ഡേവീസ്.

**യേശു സ്വർഗ്ഗീയ അപ്പമാകുന്നു.**

യോഹന്നാൻ 6:29-58. (29) യേശു അവരോട് പറഞ്ഞു. അവിടന്ന് **അയച്ചവനിൽ** നിങ്ങൾ വിശ്വസിക്കുക എന്നതാണ് **ദൈവത്തിന്** പ്രസാദമുള്ള പ്രവൃത്തി. (30) അവർ **അവിടത്തോട്** ചോദിച്ചു. ഞങ്ങൾ കണ്ട് **അങ്ങയിൽ** വിശ്വസിക്കേണ്ടതിന് **അങ്ങ്** എന്ത്

അടയാളമാണ് ചെയ്യുന്നത്? എന്ത് പ്രവൃത്തിയാണ് അങ്ങ് ചെയ്യുന്നത്? (31) ഞങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ വച്ച് മന്നാ ഭക്ഷിച്ചു. എഴുതപ്പെട്ടിരിക്കുന്നതു പോലെ തന്നെ **അവിടന്ന്** അവർക്ക് ഭക്ഷിക്കുവാൻ സ്വർഗ്ഗത്തിൽ നിന്ന് അപ്പം കൊടുത്തു. (32) **യേശു** അവരോട് പറഞ്ഞു. സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു. മോശ നിങ്ങൾക്ക് സ്വർഗ്ഗത്തിൽ നിന്നുള്ള അപ്പം നൽകിയിട്ടില്ല. **എന്റെ പിതാവാകുന്നു** സ്വർഗ്ഗത്തിൽ നിന്നുള്ള സാക്ഷാൽഅപ്പം നിങ്ങൾക്ക് തരുന്നത്. (33) **ദൈവത്തിന്റെ അപ്പമോ** സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന് ലോകത്തിന് ജീവൻ നൽകുന്നതാകുന്നു. (34) അവർ **യേശുവിനോട്** പറഞ്ഞു "**കർത്താവേ ഈ അപ്പം** എപ്പോഴും ഞങ്ങൾക്ക് തരേണമേ" (35) **യേശു** അവരോട് പറഞ്ഞു : "ഞാനാകുന്നു **ജീവന്റെ അപ്പം. എന്റെ** അടുക്കൽ വരുന്നവന് വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ഒരുനാളും ദാഹിക്കുകയില്ല. (36) നിങ്ങൾ **എന്നെ** കണ്ടിട്ടും വിശ്വസിക്കുന്നില്ല എന്ന് ഞാൻ നിങ്ങളോട് പറഞ്ഞുവല്ലോ. (37) **പിതാവ്** എനിക്ക് തരുന്നവരൊക്കെയും **എന്റെ** അടുക്കൽ വരും; **എന്റെ** അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളികളയുകയുമില്ല. (38) ഞാൻ **എന്റെ ഇഷ്ടമല്ല,** എന്നെ അയച്ചപിതാവിന്റെ ഇഷ്ടം ചെയ്യുവാനാകുന്നു സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്നിരിക്കുന്നത്. (39) അവിടന്ന് **എനിക്ക്** തന്നവരിൽ ആരെയും **ഞാൻ** നഷ്ടപ്പെടുത്താതെ എല്ലാവരേയും അവസാനനാളിൽ ഉയിർത്തെഴുന്നേൽപിക്കണം എന്നാകുന്നു **എന്നെ** അയച്ച **പിതാവിന്റെ** ഇഷ്ടം. (40) **പുത്രനെ** നോക്കുകയും **അവനിൽ** വിശ്വസിക്കുകയും ചെയ്യുന്ന ഏതൊരുവനും നിത്യജീവൻ ഉണ്ടാകണമെന്നാകുന്നു **എന്റെ പിതാവിന്റെ** ഇഷ്ടം : "ഞാനവനെ അവസാനനാളിൽ ഉയിർത്തെഴുന്നേൽപിക്കും". (41) "**ഞാൻ** സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്ന **അപ്പമാകുന്നു**" എന്ന് **യേശു** പറഞ്ഞതിനാൽ യഹൂദന്മാർ **യേശുവിനെ** കുറിച്ച് ഇങ്ങനെ പിറുപിറുത്തു. (42) ഇവൻ യോസേഫിന്റെ **പുത്രൻ** ആയ **യേശു** അല്ലയോ?

അവന്റെ അപ്പനേയും, അമ്മയേയും നാം അറിയുകയും ചെയ്യുന്നു. പിന്നെ ഞാൻ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്നു എന്ന് **അവൻ** പറയുന്നതെങ്ങിനെ? (43) **യേശു** അവരോട് ഉത്തരമായി പറഞ്ഞു : “നിങ്ങൾ തമ്മിൽ പിറുപിറുക്കേണ്ട : (44) എന്നെ അയച്ച **പിതാവ്** ആകർഷിച്ചീട്ടല്ലാതെ ആർക്കും **എന്റെ** അടുക്കൽ വരുവാൻ കഴിയുകയില്ല. ഞാൻ അവസാനനാളിൽ അവനെ ഉയിർത്തെഴുന്നേൽപ്പിക്കുകയും ചെയ്യും. (45) “എല്ലാവരും **ദൈവത്താൽ** ഉപദേശിക്കപ്പെടും എന്ന് പ്രവാചകപുസ്തകങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നു”. **പിതാവിൽ നിന്നും** കേൾക്കുകയും, പഠിക്കുകയും ചെയ്തവരെല്ലാം **എന്റെ** അടുക്കൽവരും (46). **പിതാവിനെ** ആരെങ്കിലും കണ്ടീട്ടുണ്ട് എന്നല്ല, ദൈവത്തിൽ നിന്ന് **വന്നവനല്ലാതെ** ആരും **പിതാവിനെ** കണ്ടീട്ടില്ല. (47) സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, **എന്നിൽ** വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്. (48) ഞാൻ **ജീവന്റെ അപ്പമാകുന്നു.** (49) നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ വച്ച് മന്ന ഭക്ഷിച്ചു, എന്നിട്ടും മരിച്ചു. (50) ഇതാകട്ടെ ഭക്ഷിക്കുന്നവർ മരിക്കാതിരിക്കേണ്ടതിന് സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വരുന്ന **അപ്പമാകുന്നു**. (51) സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന **ജീവനുള്ള അപ്പം** ഞാനാകുന്നു : ഈ **അപ്പം** ഭക്ഷിക്കുന്ന ഏതൊരുവനും എന്നേക്കും ജീവിക്കും. ഞാൻ കൊടുക്കുവാനിരിക്കുന്ന **അപ്പമോ,** ലോകത്തിന് ജീവൻ ഉണ്ടാകേണ്ടതിന് ഞാൻ നൽകുന്ന **എന്റെ** മാംസം ആകുന്നു. (52) അപ്പോൾ യഹൂദന്മാർ തമ്മിൽ തർക്കിച്ച് കൊണ്ട് പറഞ്ഞു : “**ഇവന്റെ** മാംസം നമുക്ക് ഭക്ഷിക്കേണ്ടതിനായി തരുവാൻ **ഇവന്** എങ്ങനെ കഴിയും?” (53) **യേശു** അവരോട് പറഞ്ഞു : “സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, നിങ്ങൾ **മനുഷ്യപുത്രന്റെ** മാംസം ഭക്ഷിക്കാതെയും, **അവന്റെ** രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്ക് നിങ്ങളിൽ തന്നെ ജീവൻ ഇല്ല. (54) **എന്റെ** മാംസം ഭക്ഷിക്കുകയും, **എന്റെ** രക്തം കുടിക്കുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്. ഞാൻ അവ

സാനനാളിൽ അവനെ ഉയിർത്തെഴുന്നേൽപ്പിക്കുകയും ചെയ്യും. (55) **എന്റെ** മാംസം സാക്ഷാൽ ഭക്ഷണവും, **എന്റെ** രക്തം സാക്ഷാൽ പാനീയവും ആകുന്നു. (56) **എന്റെ** മാംസം ഭക്ഷിക്കുകയും, **എന്റെ** രക്തം കുടിക്കുകയും ചെയ്യുന്നവൻ **എന്നിലും** ഞാൻ അവനിലും വസിക്കുന്നു. (57) എന്നേക്കും ജീവിക്കുന്ന **പിതാവ് എന്നെ** അയക്കുകയും, ഞാൻ **പിതാവ്** മൂലം ജീവിക്കുകയും ചെയ്യുന്നത് പോലെ തന്നെ **എന്നെ** ഭക്ഷിക്കുന്നവൻ ഞാൻ മൂലം ജീവിക്കും. (58) സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്ന **അപ്പം** ഇതാകുന്നു. നിങ്ങളുടെ പിതാക്കന്മാർ മന്ന ഭക്ഷിക്കുകയും മരിക്കുകയും ചെയ്തതു പോലെയല്ല ഇത് : ഈ **അപ്പം** ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും."

ഒരു വോയ്സ് ഓഫ് ഗോസ്പൽ പ്രസിദ്ധീകരണം.